# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 18, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

358/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..83

II. **അടിയന്തരപ്രമേയം**

പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ..424

(അവതരണാനുമതി നിഷേധിച്ചു.)

III. **ശ്രദ്ധ ക്ഷണിക്കൽ**

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

— ശ്രീമതി പി. അയിഷാ പോറ്റി ..454

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

IV. **സബ്മിഷൻ**

1. നൂർ മസ്ജിദ് ഇമാമിനെതിരെയുള്ള ആക്രമണം

— ശ്രീ. എൻ. എ. നെല്ലിക്കുന്ന് ..458

2. ജില്ലാ കോടതി

— ശ്രീ. കെ. എം. ഷാജി ..461

3. പട്ടയ വിതരണം

— ശ്രീ. മുല്ലക്കര രത്നാകരൻ ..462

4. കോളനികളുടെ നവീകരണം

— ശ്രീ. കെ. ആൻസലൻ ..465

5. ചീരക്കുഴി ഇറിഗേഷൻ പദ്ധതി

— ശ്രീ. യു. ആർ. പ്രദീപ് ..466

6. പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം

— ശ്രീ. കെ. സി. ജോസഫ് ..468

*പേജ്*

7. പാലം നിർമ്മാണം

— ശ്രീ. ബി. സത്യൻ ..469

8. പ്രത്യേക പാക്കേജ്

— ശ്രീ. അനിൽ അക്കര ..471

9. ഡിഗ്രി, പി.ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കൽ

— ശ്രീ. എ. പ്രദീപ്കുമാർ ..473

10. അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം

— ശ്രീ. ഐ. ബി. സതീഷ് ..474

**V. റിപ്പോർട്ട് സമർപ്പണം**

1. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ 87 മുതൽ 94 വരെയുള്ള റിപ്പോർട്ടുകൾ. ..477

2. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്. ..477

**VI. ധനകാര്യം**

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ..477

ധനാഭ്യർത്ഥന നമ്പർ XVIII — വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും ..479

ധനാഭ്യർത്ഥന നമ്പർ XIX — കുടുംബക്ഷേമം ..483

ധനാഭ്യർത്ഥന നമ്പർ XLVI — സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും ..486

**VII. അറിയിപ്പ്**

തെങ്ങ് കയറ്റ യന്ത്രത്തിന്റെ പ്രദർശനവും "തൊട്ടപ്പൻ" ചലച്ചിത്ര പ്രദർശനവും

— മി. സ്പീക്കർ ..607

**അനുബന്ധം** ..608

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 18, ചൊവ്വ*


വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10


നിയമസഭ 2019 ജൂൺ മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ......, ചോദ്യം നമ്പർ *241

### റോഡുകളുടെ പുനരുദ്ധാരണത്തിൽ പൊടിച്ച പ്ലാസ്റ്റിക്കിന്റെ ഉപയോഗം

1 (*241) ശ്രീ. കെ. രാജൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ പുനരുദ്ധാരണത്തിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിൽ പി.ഡബ്ല്യൂ.ഡി. എത്രമാത്രം മുന്നേറ്റം നേടിയിട്ടുണ്ടെന്ന് വിലയിരുത്തുമോ;

(ബി) പ്ലാസ്റ്റിക് ചേർത്ത് നിർമ്മിക്കപ്പെടുന്ന റോഡുകൾ കൂടുതൽ കാലം നിലനിൽക്കുന്നവയാണെങ്കിലും കരാറുകാർ അത്തരം റോഡുകൾ നിർമ്മിക്കുന്നതിന് തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണം വിലയിരുത്തുമോ;

(സി) ആകെ ടാർ ചെയ്യുന്ന റോഡിന്റെ എത്ര ശതമാനമാണ് പ്ലാസ്റ്റിക് ചേർത്ത് ടാർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് നിർമ്മാണത്തിൽ ഏതളവ് വരെ പ്ലാസ്റ്റിക് ചേർക്കാമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നതെന്ന് അറിയിക്കുമോ; ഇതുസംബന്ധിച്ച പഠന ഫലങ്ങൾ വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) റോഡുകളുടെ പുനരുദ്ധാരണത്തിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് മൊത്തം റോഡിന്റെ 50% ഭാഗം നിർബന്ധമായും ചെയ്യണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ ഇതുവരെ 288.11 കി.മീറ്റർ റോഡ് പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്തിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് നിശ്ചിത ദൈർഘ്യം സ്ട്രെച്ചുകളുടെ ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് പൊടിച്ചത് കലർത്തി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചു എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാധ്യസ്ഥരാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നത് കോൺട്രാക്ടർമാരുടെ അനുവാദത്തോടുകൂടിയാണെന്ന തെറ്റിദ്ധാരണ വേണ്ട. ശാസ്ത്രീയമായി തീരുമാനിക്കുന്നതാണ്. അതനുസരിച്ച് ടെണ്ടർ വിളിക്കുമ്പോൾ പ്രാപ്തിയുള്ള കോൺട്രാക്ടർമാർ കോൺട്രാക്ട് എടുക്കുകയാണ് ചെയ്യുന്നത്.

(സി) നിരത്ത് വിഭാഗത്തിൽ ആകെ ടാർ ചെയ്യുന്ന റോഡിന്റെ 50% പൊടിച്ച പ്ലാസ്റ്റിക് ചേർത്ത് ടാർ ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ടിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഒരു കിലോമീറ്റർ ബി.സി. പ്രവൃത്തിയിൽ പൊടിച്ച പ്ലാസ്റ്റിക് 5% മുതൽ 10% വരെ ഉപയോഗിക്കുവാനാണ് എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നൽകിയിട്ടുള്ളത്.

(ഡി) റോഡ് നിർമ്മാണത്തിൽ ബിറ്റുമിൻ തൂക്കത്തിന്റെ 7-8% Shredded Plastic ശുദ്ധീകരിച്ച് കഷ്ണങ്ങളാക്കിയ പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കാം എന്നാണ് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നത്.

റോഡ് നിർമ്മാണത്തിന് waste plastic ഉപയോഗിക്കുന്നത് സംബന്ധിച്ച പഠനങ്ങൾ ഇന്ത്യയിലാദ്യമായി നടത്തിയത് മധുരൈ ത്യാഗരാജ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫ. വാസുദേവൻ ആണ്. 2002-ൽ കോവിൽപ്പെട്ടിയിൽ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിച്ചിരുന്നു. തുടർന്ന് പ്രൊഫ. ജസ്റ്റോ, പ്രൊഫ. വീരരാഘവൻ എന്നിവരും സി.ആർ.ആർ.ഐ.(Central Road Research Institute)-യിലെ ശാസ്ത്രജ്ഞരും പരീക്ഷണാടിസ്ഥാനത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച റോഡുകൾ മറ്റുള്ള റോഡുകളേക്കാൾ കൂടുതൽ കാലം ഈടു നിൽക്കുന്നതായികണ്ടെത്തി. പരീക്ഷണാടിസ്ഥാനത്തിൽ കെ.എച്ച്.ആർ.ഐ. ജനുവരി 2006-ൽ ചാവടിമുക്ക്-പുല്ലാനിവിള-നരിക്കൽ റോഡിന്റെ 500 മീറ്റർ സ്ട്രെച്ചിൽ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിച്ചിട്ടുണ്ട്. തുടർന്ന് 5 വർഷത്തേയ്ക്ക് നടത്തിയ നിരീക്ഷണത്തിൽ ഈ റോഡ് കേടുപാടുകളില്ലാതെ നിലനിൽക്കുന്നതായി കണ്ടെത്തി. പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ IRC SP:98-2013 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന എല്ലാ റോഡുകളിലും വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം നടപ്പിലാക്കുന്നുണ്ട്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ഇതുവരെ പൊതുമരാമത്ത് വകുപ്പിൽ 288.11 കി.മീ. റോഡ് നിർമ്മിച്ചിട്ടുണ്ട്.

ശ്രീ. കെ. രാജൻ: സർ, 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന സർക്കാരിന്റെ മുദ്രാവാക്യം വളരെ ആവേശപൂർവ്വം കേരളത്തിലെ ജനങ്ങൾ രാഷ്ട്രീയ ഭേദമെന്യേ ഏറ്റുവാങ്ങുകയാണ്. പാലാരിവട്ടം പാലം ഉൾപ്പെടെയുള്ള പഴയകാല അഴിമതി കഥകൾ വിസ്മൃതിയിലാക്കിക്കൊണ്ട് പൊതുമരാമത്ത് വകുപ്പിനെയാകെ ശുദ്ധീകരിക്കാൻ മന്ത്രിയും വകുപ്പും നടത്തുന്ന പ്രവർത്തനങ്ങളെ പൊതുവേ ശ്ലാഘിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിലെ എല്ലാ സംസ്ഥാന പാതകളും ജില്ലാ റോഡുകളും ബി.എം.ബി.സി. റോഡുകളായി നവീകരിക്കുമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപനം. പരമ്പരാഗത നിർമ്മാണ രീതികളിൽ നിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദവും നവീന സാങ്കേതികവിദ്യ പ്രയോഗവും ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണ രീതികൾ നടപ്പിലാക്കിയതുകൊണ്ട് ചുരുങ്ങിയ കാലത്തിനുള്ളിൽ കേരളത്തിന് വലിയ നേട്ടങ്ങൾ കൈവരിക്കാനായി. വേസ്റ്റ് പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം, സ്വാഭാവിക റബ്ബർ എന്നിവയുടെ ഉപയോഗം നടപ്പിലാക്കുക എന്നതാണ് സർക്കാർ പ്രധാനമായും ഉദ്ദേശിച്ചത്. ഉപരിതല റോഡ് ഉൾപ്പെടെയുള്ളവയുടെ നിർമ്മാണത്തിനായി എൻ.എച്ച്. ഒഴികെയുള്ള ഏതെങ്കിലും തരത്തിലുള്ള കേന്ദ്ര സർക്കാർ സഹായം

ലഭ്യമായിട്ടുണ്ടോ; കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ തന്നെ പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ നവീന പാതകളിൽ മാതൃകയാക്കാനും അതിനെ സഹായിക്കാനും ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തിയിട്ടുണ്ടോ; പുതിയതായ ഈ നിർമ്മാണ പ്രവർത്തനങ്ങൾ ഏതെങ്കിലും തരത്തിൽ ഗുണകരമായെന്ന് അങ്ങേയ്ക്കും ഗവൺമെന്റിനും തോന്നുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായിട്ടും. വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചുകൊണ്ടുള്ള റോഡ് നിർമ്മാണം വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിക്കാത്ത റോഡ് നിർമ്മാണത്തേക്കാൾ മെച്ചമാണെന്നും അതിന് കൂടുതൽ കാലം നിലനിൽക്കാൻ കഴിയുമെന്നും തെളിഞ്ഞുകഴിഞ്ഞ കാര്യമാണ്. അതിനാൽ മൊത്തം റോഡിന്റെ 50% ഭാഗം നിർബന്ധമായും പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്യണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ കയർ ജിയോ ടെക്സ്റ്റൈൽ, സ്വാഭാവിക റബ്ബർ, വേസ്റ്റ് പ്ലാസ്റ്റിക്, കോൺക്രീറ്റ്, വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മോഡേൺ ടൈൽസ് തുടങ്ങിയ പല സാങ്കേതികവിദ്യകളും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുന്നുണ്ട്. White topping എന്നത് ഏറ്റവും കൂടുതൽ കാലം (30 വർഷക്കാലം) റോഡ് നിലനിൽക്കുന്ന ഒരു സാങ്കേതികവിദ്യയാണ്. പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിക്കാൻ ഒരു കിലോമീറ്റർ റോഡിന് 10 കോടി രൂപ വേണം. അത് ഇവിടെ വ്യാപകമായി ചെയ്യാൻ പ്രയാസമാണ്. ഇങ്ങനെ ഏത് സാങ്കേതികവിദ്യ ഗുണകരമായാലും അത് പരിശോധിക്കാൻ സർക്കാർ തയ്യാറായിട്ടുണ്ട്. ഇതിനൊന്നും യാതൊരു സാമ്പത്തിക സഹായവും കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടില്ല. അവർ പ്രത്യേക പ്രോത്സാഹനമൊന്നും നൽകാറില്ല. പക്ഷെ MoRTH (Ministry of Road Transport and Highways) നിബന്ധനകളിൽ റോഡ് നന്നായി നിർമ്മിക്കണമെന്ന് പറയാറുണ്ട്. ദേശീയ പാതയ്ക്ക് മാത്രമേ അവരുടെ നിയമമനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യാറുള്ളു. നമ്മുടെ സ്റ്റേറ്റ് ഹൈവേയ്ക്കോ മറ്റ് റോഡുകൾക്കോ കേന്ദ്ര ഗവൺമെന്റ് സഹായമൊന്നും ചെയ്യാറില്ല. ഇത്തരത്തിൽ മികച്ച രീതിയിൽ റോഡ് നിർമ്മിക്കാനുള്ള സാങ്കേതികവിദ്യകളും ഇനി ചെലവ് കുറഞ്ഞ ഏതെങ്കിലും സാങ്കേതികവിദ്യകൾ ലഭ്യമാകുകയാണെങ്കിൽ അതും എപ്പോഴും ഉപയോഗിക്കാൻ ഗവൺമെന്റും പി.ഡബ്ല്യൂ.ഡി.-യും തയ്യാറാണ്.

ശ്രീ. കെ. രാജൻ: സർ, ഞാൻ പല തവണയായി ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അങ്ങ് ഇടപെടുകയും ചെയ്ത വളരെ വികാരപരമായ ഒരു പ്രശ്നമാണ് പറയുന്നത്. രണ്ട് പതിറ്റാണ്ട് കാലമായി മണ്ണുത്തിയിൽ നിന്ന് വടക്കാഞ്ചേരിയിലേയ്ക്ക് പോകുന്ന റോഡ് ഏറ്റെടുക്കുകയും അവിടെ ദേശീയ

ഹൈവേയുമായി ബന്ധപ്പെട്ട് പ്രശ്നമുണ്ടാകുകയും ചെയ്ത കുതിരാൻ തുരങ്കം വലിയൊരു പ്രശ്നമായി തീർന്നിരിക്കുകയാണ്. ഞങ്ങളുടെ ജില്ലകളിലെ മന്ത്രിമാരായ ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. വി. എസ്. സുനിൽ കുമാർ, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നിവർ ഇടപെട്ട് പരിശോധിക്കാൻ തീരുമാനിച്ചതാണ്. അങ്ങും ഇക്കാര്യത്തിൽ പലതവണ ഇടപെട്ടു. ദേശീയ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നമുക്കൊന്നും ചെയ്യാനില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ഉൾപ്പെടെ പലതവണ യോഗങ്ങൾ വിളിച്ച് ചർച്ച ചെയ്തിട്ടും ഇപ്പോഴും അതിന്റെ സ്ഥിതി വളരെ ഗുരുതരമായി നിലനിൽക്കുകയാണ്. കേരളത്തിലെ ആദ്യത്തെ റോഡ് തുരങ്കമാണ് കുതിരാനിൽ വരുന്നത്. കോൺഗ്രസ് നേതാവായ ശ്രീ. രാജ്മോഹൻ റെഡ്ഡി അദ്ധ്യക്ഷനായ കമ്മിറ്റി, കെ.എം.സി. 48 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ റോഡിനകത്ത് നിരവധി പ്രശ്നങ്ങളുണ്ട്. ഉപകരാർ എടുത്തിരിക്കുന്ന പ്രഗതി എന്ന കമ്പനി നിർമ്മിക്കുന്ന തുരങ്കത്തിന്റെ പണി കുറേക്കാലമായി നടന്നുവരികയാണ്. ജനുവരി മാസത്തിൽ സർവ്വീസ് ആരംഭിക്കാമെന്ന് സമ്മതിച്ച ഈ തുരങ്കം ഇപ്പോഴും തുറന്നുകൊടുക്കുവാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ഇക്കാര്യത്തിൽ യോഗം വിളിച്ചതാണ്. എല്ലാവരും ഇടപെട്ടതാണ്. ദേശീയ പാത അതോറിറ്റിയുടേതാണ് പ്രശ്നമെങ്കിലും ഈ കുതിരാൻ തുരങ്കം തുറക്കാനും മറ്റ് നടപടികൾ സ്വീകരിക്കാനും ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര പദ്ധതികളിന്മേൽ ഇടപെടാൻ കഴിയുന്ന എല്ലാ ഇടപെടലുകളും നിരന്തരം നടത്തിവരികയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേരളത്തിന്റെ ദീർഘകാല ആവശ്യം പരിഗണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യങ്ങളിൽ മുന്നിൽനിന്ന് ഇടപെട്ടുവരികയാണ്. നാഷണൽ ഹൈവേ അതോറിറ്റിയുടെ ദയനീയ പരാജയമാണ് കുതിരാനിൽ കാണുന്നത്. നമുക്ക് പൈസയില്ല തുടങ്ങിയ ധാരാളം പ്രശ്നങ്ങളുണ്ടെങ്കിലും കേരളത്തിലെ പി.ഡബ്ല്യൂ.ഡി. ഇങ്ങനെയൊന്നും ചെയ്യാറില്ല. രാജ്യത്തിന് മാതൃകയാകേണ്ട എൻ.എച്ച്.എ.ഐ. ഇതുപോലെയുള്ള പല തകരാറുകളും പല നിർമ്മാണങ്ങളിലും നടത്താറുണ്ട്. കോഴിക്കോട് ബൈപ്പാസ് ടെണ്ടർ ഓപ്പൺ ചെയ്തിട്ട് അത് ഫിക്സ് ചെയ്യാൻ കഴിയുന്നില്ല. കാരണം ടെണ്ടർ പിടിച്ചയാളിന് പൈസയില്ല. ഇപ്പോൾ അങ്ങ് പറയുന്ന ഈ കരാർ കമ്പനിക്കും പൈസയില്ല. ഇങ്ങനെ വളരെ ഇൻഫ്ലുവെൻഷ്യലായ അഖിലേന്ത്യാതല രാഷ്ട്രീയക്കാരുടെ പങ്കാളിത്തമുള്ള, കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ഇത്തരം വലിയ കരാർ കമ്പനികൾ അവരുടെ സാമ്പത്തികശേഷി നോക്കാതെ വന്ന് ടെണ്ടർ പിടിക്കുകയും

പിന്നീട് തകരാറിലാക്കുകയും ചെയ്യുന്നത് നമ്മുടെ അനുഭവമാണ്. കുതിരാനിൽ അവരുടെ പ്ലാനുകളെല്ലാം തെറ്റി. ഇപ്പോൾ ആ കമ്പനി പ്രവർത്തിക്കുന്നില്ല. അതുസംബന്ധിച്ച വിവരം എൻ.എച്ച്.എ.ഐ.-യ്ക്കും കേന്ദ്ര ഉപരിതല ഗതാഗതമന്ത്രി കാര്യാലയത്തിനും സർക്കാർ അയച്ചിട്ടുണ്ട്. പക്ഷെ അവർക്കും ഒന്നും ചെയ്യാൻ കഴിയുന്നില്ല. വല്ലാത്തൊരു ദുരവസ്ഥയാണ്. തീർച്ചയായും ഈ കാര്യത്തിൽ എൻ.എച്ച്.എ.-യുടെ കണ്ണ് തുറപ്പിക്കാൻ നമ്മൾ ഇനിയും പുതിയ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കുതിരാൻ തുരങ്കം തുറക്കേണ്ടതാണ്, കാലാവധി കഴിഞ്ഞതാണ്, നമ്മളെല്ലാവരേയും ഭീതിപ്പെടുത്തുന്ന കാര്യവുമാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ടാറിന്റെ വില വർദ്ധനവ്, സർക്കാർ റേറ്റുമായി വർദ്ധിച്ച ടാറിന്റെ വില പൊരുത്തപ്പെടാത്ത അവസ്ഥ, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം എന്നിവ കാരണം കരാറുകൾ ഏറ്റെടുക്കുന്നതിന് കരാറുകാർ സന്നദ്ധമാകാത്ത അവസ്ഥയാണുള്ളത്. ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളടക്കം നിരവധി റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിന് പരിഹാരമുണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവിനെപ്പറ്റി ചർച്ച ചെയ്യാനായി പല മീറ്റിംഗുകളും നടന്നിട്ടുണ്ട്; അതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി മീറ്റിംഗ് വിളിച്ചിട്ടുണ്ട്. കൂടാതെ ക്വാറികളുമായി ബന്ധപ്പെട്ട കാര്യത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഒരു മീറ്റിംഗ് നടത്തിയിട്ടുണ്ട്. എന്റെ വകുപ്പുമായി ബന്ധപ്പെട്ട് ഞാനും ചർച്ചകൾ നടത്തിയിട്ടുണ്ട്. നിരവധി ചർച്ചകൾ നടത്തിയെങ്കിലും പൂർണ്ണമായൊരു പരിഹാരമുണ്ടായിട്ടില്ല. അതിന് പല കാരണങ്ങളാണുള്ളത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പരിസ്ഥിതി പോലുള്ള പല പ്രശ്നങ്ങളുണ്ടെങ്കിലും കരാറുകാർ കരാർ ഏറ്റെടുക്കാതെ മാറിനിൽക്കുന്ന സ്ഥിതിയൊന്നുമില്ല. സാധനങ്ങൾ ഇല്ലാത്തതുകൊണ്ട് കരാർ എടുക്കാത്ത സ്ഥിതിയും ഉണ്ടായിട്ടില്ല. കരാർ എടുത്തുകഴിഞ്ഞ് സാധനങ്ങൾ കിട്ടാൻ താമസമുള്ളതുകൊണ്ട് ചില സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം വന്നിട്ടുണ്ട്. ഇതുപോലെ സംസ്ഥാനത്ത് നിർമ്മാണം നടന്ന ഏത് കാലമാണുള്ളത്; കിഫ്ബി വന്നതോടുകൂടി വലിയ തരത്തിലുള്ള നിർമ്മാണമാണ് നടക്കുന്നത്. പി.ഡബ്ല്യൂ.ഡി.-യുടെ അധിക നിർമ്മാണം മാത്രമല്ല, പ്രളയത്തിന്റെ ഫലമായിട്ടുള്ള നിർമ്മാണങ്ങൾ, ഒരുകാലത്തും കാണാൻ കഴിയാത്ത, ഒരുപക്ഷേ ഇന്ത്യയിൽ തന്നെ മറ്റൊരു സ്റ്റേറ്റിലും സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ഇത്രയും അടിസ്ഥാന വികസനങ്ങൾ നടക്കുന്നില്ല. കരാറുകാർ കരാറുകൾ എടുക്കുന്നുണ്ട്.

ഇവിടെ ശേഷിയും പ്രാപ്തിയുള്ളതുമായ കോൺട്രാക്ടർമാർ വളരെ കുറവാണ്, യന്ത്രങ്ങൾ ഉള്ളവർ കുറവാണ്. ആ കൂട്ടത്തിൽ കോൺട്രാക്ട് എടുത്തതിനുശേഷം നിർമ്മാണ സാമഗ്രികളുടെ പ്രശ്നം വരുമ്പോൾ കാലതാമസം വരുന്നുണ്ട്. നിർമ്മാണ സാമഗ്രികൾ കിട്ടുന്നില്ല അതുകൊണ്ട് കോൺട്രാക്ട് എടുക്കുന്നില്ല എന്നുള്ള ഒരു കേസ്സും പൊതുവെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പുതിയ കാലം പുതിയ നിർമ്മാണം എന്ന മുദ്രാവാക്യം കൈക്കൊണ്ട് കഴിഞ്ഞ മൂന്ന് വർഷക്കാലമായി വളരെ വിപ്ലവകരമായിട്ടുള്ള പ്രവർത്തനങ്ങളുമായിട്ടാണ് പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുപോകുന്നത്. പരമ്പരാഗതമായ ശൈലി മാറ്റി നമുക്ക് മെറ്റീരിയൽസ് കിട്ടാനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ പുതിയൊരു സാങ്കേതികവിദ്യ (ജർമ്മൻ സാങ്കേതികവിദ്യ) ഉപയോഗിച്ചുകൊണ്ട് നമ്മുടെ പ്രധാനപ്പെട്ട റോഡുകളും വീതി കൂടിയിട്ടുള്ള റോഡുകളും നിർമ്മിക്കുന്നതിന് പരിശ്രമം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അടൂരിൽ ആനയടി-കൂടൽ റോഡ് ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് നല്ല നിലയിൽ ടാർ ചെയ്ത് ഇപ്പോഴും വളരെ മനോഹരമായി തകർന്നുപോകാതെ കിടക്കുകയാണ്. ഇത്തരം സാങ്കേതികവിദ്യകൾ, കോൾഡ് ഇൻസൈറ്റ് റീസൈക്ലിംഗ് എന്ന സാങ്കേതികവിദ്യ സംസ്ഥാനത്തൊട്ടാകെ പ്രധാനപ്പെട്ട റോഡുകളിൽ ഉപയോഗിച്ചാൽ നമുക്ക് ഇന്നുള്ള മെറ്റീരിയൽസിന്റെ ദൗർലഭ്യം ഇല്ലാതാകുകയും റോഡുകൾ നന്നായി ദീർഘകാലം നിലനിൽക്കുകയും ചെയ്യും. അത്തരം സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ വകുപ്പ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായിട്ടും. 2017-ൽ തകർന്ന് തരിപ്പണമായ പുറക്കാട്-പാതിരാപ്പള്ളി 23 കി.മീ. റോഡിൽ ഇത് പരീക്ഷിച്ചു. വളരെ മികച്ച ഫലമാണ് കണ്ടത്. രണ്ട് വർഷം കഴിഞ്ഞിട്ടും ആ റോഡിന് യാതൊരു തരത്തിലുള്ള സ്ക്രാച്ചുകളോ ഒന്നുംതന്നെ സംഭവിച്ചിട്ടില്ല. അങ്ങയുടെ മണ്ഡലത്തിൽ ഇത് നല്ലനിലയിൽ ഉപയോഗിച്ചുവെന്ന് പറഞ്ഞു. അവിടെയും റോഡ് നല്ല നിലയിലാണുള്ളത്. നാഷണൽ ഹൈവേയിൽ, ചേർത്തല-അരൂർ നാഷണൽ ഹൈവേ ഇപ്പോൾ ഓവർ ലേയിംഗിന്റെ സമയമാണ്. അവിടെ ഇപ്പോൾ നാലുവരിപ്പാതയാണ്. അതിന് ഈ സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്. കണ്ണൂർ ജില്ല ഉൾപ്പെടെ കേരളത്തിന്റെ എല്ലാ ഭാഗത്തും ഇത് ഉപയോഗിക്കാൻ നിർദ്ദേശമുണ്ട്. പക്ഷേ ഇതിന്റെ യന്ത്രം കേരളത്തിലില്ല. ആലപ്പുഴയിൽ ഇത് ഉപയോഗിക്കുന്നതിന് മദ്രാസിൽ നിന്നും 10 കോടി രൂപ വിലയുള്ള ജർമ്മൻ നിർമ്മിത യന്ത്രമാണ് കൊണ്ടുവന്നത്. എന്നാൽ ചെറിയ യന്ത്രങ്ങളൊക്കെ ധാരാളമുണ്ട്. അത് ചെറിയ റോഡുകളിൽ ഉപയോഗിക്കാൻ സാധിക്കും.

സാർവ്വത്രികമായി ഇത് വളരെ നല്ലതാണ്. അധികതരമായിട്ടുള്ള നിർമ്മാണ വസ്തുക്കൾ വളരെ കുറച്ചുമതി. റോഡിലൊന്നും കൂട്ടിയിടണ്ട. ബഹളവും ശബ്ദവുമൊന്നുമില്ല. ഒരേ സമയം വളരെ ശാന്തമായി റോഡ് പൊളിക്കുകയും റോഡ് നിർമ്മിക്കുകയും ചെയ്യാം. മുമ്പ് ഞാൻ സഭയിൽ പറഞ്ഞതാണ്. അത് സാർവ്വത്രികമായി എവിടെയെല്ലാം ഉപയോഗിക്കാൻ കഴിയുമോ അവിടെ ഉപയോഗിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതിന് ശേഷിയുള്ള കോൺട്രാക്ടർമാരെ ഡെവലപ് ചെയ്യണം. മറ്റ് സ്റ്റേറ്റുകളിൽനിന്ന് വാടകയ്ക്കെടുത്ത് കുറെ പ്രധാന റോഡുകൾ നിർമ്മിക്കാം. ഇത് സ്വാഗതം ചെയ്യേണ്ട നല്ലൊരു നിർമ്മാണ വിദ്യയാണ്.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് ചരിത്രപരമായ മുന്നേറ്റമാണ് റോഡ് നിർമ്മാണത്തിന്റെ കാര്യത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. പ്ലാസ്റ്റിക് നിർബന്ധമാക്കിക്കൊണ്ടുള്ള റോഡുകളുടെ നിർമ്മാണപ്രവർത്തനം നടത്താൻ plastic man എന്നറിയപ്പെടുന്ന പ്രൊഫ. ആർ. വാസുദേവിന്റെ സേവനം നാം ഉപയോഗപ്പെടുത്തുകയുണ്ടായി. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ മികച്ച നിലയിൽ നടത്തിക്കൊണ്ടു പോകുന്നതിന് നമ്മുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ആവശ്യമായ പരിശീലനം താഴെത്തലങ്ങളിൽ നൽകിയിട്ടുണ്ടോ; കുറച്ചുകൂടി കാര്യക്ഷമമായി അവർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പരിശീലനം വളരെ ആവശ്യമാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഒരു പരിധിവരെ പരിശീലനം നൽകിയിട്ടുണ്ട്. അത് പൂർത്തിയായിട്ടില്ല. കാരണം നമുക്ക് ധാരാളം നിർമ്മാണ സെക്ഷനുകളും എഞ്ചിനീയർമാരുമുണ്ട്. ഇത് തുടർച്ചയായി നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണമേന്മയെക്കുറിച്ച് പറയുമ്പോൾ പാലാരിവട്ടം മേൽപ്പാലത്തിൽ ഗുണമേന്മയില്ലാത്ത കമ്പിയും സിമന്റുമൊക്കെയാണ് ഉപയോഗിച്ചതെന്നാണ് വരുന്ന റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നത്. മുൻകാലങ്ങളിൽ കമ്പിയും സിമന്റുമൊക്കെ പൊതുമരാമത്ത് വകുപ്പിന്റെ സ്റ്റോർ മുഖാന്തരമായിരുന്നു വിതരണം ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ ഓപ്പൺ മാർക്കറ്റിൽ നിന്നാണ് സാധനങ്ങളൊക്കെ വാങ്ങുന്നത്. അതിന്റെ ഗുണമേന്മ നിശ്ചയിക്കാൻ എന്തെങ്കിലും സംവിധാനം പൊതുമരാമത്ത് വകുപ്പിലുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ; പാലാരിവട്ടം പാലം കോൺട്രാക്ട് എടുത്ത ആർ.ഡി.എസ്. കമ്പനി ഇപ്പോൾ

സംസ്ഥാനത്ത് ഏതെല്ലാം വർക്കുകളാണ് എടുക്കുന്നത്; എന്റെ അറിവിൽ കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, കഴക്കൂട്ടം ഫ്ലൈഓവർ എറണാകുളത്ത് തന്നെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഫ്ലൈഓവർ തുടങ്ങിയ വർക്കുകളാണ് എടുക്കുന്നത്. പാലാരിവട്ടം ഫ്ലൈഓവറിലുണ്ടായ പ്രശ്നത്തെത്തുടർന്ന് ഈ കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ പരിശോധിക്കാൻ ഓരോ ജില്ലയിലും നമുക്ക് ശക്തമായ ലബോറട്ടറികളുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അതിനെ വീണ്ടും ശക്തിപ്പെടുത്തിയിട്ടുണ്ട്. ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി ഇവിടെ ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. നിരന്തരം മാറ്റങ്ങളുണ്ടാകണം. അതെല്ലാം പരിശോധിച്ച് തന്നെയാണ് കൊടുക്കുന്നത്. പക്ഷേ പാലാരിവട്ടം പാലത്തിന്റെ കാര്യത്തിൽ പരിശോധിച്ചില്ല, ഇഷ്ടംപോലെ ചെയ്തുവെന്നുള്ളതാണ് പ്രശ്നം. അതുസംബന്ധിച്ച് അന്വേഷണം നടക്കുകയാണ്. കൂടുതലൊന്നും പറയുന്നില്ല. അടിമുടി കുഴപ്പമാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിനും സഭയ്ക്കും അറിയാവുന്നതാണ്. അത് വലിയ പ്രശ്നമാണ്. ആ അടിസ്ഥാനത്തിൽ തന്നെ അതിന്റെ അന്വേഷണം നടക്കുകയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടിയുണ്ടാകും. അതിൽ യാതൊരു സംശയവും ഇല്ല. പിന്നെ ആർ.ഡി.എസ്. കമ്പനി പണിഞ്ഞതെല്ലാം കുഴപ്പത്തിലാണെന്ന് ആരും പറഞ്ഞിട്ടില്ല. ഇപ്പോൾ കൊല്ലം ബൈപ്പാസ് അവരാണ് നിർമ്മിച്ചത്. ചെറിയാൻ വർക്കി കൺസ്ട്രക്ഷനും ആർ.ഡി.എസ്സും ഒരു കമ്പനിയായിരുന്നു. ആലപ്പുഴ ബൈപ്പാസ് ആർ.ഡി.എസ്. തന്നെ നേരിട്ട് നിർമ്മിക്കുകയാണ്. ചെറിയാൻ വർക്കി കൺസ്ട്രക്ഷന് കൊല്ലം ബൈപ്പാസിന്റെ നിർമ്മാണം കൊടുത്തു. രണ്ടും ഒരു പാക്കേജാണ് ചെയ്യുന്നത്. ഇപ്പോൾ പറഞ്ഞ പലതും ചെയ്യുന്നുണ്ട്. പക്ഷെ പാലാരിവട്ടം മേൽപ്പാലത്തിന്റെ കാര്യത്തിൽ അവർ കാണിച്ചത് ശരിയല്ല. ഒന്നാമത് ആവശ്യമായ തുകപോലും അവർ ക്വാട്ട് ചെയ്തില്ല. 47 കോടി രൂപ ടെണ്ടർ ചെയ്തത് 37 കോടി രൂപയ്ക്ക് പിടിക്കുകയാണ്. എന്നിട്ട് തട്ടിക്കൂട്ടുകയാണ്. അതെല്ലാം അന്വേഷണവിധേയമാണ്. കോൺട്രാക്ടറുടെ ഓഫീസൊക്കെ വിജിലൻസുകാർ പരിശോധിച്ചിട്ടുണ്ട്. നമ്മളെല്ലാവരും ഒറ്റക്കെട്ടായിനിന്ന് ഇത്തരം അപമാനം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഒരു അത്യാഹിതം ഉണ്ടാകാത്തത് നമ്മുടെ എല്ലാവരുടെയും ഭാഗ്യമെന്ന് കരുതിയാൽ മതി. ബോംബെയിൽ ഒരു പാലം തകർന്നപ്പോൾ അതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളെയും അറസ്റ്റ് ചെയ്ത് ജയിലിലാക്കിയ കാര്യം പത്രത്തിൽ വായിച്ചു. എന്തായാലും അന്വേഷണത്തിന് മുമ്പ് അറസ്റ്റ് ഉണ്ടായതായി ഞാൻ കാണുന്നില്ല. തീർച്ചയായും നമുക്ക് അഭിമാനകരമായ തലത്തിലേയ്ക്ക് കാര്യങ്ങൾ നിർവ്വഹിക്കണം. വളരെ ജാഗ്രതയോടുകൂടിയാണ് ഗവൺമെന്റ് ഇക്കാര്യം ചെയ്തത്.

ശ്രീ. രാജു എബ്രഹാം: സർ, പാലാരിവട്ടം പാലം എന്തായാലും അപകടത്തിലാണ്. ഈ മേൽപ്പാലം പൊളിച്ച് പുതിയത് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പാലാരിവട്ടം പാലത്തിന്റെ ഉപരിതലത്തിൽ പ്രശ്നം കണ്ടപ്പോൾ തന്നെ ഉത്തരവാദിത്വമുള്ള മന്ത്രി എന്ന നിലയിൽ ഞാൻ ആരോടും ചോദിക്കാതെ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ജനറൽ മാനേജരെ വിളിച്ച് റിപ്പോർട്ട് വാങ്ങി. കുറച്ച് പ്രശ്നങ്ങൾ കണ്ടു. ഉടനെ അതുസംബന്ധിച്ച വിശദീകരണങ്ങൾ വാങ്ങുകയും തുടർന്ന് മദ്രാസ് ഐ.ഐ.ടി.-യെ ഏൽപ്പിക്കുകയും ചെയ്തു. മദ്രാസ് ഐ.ഐ.ടി.-യിലെ ശ്രീ. അളഗപ്പ സുന്ദര മൂർത്തിയുടെ നേതൃത്വത്തിൽ അവിടെ റീഹാബിലിറ്റേഷൻ നടക്കുകയാണ്. അത് അടിമുടി പൊളിച്ച് പണിയണോ അതോ കുഴപ്പമായ ഭാഗങ്ങൾ റിമൂവ് ചെയ്താൽ മതിയോ തുടങ്ങിയ കാര്യത്തിൽ അന്തിമമായ തീരുമാനമെടുക്കാനും അഭിപ്രായം പറയാനുമായി ഇന്ത്യ മുഴുവൻ അംഗീകാരമുള്ള ബഹുമാനപ്പെട്ട ഇ. ശ്രീധരനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചിരുന്നു. എന്നെയും വിളിച്ചു. ഞങ്ങൾ ചർച്ച ചെയ്തു. അന്നത്തെ തീരുമാനപ്രകാരം ഇന്നലെ (17-6-2019) ശ്രീ. ഇ. ശ്രീധരൻ അവിടെ രണ്ടര മണിക്കൂറോളം പാലം പരിശോധിച്ചു. നമ്മുടെ മൂന്ന് ചീഫ് എഞ്ചിനീയർമാരെ (ഹൈവേ, ബ്രിഡ്ജസ് ആന്റ് റോഡ്സ്) അയച്ചുകൊടുത്തു. ശ്രീ. അളഗപ്പ സുന്ദര മൂർത്തിയും അതിൽ പങ്കെടുത്തു. രാവിലെ 8.00 മണി മുതൽ 10.30 വരെ പരിശോധന നടത്തി. അതിനുശേഷം 10.30 മുതൽ 3.00 മണിവരെ അവിടത്തെ മെട്രോ ഓഫീസിൽവച്ച് അദ്ദേഹം വിശദമായ ചർച്ച നടത്തി. അദ്ദേഹത്തിന്റെ കമ്പനികളിലും അദ്ദേഹം വർക്ക് ചെയ്തിരുന്ന സ്ഥലത്തുമെല്ലാം പ്രവർത്തിച്ചിരുന്ന ഒരു കോൺക്രീറ്റ് എക്സ്പെർട്ടിനെക്കൂടി കൊണ്ടുവന്നിരുന്നു. അവരുടെയെല്ലാം റിപ്പോർട്ട് താമസിയാതെ വരും. അതിന്റെ അടിസ്ഥാനത്തിൽ എന്താണോ എക്സ്പെർട്ട് പറഞ്ഞത് അതനുസരിച്ചുതന്നെ ചെയ്യും. ആ കാര്യത്തിൽ നമുക്ക് യാതൊരു അപമാനത്തിന്റെയും ആവശ്യമില്ല. കൃത്യമായി ചെയ്തിരിക്കും, ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അത് സഞ്ചാരയോഗ്യമാക്കും. രണ്ട് വർഷമൊന്നും വേണ്ട; ശക്തമായ നടപടി സ്വീകരിക്കും.

ശ്രീ. അൻവർ സാദത്ത്: സർ, ഇവിടെ നേരത്തെ ചോദിച്ച ഒന്ന് രണ്ട് ചോദ്യങ്ങൾ തന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. നമ്മുടെ പല വർക്കുകളും പി.ഡബ്ല്യൂ.ഡി. ആയാലും എം.എൽ.എ. അസറ്റ് ഫണ്ടായാലും കോൺട്രാക്ടർമാർ മന്ത്രി പറഞ്ഞതുപോലെ ബിലോ വർക്ക് എടുക്കും, എന്നിട്ട് പറയും ഞങ്ങൾക്ക് മറ്റ് ബില്ലുകൾ മാറിക്കിട്ടട്ടെ അല്ലെങ്കിൽ വേറെ പല സാമ്പത്തിക ബുദ്ധിമുട്ടുകളും പറഞ്ഞ് വർക്ക് തുടങ്ങാതെ നീട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. അങ്ങനെ വരുമ്പോൾ നമ്മൾ ജനങ്ങളിൽനിന്ന് പരാതി കേൾക്കുന്ന സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കോൺട്രാക്ടർമാരെ നമുക്ക് നിയമപരമായി ബ്ലാക്ക് ലിസ്റ്റിൽ

ഉൾപ്പെടുത്താൻ സാധിക്കുമോ; അല്ലെങ്കിൽ ഒന്ന്-രണ്ട് പേരുടെ മേൽ കർശന നടപടി സ്വീകരിച്ചാൽ ഈ രീതിയിൽവന്ന് വെറുതെ വർക്ക് എടുക്കില്ല. പിന്നീട് വർക്ക് ക്യാൻസൽ ചെയ്താൽ വീണ്ടും റീ-ടെണ്ടർ ചെയ്യാൻ ഒത്തിരി നടപടിക്രമങ്ങളാണുള്ളത്. അപ്പോൾ സ്വാഭാവികമായും കാലതാമസം വരാം. ഇവിടെയിരിക്കുന്ന ഭൂരിപക്ഷം എം.എൽ.എ.-മാരും ഈ ദുരിതം അനുഭവിക്കുന്നവരാണ്. ജനങ്ങളിൽനിന്നും വളരെയധികം പരാതി കേൾക്കുന്ന സാഹചര്യമുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് സമയബന്ധിതമായി ഈ വർക്കുകൾ തീർക്കാനുള്ള ഇടപെടലുണ്ടായാൽ മാത്രമേ നമ്മൾ ഫണ്ട് കൊടുക്കുന്നത് വേണ്ടരീതിയിൽ വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. അതിൽ ശക്തമായ നടപടി സ്വീകരിക്കാൻ സാധിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, സംസ്ഥാനത്തെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഇങ്ങനെ കാലതാമസം വരുന്നില്ല. കാലതാമസമുള്ള കുറെ നിർമ്മാണ പ്രവർത്തനങ്ങളുണ്ട്. അതിലെല്ലാം എം.എൽ.എ.-മാരോ പൊതുജനങ്ങളോ പഞ്ചായത്തോ ആര് പ്രശ്നം ഉന്നയിച്ചാലും വിളിച്ച് ചർച്ച ചെയ്ത് സ്പീഡ് കൂട്ടാറുണ്ട്. ചിലപ്പോൾ ഗവൺമെന്റ് പണം കൊടുക്കാത്തതുകൊണ്ട് അവർക്ക് കാലതാമസം വരുന്നുണ്ട്. അങ്ങനെ ചിലപ്പോൾ സംഭവിക്കാം. ഭൂമിയുടെ പ്രശ്നത്തിലാണെങ്കിൽ ഭൂമി കിട്ടുന്നില്ല. ഭൂമി ഏറ്റെടുത്ത് കൊടുക്കാത്തതുകൊണ്ട് കാലതാമസം വരാം. അങ്ങനെയൊക്കെ കാലതാമസങ്ങൾ പലതരത്തിലാണ്. കോൺട്രാക്ടർമാരിൽ ചിലർ ഇഴഞ്ഞു നീങ്ങുന്നവരുണ്ട്. അപ്പോൾ തന്നെ നമ്മൾ ഇടപെട്ട് അത് ശക്തമാക്കി ചെയ്യാറുണ്ട്. അങ്ങനെ നിയമപരമായി ചെയ്യേണ്ടത് ചെയ്തില്ലെങ്കിൽ അതിന് ഫൈൻ ഈടാക്കുന്നുണ്ട്. ഇത്ര സമയത്തിനുള്ളിൽ ഇത്ര വർക്ക് തീർക്കണം, തീർക്കുന്നില്ലെങ്കിൽ അപ്പോൾത്തന്നെ ഫൈൻ ഈടാക്കും. പക്ഷേ പല എഞ്ചിനീയർമാരും അത് ചെയ്യുന്നില്ല. കൊട്ടാരക്കര-പുനലൂർ ഭാഗത്ത് മൂന്ന് വർക്ക് ഡിലേയാക്കിയതുകൊണ്ട് 9 പേരെ സസ്പെൻഡ് ചെയ്തു. അവർ ആ ജോലി ചെയ്തില്ല. അവർക്ക് നോട്ടീസ് കൊടുത്തില്ല, ത്വരിതപ്പെടുത്തിയില്ല എന്നുള്ളതാണ്. ഗവൺമെന്റ് ശക്തമായി ഇടപെടുന്നുണ്ട്. അങ്ങ് പറയുന്ന വർക്കുകൾ രേഖാമൂലം ഉന്നയിച്ചാൽ കൃത്യമായി പരിശോധിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുന്നതാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, പൊതുമരാമത്ത് വകുപ്പ് വളരെ മാതൃകാപരമായി തുടക്കം കുറിച്ച ഒന്നായിരുന്നു മദ്രാസ് ഐ.ഐ.ടി.-യിലെ സ്ട്രക്ച്ചർ എഞ്ചിനീയറിംഗ് വിദഗ്ദ്ധൻ ആയിരുന്ന ഡോ. അരവിന്ദന്റെ നേതൃത്വത്തിലുള്ള സോഷ്യൽ ഓഡിറ്റ്. ഡോ. അരവിന്ദൻ ഈ അടുത്തകാലത്ത് അന്തരിച്ചു. സോഷ്യൽ ഓഡിറ്റിന്റെ പ്രവർത്തനം തുടർന്ന് പരിശോധിച്ചിട്ടുണ്ടോ; സോഷ്യൽ ഓഡിറ്റ് എന്നതുകൊണ്ട് ലക്ഷ്യം വച്ചതിലേയ്ക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ എസ്. ശർമ്മ കഴിഞ്ഞ സമ്മേളനത്തിൽ ഉന്നയിച്ച ചോദ്യമാണിത്. അന്ന് എനിക്ക് മറുപടി പറയാൻ കഴിഞ്ഞില്ല. വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണിത്. പ്രസ്തുത ചോദ്യം അദ്ദേഹം ഇന്നും ചോദിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റാണ് 2017-ൽ പൊതുമരാമത്ത് വകുപ്പിൽ ആദ്യമായി സോഷ്യൽ ഓഡിറ്റ് പ്രഖ്യാപിച്ചത്. ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റാണ് അതിന്റെ ചെയർമാൻ. കൂടാതെ അതിന് മറ്റൊരു ഘടനയൊക്കെയുണ്ട്. കേരളത്തിന്റെ പല ഭാഗത്തും നല്ല രീതിയിൽ സോഷ്യൽ ഓഡിറ്റ് നടത്തി തകരാറുകൾ കണ്ടുപിടിക്കുകയും അവ തിരുത്തി ചില നടപടികൾ കൈക്കൊള്ളുകയും ചെയ്തു. അത്തരത്തിൽ ആ മേഖലയിൽ ഒരു ഉണർവ് കൊണ്ടുവന്നു. പക്ഷെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് അവരുടെ ജോലിത്തിരക്ക് കാരണം ഇത് റഫർ ചെയ്താൽ, കേരളത്തിൽ പല സ്ഥലത്തും ഇത് ചെയ്യാൻ കഴിയുന്നില്ല എന്ന പ്രശ്നമുണ്ട്. അതിനാൽ വീണ്ടും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം വിളിച്ച് ഇക്കാര്യം ജാഗ്രതയോടെ മുന്നോട്ടുകൊണ്ടു പോകാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് ഈ പദ്ധതി ഉപേക്ഷിക്കില്ല. ഗവൺമെന്റ് ശക്തമായി ഈ പദ്ധതിയോടൊപ്പമുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എൽ.എസ്.ജി.ഡി.യുടെ കീഴിലുള്ള ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും വേസ്റ്റ് പ്ലാസ്റ്റിക് ശേഖരിച്ച് കഴുകി വൃത്തിയാക്കി ഷ്രെഡ് ചെയ്ത് പി.ഡബ്ല്യൂ.ഡി.-ക്ക് നൽകുന്ന പതിവുണ്ടായിരുന്നു. നാലഞ്ച് വർഷം മുമ്പ് എറണാകുളത്ത് അതുപയോഗിച്ച് റോഡ് നിർമ്മിച്ചു. ആ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; അതിന്റെ ഗുണനിലവാരം എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; റോഡുകളിൽ പ്ലാസ്റ്റിക് ഇപ്പോഴും വേസ്റ്റായി കിടക്കുന്നുണ്ട്. ക്ലീൻ കേരള കമ്പനി പി.ഡബ്ല്യൂ.ഡി.-ക്ക് പൊടിച്ച പ്ലാസ്റ്റിക്ക് നൽകുന്നുണ്ട്; എന്നാൽ പി.ഡബ്ല്യൂ.ഡി. അവ സ്വീകരിക്കുന്നില്ലെന്നാണ് അറിയാൻ കഴിയുന്നത്. എന്താണ് ഇതിന്റെ നിലവിലെ അവസ്ഥ?

ശ്രീ. ജി. സുധാകരൻ: സർ, പി.ഡബ്ല്യൂ.ഡി.-ക്ക് ആവശ്യമുള്ളത്ര പ്ലാസ്റ്റിക് സപ്ലൈ ചെയ്യാൻ ക്ലീൻ കേരള കമ്പനിക്ക് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരുന്ന ഗുണനിലവാരമില്ലാത്തവ സ്വീകരിക്കേണ്ടിവരുന്നു. പി.ഡബ്ല്യൂ.ഡി.-ക്ക് നിർമ്മാണ കമ്പനി ഇല്ലാത്തതുകൊണ്ട് ക്ലീൻ കേരള കമ്പനിയെ തന്നെയാണ് ഇക്കാര്യത്തിനായി ആശ്രയിക്കുന്നത്. ആവശ്യാനുസരണം നിർമ്മിച്ച് നൽകുന്ന മുറയ്ക്ക്, റോഡിന്റെ percentage പറഞ്ഞാണ് ഇത് ഉപയോഗിക്കുന്നത്. ക്ലീൻ കേരള കമ്പനിയിൽ നിന്നുതന്നെയാണ് ഇത് വാങ്ങാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് മലയോര ഹൈവേ. കൽപ്പറ്റ മണ്ഡലത്തിൽ അതിന്റെ ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ കഴിയുമോ; കൽപ്പറ്റയേയും നിലമ്പൂരിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന സ്ഥലത്ത് വനമാണ്. വനത്തിനകത്തുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. ഇതെങ്ങനെയാണ് പരിഹരിക്കാൻ കഴിയുക?

ശ്രീ. ജി. സുധാകരൻ: സർ, മലയോര ഹൈവേയ്ക്കും തീരദേശ ഹൈവേയ്ക്കും ഈ സാങ്കേതികവിദ്യകളെല്ലാം പ്രയോജനപ്പെടുത്താൻ കഴിയും. 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേയുടെ നിർമ്മാണം എന്നതിനാൽ വലിയ യന്ത്രം ഉപയോഗിക്കുവാൻ കഴിയും. 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന തീരദേശ ഹൈവേയിലും ഈ സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ കഴിയും. വനത്തിനകത്തുള്ള ഒരു റീച്ചിനും നമുക്ക് അനുമതി ലഭിക്കാത്തതുകൊണ്ട് അവ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഗവൺമെന്റ് നിരന്തരം അവരുമായി ബന്ധപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കെ. രാജു ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം വീണ്ടും വിളിച്ചിട്ടുണ്ട്. കേരളത്തിന് ചെയ്യാൻ സാധിക്കുന്നതിനെപ്പറ്റി ആലോചിക്കുവാനും ബാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിനായി അയയ്ക്കേണ്ടതുമുണ്ട്. ബാക്കി സ്ഥലങ്ങളിലൊക്കെ മലയോര ഹൈവേയുടെ നിർമ്മാണത്തിനായുള്ള നീക്കങ്ങൾ ശക്തമായിത്തന്നെ നടന്നുവരുന്നുണ്ട്.

ശ്രീ. അനിൽ അക്കര: സർ, റോഡുകളുടെ നിർമ്മാണത്തിന് പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ നടക്കുകയാണ്. പലസ്ഥലത്തും അത്തരത്തിൽ റോഡ് നിർമ്മാണം നടക്കുന്നുണ്ട്. ടാർ ഉരുകുന്നതിനേക്കാൾ കുറഞ്ഞ ഊഷ്മാവിലാണ് പൊടിച്ച പ്ലാസ്റ്റിക് ഉരുകുന്നത്. കനം കൂടിയ പ്ലാസ്റ്റിക് ഉരുകുന്നതിന് പ്രസ്തുത ഊഷ്മാവിനേക്കാൾ കൂടിയ ഊഷ്മാവ് ആവശ്യമാണ്. ഏറ്റവും കട്ടികുറഞ്ഞ പ്ലാസ്റ്റിക് ഏറ്റവും കുറഞ്ഞ ഊഷ്മാവിൽ ഉരുകുകയും ടാറിലേയ്ക്ക് അവ ഇടുന്ന സമയത്ത് തന്നെ അവ vapour ആയി മുകളിലേയ്ക്ക് പോകുകയുമാണ്. യഥാർത്ഥത്തിൽ ഇതിന്റെ ഗുണം ലഭിക്കുന്നില്ലെന്ന് മാത്രമല്ല പ്ലാസ്റ്റിക് കത്തിക്കുന്നതിനേക്കാൾ രൂക്ഷതയാണ് ഇത്തരത്തിൽ പ്ലാസ്റ്റിക് ടാറിലേയ്ക്ക് ഇടുന്നതുമായി ബന്ധപ്പെട്ട് സംഭവിക്കുന്നത്. ഇക്കാര്യത്തെ സംബന്ധിച്ച് ശാസ്ത്രീയമായൊരു പഠനം ഏതെങ്കിലും തലത്തിൽ നടത്തിയിട്ടുണ്ടോ; സർക്കാരിന്റെ കൈവശം അതുസംബന്ധിച്ച് എന്തെങ്കിലും രേഖകളുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഇവിടെ പ്രധാന ചോദ്യങ്ങൾക്കുള്ള മറുപടി നൽകിയപ്പോൾ വ്യക്തമായി പറഞ്ഞിരുന്നു. മധുരൈ ത്യാഗരാജ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫ. വാസുദേവനാണ് ഇന്ത്യയിൽ ആദ്യമായി ഈ രീതി അവലംബിച്ചത്. 2002-ൽ കോവിൽപ്പെട്ടിയിൽ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിച്ചിരുന്നു. പ്രൊഫ. ജസ്റ്റോ, പ്രൊഫ. വീരരാഘവൻ എന്നിവരും സി.ആർ.ആർ.ഐ. (Central Road Research Institute)-ഉം ഇതിനെക്കുറിച്ച് പഠനം നടത്തുകയും ഈ രീതി വിജയകരമാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നമ്മൾ ഏകദേശം 300 കി. മീറ്റർ ദൂരം

റോഡുകൾ ഈ രീതിയിൽ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിൽ ഈ രീതി കൂടുതൽ നല്ലതാണെന്ന് തെളിഞ്ഞിട്ടുമുണ്ട്. വേസ്റ്റ് പ്ലാസ്റ്റിക്കാണ് ഈ രീതിയിലുള്ള റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ കാഠിന്യത്തെ സംബന്ധിച്ചുള്ള സാങ്കേതിക കാര്യങ്ങൾ അവർ തീരുമാനിക്കും. അതനുസരിച്ചാണ് ചെയ്യുന്നത്. ക്ലീൻ കേരള കമ്പനിയാണ് ഇത്തരത്തിലുള്ള പ്ലാസ്റ്റിക് നിർമ്മിച്ചുനൽകേണ്ടത്. ആവശ്യത്തിന് അവ ലഭ്യമാക്കുന്നില്ല എന്നുള്ളതാണ് ഞാൻ പറഞ്ഞത്.

ശ്രീ. സജി ചെറിയാൻ: സർ, അടുത്തകാലത്ത് പുറത്തുവന്നൊരു റിപ്പോർട്ട് പ്രകാരം നമ്മുടെ കടലും കായലും നദികളുമെല്ലാം പ്ലാസ്റ്റിക്കുകൊണ്ട് നിറയുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലതും ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ വാങ്ങിയെങ്കിലും അവ ഒരിടത്തും സ്ഥാപിക്കുവാൻ സാധിക്കുന്നില്ല. അതിനാൽ പ്ലാസ്റ്റിക് പൊടിച്ചെടുക്കാൻ കഴിയാത്തൊരു സ്ഥിതി കേരളത്തിൽ നിലനിൽക്കുന്നുണ്ട്. പി.ഡബ്ല്യൂ.ഡി. വലിയ തോതിലുള്ള ഇടപെടൽ റോഡ് നിർമ്മാണരംഗത്ത് നടത്തുന്നുണ്ടെന്നുള്ളത് ശ്ലാഘനീയമാണ്. സംശുദ്ധമായ പ്രവർത്തനം നടത്തുന്നുവെന്നുള്ളതും അഭിനന്ദനാർഹമാണ്. പാലാരിവട്ടം കേസ്സിൽ കൈക്കൊണ്ട നിലപാട് അതിനേക്കാൾ അഭിനന്ദനാർഹമാണ്. പി.ഡബ്ല്യൂ.ഡി. നേരിട്ട് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് കേരളത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനായി ഇടപെടുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ജി. സുധാകരൻ: സർ, അതിനെപ്പറ്റി അലോചിക്കാവുന്നതാണ്. ക്ലീൻ കേരള കമ്പനി ഗവൺമെന്റിന്റെ കീഴിലുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലാണ്. അവർക്കത് നല്ലരീതിയിൽ നടത്താൻ കഴിയുന്നുണ്ട്. പക്ഷെ ആവശ്യത്തിന് സപ്ലൈ ചെയ്യപ്പെടുന്നില്ല. അതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടില്ല. ക്ലീൻ കേരളയെക്കൊണ്ട് ആവശ്യത്തിന് പ്ലാസ്റ്റിക് സപ്ലൈ ചെയ്യുവാൻ കഴിയില്ലെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി സംസാരിച്ച് വേറെ മാർഗ്ഗം സ്വീകരിക്കുന്നതിനെപ്പറ്റി അലോചിക്കാം.

## സമ്പാദ്യ സമാശ്വാസ ധനസഹായ പദ്ധതി

2 (*242) ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിലില്ലാതാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ ധനസഹായ പദ്ധതി പ്രകാരം നൽകിവരുന്ന തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; ഈ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ; എത്ര തുക കുടിശ്ശികയായിട്ടുണ്ട്;

(ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കാനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(സി) തീരദേശ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത വിദ്യാർത്ഥികൾക്ക് എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടേതിന് സമാനമായ തോതിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) ഉണ്ട്; മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 2016-17 മുതൽ 2,700 രൂപയിൽ നിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2014-15 മുതൽ ഈ പദ്ധതിയിൽ കേന്ദ്ര വിഹിതം ലഭിക്കുന്നില്ല. സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 9304.25 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ഇനി ലഭിക്കാനുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയ്ക്കായി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. ഭവന നിർമ്മാണ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ
5. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി
6. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ
7. മത്സ്യഫെഡ് വഴിയുള്ള പലിശരഹിത വായ്പാ പദ്ധതി
8. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

(സി) തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന അവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിലില്ലാതാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ ധനസഹായ പദ്ധതി പ്രകാരം നൽകിവരുന്ന തുക 1500 രൂപയിൽ നിന്ന് ഒറ്റയടിക്ക് വർദ്ധിപ്പിച്ച് 4500 രൂപയാക്കിയത്. ട്രോളിംഗ് മാത്രമല്ല, ഓഖി ചുഴലിക്കാറ്റിനുശേഷം പല ഘട്ടങ്ങളിലുമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള മുന്നറിയിപ്പിന്റെ ഭാഗമായി തീരദേശത്ത് ഒരു വർഷത്തിന്റെ ഏകദേശം പകുതിയോളം സമയം തൊഴിലെടുക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. അതിനാൽ അവർക്ക് ഈ തുക ഇപ്പോഴും പരിമിതമാണ്. 2-3 കുടുംബാംഗങ്ങളുള്ള വീടുകളും 10-12 കുടുംബാംഗങ്ങളുള്ള വീടുകളും ഉണ്ട്. അതിനെ സംബന്ധിച്ച് പരിശോധിച്ച് ഈ തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, 4500 രൂപ എന്നത് കുടുംബത്തിനല്ല , മറിച്ച് തൊഴിലാളിക്കാണ് നൽകുന്നത്. ഓരോ തൊഴിലാളിയുമാണ് സമാശ്വാസ പദ്ധതിയിൽ ചേരുന്നത്. ഒരു വീട്ടിൽ നാല് തൊഴിലാളികളുണ്ടെങ്കിൽ അവർ നാലുപേരും സമാശ്വാസ പദ്ധതിയിൽ അംഗത്വമുള്ളവരാണ്. ഈ പദ്ധതിയിൽ അംഗത്വമെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്. നൽകുന്ന തുക പരിമിതമാണെന്നുള്ളത് ശരിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം ഇപ്പോൾ നമുക്ക് ലഭിക്കുന്നില്ല. എന്നിരുന്നാലും സംസ്ഥാന ഗവൺമെന്റ് ആ വിഹിതം കൂടി അടച്ചുകൊണ്ട് പ്രസ്തുത തുക തൊഴിലാളിക്ക് നൽകുകയാണ്. ഒരു വിഹിതം മത്സ്യത്തൊഴിലാളി 6 മാസം കൊണ്ട് അടയ്ക്കുന്നതും അതേ വിഹിതം കേന്ദ്രവും 1/3 വിഹിതം സംസ്ഥാനവുമാണ് അടയ്ക്കേണ്ടത്. എന്നാൽ നിർഭാഗ്യവശാൽ കഴിഞ്ഞ 3 വർഷമായി കേന്ദ്ര വിഹിതമായി ഒരു പൈസപോലും നൽകുന്നില്ല. കേന്ദ്ര ഗവൺമെന്റ് നൽകേണ്ട വിഹിതമായ 93 കോടി രൂപകൂടി സംസ്ഥാന ഗവൺമെന്റാണ് നൽകിയിരിക്കുന്നത്. തുക വർദ്ധിപ്പിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റിന് സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും നൽകേണ്ടി വരുന്ന സാഹചര്യത്തിൽ അതിന് നിർവ്വാഹമില്ല. കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രിയെ ഞാൻ ഇന്നലെ നേരിൽ കാണുകയും കുടിശ്ശികയുള്ള തുക നൽകുന്നതിനും ഈ വർഷം തുക നൽകേണ്ട സമയമായതിനാൽ ഈ വർഷത്തെ വിഹിതം കൃത്യമായി നൽകുകയും വേണമെന്ന ആവശ്യമുന്നയിച്ചിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, ഈ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ തീരദേശത്തെ കുട്ടികൾക്ക് വേണ്ടി ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പരമ്പരാഗതമായ സ്ഥിതി എന്നുപറഞ്ഞാൽ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ ബഹുഭൂരിപക്ഷവും തൊഴിലിന്റെ ഭാഗമായി മത്സ്യബന്ധനത്തിന് പോകുന്നൊരു നിലപാടാണ് സ്വീകരിച്ചിരുന്നത്. അതിന് ഇന്ന് ഏറെ മാറ്റം വന്നിട്ടുണ്ട്. എന്നാൽ അത് തീരദേശത്തിനിപ്പുറമുള്ള ചെറിയൊരു വിഭാഗങ്ങളിൽ വലിയൊരു വിഭാഗം വ്യത്യസ്തമായിട്ടുള്ള സ്കിൽഡ് മേഖലകളിൽ തൊഴിലുകളിലേർപ്പെടാറുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകളും അനുബന്ധ പരിശീലനവുമൊക്കെ നൽകുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇപ്പോൾ തന്നെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 10 ടെക്നിക്കൽ ഫിഷറീസ് ഹൈസ്കൂളുകളുണ്ട്. അവിടെ തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഏറെയുള്ളത്. അത് കൃത്യമായി നടക്കുന്നുണ്ട്. കൂടാതെ ഏഷ്യയിലെ തന്നെ ആദ്യത്തെ ഫിഷറീസ് യൂണിവേഴ്സിറ്റിയാണ് കേരളത്തിലുള്ള KUFOS (The Kerala University of Fisheries and Ocean Studies). അവിടെയും തൊഴിലധിഷ്ഠിത കോഴ്സുകളാണുള്ളത്. കൂടാതെ VHSC-യും മറ്റുമുണ്ട്. ഇപ്പോൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സീറ്റ് റിസർവേഷനും അവിടെയുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ നിലവിൽ തന്നെ പദ്ധതികളുണ്ട്. കൂടാതെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'വിദ്യാതീരം' എന്നപേരിൽ പുതിയൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളിൽ നിന്നും മിടുക്കരായവരെ കണ്ടെത്തി നൂറിലേറെ പേർക്ക് എൻട്രൻസ് കോച്ചിംഗ് നൽകിയിട്ടുണ്ട്. 139 കുട്ടികളെ മെഡിസിന്റെ എൻട്രൻസ് കോച്ചിംഗിന് ഡിപ്പാർട്ടുമെന്റ് തന്നെ അയച്ച് പഠിപ്പിക്കുകയും അതിൽ 24 പേർക്ക് മെഡിസിന് മെറിറ്റിൽ പ്രവേശനം ലഭിക്കുകയും ചെയ്തു. ആകെ 71 കുട്ടികൾക്ക് വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ ട്രെയിനിംഗ് കൊടുത്തതുവഴി പ്രവേശനം ലഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളെ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുവാൻ വേണ്ടിയുള്ള കൃത്യമായ ഇടപെടലുകളാണ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അത് ഇനിയും തുടരും.

ശ്രീ. എൻ. വിജയൻ പിള്ള: സർ, സ്വാശ്രയ കോളേജിൽ മെറിറ്റിൽ പ്രവേശനം നേടിയ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, സ്വാശ്രയ കോളേജിൽ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റ് പ്രഖ്യാപിക്കുന്ന എല്ലാ ആനുകൂല്യവും നൽകുന്നുണ്ട്.

എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റ് എന്താണോ ചെയ്യുന്നത് അതാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും നൽകുന്നത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് അതിലേയ്ക്കായി ഒരു ഗൈഡ്‌ലൈൻ തയ്യാറാക്കാറില്ല. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് തയ്യാറാക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അതേ ആനുകൂല്യം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും നൽകുകയെന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. എസ്.സി./എസ്.ടി. വിഭാഗത്തിന് ലഭിക്കുന്ന അതേ വിദ്യാഭ്യാസാനുകൂല്യം സ്വാശ്രയ കോളേജിൽ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും നൽകുന്നുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, പ്രളയകാലത്ത് രക്ഷകരായി മാറിയ മത്സ്യത്തൊഴിലാളികൾക്ക് കേരളത്തിന്റെ സൈന്യമെന്ന വിശേഷണത്തിലൂടെ ഒരു നാടിന്റെ ആദരം നൽകുകയായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി. തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി ബഹുമുഖ ക്ഷേമപദ്ധതികൾ ഫിഷറീസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും കേരളത്തിൽ നടന്നു കൊണ്ടിരിക്കുകയാണ്. എന്നാൽ കാലാവസ്ഥ വ്യതിയാനമുൾപ്പെടെയുള്ള പ്രത്യാഘാതത്തിന് ഏറ്റവും കൂടുതൽ വിധേയരാകുന്നവരാണ് കടലിന്റെ മക്കൾ. കേന്ദ്ര ഗവൺമെന്റാണെങ്കിൽ പല ക്ഷേമപദ്ധതികളോടും കാണിക്കുന്ന അവഗണനാ സ്വഭാവം ഇക്കാര്യത്തിലും കാണിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അധികവിഭവ സമാഹരണ സാധ്യതയെക്കുറിച്ച് നമുക്ക് ആലോചിക്കുവാൻ കഴിയുമോ; ഉദാഹരണമായി കേരളത്തിലെ വിവിധ മത്സ്യബന്ധന തുറമുഖങ്ങളിലും മത്സ്യവിൽപ്പന കേന്ദ്രങ്ങളിലും ലേലപ്പുരകളിലും ഓരോ ദിവസവും ലക്ഷക്കണക്കിന് രൂപയുടെ മത്സ്യങ്ങൾ ബോക്സ് നിരക്കിലും ട്രക്ക് നിരക്കിലും മൊത്തവിൽപ്പന നടത്തിവരികയാണ്. കൂടാതെ ചെക്ക് പോസ്റ്റുകൾ വഴി അന്യ സംസ്ഥാനങ്ങളിൽ നിന്നും നൂറ് കണക്കിന് മത്സ്യങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്നുണ്ട്. ഇവ വിറ്റഴിക്കുന്ന തുകയ്ക്കനുപാതമായി ചെറിയൊരു ശതമാനം സെസ് ആയോ ലെവി ആയോ ചുമത്തിക്കൊണ്ട് അധികവിഭവ സമാഹരണം നടത്തി കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ധാരാളം ക്ഷേമപദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാലും കൂടുതൽ ആവശ്യങ്ങൾ ഈ മേഖലയിൽനിന്നും വന്നുകൊണ്ടിരിക്കുകയാണ്. ഇത് പരിഗണിച്ച് നിലവിലുള്ള പദ്ധതികളുടെ വിപുലീകരണവും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാനുമായി നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ബഹുമാനപ്പെട്ട മെമ്പർ ധാരാളം ചോദ്യങ്ങളാണ് ചോദിച്ചത്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ കടലോളം സങ്കീർണ്ണമാണ്. നിരവധി പ്രശ്നങ്ങളാണുള്ളത്. ഇപ്പോൾ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കാലവർഷം തുടങ്ങുന്നതിന് മുമ്പുതന്നെ കടൽ കലിതുള്ളി

കരയിലേയ്ക്ക് കയറി തീരത്തെയാകെ കവർന്നുകൊണ്ടിരിക്കുകയാണ്. ഗുജറാത്ത്, ഒറീസ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ നോക്കിയാൽ തീരത്തിന്റെ 200 മീറ്ററിനടുത്ത് വളരെയധികം വീടുകളില്ല. കേരളത്തിൽ കടൽഭിത്തിയോട് ചേർന്നാണ് വീടുകൾ നിൽക്കുന്നത്. കേരളത്തിൽ സവിശേഷ സാഹചര്യമാണുള്ളത്. ഈ മേഖലകളിലെ തൊഴിലാളികൾക്കാവശ്യമായ സംരക്ഷണം കൊടുക്കുക എന്നുള്ളത് ഇന്ത്യയൊട്ടാകെ വളരെയധികം ശ്രദ്ധാപൂർവ്വം ഇടപെടേണ്ട കാര്യമാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെ ദുരന്തം ഏറെയും ഏറ്റുവാങ്ങുന്നത് മത്സ്യത്തൊഴിലാളികളാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം തീരസംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും വളരെ വലിയ മുൻഗണന നൽകുകയും അതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഒരു സ്പെഷ്യൽ പാക്കേജിലേയ്ക്ക് പോയിരുന്നു. ബഡ്ജറ്റ് വിഹിതം, KIIFB (Kerala Infrastructure Investment Fund Board) വഴിതന്നെ 300 കോടിയിലേറെ രൂപ തീരസംരക്ഷണത്തിനായി പ്രത്യേകമായി നൽകിയിട്ടുണ്ട്. 689 കോടി രൂപയുടെ പദ്ധതി വിവിധ തലങ്ങളിൽ ഇറിഗേഷൻ, ഹാർബർ, ഫിഷറീസ് ഡിപ്പാർട്ടുമെന്റുകൾ ചേർന്ന് തീരദേശ മേഖലകളിൽ നടപ്പിലാക്കുന്നുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഒട്ടേറെ വിഭവ സമാഹരണം നടത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡ് ഇപ്പോൾ കയറ്റുമതിക്കാരിൽനിന്ന് ഒരു ശതമാനം സെസ് ഈടാക്കുന്നത് സംബന്ധിച്ച് സഖാവ് ടി. കെ. രാമകൃഷ്ണൻ ഫിഷറീസ് വകുപ്പുമന്ത്രി ആയിരുന്ന കാലത്താണ് ആദ്യം നടപടി സ്വീകരിച്ചത്. തുടർന്ന് ശ്രീ. എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് ഇതിനായി പ്രത്യേക നിയമനിർമ്മാണവും നടത്തി. നിർഭാഗ്യവശാൽ, കയറ്റുമതിക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ പോയി സെസ് ചുമത്തുന്നത് സ്റ്റേ ചെയ്തിരിക്കുകയാണ്. കഴിഞ്ഞകാലങ്ങളിലെ അനുഭവമെന്ന് പറഞ്ഞാൽ ഗവൺമെന്റിനുവേണ്ടി വാദിക്കുന്നത് അഡ്വക്കേറ്റ് ജനറലും കയറ്റുമതിക്കാർക്കായി വാദിക്കുന്നത് അദ്ദേഹത്തിന്റെ ഭാര്യയുമായതുകൊണ്ട് ഈ കേസ്സിനൊരിക്കലും ഗവൺമെന്റിന് അനുകൂലമായ വിധി ഉണ്ടാകുമായിരുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ രണ്ടരവർഷമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഈ കേസിന്റെ വിധി പറയാതെ നീണ്ടുപോയത് അനിശ്ചിതാവസ്ഥ ഉണ്ടാക്കിയിരുന്നു. ഈ ഗവൺമെന്റിന് എന്താണ് ചെയ്യാൻ കഴിയുന്നത്; ഹൈക്കോടതി വിധി പറയുന്നില്ല. ഇത് മാറ്റിവച്ചിരിക്കുകയായിരുന്നു. ഇപ്പോൾ സർക്കാർ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ഇത്തരത്തിലുള്ള വിഭവ സമാഹരണ പ്രശ്നങ്ങൾ ഒട്ടേറെയുണ്ട്. കേന്ദ്ര ഗവൺമെന്റാണെങ്കിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാന സർക്കാർ ചിലവഴിക്കുന്ന തുകപോലും reimburse

ചെയ്തുതരുന്നില്ല. വളരെ സങ്കീർണ്ണമാണ് പ്രശ്നം. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാട്ടിയതുപോലെ ഇക്കാര്യത്തിൽ നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടു പോകേണ്ടതുണ്ട്. ആ രീതിയിൽ പോകുവാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മത്സ്യത്തൊഴിലാളി മേഖലയിൽ വർഷങ്ങളായി നിലനിൽക്കുന്ന നിരവധി പ്രശ്നങ്ങളുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. എങ്കിൽക്കൂടി അടിയന്തര സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് ഈ കാലയളവിൽ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് എന്തെല്ലാം അടിയന്തര ധനസഹായമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും പ്രഖ്യാപിച്ചിട്ടുള്ളത്; ഗവൺമെന്റ് എന്തെല്ലാമാണ് ചെയ്യുവാനുദ്ദേശിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഒട്ടേറെ പദ്ധതികളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളെല്ലാം ഇവിടെ പറഞ്ഞു. ഇപ്പോൾ കടൽ കയറുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് ഹ്രസ്വകാല തീരസംരക്ഷണ നടപടികളാണ് ചെയ്തുവരുന്നത്. പക്ഷെ റവന്യൂ വകുപ്പിന് സ്ഥിരമായുള്ള കാര്യങ്ങൾ ചെയ്യുവാൻ സാധിക്കില്ല. താൽക്കാലിക സഹായം മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിനായി ക്യാബിനറ്റ് തന്നെ 22.5 കോടി രൂപയുടെ പ്രത്യേക പദ്ധതി ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കളക്ടർമാരും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി ഇത് നേരിട്ട് നടപ്പിലാക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനുപുറമേ ദീർഘകാലാടിസ്ഥാനത്തിലുള്ള തീരസംരക്ഷണ പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്കരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്ന പദ്ധതി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പലർക്കും അറിയുന്നതാണെങ്കിലും അതറിഞ്ഞു എന്ന് അവർ ഭാവിക്കാറില്ല. ഒരു റോഡോ പാലമോ നിർമ്മിക്കുന്നതുപോലെ ആറ് മാസം കൊണ്ട് ചെയ്യുവാൻ കഴിയുന്നതല്ല തീരദേശ സംരക്ഷണം. അതിന് നല്ല പഠനം വേണം. തിരയുടെ ആഘാതത്തെക്കുറിച്ചൊക്കെ പഠിച്ചിട്ടുവേണം പ്രോജക്ട് തയ്യാറാക്കുവാൻ. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് വർഷത്തെ നിരന്തരമായ ഇടപെടലിലൂടെ കേന്ദ്ര ഗവൺമെന്റിന്റെ NIOT (National Institute of Ocean Technology) യുടെ സാങ്കേതിക സഹായം തേടിക്കൊണ്ട് ഒന്നര-രണ്ട് വർഷത്തോളമുള്ള നിരന്തര പഠനത്തിന്റെ ഭാഗമായിട്ടാണ് ഓഫ്ഷോർ ബ്രേക്ക് വാട്ടറിന്റെ ഡി.പി.ആർ. ഫൈനലൈസ് ചെയ്തത്. അത് KIIFB-യിൽ അപ്‌ലോഡ് ചെയ്തിരിക്കുകയാണ്. KIIFB അത് അംഗീകരിക്കുമെന്ന് കരുതുകയാണ്. തിരുവനന്തപുരത്ത് പൂന്തുറ, വലിയതുറ, ശംഖുംമുഖം ഇവിടെയൊക്കെയുള്ള തീരത്തെ കടൽ നിരന്തരമായി കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. അവിടേയ്ക്കുള്ള ഓഫ്ഷോർ ബ്രേക്ക് വാട്ടർ

നിർമ്മാണം എന്നെന്നേയ്ക്കുമുള്ള പരിഹാരമെന്നുള്ള നിലയിൽ ഈ വരുന്ന സെപ്റ്റംബർ മാസത്തോടുകൂടി തുടങ്ങുവാൻ കഴിയുമെന്നാണ് കരുതുന്നത്. കഴിഞ്ഞ രണ്ട് വർഷത്തെ നിരന്തരമായ ഇടപെടലുകളാണ് ഡി.പി.ആർ.-ലേയ്ക്ക് വരികയും ഈ പദ്ധതി അംഗീകരിക്കുന്ന തരത്തിലേയ്ക്ക് വരികയും ചെയ്തത്. അതുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതിയും താൽക്കാലിക സുരക്ഷയും ഈ സർക്കാർ ഒരുപോലെയാണ് കണ്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പൂന്തുറ, വലിയതുറ, ശംഖുംമുഖം എന്നിവ വളരെയധികം കടലാക്രമണം നേരിടുന്ന മേഖലകളാണ്. ബഹുമാന്യയായ മന്ത്രി ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയെക്കുറിച്ച് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്റെ ചോദ്യം, ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് 152-ഓളം ആളുകൾ മരണപ്പെടുകയും അവരുടെ ആശ്രിതർക്ക് ജോലി നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്തിരുന്നെങ്കിലും ഇതുവരെ 42 പേർക്ക് മാത്രമാണ് താൽക്കാലികമായി ജോലി നൽകിയിട്ടുള്ളത്. ഗവൺമെന്റ് പറയുന്ന വിശദീകരണം മരണപ്പെട്ട ആളുകളുടെ ഭാര്യമാർക്ക് 40 വയസ്സ് കഴിഞ്ഞുവെന്നുള്ളതാണ്. 40 വയസ് കഴിഞ്ഞവർക്ക് ജോലി നൽകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ അവരുടെ 125-ഓളം കുട്ടികളിൽ ബിരുദവും ബിരുദാനന്തര ബിരുദവും കഴിഞ്ഞവരുണ്ട്. അവർക്ക് സർക്കാരിലേയ്ക്ക് സ്ഥിരനിയമനം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. വളരെ ദുരന്തവും ദുരിതവുമാണ് ആ മേഖലയിൽ കാണാൻ കഴിയുന്നത്. കടലാക്രമണമുണ്ടാകുമെന്ന് ഗവൺമെന്റ് മുന്നറിയിപ്പ് കൊടുക്കുമ്പോൾ തന്നെ രണ്ടും മൂന്നും ആഴ്ചകളിൽ ജോലിയില്ലാതെ അവരുടെ കുടുംബം പട്ടിണിയിലാവുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ കുട്ടികൾക്ക് അടിയന്തരമായി സർക്കാരിൽ ജോലി ലഭ്യമാക്കുകയും കാലവർഷംമൂലം കടലാക്രമണമുണ്ടാകുന്ന സമയങ്ങളിൽ ജോലിക്ക് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകമായി ധനസഹായം നൽകുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം കൊടുക്കുവാൻ ഫിഷറീസ് വകുപ്പ് തയ്യാറാകുകയും ചെയ്യുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഓഖി ദുരന്തത്തിൽ 143 മത്സ്യത്തൊഴിലാളികളെയാണ് കാണാതാകുകയോ മൃതശരീരം കിട്ടുകയോ ചെയ്തിട്ടുള്ളത്. 40 വയസ്സിന് താഴെയുള്ള 42 കുടുംബങ്ങളാണ് കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ നിർബന്ധിതരാകുന്നത്. അവർക്ക് മത്സ്യഫെഡിൽ ജോലികൊടുത്തു. 40 വയസ്സിന് താഴെയുള്ളവരിൽ പ്രീ-ഡിഗ്രി യോഗ്യതയുള്ളവർ 11 പേരാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായുള്ള ചർച്ചയിൽ 11 പേർക്കും കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ തൊഴിൽ കൊടുക്കുന്നതിനുള്ള ആലോചനയിലാണ് ഗവൺമെന്റ്.

ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിലോ മറ്റേതെങ്കിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിലോ ജോലി കൊടുക്കണമെന്ന് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. അതല്ലാതെ പഠിച്ച് മിടുക്കരായ അവരുടെ മക്കൾക്ക് നമ്മുടെ നിയമമനുസരിച്ച് വേറെ ജോലി കൊടുക്കാൻ പറ്റില്ല. മത്സ്യത്തൊഴിലാളികളുടെ മക്കളിൽ 200 പേർക്കാണ് കോസ്റ്റൽ പോലീസിൽ ഇപ്പോൾ തൊഴിൽ കൊടുത്തത്. അത് അവരുടെ തന്നെ ആവശ്യമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് അംഗീകരിച്ചതാണ്. ഓഖിയിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കളിൽ വിവാഹം കഴിച്ച് കുടുംബമായവർ വരെയുണ്ട്. അവരിൽ 40 വയസ്സിന് മുകളിൽ പ്രായമായ വിദ്യാഭ്യാസമില്ലാത്തവർക്ക് മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ട തൊഴിൽ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. വിഴിഞ്ഞത്ത് 4 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അതുപോലെ 143 കുടുംബങ്ങളിലെ 309 കുട്ടികളുടെ വിദ്യാഭ്യാസം മുഴുവൻ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്. അതിന്റെ ഭാഗമായി 13.97 കോടി രൂപയാണ് ഫിക്സഡ് ഡെപ്പോസിറ്റായിട്ടുള്ളത്. കഴിഞ്ഞ വർഷം ആ കുട്ടികൾക്കെല്ലാം 56 ലക്ഷം രൂപയാണ് ഗ്രാന്റായി കൊടുത്തത്. നമ്മുടെ പണത്തിന്റെ മൂല്യം കുറയുന്നതിനനുസരിച്ച് ഓരോ വർഷവും 5% കൂടും. ഈ വർഷം 65 ലക്ഷം രൂപയാണ് കൊടുക്കാൻ പോകുന്നത്. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം മുഴുവൻ കൃത്യമായി ഏറ്റെടുക്കുകയും അവർക്കാവശ്യമായ 20-22 ലക്ഷം രൂപ വരെയുള്ള സഹായം കൊടുക്കുക, ജീവിച്ചിരിക്കുന്നവർക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം ഉപകരണങ്ങൾ കൊടുക്കുക ഇത്തരത്തിലൊരു സമഗ്ര പാക്കേജ് ഒരുകാലത്തും ഒരു ഗവൺമെന്റും നടപ്പിലാക്കിയിട്ടില്ലാത്തതാണ്. അത്തരത്തിലുള്ള സമഗ്ര പാക്കേജാണ് ഓഖി ദുരന്തബാധിതർക്ക് നൽകിയിട്ടുള്ളത്. ആവശ്യങ്ങൾക്ക് അറുതിയില്ലായെന്നത് മറ്റൊരു കാര്യം. പക്ഷേ സാധ്യമായതെല്ലാം ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ഇനിയും ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് അങ്ങയോട് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, മത്സ്യത്തൊഴിലാളി മേഖലയിൽ നിരവധി പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. തണൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; സ്ഥലവും വീടും ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ചുകൊടുക്കാൻ നിരവധി പദ്ധതികളുണ്ട്. എന്നാൽ സ്ഥലമില്ലാത്തവർക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതിയെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; അതോടൊപ്പം

മത്സ്യത്തൊഴിലാളി മേഖലയെക്കുറിച്ച് പഠനം നടത്താൻ നമ്മൾ മറ്റു സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇവിടെയുള്ള കുഫോസിന്റെ പൊട്ടൻഷ്യൽ പരമാവധി വിനിയോഗിച്ചുകൊണ്ട് ഇവിടെത്തന്നെ കുഫോസിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ സർക്കാർ ഇടപെടുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ബഹുമാനപ്പെട്ട അംഗം രണ്ടുമൂന്നു ചോദ്യങ്ങളാണ് ചോദിച്ചത്. തണൽ പദ്ധതിയിൽ നേരത്തെ 1000-ത്തിൽ ചില്വാനം രൂപ ഓരോ തൊഴിലാളിയുടെയും അക്കൗണ്ടിലേയ്ക്ക് നൽകുകയായിരുന്നു. അത് തുടരുന്നുണ്ട്. എന്നാൽ അത് കുറച്ചുകൂടി ഫലപ്രദമായി നടപ്പിലാക്കുന്നതിനും പലിശരഹിത വായ്പ കൊടുക്കാൻ കഴിയുമോ എന്നുമുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ മത്സ്യബന്ധന ഉപകരണങ്ങൾ തൊഴിലാളിക്ക് സ്വന്തമായി ഉറപ്പാക്കാവുന്ന സ്ഥിരം പദ്ധതിക്കായി ഇത്തരം കാര്യങ്ങളെ എങ്ങനെ കൂട്ടിയോജിപ്പിക്കാമെന്ന് തൊഴിൽ വകുപ്പുമായി ഫിഷറീസ് വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുന്ന പദ്ധതിയാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭവനമില്ലാത്തവർക്ക് ഭവനം എന്ന പദ്ധതി വഴി മൂന്ന് വർഷത്തിനിടയിൽ 5419 പേർക്കാണ് ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. അതിൽ 3514 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. സ്ഥലവും വീടും ഇല്ലാത്ത 1798 പേർക്കാണ് ഭൂമി വാങ്ങാനായി പണം നൽകിയത്. അതിൽ 1191 പേർ സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്തുകഴിഞ്ഞു. വീട് വച്ചുകൊണ്ടിരിക്കുകയാണ്. 2018-2019 കാലയളവിൽ നമ്മുടെ ഭവനനിർമ്മാണ പദ്ധതി ലൈഫ് പദ്ധതിയിലേയ്ക്ക് മാറ്റിയതിന്റെ ഭാഗമായി 1220 പേർക്കാണ് ലൈഫ് പദ്ധതിയിൽ ബെനിഫിഷ്യറി സെലക്ഷൻ കിട്ടിയത്. ഒരുകാലത്തുമില്ലാത്ത തരത്തിൽ ഏറ്റവും കൂടുതൽ ഭവന നിർമ്മാണത്തിനുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാലമാണിത്. അത്തരത്തിൽ പദ്ധതിയുണ്ടോ എന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഇത് അദ്ദേഹം അറിയുന്നില്ലെന്ന് തോന്നുന്നു. കണ്ണൂർ ജില്ലയിൽ നമ്മൾ ഫ്ലാറ്റിലേയ്ക്ക് മാറി. ഇപ്പോൾ 192 വീടുകൾ ഫ്ലാറ്റായി വച്ചുകൊടുത്തു. 772 വീടുകളാണ് അടുത്തത് ഫ്ലാറ്റായി മാറുന്നത്. അങ്ങയുടെ മണ്ഡലത്തിൽ പൊന്നാനി, കണ്ണൂർ ഉപ്പാല വളപ്പ്, കൊല്ലത്ത് ക്യൂ.എസ്.എസ്. കോളനി, തിരുവനന്തപുരം കാരോട്, ആലപ്പുഴയിൽ മണ്ണുംപുറം അടക്കം 5 ജില്ലകളിലായി 192 വീടുകൾക്ക് പുറമേ മുട്ടത്തറയിൽ പൂർത്തീകരിച്ച 772 വീടുകൾക്കുകൂടി ഇന്ന് നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരിക്കുകയാണ്. ഇത്തരത്തിൽ ഭവനനിർമ്മാണ രംഗത്ത് വളരെ വലിയ മുന്നേറ്റമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. 'കുഫോസ്' എന്നത് യൂണിവേഴ്സിറ്റിയാണ്. അതിന്റെ സാധ്യതകളെല്ലാം ഉപയോഗിക്കുന്നുണ്ട്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്ന പദ്ധതിയിൽ ഈ സർക്കാർ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കടലോരത്തുനിന്ന് 200 മീറ്റർ അകലെ ഭൂമി വാങ്ങണമെന്നുള്ളതാണ് വ്യവസ്ഥ. മത്സ്യത്തൊഴിലാളികൾ കടലോരം വിട്ടുപോകുവാൻ ആഗ്രഹിക്കുന്നില്ലെന്നുള്ള കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഈ ഗവൺമെന്റ് ഒരു മാറ്റവും വരുത്തിയിട്ടില്ല. C.R.Z. (Coastal Regulation Zone)-ന്റെ ഭാഗമായി കേന്ദ്രമാണ് 200 മീറ്ററിനകത്ത് പുതിയ ഭവനം പാടില്ലെന്ന് തീരുമാനിച്ചത്. കേരളത്തിൽ 5 മീറ്ററിനകത്ത് വരെ വീടുകൾ നിൽക്കുന്നുണ്ട്. നമ്മൾ കടൽ കയറ്റമെന്നു പറയുമ്പോൾ, വാസ്തവത്തിൽ നമ്മളാണ് കടൽ കയ്യേറി വീടുവച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ ഈ ഗവൺമെന്റ് ആലോചിക്കുന്നത് 50 മീറ്റർ വരെയെങ്കിലും അവരെ തീരത്തുനിന്നും മാറ്റിപാർപ്പിക്കുന്ന പദ്ധതിയാണ്. അല്ലാതെ ഗവൺമെന്റ് 200 മീറ്ററൊന്നും ആക്കിയിട്ടില്ല. ഇന്ത്യയുടെ കോസ്റ്റൽ ബെൽറ്റ് ആകെയെടുത്ത് നോക്കിയാൽ 200 മീറ്ററിനകത്ത് വീട് നിൽക്കുന്നത് കേരളമൊഴിച്ച് വേറെ ഒരു സ്ഥലത്തുമില്ല. കേരളത്തിലാണ് ഇങ്ങനെയുള്ളത്. കേരളത്തിന്റെ പോപ്പുലേഷൻ അത്ര വലുതാണ്. അങ്ങ് പറഞ്ഞതുപോലെ നമ്മുടെ തൊഴിലാളികൾ തീരംവിട്ട് വേറെ പോകുകയെന്നത് അവർക്ക് ചിന്തിക്കാൻ കഴിയാത്തതാണ്. എന്നാൽ കാലാവസ്ഥ വ്യതിയാന സമയത്ത് കടലിനോടുചേർന്ന് താമസിക്കുന്നത് സുരക്ഷിതമല്ല എന്നുള്ളതുകൊണ്ടാണ് ഈ ഗവൺമെന്റ് 50 മീറ്ററിൽ നിന്ന് ആളുകളെ പുനരധിവസിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. അതാണ് ഇപ്പോൾ ഫ്ലാറ്റ് പദ്ധതിയായും രണ്ടുമൂന്ന് സെന്റ് സ്വന്തമായി വാങ്ങുന്ന പദ്ധതിയായും ഗവൺമെന്റ് നടപ്പിലാക്കിയിരിക്കുന്നത്. അതിൽ തൊഴിലാളികളുടെ സുരക്ഷ കണക്കാക്കിക്കൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്. അത്തരം പദ്ധതിയിലേയ്ക്ക് നമുക്ക് പോയേ പറ്റൂ. അങ്ങ് പറഞ്ഞതുപോലെ കിലോമീറ്ററുകൾ അകത്തേയ്ക്ക് പോകുന്നത് പ്രായോഗികമല്ലായെന്ന് അറിയുന്നതുകൊണ്ട് തന്നെയാണ് തീരത്തുതന്നെ സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിക്കുന്ന പദ്ധതിയിലേയ്ക്ക് ഗവൺമെന്റ് പോയിരിക്കുന്നത്.

ശ്രീമതി ഗീതാ ഗോപി: സർ, കേരളത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 5,000 രൂപ മുതൽ 10,000 രൂപ വരെ ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

അതുപോലെ പഞ്ഞ മാസക്കാലത്ത് നൽകിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 4500 രൂപയായി വർദ്ധിപ്പിച്ചു. ഈ വകുപ്പിന്റെ എല്ലാത്തരം പദ്ധതികളും നിർവ്വഹിക്കാൻ കേന്ദ്രത്തിൽ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ യോഗം ചേർന്നപ്പോൾ കേരളത്തിലെ ഫിഷറീസ് വകുപ്പിന്റെ എല്ലാ പരിഷ്കാരങ്ങളും കേന്ദ്രം അംഗീകരിച്ചതാണ്. അത് മറ്റു സംസ്ഥാനങ്ങൾ മാതൃകയാക്കണമെന്ന് പ്രധാനമന്ത്രി ആ യോഗത്തിൽ പറയുകയും ചെയ്തു. എന്റെ ചോദ്യം, കേരളത്തിൽ ഇത്രയും പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രത്തിന്റെ എന്തെങ്കിലും ഫണ്ട് സംസ്ഥാനത്തെ ഫിഷറീസ് വകുപ്പിന് കിട്ടിയിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇക്കാര്യം ഞാൻ വിശദീകരിച്ചതാണ്. കേന്ദ്രം നമുക്ക് പ്രത്യേകമായി തന്ന സമാശ്വാസ പദ്ധതിയിൽ മൂന്നിലൊന്ന് കേന്ദ്രവിഹിതമാണ്. ഭവന നിർമ്മാണത്തിൽ അവരുടെ യൂണിറ്റ് കോസ്റ്റ് 1.2 ലക്ഷമാണ്. കേരളത്തിൽ അത് 4 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതിന്റെ 50% ആണ് അവരുടെ വിഹിതം. ഭവന നിർമ്മാണത്തിൽ ആ വിഹിതം ഇക്കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് കിട്ടുന്നില്ല എന്നുള്ളതാണ് പ്രശ്നം. അത് ഇന്നലെ കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രിയെ നേരിട്ടുകണ്ട് നമുക്ക് ഭവന നിർമ്മാണത്തിൽ വന്നിട്ടുള്ള കുറവ് പരിഹരിച്ചുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സമാശ്വാസ പദ്ധതിയിൽ 93 കോടി രൂപ കേന്ദ്രത്തിൽ നിന്നും കിട്ടാനുണ്ട്. നമ്മൾ കഴിഞ്ഞ മൂന്നുവർഷങ്ങളായി കേന്ദ്ര വിഹിതം കൂടി ചേർത്ത് കേരള ഗവൺമെന്റ് നൽകിയത് reimburse ചെയ്ത് തരേണ്ടതുണ്ട്; അത് തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പുതിയ ഗവൺമെന്റ് എന്ന നിലയിൽ അദ്ദേഹം പരിശോധിക്കാമെന്ന് പറഞ്ഞാൽ പരിശോധിച്ച് പരിഹരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുപോലെ blue revolution-ൽ പരമ്പരാഗത തൊഴിലാളികൾ ഉൾക്കടലിലേയ്ക്ക് പോയി മത്സ്യബന്ധനത്തിനുള്ളൊരു deep sea fishing എന്ന പദ്ധതിയുണ്ട്. നിർഭാഗ്യവശാൽ കഴിഞ്ഞ വർഷം തമിഴ്നാടിന് 200 കോടി രൂപ കൊടുത്തപ്പോൾ കേരളത്തിന് 16 കോടി രൂപ അലോട്ട് ചെയ്യാമെന്ന് പറഞ്ഞതല്ലാതെ ഒരു പൈസയും തന്നിട്ടില്ല. ഓഖിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജ് കേന്ദ്രത്തോട് ആവശ്യപ്പെട്ടു. കേന്ദ്രം ആ പാക്കേജിൽ ഒരു രൂപയും തന്നിട്ടില്ലെന്ന് മാത്രമല്ല പദ്ധതി അനുവദിച്ചിട്ടുമില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങൾ നമ്മൾ നേരിടുകയാണ്. ഈ സങ്കീർണ്ണ അവസ്ഥയിലും സ്റ്റേറ്റ് ഗവൺമെന്റ് സാധ്യമായതെല്ലാം ചെയ്യുന്നുവെന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

## ഖാദർ കമ്മീഷൻ റിപ്പോർട്ട് വിദ്യാഭ്യാസ മേഖലയിലുണ്ടാക്കുന്ന മാറ്റങ്ങൾ

3 (*243) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ 2019-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെയും സംസ്ഥാന സർക്കാർ മറ്റ് മാർഗ്ഗങ്ങളിലൂടെയും സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗം അഴിച്ചുപണിയുമ്പോൾ ഉണ്ടാകുന്ന ആശയക്കുഴപ്പം എങ്ങനെ മറികടക്കുവാനാണ് ആലോചിക്കുന്നത്;

(സി) നിലവിലെ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ യോഗ്യതയിൽ ഇളവ് നൽകണമെന്ന നിർദ്ദേശം ആ മേഖലയിലെ നിലവാരത്തകർച്ചയ്ക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എൻ.സി.ഇ.ആർ.ടി. സിലബസ് ലഘൂകരിക്കുന്നതും പാഠപുസ്തകങ്ങൾ മലയാളത്തിലാക്കുന്നതും ദേശീയ തലത്തിൽ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്ക് വലിയ തിരിച്ചടിയാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) എൽ.പി. മുതൽ ഹയർസെക്കന്ററി വരെയുള്ള 5 ഘട്ടങ്ങൾ (എൽ.പി., യു.പി., എച്ച്.എസ്, എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) അതുപോലെതന്നെ നിലനിർത്തുകയും അവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. ഹൈസ്കൂളും ഹയർ സെക്കന്ററിയും ചേർന്നുള്ള സ്കൂളുകളിൽ മാത്രമാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്. ഹയർ സെക്കന്ററി ഇല്ലാത്ത എല്ലാ സ്കൂളുകളിലും ഇതുവരെയുണ്ടായിരുന്ന പോലെതന്നെ മാറ്റമില്ലാതെ തുടരുകയാണ്. ഇങ്ങനെയുള്ള സ്കൂളുകളുടെ മൊത്തം ചുമതല പ്രിൻസിപ്പലിനാണ്. ഇത്തരം സ്കൂളുകളിൽ ഹെഡ് മാസ്റ്റർ വൈസ് പ്രിൻസിപ്പലായി അറിയപ്പെടും. ഹൈസ്കൂൾ തലംവരെ ആവശ്യമുള്ള അക്കാദമിക് പ്രവർത്തനങ്ങളുടെയും മറ്റ് കാര്യങ്ങളുടെയും

ചുമതല വൈസ് പ്രിൻസിപ്പലിന് തന്നെ ആയിരിക്കും. ഹയർസെക്കന്ററി ഇല്ലാത്ത ഹൈസ്കൂളുകളിൽ ഹെഡ് മാസ്റ്റർ പദവി തന്നെ തുടരും. ഹയർസെക്കന്ററി വിഭാഗത്തിന്റെ അക്കാദമിക വിഭാഗത്തിന്റെ കാര്യങ്ങളുടെയും ഭരണപരമായ കാര്യങ്ങളുടെയും ചുമതല പ്രിൻസിപ്പലിനായിരിക്കും. ഇങ്ങനെ വിഭജനമുള്ളതിനാൽ ഓരോ മേഖലയ്ക്കും നിലനിൽക്കുന്ന അക്കാദമിക് സൗകര്യങ്ങൾ മാറ്റമില്ലാതെ തുടരും. ഹൈസ്കൂളും ഹയർ സെക്കന്ററിയും ചേർന്നുവരുന്ന കാമ്പസ്സിന്റെ മൊത്തം ഭരണപരമായ കാര്യങ്ങൾക്ക് നേതൃത്വം നൽകാൻ വേണ്ടിയാണ് പ്രിൻസിപ്പലിന് സ്കൂളിന്റെ മൊത്തം ചുമതല നൽകുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മൂന്ന് ഡയറക്ടറേറ്റുകൾ ഏകോപിപ്പിച്ച് ഒരു തലവന്റെ കീഴിലുള്ള ഒരു ഡയറക്ടറേറ്റായി മാറും. ഒരു യൂണിറ്റ് എന്ന രീതിയിൽ പ്രവർത്തിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് സംസ്ഥാനതലത്തിൽ ഒരു ഡയറക്ടർ മാത്രം ഉണ്ടാകുന്നത് സഹായകമാകും. (ബഹളം)... ഉദ്ഗ്രഥിത പ്രവർത്തനം കൂടുതൽ ഊർജ്ജിതമാകും. അപ്പോൾ കാമ്പസ്സിന്റെ അക്കാദമിക് സാധ്യത വർദ്ധിക്കും. കാമ്പസ്സിൽ നടക്കുന്ന എല്ലാ പരീക്ഷകളും ഒരു കമ്മീഷണറുടെ നേതൃത്വത്തിൽ ആയിരിക്കും. ഭരണാവശ്യത്തിനായി ഒരു ഓഫീസ് സംവിധാനമായിരിക്കും ഉണ്ടാവുക. ഇതുവരെ ഭരണസംവിധാനത്തിലുംകൂടി ശ്രദ്ധിച്ചിരുന്ന ഹയർ സെക്കന്ററി പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും ആ സമയംകൂടി അക്കാദമിക രംഗത്ത് ചെലവഴിക്കാം. ഏകീകരണം അക്കാദമിക മികവിന് കൂടുതൽ അവസരമുണ്ടാക്കുകയാണ് ചെയ്യുക. കാമ്പസ്സിനെ ഒരു കുടുംബമായി കാണുന്ന ഈ മാറ്റം ഏറെ ഗുണകരമാകുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഉണ്ടായ അക്കാദമിക മുന്നേറ്റത്തിന് പരസ്പര പൂരകമാകുകയും ചെയ്യും. … (ബഹളം)......

(ബി) കേന്ദ്ര സർക്കാർ വിദ്യാഭ്യാസ നയത്തിന്റെ കരട് മാത്രമേ ഇറക്കിയിട്ടുള്ളൂ. അതുപ്രകാരം

1. മൂന്ന് വർഷത്തെ പ്രീ-സ്കൂളിംഗും 1, 2 ക്ലാസുകളും ചേർന്ന് ഫൗണ്ടേഷൻ സ്റ്റേജ് എന്നും
2. 3, 4, 5 ക്ലാസ്സുകൾ ചേർന്ന് പ്രിപ്പറേറ്ററി അഥവാ ലേറ്റർ പ്രൈമറി സ്റ്റേജ് എന്നും
3. 6, 7, 8 ക്ലാസ്സുകൾ ചേർന്ന് മിഡിൽ അഥവാ അപ്പർ പ്രൈമറി സ്റ്റേജ് എന്നും
4. 9, 10, 11, 12 ക്ലാസ്സുകൾ ചേർന്ന് ഹൈ അഥവാ സെക്കന്ററി സ്റ്റേജ് എന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഇപ്പോൾ പുറത്തിറക്കിയിട്ടുള്ളത് കരട് നയമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ അന്തിമമായി നയം അംഗീകരിച്ചതിനുശേഷം മറ്റ് കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(സി) ഹയർസെക്കന്ററി അദ്ധ്യാപകരുടെ നിലവിലുള്ള യോഗ്യതയിൽ ഇളവ് വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

(ഡി) എൻ.സി.ഇ.ആർ.ടി. സിലബസ് സംസ്ഥാനത്തിനായി ലഘൂകരിക്കാൻ കഴിയില്ല. മലയാളത്തിലുള്ള ടെക്സ്റ്റ് പുസ്തകംകൂടി തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതുപോലെ ഇംഗ്ലീഷ് പുസ്തകവും ലഭ്യമാണ്. കാര്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ വിവർത്തനം ചെയ്യപ്പെട്ട മലയാള പുസ്തകങ്ങൾ സഹായകമാകുന്ന വലിയൊരു വിഭാഗം കുട്ടികൾ നമ്മുടെ നാട്ടിലുണ്ട്. പഠന വസ്തുക്കൾ സ്വായത്തമാക്കാൻ മലയാളം മാധ്യമത്തിലുള്ള പാഠപുസ്തകങ്ങൾ ഇത്തരം കുട്ടികൾക്ക് അനുഗ്രഹമാകുമെന്ന കാര്യം ശ്രദ്ധിക്കാതിരിക്കാൻ കഴിയില്ല. ഇംഗ്ലീഷ് മാധ്യമത്തിലുള്ള പുസ്തകങ്ങൾ അതേപടി ലഭ്യമാക്കും. ... (ബഹളം)..

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.. സാധാരണ ഒരു കോടതിയുടെ മുമ്പാകെ ഇരിക്കുന്ന ... (ബഹളം)... വിഷയങ്ങൾ അസംബ്ലി പ്രൊസീഡിംഗ്സിൽ വരുമ്പോൾ, അടിയന്തരപ്രമേയമൊക്കെ വരുന്ന സമയത്തൊക്കെ ഇത് കോടതിയുടെ മുമ്പാകെ ഇരിക്കുന്ന വിഷയമായതുകൊണ്ട് അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്യാറുണ്ട്. പല ഘട്ടത്തിലും അങ്ങനെ പറഞ്ഞിട്ടുണ്ട്. ഇവിടെ ഒരു സവിശേഷ സാഹചര്യം കൂടിയുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട കോടതി ഖാദർ കമ്മീഷൻ റിപ്പോർട്ട് സ്റ്റേ ചെയ്തിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേളയിൽ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാറില്ലെങ്കിലും അങ്ങ് ഉന്നയിച്ച കാര്യം പ്രസക്തമായതുകൊണ്ടാണ് അങ്ങേയ്ക്ക് സമയം നൽകിയത്. കോടതി സ്റ്റേ ചെയ്തുവെന്നത് കോടതിയുടെ ഒരു അന്തിമ തീരുമാനമായി കണക്കാക്കാനാവില്ല. അക്കാര്യത്തിൽ അഭിപ്രായ രൂപീകരണം ഇവിടെ നടക്കുന്നില്ല. ഗവൺമെന്റ് സ്വീകരിച്ച നടപടികൾ പറയുന്നതിൽ തെറ്റില്ലെന്നാണ് ചെയറിന്റെ നിലപാട്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇതിനുമുമ്പും കോടതിയുടെ interim stay വന്ന വിഷയങ്ങളിൽ ഇവിടെ റൂളിംഗുണ്ടായിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: Interim stay-യുടെ ഭാഗമായി ഒരു ചർച്ചയും ഇവിടെ നിർത്തിവച്ചിട്ടില്ല. കോടതിയിൽ ലീഗൽ പ്രൊസീഡ്യുവർ നടക്കുമ്പോൾ മാത്രമേ

അങ്ങനെ ഉണ്ടായിട്ടുള്ളൂ. Interim stay-യുടെ കാര്യത്തിൽ ഒരു തർക്കവും ഉണ്ടായിട്ടില്ല. അത് സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകും.

ശ്രീ. റോജി എം. ജോൺ: സർ, നിലവിലെ കോടതി ഉത്തരവ് ഇപ്പോൾ ബാധകമാണ്. That is in force എന്ന് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: Further actions ആണ് സ്റ്റേ ചെയ്തിരിക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, അക്കാര്യം സ്പീക്കറുടെ റൂളിംഗിന് വിടുന്നു. പക്ഷെ ആ ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചുവെന്ന് മാത്രം. ഭരണപക്ഷ അദ്ധ്യാപക സംഘടനകളാണ് വിദ്യാഭ്യാസ വകുപ്പിനെ ഭരിക്കുന്നതെന്ന ആരോപണം അടിവരയിടുന്ന തരത്തിലാണ് ഇപ്പോൾ വന്നിരിക്കുന്ന കോടതിയുടെ ഉത്തരവ്. നിയമപരമായ സാധ്യതപോലും പരിശോധിക്കാതെ .... (ബഹളം)..

മി. സ്പീക്കർ: ദയവായി അംഗങ്ങൾ സീറ്റുകളിൽ ഇരിക്കൂ. അങ്ങ് ചോദ്യം ചോദിക്കൂ പ്ലീസ്.

ശ്രീ. റോജി എം. ജോൺ: സർ, നിയമപരമായ സാധ്യത പരിശോധിക്കാതെയും ദേശീയ വിദ്യാഭ്യാസ നയത്തിനനുസൃതമല്ലാതെയും കേരള വിദ്യാഭ്യാസ ചട്ടത്തിലാവശ്യമായ മാറ്റങ്ങൾ വരുത്താതെയും സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പ് ഭരണപക്ഷ അദ്ധ്യാപക സംഘടനകളാണ് ഭരിക്കുന്നതെന്ന ആരോപണത്തിന് അടിവരയിടുന്ന തരത്തിൽ ഖാദർ കമ്മീഷൻ ശിപാർശകൾ വളരെ തിടുക്കത്തിൽ നടപ്പിലാക്കിയതിൽ എന്തെങ്കിലും തരത്തിലുള്ള നിയമോപദേശം സർക്കാരിന് ലഭിച്ചിരുന്നോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. കേരളത്തിൽ ഒരുപാട് വർഷങ്ങളായി ഹയർസെക്കന്ററി മേഖലയിൽനിന്നുവരുന്ന ആവശ്യങ്ങൾ നിയമപരമായി പരിശോധിച്ചിട്ടുതന്നെയാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. വർഷങ്ങളായി ഹയർസെക്കന്ററിയിൽനിന്നും ജനങ്ങളിൽനിന്നും കിട്ടുന്ന ആവശ്യമാണ്. അത് നിയമപരമായി പരിശോധിച്ചതിനുശേഷമാണ് നിർദ്ദേശം തയ്യാറാക്കി സർക്കാർ ഉത്തരവിറക്കിയിട്ടുള്ളത്. പക്ഷെ, ഈ പ്രശ്നങ്ങൾ നേരത്തെ ശ്രീ. റോജി എം. ജോൺ സൂചിപ്പിച്ചതുപോലെ ശരിക്ക് മനസ്സിലാക്കിയിട്ടില്ല. ഹയർസെക്കന്ററിയിലെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കലാണ് ഇവിടെയുണ്ടാകുന്നത്. ഹയർസെക്കന്ററിക്ക് ഒരു ഓഫീസില്ല എന്നുള്ളത് വർഷങ്ങളായുള്ള ജനങ്ങളുടെ ആവശ്യമാണ്. ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ശ്രമിച്ചത് തീർച്ചയായും നിയമപരമായി തന്നെയാണ്. കേരളത്തിലെ എല്ലാ

സംഘടനകളും എല്ലാ അദ്ധ്യാപകരും ഒരുപോലെ വർഷങ്ങളായി ആവശ്യപ്പെടുന്നതാണ്. സംസ്ഥാന സർക്കാർ അതിനുവേണ്ടിയാണ് നിയമമുണ്ടാക്കിയിട്ടുള്ളത്.

ശ്രീ. റോജി എം. ജോൺ: സർ, ജനങ്ങൾ ആവശ്യപ്പെടുന്നത് വികേന്ദ്രീകരണമാണ്. ആ വികേന്ദ്രീകരണം കാര്യക്ഷമത വർദ്ധിപ്പിക്കുമെന്നുള്ളത് ഇവിടെ തെളിയിക്കപ്പെട്ടിട്ടുള്ള തത്വമാണ്. ആ തത്വത്തിന് കടകവിരുദ്ധമായാണ് ഇവിടെ വികേന്ദ്രീകരിച്ചുനിൽക്കുന്ന ഒരു സംവിധാനം കേന്ദ്രീകൃതമായ ഒരു സംവിധാനത്തിലേയ്ക്ക് കൊണ്ടുപോകാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വിദ്യാഭ്യാസ വകുപ്പിനുതന്നെ രണ്ട് മന്ത്രിമാരുണ്ട്. അങ്ങനെയാണെങ്കിൽ എന്തിനാണ് വിദ്യാഭ്യാസ വകുപ്പിന് രണ്ട് മന്ത്രിമാർ? വികേന്ദ്രീകരണമെന്ന തത്വം ഇല്ലാതാക്കി കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് കൊണ്ടുപോകുന്നത് വിദ്യാഭ്യാസ മേഖലയിലെ കാര്യക്ഷമത വർദ്ധിപ്പിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. നമ്മളെല്ലാം ഹയർസെക്കന്ററി സ്കൂളിൽ പഠിച്ചവരോ അല്ലെങ്കിൽ എം.എൽ.എ.-മാർ എന്ന നിലയിൽ പോകുന്നവരോ ആണ്. അവിടെ ഒരു കാമ്പസ്സിൽ ഹയർസെക്കന്ററി എന്ന ഒരു വിഭാഗം അതിന്റെ തലവൻ പ്രിൻസിപ്പൽ, ഹൈസ്കൂൾ എന്ന വിഭാഗം അതിന്റെ തലവൻ ഹെഡ്മാസ്റ്റർ, വൊക്കേഷണൽ ഹയർസെക്കന്ററി എന്ന വിഭാഗം അതിന്റെ തലവൻ പ്രിൻസിപ്പൽ എന്നിങ്ങനെ മൂന്ന് യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത്. അവിടെ ജനാധിപത്യപരമായി ആ കുട്ടികൾക്ക് അവരുടേതായ അവകാശങ്ങൾ ലഭിക്കാനുള്ള സാധ്യതയുണ്ടാകുമോയെന്ന് പരിശോധിച്ചാൽ മതി. ഒരു കാമ്പസ്സ് ഒരു യൂണിറ്റായി പ്രവർത്തിക്കണമെന്നുണ്ടെങ്കിൽ ഇതെല്ലാം ഏകീകരിച്ചുകൊണ്ട് കൂടുതൽ ജനാധിപത്യപരമായി അവിടെ പ്രവർത്തിക്കാൻ കഴിയണം. യൂണിറ്റിന്റെ പ്രവർത്തനത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. മൂന്ന് യൂണിറ്റുകളായി പ്രവർത്തിക്കുമ്പോൾ നിരവധി പ്രശ്നങ്ങളുണ്ട്. ഉദാഹരണം പറയുകയാണെങ്കിൽ ഹയർസെക്കന്ററി വിഭാഗം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളാണ്. ജില്ലാ പഞ്ചായത്ത് പ്ലാൻ ഡിസ്കഷൻ വേളയിൽ ഇതിലാരെയാണ് വിളിക്കേണ്ടത്? ഹയർസെക്കന്ററി പ്രിൻസിപ്പലിനെ വിളിച്ചാൽ ഹയർസെക്കന്ററിയുടെ കാര്യങ്ങൾ മാത്രമേ അദ്ദേഹത്തിന് പറയാൻ സാധിക്കുകയുള്ളൂ, ഹെഡ്മാസ്റ്ററെ വിളിച്ചാൽ ഹൈസ്കൂളിന്റെ കാര്യം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഒരു യൂണിറ്റ് എന്ന നിലയിൽ റെപ്രസന്റ് ചെയ്യാനും പദ്ധതി നടപ്പിലാക്കാനും അതിനൊരു ഹെഡ് വേണമെന്നതു കൊണ്ടാണ് ഒരു കാമ്പസ്സിനെ ഏകീകരിച്ച് ഒരു യൂണിറ്റാക്കി മാറ്റുന്നത്. ഒരു കുടുംബമാക്കി മാറ്റുക എന്നുള്ള കൺസപ്റ്റിലാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. അത് നേരത്തെ പറഞ്ഞ അധികാര വികേന്ദ്രീകരണവുമായി ബന്ധമുള്ളതല്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഏതായാലും ഖാദർ കമ്മീഷൻ റിപ്പോർട്ട് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഇവിടെ അങ്ങ് പറഞ്ഞ ഉത്തരം (ബി)-യിൽ പറയുന്നത് കേന്ദ്ര ഗവൺമെന്റ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചിരിക്കുകയാണ് എന്നാണ്. കേന്ദ്ര ഗവൺമെന്റാണെങ്കിലും കേരള ഗവൺമെന്റാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളുണ്ടാക്കുമ്പോൾ ഭരണകക്ഷിയുടെ തീരുമാനം മാത്രം അടിച്ചേൽപ്പിക്കാൻ പാടില്ല. അത് ബി.ജെ.പി. ആണെങ്കിലും സി.പി.ഐ.(എം.) ആണെങ്കിലും ഒരു സമവായം ഉണ്ടാകണം. ഇവിടെ ഖാദർ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ഒരു ചർച്ച ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിക്ക് കത്തയച്ചു. അങ്ങേയ്ക്കും കത്ത് തന്നു. മറുപടി കൊടുത്തിട്ടില്ല. ഞങ്ങൾ ഈ സംസ്ഥാനത്തിന്റെ ഭാഗമല്ലേ? വിദ്യാഭ്യാസ തലത്തിലുണ്ടാകുന്ന മാറ്റങ്ങൾ കേന്ദ്ര ഗവൺമെന്റാണെങ്കിലും കേരള ഗവൺമെന്റാണെങ്കിലും ഭരണകക്ഷിയുടെ താൽപ്പര്യം സംരക്ഷിക്കുന്നവരായി മാത്രം മാറാതെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സമവായമുണ്ടാക്കാൻ ഇനിയെങ്കിലും നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ മൂന്ന് തവണ ഇതുസംബന്ധിച്ച് മറുപടി പറഞ്ഞിട്ടുള്ളതാണ്. അതായത് വർഷങ്ങളായി ഏറ്റവും കൂടുതലായി ഈ ആവശ്യമുന്നയിച്ചത് അദ്ധ്യാപകരാണ്. അതുപോലെതന്നെ ജീവനക്കാരും. അതുകൊണ്ട് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകളുമായി രണ്ട് തവണ ചർച്ച ചെയ്തു. ആദ്യത്തെ ചർച്ചയിൽ അദ്ധ്യാപകരും ജീവനക്കാരും ഒരുപാട് നിർദ്ദേശങ്ങൾ വച്ചു. ആ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ചില മാറ്റങ്ങൾ വരുത്തി വീണ്ടും അവരുമായി ചർച്ച നടത്തി. രണ്ടുതവണയാണ് കേരളത്തിലെ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളും സ്കൂളുകൾ നടത്തിക്കൊണ്ടു പോകുന്ന മാനേജർമാരുടെയും യോഗം വിളിച്ചത്. ആ യോഗത്തിന്റെ മിനിട്ട്സ് നോക്കണം. കേരളത്തിലെ മാനേജർമാർ മുഴുവൻ പങ്കെടുത്ത യോഗത്തിൽ സർക്കാർ മുന്നോട്ടുവച്ച അഭിപ്രായം എല്ലാവരും ഒരുപോലെ അംഗീകരിച്ചു, ഐകകണ്ഠ്യേന അംഗീകരിച്ചിട്ടാണ് മാനേജർമാർ യോഗം പാസ്സാക്കിയത്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഈ സ്കൂളുകളുടെ അധിപന്മാർ. അവരുടെ യോഗം വിളിച്ചു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു സ്കൂളിനെ യഥാർത്ഥത്തിൽ അധികാര വികേന്ദ്രീകരണത്തിലൂടെ ഉണ്ടായ ഒരു ഭരണസ്ഥാപനമെന്ന നിലയ്ക്ക് ഇങ്ങനെയൊരു സംവിധാനം വരുമ്പോൾ കൃത്യമായി നോക്കാൻ കഴിയുമെന്ന് പറഞ്ഞ് അവരും ഐകകണ്ഠ്യേന അംഗീകരിച്ചതാണ്. കേരളത്തിലെ നിരവധി പ്രസ്ഥാനങ്ങളിലെ വിദ്യാർത്ഥികളുടെ യോഗം വിളിച്ചിരുന്നു. നാനാ മേഖലകളിലും ഇക്കാര്യം ചർച്ച ചെയ്തിട്ടുതന്നെയാണ് നടപ്പിലാക്കിയത്.

<u>മി. സ്പീക്കർ:</u> ഓർഡർ... ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം

4 (*244) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. വി. ജോയി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരമൈത്രി പദ്ധതി ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളി സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജന പ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) അഭ്യസ്തവിദ്യരായ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ പ്രാവീണ്യം നേടുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സംരംഭങ്ങൾക്ക് വേണ്ട മൂലധനത്തിനും സാങ്കേതികവിദ്യകളുടെ ഉപയോഗത്തിനും വിജയപ്രദമായ വിപണനത്തിനും സാഫ് വഴി സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; മത്സ്യാധിഷ്ഠിതമായ മൂല്യവർദ്ധിതോല്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):(എ) വിലയിരുത്തിയിട്ടുണ്ട്. തീരമൈത്രി പദ്ധതിയുമായി ബന്ധപ്പെട്ട് CMFRI, Kochi നടത്തിയ പഠന റിപ്പോർട്ട് പ്രകാരം (Performance Appraisal of Theeramythri Initiatives in Kerala: Benefit Monitoring Assessment and Visioning for the Future - 2016) തീരമൈത്രി ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളി വനിതകളെ സാമ്പത്തികമായും, സാമൂഹികമായും, രാഷ്ട്രീയമായും, ശാക്തീകരിക്കുന്നതിനും നിയമ അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക നിലവാരം 30.70 ശതമാനം ഉയർത്തുന്നതിനും മത്സ്യത്തൊഴിലാളി വനിതകളുടെ സമഗ്ര ഉന്നമനം ഉറപ്പാക്കുന്നതിനും തീരമൈത്രി പദ്ധതിക്ക് സാധിച്ചിട്ടുണ്ടെന്ന് പഠനം തെളിയിക്കുന്നു.

(ബി) ഉണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ് ടു പാസ്സായവരും 20-നും 35-നും ഇടയിൽ പ്രായമുള്ളവരുമായ യുവതികൾക്കായി തൊഴിൽ പ്രാവീണ്യം നേടുന്നതിന് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് ഗ്രൂപ്പായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചെലവിന്റെ 80% തുക വരെ ഗ്രാന്റായി അനുവദിക്കുന്നു. ഒരു യൂണിറ്റിന് പരമാവധി 3 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കും. നിലവിലുള്ള ഗ്രൂപ്പുകൾക്ക് പ്രവർത്തനം വിപുലീകരിക്കുവാൻ ചാക്രിക മൂലധനം (working capital revolving fund) അനുവദിക്കുന്നു. ഇതിനുപുറമെ പ്രവർത്തന വിപുലീകരണത്തിനായി ബാങ്ക് വായ്പയെ ആശ്രയിക്കുന്നപക്ഷം പലിശ സബ്സിഡിയായി തുക ബാങ്കിലേയ്ക്കും അനുവദിക്കുന്നു.

സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാങ്കേതികവിദ്യ ഉപയുക്തമാക്കുന്നതിനും കഴിയുമാറ് Skill Training, Managerial Training, Motivational Training, Technology Upgradation Training എന്നിവ നൽകി സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചുവരുന്നു.

തീരമൈത്രി ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താൻ ഗ്രൂപ്പുകൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും വിവിധ മേളകളിൽ പങ്കെടുക്കാൻ അവസരം നൽകുകയും മേളകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

തീരമൈത്രി സംഘങ്ങളുടെ ഉൽപ്പന്നങ്ങളെ ഒരു ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവന്ന് വിപണനം സാധ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. SAF Dry Fish APPEX Federation വഴി വിവിധ ജില്ലകളിലെ സൂപ്പർമാർക്കറ്റുകളിലേയ്ക്ക് ഉണക്ക മത്സ്യങ്ങൾ തീരമൈത്രി എന്ന പേരിൽ വിപണനം ചെയ്തുവരുന്നു.

**സംസ്ഥാന റോഡ് വികസന പദ്ധതി**

5 (*245) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

<u>ശ്രീ. എം. ഉമ്മർ:</u>

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ സമഗ്രവികസനത്തിനായി ആവിഷ്കരിച്ച സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി.)-യുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി റീഹാബിലിറ്റേഷൻ പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൂടുതൽ റോഡുകൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1200 കി.മീ. റോഡുകളുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (SRIP). സംസ്ഥാന റോഡ് വികസനപദ്ധതി (എസ്.ആർ.ഐ.പി.)-യുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളാണ്. 6-12-2012-ലെ ജി.ഒ (എം.എസ്)നമ്പർ 91/2012/പൊ.മ.വ. ഉത്തരവ് പ്രകാരം പ്രസ്തുത പാക്കേജുകൾക്ക് സർക്കാർ ഭരണാനുമതി ലഭിക്കുകയുണ്ടായി. റീഹാബിലിറ്റേഷൻ പാക്കേജിന് 551 കി. മീറ്ററിന് 892.11 കോടി രൂപയുടെ ഭരണാനുമതിയും അപ്ഗ്രഡേഷൻ പാക്കേജിന് 653 കി. മീ. റോഡ് പ്രവർത്തനത്തിന് ഉചിതമായ ധനകാര്യ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ റോഡ് വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1. സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച റോഡ് പ്രവൃത്തികൾ

പാക്കേജ് (എ) (കാസർഗോഡ് ജില്ല)

1. വിദ്യാനഗർ - സീതാംഗോളി റോഡ് - 9.40 കി.മീ.

2. ഉപ്പള - കനിയാന റോഡ് - 15.6 കി.മീ.

പാക്കേജ് (ബി)

1. വെള്ളനാട് - ചെറ്റച്ചൽ റോഡ്

(തിരുവനന്തപുരം ജില്ല) - 21.90 കി.മീ.

2. കാഞ്ഞിരപ്പള്ളി -കാഞ്ഞിരംകവല റോഡ്

(കോട്ടയം ജില്ല) - 36.10 കി.മീ.

മേൽപ്പറഞ്ഞ പ്രവൃത്തികൾ പി.പി.പി. ആന്യൂറ്റി വ്യവസ്ഥയിലാണ് നടത്തിവരുന്നത്. പാക്കേജ് - എ (മോഡിഫൈഡിന്) നിർമ്മാണ കാലാവധി ഒരു വർഷവും പരിപാലന കാലാവധി 14 വർഷവും ആന്യൂറ്റി തുക 21.46 കോടി രൂപയുമാണ്. ഈ പാക്കേജിന്റെ കൺസഷനയർ കമ്പനി റോഡ് നിർമ്മാണം പൂർത്തീകരിക്കുകയും റോഡുകളുടെ ഉദ്ഘാടനം 24-11-2017-ന് നിർവ്വഹിച്ചു. 14 വർഷത്തെ പി.പി.പി. ആന്യൂറ്റി പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും നടന്നുകൊണ്ടിരിക്കുകയാണ്.

പാക്കേജ്-ബി യുടെ നിർമ്മാണ കാലാവധി 2 വർഷവും പരിപാലന കാലാവധി 13 വർഷവും ആന്യൂറ്റി തുക 37.40 കോടി രൂപയുമാണ്. 2018 ഒക്ടോബറിൽ നിർമ്മാണം പൂർത്തിയാക്കിയ പാക്കേജ് - ബി റോഡുകളിൽ കാഞ്ഞിരപ്പള്ളി - കാഞ്ഞിരംകവല റോഡിന്റെ ഉദ്ഘാടനം 3-2-2019-ന് നിർവ്വഹിച്ചു. 13 വർഷത്തെ പി.പി.പി. ആന്യൂറ്റി പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും നടന്നുകൊണ്ടിരിക്കുകയാണ്.

2. <u>കരമന - വെള്ളറട റോഡ് (35.5 കി.മീ.)</u>

കരമന - വെള്ളറട റോഡ് (35.5 കി.മീ) അപ്ഗ്രേഡ് ചെയ്യുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും അതിൻപ്രകാരം 16-2-2016-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 335/2016/പൊ.മ.വ. പ്രകാരം ടി റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കായി 8.375 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 21.448 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടി റോഡ് വികസനത്തിനായി 6(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുകയും പ്രസ്തുത റോഡിൽ സർവ്വേ നടത്തി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ 5.50 കി.മീ 4(1) നോട്ടിഫിക്കേഷൻ 6-3-2019-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോഡ് വികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യത്തെ 5.5 കി. മീറ്ററിന്റെ പാരിസ്ഥിതിക പഠനം റവന്യൂ വകുപ്പ് നടത്തിവരികയാണ്.

3. <u>ആലപ്പുഴ തണ്ണീർമുക്കം - മധുര റോഡ് (23.60 കി.മീ)</u>

10-11-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1675/2017/പൊ.മ.വ. ഉത്തരവ് പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ലഭിച്ചതുപ്രകാരം ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

4. <u>വൈപ്പിൻ - മുനമ്പം - റോഡ് (25.5 കി.മീ.)</u>

10-11-2017-ലെ ജി.ഒ (ആർ.റ്റി)നമ്പർ 1675/2017/പൊ.മ..വ. ഉത്തരവ് പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ചെയ്യുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. അതുപ്രകാരം ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ റിക്ക് സമീപിച്ചിട്ടുണ്ട്.

(ബി) പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മുൻ സർക്കാരിന്റെ കാലത്താരംഭിച്ച പാക്കേജ് എ പാക്കേജ് ബി എന്നിവയിലെ 4 റോഡുകൾ മാത്രമാണ് റിക്ക് ലിമിറ്റഡിന് കീഴിൽ ഉണ്ടായിരുന്നത്. റിക്ക് കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ 2017-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി നിർദ്ദേശിച്ച റോഡുകളിൽ താഴെപ്പറയുന്ന 3 റോഡുകളുടെ വികസന പ്രവൃത്തികൾ റിക്ക് ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി.

1. കരമന - വെള്ളറട റോഡ് (35.5 കി.മീ)

2. ആലപ്പുഴ തണ്ണീർമുക്കം - മധുര റോഡ് (23.60 കി.മീ)

3. വൈപ്പിൻ - മുനമ്പം റോഡ് (25.5 കി.മീ)

ഇതുകൂടാതെ കിഫ്ബി ഫണ്ട് മുഖാന്തിരം വികസനം നടത്തുന്ന 5 റോഡുകളുടെ പ്രവൃത്തികൾക്ക് റിക്ക് ലിമിറ്റഡിനെ പ്രത്യേക ദൗത്യ സ്ഥാപനമായി (SPV) നിയമിക്കുകയുണ്ടായി. എന്നാൽ റിക്ക് ചെയ്തുവരുന്ന പ്രവൃത്തികളിൽ വലിയ കാലതാമസം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്രയധികം പണം ഉപയോഗിച്ച് ചെയ്തിട്ടും ഉദ്ദേശിച്ച ഫലം കിട്ടിയോ എന്ന് RICK-ന്റെ നിർമ്മാണങ്ങളിൽ ഒരു audit ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(സി) ധനസ്രോതസ്സുകൂടി കണക്കിലെടുത്ത് മാത്രമേ സർക്കാർ പുതിയ പദ്ധതികൾ പരിഗണിക്കാനാവുകയുള്ളൂ.

**ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ**

6 (*246) ശ്രീ. അനിൽ അക്കര:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ചില ശിപാർശകൾ നടപ്പിലാക്കുക വഴി കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ വലിയ ഒരു അനിശ്ചിതത്വത്തിലേക്കും സംഘർഷത്തിലേക്കും തള്ളിവിട്ട സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) സ്കൂൾ വിദ്യാഭ്യാസരംഗത്തെ അടിമുടി അഴിച്ചുപണിയുന്നതിന് ശിപാർശ നൽകുവാൻ നിയോഗിച്ച കമ്മിറ്റി പൂർണ്ണ റിപ്പോർട്ട് നൽകുന്നതിനുമുമ്പ് ഘടനാപരമായ മാറ്റം നിർദ്ദേശിക്കുന്ന ആദ്യഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറക്കിയതിനുള്ള അടിയന്തരസാഹചര്യം എന്തായിരുന്നു;

(സി) പ്രീപ്രൈമറി മുതൽ പ്ലസ് ടു വരെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാൻ ലക്ഷ്യമിട്ട് നടത്തുന്ന ഈ പരിഷ്ക്കരണത്തിന് മുന്നോടിയായി സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളുടെയോ സംഘടനകളുടെയോ അഭിപ്രായം തേടിയിട്ടുണ്ടോ;

(ഡി) അക്കാഡമിക് ഗുണമേന്മയോടും ഭരണകാര്യക്ഷമതയോടും കൂടി പ്രവർത്തിച്ച് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് അഭിമാനമായ ഹയർസെക്കന്ററി വിഭാഗത്തെ സ്കൂൾ വിദ്യാഭ്യാസ വകുപ്പുമായി ലയിപ്പിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ ഭാഗമാക്കുന്നത് ഹയർ സെക്കന്ററിയുടെ ഗുണനിലവാര തകർച്ചയ്ക്ക് കാരണമാകില്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടവരുമായി നടത്തിയ വിശദമായ ചർച്ചകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഖാദർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയത്. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന രീതിയും കാര്യങ്ങളും സംസ്ഥാനത്തെ അദ്ധ്യാപക-അനദ്ധ്യാപക സർവ്വീസ് സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും മാനേജ്മെന്റ് പ്രതിനിധികളുമായും വിശദമായി ചർച്ച ചെയ്തശേഷമാണ് റിപ്പോർട്ടിലെ ചില ശിപാർശകൾ സർക്കാർ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അനിശ്ചിതത്വമോ സംഘർഷമോ നിലനിൽക്കുന്നില്ല.

(ബി) വിദ്യാഭ്യാസമേഖലയുടെ ഭാഗമായുള്ള വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരേ കോമ്പൗണ്ടിൽ വ്യത്യസ്ത മേധാവികളുടെ കീഴിൽ പ്രവർത്തിക്കുന്നതിലൂടെയുള്ള ഏകോപനമില്ലായ്മ സ്കൂൾ ഭരണ നിർവ്വഹണത്തിന് ധാരാളം പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു. സ്കൂൾ ഒരു യൂണിറ്റായി കണ്ട് ഭരണമികവും അതിലൂടെ അക്കാദമിക മികവും കൈവരിക്കുകയെന്നത് ദീർഘകാലമായി പൊതുസമൂഹത്തിൽ നിലനിൽക്കുന്ന ഒരാവശ്യമായിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ മുന്നോടിയായിട്ടാണ് വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകൾക്കുശേഷം ഏകീകരണം സംബന്ധിച്ച ഉത്തരവിറക്കിയത്.

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിവിധ തലത്തിലുള്ളവരുടെ അഭിപ്രായങ്ങൾ തേടിയിരുന്നു. ഭരണപരമായ ഒരു നടപടി എന്ന നിലയിലാണ് ഏകീകരണം സംബന്ധിച്ച് 31-5-2019-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിന് മുമ്പായി അദ്ധ്യാപക സംഘടനകൾ, സർവ്വീസ് സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, മാനേജ്മെന്റ് അസോസിയേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെയർപേഴ്സൺമാരുടെ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തി അവരുടെ അഭിപ്രായം തേടിയിട്ടുണ്ട്.

(ഡി) സ്കൂളുകളുടെ ഏകീകരണവും ഡയറക്ടറേറ്റുകളുടെ സംയോജനവും കൊണ്ട് നിലവിൽ സ്കൂൾ വിദ്യാഭ്യാസ മേഖല നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകും. കൂടാതെ ഹയർ സെക്കന്ററി വിഭാഗത്തിന് ഓഫീസ് സൗകര്യം നൽകുന്നതും പ്രിൻസിപ്പലിന്റെ ജോലിഭാരം ക്രമീകരിക്കുന്നതും ആ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. ഇത് ആത്യന്തികമായി ഹയർ സെക്കണ്ടറിയുടെ ഗുണനിലവാരം ഉയർത്തുന്നതിനാണ് സഹായിക്കുക.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും

7(*247) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മൂവാറ്റുപുഴ-ഇടപ്പള്ളി റോഡിൽ ചെയ്യാത്ത ജോലിക്കും അനാവശ്യ ജോലിക്കും പണം നൽകി ഉദ്യോഗസ്ഥരും കരാറുകാരും ഒത്തു ചേർന്ന് അഴിമതി നടത്തിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ;

(സി) ഗുണനിലവാരം ഉറപ്പാക്കാൻ പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പ്രവൃത്തികളുടെ പണം നൽകുന്നതിന് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ നിന്നുള്ള സാക്ഷ്യപത്രം നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വകുപ്പുതല വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ; സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടക്കുന്നുണ്ടോ; വിശദമാക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പോലീസ് വിജിലൻസ് അന്വേഷണം നടത്തിവരുന്നുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ശിപാർശ പ്രകാരമുള്ള റിക്കവറി നടത്തേണ്ട തുകയായ 15.78 ലക്ഷം രൂപ കരാറുകാരനിൽനിന്നും തിരിച്ചുപിടിച്ച് സർക്കാരിലേക്ക് വകയിരുത്തിയിട്ടുണ്ട്.

(ബി & സി) അഴിമതിക്ക് അറുതിവരുത്തുന്നതിനായി വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയതിനുപുറമെ ഗുണമേന്മാ പരിശോധന വിഭാഗവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ഗുണമേന്മാ പരിശോധനയ്ക്കായി 3 റീജിയണൽ ഓഫീസുകൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നിലവിലുണ്ട്. ഇവയുടെ മേൽനോട്ടം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഏൽപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മാ പരിശോധന നിർബന്ധമാക്കുകയും ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഗുണനിലവാര പരിശോധനാഫലം തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തിയാൽ മാത്രമേ ബിൽ തുക അനുവദിക്കുന്നുള്ളൂ. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിനായി നിർദ്ദേശം നൽകുകയും സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്ക് പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വകുപ്പുതല ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ, ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ഉൾനാടൻ മത്സ്യസമ്പത്ത്**

8 (*248) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഉണ്ട്. മത്സ്യസമ്പത്തിലുണ്ടായിരുന്ന കുറവ് മാത്രമല്ല പൊതുജലാശയങ്ങളുടെ വിസ്തൃതിയിലും വലിയ ശോഷണവും ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി കേരളത്തിലെ ഏറ്റവും വലിയ കായലുകളായ വേമ്പനാട് കായലിന്റെയും അഷ്ടമുടി കായലിന്റെയും വിസ്തൃതിയും ആഴവും വലിയ അളവിൽ കുറഞ്ഞ് വരികയാണ്. ജല മലിനീകരണം, അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ, കണ്ടൽ കാടുകളുടെ നശീകരണം, കാലാവസ്ഥാ വ്യതിയാനം, കൃഷി മേഖലയിലെ അമിതമായ രാസവളപ്രയോഗം, പ്രകൃതിദത്തമായ മത്സ്യ പ്രജനന കേന്ദ്രങ്ങളുടെ നശീകരണം, ഉൾനാടൻ ജലാശയങ്ങളുടെ ആഴവും വിസ്തൃതിയും ശോഷിക്കൽ എന്നിവയെല്ലാം ഉൾനാടൻ മത്സ്യസമ്പത്ത് കുറയാനുള്ള കാരണങ്ങളാണ്.

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതും വർദ്ധിപ്പിക്കുന്നതും ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 109.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ഉൾനാടൻ മത്സ്യസംരക്ഷണത്തിനും പരിപാലനത്തിനുമായി 835 ലക്ഷം രൂപയും മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ വികസനത്തിനുമായി 1800 ലക്ഷം രൂപയും ജലകൃഷി വികസന പദ്ധതികൾക്കായി 7420 ലക്ഷം രൂപയും അക്വാകൾച്ചറിന് വേണ്ടിയുള്ള സഹായ സേവനങ്ങൾക്കായി 700 ലക്ഷം രൂപയും ഉൾനാടൻ മത്സ്യഭവനുകളുടെ പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപയും ഉൾപ്പെടുന്നു.

ഉൾനാടൻ ജലാശയങ്ങളിൽ കായൽ പട്രോളിംഗ് നടത്തി അനധികൃത മത്സ്യബന്ധന രീതികൾ തടയുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി 2019-20 സാമ്പത്തിക വർഷം 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യബന്ധന നിയമം ശക്തമായി നടപ്പിലാക്കുന്നതിലേക്കായി നിലവിലുള്ള കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ ഭേദഗതികൾ വരുത്തി ഉൾനാടൻ മത്സ്യബന്ധന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ കായലുകളിലും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ട്.

ഉൾനാടൻ മത്സ്യമേഖലയിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതുവഴി ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനുമായി 14 ജില്ലകളിലെ പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപ പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം 295 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ജലകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജനകീയ മത്സ്യകൃഷി പദ്ധതി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി 7420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തികവർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4850 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 6 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

**വയനാട് ചുരം റോഡിന് സമാന്തരമായി തുരങ്കപാത**

9 (*249) ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന പാതയായ വയനാട് ചുരം റോഡിൽ മണ്ണിടിച്ചിൽമൂലം സ്ഥിരമായി ഗതാഗത തടസ്സം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന് സമാന്തരമായി തുരങ്കപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്.

(ബി & സി) ഉണ്ട്.

ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി റോഡാണ് വയനാട് ചുരം റോഡിന് ബദലായി വിഭാവനം ചെയ്തിട്ടുള്ള ഒരു പ്രധാന പാത. ഈ റോഡിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക സാധ്യതാ പഠനത്തിൽ തുരങ്കപാതയാണ്

ഉചിതമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ആനക്കാംപൊയിൽ കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തുരങ്കപാത നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക വൈദഗ്ധ്യവും മുൻപരിചയവുമുള്ള കൊങ്കൺ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 12-2-2019-ലെ G.O.(Rt) No.212/2019/PWD, 31-5-2019-ലെ G.O(Rt) No.684/2019/PWD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനെ ഡി.പി.ആർ തയ്യാറാക്കാനും പദ്ധതി നിർവ്വഹണത്തിനുമായുള്ള എസ്.പി.വി. ആയി തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്.

### പട്ടയവിതരണ നടപടിക്രമങ്ങൾ സുതാര്യമാക്കാൻ നടപടി

10 (*250) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ എല്ലാവർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനത്തിന്റെ ഭാഗമായി എത്ര പേർക്ക് ഈ സർക്കാർ പട്ടയം നൽകി എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(ബി) പട്ടയവിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി നടപടിക്രമങ്ങൾ സുതാര്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലാന്റ് ട്രിബ്യൂണലുകളിലെ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംയുക്ത പരിശോധന പൂർത്തിയാക്കി വനഭൂമി കൈവശക്കാരിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇടുക്കി പദ്ധതി പ്രദേശത്തെ പത്തുചങ്ങല പ്രദേശത്ത് താമസിച്ചുവന്നവർക്കെല്ലാം പട്ടയം നൽകണമെന്ന അഞ്ച് പതിറ്റാണ്ടായ ആവശ്യം പരിഹരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) അർഹരായ എല്ലാപേർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ നാളിതുവരെ 106450 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 67819 കുടുംബങ്ങൾക്ക് കുടിയായ്മ, കുടികിടപ്പ് കാണം ദേവസ്വം തുടങ്ങിയ ഇനങ്ങളിൽ ക്രയസർട്ടിഫിക്കറ്റ് (എൽ.റ്റി. പട്ടയം) നൽകിയിട്ടുണ്ട്.

(ബി) പട്ടയവിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുള്ളതും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽകേട്ട് ദേവസ്വവും പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും എല്ലാ താലൂക്കുകളിലും അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അർഹരായ എല്ലാ അപേക്ഷകർക്കും അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) കേസ്സുകൾ കുറവായ ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ കേസുകൾ കൂടുതലുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേയ്ക്ക് പുനർവിന്യസിച്ചു. അവിടങ്ങളിൽ നിലവിലെ ലാൻഡ് ട്രൈബ്യൂണലുകൾക്ക് പുറമെ പുതിയ 6 ലാൻഡ് ട്രൈബ്യൂണലുകൾ ആരംഭിച്ചു. കേസ്സുകൾ കുറവായ ജില്ലകളിൽ ബാക്കി നിൽക്കുന്ന നാമമാത്രമായ കേസ്സുകൾ തീർപ്പാക്കുന്നതിനായി അതാത് ജില്ലകളിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും ലാൻഡ് ട്രൈബ്യൂണലിന്റെ അധിക ചുമതല നൽകി. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനയി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചു. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി. ആയതിനാൽ അതാത് താലൂക്കിലെ അഡീഷണൽ തഹസിൽദാർമാർ ടി നിയമത്തിലെ ചട്ടങ്ങളിലെ പതിമൂന്നാം ഫാറത്തിൽ ഒരു നടപടിക്രമം പുറത്തിറക്കി കാണം കുടിയായ്മ വിടുതൽ ചെയ്തുനൽകി.

(ഡി) സംയുക്ത പരിശോധന പൂർത്തിയാക്കി വനഭൂമി കൈവശക്കാരിൽ അർഹരായവർക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച കേസുകളിൽ എത്രയുംവേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സംയുക്ത പരിശോധന പൂർത്തിയാക്കാനുള്ളത് പൂർത്തിയാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി upload ചെയ്യുന്നതിനും ഉൾപ്പെടെ സമയക്രമം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇടുക്കി ജില്ലയിലെ ഇരട്ടയാർ പത്ത് ചെയിൻ പ്രദേശത്തും ഇടുക്കി പദ്ധതി പ്രദേശത്തെ 3 ചെയിൻ വിട്ടുള്ള 7 ചെയിൻ പ്രദേശത്തും പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പട്ടയം അനുവദിച്ചിട്ടുള്ളതുമാണ്.

## കശുവണ്ടി വ്യവസായമേഖല നേരിടുന്ന പ്രതിസന്ധി

11 (*251) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. സജി ചെറിയാൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായമേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കശുവണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപകമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് പുറത്ത് കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) അസംസ്കൃത കശുവണ്ടിക്ക് കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം ചുമത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയെ എത്രമാത്രം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കശുവണ്ടി വ്യവസായം ഗുരുതര പ്രതിസന്ധി യിലായിരുന്നു. തോട്ടണ്ടിയുടെ ഉയർന്ന വില, ഇറക്കുമതി ചുങ്കം പുതിയതായി ഏർപ്പെടുത്തിയത്, തോട്ടണ്ടിയുടെ ദൗർലഭ്യം എന്നിവയായിരുന്നു പ്രധാന പ്രതിസന്ധികൾ. കൂടാതെ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽനിന്നും നിലവാരം കുറഞ്ഞ പരിപ്പ് സ്പെഷ്യൽ എക്കണോമിക്ക് സോൺ വഴി കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നത് പരിപ്പിന്റെ ആഭ്യന്തര വിപണിയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. വിയറ്റ്നാം മുതലായ രാജ്യങ്ങൾ കശുവണ്ടി സംസ്കരണത്തിലേക്ക് കടക്കുകയും അതുവഴി കശുവണ്ടി വ്യവസായത്തിലെയും ഒപ്പം അന്താരാഷ്ട്ര കമ്പോളത്തിലെയും ഇന്ത്യൻ കുത്തക കുറഞ്ഞുവരികയും ചെയ്തു.

പ്രവർത്തന മൂലധനത്തിന്റെ കുറവ്, അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവ്, സംസ്കരിച്ച കശുവണ്ടി പരിപ്പിന്റെ വിലസ്ഥിരതയില്ലായ്മ, ബാങ്ക് വായ്പകൾ ലഭിക്കുന്നതിനുള്ള പരിമിതികൾ മുതലായവയാണ് സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ.

കേരളത്തിലെ കശുവണ്ടി ഉൽപ്പാദനം ട്രേഡ് ഇൻഫർമേഷൻ അനുസരിച്ച് പ്രതിവർഷം ഏകദേശം 35000 മെട്രിക് ടൺ മുതൽ 50000 മെട്രിക് ടൺ വരെയാണ്. കേരളത്തിലെ കശുവണ്ടി ഉൽപ്പാദനം കുറയുന്നത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധിയാണ്.

Non-Least Developed രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് കടുത്ത പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്.

(ബി&സി) കശുമാവ് കൃഷി വികസന ഏജൻസി വഴിയാണ് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതിനായി വിവിധ പദ്ധതികൾ ഏജൻസി വഴി സർക്കാർ നടപ്പാക്കിവരുന്നുണ്ട്. തൈകൾ നടുന്നതുമുതൽ പൂക്കുന്നതുവരെയുള്ള കാലയളവിൽ വിവിധ ഘട്ടങ്ങളായി ആവശ്യമായ സാങ്കേതിക ഉപദേശം കർഷകർക്ക് നൽകി കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും കർഷകർക്ക് സബ്സിഡിയും ഏജൻസി നൽകിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും ഗുണമേന്മയുള്ള

കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ടി ആവശ്യത്തിലേക്കായി കാപ്പെക്സ് കശുമാവ് നഴ്സറി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കശുമാവിൻ തോട്ട പ്രോജക്ടിൽപ്പെടുത്തി കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് അത്യുല്പാദനശേഷിയുള്ള കശുമാവ് തൈകൾ നടീൽ ആരംഭിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപകമാക്കുന്നതിനായി 2007-ൽ സർക്കാർ രൂപീകരിച്ച ഏജൻസിയാണ് കെ.എസ്.എ.സി.സി. അതുവഴി കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികളായ കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, മാതൃക കശുമാവിൻ തോട്ടം, അതിസാന്ദ്രത കൃഷി എന്നിവ നടപ്പിലാക്കിവരുന്നു.

1. കശുമാവ് പുതുകൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

2. കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

4. ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് - സംസ്ഥാനത്ത് കെ.എസ്.എ.സി.സി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യത പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കിവരുന്നു.

5. <u>മാതൃക കശുമാവിൽ തോട്ടം</u> - കെ.എസ്.എ.സി.സി സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിലുള്ള കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് ആർ.പി.എൽ, പുനലൂർ ബി. ബി. എസ്റ്റേറ്റ് എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷി വ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി കശുമാവ് കർഷകർ, കശുമാവ് കൃഷി ചെയ്യുന്ന പൊതുസ്ഥലങ്ങളിലെയും സോഷ്യൽ ഫോറസ്ട്രിയുടെയും ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുമാവ് കൃഷിയുടെ പ്രാധാന്യവും കൃഷിയുടെ പ്രോത്സാഹനവും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി കശുമാവ് കർഷക ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് (അസംസ്കൃത കശുവണ്ടി) കേന്ദ്ര സർക്കാർ 2016 മുതൽ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിരുന്നു. 9.36 ശതമാനമായിരുന്ന ഇറക്കുമതി ചുങ്കം പലപ്പോഴായി കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. ഏറ്റവും കുറഞ്ഞ വികസന വിഭാഗത്തിലുള്ള രാജ്യങ്ങളിൽനിന്നും (Least Developed Country) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഇല്ല. ഇറക്കുമതി ചുങ്കം കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ വില കൂടുവാൻ ഇത് കാരണമായിട്ടുണ്ട്. കൂടാതെ പരിപ്പ് കയറ്റുമതിയിലൂടെ ചുങ്കം ഒഴിവാക്കാൻ ചില നിബന്ധനകൾ നിലവിലുണ്ട്. എന്നാൽ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽനിന്നും ധാരാളം പരിപ്പ് എത്തുന്നത് വഴി അന്താരാഷ്ട്ര കമ്പോളത്തിൽ കശുവണ്ടി പരിപ്പിന്റെ വിലകുറവുമൂലം കയറ്റുമതി ലാഭകരമല്ലാതായിരിക്കുന്നു. കൂടാതെ ജി.എസ്.ടി.-യുടെ വരവോടെ 5% IGST കൂടി ഇറക്കുമതി തോട്ടണ്ടിക്ക് ഒടുക്കേണ്ടതുണ്ട്.

കൂടാതെ വിയറ്റ്നാം പോലുള്ള രാജ്യങ്ങളുടെ തോട്ടണ്ടിയുടെ വിപുലമായ വാങ്ങലും സംസ്കരണവും ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ക്വാണ്ടിറ്റി കുറയാൻ കാരണമായിട്ടുണ്ട്. ഇറക്കുമതി ചുങ്കം പൂർണ്ണമായും

ഒഴിവാക്കിയെങ്കിൽ മാത്രമേ അസംസ്കൃത തോട്ടണ്ടിയെ ആശ്രയിച്ച് നടത്തുന്ന ഈ പരമ്പരാഗത വ്യവസായത്തിന് ഗുണകരമാകൂ. ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിലും നടപടികൾ പുരോഗമിക്കുന്നതായി അറിവായിട്ടുണ്ട്.

## ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട്

12 (*252) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ; കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായിട്ടും സംസ്ഥാനങ്ങളുമായി യാതൊരുവിധ ചർച്ചയും നടത്താതെ ഏകപക്ഷീയമായി തയ്യാറാക്കിയ കരട് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അറിയിക്കാൻ അനുവദിച്ചിട്ടുള്ള പരിമിതമായ സമയ പരിധിക്കുള്ളിൽ നയത്തിന്റെ ഗുണദോഷ വശങ്ങൾ പഠിച്ച് അഭിപ്രായം രൂപീകരിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) സംസ്കൃത പഠനത്തിനും ഹിന്ദി പഠനത്തിനും നൽകിയിട്ടുള്ള അമിത ഊന്നലിനുപകരം മാതൃഭാഷകൾക്ക് പ്രാമുഖ്യം നൽകാൻ നിർദ്ദേശിക്കുന്ന കാര്യം പഠന വിധേയമാക്കുമോ;

(സി) സ്വകാര്യ-പൊതു വിദ്യാലയങ്ങളെ തുല്യമായി പരിഗണിക്കണമെന്നും പാഠ്യക്രമം (കരിക്കുലം), അദ്ധ്യാപനരീതി എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള സമൂല പരിഷ്കരണം, പാഠ്യപദ്ധതി ലഘൂകരണം തുടങ്ങിയ നിർദ്ദേശങ്ങളും പ്രത്യേകിച്ച് ഉള്ളടക്കം ലഘൂകരിക്കാനെന്ന വ്യാജേന നിലവിൽ നവോത്ഥാന വിപ്ലവങ്ങളെക്കുറിച്ചുള്ള പാഠഭാഗങ്ങൾ ഒഴിവാക്കിയതിന്റെ പശ്ചാത്തലത്തിൽ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കാൻ വേണ്ട സത്വര നടപടിയെടുക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ദേശീയ വിദ്യാഭ്യാസനയ കരട് രേഖ എസ്.സി.ഇ.ആർ.റ്റി. പരിശോധിക്കുന്നതാണ്.

(ബി) പഠന വിധേയമാക്കുന്നതാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്നവരുടെ പുനരധിവാസം

13 (*253) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് വീട് നല്കുന്നതിനും പ്രസ്തുത പദ്ധതി മൂലമുണ്ടാകുന്ന തൊഴിലവസരങ്ങളിൽ മുൻഗണന നല്കുന്നതിനും ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ഡി) പുനരധിവാസ പാക്കേജിൽ മാറ്റങ്ങൾ വരുത്തി പുനരധിവാസ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ;

(ഇ) ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ ചട്ടങ്ങളിൽ മറ്റെന്തൊക്കെ ഭേദഗതികൾ വരുത്തിയെന്ന് അറിയിക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) തിരുവനന്തപുരം ജില്ലയിൽ ദേശീയപാതാ വികസനത്തിനായി കഴക്കൂട്ടം മുതൽ കടമ്പാട്ടുകോണം വരെയുള്ള 31 കിലോമീറ്റർ ദൂരത്തിൽ 74.99 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 3 എ വിജ്ഞാപനം 8-6-2018-ന് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർവെ നടപടികൾ പൂർത്തീകരിച്ച് 3(ഡി) വിജ്ഞാപനം ഭൂമിരാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്. കേന്ദ്രസർക്കാർ 3 (ഡി) വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

കൊല്ലം ജില്ലയിൽ ദേശീയപാത 47 (പുതിയ 66) വികസനത്തിന്റെ ഭാഗമായി ഓച്ചിറ മുതൽ കടമ്പാട്ടുകോണം വരെ 45 മീറ്ററിൽ 4 വരിയായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 9-2-2018-ൽ പ്രസിദ്ധീകരിച്ച 3 എ വിജ്ഞാപനത്തിന്റെ സമയപരിധി 8-2-2019-ൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെട്ട കരുനാഗപ്പള്ളി താലൂക്കിലെ ഓച്ചിറ, കുലശേഖരം, ആദിനാട് എന്നീ വില്ലേജുകളിലെ 2.4221 ഹെക്ടർ ഭൂമിക്ക് 3(ഡി) വിജ്ഞാപനം 4-2-2019-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 3D പ്രസിദ്ധീകരിച്ച കേസുകളിൽ നഷ്ടപരിഹാരതുക വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ 3D ആയിട്ടില്ലാത്ത സ്ഥലങ്ങൾക്ക് പുതിയ 3(എ) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി 80.90295 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ ഭൂമിരാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിൽ ദേശീയപാത 66 (തുറവൂർ-ഓച്ചിറ) 45 മീറ്റർ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുവാനുള്ള 114 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. അതിന്റെ ഭാഗമായി 15-02-2018, 21-06-2018 തീയതികളിലായി 3 എ, വിജ്ഞാപനങ്ങളും 11-02-2019, 12-02-2019 തീയതികളിലായി 3 ഡി വിജ്ഞാപനങ്ങളും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ മൂത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള 24.3 കി.മീ ദൂരത്തിൽ 51.9253 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ആയതിന്റെ ഭാഗമായുള്ള 3(a) വിജ്ഞാപനം 29-11-2018-ന് ഇന്ത്യാ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും 3 സി(2) പ്രകാരമുള്ള ഹിയറിംഗ് നടപടികൾ നടന്നുവരുന്നതുമാണ്. കോട്ടുവള്ളി വില്ലേജിലെ കാവിൽനട മുതൽ തെക്കോട്ട് ഇടപ്പള്ളി ജംഗ്ഷൻ വരെയുള്ള 10.3 കിലോമീറ്റർ സ്ഥലത്ത് അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 3 എ വന്നിട്ടുള്ള സ്ഥലങ്ങളിൽ ഓരോ കൈവശവും ടോട്ടൽ സ്റ്റേഷന്റെ സഹായത്തോടെ അളന്ന് തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്ന ജോലികൾ 90 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 14 കി.മീ. സ്ഥലത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടില്ലാത്തതാണ്. വിട്ടുപോയ സർവെ നമ്പറുകൾ ചേർത്ത് അഡീഷണൽ 3 എ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിൽപ്പെട്ട 20 വില്ലേജുകളിൽ നിന്നുമായി 62.655 കിലോമീറ്റർ നീളത്തിൽ 209.0858 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. ആയതിൽ വാടാനപ്പിള്ളി, മേത്തല വില്ലേജുകൾ ഒഴികെയുള്ള 18 വില്ലേജുകളുടെ 3D വിജ്ഞാപനം 09-04-2019-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. വാടാനപ്പിള്ളി, മേത്തല വില്ലേജുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള അഡീഷണൽ 3D വിജ്ഞാപനത്തിനുള്ള നടപടികൾ നടന്നുവരികയാണ്.

മലപ്പുറം ജില്ലയിൽ ദേശീയപാത വികസനത്തിനായി 203.5724 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ 186.8236 ഹെക്ടർ ഭൂമിക്ക് 3D വിജ്ഞാപനം ഓൺലൈൻ ആയി അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടില്ല. 1.0211 ഹെക്ടർ ഭൂമിക്ക് 3D വിജ്ഞാപനം അപ്‌ലോഡ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്. 3D വിജ്ഞാപനം ചെയ്തിട്ടുള്ള തിരൂർ, പൊന്നാനി താലൂക്കുകളിലെ 3G(3) വിചാരണ പൂർത്തിയാക്കി അവാർഡ് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ അഴിയൂർ വില്ലേജ് മുതൽ കോഴിക്കോട് താലൂക്കിലെ രാമനാട്ടുകര വില്ലേജ് വരെ 74.22 കി.മീ. ദൂരത്തിൽ 124.5697 ഹെക്ടർ ഭൂമിയിൽ 10.6082 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുള്ളതും ബാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

കണ്ണൂർ ജില്ലയിൽ ദേശീയപാത (എൻ.എച്ച്-66) വികസനത്തിനായി 188.5906 ഹെക്ടർ ഭൂമിയാണ് ആകെ ഏറ്റെടുക്കാനുള്ളത്. ഇതിൽ 40.8498 ഹെക്ടർ ഭൂമി ഇതിനകം തന്നെ ഏറ്റെടുത്ത് ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട മുഴുവൻ ഭൂമിയുടെയും 3 ഡി, 3 ജി(3) എന്നീ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. തുടർന്നുള്ള ഏറ്റെടുക്കൽ നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കൂടാതെ എൻ.എച്ച് 66 അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുള്ളതും നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്.

കാസർഗോഡ് ജില്ലയിൽ ദേശീയപാത (എൻ.എച്ച്-66) വികസനത്തിനായി 94.2018 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3D വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 1663 ഭൂഉടമകൾക്ക് 365.3 കോടി രൂപ NHAI-ൽ നിന്നും ലഭിച്ചതിൽ 253.66 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി-ഡി) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ തടസ്സം കുടിയൊഴിപ്പിക്കലിന് വിധേയരാകുന്ന ആളുകളുടെ ഭാഗത്തുനിന്നുള്ള നിസഹകരണവും എതിർപ്പുകളുമാണ്.

വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act, 2013-ലെ ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസം നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ, ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നൽകുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എം.എസ്) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഇ) 19-9-2015-ലെ സ.ഉ.(അച്ചടി)നമ്പർ 470/2015 പ്രകാരം റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ചട്ടം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ചട്ടത്തിൽ ചട്ടം (4)-ലെ ഉപചട്ടങ്ങൾ (2), (3) എന്നിവ പൊന്നുംവില നടപടിയുമായി മുന്നോട്ട് പോകുന്ന അവസരത്തിൽ റിക്വയറിംഗ് ബോഡി കെട്ടിവയ്ക്കേണ്ട നിർബന്ധിത 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്, 5% കണ്ടിജൻസി ചാർജ് എന്നിവയെപ്പറ്റി പ്രതിപാദിക്കുന്നു. 12-4-2018-ലെ സ.ഉ.(അച്ചടി) നമ്പർ 17/2018/റവ. പ്രകാരം ചട്ടം (4)-ലെ ഉപചട്ടങ്ങൾ (2), (3) എന്നിവ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതാണ്.

1. സ്പെഷ്യൽ യൂണിറ്റുകളെ നിയമിച്ച് പൊന്നുംവില നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാർ വകുപ്പുകൾ ഒഴികെയുള്ള റിക്വിസിഷനിംഗ് അതോറിറ്റികൾ നഷ്ടപരിഹാരത്തിന്റെ 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് കെട്ടിവയ്ക്കേണ്ടതില്ല. ഈ വിഷയത്തിൽ ജില്ലാ കളക്ടർ കണക്കാക്കുന്ന മൊത്തം എസ്റ്റാബ്ലിഷ്മെന്റ് തുക തവണകളായി (പ്രതിവർഷം) റിക്വിസിഷനിംഗ് അതോറിറ്റി അടയ്ക്കേണ്ടതാണ്.

2. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിർവ്വഹിക്കുന്ന പൊന്നുംവില നടപടികളിൽ നഷ്ടപരിഹാരത്തിന്റെ ആനുപാതിക എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് കെട്ടിവയ്ക്കേണ്ടതില്ല.

3. സംസ്ഥാന സർക്കാർ ചുമത്തുന്ന കണ്ടിൻജൻസി ചാർജ് നഷ്ടപരിഹാരത്തിന്റെ 5 ശതമാനമോ അല്ലെങ്കിൽ അൻപത് ലക്ഷമോ ഏതാണോ കുറവ് അതായി നിജപ്പെടുത്തിയിട്ടുള്ളതാണ്.

## മലയോര, തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി

14 (*254) ശ്രീ. സജി ചെറിയാൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഡി.എഫ്.ഐ.പി.-യിൽ ഉൾപ്പെടുത്തിയിരുന്ന മലയോര ഹൈവേയുടെ പണി ഫണ്ടില്ലാതെ ഇഴഞ്ഞു നീങ്ങിയിരുന്ന സ്ഥാനത്ത് ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രവൃത്തികൾക്ക് വേഗത കൈവരിക്കാനായിട്ടുണ്ടോ; പദ്ധതിക്കായി കിഫ്ബിയിൽ നിന്ന് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിക്ക് വിവിധ ജില്ലകളിൽ ആവശ്യമായി വരുന്ന വനഭൂമി ഏറ്റെടുക്കുന്നതിനായി നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കുമോ;

(സി) അറുനൂറ്റിഅമ്പത് കിലോമീറ്ററിലധികം വരുന്ന തീരദേശ ഹൈവേയിൽ ഇരുനൂറ്റിയമ്പത് കിലോമീറ്റർ ഈ വർഷം തന്നെ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ; ഭൂമിയുടെ ലഭ്യത തീരെ അസാധ്യമായിടത്ത് എലിവേറ്റഡ് പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) മുൻ സർക്കാരിന്റെ കാലത്ത് ഡി.എഫ്.ഐ.പി.-യിൽ ഉൾപ്പെടുത്തി ഫണ്ട് നീക്കിവയ്ക്കാതെ ഭരണാനുമതി നൽകിയിരുന്നതും കരാറിൽ ഏർപ്പെടാതിരുന്നതും ആരംഭിക്കാതിരുന്നതുമായ എല്ലാ പ്രവൃത്തികളുടെയും അനുമതികൾ റദ്ദുചെയ്യുകയുണ്ടായി. എന്നാൽ ഈ സർക്കാരിന്റെ അഭിമാന പ്രോജക്ടായി മലയോര ഹൈവേ പദ്ധതി കിഫ്ബി ഫണ്ട് ഉപയോഗിച്ച് 1251 കി. മീറ്റർ നീളത്തിൽ കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാലശ്ശാല വരെ 3500 കോടി രൂപ അടങ്കലിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾക്ക് കാര്യമായ വേഗത കൈവരിക്കാനായിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ്

മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള മറ്റ് 13 ജില്ലകളിലൂടെയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനാവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 942/2017/പൊ.മ.വ. തീയതി 10-7-2017 പ്രകാരം കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് In Principle Administrative Sanction സർക്കാർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള Special Purpose Vehicle (SPV) ആയി Kerala Road Fund Board-നെയാണ് നിശ്ചയിച്ചിട്ടുള്ളത്.

മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ടി 2186.98 കോടി രൂപയുടെ 25 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചുകഴിഞ്ഞു. ഇതിന്റെ മൊത്തം നീളം 656.579 കി.മീ. ആണ്. ഇതിൽ 1506.24 കോടി രൂപയുടെ 18 റീച്ചുകളുടെ ഡി.പി.ആർ-ന് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചു. ഫണ്ട് അനുവദിച്ച റീച്ചുകളുടെ മൊത്തം നീളം 460.599 കി.മീ. ആണ്. തിരുവനന്തപുരം ജില്ലയിലെ രണ്ട് പ്രവൃത്തിയും കൊല്ലം ജില്ലയിലെ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ മൂന്ന് പ്രവൃത്തികളും ഉൾപ്പെടെ 6 പ്രവൃത്തികൾ നടന്നുവരുന്നു. നടന്നുവരുന്ന പ്രവൃത്തികളുടെ മൊത്തം നീളം 160.952 കി.മീ. ആണ്.

(ബി) മലയോര ഹൈവേ നിർമ്മാണത്തിനായി കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ 8 ജില്ലകളിൽ വനഭൂമി ആവശ്യമുണ്ട്. ജില്ലയിലെ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ തീരദേശ ഹൈവേയുടെ നിർമ്മാണം 2 മീറ്റർ സൈക്കിൾ ട്രാക്ക് കൂടി ഉൾപ്പെടുത്തി 14 മീറ്റർ റൈറ്റ് ഓഫ് വേയിൽ നടപ്പിലാക്കാനാണ് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ 14 മീറ്റർ വീതിയുള്ള സ്ഥലങ്ങളിൽ മാത്രമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കി വരുന്നതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| പ്രവൃത്തി ആരംഭിച്ചത് | - | 15 കി.മീ. |
| വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നത് | - | 68 കി.മീ. |
| വിശദമായ പദ്ധതി രൂപരേഖയ്ക്കുവേണ്ടിയുള്ള ആർ.എഫ്.പി. തയ്യാറാക്കിവരുന്നത് | - | 63.9 കി.മീ. |
| മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നത് | - | 21.6 കി.മീ. |
| ഡ്രോൺ സർവ്വേ പൂർത്തിയാക്കിയത് | - | 170 കി.മീ. |

ബാക്കിയുള്ള സ്ട്രെച്ചുകളിൽ ഡ്രോൺ സർവ്വേ പുരോഗമിക്കുന്നു.

(ഡി) അലൈൻമെന്റ് നിർണ്ണയം പൂർത്തീകരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ മാത്രമേ എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ജനസാന്ദ്രത കുറഞ്ഞ സ്ഥലങ്ങളിൽക്കൂടി അലൈൻമെന്റ് തീരുമാനിച്ച് ഏറ്റവും കുറവ് സ്ഥലം ഏറ്റെടുത്ത് ചെലവ് കുറച്ച് പദ്ധതി നടപ്പിലാക്കാനാണ് ഇപ്പോൾ മുൻഗണന കൊടുത്തിട്ടുള്ളത്.

**ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം**

15 (*255) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെയും സംസ്ഥാന ദുരന്തനിവാരണ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റി പ്രാപ്തരായ കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തി പുനസംഘടിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ലോകബാങ്ക്, ഐക്യരാഷ്ട്രസഭാ സംഘം എന്നിവർ അതോറിറ്റിയെ എപ്രകാരം ശാക്തീകരിക്കണമെന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചത് 2012 മുതലാണ്. സംസ്ഥാനതലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവരശേഖരണം, കേന്ദ്ര ചട്ടപ്പടി സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചുവരുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗരേഖയും സംസ്ഥാനത്ത് Incident Response System 9-5-2019-ലെ സ.ഉ.(സാധാ)നമ്പർ 280/2019/ഡി.എം.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരം പ്രവർത്തിച്ചുവരുന്നു. ഏതെങ്കിലും വിഷയത്തിൽ നല്ല ഗാഢമായ അറിവും പരിചയവും ഉള്ളവരാണ് ദുരന്തനിവാരണത്തിൽ പ്രത്യേക പരിശീലനം നടത്തി ആ രംഗത്ത് ജോലിക്കായി വരേണ്ടത് എന്ന ഐക്യരാഷ്ട്ര സഭ പരിസ്ഥിതി സമിതിയുടെ ദുരന്ത നിവാരണ മേധാവിയുടെ വ്യക്തമായ ഉപദേശം കൂടി തേടി അതോറിറ്റിയിൽ പുതുതായി 16 വിദഗ്ദ്ധരെ 2017-2018-ൽ നിയോഗിച്ചു. നിലവിൽ വയനാടും കാസർഗോഡും ഒഴികെയുള്ള ജില്ലകളിൽ വിഷയ വിദഗ്ദ്ധരുടെ സേവനം ലഭ്യമാണ്. സാധാരണ സമയങ്ങളിൽ ഇവർ സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അനുസരിച്ചുള്ള അതത് വിഷയങ്ങളിലെ വൈദഗ്ദ്ധ്യം അനുസരിച്ചുള്ള പ്രവർത്തനത്തിൽ ഏർപ്പെടും. അടിയന്തര ഘട്ടങ്ങളിൽ ഇവർ അതാത് എമർജൻസി ഓപ്പറേഷൻസ് സെന്ററുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു. ഇവർക്ക് പല കേന്ദ്ര സ്ഥാപനങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്. United Nations Development Programme, SPHERE India, UNICEF എന്നിവരുടെ സഹകരണത്തോടെ സംസ്ഥാന അതോറിറ്റിയിലും ജില്ലാ അതോറിറ്റികളിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ലോകബാങ്കിന്റെ ജെ.ആർ.ഡി.എൻ.എ (Joint Rapid Damage and Needs Assessment) Page 113-ൽ പരാമർശിക്കുന്നത് "The Kerala State Disaster Management Authority (KSDMA), established in 2007 under the Disaster Management Act 2005, has fulfilled its mandate over the years in promoting awareness on disaster risks faced by the State and building scientific evidence base to support risk- informed development planning" എന്നാണ്.

ഐക്യരാഷ്ട്രസഭ സംഘം നടത്തിയ Post Disaster Need Assessment-ലെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, അതോറിറ്റിയിൽ Environment Planner, Meteorologist, Safety Engineer, Computer Programmer, Communication Engineer, Disaster Management Legal Expert, Social Capacity Building Specialist, Field Assistant, Office Manager, Multi Tasking Officer, Accountant എന്നീ അധിക തസ്തികകൾ കോൺട്രാക്ടായി അനുവദിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഒഴിവുള്ള System Administrator, Research Associate, Field Assistant, Finance Manager, Hazard Analyst എന്നീ തസ്തികകൾ കോൺട്രാക്ടായി നികത്തുവാൻ അനുവദിച്ചു.

**കേരള ഭൂരേഖ നവീകരണ മിഷൻ**

16 (*256) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പകുതിയോളം വില്ലേജുകളിൽ റീസർവ്വേ ഇനിയും നടത്തിയിട്ടില്ലെന്നതിനാൽ അതിനായി സത്വരനടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ ഭൂവിവരങ്ങൾ ഡിജിറ്റൽ സർവ്വേ നടത്തി റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന രേഖകൾ ഏകോപിപ്പിച്ച് വെബ്അധിഷ്ഠിത സേവനം ലഭ്യമാക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) ഭൂമിസംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈനായി നടപ്പിൽ വരുത്താനായി രൂപീകരിച്ച കേരള ഭൂരേഖ നവീകരണ മിഷൻ പ്രാവർത്തികമായിട്ടുണ്ടോ;

(ഡി) ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ സംസ്ഥാനത്തെ പുരോഗതി അറിയിക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്ത് റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള പദ്ധതി ആരംഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ ആയതിനായി റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ രേഖകൾ സംയോജിപ്പിച്ച് വെബ് അധിഷ്ഠിത സേവനം പ്രദാനം ചെയ്യുന്നതിന് സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ റെക്കാർഡുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ സർവ്വേയും ഭൂരേഖയും വകുപ്പ് ആവിഷ്കരിച്ചുവരുന്നു.

(സി) കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന പാലക്കാട് ജില്ല ഒഴികെ 13 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്ററും സർവ്വേ റെക്കാർഡുകളുടെ സംരക്ഷണത്തിനായി 14 ജില്ലകളിലും സർവ്വേ ഭവനിലും മോഡേൺ റെക്കാർഡ് റൂം എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി ഡിജിറ്റൈസേഷൻ സെന്ററുകൾ മുഖേന സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്തിട്ടുള്ള 791 വില്ലേജുകളുടെ FMB-കൾ പൊതുജനങ്ങൾക്ക് www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽനിന്നും ഓൺലൈനായി പണമടച്ച് കൈപ്പറ്റുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ റീസർവ്വേ പ്രവർത്തനങ്ങളുടെ ഭാഗമായി 85 പ്രൈമറി പോയിന്റുകളും 205 സെക്കന്ററി പോയിന്റുകളും 5605 ടെർഷറി പോയിന്റുകളും സംസ്ഥാന വ്യാപകമായി സ്ഥാപിച്ചിട്ടുണ്ട്.

## പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനം

17 (*257) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗതത്തിനുള്ള സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ആധുനിക രീതിയിലുള്ള ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനും പരിപാലിക്കുന്നതിനും പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത കമ്പനി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിൽപ്പെട്ട റോഡ് അപകടങ്ങൾ കുറയ്ക്കുക, റോഡ് സുരക്ഷ ഉറപ്പാക്കുക എന്നിവ നിറവേറ്റുന്നതിനായി പ്രസ്തുത കമ്പനി മറ്റ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) പൊതുമരാമത്ത് റോഡുകളിൽ അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ആധുനിക രീതിയിലുള്ള ബസ് ഷെൽട്ടേഴ്സ് നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ.ഉ.(കൈ)19/2013/പൊ.മ.വ. തീയതി 27-2-2013 പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്പനി നിലനിർത്തേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ജനപ്രതിനിധികൾ, പൊതുജനസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ അഭ്യർത്ഥന പ്രകാരം പി.പി.പി. വ്യവസ്ഥയിൽ സംസ്ഥാനത്ത് ആധുനിക ബസ് ഷെൽട്ടറുകൾ സ്ഥാപിക്കുന്നതുകൂടാതെ എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ടിൽനിന്നും അസറ്റ് ഡെവലപ്മെന്റ് ഫണ്ട് എന്നീ സ്കീമുകളിൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള ബസ് ഷെൽട്ടറുകൾ നിർമ്മിച്ച് ബന്ധപ്പെട്ട യൂസർ ഏജൻസികൾക്ക് കൈമാറുന്നു.

(സി) റോഡ് സുരക്ഷ മുൻനിർത്തി യാത്രക്കാർക്ക് തടസ്സമാകാത്ത വിധത്തിലാണ് പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് നിർമ്മാണം നടത്തുന്നത്.

**വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസ് ആക്കുന്നതിന് നടപടി**

18 (*258) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസ് ആക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസുകളിൽ നിന്ന് ഓൺലൈനായി ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി വില്ലേജ് ഓഫീസുകളിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി.

വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ ഉപയോഗിച്ചുവരുന്നു.

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെനിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 25 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു.

2. ആർ.ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-ഓഫീസ്

ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കിവരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽനിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതി വില്ലേജ് ഓഫീസുകളിലേയ്ക്കുംകൂടി എത്തിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

6. ഇ-പോസ് മെഷീൻ

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കറൻസി രഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുക എന്ന നയത്തിന്റെ ഭാഗമായി ഇ-ട്രഷറി ഗേറ്റ് വേയുമായി ഫെഡറൽ ബാങ്ക് 'പോയിന്റ് ഓഫ് സെയിൽ' മെഷീനുകൾ സംയോജിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. അതിൻപ്രകാരം സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും പൊതുജനങ്ങൾക്ക് കറൻസിരഹിത ഇടപാടുകളിലൂടെ വിവിധ നികുതികളും ഫീസുകളും ഖജനാവിലേയ്ക്ക് അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയും ആയത് നിലവിലെ ഇ-പേമെന്റ് സംവിധാനവുമായി സംയോജിപ്പിച്ചിട്ടുള്ളതുമാണ്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏത് സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

സംസ്ഥാനത്ത് ആകെ 1536 വില്ലേജാഫീസുകളിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം ഇതുവരെ 130 വില്ലേജാഫീസുകൾക്ക് നവീകരണം/കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 66 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു. നാളിതുവരെ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം കെട്ടിടനിർമ്മാണത്തിനായി തെരഞ്ഞെടുത്ത വില്ലേജുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) വില്ലേജ് ആഫീസുകളിൽനിന്നും നിലവിൽ ഓൺലൈനായി നൽകിവരുന്ന സർട്ടിഫിക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. സോൾവൻസി സർട്ടിഫിക്കറ്റ്
11. ലൊക്കേഷൻ സർട്ടിഫിക്കറ്റ്

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

12. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്

13. അഗതി സർട്ടിഫിക്കറ്റ്

14. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

15. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

16. ലൈഫ് സർട്ടിഫിക്കറ്റ്

17. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

18. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

19. വാല്യൂവേഷൻ സർട്ടിഫിക്കറ്റ്

20. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

21. നോൺക്രീമിലെയർ

(ഡി) വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി വില്ലേജ് ഓഫീസുകളിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഐ.റ്റി. മിഷനുമായി സഹകരിച്ച് സ്വീകരിച്ചുവരുന്നു.

## റോഡിലെ സുരക്ഷാവരകൾ

19 (*259) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിലെ സുരക്ഷാവരകളിൽ പരിവർത്തനമോ കൂട്ടിച്ചേർക്കലോ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അപകട മേഖലകളിൽ മുന്നറിയിപ്പ് നൽകുന്നതിന് വളഞ്ഞുപുളഞ്ഞ് (zig zag) പോകുന്ന സുരക്ഷാവരകൾ റോഡുകളിൽ അടയാളപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ അർത്ഥതലങ്ങൾ വ്യക്തമാക്കുമോ;

(സി) ഏറ്റവും അപകടസാധ്യതയുള്ള മേഖലകളിൽ റോഡിൽ ഏതൊക്കെ തരത്തിലുള്ള സുരക്ഷാവരകളാണ് ഉള്ളതെന്നും അവയുടെ സൂചനകളും അറിയിക്കുമോ;

(ഡി) സുരക്ഷാവരയുള്ള സ്ഥലങ്ങളിൽ സുരക്ഷാനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) റോഡുകളിലെ സുരക്ഷ സംബന്ധിച്ച് ഇൻഡ്യൻ റോഡ് കോൺഗ്രസ് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ&ബി) റോഡിലെ സുരക്ഷാവരകളിൽ പരിവർത്തനം വരുത്തിയിട്ടുണ്ട്. നിലവിലുള്ള IRC:35-2015-ലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് റോഡിലെ സുരക്ഷാവരകൾ നടപ്പിലാക്കുന്നത്. പ്രസ്തുത കോഡിലെ പരിവർത്തനവും കൂട്ടിച്ചേർക്കലുമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. നിലവിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ വളഞ്ഞുപുളഞ്ഞ് (Zig Zag) പോകുന്ന സുരക്ഷാവരകൾ അടയാളപ്പെടുത്തിയിട്ടില്ല. കെ.എസ്.ടി.പി.-യുടെ മാതൃകാസുരക്ഷാ ഇടനാഴി പദ്ധതിയുടെ കീഴിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള റോഡിൽ സ്കൂൾ മേഖലകളിൽ അപകടരഹിതമാകുന്നതിനായി വാഹനങ്ങളുടെ വേഗത നിയന്ത്രണത്തിനും ഡ്രൈവറുടെ ജാഗ്രതയ്ക്കുമായി വളഞ്ഞുപുളഞ്ഞ് (Zig Zag) വരകൾ റോഡുകളിൽ നൽകിയിട്ടുണ്ട്. മനുഷ്യരുടെ പ്രവർത്തനവും കാൽനട യാത്രക്കാരുടെ സാമീപ്യവും വരുന്ന ദുർബലമായ വിഭാഗങ്ങളിൽ Zig Zag അടയാളങ്ങൾ ഡ്രൈവറുടെ ജാഗ്രതയ്ക്കായാണ് നൽകുന്നത്.

(സി) റോഡിൽ ഏറ്റവും അപകടസാധ്യതയുള്ള മേഖലകളിൽ സുരക്ഷയ്ക്കായി IRC:35-2015 കോഡിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള Hazard മാർക്കിംഗുകളാണ് നൽകിവരുന്നത്. റോഡുകളിലെ അപകടസാധ്യതയ്ക്കനുസരിച്ച് ഓവർടേക്കിംഗ് അനുവദനീയമല്ലാത്ത സ്ഥലങ്ങളിൽ ഇടമുറിയാത്ത ഡബിൾ സെന്റർ ലൈൻ മധ്യത്തിൽ നൽകിയിട്ടുണ്ട്. ഇന്ത്യൻ റോഡ് കോൺഗ്രസ് മാനദണ്ഡമനുസരിച്ച് മീഡിയൻ സ്ഥാപിക്കാൻ സാധിക്കാത്ത റോഡിലെ വളവുകളുടെ റേഡിയസ് അനുസരിച്ച് അപകടങ്ങൾ ഒഴിവാക്കാനായി ലാഡർഹാച്ച് നൽകിയിട്ടുണ്ട്. വാഹനം ഓടിക്കുമ്പോൾ പ്രസ്തുത ലാഡർഹാച്ച് മീഡിയൻ ആയി പരിഗണിച്ച് അവയെ മറികടക്കാതെ ശ്രദ്ധയോടെ വാഹനം ഓടിക്കേണ്ടതാണ്. അപകടസാധ്യതാ മേഖലകളിൽ വേഗത നിയന്ത്രണത്തിനായി റോഡിനുകുറകെ ബാർ മാർക്കിംഗ് നൽകിയിട്ടുള്ള ഭാഗങ്ങളിൽ വേഗത കുറയ്ക്കേണ്ടതാണ്. വളഞ്ഞുപുളഞ്ഞുള്ള (Zig Zag) വരകൾ നൽകിയിട്ടുള്ള സ്ഥലങ്ങളിൽ കാൽനടയാത്രക്കാരുടെ സാന്നിധ്യം റോഡിൽ പ്രതീക്ഷിച്ചുകൊണ്ട് അതീവ ജാഗ്രതയോടെ വേഗത കുറച്ച് വാഹനം ഓടിക്കേണ്ടതാണ്.

(ഡി) സുരക്ഷാവരയുള്ള സ്ഥലങ്ങളിൽ സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഉത്തരവാദിത്വം പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകൾക്കാണ്.

(ഇ) റോഡ് സുരക്ഷയ്ക്കായി ട്രാഫിക് നിയന്ത്രണ ഉപകരണങ്ങൾ ഉപയോഗിക്കുവാനായി IRC മാനദണ്ഡങ്ങൾ ഉണ്ട്. ട്രാഫിക് നിയന്ത്രണ ഉപകരണങ്ങൾ 3 വിഭാഗങ്ങളിലായി വിശാലമായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ വിവിധ തരത്തിലുള്ള മാർക്കിംഗുകൾ, സൈനുകൾ, സിഗ്നലുകൾ, ട്രാഫിക് Island-കൾ എന്നിവ ഗതാഗത നിയന്ത്രണത്തിനും റോഡ് ഉപഭോക്താക്കളെ വഴികാട്ടുന്നതിനുമായി ഉപയോഗിക്കുന്നു. റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുക, റോഡ് മാർക്കിംഗ്സ് നടത്തുക, ബോർഡുകൾ സ്ഥാപിക്കുക, റൗണ്ട് എബൗട്ട് ഡിസൈനുകൾ, ഇന്റർചെയ്ഞ്ച് ഡിസൈനുകൾ, ട്രാഫിക് സിഗ്നലുകൾ എന്നിവ സ്ഥാപിക്കുക, അപകടസാധ്യതയുള്ള ഇടങ്ങളിൽ വേഗത നിയന്ത്രണ സംവിധാനം (Traffic calming measures) ഏർപ്പെടുത്തുക, കാൽനടയാത്രക്കാർക്ക് സുരക്ഷിത സംവിധാനമൊരുക്കൽ, റോഡ് സേഫ്റ്റി ബാരിയേഴ്സ്, അറ്റ്ഗ്രേഡ് ഇന്റർസെക്ഷൻ ഡിസൈൻ, ഹൈവേ സേഫ്റ്റി കോഡ്, റോഡ് സംബന്ധമായ ജോലി നടക്കുന്ന മേഖലകളിലെ ട്രാഫിക് മാനേജ്മെന്റ്, വേരിയബിൾ മെസ്സേജ് സൈൻസ്, ഗ്രേഡ് സെപ്പറേറ്റർ ഡിസൈൻ എന്നിവയാണ് റോഡുകളിലെ സുരക്ഷ സംബന്ധിച്ച് ഇന്ത്യൻ റോഡ് കോൺഗ്രസ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ.

**പരീക്ഷയിലെ ആൾമാറാട്ടം**

20 (*260) ശ്രീ. പി. സി. ജോർജ്:

ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നീലേശ്വരം സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപകർ ചില വിദ്യാർത്ഥികൾക്കുവേണ്ടി ഓഫീസ് മുറിയിൽ ഇരുന്ന് പരീക്ഷ എഴുതിക്കൊടുത്തു എന്ന ഗുരുതരമായ കുറ്റകൃത്യത്തെക്കുറിച്ച് എന്തുതരം അന്വേഷണമാണ് നടത്തിവരുന്നത്;

(ബി) സ്കൂൾ പ്രിൻസിപ്പാളും ഈ ആൾമാറാട്ടത്തിന് സഹായം ചെയ്തുകൊടുത്തു എന്ന കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(സി) മുൻ വർഷങ്ങളിലും ഇപ്രകാരം ആൾമാറാട്ടം നടത്തിയിട്ടുണ്ടോ എന്ന കാര്യം അന്വേഷിക്കുമോയെന്നറിയിക്കാമോ;

(ഡി) ഇതിന്റെ പിന്നിലെ ഗൂഢാലോചന അന്വേഷണ വിധേയമാക്കുമോ;

(ഇ) ഇത്തരം ആൾമാറാട്ടങ്ങളും ക്രമക്കേടുകളും മറ്റ് സ്കൂളുകളിലും നടത്തുവാൻ സാധ്യത ഉള്ള സ്ഥിതിക്ക് ഇത് തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ;

(എഫ്) ആൾമാറാട്ടത്തിൽ പങ്കെടുത്തവരേയും അതിന് സഹായം ചെയ്തുകൊടുത്തവരേയും കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) കോഴിക്കോട് നീലേശ്വരം സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ ചില വിദ്യാർത്ഥികൾക്കുവേണ്ടി അദ്ധ്യാപകൻ പരീക്ഷ എഴുതിക്കൊടുത്ത സംഭവത്തിൽ അദ്ധ്യാപകരെ സസ്പെന്റ് ചെയ്യുകയും അവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തുകയും ആൾമാറാട്ടം സംബന്ധിച്ച് അദ്ധ്യാപകർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തിവരികയുമാണ്.

(ബി) ഉണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) അന്വേഷണവിധേയമാക്കുന്നതാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

(എഫ്) ആൾമാറാട്ടത്തിൽ പങ്കെടുത്തവരേയും അതിന് സഹായം ചെയ്തുകൊടുത്തവരേയും കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകുന്നതാണ്. വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള അദ്ധ്യാപകരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്കനടപടികൾ സ്വീകരിച്ചു വരുന്നു.

**ഹൈടെക് സ്കൂൾ പദ്ധതി**

21 (*261) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ സാങ്കേതിക വിദ്യാഭ്യാസം സാധ്യമാക്കുന്നതിന് ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം ഉപകരണങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്;

(സി) പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) ഹൈടെക് ക്ലാസ്സ് മുറികളിൽ ആശയവിനിമയം സുഗമമാക്കുന്നതിനായി 'സമഗ്ര' വിഭവ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, എച്ച്.ഡി.എം.ഐ. കേബിൾ, ഫേസ് പ്ലേറ്റ്, വൈറ്റ് സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ഡി.എസ്.എൽ.ആർ. ക്യാമറ, എൽ.ഇ.ഡി. ടെലിവിഷൻ (42"), എച്ച്.ഡി. വെബ് ക്യാം, മൾട്ടി ഫങ്ഷൻ പ്രിന്റർ നന്നീ ഉപകരണങ്ങളും ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്കനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, സ്കൂളുകൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ക്ലാസ് റൂം നെറ്റ്‌വർക്കിംഗ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്; ഹൈടെക് ക്ലാസ് മുറികളിൽ പാഠവിനിമയത്തിനായി പാഠാസൂത്രണങ്ങളും അതിനനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് 'സമഗ്ര' എന്ന പേരിൽ ഒരു ഡിജിറ്റൽ വിഭവ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത വിഭവ പോർട്ടലിൽ കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് രണ്ടാം പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനൊപ്പം പോർട്ടലിന്റെ ഓഫ്‌ലൈൻ വേർഷനും ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ സമഗ്ര പോർട്ടലിൽ 2019-20 വർഷത്തെ പാഠപുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് പാഠാസൂത്രണങ്ങളും വിഭവങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പ്രൈമറി ക്ലാസുകൾക്കാവശ്യമായ ഡിജിറ്റൽ വിഭവങ്ങളും ഉൾപ്പെടുത്തി ക്കൊണ്ടിരിക്കുകയാണ്. ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലായി 27811 റിസോഴ്സുകൾ വിവിധ ഇനങ്ങളിലായി 'സമഗ്ര' യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പഠന നിലവാരം ഉയർത്തുന്നതിനായി 'ശ്രദ്ധ' പദ്ധതി

22 (*262) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി 'ശ്രദ്ധ' എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) ക്ലാസ്സുകൾ നൽകുന്നതിനായി അദ്ധ്യാപകരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) 'ശ്രദ്ധ'യുടെ ഭാഗമായി ഗണിതശാസ്ത്രത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ടോ എന്നും ഇതിനായി പ്രത്യേക പ്രവർത്തന പുസ്തകങ്ങളും മോഡ്യൂളുകളും സ്വയംപഠന പാക്കേജുകളും തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഉണ്ട്.

(ബി) വിവിധ കാരണങ്ങളാൽ പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ക്ലാസ്സ് ടീച്ചർമാർ കണ്ടെത്തി പി.റ്റി.എ. യുടെ സഹകരണത്തോടെ 'ശ്രദ്ധ' പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നു.

(സി) ഇല്ല. അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ തന്നെയാണ് ക്ലാസുകൾ എടുക്കുന്നത്.

(ഡി) 'ശ്രദ്ധ'യുടെ ഭാഗമായി ഗണിതശാസ്ത്രത്തിന് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി ഗണിതശാസ്ത്രത്തിൽ അടിസ്ഥാനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്കായി പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ മൊഡ്യൂൾ വികസിപ്പിച്ച് നൽകിയിട്ടുണ്ട്.

## ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖ

23 (*263) ശ്രീ. പി. വി. അൻവർ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനം സംസ്ഥാനത്ത് ആവർത്തിച്ച് ദുരന്തങ്ങൾ സൃഷ്ടിച്ചതിന്റെ പശ്ചാത്തലത്തിൽ ദുരന്തങ്ങളെ നേരിടാൻ മുന്നൊരുക്കങ്ങൾ സാധ്യമാകുംവിധം കൃത്യതയുള്ള കാലാവസ്ഥാപ്രവചനം സാധ്യമാക്കുന്നതിന്, വിശേഷിച്ച് ഫോനി ചുഴലിക്കാറ്റിന്റെ കാര്യത്തിലെന്ന പോലെ ആവർത്തിച്ചുണ്ടാകുന്ന തെറ്റായ പ്രവചനത്തിന്റെ പശ്ചാത്തലത്തിൽ, ആവശ്യത്തിന് നിരീക്ഷണകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനം പുതിയ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) അടിയന്തരഘട്ട കാര്യനിർവ്വഹണത്തിന് ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഡി) ദുരന്ത അതിജീവനത്തിനും ലഘൂകരണത്തിനും ജനകീയ ഇടപെടൽ അനിവാര്യമായതിനാൽ അതിനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 68 മാനവൽ മഴമാപിനികളിൽ നിന്നുള്ള ദൈനംദിന വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന് കേരളത്തിലുള്ള 15 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളിൽ 7 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കേരളത്തിൽ ഒരു റഡാർ സംവിധാനംകൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേന്ദ്ര കാലാവസ്ഥാ വകുപ്പ് 100 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ സ്ഥലം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ നിലവിലെ എല്ലാ മഴമാപിനികളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും 35 സ്ഥലങ്ങൾ ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ ഉചിതമാണെന്ന് കണ്ടെത്തുകയും കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാനായി കൈമാറിയിട്ടുള്ളതുമാണ്. 65 സ്ഥലങ്ങൾ കണ്ടെത്തുവാൻ സർവ്വേ നടത്തിവരുന്നു. കൂടാതെ10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്‌പ്ലേ ബോർഡും സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവയ്ക്കുപുറമെ 39 മാനുവൽ മഴമാപിനികൾ സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇവ കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ദൈനംദിന കാലാവസ്ഥാ പ്രവചനം കൂടുതൽ സൂക്ഷ്മമാക്കുവാൻ ഐ.എസ്.ആർ.ഒ.-യുടെ സഹായം പ്രത്യേകമായി അഭ്യർത്ഥിച്ചു. ഐ.എസ്.ആർ.ഒ.-യുടെ 65 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും Incident Response System വും താലൂക്ക്തലം വരെ അംഗീരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. 8 അദ്ധ്യായങ്ങളുള്ള കൈപ്പുസ്തകം മുൻ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗനിർദ്ദേശ രൂപരേഖയാണ്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥ സംരംഭങ്ങളുടെയും 2019-ലെ മൺസൂൺ പ്രവചനത്തിന്റെ വിശകലനത്തോടെ ആരംഭിക്കുന്ന കൈപ്പുസ്തകം, വിവിധ കാലാവസ്ഥ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊള്ളേണ്ട നടപടികളും വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളേയും മഴക്കാലത്ത് സംസ്ഥാനത്ത് സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകം സംസ്ഥാന അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഡിസ്ട്രിക്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ (DEOC), കേന്ദ്ര ഏജൻസികൾ, രക്ഷാ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ നൽകി. പൊതുജനങ്ങൾക്ക് പ്രാദേശികമായി തീവ്ര ദുരന്ത പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കേന്ദ്ര ഏജൻസികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. നൽകുവാൻ Location Based Messaging System എന്ന സാങ്കേതികവിദ്യ Centre for Development of Telematics, National Disaster Management Authority എന്നിവർ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിരുന്നു. ഈ സംവിധാനം കേരളത്തിനുവേണ്ടി പ്രത്യേകമായി തയ്യാറാക്കുവാൻ ആവശ്യമായ ചർച്ച Centre for Development of Telematics-മായി നടത്തി.

കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നതിന് കേന്ദ്ര ദുരന്ത നിരവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഇ മെയിൽ, WhatsApp, Twitter, Facebook, Mobile SMS, Land Phone, Fax, VSAT Terminal എന്നീ സംവിധാനങ്ങൾക്ക് പുറമേയാണ് ഇത്.

സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആവശ്യമായ ദുരന്ത മുന്നറിവ് സാങ്കേതികവിദ്യ വികസനം കെൽട്രോൺ മുഖാന്തരം തയ്യാറായിവരുന്നു. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രവർത്തനം നടക്കുന്നത്.

(ഡി) സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണം സംസ്ഥാനത്ത് സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ച് വാർത്തെടുക്കുന്ന പ്രവർത്തനം സംസ്ഥാന അതോറിറ്റി, അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്ന് ആരംഭിച്ചു. തൃശ്ശൂരിൽ അഗ്നിരക്ഷാ സേനയുടെ പരിശീലന കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടെ അപതാ മിത്ര എന്ന പ്രോജക്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് ആദ്യമായി കോട്ടയം ജില്ലയിൽ ഒരു സന്നദ്ധസേന രൂപീകരിച്ചു. നിലവിൽ ഈ പ്രോജക്ടിൽ 200 സന്നദ്ധപ്രവർത്തകർക്ക് 12 ദിവസത്തെ പരിശീലനം നൽകി. ഇവരുടെ സേവനം ഗജ ചുഴലിക്കാറ്റിന്റെ ആഘാതം നേരിട്ട അത്രൂർ മണ്ഡലത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പരിശീലനം സിദ്ധിച്ചവർക്ക് പ്രത്യേക പ്രതികരണ കിറ്റുകളും സംസ്ഥാന അതോറിറ്റി നൽകും. ഇത്തരത്തിലുള്ള പ്രത്യേക പരിശീലനം സിദ്ധിച്ച 3000 സന്നദ്ധ പ്രവർത്തകരെ 2022 നുള്ളിൽ വാർത്തെടുക്കുവാനാണ് സംസ്ഥാന അതോറിറ്റി ശ്രമിക്കുന്നത്.

**പട്ടയം ലഭ്യമാക്കുന്നതിന് നടപടികൾ**

24 (*264) ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയം ഇല്ലാത്തവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ഈ വർഷം എത്ര പേർക്ക് പട്ടയം നൽകാനാണ് ഉദ്ദേശിക്കുന്നത്;

(സി) പട്ടികവർഗ്ഗക്കാർക്ക് കൈവശരേഖയ്ക്ക് പകരം പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഭൂമി സംബന്ധിച്ച് ലാന്റ് ട്രിബ്യൂണലുകളിൽ ഉണ്ടായിരുന്ന കേസ്സുകൾ തീർപ്പാക്കി അവയ്ക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കാണം പട്ടയങ്ങളിൽ കുടിയാന്മാർക്ക് ജന്മ ഉടമസ്ഥാവകാശം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):(എ) ഭൂമി പതിവിനുള്ള അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ഇതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി അർഹമായ കേസ്സുകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 1-1-1971-നുമുമ്പ് വനം ഭൂമി കൈവശം വച്ചിരുന്നവർക്ക് കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച കേസ്സുകളിൽ പട്ടയം സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇത് സംയുക്ത പരിശോധന കഴിയാനുള്ളതിനും സമയക്രമം നിശ്ചയിച്ചു. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തി. സംസ്ഥാനത്തെ പട്ടയ വിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി ജില്ലാ തലത്തിൽ പട്ടയമേളകളും സംഘടിപ്പിക്കാറുണ്ട്.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നിലവിൽ പട്ടയം നൽകുന്നില്ല.

(സി) 1993-ലെ കേരള ഭൂമി പതിവ് (1-1-1977-നുമുമ്പ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 2(f) -ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ച് വരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിക്കുമേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ താലൂക്ക് ലാൻഡ് ബോർഡുകളുടെയും ലാൻഡ് ട്രിബ്യൂണലുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് മുഖാന്തരം സ്വീകരിച്ചുവരുന്നു. ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടികിടക്കുന്ന കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി. കാണം ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് ഭൂമിയിന്മേൽ പരിപൂർണ്ണ അവകാശം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പരിശോധന ശക്തമാക്കി. കേസ്സുകൾ കുറവായ ജില്ലകളിൽ ബാക്കിയുള്ള നാമമാത്രമായ കേസുകൾ തീർപ്പാക്കുന്നതിനായി എല്ലാ താലൂക്ക് തഹസിൽദാർമാർക്കും ലാൻഡ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുള്ളതാണ്. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രിബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസീൽദാർ (എൽ.എ.)-യ്ക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രിബ്യൂണൽ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) പഴയ കൊച്ചിൻ പ്രദേശത്തിന് മാത്രമായി 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിമയം നടപ്പിലാക്കിയിട്ടുണ്ട്. ഇന്നത്തെ എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങൾ എന്നിവയാണ് ടി പരിധിയിൽ വരുന്നത്. ഈ പ്രദേശങ്ങളിലെ കാണം കുടിയാൻമാർക്ക് അവരുടെ കൈവശ ഭൂമിയിൽ (Full proprietary right) പൂർണ്ണമായ ഉടമസ്ഥാവകാശം ടി നിയമം തന്നെ നൽകിയിട്ടുണ്ട്. അവർക്ക് ലാൻഡ് ട്രിബ്യൂണലുകളിൽനിന്ന് പ്രത്യേകം ക്രയസർട്ടിഫിക്കറ്റ് (പട്ടയം) ആവശ്യമില്ല. അതാത് താലൂക്കിലെ അഡീഷണൽ തഹസിൽദാർമാർ ടി നിയമത്തിലെ ചട്ടങ്ങളിലെ 13-ാം നമ്പർ ഫോറത്തിൽ ഒരു നടപടിക്രമം പുറത്തിറക്കി കാണം കുടിയായ്മ വിടുതൽ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ളവർക്ക് പ്രത്യേക ക്രയ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് പ്രതിപാദിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ടി നിയമം ബാധകമായ പ്രദേശങ്ങളിലെ 32000-ൽപ്പരം കാണം കുടിയാൻമാർക്ക് മേൽപ്പറഞ്ഞ തരത്തിലുള്ള നടപടിക്രമം പുറപ്പെടുവിച്ച് ടി പ്രശ്നം പൂർണ്ണമായി പരിഹരിച്ചും ടി നിയമം ബാധകമല്ലാത്ത സ്ഥലങ്ങളിൽ ലാൻഡ് ട്രിബ്യൂണൽ വഴി കാണം കുടിയാൻമാർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്.

## കടൽ മത്സ്യസംരക്ഷണ പ്രവർത്തനങ്ങൾ

25 (*265) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന-മത്സ്യ സംരക്ഷണത്തിനായി സംസ്ഥാനം നടപ്പാക്കി വരുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) കടൽ മത്സ്യശോഷണത്തിന്റെ കാരണങ്ങളും അത് പരിഹരിക്കാനായുള്ള പ്രവർത്തനങ്ങളും അറിയിക്കാമോ; കടൽ മത്സ്യബന്ധനത്തിന്റെ വാണിജ്യവൽക്കരണം പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) മത്സ്യബന്ധനത്തിനുപയോഗിക്കുന്ന ഇന്ധനത്തിന്റെ വിലയിൽ ഇളവ് നൽകുന്നതിനും ഫിഷിംഗ് ലൈസൻസ് നൽകുന്നതിന് സംസ്ഥാന സർക്കാരുകളുടെ അധികാര മേഖല വിപുലപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന മത്സ്യ സംരക്ഷണത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കൃത്രിമപ്പാര് സ്ഥാപിക്കൽ
2. കടലിലെ കൂട് കൃഷി
3. സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യക്കുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.
4. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act-ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.
5. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.

6. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.

7. തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്. പി. വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.

8. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.

9. വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമിറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ ഉപയോഗിച്ചുള്ള തെറ്റായ മത്സ്യബന്ധന രീതികളും കർശനമായി നിരോധിച്ചു.

10. കടൽ പട്രോളിംഗ് ശക്തമാക്കി.

11. ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു. (ജൂൺ 10 - ജൂലൈ 31 വരെ)

12. ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ പരിപാലനവും സംരക്ഷണവും എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, പ്രളയം തുടങ്ങി നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി കേരള തീരത്ത് സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യക്കുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് ഉത്തരവാകുകയും ആയത് നടപ്പിലാക്കിവരികയുമാണ്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കി മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ KMFR ആക്ട് ഭേദഗതിവരുത്തുകയും പുതിയ KMFR 2018 ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സാന്ദ്രത കുറയ്ക്കുന്നതിനായി 20 മീറ്ററിനുമുകളിൽ നീളമുള്ളതും 250 എച്ച്.പി.-യ്ക്ക് മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരകടലിൽ (12 നോട്ടിക്കൽ മൈലിനുള്ളിൽ) മത്സ്യബന്ധനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. മത്സ്യബന്ധന വലകളുടെ ആകെ വലിപ്പവും കണ്ണിവലിപ്പവും നിയന്ത്രിച്ചു. ലൈറ്റ്,

ക്ലാഞ്ഞിൽ, കൂട്ടിക്കെട്ടിയ മരക്കമ്പുകൾ എന്നിവ ഉപയോഗിച്ചുള്ള അശാസ്ത്രീയ മത്സ്യബന്ധന രീതികൾ കർശനമായും നിരോധിച്ചിട്ടുണ്ട്. പ്രധാന മത്സ്യങ്ങളുടെ പ്രജനന കാലമായ മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം 52 ദിവസമായി വർദ്ധിപ്പിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങളിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. പുതുക്കിയ KMFR ചട്ടം 3(3) പ്രകാരം പരമ്പരാഗത മത്സ്യബന്ധനം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് മുതൽ പരവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴം വരെയും പരവൂർ പൊഴിക്കര മുതൽ കാസർഗോഡ് ജില്ലയിലെ ബംഗരമഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും യന്ത്രവൽകൃത മത്സ്യബന്ധനം നിരോധിക്കുകയും കർശനമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഓഖി ദുരന്തബാധിതരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ് ആർ പി ബോട്ടുകൾ ഉൾപ്പെടെ 120 മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു പയോഗിക്കുന്ന പിഡിഎസ് മണ്ണെണ്ണ ക്വാട്ട വെട്ടികുറച്ചത് പുനഃസ്ഥാപിക്കാൻ നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവെങ്കിലും ആയത് പുനഃസ്ഥാപിച്ചിട്ടില്ല. മാസം 2525 കി. ലിറ്റർ മണ്ണെണ്ണ ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് നിലവിൽ 1400 കി. ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭിക്കുന്നത്. ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഡീസൽ ലിറ്ററിന് 3 രൂപ വീതം സബ്സിഡി നൽകുന്നുണ്ടെങ്കിലും ആയത് ബിപിഎൽ വിഭാഗക്കാർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തെ ഭൂരിഭാഗം മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യത്തിൽ എ.പി.എൽ/ബി.പി.എൽ വ്യത്യാസം ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. തീരക്കടലിൽ സംസ്ഥാനങ്ങളുടെ അധികാര പരിധി 12 നോട്ടിക്കൽ മൈലിൽനിന്നും 36 നോട്ടിക്കൽ മൈൽ ആയി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2018 നവംബർ മാസം 10, 11 തീയതികളിൽ എറണാകുളം CMFRI-ൽ വച്ച് സംസ്ഥാനം നേതൃത്വം നൽകി വിളിച്ചുകൂട്ടിയ ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ സംസ്ഥാനങ്ങളും ഏകകണ്ഠമായി ഈ ആവശ്യം കേന്ദ്രസർക്കാരിനോട് ഉന്നയിച്ചിട്ടുണ്ട്.

## വയനാട് ചുരം സമാന്തരപാത സംബന്ധിച്ച പഠനം

26 (*266) ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം റോഡിന് സമാന്തരമായി തുരങ്കപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പാതയ്ക്ക് ആവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്.

(ബി) ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി റോഡാണ് വയനാട് ചുരം റോഡിന് ബദലായി വിഭാവനം ചെയ്തിട്ടുള്ള ഒരു പ്രധാന പാത. ഈ റോഡിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക സാധ്യതാ പഠനത്തിൽ തുരങ്കപാതയാണ് ഉചിതമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ആനക്കാംപൊയിൽ കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തുരങ്കപാത നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക വൈദഗ്ധ്യവും മുൻപരിചയവുമുള്ള കൊങ്കൺ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 12-2-2019-ലെ G.O.(Rt) No.212/2019/PWD, 31-5-2019-ലെ G.O(Rt) No.684/ 2019/PWD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനെ ഡി.പി.ആർ. തയ്യാറാക്കാനും പദ്ധതി നിർവ്വഹണത്തിനുമായുള്ള എസ്.പി.വി. ആയി തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(സി) കിഫ്ബിയിലൂടെ തുക കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## ഓട്ടിസം ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസം

27 (*267) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. വി. അൻവർ:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി ഓട്ടിസം പാർക്ക് രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികളുടെ സാമൂഹിക പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആശയവിനിമയം സുഗമമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഓട്ടിസം പാർക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പഠന പ്രക്രിയയിൽ ഈ കുട്ടികളെ നല്ലരീതിയിൽ പങ്കെടുപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് വേണ്ട പരിശീലനം നൽകാനും മാതാപിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണം ലഭ്യമാക്കാനും എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ഓട്ടിസം പാർക്ക് നിർമ്മിക്കുന്നത് പരിഗണനയിലാണ്. ആയതിന്റെ ഒന്നാം ഘട്ടമായി തെരഞ്ഞെടുത്ത 8 സ്കൂളുകളിൽ ഓട്ടിസം പാർക്ക് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) സ്പെഷ്യൽ വിദ്യാഭ്യാസം, ഫിസിയോ തെറാപ്പി, സ്പീച്ച് & ലാംഗ്വേജ് തെറാപ്പി, പരിഹാരബോധനം, സ്വഭാവ രൂപീകരണം, ഭിന്നശേഷി പരിശീലനം, കോഗ്നിറ്റീവ് ബിഹേവിയർ മാനേജ്മെന്റ് കുട്ടികളുടെ മാതാപിതാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രത്യേകം പരിശീലനം സിദ്ധിച്ച റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ച് അവർക്ക് പ്രത്യേകം ചുമതലകൾ നൽകുവാനും അതോടൊപ്പം ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക പരിശീലന ക്ലാസ്സുകൾ നടത്തുവാനുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

## വിദ്യാഭ്യാസ അവകാശ നിയമം

28 (*268) ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കാനോ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. തുടങ്ങിയ ബോർഡുകളിൽ നിന്ന് അഫിലിയേഷൻ നേടാനായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കാനോ പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ പൂട്ടണമെന്ന കോടതിയുത്തരവിന്റെയും വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടി അറിയിക്കാമോ; എത്ര സ്കൂളുകൾ അംഗീകാരമില്ലാത്തതായുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിനുള്ള അധികാരത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ സാധ്യമാകുമോ എന്ന് പരിശോധിക്കുന്നുണ്ടോ; വിശദമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിനുമായി അതാത് സമയങ്ങളിൽ സർക്കാർ ഉത്തരവിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ 1-3-2019-ലെ സ.ഉ. (കൈ) നമ്പർ 22/2019/G.Edn പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് വിദ്യാഭ്യാസ ഓഫീസർമാർ നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് ലഭിച്ച സ്കൂളുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ആയതിന്മേൽ സ്റ്റേ ഉത്തരവ്

വാങ്ങുകയുമുണ്ടായി. ഇക്കാര്യത്തിൽ 2017-18 അദ്ധ്യയന വർഷം അടച്ചുപൂട്ടൽ നടപടി ഉണ്ടാവുകയില്ലെന്ന് സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കുകയും അടച്ചുപൂട്ടൽ നടപടി താൽക്കാലികമായി നിർത്തി വയ്ക്കുന്നതിനുള്ള സാഹചര്യമുണ്ടാവുകയും ചെയ്തു. അടച്ചുപൂട്ടൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിലുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് 1585 സ്കൂളുകൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ബംഗളൂരുവിലേയ്ക്ക് കൂടുതൽ ട്രെയിനുകളും കോച്ചുകളും

29 (*269) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബംഗളൂരുവിലേക്കുള്ള യാത്രക്കാരുടെ തിരക്ക് കുറയ്ക്കുന്നതിന് കൂടുതൽ ട്രെയിനുകളും കോച്ചുകളും വേണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ്സുകളുടെ ചൂഷണം ഒഴിവാക്കുന്നതിനും ഈ മേഖലയിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനും റെയിൽവേ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി റെയിൽ മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി ഇക്കാര്യം റെയിൽ മന്ത്രാലയത്തോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):(എ) കേരളത്തിൽനിന്നും ബംഗളൂരുവിലേക്കുള്ള വർദ്ധിച്ച തോതിലുള്ള യാത്രാ ആവശ്യം സ്വകാര്യ ബസ്സുകൾ മുതലെടുത്ത് യാത്രക്കാരെ ചൂഷണത്തിന്

വിധേയമാക്കുന്നുവെന്നും ആയതിനാൽ ബംഗളൂരുവിലേക്ക് കൂടുതൽ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് തൃശ്ശൂർ റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ 25-4-2019 തീയതിയിൽ സമർപ്പിച്ച പരാതി ലഭിച്ചിട്ടുണ്ട്. ആയത് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി & സി) സ്വകാര്യ ബസ്സിലെ ജീവനക്കാർ യാത്രക്കാരെ കയ്യേറ്റം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നുള്ള അന്വേഷണത്തിൽ കേരളത്തിൽനിന്നും ദിനംതോറും മുന്നൂറോളം സ്വകാര്യ ബസ്സുകൾ ബംഗളൂരുവിലേക്ക് സർവ്വീസ് നടത്തുന്നതായി കണ്ടെത്തി. ബംഗളൂരുവിലേക്കും കർണാടകയിലെ വിവിധ സ്ഥലങ്ങളിലേക്കുമായി പഠനത്തിനും ജോലിക്കുമായി കേരളത്തിൽനിന്നും ധാരാളം പേർ യാത്ര ചെയ്യുന്നുണ്ട്. ഇത്രയും ഉയർന്ന യാത്രാ ആവശ്യം പരിഹരിക്കുന്നതിന് ഏകദേശം 12000-ത്തോളം അധിക സീറ്റുകൾ ആവശ്യമാണ്. പ്രസ്തുത വിവരങ്ങൾ ചൂണ്ടിക്കാട്ടി കേരള - ബാംഗ്ലൂർ സെക്ടറിൽ ദിവസേന രണ്ട് അധിക ട്രെയിൻ സർവ്വീസുകൾ ആരംഭിക്കണമെന്നും നിലവിലെ ട്രെയിനുകളിൽ അധിക ബോഗികൾ ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് 26-4-2019-ൽ റെയിൽവേ ബോർഡ് ചെയർമാന് കത്ത് അയച്ചിട്ടുണ്ട്.

**താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന**

30 (*270) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി.എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകളുടെ വിസ്തൃതിയും താലൂക്കിൽ ഉൾപ്പെടുന്ന വില്ലേജുകളുടെ എണ്ണവും സംബന്ധിച്ച് വലിയ അന്തരം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ താലൂക്കിൽ എഴുപത്തിനാല് വില്ലേജുകളും കുന്നത്തൂർ താലൂക്കിൽ ഏഴ് വില്ലേജുകളും എന്നത് പോലുള്ള നിലവിലെ അവസ്ഥ പരിഹരിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(സി) താലൂക്കുകൾ പുനഃസംഘടിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; ഇതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) വില്ലേജുകൾ പുനഃസംഘടിപ്പിക്കുന്നത് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ഉണ്ട്. ചില താലൂക്കുകളിൽ കൂടുതൽ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പല കാര്യങ്ങളും കണക്കിലെടുത്താണ് താലൂക്കുകൾ രൂപീകൃതമായിരിക്കുന്നത്. ഇപ്പോൾ അത്തരം മാനദണ്ഡങ്ങളിലെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്. അതിനാൽ ചില വില്ലേജുകളെ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന താലൂക്കുകളിൽ നിന്നും വേർപെടുത്തി അടുത്തുള്ള മറ്റ് താലൂക്കുകളിൽ ഉൾപ്പെടുത്തുന്നത് ജനങ്ങൾക്ക് സൗകര്യപ്രദവും ഭരണപരമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരവും ആവും. ചില താലൂക്കുകൾ രണ്ടായി വിഭജിക്കേണ്ടതിന്റെ ആവശ്യവും ഉണ്ടായെന്നുവരാം. താലൂക്ക് പുനഃസംഘടന സംബന്ധിച്ച് ഒരു പഠനം നടത്തിയാൽ മാത്രമെ ഇക്കാര്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തത വരികയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവും സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്.

(ബി) തൃശ്ശൂർ താലൂക്ക് 74 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നതും താരതമ്യേന വളരെ വലിയ താലൂക്കുമാണ്. 74 വില്ലേജുകളുള്ള തൃശ്ശൂർ താലൂക്കിനെ വിഭജിച്ച് പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള വിഷയങ്ങളുൾപ്പെടെ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്.

(സി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ടീമിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ Kerala State Remote Sensing & Environment Centre എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള data ലഭ്യമാക്കുന്നതിനുള്ള നടപടികളും, അതുകൂടാതെ എല്ലാ ജില്ലകളിൽനിന്നും എല്ലാ വില്ലേജുകളുടെയും സർക്കാർ ഭൂമിയുടെയും ഭൂമി ഉടമകളുടെയും കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം ആകെയുള്ള ഭൂവുടമകളുടെ എണ്ണം, വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന ലൊക്കേഷന്റെ പേര്, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയംഭരണ

സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും 2011-ലെ ജനസംഖ്യാ നിരക്കും എന്നീ വിവരങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റലൈസ് ചെയ്തുകഴിഞ്ഞാൽ പഠന റിപ്പോർട്ടിന്റെ ഒന്നാംഘട്ടം പൂർത്തിയാകുന്നതാണ്. അതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ പരിശോധിക്കാവുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി

1 (2845) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഇതിനകം പൂർത്തിയായിട്ടുണ്ട്;

(ബി) സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴക്കൂട്ടം-അടൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) ലോക ബാങ്ക് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനുള്ള കാരണം എന്താണ്; വ്യക്തമാക്കുമോ;

(ഡി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ നിശ്ചയിച്ച പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം ഇ. പി. സി. രീതിയിലേക്ക് മാറ്റിയത് എന്തുകൊണ്ടാണ്;

(ഇ) പ്രസ്തുത റോഡ് നിർമ്മാണം ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.)
2. പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.)
3. ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.)
4. ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ.)
5. പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ.)
6. പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കി.മീ.)

(ബി) പ്രവൃത്തിയുടെ ആദ്യഘട്ടത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും റോഡ് സുരക്ഷാ മാനദണ്ഡമനുസരിച്ചുള്ള ജംഗ്ഷൻ ഡിസൈൻ നാറ്റ്പാക് മുഖേന തയ്യാറാക്കി ലഭിക്കുന്നതിനുമുള്ള കാലതാമസം ഉണ്ടായിട്ടുണ്ട്. നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നതിനു തടസ്സങ്ങൾ ഒന്നും തന്നെയില്ല.

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന് പ്രധാന കാരണം സ്ഥലമെടുത്ത് കിട്ടുന്നതിൽ വരുന്ന കാലതാമസമാണ്.

(ഡി) മറ്റ് സംസ്ഥാനങ്ങളിലും, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുമുള്ള പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പദ്ധതികൾക്ക് നേരിട്ട ബുദ്ധിമുട്ടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക്, ടി പ്രവൃത്തി പിപിപി മാതൃകയിൽ നടപ്പിലാക്കാൻ അനുമതി നൽകാത്തതിനാലാണ് ലോകബാങ്കിന്റെ അംഗീകാരത്തോടെ ഇപിസി മാതൃകയിലാക്കാൻ തീരുമാനിച്ചത്.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് തുറന്ന് സാങ്കേതിക പരിശോധന നടത്തി വരികയാണ്.

## കേരള റോഡ് ഫണ്ട് ബോർഡ്

2 (2846) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അന്വേഷണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോർഡിൽ എൻജിനീയറിംഗ് വിഭാഗത്തിന്റെ അപ്രമാദിത്തം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോർഡുമായി ചേർന്ന് പ്രവർത്തിക്കുന്ന കരാർ കമ്പനികളുടെ പ്രവർത്തനം അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ അന്വേഷണം ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ നഗരപാത വികസന പദ്ധതികൾ കൺസഷണർ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ബോർഡിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് അപ്രമാദിത്തം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള റോഡ് ഫണ്ട് ബോർഡുമായി ചേർന്ന് പ്രവർത്തിക്കുന്ന കരാർ കമ്പനികളുടെ പ്രവർത്തനം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള റോഡ് ഫണ്ട് ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

## വൺ ടൈം മെയിന്റനൻസ് പദ്ധതി

3 (2847) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൺ-ടൈം മെയിന്റനൻസ് പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ കാലതാമസം

4 (2848) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂട്ടിലിറ്റി മാറ്റുന്നതിന് കാലതാമസം വരുന്നതുമൂലം ടെന്റർ ചെയ്ത് സൈറ്റ് കൈമാറിയ റോഡുകളിൽ പോലും പ്രവൃത്തി നടത്താൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) യൂട്ടിലിറ്റി മാറ്റുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് പൊതുമരാമത്ത് വകുപ്പ് ഒടുക്കേണ്ട പണം ഒടുക്കുന്നതിന് കരാറുകാരന് തന്നെ ഉത്തരവാദിത്തം കൊടുക്കുകയും ആയത് ബില്ലിൽ വകവെച്ചു കൊടുക്കുകയും ചെയ്യാൻ സാധിക്കുമോ;

(സി) റോഡ് വീതി കൂട്ടുന്നതിന് സൗജന്യമായി സ്ഥലം നൽകുന്നവരുടെ പൊളിക്കേണ്ടിവരുന്ന ഭിത്തികൾ പുനർനിർമ്മിക്കുന്നത് കൂടി കരാറിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യൂട്ടിലിറ്റി മാറ്റുന്നതിന് നിലവിൽ എസ്റ്റിമേറ്റിൽ തന്നെ തുക വകകൊള്ളിക്കുകയും ഈ തുക ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. അല്ലെങ്കിൽ കരാറുകാരനെക്കൊണ്ട് അടപ്പിച്ചിട്ട്, ബില്ലിൽ വകയിരുത്തി കൊടുക്കുകയും ചെയ്യാറുണ്ട്. എന്നാൽ യൂട്ടിലിറ്റി മാറ്റുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ പൊതുവെ ജാഗ്രത പാലിക്കുന്നില്ല.

(സി) ഇത്തരം സാഹചര്യം മുൻകൂട്ടി അറിയാൻ കഴിയുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച് കരാറിന്റെ ഭാഗമാക്കുന്നുണ്ട്.

**കോസ്റ്റ് എസ്കലേഷൻ**

5 (2849) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികളുടെ ശരാശരി കോസ്റ്റ് എസ്കലേഷൻ തോത് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഈ തോത് കേന്ദ്ര പദ്ധതികൾക്കും സംസ്ഥാന പദ്ധതികൾക്കും വേർതിരിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എസ്കലേഷൻ കോസ്റ്റിൽ വർദ്ധനവരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം 18 മാസത്തിനുമുകളിൽ പൂർത്തീകരണ കാലാവധിയുള്ള പ്രവൃത്തികൾക്ക് മാത്രമേ പ്രൈസ് എസ്കലേഷൻ നൽകുവാൻ സാധിക്കുകയുള്ളൂ.

(ബി & സി) പൊതുമരാമത്ത് പ്രവൃത്തികൾക്ക് നാളിതുവരെ കെട്ടിട വിഭാഗം നിരത്തുകളും പാലങ്ങളും വിഭാഗം എന്നിവയിൽ പ്രൈസ് എസ്കലേഷൻ നൽകിയിട്ടില്ല. സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന ദേശീയപാതാ വിഭാഗത്തിന്റെ പ്രവൃത്തികൾക്ക് കോസ്റ്റ് എസ്കലേഷൻ ക്ലോസ്സ് ഉൾപ്പെടുത്താറില്ല. എന്നാൽ കേന്ദ്ര ഫണ്ട് ഉപയോഗിച്ചുള്ള ഒരു വർഷത്തിലധികം പൂർത്തീകരണ കാലാവധിയുള്ള ഐറ്റം റേറ്റ് പദ്ധതികൾക്കും, ഒന്നര വർഷത്തിലധികം പൂർത്തീകരണ കാലാവധിയുള്ള ഇ.പി.സി വ്യവസ്ഥയിലുള്ള പദ്ധതികൾക്കും സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് പ്രകാരം കോസ്റ്റ് എസ്കലേഷൻ ക്ലോസ് ഉൾപ്പെടുത്താറുണ്ട്. ശരാശരി 5 ശതമാനത്തിൽ താഴെയാണ് കോസ്റ്റ് എസ്കലേഷൻ തോത് വരാറുള്ളത്.

**പദ്ധതികളുടെ പൂർത്തീകരണ കാലപരിധി**

6 (2850) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ പൂർത്തീകരണ കാലപരിധി നിശ്ചയിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മാനദണ്ഡത്തിൽ എപ്പോഴെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പൂർത്തീകരണ കാലപരിധി ഒന്നിലേറെത്തവണ നീട്ടി നല്കുന്നത് നിർമ്മാണച്ചെലവ് കൂടാൻ കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2005 പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ ഓരോ ഇനത്തിന്റെയും ശാസ്ത്രീയ മാനദണ്ഡങ്ങൾ, ഋതുഭേദങ്ങൾ, നിർമ്മാണച്ചെലവ്, സാധനസാമഗ്രികൾ എത്തിക്കുന്നതിനുള്ള സമയം എന്നിവ ആസ്പദമാക്കിയാണ് പൂർത്തീകരണ കാലപരിധി തീരുമാനിക്കുന്നത്.

(ബി) ഇല്ല. കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികളിൽ ഡസൈനിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, പ്രവൃത്തി ചെയ്യുവാനുദ്ദേശിക്കുന്ന സ്ഥലത്തെ

മണ്ണിന്റെ ഘടനയിൽ വരുന്ന മാറ്റങ്ങൾ, പ്രവൃത്തി ആരംഭിച്ചതിനുശേഷം ക്ലൈന്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ എന്നിവയെല്ലാം അടിസ്ഥാനപ്പെടുത്തി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിയിൽ മാറ്റം വരുത്തേണ്ടതായി വരാറുണ്ട്.

(സി) പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതുകൊണ്ട് നിർമ്മാണ ചെലവ് എപ്പോഴും കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചിലപ്പോൾ കൂടാറുണ്ട്. കരാറുകാരന്റെ പിഴവ് കൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലപരിധി നീട്ടി നൽകേണ്ടി വരുന്നതെങ്കിൽ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർഷിക്കുംവിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്.

## പ്രളയത്തിൽ തകർന്ന പാലങ്ങളും റോഡുകളും

7 (2851) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ തകർന്ന പാലങ്ങളും റോഡുകളും പുനർനിർമ്മിക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനുകീഴിൽ റോഡുകളുടെ പുനർ നിർമ്മാണത്തിന് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 71.25 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് മണ്ണിടിച്ചിൽമൂലമുണ്ടായ ഗതാഗത തടസ്സം മാറ്റുകയും 1149 കി.മീ. റോഡിന്റെ അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനുകീഴിൽ 2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലെയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്രമന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാതാ ഡിവിഷനുകളിലും അത്യവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട

പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യുവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുകയും ചെയ്യും. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ്-54 എണ്ണം, പാലങ്ങൾ-2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചുവരുന്നു.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 1.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 1.81 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

8 (2852) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് ജില്ലാതല സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചതിലൂടെ വകുപ്പിൽ നിലനിന്നിരുന്ന അഴിമതി അസാനിപ്പിക്കുന്നതിനും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാലാവസ്ഥയ്ക്ക് അനുസൃതമായ പുതിയ സാങ്കേതികവിദ്യകളെപ്പറ്റി പഠിക്കുവാൻ സർക്കാർ തലത്തിൽ ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പാലാരിവട്ടം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരം ഇല്ലാത്ത വസ്തുക്കൾ ഉപയോഗിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് G.O. (MS)No. 1/2018/PWD തീയതി 5-1-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുവാൻ ഇതുമൂലം സാധിക്കുന്നതാണ്.

(ബി&സി) ഇല്ല.

(ഡി) പാലാരിവട്ടം മേൽപ്പാലത്തിൽ Madras IIT നടത്തിയ കോൺക്രീറ്റ് core cutting ടെസ്റ്റിൽ 13 ഗർഡറിലെ 39 സാംപിളുകളിൽ 8 എണ്ണവും 4 പിയറുകളിലെ 12 സാംപിളുകളിൽ 5 എണ്ണവും RC Wall-ലെ 23 സാംപിളുകളിൽ 8 എണ്ണവും മിനിമം (IS 456:2000, Clause 17.4.3 പ്രകാരമുള്ള) Cube Compression Strength -ഇല്ലാത്തവയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാലാരിവട്ടം പാലത്തിനോടനുബന്ധിച്ച സംഭവങ്ങൾക്ക് മുൻപ് തന്നെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംഭവത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പൊതുമരാമത്ത് പ്രവൃത്തികളിൽ കൂടുതൽ ജാഗ്രത ഉറപ്പാക്കിയിട്ടുണ്ട്. ഈ സംവിധാനങ്ങൾ ഇപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽ അഴിമതി കുറയ്ക്കുന്നതിന് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

9 (2853) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; ഇത് അഴിമതിയും ക്രമക്കേടും കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മോശപ്പെട്ട കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതും റിവൈസ്ഡ് എസ്റ്റിമേറ്റുകൾ നിരുത്സാഹപ്പെടുത്തിയതും നിർമ്മാണപ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിക്കുവാൻ കാരണമായിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ നിർമ്മാണ പ്രവൃത്തിയിൽ വീഴ്ച വരുത്തിയ എഞ്ചിനീയർമാർക്കെതിരെ നടപടി സ്വീകരിച്ചിരുന്നോ; ഏതൊക്കെ റോഡുകളുടെ നിർമ്മാണത്തിലുണ്ടായ പ്രശ്നങ്ങളുടെ പേരിലാണ് നടപടി സ്വീകരിച്ചത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ "പുതിയകാലം, പുതിയ നിർമ്മാണം" എന്ന കാഴ്ചപ്പാടിനനുസരിച്ചാണ്

പരിഷ്കാരങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർ നടപടികൾ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ ക്വാളിറ്റി കൺട്രേൾ ലാബുകളും പ്രവർത്തിച്ചു വരുന്നു. 1 tier, II[nd] tier, tier ടെസ്റ്റുകൾ വകുപ്പിൽ നടപ്പാക്കിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ ലാബുകളിൽ നിന്നുള്ള ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേമെന്റ് നൽകുന്നതിൽ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ സോഷ്യൽ ഓഡിറ്റിംഗും 5 കോടിയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ അഴിമതിയും ക്രമക്കേടും ക്രമാതീതമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചിരുന്നു. എഞ്ചിനീയർമാരുൾപ്പെടെ 100-ൽപ്പരം ജീവനക്കാർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു. റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കൽ**

10 (2854) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ക്വാളിറ്റി കൺട്രോൾ, സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് ഇവ സംയോജിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. മേൽ പറഞ്ഞ എല്ലാ ലബോറട്ടറികളും ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം ഈ ലബോറട്ടറികളിൽ പരിശോധിക്കുന്നുണ്ട്. ഈ വിഭാഗങ്ങളിലേയ്ക്ക് ആവശ്യമുള്ള ആധുനിക പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കി വരികയാണ്. ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ആവശ്യമുള്ള പരിശീലന സൗകര്യങ്ങളും നൽകിയിട്ടുണ്ട്. ലബോറട്ടറികളിലെ പരിശോധന ഫലങ്ങൾക്ക് അനുസൃതമായി പ്രവൃത്തികൾക്ക് ആവശ്യമായ മാറ്റങ്ങളും ക്രമീകരണങ്ങളും നടത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ ഇടപെടലുകൾ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെയും ഭാഗമായി അവയ്ക്ക് സാമൂഹ്യ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുമെന്ന് സർക്കാരിന്റെ 2016-17 ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരുന്നു. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി പൊതുമരാമത്ത് ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികൾ ജി.ഒ. (എം.എസ്.) നം. 1/2018/പി.ഡബ്ല്യു.ഡി തീയതി 5-1-2018 എന്ന സർക്കാർ ഉത്തരവിലൂടെ രൂപീകൃതമായിട്ടുണ്ട്.

(സി) ക്വാളിറ്റി കൺട്രോൾ, സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് എന്നിവ സംയോജിതമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ**

11 (2855) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി; പ്രസ്തുത പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ എത്ര ശതമാനം പൂർത്തിയായി എന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് നിർമ്മാണത്തിൻെറ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞു എന്നറിയിക്കാമോ;

(സി) എത്ര മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുന്നത്; റോഡിനോട് അനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സർക്കാർ ഉത്തരവ് G.O.(Rt) No. 942/2017/PWD തീയതി 10-7-2017 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് In Principle Administrative Sanction നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലൂടെയും കടന്നുപോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 25 റീച്ചുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം- 4, കൊല്ലം- 1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ-1, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കാസർഗോഡ്- 4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഫണ്ട് അനുവദിച്ച റീച്ചുകളുടെ മൊത്തം നീളം 460.599 കി.മീ. ആണ്. തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം ജില്ലയിലെ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ പ്രവൃത്തികളും ഉൾപ്പെടെ 6 പ്രവൃത്തികൾ ആരംഭിച്ചു. മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്ക് വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം ജില്ലയിലെ 1 പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ആരംഭിച്ചു. കൊല്ലം ജില്ലയിലെ പ്രവൃത്തി 30 ശതമാനം പൂർത്തീകരിച്ചു. കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളിൽ 1 പ്രവൃത്തി 30 ശതമാനവും രണ്ടാമത്തെ പ്രവൃത്തി 15 ശതമാനവും മൂന്നാമത്തെ പ്രവൃത്തി 2 ശതമാനവും പൂർത്തീകരിച്ചു. ഒരു പ്രവൃത്തിയും പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല.

(സി) 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. റോഡിന്റെ (ക്യാരേജ് വേ) ഇരുവശത്തും ഫുഡ്പാത്ത്, ഓടകൾ, ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ എന്നിവ നിർമ്മിക്കുന്നുണ്ട്.

**അദർ ഡിസ്ട്രിക്ട് റോഡുകൾ പി.ഡബ്ല്യു.ഡി ഏറ്റെടുക്കാൻ നടപടി**

12 (2856) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദർ ഡിസ്ട്രിക്ട് റോഡുകളുടെ സ്റ്റാറ്റസിൽ ഉള്ളതും ത്രിതല പഞ്ചായത്തുകളുടെ അധീനതയിലുള്ളതുമായ അഞ്ച് കിലോമീറ്ററിലധികം ദൈർഘ്യമുള്ള റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുമോ;

(ബി) പ്രസ്തുത റോഡുകൾ പരിഷ്ക്കരിക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് ആവശ്യമായ തുക പദ്ധതിയിൽ ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും തന്നെ ഇപ്പോൾ പി.ഡബ്ല്യു.ഡി ഏറ്റെടുക്കേണ്ടതില്ലായെന്നാണ് നിലവിലുള്ള സർക്കാർ തീരുമാനം.

**പുതുതായി ടാർ ചെയ്ത റോഡുകൾ കുഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

13 (2857) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ടാർ ചെയ്ത റോഡുകൾ കുഴിക്കുന്നതിന് സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) റോഡുകൾ പൊളിച്ച് കേബിളുകളും പൈപ്പ് ലൈനും സ്ഥാപിച്ചതിനുശേഷം കുഴി മൂടാതെ പോകുന്നതും ഭാഗികമായി മാത്രം മൂടുന്നതും നിരീക്ഷിക്കുവാനും ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ;

(സി) പൈപ്പ് ലൈനും കേബിളും സ്ഥാപിച്ച ശേഷം ഈ ആവശ്യത്തിലേയ്ക്കായി പൊളിച്ച ഭാഗം റീ ടാറിംഗ് നടത്തുന്നതിന് എത്ര സമയമാണ് അനുവദിച്ചിരിക്കുന്നത്;

(ഡി) റോഡിലൂടെ പൈപ്പ് ലൈനും കേബിളും സ്ഥാപിക്കുന്നതിനായി കുഴി എടുക്കുമ്പോൾ പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ നിരീക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പുതുതായി ടാർ ചെയ്ത റോഡുകൾ ഡി.എൽ.പി. കഴിഞ്ഞു മാത്രമേ കുഴിക്കുന്നതിന് സാധാരണഗതിയിൽ അനുവാദം നൽകാറുള്ളൂ. എന്നാൽ ചില അത്യാവശ്യ ഘട്ടങ്ങളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത അടിയന്തര സാഹചര്യം ആണെങ്കിൽ മാത്രം G.O. (Rt)No. 30/PWD/2018 dated 5-1-2018 പ്രകാരം അനുമതി നൽകാറുണ്ട്.

(ബി) സ്വീകരിക്കും.

(സി) പൈപ്പ് ലൈനുകളും കേബിളുകളും സ്ഥാപിച്ച ശേഷം യൂട്ടിലിറ്റി ഏജൻസിയുടെ പക്കൽ നിന്ന് സൈറ്റ് കൈമാറി കിട്ടിയാൽ ഉടൻ റീടാറിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ആയതിലേയ്ക്ക് നിശ്ചിത സമയം പൊതുവായി അംഗീകരിച്ചിട്ടില്ല.

(ഡി) സ്വീകരിക്കുന്നതാണ്. റോഡിലൂടെ പൈപ്പും കേബിളും സ്ഥാപിക്കുന്ന കുഴി എടുക്കുമ്പോൾ ആ പ്രദേശത്തെ പൊതുമരാമത്ത് വകുപ്പിന്റെ സ്റ്റാഫുകളുടെ സാന്നിദ്ധ്യവും മേൽനോട്ടവും ഉറപ്പുവരുത്താറുണ്ട്. എന്നാൽ പൊതുമരാമത്ത് ഉദ്യോഗസ്ഥരറിയാതെ അവിദഗ്ദ്ധരായ തൊഴിലാളികളെക്കൊണ്ട് റോഡ് വെട്ടിപ്പൊളിക്കാൻ അർദ്ധരാത്രി സമയം തെരഞ്ഞെടുത്ത് Highway protection Act, PWD Manual, Road Safety Act, MoRTH Specification, CRPC, IPC എന്നിവയെല്ലാം ലംഘിച്ചാണ് വാട്ടർ അതോറിറ്റി കരാറുകാർ പലപ്പോഴും ഇതുചെയ്യാറുള്ളത്. നടപടി എടുത്താൽ പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് എതിരാണെന്ന് പറയും. നിയമം പാലിക്കാതെ PWD-യെ കുറ്റപ്പെടുത്തുന്ന പ്രവണത കുറ്റം ചെയ്യുന്നവരിൽ വർദ്ധിക്കുന്നു. സർക്കാർ ഉത്തരവുകൾ പാലിച്ചുവേണം റോഡ് കുഴിക്കൽ നടത്താൻ.

**റോഡുകളുടെ നിർമ്മാണത്തിലെ അപാകത**

14 (2858) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പുനർനിർമ്മാണം നടത്തുമ്പോൾ ടാർ ചെയ്ത റോഡിന്റെ സൈഡ് മണ്ണിട്ട് നിറയ്ക്കുകയോ കോൺക്രീറ്റ് നടത്തുകയോ ചെയ്യാതെ പണി അവസാനിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, സൈഡ് ഫില്ലിംഗ് ഉൾപ്പെടുത്താതെ തയ്യാറാക്കാറുണ്ടോ; വിശദീകരിക്കുമോ;

(സി) ഇതുമൂലം റോഡ് അപകടങ്ങൾ വർദ്ധിക്കുകയും വേഗത്തിൽ റോഡ് നശിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുമരാമത്ത് നിരത്ത്, ദേശീയപാത, RICK തുടങ്ങിയ വിഭാഗങ്ങളുടെ പരിധിയിൽ ബി.എം., ബി.സി നിലവാരത്തിൽ റോഡുകൾ പുനർ നിർമ്മാണം നടത്തുമ്പോൾ ടാർ ചെയ്ത റോഡിന്റെ സൈഡ് മണ്ണിട്ട് നിറയ്ക്കുകയോ, കോൺക്രീറ്റ് നടത്തുകയോ ചെയ്യാറുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കിയ തിരുവനന്തപുരം നഗരപാതാ വികസന പദ്ധതി, കോഴിക്കോട് നഗരപാതാ വികസ പദ്ധതി എന്നിവിടങ്ങളിലെ റോഡിന്റെ വശങ്ങളിൽ ടൈൽ പാകിയിട്ടുള്ളതും ടൈൽ പാകാത്തിടങ്ങളിൽ പുൽ പാകിയിട്ടുള്ളതുമാണ്. ടി റോഡുകൾ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പരിപാലനം നടത്തിവരുന്നു.

(ബി&സി) പൊതുമരാമത്ത് നിരത്ത് വിഭാഗം ഓരോ പ്രവൃത്തിയുടെയും സൈറ്റിലെ ആവശ്യകത പരിഗണിച്ച് പ്രവൃത്തിയിൽ സൈഡ്ഫില്ലിംഗ് ഉൾപ്പെടുത്താറുണ്ട്, മറ്റ് വിഭാഗങ്ങളിൽ റോഡ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റുകൾ സൈഡ് ഫില്ലിംഗ് ഉൾപ്പെടുത്തിയാണ് തയ്യാറാക്കുന്നത്.

നിരത്ത് വിഭാഗത്തിൽ പുനർനിർമ്മാണം നടത്തിയ റോഡുകളിൽ ആവശ്യമുള്ള ഇടങ്ങളിൽ ഷോൾഡർ ഫില്ലിംഗ് നടപ്പിലാക്കാറുണ്ട്. മഴക്കാലത്ത് ചരിഞ്ഞ പ്രദേശങ്ങളിലൂടെയുള്ള റോഡുകളുടെ ഷോൾഡറുകൾ വെള്ളത്തിന്റെ കുത്തൊഴുക്കിൽ ഒഴുകി പോകാറുണ്ട്. ഇത് അപകട സാധ്യതയും റോഡ് പ്രതലത്തിന് തകരാറുകൾ സംഭവിക്കുന്നതിനും കാരണമാകാറുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ആവശ്യമായ റിപ്പയർ പ്രവൃത്തികൾ നടത്തി ഇത് പരിഹരിച്ച് വരുന്നുണ്ട്.

സംസ്ഥാന സർക്കാർ ഉത്തരവ് നം. GO (Rt).527/18/PWD തീയതി 26-3-2018 പ്രകാരം പൊതുമരാമത്ത് റോഡുകൾ നിർമ്മിക്കുമ്പോൾ പ്ലാസ്റ്റിക്, NRMB, ജിയോടെക്സ്റ്റയിൽസ് സോയിൽ സ്റ്റെബിലൈസേഷൻ മെത്തേഡ്സ് ഇവ ഉപയോഗിച്ചുകൊണ്ടുള്ള ആധുനിക രീതികൾ അവലംബിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തികളിൽ നൂതന രീതികളും ആധുനിക സാങ്കേതിക വിദ്യകളും യന്ത്രങ്ങളും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും അവലംബിച്ച് ഗുണമേന്മയും ഈടുറ്റതുമായ നിർമ്മിതികൾ ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## അശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്ന ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ

15 (2859) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുറോഡിൽ വിവിധ സംഘടനകൾ അശാസ്ത്രീയമായ രീതിയിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് ഗതാഗതക്കുരുക്ക് ഉണ്ടാക്കുന്നുവെന്നത് വസ്തുതയാണെന്ന് കരുതുന്നുണ്ടോ;

(ബി) സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുറോഡിൽ വിവിധ സംഘടനകൾ അശാസ്ത്രീയമായ രീതിയിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് ഗതാഗതക്കുരുക്ക് ഉണ്ടാക്കുന്നുവെന്നത് വസ്തുതയാണെന്ന് കരുതുന്നുണ്ട്.

(ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16/പൊ.ഭ.വ തീയതി 3-9-2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുമതിയോ ഇല്ലാതെ മറ്റ് വകുപ്പുകളും ഏജൻസികളും റോഡുകളുടെ ഉപരിതലത്തിന് കേടുപാടുകൾ വരുത്തുക, പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുക, ഇപ്രകാരം കുഴിച്ച റോഡുകൾ ശരിയായ രീതിയിൽ പുനർനിർമ്മിക്കാതിരിക്കുക, റോഡുകൾ കയ്യേറുക, രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും അംഗീകാരമില്ലാതെ പരസ്യ ബോർഡുകളും ഫ്ലക്സുകളും മറ്റും സ്ഥാപിക്കുക, റോഡിലേക്ക് മലിനജലം ഒഴുക്കിവിടുക, റോഡിലെ വെള്ളം ഒഴുകിപോകുന്നതിന് തടസ്സം സൃഷ്ടിക്കുക, നിർമ്മാണ സാമഗ്രികൾ റോഡുകളിൽ സ്റ്റോക്ക് ചെയ്യുക മുതലായ പ്രവൃത്തികളിലൂടെ റോഡിന്റെ പരിപാലനത്തിനും റോഡിലൂടെയുള്ള സുരക്ഷിതമായ ഗതാഗതത്തിനും തടസ്സം സൃഷ്ടിച്ച്, നടപ്പാതകൾക്ക് നാശ നഷ്ടം വരുത്തിയും നടപ്പാതയിലെ സുഗമമായ കാൽനടയാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാതല

അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്ക് എതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കാവുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്.

നടപടികൾ എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതിന്റെ ഫലമായി റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ അത്തരത്തിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിന് കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി നാഷണൽ ഹൈവേയുടെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റി ആയി എക്സിക്യൂട്ടീവ് എഞ്ചിനീയർ (നാഷണൽ ഹൈവേ) നെയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റി ആയി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ&ബി) യെയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ.4) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്.

**മലയോര ഹൈവേയുടെ നിർമ്മാണം**

16 (2860) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതുസംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) 1267 കിലോമീറ്റർ ദൂരം വരുന്ന പ്രസ്തുത ഹൈവേയുടെ എത്ര കിലോമീറ്റർ റോഡാണ് ഇതിനകം പൂർത്തിയാക്കിയിട്ടുള്ളത്;

(സി) ഇതിനായുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്നും പതിമൂന്ന് ജില്ലകളിലായി എത്ര ഏക്കർ സ്ഥലമാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സർക്കാർ ഉത്തരവ് G.O.(Rt) No. 942/2017/PWD തീയതി 10-7-2017 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് In Principle Administrative Sanction നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലൂടെയും കടന്നുപോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 25 റീച്ചുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം- 4, കൊല്ലം- 1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ-1, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കാസർഗോഡ്-4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഫണ്ട് അനുവദിച്ച റീച്ചുകളുടെ മൊത്തം നീളം 460.599 കി.മീ. ആണ്. തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം ജില്ലയിലെ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ പ്രവൃത്തികളും ഉൾപ്പെടെ 6 പ്രവൃത്തികൾ ആരംഭിച്ചു. മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്ക് വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മലയോര ഹൈവേ നിർമ്മാണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

(ബി) 2017-18 ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച പ്രകാരം ആരംഭിച്ച ഹിൽ ഹൈവേയുടെ പ്രവൃത്തികൾ തിരുവനന്തപുരം ജില്ലയിലും കൊല്ലം ജില്ലയിലും കാസർഗോഡ് ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായിട്ടില്ല. കണ്ണൂർ ജില്ലയിൽ ഡി.എഫ്.ഐ.പി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള മലയോര ഹൈവേയുടെ ചെറുപുഴ (0/000) മുതൽ അരങ്ങം (18/331) വരെയും കരുവഞ്ചാൽ (22/570) മുതൽ പുറഞ്ഞാൺ (36/500) വരെയും പയ്യാവൂർ (45/607)മുതൽ ഉളിക്കൽ (58/225)വരെയും കൂമൻതോട് (60/538)മുതൽ വള്ളിത്തോട് (64/839)വരെയും ഉള്ള 49.135 കി.മീ ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ 47 കി.മീ ഡി.ബി.എം പൂർത്തിയായി. 4 കി.മീ. ഭാഗത്തെ ബി.സി. പൂർത്തിയായി. കൂടാതെ

അരങ്ങം മുതൽ കരുവഞ്ചാൽ വരെയും പുറഞ്ഞാൺ മുതൽ പയ്യാവൂർ വരെയും ഉളിക്കൽ മുതൽ കുമൺതോട് വരെയും വള്ളിത്തോട് മുതൽ എട്ടൂർ കാരപ്പറമ്പ് വരെയും എട്ടൂർ കാരപ്പറമ്പ് മുതൽ മണത്തണ വരെയും മണത്തണ മുതൽ അമ്പായത്തോട് വരെയും ഉള്ള മലയോരഹൈവേ ഭാഗം വിവിധ ബഡ്ജറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 12 മീറ്റർ വീതിയിലാണ് മലയോരഹൈവേ നിർമ്മിക്കുന്നത്. ഇതിന് ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി മലയോരഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മലയോര ഹൈവേക്കു വേണ്ടി വില നൽകി ഭൂമി ഏറ്റെടുക്കുന്നില്ല. 12 മീറ്ററിൽ കുറവുള്ള സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.മാരാണ് സൗജന്യമായി ഭൂമി ലഭ്യമാക്കാമെന്ന് വാഗ്ദാനം നൽകിയിരിക്കുന്നത്.

## പാലങ്ങളുടെ ബലക്ഷമത

17 (2861) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലങ്ങളുടെ ബലക്ഷമത സംബന്ധിച്ച പരിശോധന പൂർത്തിയായിട്ടുണ്ടോ; എത്ര പാലങ്ങൾ അപകടത്തിലാണ്; ബലപ്പെടുത്തേണ്ട പാലങ്ങൾ എത്രയുണ്ട്;വിശദമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ പാലങ്ങളാണ് പുതുക്കിപ്പണിയുന്നതിനും ബലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളത്; കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്നത് എപ്പോൾ പൂർത്തിയാക്കാൻ കഴിയും; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പാലങ്ങളുടെ ആദ്യവട്ട ബലക്ഷമത പരിശോധന പൂർത്തീകരിച്ചു. അതനുസരിച്ച് 162 പാലങ്ങൾ പുതുക്കി പണിയേണ്ടവയും 208 പാലങ്ങൾക്ക് പുനരുദ്ധാരണമോ പുനർ നിർമ്മാണമോ ആവശ്യമായവയും ആണ്. 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തെത്തുടർന്നുള്ള പരിശോധന പ്രകാരം 54 പാലങ്ങൾ കൂടി പുനർ നിർമ്മിക്കേണ്ടതാണ്.

(ബി) കണ്ണൂർ ജില്ലയിൽ 26 പാലങ്ങൾ പുതുക്കി പണിയേണ്ടവയാണ്. (പുതുക്കി പണിയേണ്ട പാലങ്ങളിൽ ഇരിനാവ് പാലത്തിനും പഴയങ്ങാടി പാലത്തിനും ഭരണാനുമതി ലഭ്യമായി പ്രവൃത്തി നടന്നുവരുന്നു. മറ്റ് പാലങ്ങൾക്ക്

ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു) പരിശോധന പ്രകാരം 12 പാലങ്ങൾ ബലപ്പെടുത്തേണ്ടവയാണ്. 12 പാലങ്ങളിൽ കരിമ്പം, ചപ്പരക്കടവ്, ഇരിക്കൂർ എന്നീ മൂന്ന് പാലങ്ങൾ ബലപ്പെടുത്തി കഴിഞ്ഞു. ബലപ്പെടുത്തേണ്ട പാലങ്ങളിൽ പഴയങ്ങാടി പാലത്തിന്റെ പ്രവൃത്തി കെ.എസ്.റ്റി.പി ആരംഭിച്ചിട്ടുണ്ട്. രാമപുരം പാലത്തിന് സമാന്തരമായി ഒരു പുതിയ പാലം കെ.എസ്.റ്റി.പി. നിർമ്മിക്കുന്നുണ്ട്. പഴയ രാമപുരം പാലം ബലപ്പെടുത്തേണ്ടതായിട്ടുണ്ട്. പാലപ്പുഴ, പെരിങ്ങത്തൂർ, ചേട്ടക്കണ്ടി, നെല്ലിക്കപ്പാലം, പുച്ചേഡുക്കൽ, കണ്ണപുരം, പുന്നക്കടവ് എന്നീ 7 പാലങ്ങൾ ബലപ്പെടുത്തേണ്ടതുണ്ട്. ഇവയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

**അപകടാവസ്ഥയിലായ പാലങ്ങൾ**

18 (2862) <u>ശ്രീ. വി. ഡി. സതീശൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള അപകടാവസ്ഥയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ പ്രളയത്തിൽ എത്ര പാലങ്ങൾക്ക് നാശനഷ്ടമുണ്ടായെന്നും അവ പുനർനിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചയുണ്ടാകുന്നത് മൂലമാണ് പാലങ്ങളുടെ ബലക്ഷയമുണ്ടാകുന്നതെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലുണ്ടാകുന്ന വീഴ്ചയുടെ പൂർണ്ണ ഉത്തരവാദിത്വം അവരിൽ നിക്ഷിപ്തമാക്കുവാനും നഷ്ടപരിഹാരം അവരിൽ നിന്നും ഈടാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിലുള്ള പാലങ്ങളുടെ നിജസ്ഥിതി ആദ്യഘട്ട പരിശോധന നടത്തിയതിൽ പരിശോധിച്ച 2529 പാലങ്ങളിൽ 370 പാലങ്ങൾക്ക് പുനർനിർമ്മാണം/പുനരുദ്ധാരണം ആവശ്യമാണെന്ന് കണ്ടെത്തിയിരുന്നു. പരിശോധന റിപ്പോർട്ട് പ്രകാരം 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും, 208 പാലങ്ങൾക്ക് പുനരുദ്ധാരണമോ പുനർനിർമ്മാണമോ (ഹെവി മെയിന്റനൻസ്) വേണ്ടി വരുമെന്ന്

കണ്ടെത്തിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിന് ശേഷമുള്ള രണ്ടാംഘട്ട പരിശോധനയിൽ 54 പാലങ്ങൾ കൂടി പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ ഗുരുതരമായ കേടുപാടുകൾ സംഭവിച്ച പെരിയവാര പാലത്തിന്റെ പുനർനിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

പുനർനിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 20 പാലങ്ങളുടെ പ്രവൃത്തികൾക്ക് ബഡ്ജറ്റിലും 18 പാലങ്ങളുടെ പ്രവൃത്തികൾക്ക് കിഫ്ബി മുഖേനയും നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള പുനർനിർമ്മാണം ആവശ്യമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/പരിശോധന നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ പ്രവൃത്തികളുടെ ഭാഗമായി പാലത്തിന്റെ പിയറുകളുടെയും അബറ്റ്മെന്റുകളുടെയും ചുറ്റും അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങൾ നീക്കുന്നതും അറ്റകുറ്റപ്പണികളും ത്വരിതഗതിയിൽ നടന്നുവരുന്നു. മഴക്കാലത്തിനുമുമ്പായി പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ സാധിക്കും. ഇതുകൂടാതെ പ്രളയ പ്രതിരോധത്തിനുള്ള പ്രവൃത്തികളുടെ നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് ചെയ്തു തീർക്കാൻ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കഴിഞ്ഞ പ്രളയത്തിൽ നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പാലങ്ങളുടെ സ്ഥാനങ്ങളിൽ സംഭവിച്ച ഏറ്റവും ഉയർന്ന ജലനിരപ്പ് അടയാളപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ രൂപകൽപ്പന ചെയ്യുന്നതിനും/ പുനർ രൂപകൽപന ചെയ്യുന്നതിനും ഡിസൈൻ വിഭാഗത്തിന് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുകയും ചെയ്തുവരുന്നു. പ്രളയത്തെ പ്രതിരോധിക്കാനുള്ള പുതിയ നിർമ്മാണരീതികൾ അവലംബിച്ചുകൊണ്ടാണ് പുതിയ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കി വരുന്നത്. പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ലാന്റ് സ്പാനുകൾ കൂടി കൊടുത്തുകൊണ്ട് എംബാങ്ക്മെന്റ് അധികം ഉയർത്താതെയും നീരൊഴുക്ക് തടയാതെയുമാണ് നിർമ്മാണ പ്രവൃത്തികൾ ചെയ്തുവരുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തടസ്സം വരുന്നതും ഇടുങ്ങിയതും നീരൊഴുക്കിന് തടസ്സം ഉണ്ടാക്കുന്നതുമായ ബോക്സ് കൾവെട്ടറുകൾ പുതുക്കി പണിയേണ്ടവ പുതുക്കി പണിയാനും ഉയർത്തേണ്ടവ ഉയർത്തുവാനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയത്തിൽ തകർന്ന പാലങ്ങളുടെ പുനർനിർമ്മാണത്തിനായി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള നടപടികളാണ് പൊതുമരാമത്ത് വകുപ്പ് നടപ്പാക്കി വരുന്നത്. ദുരന്ത നിവാരണ ഫണ്ടിൽ നിന്നും പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 1.85 കോടി രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. അതിൽ 1.81 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്. വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെയും

പാലങ്ങളുടെയും പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പ്ലാൻ, നോൺ പ്ലാൻ ഹെഡിൽ നിന്നും 1400 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ പാലങ്ങൾ വിഭാഗത്തിന് 31.03 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്.

(ബി) ഏനാത്ത് പാലത്തിലുണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുള്ള പാലങ്ങളുടെ സർവ്വേ എടുക്കുകയും അതിൽ 162 പാലങ്ങൾക്ക് പുനർ നിർമ്മാണം വേണമെന്നും 208 പാലങ്ങൾക്ക് പുനർനിർമ്മാണം/ പുനരുദ്ധാരണം വേണമെന്നും കണ്ടെത്തിയിരുന്നു. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിന് ശേഷമുള്ള പരിശോധനയിൽ 54 പാലങ്ങൾകൂടി പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 127 പാലങ്ങൾക്ക് അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടെന്നും കണ്ടെത്തിയിരുന്നു.

പ്രളയത്തിൽ തകർന്ന പാലങ്ങൾക്കായി കിഫ്ബി മുഖാന്തിരം ധനസഹായം ലഭിച്ചിട്ടില്ല. ഹിൽ ഹൈവേ പദ്ധതിയിൽ വരുന്ന പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച പാലങ്ങൾ കിഫ്ബിയുടെ ധനസഹായത്തോടെ ഹിൽ ഹൈവേ പ്രോജക്ടിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## ദേശീയപാതാ വികസന ചെലവ്

19 (2863) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിൽ കേന്ദ്രം സംസ്ഥാനത്തോട് വിവേചനം കാണിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കാമോ;

(ബി) ദേശീയപാത വികസനത്തിന് മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ ചെലവ് കൂടുതലാണെന്ന് കേന്ദ്ര റോഡ് ഉപരിതലഗതാഗത മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം എത്ര കിലോമീറ്റർ നാലുവരിപ്പാതയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അതുമാറ്റാനുള്ള നടപടികൾ കേരള സർക്കാരും പി.ഡബ്ല്യു.ഡി.-യും എടുത്തുവരുന്നു. ഏറ്റവും ഒടുവിൽ 15-6-2019-ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുമായി ഡൽഹിയിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. ജി. സുധാകരൻ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവർ ചർച്ച നടത്തി രണ്ടു വിഭാഗങ്ങളുമായി മുൻഗണനാ പട്ടിക നിശ്ചയിച്ച ദേശീയപാത വികസനം തടസ്സപ്പെടുന്ന സ്ഥിതി മാറ്റാനുള്ള നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ വില മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് ഉൾപ്പെടെ നിർമ്മാണ ചെലവ് കിലോമീറ്ററിന് 45 കോടി രൂപയോ അതിൽ കൂടുതലോ ആകും. എന്നാൽ കേന്ദ്ര സർക്കാർ സ്ഥലത്തിനുള്ള വില കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല.

(സി & ഡി) ബന്ധപ്പെട്ട അധികാരികളിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമാണ് ദേശീയപാതാ വികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കുന്നത്. ടെണ്ടർ നടപടി സ്വീകരിച്ച കോഴിക്കോട് ബൈപ്പാസ് റീച്ച് പോലും കരാർ കമ്പനിയുടെ സാമ്പത്തിക പ്രശ്നംമൂലം തടസ്സപ്പെട്ടിരിക്കുന്നു. കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ കാലിക്കടവ് വരെയുള്ള ഭാഗത്തെ ടെണ്ടർ നടപടിക്കുള്ള അംഗീകാരത്തിനായി MORTH/NHAI യിൽ നൽകിയിട്ടുണ്ടെങ്കിലും ഒരു വർഷത്തിലധികമായി തീരുമാനമാകാതെ കിടക്കുകയാണ്. ഈ സമീപനത്തിൽ മാറ്റം വരുത്താനുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിവരികയാണ്.

**ദേശീയപാത വികസനം**

20 (2864) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല്പത്തിയഞ്ച് മീറ്റർ വീതി ഇല്ലാത്തതുകാരണം സംസ്ഥാനത്തെ ഏതെങ്കിലും ദേശീയപാതകൾ സംസ്ഥാന പാതകളാക്കി മാറ്റേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ എന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം വീതി ഇല്ലാത്ത കേരളത്തിലെ നിലവിലെ ദേശിയപാതകൾ സംസ്ഥാനപാതകളാക്കി മാറ്റേണ്ടിവന്നാൽ സംസ്ഥാന സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ ദേശീയപാതാവികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 45 മീറ്റർ വീതി ഇല്ലാത്തതു കാരണം സംസ്ഥാനത്തെ ദേശീയപാതകൾ ഒന്നും തന്നെ സംസ്ഥാന പാതകളാക്കി മാറ്റേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(സി) സ്വീകരിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു ഉദ്യോഗസ്ഥ വൃന്ദങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും, 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടതിലാണ്. സംസ്ഥാനത്തെ ദേശീയപാത വികസനം മുൻഗണനാപട്ടികയിൽ High Priority 1ൽ കൊണ്ടുവരുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി വിഷയം MPs Conference അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ദേശീയപാത വികസനത്തിൽ സംസ്ഥാനത്തോടുള്ള അവഗണന**

21 (2865) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തോട് അവഗണന കാണിക്കുന്നതായും അത് രാഷ്ട്രീയപ്രേരിതമാണെന്നും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ദേശീയപാത വികസനത്തിൽ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളുടെ ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) 2019 മേയ് രണ്ടാം തീയതി വരെ സ്ഥലം ഏറ്റെടുത്തതിന്റെ വിശദവിവരങ്ങൾ നാഷണൽ ഹൈവേ അതോറിറ്റിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലെ ജോലി തുടരുന്നത് പരിഗണിക്കാമെന്ന് അതോറിറ്റി അറിയിച്ചിട്ടുണ്ടോ;

(ഡി) ഇതുപ്രകാരം ഏറ്റെടുത്ത സ്ഥലം സംബന്ധിച്ച വിശദാംശം നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ;

(ഇ) ദേശീയപാത വികസന അതോറിറ്റി ഇറക്കിയ സംസ്ഥാനത്തെ ദേശീയപാത നിർമ്മാണം സംബന്ധിച്ച ഭേദഗതി ഉത്തരവ് അവ്യക്തമാണോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വ്യക്തത ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ ലഭിച്ച മറുപടി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ദേശീയപാത അതോറിറ്റിയുടെ 2-5-2019-ലെ NHAI/OSD to Chairman.../04/2019 കത്ത് പ്രകാരം ഭാരത്മാല പരിയോജനയിൽ ഉൾപ്പെട്ട ദേശീയപാതാ വികസനത്തെ മുൻഗണനാക്രമം നിശ്ചയിച്ച് രണ്ട് വിഭാഗങ്ങളാക്കിയതായും രണ്ടാം വിഭാഗത്തിൽ ഉൾപ്പെട്ടവയുടെ ലാന്റ് അക്വിസിഷൻ നടപടികൾ നിർത്തിവയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. കേരളത്തിൽ കാസർഗോഡ് ജില്ലയിലെ രണ്ട് റീച്ചുകൾ ഒഴികെ ഭൂമിയെടുപ്പ് പുരോഗതിയിലുള്ള എല്ലാ റീച്ചുകളും രണ്ടാം മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയതായാണ് എൻ.എച്ച്.എ.ഐ.-യും അറിയിച്ചത്.

(ബി&സി) രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളുടെ ഏറ്റെടുക്കൽ നടപടികൾ അനുബന്ധമായി ചേർക്കുന്നു.* രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളുടെ ജോലി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുന്നതായിരിക്കും.

(ഡി) വിശദാംശങ്ങൾ ഭൂമിരാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്.

(ഇ) മുൻഗണനാക്രമത്തിൽ മാറ്റം വരുത്തിയ വിവരം അറിഞ്ഞ ഉടൻ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും തീരുമാനം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി കത്തയയ്ക്കുകയും ചെയ്തു. വകുപ്പ് സെക്രട്ടറിയെ ഡൽഹിയിൽ അയച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയും ചെയ്തു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ മുൻ നിർദ്ദേശത്തിൽ ചെറിയ ഭേദഗതി മാത്രമാണ് NHAI വരുത്തിയത്. ലാന്റ് അക്വിസിഷൻ ഉപേക്ഷിച്ചതായി കണക്കാക്കേണ്ടതില്ലെന്നും, ഭൂമിയെടുപ്പിന്റെ പുരോഗതി അറിയിക്കുന്നതനുസരിച്ച് NHAI ഹെഡ്ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനനുസരിച്ച് തുടരാമെന്നുമാണ് അവരുടെ റീജിയണൽ ഓഫീസർമാരെ അറിയിച്ചിട്ടുള്ളത്. നിലവിൽ അവർ നിശ്ചയിച്ച മുൻഗണനാ ലിസ്റ്റിൽ യാതൊരു മാറ്റവും വരുത്തിയതായി സംസ്ഥാന സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും വീണ്ടും കേന്ദ്രമന്ത്രിക്കും NHAI-യ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയപാത വികസന നടപടികൾ നീണ്ടുപോകുന്ന സാഹചര്യം

22 (2866) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനത്തിന്റെ നടപടികൾ നീണ്ടു പോകുന്ന സാഹചര്യത്തിൽ പദ്ധതി നഷ്ടപ്പെട്ടുപോകുമെന്ന ആശങ്ക എങ്ങനെ വിലയിരുത്തുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയപാത വികസനത്തിന് മനഃപൂർവ്വം കാലതാമസം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2019 ജൂൺ 28-ന് മുമ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പാതയ്ക്കാവശ്യമായ സ്ഥലം നിർണ്ണയിച്ച് സർവ്വേ നമ്പറുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കേന്ദ്രത്തിന് കൈമാറാനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ നിലനിൽക്കുന്നു; സ്റ്റേ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ശ്രീകാര്യം മേൽപ്പാലം സംബന്ധിച്ച് ശ്രീകാര്യം മുസ്ലീം പള്ളി കമ്മിറ്റിയുമായി ഉണ്ടായിരുന്ന തർക്കവും തുടർന്നുണ്ടായ സ്റ്റേയും പരിഹരിക്കുന്നതിന് കളക്ടറുടെ ഹിയറിംഗ് കഴിഞ്ഞോയെന്നും സ്റ്റേ വെക്കേറ്റ് ചെയ്തോയെന്നും അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനം നിയമപരമായി ചെയ്യേണ്ടതെല്ലാം ചെയ്തിട്ടും കേന്ദ്രം തടസ്സം നിൽക്കുകയാണ്. ഏതായാലും പദ്ധതി നഷ്ടപ്പെടാൻ സമ്മതിക്കില്ല. 15-06-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പുസെക്രട്ടറി എന്നിവർ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി ചർച്ച നടത്തി തടസ്സം നീക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സർക്കാരാണ് മനഃപൂർവ്വം തടസ്സം ഉണ്ടാക്കിയത്. കഴിഞ്ഞ 3 വർഷം സംസ്ഥാനം ചരിത്ര വേഗത്തിലാണ് കാര്യങ്ങൾ നീക്കിയത്.

(സി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുത്തതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *(ദേശീയപാത വികസനം 2019 ഏപ്രിൽ വരെയുള്ള സ്ഥലമെടുപ്പിന്റെ പുരോഗതി)

(ഡി&ഇ) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ മേൽപ്പാലനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

ശ്രീകാര്യം മേൽപ്പാലം

ശ്രീകാര്യം മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടിയിൽ സാമൂഹിക ആഘാത പഠനം നടത്തിയ Centre for Advanced Research in Human Behaviour (CARB) എന്ന സ്ഥാപനം അന്തിമ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്മേൽ വിദഗ്ദ്ധ പരിശോധന നടത്തി എക്സ്പെർട്ട് ഗ്രൂപ്പ് 19-6-2018-ന് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്റെയും വിദഗ്ദ്ധ സമിതി ശിപാർശയുടെയും അടിസ്ഥാനത്തിൽ ടി പൊന്നുംവില നടപടിക്ക് അനുമതി നൽകിക്കൊണ്ട് സമുചിത ഗവൺമെന്റ് ഉത്തരവായിട്ടുള്ളതും എൽ.എ.ആർ. ആക്ട് 2013 അനുസരിച്ചുള്ള 11(1) നോട്ടിഫിക്കേഷൻ 3-12-2018-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. ടി പൊന്നുംവില നടപടിയുടെ ഭാഗമായുള്ള സർവെ നടപടികൾ നടന്നുവരുന്നു.

ഉള്ളൂർ മേൽപ്പാലം

ഉള്ളൂർ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 0.5638 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പൊന്നുംവില നടപടിയിൽ സാമൂഹിക ആഘാത പഠനം നടത്തിയ Institution For Rural Development (IRD) സ്ഥാപനം അന്തിമ റിപ്പോർട്ട് ലഭ്യമാക്കുകയും ആയത് വിലയിരുത്തുന്നതിലേക്കായി എക്സ്പെർട്ട് ഗ്രൂപ്പിന് കൈമാറിയിട്ടുള്ളതുമാണ്.

പട്ടം മേൽപ്പാലം

പട്ടം മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 0.3133 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള അർത്ഥന ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സാമൂഹികാഘാത പഠനം നടത്താനായി രാജഗിരി ഔട്ട് റീച്ച് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിക്കൊണ്ട് എൻ.എ.ആർ.ആർ. ആക്ട് 2013 അനുസരിച്ചുള്ള 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ടി സാമൂഹികാഘാത പഠനം നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീകാര്യം മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടിക്കെതിരെ ഡബ്ല്യു.പി.(സി) നമ്പർ 26756/2018, ഡബ്ല്യു.പി.(സി) നം. 2244/2019 എന്നീ രണ്ട് കേസ്സുകൾ ശ്രീകാര്യം മുസ്ലീം ജമാത്ത് ഫയൽ ചെയ്തിരുന്നു. ഇതിൽ ഡബ്ല്യു.പി.(സി) നമ്പർ 26756/2018 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21-8-2018-ലെ വിധിന്യായം നടപ്പിലാക്കി 7-11-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഡബ്ല്യു.പി.(സി) നമ്പർ 2244/2019 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25-01-2019-ലെ വിധിന്യായ പ്രകാരം ശ്രീകാര്യം ജമാത്തിന്റെ മാത്രം കൈവശമുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്ക് സ്റ്റേ നിലനിൽക്കുന്നുണ്ട്.

(എഫ്) ഡബ്ല്യു.പി.(സി) നമ്പർ 2244/2019 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25-1-2019-ലെ വിധിന്യായ പ്രകാരം 27-4-2019-ന് രാവിലെ 11 മണിക്ക് ശ്രീകാര്യം മുസ്ലീം ജമാത്ത് അധികാരികളെയും വഖഫ് ബോർഡ് അധികാരികളെയും നേരിൽ കേട്ടിരുന്നു. ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ടി കേസിലെ സ്റ്റേ ഇപ്പോഴും നിലനിൽക്കുന്നു.

**ദേശീയപാത 66 നാലുവരിയാക്കുന്ന പദ്ധതിക്കുള്ള തടസ്സങ്ങൾ**

23 (2867) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാത 66 നാലുവരിയാക്കുന്ന പദ്ധതിക്ക് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ പ്രസ്തുത തടസ്സം ഏത് തരത്തിൽ സംസ്ഥാനത്തെ റോഡ് വികസനത്തെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ നേരിടുന്ന തടസ്സങ്ങളെ ഏത് രീതിയിൽ മറികടക്കാനാണ് ശ്രമിക്കുന്നത്; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത അതോറിറ്റി 2-5-2019, 9-5-2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാത വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2 ലേയ്ക്ക് തരംതാഴ്ത്തിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള

പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരതുക വിതരണം ചെയ്യൽ/കെട്ടിവെക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തെ ദേശീയപാത നാലുവരിപ്പാതയാക്കാനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. സ്ഥലമെടുപ്പുമായി മുന്നോട്ട് പോകുന്നതിനുള്ള അംഗീകാരത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ റീജിയണൽ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര ചെലവ് ക്രമാതീതമായി കൂടുകയും ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ കൂടുതൽ സങ്കീർണ്ണമാകുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു.

(സി) മുൻഗണനാക്രമത്തിൽ വരുത്തിയ മാറ്റം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും കേരളത്തിലെ മുഴുവൻ റീച്ചുകളും High Priority-1ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രമന്ത്രിക്കും NHAI ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി കത്തയയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചെറിയ ഭേദഗതി മുൻ ഉത്തരവിൽ വരുത്തിയിട്ടുണ്ട്. High Priority- 2 ലെ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കേണ്ട എന്നും ഭൂമിയെടുപ്പിന്റെ പുരോഗതിക്കനുസരിച്ച് NHAI ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനു വിധേയമായി ഏറ്റെടുക്കുന്നകാര്യം തീരുമാനിക്കുമെന്നുമാണ് ഭേദഗതി എങ്കിലും Priority list-ൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി വിഷയം MPs Conference അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ പദ്ധതി

24 (2868) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കും മറ്റും ഉപകാരപ്രദമായ രീതിയിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഉപയോഗശൂന്യമായ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ മെച്ചപ്പെട്ട രീതിയിൽ നവീകരിക്കുവാനുള്ള നടപടികളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കും മറ്റും ഉപകാരപ്രദമാകുന്ന രീതിയിൽ നവീകരിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിന്റെ ഭാഗമായി പല കേന്ദ്രങ്ങളിലും പുതുതായി ബ്ലോക്കുകൾ പണിയുകയും നിലവിലുള്ളവയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ റസ്റ്റ് ഹൗസ് ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകി വരുന്നുണ്ട്. ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തിയിട്ടുണ്ട്. ക്യാന്റീൻ സൗകര്യം ഉള്ള കേന്ദ്രങ്ങളിലൊക്കെ അവ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിനു പുറമെ ജില്ലയിലെ തെരഞ്ഞെടുത്ത ഓരോ റസ്റ്റ് ഹൗസും മോഡൽ റസ്റ്റ് ഹൗസാക്കി നവീകരിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതിലേക്ക് 5.54 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റസ്റ്റ് ഹൗസുകളുടെ ബുക്കിംഗിനായി പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ റസ്റ്റ് ഹൗസുകളും ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ നവീകരണം**

25 (2869) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ നവീകരണത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ വാടകനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്ര ശതമാനമാണെന്നും പഴയ നിരക്ക്, പുതുക്കിയ നിരക്ക് എന്നിവ എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) വാടകനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ, വൃത്തി തുടങ്ങിയ കാര്യങ്ങളിൽ വിശ്രമ കേന്ദ്രങ്ങൾ ഇപ്പോഴും പഴയ സ്ഥിതിയിൽ തന്നെയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ നവീകരണമാണ് നടത്തിയത്; അവയ്ക്കോരോന്നിനും അനുവദിച്ച തുകയും ചെയ്ത പ്രവൃത്തികളും വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം വിശ്രമ കേന്ദ്രങ്ങളുടെ നവീകരണത്തിന് നിലവിൽ ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വിശ്രമ കേന്ദ്രങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും അവ കൃത്യമായി പരിപാലിക്കുന്നതിനും ആയത് ഉറപ്പുവരുത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി ഗസ്റ്റ് ഹൗസിന്റെ രീതിയിൽ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി നിലവിലെ ഉദ്യോഗസ്ഥർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകി കഴിഞ്ഞു. റസ്റ്റ് ഹൗസ് ബുക്കിംഗിന് ഓൺലൈൻ രജിസ്ട്രേഷനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റസ്റ്റ് ഹൗസ് ജീവനക്കാർക്ക് യൂണിഫോമുകൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ റസ്റ്റ് ഹൗസിന്റെ സേവനം കുറേക്കൂടി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മോഡൽ റസ്റ്റ് ഹൗസുകൾ ആക്കി മാറ്റാൻ പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്. റസ്റ്റ് ഹൗസിന്റെ മുറികളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റസ്റ്റ് ഹൗസുകളിൽ ചുറ്റുമതിൽ, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ക്യാന്റീൻ സൗകര്യമുള്ള റസ്റ്റ് ഹൗസിൽ മിതമായ നിരക്കിൽ രുചികരമായ ഭക്ഷണം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നിലവിൽ റസ്റ്റ് ഹൗസ് സൗകര്യമില്ലാത്ത സ്ഥലപ്രാധാന്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 24-8-2017-ലെ സ.ഉ. (അച്ചടി) നമ്പർ 4/2017/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങളിലെ വാടക നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ ശതമാനം, പഴയ നിരക്ക്, പുതിയ നിരക്ക് എന്നിവ അനുബന്ധം ആയി ചേർക്കുന്നു.*

(സി) വിശ്രമകേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ചും നവീകരണ പ്രവൃത്തികൾ നടത്തിയും മുറികളും പരിസരവും വൃത്തിയായി സൂക്ഷിച്ചും മെച്ചപ്പെട്ട രീതിയിൽ റസ്റ്റ് ഹൗസുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രങ്ങളിൽ നടത്തിയ നവീകരണ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം * ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) നിലവിൽ നവീകരണത്തിനായി ഭരണാനുമതി നൽകിയ റസ്റ്റ് ഹൗസുകളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് മേൽ വിശ്രമ കേന്ദ്രങ്ങളെ മോഡൽ വിശ്രമ കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതാണ്. 2019-20-ലെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി കൂടുതൽ വിശ്രമ കേന്ദ്രങ്ങളെ ഇതേ നിലവാരത്തിലേക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട നടപടികളും പുരോഗമിച്ചുവരുന്നുണ്ട്.

(എഫ്) സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും നേരിട്ട് പരിശോധന നടത്തി കാലോചിതമായ എല്ലാ നവീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. റസ്റ്റ് ഹൗസുകളിലെ മുറികളും പരിസരങ്ങളും വൃത്തിയാക്കി സൂക്ഷിക്കുവാൻ എല്ലാ റസ്റ്റ് ഹൗസുകളിലെയും മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## താമരശ്ശേരി ചുരത്തിന് സമാന്തരപാത നിർമ്മാണം

26 (2870) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരത്തിൽ മണ്ണിടിച്ചിൽമൂലം ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യത്തിൽ വയനാട് താമരശ്ശേരി ചുരത്തിന് സമാന്തരമായി ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി പാത നിർമ്മിക്കുന്ന പദ്ധതി ആലോചിക്കുന്നുണ്ടോ;

(ബി) ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി എന്ത് തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ; കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുള്ള തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ പാതയുടെ നിർമ്മാണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൊങ്കൺ റെയിൽവേ കോർപ്പറേഷനെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായുള്ള ചർച്ചകൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് നിയോഗിച്ചിട്ടുള്ളത്.

(സി&ഡി) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി റോഡിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക സാധ്യതാ പഠനത്തിൽ തുരങ്കപാതയാണ് ഉചിതമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തുരങ്കപാത നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യവും മുൻപരിചയവുമുള്ള കൊങ്കൺ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 12-2-2019-ലെ G.O. (Rt)No. 212/2019/PWD, 31-05-2019-ലെ G.O (Rt) No. 684/2019/PWD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനെ ഡി.പി.ആർ. തയ്യാറാക്കാനും പദ്ധതി നിർവ്വഹണത്തിനുമായുള്ള എസ്.പി.വി ആയി തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്. പദ്ധതിക്കായി ഏകദേശം 650 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി കൊങ്കൺ റെയിൽ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

## ഏകരൂൽ-കക്കയം-ഡാംസൈറ്റ് റോഡ് നവീകരണം

27 (2871) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രവും പവർ ഹൗസും ഉള്ള കക്കയത്തേക്ക് പോകുന്ന ഏകരൂൽ-കക്കയം-ഡാംസൈറ്റ് റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയംമൂലം തകർന്നുപൊയ കക്കയം ഡാംസൈറ്റ് റോഡിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) ഇ.കെ.ഡി. റോഡുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് (പി.എസ്.2) വകുപ്പിലുള്ള ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിയിക്കാമോ;

(ഡി) ഈ റോഡ് നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 20 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിരുന്ന പി.യു.കെ.സി റോഡ് പ്രവൃത്തിക്ക് പകരമായി ഏകരൂൽ-കക്കയം ഡാംസൈറ്റ് റോഡ് നവീകരണ പ്രവൃത്തിക്ക് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ PWD-PS2/384/2018-PWD നം. ഫയലിൽ പരിശോധിച്ചിരുന്നതും, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്നതിന് ലക്ഷ്യമിട്ട തുകയ്ക്കുള്ള പദ്ധതികൾ നിലവിൽ അനുവദിക്കപ്പെട്ടിരുന്നത് കൊണ്ട് പുതിയ പ്രവൃത്തികൾ അനുവദിക്കാൻ കഴിയുകയില്ല എന്ന വിവരം നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറെ അറിയിച്ച് പ്രസ്തുത ഫയൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

(ഡി) ഈ റോഡ് നവീകരിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## മങ്കട നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി

28 (2872) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ൽ മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ റോഡ്സ് വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ നിന്നും വിവിധ പദ്ധതികളിലൂടെ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രളയത്തിന്റെ ഭാഗമായി കേടുപാടുകൾ സംഭവിച്ച മണ്ഡലത്തിലെ റോഡുകളുടെ നവീകരണം പൂർത്തീയാക്കിയിട്ടുണ്ടോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു; പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മറുപടി അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണം

29 (2873) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ബൈപ്പാസുമായി ബന്ധപ്പെട്ട് അതിർത്തി കല്ലുകൾ സ്ഥാപിച്ച ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(സി) ബൈപ്പാസ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

### ഉത്തരം

(എ - സി) അങ്ങാടിപ്പുറം ഏഴുകണ്ണി പാലത്തിനുസമീപം വരുന്ന റെയിൽവേ ക്രോസിംഗ് ഭാഗത്തെ അലൈൻമെന്റ് മാർക്ക് ചെയ്തിട്ടുണ്ട്. തുടർന്ന് ROB നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പി&ഇ ചാർജ്ജ് അടവാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ സർവ്വേ ആരംഭഘട്ടത്തിലാണ്. റവന്യൂ വകുപ്പിൽ നിന്ന് അലൈൻമെന്റിലുള്ള സ്ഥലത്തിന് ഓരോ ഉടമസ്ഥനും നൽകേണ്ട തുക കണക്കാക്കി അറിയിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ROB യുടെ റെയിൽവേയുടെ മുകളിലുള്ള ഭാഗത്തിന്റെ പണികൾ റെയിൽവേ നേരിട്ട് ചെയ്യേണ്ടതാണ്. റെയിൽവേ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷം മാത്രമേ ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## കൊല്ലം ജില്ലയിലെ റോഡുകളുടെ നിർമ്മാണപ്രവൃത്തിയിലെ അപാകത

30 (2874) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന റോഡുകളുടെ പ്രവൃത്തിയെ സംബന്ധിച്ച് ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ നിർമ്മാണപ്രവർത്തനം നിർത്തിവയ്ക്കുവാൻ മന്ത്രിതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവർത്തനമാണ് ഇപ്രകാരം നിർത്തിവച്ചത്;

(സി) റോഡ് നിർമ്മാണത്തിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയത്;

(ഡി) ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊല്ലം ദേശീയപാതാ വിഭാഗത്തിന് കീഴിലുള്ള "CRF-2016-17-Improvements to Chengamanad Kadakkal Road (Km 0/000 to 15/000) in the State of Kerala " എന്ന പ്രവൃത്തി 28-5-2019-ന് നിർത്തിവയ്ക്കാനും പിന്നീട് 3-6-2019-ന് പുനരാരംഭിക്കുവാനും മന്ത്രിതലത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിരത്തു വിഭാഗത്തിനു കീഴിൽ കിഫ്ബി 2016-17 ൽ ഉൾപ്പെട്ട പാങ്ങോട്-കടയ്ക്കൽ-ചിങ്ങേലി-ചടയമംഗലം റോഡ് ശാസ്താംകോട്ട-കൊട്ടാരക്കര-നീലേശ്വരം കോർട്ട് കോംപ്ലക്സ് റോഡ് എന്നീ പദ്ധതികൾ താത്കാലികമായി നിർത്തിവയ്ക്കാനും പിന്നീട് പുനരാരംഭിക്കാനും നിർദ്ദേശം നൽകിയിരുന്നു.

(സി) റോഡ് പ്രവത്തികളിൽ ക്രമക്കേടുകളും കാലതാമസവും ഗുണനിലവാരക്കുറവും സംഭവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവും വീഴ്ചയുമാണ് ഇത്തരം ക്രമക്കേടുകൾക്ക് കാരണം.

(ഡി) ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

**പാലോട്-ബ്രൈമൂർ റോഡ് നിർമ്മാണത്തിലെ അപാകത**

31 (2875) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക രീതിയിൽ പണി പൂർത്തിയാക്കിയ പാലോട്-ബ്രൈമൂർ റോഡ് ഉദ്ഘാടനത്തിന് മുമ്പ് തന്നെ പൊട്ടിപ്പൊളിഞ്ഞു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയായിരുന്നു പ്രസ്തുത റോഡിന്റെ നിർമ്മാണ ചെലവ് എന്ന് വ്യക്തമാക്കുമോ;

(സി) കൊളച്ചൽ മുതൽ മങ്കയം വരെ അപകട മേഖലയായതും പലയിടത്തും റോഡ് ഇടിഞ്ഞ് താഴുകയും പാർശ്വഭിത്തികളും കൈവരികളും വേനൽ മഴയിൽ ഒലിച്ച് പോകുകയും ചെയ്തത് നിർമ്മാണത്തിലുണ്ടായ അപാകത കൊണ്ടാണോ;വ്യക്തമാക്കുമോ;

(ഡി) അശാസ്ത്രീയ റോഡ് നിർമ്മാണത്തിന് പിന്നിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രവൃത്തി പൂർത്തീകരണത്തിനുമുമ്പ് വേനൽമഴയിൽ പാർശ്വഭിത്തികൾക്കും കൈവരികൾക്കും വെള്ളം കുത്തി ഒലിച്ചതിനാൽ കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 45.69 കോടി രൂപ.

(സി&ഡി) വേനൽമഴയിൽ റോഡ് ഇടിഞ്ഞുതാഴുകയും പാർശ്വഭിത്തികളും കൈവരികളും ഒലിച്ചുപോയി എന്നുമുള്ള പത്രവാർത്തയിന്മേൽ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത തകരാറുകൾ സംഭവിച്ചത് പ്രവൃത്തിയിലെ അപാകതമൂലമല്ലായെന്നും, മറിച്ച് ടി ഭാഗത്തെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുമ്പ് കനത്ത മഴയിൽ വെള്ളം കുത്തിയൊലിച്ച് കേടുപാടുകൾ സംഭവിച്ചതാണെന്ന് ബോധ്യപ്പെടുകയും ടി ഭാഗങ്ങൾ കരാറുകാരന്റെ സ്വന്തം ചെലവിൽ പുനർ നിർമ്മിച്ച് പ്രവൃത്തി തുടരുകയും ചെയ്തിട്ടുണ്ട്.

**തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ്**

32 (2876) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡിനായി ജി. ഒ.(ആർ.ടി.) 83/2009 പി.ഡബ്ല്യൂ.ഡി. തീയതി 21-1-09 പ്രകാരം 580 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 580 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായ പ്രസ്തുത പ്രവൃത്തിയിൽ ഇനിയും 328 ലക്ഷം രൂപ ശേഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാഗീകമായി മാത്രം പ്രവൃത്തി നടത്തിയിട്ടുള്ള പ്രസ്തുത റോഡിന്റെ നിലവിലുള്ള ഭരണാനുമതി പുതുക്കി നല്കണമെന്ന് ആവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എൻജിനീയർ സർക്കാരിലേക്ക് നല്കിയ റിപ്പോർട്ടിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) കോതമംഗലം ടൗണിന്റെ ബൈപാസ് ആയി വിഭാവനം ചെയ്തിട്ടുള്ളതും, ഏറെ ടൂറിസം പ്രാധാന്യമർഹിക്കുന്നതുമായ പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂ ബൈപ്പാസിനും കുരുർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനുംകൂടി 580 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ കുരുർ പാലത്തിന് 240 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ബാക്കി തുക റോഡിന്റെ പ്രവത്തിക്കായുമാണ് സാങ്കേതികാനുമതി നൽകിയിരുന്നത്.

(ബി) ഉണ്ട്.

(സി) സർക്കാരിൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റോഡിന്റെ നിലവിലുള്ള ഭരണാനുമതി പുതുക്കി നൽകുന്നതിനായി വിശദമായ റിപ്പോർട്ടും പുതുക്കിയ എസ്റ്റിമേറ്റും സമർപ്പിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(ഡി) ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഠാണാവ്-ചന്തക്കുന്ന് റോഡ് പുനർനിർമ്മാണം**

33 (2877) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഠാണാവ്-ചന്തക്കുന്ന് റോഡ് പതിനാലു മീറ്റർ വീതിയിൽ പുനർനിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ടി പ്രവൃത്തിക്കുവേണ്ടി 11-2-2014-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപയും ഭൂമി ഏറ്റെടുക്കുന്നതിനായി 800 ലക്ഷം രൂപയും ഭരണാനുമതി നൽകി. 24-4-2014-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 300 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി വൈകിയതുമൂലം പ്രവൃത്തി നീണ്ടുപോകുകയും ലഭിച്ച ഭരണാനുമതി റദ്ദാവുകയും ചെയ്തു. റോഡ് 17 മീറ്റർ വീതിയിൽ പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**പൂഞ്ഞാർ മണ്ഡലത്തിലെ റോഡ് നവീകരണ പദ്ധതികൾ**

34 (2878) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ജി.ഒ(ആർ.റ്റി)No.942/2017/പി.ഡബ്ല്യൂ.ഡി.തീയതി 10-7-2017) അനുവദിച്ച അരുവിത്തുറ-ഭരണങ്ങാനം, വിലങ്ങുപാറ-തിടനാട്-പാറത്തോട്, ഈരാറ്റുപേട്ട-പൂഞ്ഞാർ-ചോറ്റി എന്നീ റോഡ് നവീകരണ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡുകൾക്ക് പത്ത് മീറ്റർ വീതി നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പത്ത് മീറ്റർ വീതി ലഭ്യമല്ലാത്ത റോഡുകൾക്ക് മറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) അരുവിത്തുറ-ഭരണങ്ങാനം റോഡിന്റെ ഡി.പി.ആർ സാമ്പത്തികാംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. വിലങ്ങുപാറ-പാറത്തോട്, ഈരാറ്റുപേട്ട-പൂഞ്ഞാർ റോഡ് എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(ബി) കിഫ്ബി മാനദണ്ഡങ്ങൾ അനുസരിച്ച് റോഡുകൾക്ക് 5.5 മീറ്റർ വീതിയിൽ ടാറിട്ട പാതയും, ഇരുവശത്തും 0.75 മീറ്റർ വീതിയിൽ പേവ്ഡ് ഷോൾഡറും (ie 0.75 m X 2), ഓടയും നടപ്പാതയും യൂട്ടിലിറ്റികൾക്കുമായി 1.5 മീറ്ററും (ie 1.5 m x 2) ഉൾപ്പെടെ കുറഞ്ഞത് 10 മീറ്റർ വീതി നിഷ്കർഷിച്ചിട്ടുണ്ട്.

(സി) 10 മീറ്റർ വീതി ലഭ്യമല്ലാത്ത പൊതുമരാമത്ത് റോഡുകൾക്ക് ബഡ്ജറ്റ് അലോക്കേഷൻ അനുസരിച്ച് തുക അനുവദിക്കാറുണ്ട്.

**മണലൂർ മണ്ഡലത്തിലെ കേച്ചേരി-മറ്റം റോഡ്**

35 (2879) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ കേച്ചേരി-മറ്റം റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.ടി) നമ്പർ 202/2019/പി.ഡബ്ല്യൂ.ഡി. തീയതി 11-2-2019 പ്രകാരം നബാർഡ് RIDF XXIV (2018-19) പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചമ്പാട്-കോപ്പാലം തലശ്ശേരി റോഡ് നിർമ്മാണം

36 (2880) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 -ലെ ബജറ്റിൽ പതിനഞ്ച് കോടി രൂപ അനുവദിച്ച് കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന തലശ്ശേരി നിയോജകമണ്ഡലത്തിലെ ചമ്പാട്-കോപ്പാലം തലശ്ശേരി റോഡ് നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് കിഫ്ബിയ്ക്ക് സമർപ്പിച്ചോ; ഇല്ലെങ്കിൽ ആയത് എപ്പോൾ സമർപ്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചമ്പാട്-കോപ്പാലം തലശ്ശേരി റോഡ് നിർമ്മണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

## തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ്

37 (2881) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തങ്കളം-കോഴിപ്പള്ളി ന്യൂ ബൈപാസ് റോഡിന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളതെന്നും ഇതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും നിലവിൽ എത്ര സ്ഥലം ഏറ്റെടുത്തുവെന്നും ഇനി എത്ര സ്ഥലം കൂടി ഏറ്റെടുക്കുവാൻ ഉണ്ടെന്നും വ്യക്തമാക്കാമോ; എന്നത്തേക്ക് സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ, തന്നെ കരാറിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്കായി 2019-20 വർഷത്തെ ബഡ്ജറ്റിൽ 20% തുക അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പ്രവൃത്തിയിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് പ്രവൃത്തിക്കും, കുരൂർ പാലത്തിന്റെ നിർമ്മാണത്തിനുമായി 21-1-2009-ലെ ജി.ഒ. (ആർ.ടി) 83/2009/പി.ഡബ്ല്യു.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 580 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പിനായി ആകെ 948 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 698 ലക്ഷം രൂപ കോതമംഗലം തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഈ റോഡിനുവേണ്ടി 4.2263 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇതിൽ 3.2552 ഹെക്ടർ സ്ഥലം 10-6-2009 ന് മുമ്പായി ഏറ്റെടുത്തു. നിലവിൽ 25.76 ആർ സ്ഥലം ലാന്റ് അക്വിസിഷൻ വഴിയും 22.68 ആർ സ്ഥലം ലാന്റ് ട്രാൻസ്ഫർ വഴിയും ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്. കോതമംഗലം എൽ.എ തഹസിൽദാർ ഓഫീസിൽ നിന്നുമാണ് സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടത്. ലാന്റ് ട്രാൻസ്ഫർ വഴി ഏറ്റെടുക്കേണ്ട സ്ഥലത്തിന് മുനിസിപ്പാലിറ്റിയിൽ നിന്നും, എക്സൈസ് ഓഫീസിൽ നിന്നും സമ്മതപത്രം ലഭ്യമായിട്ടില്ല. ഈ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ എൽ.എ. നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഉണ്ട്. തടസ്സരഹിത ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തി പുതുക്കിയ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ ഒന്നും സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

## പുനലൂർ-പൊൻകുന്നം റോഡിന്റെ നിർമ്മാണ പ്രവർത്തനം

38 (2882) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ റോഡിൽ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള അവശേഷിക്കുന്ന റോഡ് നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത് എന്നും ടെൻഡർ നടപടികൾ ഏത് ഘട്ടം വരെയായി എന്നും ടെൻഡർ നടത്തി എന്നത്തേക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പുനലൂർ-മൂവാറ്റുപുഴ റോഡിൽ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡിന്റെ നിർമ്മാണത്തിനുവേണ്ടി സ്വീകരിച്ച ടെണ്ടറിന്റെ സാങ്കേതിക മൂല്യനിർണ്ണയം പുരോഗമിക്കുന്നു.

(ബി) 728 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത്. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡ് 3 ഭാഗങ്ങളായാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഒന്നാം ഭാഗമായി പുനലൂർ മുതൽ കോന്നി വരെയും രണ്ടാം ഭാഗമായി കോന്നി മുതൽ പ്ലാച്ചേരി വരെയും മൂന്നാംഭാഗമായി പ്ലാച്ചേരി മുതൽ പൊൻകുന്നം വരെയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ ഭാഗങ്ങളുടെയും ദർഘാസുകൾ സ്വീകരിച്ചുകഴിഞ്ഞു. അതിന്റെ സാങ്കേതിക മൂല്യനിർണ്ണയം അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയായാൽ ഉടൻ ഫിനാൻഷ്യൽ മൂല്യനിർണ്ണയം നടത്തി കരാറിൽ ഏർപ്പെട്ട് മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മൂന്ന് ഭാഗമായി ടെണ്ടർ ചെയ്തതിൽ രണ്ടാം ഭാഗമായി കോന്നി മുതൽ പ്ലാച്ചേരി വരെയുള്ള റോഡിന്റെ സാങ്കേതിക മൂല്യനിർണ്ണയം പുരോഗമിച്ചതിനനുസരിച്ച് കരാർ സമർപ്പിച്ചിട്ടുള്ള ഒരു കമ്പനി ടെണ്ടർ നടപടികളിന്മേൽ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് അവസാന വാദം ജൂൺ മാസം 10-ാം തീയതി നടക്കുകയുമുണ്ടായി. ഹൈക്കോടതി വിധി പകർപ്പ് കിട്ടുന്ന മുറയ്ക്ക് മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## വൈലോങ്ങര-ഓരോടം ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി

39 (2883) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച, മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വൈലോങ്ങര-ഓരോടം പാലം ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എ, റിക്വസിഷൻ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ബൈപ്പാസ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) വൈലോങ്ങര-ഓരോടം പാലം ബൈപ്പാസ് കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി.ആയി നിയമിച്ചിട്ടുള്ളതാണ്. ആർ.ബി.ഡി.സി.കെ തയ്യാറാക്കി സമർപ്പിച്ച വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതി അംഗീകരിക്കുകയും 12.62 കോടി രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് സ്ഥലമേറ്റെടുക്കാനുള്ള റിക്വസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചെങ്കിലും ചില സ്ഥലമുടമകളുടെ എതിർപ്പുമൂലം നിർത്തി വയ്ക്കേണ്ടി വന്നു.

## മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മാണം

40 (2884) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി സംബന്ധിച്ചും തുടർ നടപടികളെക്കുറിച്ചും വിശദമാക്കാമോ ?

ഉത്തരം

പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലും എൻ.എച്ച്.എ.ഐ. മുഖേന ഔട്ടർ റിംഗ് റോഡ് നിർമ്മിക്കാൻ

സ.ഉ. (സാധാ)181/2019/പൊ.മ.വ. തീയതി 4-2-2019 പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 100% നിർമ്മാണച്ചെലവും 50% ഭൂമി ഏറ്റെടുക്കൽ ചെലവും എൻ.എച്ച്.എ.ഐ വഹിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാനുള്ള സാധ്യതാ പഠനം നടത്തി വരുന്നു. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ആവശ്യപ്രകാരം പ്രസ്തുത പദ്ധതിക്ക് മാത്രമായി ഒരു സ്പെഷ്യൽ തഹസിൽദാർ (എൽ.എ)യൂണിറ്റ് രൂപീകരിക്കുന്ന വിഷയം റവന്യൂവകുപ്പിന്റെ പരിഗണനയിലാണ്.

## വാമനപുരം-ചിറ്റാർ റോഡ് നവീകരണം

41 (2885) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വാമനപുരം-ചിറ്റാർ റോഡ് നവീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) റോഡ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ സമയബന്ധിതമായി പണികൾ ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വാമനപുരം-ചിറ്റാർ റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) ഉണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തികൾക്ക് കാലതാമസം വന്നിട്ടുണ്ട്.

(സി) പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സമായിരുന്ന യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തിക്കായുള്ള തുക കേരള വാട്ടർ അതോറിറ്റിക്കും, കെ.എസ്.ഇ.ബി.-യ്ക്കും ഒടുക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ കരാറുകാരന് പ്രവൃത്തി ത്വരിതപ്പെടുത്താനും നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ രീതിയിൽ പ്രോഗ്രാം പുതുക്കി നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി പൂർത്തിയായതിനു ശേഷവും പണിയിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**മലപ്പുറം-കാവുങ്ങൽ ബൈപ്പാസ്**

42 (2886) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഫണ്ടിൽ ഉൾപ്പെടുത്തി ആറ് കോടി രൂപ അനുവദിച്ച മലപ്പുറം-കാവുങ്ങൽ ബൈപ്പാസിന്റെ നവീകരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) നിർമ്മാണ ജോലികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ കേന്ദ്ര റോഡ് ഫണ്ട് പദ്ധതി പ്രകാരം അനുമതി ലഭിച്ച മുണ്ടുപറമ്പ-കാവുങ്ങൽ ബൈപ്പാസ് (4 line-6.5 crores) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കരാർ ഉടമ്പടി ഒപ്പ് വച്ച് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

**പാലക്കാട് മലയോര ഹൈവേ പ്രോജക്ട്**

43 (2887) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മലയോര ഹൈവേ പ്രോജക്ടിൽ എത്ര കിലോമീറ്റർ റോഡാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ആലത്തൂർ മണ്ഡലത്തിൽ മലയോര ഹൈവേയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 83.40 കി.മീ.

(ബി) വള്ളിയോട് മുതൽ ജപമാല പള്ളി വരെയുള്ള 10.00 കി.മീ.ദൂരം ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്നു. നിലവിൽ 7.00 മീറ്റർ BM&BC ചെയ്തിട്ടുണ്ട്. ഈ ഭാഗത്ത് 12.00 മീറ്റർ തുടർച്ചയായി ROW ലഭ്യമല്ല. സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് യഥാർത്ഥ ഭൂമി ഉടമകളെ കണ്ടെത്താൻ റവന്യൂ അധികൃതരുടെ സേവനത്തോടുകൂടി ഭൂമി അളക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

## ചാലക്കുടി മണ്ഡലത്തിലെ സി.ആർ.എഫ്. റോഡുകൾ

44 (2888) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് നവീകരണത്തിനായി സമർപ്പിച്ചിട്ടുള്ളതും തൃശ്ശൂർ ജില്ലയിലെ ചാലക്കുടി,കൊടുങ്ങല്ലൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതുമായ അഷ്ടമിച്ചിറ-അന്നമനട റോഡ്, ചിറങ്ങര-കാതിക്കുടം-കാടുകുറ്റി-പൊങ്ങം റോഡ് എന്നിവയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിന് അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ സി.ആർ.എഫ്. പദ്ധതി മുഖേന അനുമതി ലഭിച്ച അഷ്ടമിച്ചിറ-പാളയംപറമ്പ-വൈന്തല-അന്നമനട റോഡ് നവീകരണം എന്ന പദ്ധതിയുടെ കരാർ ആയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ തന്നെ അനുമതി ലഭിച്ച കാടുകുറ്റി-കാതിക്കുടം-കൊരട്ടി പഴയ എൻ.എച്ച്.-ചിറങ്ങര റോഡ് നവീകരണം എന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ

45 (2889) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) അതിൽ പൂർത്തിയാകാത്ത റോഡുകളുടെ പണി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### മനക്കകടവ്-കിഴക്കമ്പലം-പട്ടിമറ്റം റോഡ്

46 (2890) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം അനുവദിച്ച മനക്കകടവ്-കിഴക്കമ്പലം-പട്ടിമറ്റം റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തി നിർത്തിവച്ചതിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി മുഖാന്തരം അനുവദിച്ച മനകടവ്-കിഴക്കമ്പലം-പട്ടിമറ്റം റോഡ് പ്രവൃത്തിയിൽ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

### കെല്ലൂർ-ചേറിയംകൊല്ലി-കമ്പളക്കാട് റോഡ്

47 (2891) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെല്ലൂർ-ചേറിയംകൊല്ലി-കമ്പളക്കാട് റോഡ് പ്രവൃത്തി ടെൻഡർ ആയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ കരാർ ലഭിച്ച കമ്പനി ഏതാണ്;

(സി) നിർമ്മാണ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വയനാട് ജില്ലയിലെ മാനന്തവാടി മണ്ഡലത്തിൽ കേന്ദ്ര റോഡ് ഫണ്ട് പദ്ധതി പ്രകാരം അനുമതി ലഭിച്ച കെല്ലൂർ-ചേറിയംകൊല്ലി-കമ്പളക്കാട് റോഡ് (14.3 കി.മീ-15 കോടി രൂപ) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പി.കെ. സുൽഫിക്കർ ആന്റ് പി.കെ.കെ. കൺസ്ട്രക്ഷൻസ് (ജെ.വി.) എന്ന കമ്പനിയുമായാണ് കരാർ ഒപ്പ് വയ്ക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 9 മാസമാണ്.

### കാസർഗോഡ് ജില്ലയിലെ എടപ്പറമ്പ കോളിച്ചാൽ ഹിൽഹൈവേ

48 (2892) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എടപ്പറമ്പ കോളിച്ചാൽ ഹിൽഹൈവേ റീച്ചിൽ എത്ര കിലോമീറ്റർ ഫോറസ്റ്റ് റോഡുണ്ട് എന്നറിയിക്കാമോ;

(ബി) പന്ത്രണ്ട മീറ്റർ വീതിയിൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രൊപ്പോസൽ പ്രകാരം എത്ര ഏക്കർ വനഭൂമിയാണ് വേണ്ടി വരുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഒരു ഹെക്ടറിൽ കൂടുതൽ ഭൂമി ആവശ്യമായി വരുന്ന ഘട്ടത്തിൽ ആയതിന് പകരം ഭൂമി കണ്ടെത്തി വനം വകുപ്പിന് നൽകണമെന്ന വ്യവസ്ഥ റോഡ് പ്രവൃത്തിക്ക് അനുമതി ലഭിക്കാൻ കാലതാമസം വരുത്തുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഉന്നത തലത്തിൽ വനം വകുപ്പുമായി കൂടിയാലോചിച്ച് റോഡ്, വനം വകുപ്പിന്റെ അസറ്റായി നിലനിർത്തി വീതി കൂട്ടാൻ മാത്രമുള്ള സ്ഥലം ആവശ്യപ്പെടുന്ന തരത്തിൽ പ്രൊപ്പോസൽ മാറ്റി നൽകി ആവശ്യമായ ഭൂമിയുടെ അളവ് ഒരു ഹെക്ടറിൽ താഴെ ആക്കുവാനും ആയതിന് സംസ്ഥാന വനം വകുപ്പിന് തന്നെ അനുമതി നൽകുവാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കാനും സാധിക്കുമെന്ന വിഷയം പരിശോധനക്ക് വിധേയമാക്കാമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) 3.610 കി.മീ. ഫോറസ്റ്റ് റോഡുണ്ട്.

(ബി) ഉണ്ട്.

(സി) പ്രൊപ്പോസൽ പ്രകാരം 4.332 ഹെക്ടർ വനഭൂമിയാണ് ആവശ്യമായി വരുന്നത്. പള്ളഞ്ചി മുതൽ പള്ളത്തുംപാറ വരെയുള്ള 3020 മീറ്റർ ഭാഗത്ത് 12 മീറ്റർ വീതിയിൽ വികസിപ്പിക്കുവാൻ 3.6240 ഹെക്ടർ വനഭൂമിയും, പാണ്ടി അമ്പലം മുതൽ എവനൂർ വരെയുള്ള 590 മീറ്റർ വികസിപ്പിക്കുവാൻ 0.7080 വനഭൂമിയും ആവശ്യമായി വരും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി**

49(2893) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ശബരിമല വില്ലേജ് റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയിൽ പൂർത്തീകരിക്കാനുള്ളവ, പൂർത്തീകരിച്ചവ, എഗ്രിമെന്റ് വയ്ക്കാനുള്ളവ ഏത് എന്നിങ്ങനെ വിശദമാക്കാമോ;

(സി) നിർമ്മാണം ആരംഭിക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 കാലയളവിൽ ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്താനട-കണ്ണനാംകുഴി-ചാരുംമൂട് റോഡിന്റെ പ്രവൃത്തി അനുവദിക്കുകയും അത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) എത്രയും വേഗം പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കഴക്കൂട്ടം-അടൂർ സുരക്ഷാ ഇടനാഴി**

50 (2894) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് മാതൃക ഇടനാഴിയായി നിശ്ചയിച്ചിട്ടുള്ള കഴക്കൂട്ടം-അടൂർ സുരക്ഷാ ഇടനാഴിയുടെ പണി ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്ര കോടി രൂപയാണ്; എന്നത്തേക്ക് പണി പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ഇതിനകം എത്ര ശതമാനം ജോലികൾ പൂർത്തീകരിച്ചു;വ്യക്തമാക്കുമോ;

(സി) ഇപ്പോഴത്തെ നിലയിൽ ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴക്കൂട്ടം-അടൂർ മാതൃക സുരക്ഷാ പദ്ധതിയിലെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 1,46,67, 38,745 രൂപയാണ്. 27-4-2019 വരെ ആയിരുന്നു ഈ പദ്ധതിയുടെ കാലാവധി. 65.70% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2019 സെപ്റ്റംബർ മാസത്തിൽ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വെഞ്ഞാറമൂട് റിംഗ് റോഡിന്റെ നവീകരണം

51 (2895) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വെഞ്ഞാറമൂട് റിംഗ് റോഡിന്റെ നവീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ കരാറുകാരൻ, കരാറിൽ പറഞ്ഞിരിക്കുന്ന പ്രകാരം, സമയബന്ധിതമായി തീർക്കേണ്ട പ്ലാൻ പ്രകാരമുള്ള പണികൾ തീർക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്ലാൻ പ്രകാരമുള്ള പണികൾ നിർവ്വഹിച്ചിട്ടില്ലായെങ്കിൽ കരാറുകാരനെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വെഞ്ഞാറമൂട് റിംഗ് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു.

(ബി&സി) യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പ്ലാൻ പ്രകാരമുള്ള പണികൾ കരാറുകാരൻ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സമായിരുന്ന യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തിക്കായുള്ള തുക കേരള വാട്ടർ അതോറിറ്റിക്കും, കെ.എസ്.ഇ.ബി.എൽ.-നും ഒടുക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ കരാറുകാരന് പ്രവൃത്തി ത്വരിതപ്പെടുത്താനും നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ രീതിയിൽ പ്രോഗ്രാം പുതുക്കി നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി പൂർത്തിയായതിനുശേഷവും പണിയിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഈരാറ്റുപേട്ട-വാഗമൺ റോഡ്

52 (2896) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി 66.61 കോടി രൂപ അനുവദിച്ച ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) RICK (റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്)ന് റോഡ് നിർമ്മാണ ചുമതല കൈമാറിയിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും പുറമ്പോക്ക് നിർണ്ണയം പോലും പൂർത്തിയാക്കാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; ഇത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) മധ്യ കേരളത്തിലെ പ്രധാന ടൂറിസം പാതയായ പ്രസ്തുത റോഡിന്റെ നിർമ്മാണം വേഗത്തിലാക്കുവാൻ പ്രത്യേക യോഗം വിളിച്ചുചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അതിർത്തി കല്ല് സ്ഥാപിക്കൽ, ഭൂമി ഏറ്റെടുക്കൽ എന്നീ നടപടി ക്രമങ്ങൾ പൂർത്തിയാകുന്നതിനുശേഷം ഡിസൈൻ അനുസരിച്ചുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതും ടെണ്ടറിൽ നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്.

(ബി) കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 2017 ഡിസംബർ മാസത്തെ ഉത്തരവ് പ്രകാരമാണ് ഈ പ്രവൃത്തിക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുള്ളത്. ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വീതി കൂട്ടുന്നതിന് 85.66 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 4.458 കോടി രൂപ ഭരണാനുമതി സർക്കാർ ഉത്തരവ് (G.O.Rt No.801/2018/ PWD dated 6-5-2018)പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ട, തീക്കോയി എന്നീ വില്ലേജുകളിലെയും ഇടുക്കി ജില്ലയിൽ വാഗമൺ വില്ലേജിന്റെയും സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട, തീക്കോയി എന്നീ വില്ലേജുകളുടെ 6(1) നോട്ടിഫിക്കേഷൻ ലഭിച്ചു. ഇടുക്കി ജില്ലയിൽ 6(1) നോട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി റിക്വസിഷൻ ഫോറം ഇടുക്കി ജില്ലാ കളക്ടർക്ക് 17-9-2018 ൽ നൽകിയിട്ടുണ്ട്. അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ നിന്നും ഏറ്റെടുത്ത കരാറുകാരന്റെ അനാസ്ഥ കാരണം ടെർമിനേറ്റ് ചെയ്യുകയും ബാക്കി പ്രവൃത്തി പുന:ക്രമീകരിച്ച് ചെയ്യുവാൻ 31-05-2019-ന് ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ രണ്ടാഴ്ചത്തേയ്ക്ക് ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ ഒരു പ്രവൃത്തിയും നടത്തരുതെന്ന് ഹൈക്കോടതിയിൽ നിന്നും താൽക്കാലിക സ്റ്റേ വാങ്ങുകയുണ്ടായി. പുതിയ കരാർ നൽകിയതിനുശേഷം ടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

## കോഴിക്കോട് ജില്ലയിലെ റോഡ് നിർമ്മാണം

53 (2897) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡ്, മാത്ര-പാലാഴി-കുറ്റികാട്ടൂർ റോഡ്, കുന്ദമംഗലം ബൈപ്പാസ് (പണ്ടാരപ്പറമ്പ്- ഉണ്ടോടിക്കടവ്- പടനിലം ബൈപ്പാസ്) എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രവൃത്തി എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡ്, മാത്ര-പാലാഴി-കുറ്റികാട്ടൂർ റോഡ് എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 'പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ്' എന്ന പ്രവൃത്തി 'പണ്ടാരപ്പറമ്പ്-പടനിലം റോഡ് നിർമ്മാണം' എന്ന് മാറ്റി നൽകണമെന്ന റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിലെ റോഡുകൾക്കായി ചെലവഴിച്ച തുക

54 (2898) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭരണാനുമതിയുള്ള മാങ്കാവ്-കണ്ണിപ്പറമ്പ്, മാവൂർ-കുളിമാട് റോഡുകൾക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാങ്കാവ്-കണ്ണിപ്പറമ്പ് റോഡിലെ ടെണ്ടർ ചെയ്ത പ്രവൃത്തികൾ മുഴുവൻ ചെയ്തു തീർത്തിട്ടുണ്ടോ; കരാർ ഇപ്പോഴും നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മാങ്കാവ്-കണ്ണിപ്പറമ്പ് റോഡിനായി 4,98,21,027 രൂപ ചെലവഴിച്ചിട്ടുണ്ട്. മാവൂർ-കുളിമാട് റോഡിനായി 19 ലക്ഷത്തിന്റെ പ്രവൃത്തി നടന്നുവരുന്നു.

(ബി& സി) ഇല്ല. ജെ.ബി.ഐ.സി പ്രവൃത്തിക്കുവേണ്ടി പൈപ്പിടേണ്ടതിനാൽ കി.മീ. 8/260 മുതൽ 10/690 വരെയുള്ള 2.43 കി.മീ. ഒഴിവാക്കിയാണ് പ്രവൃത്തി അവസാനിപ്പിച്ചത്. കരാർ ഇപ്പോൾ നിലവിലില്ല. ബാക്കി പ്രവൃത്തികൾ നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## എറക്കോട്ടിരി പാലം നിർമ്മാണം

55 (2899) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയേയും തൃശ്ശൂർ ജില്ലയേയും ബന്ധപ്പെടുത്തി ഭാരതപ്പുഴയിൽ എറക്കോട്ടിരി പാലം നിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം നൽകാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി എന്ന് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

### <u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയേയും തൃശ്ശൂർ ജില്ലയേയും ബന്ധപ്പെടുത്തി എറക്കോട്ടിരി പാലം നിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന പുരോഗമിച്ചുവരുന്നു.

(ബി) നടപടി ക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ സ്ഥലം ലഭ്യമായാൽ 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## എം.ഇ.എസ്.-തടവനാൽ പാലത്തിന്റെ നിർമ്മാണം

56 (2900) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട ബൈപ്പാസിന്റെ ഭാഗമായ എം.ഇ.എസ്.-തടവനാൽ പാലം നിർമ്മാണം പൂർത്തീകരിക്കുവാനുള്ള തടസ്സങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിജസ്ഥിതി വിശദീകരിക്കാമോ;

(സി) രണ്ട് വർഷമായി നിർമ്മാണം നിലച്ച പാലത്തിന്റെ പണി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലത്തിന്റെ ഒരു വശത്ത് ആവശ്യമായ സ്ഥലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണം തടസ്സപ്പെട്ടതുമൂലം കോൺട്രാക്ടർ പണി നിർത്തിവയ്ക്കുകയുണ്ടായി.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് 29-1-2019-ൽ അനുമതി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചതിനുശേഷം നാല് മാസത്തിനകം പണികൾ തീർക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഗതാഗത യോഗ്യമല്ലാത്ത പാലങ്ങൾ**

57 (2901) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് വലിയ തോതിൽ നാശം സംഭവിച്ച് ഗതാഗത യോഗ്യമല്ലാതായി തീർന്ന ചാർപ്പപാലം, വെറ്റിലപ്പാറപ്പാലം എന്നിവയും, കാലപ്പഴക്കത്തിൽ തകർന്ന പുകലപ്പാറ, ആനക്കയം, കണ്ണംകുഴി, മേച്ചിറ, മറ്റത്തൂർ എന്നിവിടങ്ങളിലെ പാലങ്ങളും അടിയന്തരമായി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)

<u>ചാർപ്പപാലം</u>

ചാർപ്പപ്പാലത്തിന് 90 ലക്ഷം രൂപയുടെ ഭരണാനുമതി ടൂറിസം വകുപ്പിൽ നിന്നും ലഭിച്ചു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായാലുടനെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

വെറ്റിലപ്പാറ പാലം

വെറ്റിലപ്പാറ പാലത്തിന്റെ പുനരുദ്ധാരണത്തിനായി 1.84 കോടി രൂപ ഭരണാനുമതി നൽകുകയും ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

പൂകലപ്പാറ

പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഉടനെ തന്നെ റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആനക്കയം പാലം

പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഉടനെ തന്നെ റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കണ്ണംകുഴിപ്പാലം

പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. കണ്ണംകുഴിപ്പാലത്തിന്റെ ഡിസൈൻ പൂർത്തീകരിച്ച് റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മേച്ചിറപ്പാലം

പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെന്റേറ്റീവ് ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഉടനെ തന്നെ ജനറൽ ഡിസൈൻ ലഭിക്കുന്നതിന് ഫീസിബിലിറ്റി റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മറ്റത്തൂർ പാലം

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**റാന്നി വലിയ പാലം**

58 (2902) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ പുതുതായി നിർമ്മിക്കുന്ന വലിയ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എന്തെങ്കിലും തടസങ്ങൾ ഉണ്ടോ; ഭൂമി വിട്ടുകിട്ടുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഭൂമി വിട്ടുകിട്ടുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലത്തിന്റെ നദിയിലുള്ള രണ്ട് തൂണുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. നദിയിലുള്ള ഓപ്പൺ ഫൗണ്ടേഷൻ ജലനിരപ്പുയർന്ന് നിന്നതുമൂലം ആരംഭിക്കാൻ സാധിച്ചിട്ടില്ല. കരഭാഗത്തുള്ള ഫൗണ്ടേഷൻ പണികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തി 28-07-2020-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട വസ്തുക്കളുടെ പൂർണ്ണമായ സർവ്വേ നമ്പരുകൾ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഭൂമി വിട്ടുകിട്ടുന്നതിനായി സർവ്വേ നമ്പരുകൾ ലഭ്യമാക്കിയാൽ മാത്രമേ ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**മൂരാട് പാലം പ്രത്യേകമായി നിർമ്മിക്കാൻ നടത്തിയ ശ്രമങ്ങൾ**

59 (2903) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ വികസനത്തിന്റെ ഭാഗമായി മൂരാട് പാലം പ്രത്യേകമായി നിർമ്മിക്കാൻ സംസ്ഥാന സർക്കാർ നടത്തിയ ശ്രമങ്ങൾ വിശദമാക്കാമോ;

(ബി) ഇപ്പോൾ മൂരാട് പാലം മുതൽ പാലോളി പാലം വരെയുള്ള ഭാഗത്ത് പാലം നിർമ്മാണമടക്കമുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്കായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയോട് മൂരാട് പാലത്തിന്റെ പ്രവൃത്തി സ്റ്റാൻഡ് എലോൺ പ്രോജക്ടായി ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിൻ പ്രകാരം ടെണ്ടർ ഡോക്യുമെന്റ്സ് എൻ.എച്ച്.എ.ഐ. ഹെഡ്ക്വാർട്ടേഴ്സിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ട് ഇപ്പോൾ ടെണ്ടർ നടപടിയിലാണ്.

(ബി-ഡി) ടെണ്ടർ ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 51.66 കോടി രൂപയാണ്. ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.

**പേരണ്ടൂർ-വടുതല പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

60 (2904) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് മാസത്തിൽ 29.50 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുള്ള പേരണ്ടൂർ-വടുതല പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഏറ്റെടുക്കേണ്ട സ്ഥലവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നടത്തുന്ന സാമൂഹിക പ്രത്യാഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതിനാലാണ് പാലത്തിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നത്.

(ബി) പൂർത്തീകരിച്ചിട്ടില്ല.

(സി) പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി വടുതല ഭാഗത്ത് ഏകദേശം 0.4970 ഹെക്ടറും പേരണ്ടൂർ ഭാഗത്ത് ഏകദേശം 0.2280 ഹെക്ടറും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനുവേണ്ടി എറണാകുളം ജില്ലാ കളക്ടർക്ക് ഏപ്രിൽ 2017-ൽ റിക്വിസിഷൻ സമർപ്പിച്ചിരുന്നു. 31-07-2018-ന് സ്ഥലം ഏറ്റെടുക്കൽ ചെലവിനുവേണ്ടി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 35,03,645 രൂപയും സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് 2,08,000 രൂപയും നൽകുവാൻ

എറണാകുളം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ ആവശ്യപ്പെട്ടു. അതുപ്രകാരം 21-11-2018-ന് സാമൂഹിക പ്രത്യാഘാത പഠനത്തിന് ആവശ്യമായ തുക 2,08,000 രൂപയും കണ്ടിൻജൻസി ചാർജ്ജിനത്തിൽ 35,03,645 രൂപയും പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എറണാകുളം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ-ന് നൽകിയിട്ടുണ്ട്.

### വിലങ്ങാട് ആദിവാസി കോളനിയിലേയ്ക്കുള്ള പാലം

61 (2905) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് ആദിവാസി കോളനിയിലേയ്ക്കുള്ള പാലം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചു വരുന്നു. 4.20 മീ. വീതിയും 12.60 മീ. നീളവുമുള്ള ഈ പാലത്തിന്റെ കൈവരി കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ തകർന്നിരുന്നു. പാലം വീതി കൂട്ടി പുനർ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ പാലത്തിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല.

### ചാലക്കുടി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

62 (2906) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള ചാലക്കുടിപ്പുഴയിലെ മൂഴിക്കകടവ് പാലം, തൈക്കൂട്ടം കടവ് പാലം എന്നിവയുടെ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി-കൊടുങ്ങല്ലൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാറക്കൂട്ടം പാലം നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി)

മൂഴിക്കകടവ് പാലം

ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള മൂഴിക്കകടവ് പാലത്തിന് 100 രൂപ ടോക്കൺ പ്രൊവിഷനാണ് 2019-20 ബഡ്ജറ്റിൽ ഉള്ളത്. മൂഴിക്കകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിലേയ്ക്ക് നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

തൈക്കൂട്ടം കടവ് പാലം

തൈക്കൂട്ടം കടവ് പാലത്തിന് 2019-20 ബഡ്ജറ്റിൽ 20% പ്രൊവിഷൻ ഉണ്ട്. തൈക്കൂട്ടം കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്, സാങ്കേതികാനുമതിയ്ക്കായുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സി) ചാലക്കുടി, കൊടുങ്ങല്ലൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാറക്കൂട്ടം പാലം നിർമ്മാണം കിഫ്ബി പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പാലത്തിനോടനുബന്ധിച്ചുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. പാലത്തിന്റെ ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭിക്കുന്നതിനുവേണ്ടി ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ**

63 (2907) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി-പിഴല പാലം, ചെറിയ കടമക്കുടി പാലം, ചേന്നൂർ-പിഴല പാലം, ചേന്നൂർ-കോതാട് പാലം, കേരളേശ്വരം പാലം, ഹെർബർട്ട് പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ഓരോ പ്രവൃത്തിയും എന്നത്തേക്ക് ആരംഭിക്കുമെന്നും വിശദമാക്കാമോ;

(സി) ഏതെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കടമക്കുടി-പിഴല പാലം

കടമക്കുടി-പിഴല പാലം കിഫ്ബി പ്രവൃത്തിയാണ്. സർക്കാർ ഉത്തരവ് (സാധാ)നം. 942/2017/പൊ.മ.വ. തീയതി 10-7-2017 (ക്രമ നമ്പർ 13) പ്രകാരം 40 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പാലം ഡിസൈൻ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭിച്ചാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുവാൻ കഴിയും. സാമ്പത്തികാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

<u>ഹെർബർട്ട് പാലം</u>

ഹെർബർട്ട് പാലം കിഫ്ബി പ്രവൃത്തിയാണ്. സർക്കാർ ഉത്തരവ് (സാധാ)നം. 1496/2016/പൊ.മ.വ. തീയതി 31-10-2016 (ക്രമ നമ്പർ 22) പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതിക്ക് വേണ്ടി ഡീറ്റേൽഡ് പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതിയും, സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

<u>ചെറിയ കടമക്കുടി പാലം</u>

ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നു. 2019-20 ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല.

<u>ചേന്നൂർ -പിഴല പാലം</u>: 2019-20 ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല.

<u>ചേന്നൂർ കോതാട് പാലം</u>

ജിഡയിൽ നിന്നും ഇൻവെസ്റ്റിഗേഷന് ഭരണാനുമതി ലഭിച്ചു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തു. 2019-20 ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല.

<u>കേരളേശ്വരം പാലം</u>

2019-20 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(സി) കടമകുടി-പിഴലപാലം: പ്രവൃത്തി ഡിസൈൻ ഘട്ടത്തിലാണ്. മറ്റ് തടസ്സങ്ങൾ ഇല്ല.

ഹെർബട്ട് പാലം: സാമ്പത്തികാനുമതിയ്ക്കുവേണ്ടി ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് തടസ്സങ്ങൾ ഇല്ല.

ചെറിയ കടമക്കുടി പാലം, ചേന്നൂർ-പിഴലപാലം, ചേന്നൂർ-കോതാട് പാലം, കേരളേശ്വരം പാലം എന്നിവയ്ക്ക് മതിയായ തുക വകയിരുത്തേണ്ടതുണ്ട്.

## പേരുച്ചാൽ പാലത്തിന്റെ നിർമ്മാണ പുരോഗതി

64 (2908) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തിരുവാഭരണ പാതയിൽ നിർമ്മിക്കുന്ന പേരുച്ചാൽ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികളിൽ എന്തൊക്കെയാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളത്; ഇവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) അടുത്ത ശബരിമല സീസണിനുമുമ്പ് നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) അപ്രോച്ച് റോഡിന്റെയും സംരക്ഷണ ഭിത്തിയുടെയും പ്രവൃത്തികളാണ് ഇനി പൂർത്തിയാകുവാനുള്ളത്. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) നിലവിലുള്ള കരാർ പ്രകാരം 11-09-2019-ന് പ്രവൃത്തി പൂർത്തിയാകും. അടുത്ത ശബരിമല സീസണിനുമുമ്പ് പേരുർച്ചാൽ പാലം ഗതാഗതത്തിന് തുറന്ന് നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മാണം

65(2909) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോൺവെന്റ് ബീച്ച് പാലത്തിന്റെ ഫൗണ്ടേഷൻ പൈലുകളുടെ നിർമ്മാണം നടന്നു വരുന്നു. കെ.എസ്.ഇ.ബി.എൽ. പോസ്റ്റുകൾ മാറ്റുന്ന പ്രവൃത്തി നടക്കുന്നുണ്ട്. നബാർഡ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾക്കൊള്ളിക്കാൻ കഴിയുകയില്ല. കാരണം നബാർഡിൽ നിന്നും ഭൂമി ഏറ്റെടുക്കാനുള്ള തുക അനുവദിക്കുകയില്ല. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. പദ്ധതിക്കാവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ. വലിയ കാലതാമസം വരുത്തുന്നു. ഇതിൽ പാലം പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലാണെങ്കിലും സ്ഥലമെടുപ്പിന് പ്രാദേശിക പിന്തുണ ഉണ്ടാവണം.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ പട്ടുകുത്ത് തുരുത്ത് പാലം നിർമ്മാണം**

66 (2910) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുവാൻ ശിപാർശ ചെയ്തിരുന്നതും പൊതുമരാമത്ത് വകുപ്പ് മുഖേന ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുമായ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പട്ടുകുത്ത് തുരുത്ത് പാലം നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവ ലഭിച്ചതും ടെണ്ടർ ചെയ്തതും കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പിട്ടതും എന്നാണെന്ന് അറിയിക്കുമോ;

(സി) പ്രവൃത്തി നാളിതുവരെ ആരംഭിയ്ക്കാത്തത് സംബന്ധിച്ച് ജനകീയ സമിതി സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) പ്രവൃത്തി നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കി പാലം നിർമ്മാണം അടിയന്തരമായി ആരംഭിയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

| | | |
|---|---|---|
| (ബി) | ഭരണാനുമതി നൽകിയത് | - 19-4-2017 |
| | സാങ്കേതികാനുമതി നൽകിയത് | - 23-3-2018 |
| | കരാറുകാരൻ എഗ്രിമെന്റ് ഒപ്പ് വച്ചത് | - 15-5-2018 |

(സി) ജനകീയ സമിതി സമർപ്പിച്ച പരാതി റിപ്പോർട്ട് നൽകുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് പാലങ്ങൾ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും പൊതുമരാമത്ത് വകുപ്പ് പാലക്കാട് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) ഈ പാലം പുനർ രൂപകൽപ്പന ചെയ്ത് നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് മഞ്ചേരി പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 65 ലക്ഷം രൂപയാണ് പാലത്തിന് അനുവദിച്ചിട്ടുള്ളത്. എന്നാൽ റീ-ഡിസൈൻ ചെയ്യുമ്പോൾ പാലത്തിനായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലെ സാഹചര്യത്തിൽ പുതിയ ഇൻവെസ്റ്റിഗേഷൻ നടത്തി അപ്രോച്ച് റോഡുകളോടുകൂടി പാലം നിർമ്മിക്കേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിന്റെ നീക്കിയിരിപ്പ് തുകയുടെ അപര്യാപ്തത കാലതാമസത്തിനുള്ള കാരണമാണെന്ന് കൂടി കാണുന്നു.

## മഞ്ചേരിക്കുഴി പാലം നിർമ്മാണം

67 (2911) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മഞ്ചേരിക്കുഴി പാലം നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണം ഇഴയുന്നതായി വന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവൃത്തിയുടെ വേഗതക്കുറവിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ഉത്തരം

(എ) 7-11-2017-ാം തീയതി നിർമ്മാണം ആരംഭിച്ചു. നിർമ്മാണം പൂർത്തിയാക്കേണ്ട തീയതി 06-11-2019 ആണ്.

(ബി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പാലത്തിന്റെ നിർമ്മാണത്തിനായി Confirmatory boreholes എടുത്ത് ഫൈനൽ ഡിസൈൻ ഡ്രോയിംഗ് ലഭിക്കുന്നതിന് സമയം ആവശ്യമായി വന്നിരുന്നു. ഫൈനൽ ഡിസൈൻ ലഭിച്ചതിനുശേഷം മാത്രമാണ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചത്.

(സി) പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കരുവാറ്റക്കടവ് പാലം

68 (2912) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂനൂർ പുഴക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന കരുവാറ്റക്കടവ് പാലത്തിന്റെ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) നേരത്തെ ഒരു കോടി രൂപയുടെ ഭരണാനുമതി ഉണ്ടായിരുന്നിട്ടും പാലം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിയിൽ കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) കരുവാറ്റക്കടവ് പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൂനൂർ പുഴയ്ക്ക് കുറുകെ കരുവാറ്റക്കടവ് പാലത്തിന് ജി.ഒ.(ആർ.ടി.)നമ്പർ 1185/09/പി.ഡബ്ല്യു.ഡി. തീയതി 14-8-2009 പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ നടത്താതെ Rough Cost Estimate-ന്റെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെയും പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ് (shedule of rate) അനുസരിച്ചും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വന്നു. അതനുസരിച്ച് CE/R&B/KKD/2016/5287/PRICE തീയതി 1-11-2017 പ്രകാരം 210 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് ലഭിക്കുകയും, വിശദമായ പരിശോധനയ്ക്കുശേഷം QC + Service Tax എന്നിവ ഒഴിവാക്കണമെന്നും ഭൂമി ഏറ്റെടുക്കുന്നതിന്റെ ശീർഷകം നൽകണമെന്നും ആവശ്യപ്പെടുകയും ഈ കാര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ പ്രവൃത്തി current year budget-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും എങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് അറിയിക്കുവാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി വിവരങ്ങൾ ലഭ്യമായിട്ടില്ല. ഈ പ്രവൃത്തിക്ക് പാലം നിർമ്മിക്കേണ്ട സ്ഥലത്തിന്റെയും അപ്രോച്ച് റോഡിന്റെയും സർവ്വേ നടത്തിയാണ് എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തി മാത്രമേ ഡിസൈൻ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഇൻവെസ്റ്റിഗേഷന് 2.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയും ആണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ലഭിച്ചു കഴിഞ്ഞാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കി പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കോവിൽക്കടവ്-കുലശേഖരം പാലം നിർമ്മാണം

69 (2913) <u>ശ്രീ. ഐ. ബി. സതീഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കോവിൽക്കടവ്-കുലശേഖരം പാലം നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) കാട്ടാക്കട മണ്ഡലത്തിലെ കോവിൽക്കടവ്-കുലശേഖരം പാലം നിർമ്മാണത്തിലുള്ള സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സാങ്കേതികാനുമതി ലഭ്യമായാൽ ഉടൻ തന്നെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

**കരമന-കളിയിക്കാവിള ആറുവരി പാത**

70 (2914) <u>ശ്രീ. എം. വിൻസെന്റ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ആറുവരി പാത വികസനത്തിന്റെ ഒന്നാം ഘട്ടം മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടും രണ്ടാം ഘട്ടമായ പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള നിർമ്മാണ പ്രവർത്തനം മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം ഏത് കമ്പനിക്കാണ് ടെൻഡർ നൽകിയത്; എത്ര കോടി രൂപയാണ് ടെൻഡർ തുക; എന്നത്തേക്ക് പണി പൂർത്തിയാക്കണമെന്നാണ് കരാറിൽ നിർദ്ദേശിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പാതയുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി തൂണുകൾ, കുടിവെള്ള പൈപ്പുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(ഡി) കൊടിനട മുതൽ വഴിമുക്ക് വരെയുള്ള മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകുന്ന നടപടി ഏത് ഘട്ടത്തിലാണ്; എന്ത് തുകയാണ് നഷ്ടപരിഹാരമായി ഇക്കാര്യത്തിൽ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരമന-കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നം.31/കിഫ്ബി/2016/തീയതി 16-11-2016 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ സ്ഥലമെടുപ്പ്

പൂർത്തിയായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കുവാൻ തീരുമാനിക്കുകയും തുടർന്ന് ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി പി.എം.യു., കെ.ആർ.എഫ്.ബി. വഴി നൽകുകയും 2018 ഏപ്രിൽ മാസം ഈ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് ടെണ്ടർ പാസാക്കി നൽകിയെങ്കിലും പണി ഏറ്റെടുക്കുവാൻ വിസമ്മതിക്കുകയുണ്ടായി. ഇതേ തുടർന്ന് ഒക്ടോബർ മാസത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്യുകയും ടെണ്ടറിൽ മൂന്ന് കമ്പനികൾ പങ്കെടുത്തതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിക്കുവാൻ തീരുമാനിക്കുകയും 4-1-2019-ൽ പ്രസ്തുത സൊസൈറ്റിയുമായി കരാർ ഒപ്പു വയ്ക്കുകയും ചെയ്തു.

(ബി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചു നൽകിയിരിക്കുന്നത്. ടെണ്ടർ തുക 112,07,33,937.02 രൂപയാണ്. 24 മാസക്കാലമാണ് നിർമ്മാണ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പാതയുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി തൂണുകൾ മാറ്റി തുടങ്ങിയിട്ടുണ്ട്. കുടിവെള്ള പൈപ്പ് മാറ്റുന്നതിന് കേരള വാട്ടർ അതോറിറ്റി ഉടൻ ടെണ്ടർ ചെയ്യുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറിന്റെ റിപ്പോർട്ട് പ്രകാരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള പാത വികസനത്തിന്റെ ഭാഗമായി ഇടതു ഭാഗം 8-3-2019 ലെ 636-ാം നമ്പർ അസാധാരണ ഗസറ്റിലും വലതു ഭാഗം 8-3-2019-ലെ 635-ാം നമ്പർ അസാധാരണ ഗസറ്റിലും 4(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ ഹ്യൂമൺ ബിഹേവിയറിനെ ജില്ലാ കളക്ടർ ഏർപ്പിച്ചിട്ടുള്ളതുമാണ്. ടി പൊന്നും വില നടപടിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര തുക അനുവദിച്ചിട്ടില്ല.

**കുതിരാൻ തുരങ്കം നിർമ്മാണം**

71 (2915) <u>ശ്രീ. കെ. ബാബു :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി-മണ്ണുത്തി ദേശീയ പാതയിലെ കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വടക്കഞ്ചേരി മണ്ണുത്തി പാതയുടെയും അനുബന്ധ പ്രവൃത്തികളായ, ഫ്ലൈഓവർ, ടണൽ എന്നിവയുടെയും നിർമ്മാണ കരാർ BOT അടിസ്ഥാനത്തിൽ 24-8-2009 ലാണ് ഒപ്പ് വച്ചത്. ഈ പ്രവൃത്തിയുടെ ആകെ നീളം 28.355 കി.മീ. ആണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം കരാർ പ്രകാരം 7-10-2010 ൽ തുടങ്ങി 6-4-2013-ൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്. എങ്കിലും ചില സാങ്കേതിക കാരണങ്ങളാലും സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച പരിസരവാസികളുടെ എതിർപ്പുകൾ മൂലവും ഷെഡ്യൂൾ പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2017 ഡിസംബറിൽ പ്രവൃത്തികൾ പൂർത്തിയാക്കും എന്ന തീരുമാനത്തോടെ 7-10-2014-ൽ പ്രവൃത്തികൾ പുനരാരംഭിക്കുകയും എന്നാൽ നാട്ടുകാരുടെ തുടരെയുള്ള എതിർപ്പുമൂലം ടണൽ വർക്കുകളും ഹൈവേ വർക്കുകളും നിർത്തിവക്കേണ്ടതായി വന്നു. കരാർ കമ്പനിയും തൊഴിലാളികളും തമ്മിലുള്ള പ്രശ്നങ്ങളും കരാർ കമ്പനിയുടെ സാമ്പത്തിക പ്രയാസങ്ങളും പ്രവൃത്തിയുടെ കാലതാമസത്തിനു കാരണമായിട്ടുണ്ട്.

മണ്ണുത്തി-വടക്കഞ്ചേരി ദേശീയപാത നിർമ്മാണ പ്രവൃത്തിയുടെ 83% പൂർത്തിയാക്കിയിട്ടുണ്ട്. ആകെയുള്ള 28.355 കി.മി.-ൽ 22.2 കി.മീ. മാത്രമേ പൂർത്തിയായിട്ടുള്ളൂ. ബാക്കി പൂർത്തിയാക്കാനുള്ള വടക്കഞ്ചേരി ഫ്ലൈഓവറിന്റെ അപ്രോച്ച് റോഡും ടണലിന്റെ വർക്കും മേജർ സ്ട്രക്ച്ചർ വർക്കും 2019 ഡിസംബറിൽ പൂർത്തിയാക്കാനുള്ള പ്രോഗ്രാം നിർമ്മാണ കമ്പനി സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്തു മന്ത്രിയുടെ നേതൃത്വത്തിൽ തൃശ്ശൂർ കലക്ടറേറ്റിൽ വച്ചു നടന്ന അവലോകന യോഗത്തിൽ 2018 ജനുവരിയിൽ കുതിരാൻ ടണൽ പൂർത്തീകരിക്കുമെന്ന് കമ്പനി അധികൃതർ സമ്മതിച്ചിരുന്നുവെങ്കിലും നടപ്പായിട്ടില്ല.

**ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയപാത നാലുവരിയാക്കൽ പദ്ധതി**

72 (2916) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയപാത നാലുവരിയാക്കൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ആറ്റിങ്ങൽ കച്ചേരിനടയിൽ സ്ഥിതി ചെയ്യുന്ന പോസ്റ്റ് ഓഫീസ് ഭൂമി, റോഡ് വികസനത്തിന് ലഭ്യമാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; എത്ര ഭൂമിയാണ് കെ.എസ്.ആർ.ടി.സി. റോഡ് വികസനത്തിനായി വിട്ടുനൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയപാത നാലുവരിയാക്കൽ പദ്ധതിയുടെ ആദ്യഘട്ട പുറമ്പോക്ക് ഒഴിപ്പിക്കൽ അവസാനഘട്ടത്തിലാണ്. പ്രധാന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഡിവിഷൻ ഓഫീസിൽ സാങ്കേതിക അനുമതിക്കായുള്ള പരിശോധന പുരോഗമിക്കുന്നു.

(ബി) ആറ്റിങ്ങൽ കച്ചേരിനടയിൽ സ്ഥിതി ചെയ്യുന്ന പോസ്റ്റ് ഓഫീസ് ഭൂമി കൈമാറ്റത്തിനായി ചിറയിൻകീഴ് തഹസിൽദാർ മുഖാന്തിരം പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന് കത്ത് നൽകിയിട്ടുണ്ട്.

(സി) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ഭൂമി ലഭ്യമാക്കുന്നതിനായി റിക്വിസിഷൻ തിരുവനന്തപുരം ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയർ ചിറയിൻകീഴ് തഹസീൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ 1.37 ആർ വസ്തുവാണ് റോഡ് വികസനത്തിനായി കൈമാറ്റം ചെയ്യപ്പെടുന്നത്.

**കണ്ടന്നൂർ മുതൽ പുത്തൻകുരിശ് വരെയുള്ള അലൈൻമെന്റ് അപ്രൂവൽ**

73(2917) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കൊച്ചി-മധുര ഹൈവേയിൽ കുണ്ടന്നൂർ മുതൽ പുത്തൻകുരിശ് വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് അപ്രൂവ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. പ്രസ്തുത റോഡ് എൻ.എച്ച്.എ.ഐ. മുഖാന്തരം കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയാക്കുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) ടി പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം

74 (2918) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഈ പ്രവൃത്തി സംബന്ധിച്ച് കിറ്റ്കോ സമർപ്പിച്ച ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഫീസിബിലിറ്റി റിപ്പോർട്ട്, അലൈൻമെന്റ് ഓപ്ഷൻ എന്നിവയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ബൈപ്പാസുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഡി.പി.ആർ. അംഗീകാരം ലഭിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ-ഇ) മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ബൈപ്പാസ് ദേശീയപാത 966 (പഴയ എൻ.എച്ച് 213)-ൽ വരുന്നതാണ്. പ്രസ്തുത ബൈപ്പാസ് 45 മീറ്റർ സ്ഥലമെടുത്ത് നാലുവരിപ്പാതയായി നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്ന കൺസൾട്ടന്റായി M/s.കിറ്റ്കൊ ലിമിറ്റഡ് കൊച്ചി-ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തി നടന്നുവരുന്നതുമാകുന്നു. ബൈപ്പാസിന്റെ അലൈൻമെന്റ് ഓപ്ഷന് കേന്ദ്ര മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ കേന്ദ്ര പദ്ധതിയിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## മരട് ഐ.ടി.ഐ. കെട്ടിടത്തിന്റെ ഡിസൈൻ

75 (2919) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ;

(ബി) എന്നത്തേക്ക് ഈ നിർമ്മാണം ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മരട് ഐ.ടി.ഐ.-യുടെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ മണ്ണ് പരിശോധനാ റിപ്പോർട്ടും ആർക്കിടെക്ചറൽ ഡ്രോയിംഗും ലഭ്യമാകുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ടെൻറ്റേറ്റീവ് ഡ്രോയിംഗുകൾ ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഡിസൈൻ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ ഈ കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് മൂന്ന് തവണ മാറ്റേണ്ടി വരുകയും പുതിയതായി 6-5-2019 ൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയത് മരട് ഐ.ടി.ഐ. പ്രിൻസിപ്പാളുടെ ആവശ്യാനുസരണവുമാണ്.

ആർക്കിടെക്ചറൽ ഡ്രോയിംഗിൽ റിവിഷൻ വന്നതിനാൽ, പ്രസ്തുത കെട്ടിടത്തിന്റെ ഡിസൈൻ പുതിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് അനുസരിച്ച് തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ടെൻന്റേറ്റീവ് ഡ്രോയിംഗുകൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആർക്കിടെക്ചറൽ ഡ്രോയിംഗും, സ്ട്രക്ചറൽ ഡ്രോയിംഗും ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ സാങ്ഷനും നൽകി 2019 നവംബർ മാസത്തോടുകൂടി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## റാന്നി മിനി സിവിൽ സ്റ്റേഷൻ അഡീഷണൽ ബ്ലോക്ക് നിർമ്മാണം

76 (2920) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിനായി എത്ര രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്;

(ബി) ഈ തുക ഉപയോഗപ്പെടുത്തി എന്തൊക്കെ നിർമ്മാണ പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടെങ്കിൽ ആരാണ് ടെൻഡർ എടുത്തിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിനായി 4 കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്.

(ബി) ഈ തുക ഉപയോഗപ്പെടുത്തി ബ്ലോക്ക് 1-ന്റെ ഒന്നാമത്തെയും രണ്ടാമത്തെയും നിലകൾ ഫിനിഷിംഗ് പ്രവൃത്തി ഉൾപ്പെടെ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പെരിങ്ങര ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണം

77 (2921) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങര ഗവൺമെന്റ് ഗേൾസ് ഹയർ സൊക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക വിനിയോഗിച്ചുള്ള നിർമ്മാണം തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഡിസൈൻ അംഗീകരിക്കുന്നതിൽ വന്ന താമസംമൂലം സാങ്കേതിക അനുമതി നൽകുന്നതിന് താമസമുണ്ടായി. സാങ്കേതിക അനുമതി ലഭ്യമായപ്പോൾ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതുകൊണ്ട് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. ആയതിനാലാണ് പെരിങ്ങര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം വൈകാൻ കാരണം. ഇപ്പോൾ ടി പ്രവൃത്തിക്ക് ടെണ്ടർ നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയും.

## ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ

78 (2922) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ പ്രീമെട്രിക് ഹോസ്റ്റൽ ആലത്തൂരിന്റെ അറ്റകുറ്റപ്പണികൾക്കായി 16-12-2016 തീയതിയിൽ G.O.(Rt)No.2099/16/SCSTD പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 10.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തി 27-12-2017-ന് തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ചെങ്ങന്നൂർ കല്ലിശ്ശേരി റസ്റ്റ്ഹൗസ്

79 (2923) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ കല്ലിശ്ശേരി റസ്റ്റ്ഹൗസ് രണ്ടാംഘട്ട നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള പഴയ കെട്ടിടം കാലോചിതമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ കല്ലിശ്ശേരി റസ്റ്റ് ഹൗസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള പഴയ കെട്ടിടം കാലോചിതമായി അറ്റകുറ്റ പണികൾ നടത്തി ഉപയോഗപ്രദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വഴുതയ്ക്കാട് കോട്ടൺഹിൽ സ്കൂൾ കെട്ടിടം

80 (2924) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വഴുതയ്ക്കാട് സർക്കാർ കോട്ടൺഹിൽ സ്കൂൾ പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി 2015-16 സാമ്പത്തിക വർഷം എം.എൽ.എ. ആസ്തി വികസന സ്കീമിൽ നിന്നും 45 ലക്ഷം രൂപ ചെലവഴിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിലെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) സ്കൂളിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് കെട്ടിടത്തിന്റെ മൂഖവില നിശ്ചയിച്ച് ലേലംചെയ്ത് തുക ട്രഷറിയിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം നഗരസഭ 26-3-2016-ൽ ഇ 5/5811/16 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്നതിനാൽ തുടർനടപടികൾക്ക് കർശന നിർദ്ദേശം നൽകുമോ ;

(ഡി) നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് ഇത് സംബന്ധിച്ച് നിരന്തരം കത്തുകൾ നൽകിയിട്ടും നടപടി സ്വീകരിക്കുന്നില്ലായെന്നത് കണക്കിലെടുത്ത് തുക പാഴായിപ്പോകാതെ പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെട്ടിടം പണിയാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലവിൽ മറ്റൊരു കെട്ടിടം ഉണ്ട്. അത് പൊളിച്ച് മാറ്റിയാൽ മാത്രമേ പണി തുടങ്ങുവാൻ സാധിക്കുകയുള്ളൂ. ഈ കാരണത്താലാണ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത്.

(സി) വഴുതയ്ക്കാട് സർക്കാർ കോട്ടൺഹിൽ സ്കൂൾ പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പി.ഡബ്ല്യു.ഡി.യുടെ അസറ്റിൽ വരുന്ന കെട്ടിടമല്ല. പ്രസ്തുത കെട്ടിടം കോർപ്പറേഷന്റെ അധീനതയിൽ വരുന്നതാകയാൽ അത് പൊളിച്ച് മാറ്റി സൈറ്റ് ക്ലിയർ ചെയ്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയതിന് ശേഷം മാത്രമേ പണി തുടങ്ങുന്നതിന് സാധിക്കുകയുള്ളൂ എന്ന് പറഞ്ഞ് ഹെഡ്മിസ്ട്രസിന് പല തവണ കത്ത് നൽകിയിരുന്നെങ്കിലും നടപടി ഉണ്ടായിട്ടില്ല.

(ഡി) കെട്ടിടം പൊളിച്ച് മാറ്റി സ്ഥലം പൊതുമരാമത്തിന് കൈമാറിയാൽ മാത്രമേ പണി തുടങ്ങാൻ സാധിക്കുകയുള്ളൂ.

## പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ

81 (2925) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് കിഫ്ബി വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതോ കിഫ്ബിയുടെ പരിഗണനയിലുള്ളതോ പരിഗണനയ്ക്കായി സമർപ്പിക്കാൻ ഉദ്ദേശിക്കുന്നതോ ആയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പദ്ധതിയുടെ പുനർനാമകരണം

82 (2926) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പദ്ധതിയായ ചെർപ്പുളശ്ശേരി ഓവർ ബ്രിഡ്ജ് എന്ന പ്രവൃത്തി ചെർപ്പുളശ്ശേരി ബൈപാസ് നിർമ്മാണവും നഗരവികസനവും എന്ന് പുനർനാമകരണം ചെയ്യുവാൻ നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പുനർനാമകരണം ചെയ്യുവാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി തത്വത്തിൽ അനുമതി നൽകിയ 'ചെർപ്പുളശ്ശേരി പട്ടണത്തിലെ ഓവർബ്രിഡ്ജ് എന്ന പ്രവൃത്തിക്ക് പകരം 'ചെർപ്പുളശ്ശേരി ബൈപ്പാസ് നിർമ്മാണവും നഗരവികസനവും' എന്ന പ്രവൃത്തിക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 15,86,00,000 രൂപയ്ക്ക് (പതിനഞ്ച് കോടി എൺപത്തിയാറ് ലക്ഷം രൂപ മാത്രം) തത്വത്തിലുള്ള അനുമതി നൽകി 14-6-2019-ലെ സ.ഉ.(കൈ)നം.26/ 2019/ പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മഞ്ചേരി മെഡിക്കൽ കോളേജിൽ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സെക്ഷൻ

83 (2927) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ പി.ഡബ്ല്യൂ.ഡി.-യുടെ ഇലക്ട്രിക്കൽ സെക്ഷൻ എവിടെയെല്ലാം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വിഷയമാണ്. പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവിട്ടിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ

84 (2928) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ 252 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. ചീഫ് എഞ്ചിനീയർ | - | 3 |
| 2. സൂപ്രണ്ടിംഗ് എഞ്ചിനീയർ | - | 5 |
| 3. എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 21 |
| 4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 42 |
| 5. അസിസ്റ്റന്റ് എഞ്ചിനീയർ | - | 102 |
| 6. ഓവർസിയർ ഗ്രേഡ്-1 | - | 38 |
| 7. ഓവർസിയർ ഗ്രേഡ്-2 | - | 36 |
| 8. ലൈൻമാൻ | - | 4 |
| 9. ഡിവിഷണൽ അക്കൗണ്ടന്റ് | - | 1 |
| ആകെ | - | 252 |

## ഇലക്ട്രിക്കൽ വിഭാഗത്തിന് ഓഫീസുകളും തസ്തികകളും

85 (2929) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് പുതിയ ഓഫീസുകളും തസ്തികകളും സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് പുതിയ ഓഫീസുകളും തസ്തികകളും സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശയിന്മേൽ ആദ്യപടിയായി കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ് -II ബ്ലോക്കിൽ മൂന്ന് ഒന്നാംതരം ഓവർസിയർ, ഒരു രണ്ടാം തരം ഓവർസിയർ, 4 ലൈൻമാൻ എന്നിങ്ങനെ 8 അധിക തസ്തികകൾ ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. ബാക്കി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശയിന്മേൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ നബാർഡ്, സി.ആർ.എഫ്. പദ്ധതികൾ

86 (2930) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ്, കേന്ദ്ര റോഡ് ഫണ്ട് പദ്ധതികളിൻ കീഴിൽ കൊല്ലം ജില്ലയിൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ അനുവദിച്ച നബാർഡ് പദ്ധതിയുടെ വിശദാംശം അനുബന്ധം I* ആയും സി.ആർ.എഫ്. പദ്ധതികളുടെ വിശദാംശം അനുബന്ധം II* ആയും കെട്ടിട വിഭാഗത്തിന്റെ വിശദാംശം അനുബന്ധം III* ആയും ചേർത്തിരിക്കുന്നു.

## ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

87 (2931) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി എത്ര തുക വകയിരുത്തി എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ NABARD RIDF XX-ൽ ഉൾപ്പെടുത്തി പെരപ്പയം പാലത്തിനു 14-1-2015-ൽ 10.95 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 26-1-2016-ൽ പണി ആരംഭിക്കുകയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലത്തിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

KSTP-യുടെ കീഴിൽ ചടയമംഗലം മണ്ഡലത്തിലൂടെ കടന്നു പോകുന്ന കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള എം.സി. റോഡിന്റെ ഭാഗം KSTP-യുടെ മാതൃകാ സുരക്ഷാ ഇടനാഴി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചടയമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന എം.സി. റോഡിന്റെ ജംഗ്ഷനുകളുടെ നവീകരണം, ട്രാഫിക് സിഗ്നൽ സ്ഥാപിക്കൽ, ഫുട്പാത്ത്, ഹാൻഡ് റെയിൽ, ഉപരിതല പുനർ നിർമ്മാണം, റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ, ക്രാഷ് ബാരിയർ എന്നിവ സ്ഥാപിച്ച വരുന്നു. പ്രസ്തുത മാതൃക സുരക്ഷാ ഇടനാഴിക്കായി 1,46,67,38,745 രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്.

നിരത്തു, കെട്ടിടം വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

88 (2932) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹിച്ചതും നിർവ്വഹിച്ചുവരുന്നതുമായ മുഴുവൻ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി പൂർത്തിയാകാത്തവ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ശേഷിക്കുന്നതെന്നും ആയത് എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ KSTP യ്ക്ക് പദ്ധതികൾ ഒന്നും തന്നെയില്ല. നിരത്തു, ദേശീയപാത, കെട്ടിടം വിഭാഗങ്ങളുടെയും RBDCK യുടെയും പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് പ്രവൃത്തികൾ**

89 (2933) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് (എസ്.എൽ.ടി.എഫ്.) ഇനത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ എതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

**കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

90 (2934) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തിയ വർഷം ഏതാണെന്നും ഓരോ പ്രവൃത്തിക്കും നീക്കിവച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഇവയിൽ ഇൻവെസ്റ്റിഗേഷൻ ഇനിയും തുടങ്ങാത്ത പ്രവൃത്തികൾ, ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ പ്രവൃത്തികൾ, എസ്റ്റിമേറ്റ് തയ്യാറായ പ്രവൃത്തികൾ, ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികൾ, ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച തീയതികൾ, ടെണ്ടർ ചെയ്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്ത തീയതികൾ, പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ, എഗ്രിമെന്റ് വച്ച തീയതികൾ, ഇതുവരെ തുടങ്ങാത്ത പ്രവൃത്തികൾ തുടങ്ങിയവ സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഡി) കിഫ്ബിയിൽ അല്ലാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികൾ, ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികൾ, ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച തീയതികൾ, ടെണ്ടർ ചെയ്യുത പ്രവൃത്തികൾ, ടെണ്ടർ ചെയ്ത തീയതികൾ ,പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ, എഗ്രിമെന്റ് വെച്ച തീയതികൾ, ഇതുവരെ തുടങ്ങാത്ത പ്രവൃത്തികൾ തുടങ്ങിയവ സംബന്ധിച്ച മണ്ഡലം തിരിച്ചുള്ള വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ – ഡി) ഉത്തരം അനുബന്ധമായി ചേർക്കുന്നു*.

**പാലാരിവട്ടം മേൽപ്പാലനിർമ്മാണത്തിലെ ക്രമക്കേടുകൾ**

91 (2935) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം മേൽപ്പാല നിർമ്മാണത്തിൽ എന്തെല്ലാം ക്രമക്കേടുകളാണ് വിവിധ അന്വേഷണ ഏജൻസികൾ കണ്ടെത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) പാലാരിവട്ടം മേൽപ്പാലത്തിൽ 21-11-2017-ൽ CTE നടത്തിയ ഇൻസ്പെക്ഷനിൽ പാലത്തിന്റെ ടാറിംഗിലും ഡെക്ക് കണ്ടിന്യൂറ്റിയിലും കേടുപാടുകൾ ഉള്ളതായും പാലത്തിൽ കൂടിയുള്ള സുഗമമായ ഗതാഗതത്തിന് പോരായ്മയുള്ളതായും കണ്ടെത്തിയിരുന്നു. MoRTH-ന്റെ കൺസൾട്ടന്റ് ആയ TPFEL-ന്റെ 16-3-2018 ലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ഗർഡറുകളിലും obligatory span-ലെ പിയർ ഹെഡിലും ഇടപ്പള്ളി വശത്തെ സ്പാനിലെ POT PTFE ബെയറിംഗിലും ക്രാക്കുകൾ ഉള്ളതായും പാലത്തിലെ riding quality മോശമാണെന്നും വൈബ്രേഷൻ കൂടുതലാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് IIT Madras-നെ വിശദമായ പഠനങ്ങൾക്ക് ചുമതലപ്പെടുത്തിയതനുസരിച്ച് മേൽപ്പാലത്തിലെ കേടുപാടുകളെയും അതിൽ എടുത്തിട്ടുള്ള നടപടികളെയും കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പാലാരിവട്ടം മേൽപ്പാല നിർമ്മാണത്തിലെ അപാകതകൾ/ അഴിമതികൾ എന്നിവ സംബന്ധിച്ചും സാങ്കേതിക തകരാറുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനുമായി വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 13(1)(d) r/w13(2) IPC Section 120(B) വകുപ്പുകൾ പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ശ്രീ. സുമീത്ത് ഗോയൽ, മാനേജിംഗ് ഡയറക്ടർ, ആർ.ഡി.എസ്. പ്രോജക്ട്സ് ലിമിറ്റഡ് (കോൺട്രാക്ടർ)
2. M/s. നാഗേഷ് കൺസൾട്ടൻസി, ബാംഗ്ലൂർ
3. കിറ്റ്കോയിലെ ഉദ്യോഗസ്ഥർ
4. ആർ.ബി.ഡി.സി.കെ.-ലെ ഉദ്യോഗസ്ഥർ
5. പ്രഥമദൃഷ്ട്യാ തിരിച്ചറിയാത്ത മറ്റുള്ളവർ

എന്നിവർക്കെതിരെ വി.സി.01/2019/ഇ.കെ.എം. എന്ന നമ്പരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിന്റെ അന്വേഷണം പുരോഗമിച്ച് വരുന്നു. അന്വേഷണം നടത്തിയ Vigilance DySP നേരിട്ട് FIR കോടതിയിൽ കൊടുത്തതായി പത്രവാർത്തകൾ വന്നു കഴിഞ്ഞ് 11-6-19 ൽ രാവിലെ 9 മണിയ്ക്ക് Vigilance Director അതിന്റെ ഒരു കോപ്പി പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്ക് മെസഞ്ചർ വഴി നൽകിയിരുന്നു. അന്നു തന്നെ പൊതുമരാമത്ത് വകുപ്പ് മന്ത്രി അതു നിയമസഭയേയും അറിയിച്ചിരുന്നു. വിജിലൻസിന്റെ ഔദ്യോഗിക റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ കുറ്റക്കാർ ആരെല്ലാമെന്ന് അറിയാൻ കഴിയൂ.

## ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

92 (2936) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം എന്തെല്ലാം പുതിയ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; ഇതിനോടകം പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 2018-19 വർഷത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിനു കീഴിൽ 'ഡിടിഇ-ഷൊർണ്ണൂർ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ-ടോയ്‍ലെറ്റും വിശ്രമ മുറിയും നിർമ്മാണവും മറ്റു അറ്റകുറ്റപ്പണികളും' എന്ന പ്രവൃത്തിക്ക് 18-8-2018-ലെ ഡി4/15028/2018 നമ്പരായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 22.32 ലക്ഷം രൂപയാണ്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

ദേശീയപാത വിഭാഗത്തിനുകീഴിൽ വാണിയാങ്കുളം - വല്ലപ്പുഴ റോഡ് നവീകരണത്തിനായി 2018-19 ൽ കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി ഒപ്പ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

നിരത്ത് വിഭാഗത്തിനുകീഴിലെ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* സാങ്കേതികാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമായാലുടൻതന്നെ പ്രവൃത്തികൾ ടെണ്ടർ നടത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

93 (2937) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ അടങ്കൽ തുക എത്ര എന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ പ്രവൃത്തി ആരംഭിച്ചതിന്റെയും ടെണ്ടർ നടപടി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ നൽകാമോ;

(സി) ആരംഭിച്ച പ്രവൃത്തികളുടെ കാലാവധി എത്ര മാസമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ പൊതുമരാമത്ത് നിരത്ത്, ദേശീയപാത, കെട്ടിടം വിഭാഗങ്ങൾക്ക് കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനു കീഴിൽ 2016-17-ൽ 2 പദ്ധതികൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഭരണാനുമതി ലഭിച്ചു.

1. കന്നിപ്പുറം പാലം നിർമ്മാണം അടങ്കൽ തുക 10 കോടി
2. ആയയിൽ മുള്ളറവിള പാലം അടങ്കൽ തുക 10 കോടി

ടി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആധാര രജിസ്ട്രേഷൻ നടപടികളുടെ പരിഷ്കരണം

94 (2938) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എം. ഷാജി:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ലളിതവും സുതാര്യവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(സി) ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ലളിതവും സുതാര്യവുമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ ന്യായ വിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും പൊതുജനങ്ങൾക്ക് തന്നെ സ്വയം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കി. ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനും ആധാര രജിസ്ട്രേഷന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും രജിസ്ട്രേഷന് ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തി.

രജിസ്ട്രേഷൻ സംബന്ധമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരത്തോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ എണ്ണം A3 സൈസിൽ നിന്നും A4 സൈസിലേക്ക് മാറ്റുകയുണ്ടായി. സഹകരണ ബാങ്കുകൾ മുഖാന്തിരമുള്ള പണയാധാരങ്ങളായ ഗഹാനുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ആധാര രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള ഫോട്ടോയും വിരൽപതിപ്പും ഡിജിറ്റൽ ക്യാമറയുടെയും ബയോമെട്രിക് ഉപകരണത്തിന്റെയും സഹായത്തോടെ നേരിട്ട് ആധാരത്തിൽ പതിയുന്ന രീതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തി.

(സി) 2018-19 വർഷത്തിൽ സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് സി-ഡിറ്റുമായി സഹകരിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പത്തനംതിട്ട ജില്ലയിലെ 15 സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ ജോലികൾ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി 2019-20 സാമ്പത്തികവർഷത്തിൽ ബാക്കിയുള്ള 13 ജില്ലകളിലും നടപ്പിലാക്കുന്നതാണ്. ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തികവർഷം 1500 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ് നവീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ**

95 (2939) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ വ്യാപകമായിരുന്ന അഴിമതിയും ഇടനിലക്കാർ വഴി മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ എന്ന സ്ഥിതിയും മാറുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പുതുതായി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന എനിവെയർ രജിസ്ട്രേഷൻ സമ്പ്രദായപ്രകാരം ഭൂമി കൈമാറ്റം ഉൾപ്പെടെയുള്ള ഇടപാടുകൾ ഇനി എവിടെയിരുന്നും ചെയ്യാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) നൂറ് വർഷത്തിലേറെ പഴക്കമുള്ള സബ് രജിസ്ട്രാർ ഓഫീസുകളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കാൻ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി ഒഴിവാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാര വിവരങ്ങൾ ഓൺലൈനായി നൽകിക്കൊണ്ട് രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈൻ ടോക്കൺ എടുക്കാവുന്ന സംവിധാനം

ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് രജിസ്ട്രാർ ഓഫീസിൽ കാലതാമസം കൂടാതെ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

2. വിൽക്കുന്ന ആളിനോ, വാങ്ങുന്ന ആളിനോ തന്നെ രജിസ്ട്രേഷനായി ആധാരം സ്വയം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.

3. ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒടുക്കേണ്ട ഫീസുകൾ ഇ-പേമെന്റ് മുഖേന ട്രഷറിയിൽ ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഒരു ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

5. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

6. ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനം വിനിയോഗിച്ച് ഫീസ് ഒടുക്കുന്നതിനോടൊപ്പം ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ ജനങ്ങൾക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നുണ്ട്.

(ബി) എനിവെയർ രജിസ്ട്രേഷന്റെ സാധ്യതയെപറ്റിയും തുടർനടപടികൾ സംബന്ധിച്ചും പരിശോധിച്ചുവരുന്നു.

(സി) രജിസ്ട്രേഷൻ വകുപ്പിലെ 100 വർഷം പഴക്കമുള്ളവയുൾപ്പടെയുള്ള ഓഫീസുകളുടെ നിർമ്മാണം കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. അവയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആധാരം സ്വയം എഴുതി രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം

96 (2940) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം സ്വയം എഴുതി രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യത്തോട് പൊതുജനം വേണ്ടത്ര സഹകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പദ്ധതി ആരംഭിച്ചിട്ട് എട്ട് മാസം പിന്നിടുമ്പോൾ ഇത് ഉപയോഗപ്പെടുത്തിയത് മുന്നൂറോളം പേർ മാത്രമാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) നടപടിക്രമങ്ങളിലെ സങ്കീർണ്ണതയും തെറ്റ് പറ്റുമോ എന്ന ആശങ്കയും ജനങ്ങളെ പദ്ധതിയിൽ നിന്ന് പിന്തിരിപ്പിക്കുന്നതായി കരുതുന്നുണ്ടോ;

(ഡി) എങ്കിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആധാരം സ്വയം എഴുതി രജിസ്റ്റർ ചെയ്യുവാനുള്ള പദ്ധതി പ്രകാരം നാളിതുവരെ 1847 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി&ഡി) പൊതുജനങ്ങൾക്ക് ആധാരങ്ങൾ സ്വയം തയ്യാറാക്കുന്നതിന് സഹായകരമായ രീതിയിൽ 19 തരം ആധാരങ്ങളുടെ മാതൃകകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിലേയ്ക്കായി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ആധാരത്തോടൊപ്പം രജിസ്ട്രേഷനായി ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ വലിപ്പം A3 സൈസിൽ നിന്നും A4 സൈസിലേക്ക് മാറ്റിയിട്ടുണ്ട്. ഈ സേവനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്നതിനാൽ പൊതുജനങ്ങൾ ഈ പദ്ധതിയിൽ നിന്നും പിന്തിരിയുമെന്ന് കരുതുന്നില്ല.

## പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

97 (2941) ശ്രീ. സി കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ സബ്ബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സർക്കാർ ഭൂമിയോ/സ്വകാര്യ വ്യക്തികളിൽ നിന്നും ദാനമായോ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം**

98 (2942) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം എത്ര പുതിയ കെട്ടിടങ്ങളാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പുതിയ കെട്ടിട നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ രജിസ്ട്രേഷൻ വകുപ്പിലെ 51 ഓഫീസുകൾക്ക് (തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സുകൾ ഉൾപ്പെടെ) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കുമായി 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 30 കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാക്കിയുള്ള 21 കെട്ടിടങ്ങളുടേയും നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

99 (2943) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) നിയുക്ത പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് നിർദ്ദേശിച്ച ഭൂമി രജിസ്ട്രേഷൻ വകുപ്പിന് കൈമാറി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി അറിവുണ്ടോ?

ഉത്തരം

(എ&ബി) എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് വിട്ടു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) ഇല്ല.

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം**

100 (2944) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കുമോ; പ്രസ്തുത കോർപ്പറേഷൻ നിലവിൽ ഏറ്റെടുത്ത് നടത്തുന്ന പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്ന ഏതെല്ലാം പദ്ധതികളുടെ സാധ്യതാപഠനം ഇതിനകം പൂർത്തിയാക്കിയെന്നും ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് റെയിൽവേ ബോർഡ് അംഗീകാരം നൽകിയെന്നും വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സെമി ഹൈസ്പീഡ് ട്രെയിൻ സർവ്വീസിനുള്ള അനുമതിയ്ക്കായി റെയിൽവേ ബോർഡിനെ സമീപിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പ്രതീക്ഷിത ചെലവ് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കേണ്ടി വരുമോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള

സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു.

ഇതിന്റെ ഭാഗമായി താഴെ പറയുന്ന നാല് പദ്ധതികളുടെ വിശദമായ സാധ്യതാ പഠനം നടത്തി റെയിൽവേ ബോർഡിന് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

1. തലശ്ശേരി-മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. നിലമ്പൂർ-നഞ്ചൻ ഗുഡ് ബ്രോഡ് ഗേജ് പാത
4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ

പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

(സി&ഡി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും പാത എന്നത് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിനു സമർപ്പിക്കുവാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേക്കായി 'സിസ്ട്ര' എന്ന സ്ഥാപനത്തെ ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

56,442 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

പദ്ധതിയുടെ ധന ശേഖരണ രൂപം ചുവടെ വിവരിക്കുന്നു:

| Parties | % contribution | Amount |
|---|---|---|
| Equity<br>• GoK<br>• Land EIA & R&R (GoK)<br>• GoI | <br>12%<br><br>13%<br>12% | <br>7720 Cr<br><br>8656 Cr<br>7720 Cr |
| Subordinated Debt<br>• GoK<br>• GoI | <br>5%<br>5% | <br>3564 Cr<br>3564 Cr |
| Debt<br>• JICA or other agency<br>• IDC | <br>52%<br>1% | <br>34454 Cr<br>727 Cr |
| Total | 100% | 66405 Cr |

ഇതുപ്രകാരം കേരള സർക്കാരിൽ ഭൂമി ഏറ്റെടുത്തു നൽകുന്നതിനുള്ള 8650 കോടി രൂപയടക്കം 19,940 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രതീക്ഷിത ചെലവിന്റെ 30% ആണ്. കേരളം വിപുലമായ റെയിൽവേ വികസനം ആഗ്രഹിക്കുന്നുണ്ട്. കേരളത്തിലെ അടിസ്ഥാന റെയിൽ വികസന മേഖലയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കേരളത്തിനോട് അവഗണനയാണ് ഉള്ളത്. റെയിൽവേ നിർമ്മിക്കേണ്ടത് കീഴ്‌വഴക്ക പ്രകാരം ഇന്ത്യൻ റെയിൽവേയാണ്. ഇപ്പോൾ സംസ്ഥാനത്തിന്റെ ചുമലിൽ ചെലവ് ഭാരം ഇറക്കിവയ്ക്കുകയാണ്. നമുക്ക് റെയിൽവേ ആവശ്യമായതിനാൽ ഗത്യന്തരമില്ലാതെ പലതും വഹിയ്ക്കേണ്ടിവരുന്നു. ഈ പദ്ധതിയുടെ കാര്യം അന്തിമമായി സർക്കാർ തീരുമാനിക്കുന്നതാണ്.

### നേമം റെയിൽവേ ടെർമിനലിന് സ്ഥലം ഏറ്റെടുക്കൽ

101 (2945) <u>ശ്രീ. ഒ. രാജഗോപാൽ :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം നേമം റെയിൽവേ ടെർമിനൽ തുടങ്ങുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏതുവരെയായി; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

നേമം റെയിൽവേ ഇരട്ടിപ്പിക്കലിനും പുതിയ കോച്ചിംഗ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി തൈയ്ക്കാട്, തിരുമല, നേമം, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ സ്ഥലം 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നേമം ടെർമിനൽ നിർമ്മാണം ഉൾപ്പെടുന്ന തിരുവനന്തപുരം-നേമം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് 13.7489 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. റിക്വസിഷൻ അതോറിറ്റിയായ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സതേൺ റെയിൽവേ സമർപ്പിച്ച അർത്ഥനയിലും അലൈൻമെന്റിലും അപാകതകൾ ഉള്ളതിനാലാണ് നടപടികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്.

2013 - ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള സാമൂഹ്യാഘാതപഠനം നടത്തുന്നതിനുള്ള ഏജൻസിയെ തീരുമാനിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതും ആയത് ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ ഏജൻസിയെ തിരഞ്ഞെടുത്ത് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.

## രാജ്യറാണി എക്സ്പ്രസ് സർവ്വീസ് നാഗർകോവിൽ വരെ നീട്ടുന്നതിനുള്ള നടപടി

102 (2946) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനതപുരം നഗരത്തിൽ എത്തിച്ചേരുവാൻ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രെയിൻ സർവ്വീസ് നാഗർകോവിൽ വരെ നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## ഏറ്റുമാനൂർ-ചിങ്ങവനം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ

103 (2947) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-ചിങ്ങവനം ഭാഗത്ത് റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുവാനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ഭൂമി ഏറ്റെടുക്കലിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറ്റുമാനൂർ-ചിങ്ങവനം ഭാഗത്ത് റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതിനായി ഏറ്റെടുക്കുന്നതിന് മുട്ടമ്പലം, പെരുമ്പായിക്കാട്, അതിരമ്പുഴ എന്നീ വില്ലേജുകളിലെ ഭൂമി ബാക്കി നിൽക്കുന്നു. പ്രസ്തുത വില്ലേജുകളിലെ ഡയറക്ട്/നെഗോഷ്യബിൾ പർച്ചേസ് മുഖാന്തരം ഏറ്റെടുക്കുവാൻ നിശ്ചയിച്ചിരുന്നുവെങ്കിലും കക്ഷികൾ രേഖ ഹാജരാക്കാത്തതിനാലും ഭൂമി വിട്ടു നൽകുവാൻ തയ്യാറാകാത്തതിനാലും LARR Act 2013 പ്രകാരം ഏറ്റെടുക്കുവാൻ SIA study ഉൾപ്പെടെ നിയമാനുസൃത നടപടിക്രമങ്ങൾ നടന്നുവരുന്നു. പ്രസ്തുത സ്ഥലങ്ങളുടെ 11(1) വിജ്ഞാപനം നിയമാനുസൃതം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആർ. ആർ. പാക്കേജ് ലാന്റ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ഡിക്ലറേഷൻ പരസ്യപ്പെടുത്തുന്നതിനും ബി. വി. ആർ. അംഗീകരിക്കുന്നതിനും അവാർഡ് എൻക്വയറി നടത്തുന്നതിനും അടിയന്തരമായി നടപടികൾ സ്വീകരിച്ചു വരുന്നു. നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയാൽ ഉടൻ ഭൂമി റെയിൽവേയ്ക്ക് കൈമാറുന്നതാണ്.

(ബി) മുളന്തുരുത്തി-ചെങ്ങന്നൂർ റെയിൽപാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് രണ്ടാം റീച്ചിൽ ഉൾപ്പെട്ട ഏറ്റുമാനൂർ മുതൽ ചിങ്ങവനം വരെ നാളിതുവരെ ഏറ്റെടുത്ത ഭൂമി 4.7402 ഹെക്ടർ ഇനി ഏറ്റെടുക്കുവാനുള്ളത് 4.3214 ഹെക്ടർ. ആയതിൽ 3.9872 ഹെക്ടർ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ബാക്കി 0.3342 ഹെക്ടർ സ്ഥലം ലാന്റ് ട്രാൻസ്ഫർ മുഖാന്തിരം ഏറ്റെടുത്തു വരുന്നു.

## റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്ന ഏജൻസി

104 (2948) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സർക്കാർ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെയാണോ ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ നടത്തിയ റെയിൽവേ മേൽപ്പാലനിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.), കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) എന്നീ ഏജൻസികളെയാണ് സർക്കാർ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ഇതിൽ ആർ.ബി.ഡി.സി.കെ. മുഖേന നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ വിവരങ്ങളും 27-4-2018-ലെ സ.ഉ (സാധാ) നം.780/2018/ പൊ.മ.വ. പ്രകാരം കെ.ആർ.ഡി.സി.എൽ.-നെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ 27 റെയിൽവേ മേൽപ്പാലങ്ങളുടെ വിവരങ്ങളും അനുബന്ധം * ആയും ചേർക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ബി.ഡി.സി.കെ. എരുർ, കുഞ്ഞിപ്പള്ളി, തിരുനെട്ടൂർ എന്നീ മേൽപ്പാലങ്ങൾ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. 2016-നുമുമ്പ് ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ച കാരിത്താസ് മേൽപ്പാലത്തിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും കരമന, മുളന്തുരുത്തി, ഫറൂക്ക്, പാവങ്ങാട് എന്നീ മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ അവസാന ഘട്ടത്തിലുമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ച 70 ആർ.ഒ.ബി.-കളുടെ സ്ഥിതി ചുവടെ ചേർക്കുന്നു:

| | |
|---|---|
| കിഫ്ബി അംഗീകാരം ലഭിച്ച് ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചത് | 24 |
| കിഫ്ബി അംഗീകാരം ലഭിച്ച് ഭൂമി ഏറ്റെടുക്കൽ ആരംഭിക്കേണ്ടത് | 1 |
| കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നത് | 6 |
| കിഫ്ബി അംഗീകാരം നൽകാത്തത് | 1 |
| ഡി.പി.ആർ. പുരോഗമിക്കുന്നത് | 38 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.ആർ.ഡി.സി.എൽ.-നെ ചുമതലപ്പെടുത്തിയ 27 മേൽപ്പാലങ്ങളുടെ ജനറൽ അറൈഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) പൂർത്തിയാക്കി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ജി.എ.ഡി.-കളിൽ രണ്ടെണ്ണം ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ (സി.ബി.ഇ.) സതേൺ റെയിൽവേ അംഗീകരിക്കുകയും തുടർന്നുള്ളവ റെയിൽവേയുടെ പരിഗണനയിലുമാണ്. കെ.ആർ.ഡി.സി.എൽ.-നെ ചുമതലപ്പെടുത്തിയ മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

## അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന് സ്ഥലം

105 (2949) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അനുവദിച്ച ഫണ്ട് റിസംപ്ഷൻ ആയി സർക്കാർ ഏറ്റെടുത്തതിനുശേഷം നാളിതുവരെ തിരികെ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ട് തിരികെ നൽകുന്നതിനായി എന്തെല്ലാം നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റിസംപ്ഷൻ ആയി ഏറ്റെടുത്ത പ്രകാരമുള്ള എത്ര തുകയാണ് റവന്യൂ വകുപ്പിന് തിരികെ നൽകാനുള്ളത്; ആയത് അടിയന്തരമായി തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുത്ത കേസിൽ പുനർ നിർണ്ണയിച്ച നഷ്ടപരിഹാര തുകയായ 1,23,36,445 രൂപ മഞ്ചേരി പൊതുമരാമത്ത് (നിരത്ത്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലമെടുപ്പ് ഓഫീസറായ മലപ്പുറം എൽ.എ.(ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ അക്കൗണ്ടിലേക്ക് 31-3-2018-ന് നിക്ഷേപിക്കുകയും പ്രസ്തുത അക്കൗണ്ടിൽ നിന്നും 31-3-2018-ന് തന്നെ മേൽ തുക റിസംപ്ഷൻ ഓഫ് ഫണ്ട് ആയി ധനകാര്യ വകുപ്പ് തിരികെ എടുത്തതിനാൽ ആയത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് മലപ്പുറം എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാരാണെന്ന് മഞ്ചേരി പൊതുമരാമത്ത് (നിരത്ത്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് തിരിച്ചെടുത്ത മേൽ തുക തിരികെ ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) റിസംപ്ഷൻ ആയി തിരിച്ചെടുത്ത തുകയിൽ ബാക്കി 1 കോടി രൂപയാണ് തിരികെ അനുവദിക്കേണ്ടത്. ആയത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## വിദ്യാഭ്യാസ അവകാശ നിയമം

106 (2950) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയും നടപ്പിലാക്കുവാനുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച ഡോ.എം.എ. ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ പല ശിപാർശകളും വിദ്യാഭ്യാസ അവകാശ നിയമത്തിന് ഘടകവിരുദ്ധമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റി വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

### ഉത്തരം

(എ) 'സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം 2009' കേരളത്തിൽ നടപ്പിലാക്കുന്നതിനായി 6-5-2011 പ്രാബല്യത്തിൽ 30-4-2011 ലെ ജി.ഒ.(പി) നം.100/2011/പൊ.വി.വ. പ്രകാരം ചട്ടങ്ങൾ രൂപവത്കരിച്ചിട്ടുണ്ട്. ഇതോടെ കേന്ദ്ര നിയമം കേരളത്തിൽ നടപ്പായിട്ടുണ്ട്. എന്നാൽ നിയമം പൂർണ്ണമായി സംസ്ഥാനത്ത് നടപ്പിലായി എന്ന് പറയാനാകില്ല. നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തുന്നതിന് രൂപവൽക്കരിച്ച ഡോ. എം. എ. ഖാദർ, ചെയർമാനായ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിക്കുന്നത്.

(ബി&സി) ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് എല്ലാ മേഖലകളിലേയും എല്ലാ തനിമകളും അതുപോലെ തന്നെ നിലനിർത്തിക്കൊണ്ട് ഒരു യൂണിറ്റായി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് സംയോജനം കൊണ്ട് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ ഘടനയുടെ ഭാഗമായുള്ള വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെ കുറിച്ചുമുള്ള നിർദ്ദേശങ്ങളുമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## വി.എച്ച്.എസ്.ഇ. യിൽ പുതിയ കോഴ്സുകൾ

107 (2951) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 അദ്ധ്യയനവർഷം സംസ്ഥാനത്ത് പുതിയ വി.എച്ച്.എസ്.ഇ. കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകളാണെന്നും പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) വി.എച്ച്.എസ്.ഇ. യിൽ ഹോട്ടൽ മാനേജ്മെന്റ് വിഷയം ഉൾപ്പെടുന്ന കോഴ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഹോട്ടൽ മാനേജ്മെന്റുമായി ബന്ധപ്പെട്ട പുതിയ കോഴ്സുകൾ വി.എച്ച്.എസ്.ഇ.-യിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കോഴ്സുകൾ അടിയന്തരമായി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ തൊഴിൽ നൈപുണി വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 35 ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളെ NSQF അധിഷ്ഠിത സ്കൂളുകളായി 2019-20 വർഷം പരിവർത്തനം ചെയ്തിട്ടുണ്ട്. പരമ്പരാഗത വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും നിലവിലില്ല.

(ബി&സി) ഉണ്ട്. നിലവിൽ ഫുഡ് & റെസ്റ്റോറന്റ് മാനേജ്മെന്റ് എന്ന കോഴ്സ് സ്കൂളുകളിൽ നടക്കുന്നുണ്ട്.

## ചലഞ്ച് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

108 (2952) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ചലഞ്ച് ഫണ്ട് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര സ്കൂളുകൾക്ക് ഓരോ ജില്ലയിലും സഹായധനം നൽകിയെന്നും അതിനായി ഒരോ സ്കൂളിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ചലഞ്ച് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ;

(ഡി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളാണ് ചലഞ്ച് ഫണ്ടിനായി അപേക്ഷ നൽകിയിരുന്നത് ; അവയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി 44 എയ്ഡഡ് സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള സ്കൂൾ ലിസ്റ്റ് അനുബന്ധം I-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(സി) 1-3-2018-ലെ സ.ഉ.(അച്ചടി)നമ്പർ 30/2018/ധന നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2 ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(ഡി) അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഘടനാമാറ്റം**

109 (2953) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ കമ്മീഷൻ ഡോ. ഡി.എസ്.കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും തമ്മിലുള്ള വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എപ്രകാരം മറികടക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഘടനാമാറ്റം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായ തരത്തിലുള്ളതാകയാൽ മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വിദ്യാർത്ഥികളെ അത് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കലാകായിക അദ്ധ്യാപക നിയമനത്തിലെ ക്ലസ്റ്റർ സംവിധാനം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ലംഘനമായതിനാൽ അക്കാര്യം പരിശോധിക്കുമോ;

(ഡി) ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതോടുകൂടി ഒരു സ്കൂളിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടാകുന്നത് കൂടുതൽ പ്രശ്നങ്ങളിലേക്കും തർക്കങ്ങളിലേക്കും നയിക്കുവാൻ സാധ്യതയില്ലേ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രൈമറി വിദ്യാഭ്യാസത്തിന്റെയും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ഡയറക്ടറേറ്റുകൾ ഉണ്ടാക്കുന്നതിന് പകരം ഇവയെ ഏകീകരിക്കുന്നത് ഒട്ടും ഗുണകരമാകില്ലായെന്ന വസ്തുത പരിഗണിച്ച് ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് നിർത്തിവയ്ക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഡോ. ഡി. എസ്. കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും പരിഗണിച്ചാണ് ഖാദർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

(ബി) നിലവിൽ അംഗീകരിച്ച ഘടനാമാറ്റം കൊണ്ട് സ്കൂളിനെ ഒരു യൂണിറ്റായി മാറ്റി കുട്ടികളുടെ ശരിയായ പഠനത്തിനും വികസനത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് ഘടനാമാറ്റം യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ല.

(സി) കുട്ടികൾക്ക് ശാസ്ത്രീയമായ കലാകായിക പരിശീലനം നൽകുന്നതിന് യോഗ്യരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) വിദ്യാഭ്യാസ സംവിധാനത്തിലെ അടിസ്ഥാന ഘടകമായ സ്കൂളുകളിൽ ഒരു സ്ഥാപന മേധാവി മാത്രമേ ഉണ്ടാകുകയുള്ളൂ. പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവ നിലവിലുള്ള സ്കൂളുകളിൽ എല്ലാ വിഭാഗങ്ങളെയും ഏകോപിപ്പിച്ച് സ്ഥാപന മേധാവിയായി ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ പ്രവർത്തിക്കും. നിലവിലെ ഹൈസ്കൂളിലെ എച്ച്.എം.തസ്തിക വൈസ് പ്രിൻസിപ്പലായി പുന:നാമകരണം ചെയ്ത് നിലവിലെ ചുമതലകൾ തന്നെ നിർവ്വഹിക്കുന്നതാണ്.

(ഇ) ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വിവിധ ഡയറക്ടറേറ്റുകളുടെ ഏകീകരണം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. ഏകീകരണവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ട സാഹചര്യം നിലവിലില്ല.

## സ്വകാര്യ-അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ കുട്ടികൾ

110 (2954) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ കുട്ടികൾ സ്വകാര്യ- അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) എത്ര ജീവനക്കാരുടെ കുട്ടികൾ സ്വകാര്യ - അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവര ശേഖരണം നടത്തിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാലയ നവീകരണത്തിന് ഫണ്ട്

111 (2955) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കോടി, മൂന്ന് കോടി, അഞ്ച് കോടി എന്നിങ്ങനെ വിദ്യാലയ നവീകരണത്തിന് ഫണ്ട് അനുവദിച്ചപ്പോൾ ചില വിദ്യാലയങ്ങൾക്ക് തുക പരിമിതമായിപ്പോവുകയും മറ്റ് ചില സ്കൂളുകൾക്ക് ആവശ്യത്തിലധികമാവുകയും ചെയ്തിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടികളുടെ എണ്ണത്തിന്റെയും മാസ്റ്റർ പ്ലാനുകളുടെയും അടിസ്ഥാനത്തിൽ വിദ്യാലയങ്ങളുടെ ആവശ്യകത ഒരു വിദഗ്ദ്ധ സമിതി മുഖേന പരിശോധിച്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സാഹചര്യം കണക്കിലെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കേണ്ട വിദ്യാലയങ്ങൾ കണ്ടെത്തി ഫണ്ട് നൽകാനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശരിയായ രീതിയിൽ വിജയത്തിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള നിർമ്മാണത്തിനായി സ്കൂളുകൾ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയതും തുക അനുവദിച്ചിട്ടുള്ളതും അതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചും സ്കൂളുകളുടെ ആവശ്യമനുസരിച്ചും തയ്യാറാക്കിയ DPR അനുസരിച്ചാണ്. പ്രസ്തുത DPR പരിശോധിച്ച് 'കിഫ്ബി' norms അനുസരിച്ചാണ് കിഫ്ബി ധനസഹായം നൽകിയിട്ടുള്ളത്.

(ബി) കുട്ടികളുടെ എണ്ണത്തിന്റെയും മാസ്റ്റർ പ്ലാനുകളുടെയും അടിസ്ഥാനത്തിൽ വിദ്യാലയങ്ങളുടെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിച്ചു വരുന്നത്.

(സി) ടി കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശരിയായ രീതിയിൽ തന്നെയാണ് വിജയത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നത്.

**സ്കൂൾ വിദ്യാഭ്യാസം ഒരു കുടക്കീഴിൽ**

112 (2956) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ട് വർഷത്തെ സ്കൂൾ വിദ്യാഭ്യാസം ഒരു കുടക്കീഴിലാക്കുന്നത് കൊണ്ട് വിദ്യാഭ്യാസരംഗത്ത് എന്ത് മാറ്റമാണ് പ്രതീക്ഷിക്കുന്നത്;

(ബി) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള കസ്തൂരിരംഗൻ ചെയർമാനായ കമ്മിറ്റി തയ്യാറാക്കിയ വിദ്യാഭ്യാസ നയത്തിന്റെ കരടിൽ ഹയർ സെക്കന്ററി വിഭാഗത്തെ ഒഴിവാക്കി 11, 12 ക്ലാസ്സുകൾ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ശിപാർശ ഖാദർ കമ്മിറ്റിയുടെ ശിപാർശകൾക്ക് കടകവിരുദ്ധമാണോ എന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) വിദ്യാലയങ്ങൾക്ക് നിലവിൽ ലഭ്യമായ വിഭവങ്ങൾ ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ ലാബുകൾ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുന്നതിനും ഫണ്ട് വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുട്ടികൾക്ക് പ്രയോജനകരമായ സമഗ്ര പദ്ധതികൾ നടപ്പിലാക്കുന്നതിനും വ്യത്യസ്ത

നിയന്ത്രണാധികാരികൾ ഒരേ കാമ്പസിലെ വിവിധ തലം സ്കൂളുകൾക്ക് ഉണ്ടാക്കുന്ന ഒട്ടേറെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏകീകരണം സഹായകമാകും.

(ബി&സി) ക്ലാസ്സിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് ശരിയായ പഠനത്തിനും വികാസത്തിനും ഉതകുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുന്നതിനാണ് ഖാദർ കമ്മിറ്റി റിപ്പോർട്ട് ഊന്നൽ നൽകുന്നത്. പുതിയ വിദ്യാഭ്യാസ നയത്തിന്റെ കരട് മാത്രമേ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. നയരേഖ പ്രൊഫ. ഖാദർ കമ്മിറ്റി റിപ്പോർട്ടുമായി വിശദമായി താരതമ്യം ചെയ്ത് പഠിക്കേണ്ടതുണ്ട്.

## സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന വായനോത്സവം

113 (2957) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ 19 -ന് കേരള ഗ്രന്ഥശാല -സംഘം ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി വായനോത്സവം സംഘടിപ്പിക്കുന്നുണ്ടോ ;

(ബി) ഏതൊക്കെ പുസ്തകങ്ങളാണ് വായനോത്സവത്തിൽ വിദ്യാർത്ഥികൾ വായിക്കേണ്ടത്;

(സി) ഹൈസ്കൂൾ വിദ്യാർത്ഥികൾ നവോത്ഥാനം, ശബരിമല, മതനിരപേക്ഷത എന്ന പുസ്തകമാണോ വായിക്കേണ്ടത്;

(ഡി) ശബരിമല വിഷയുമായി ബന്ധപ്പെട്ട നടപടികൾ സാധൂകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പുസ്തകമായതിനാൽ ഇത് വായനോത്സവത്തിൽ നിന്നും ഒഴിവാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകരിച്ചിട്ടുള്ള അക്കാദമിക് കമ്മിറ്റിയാണ് വായനോത്സവത്തിനുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നത്. അക്കാദമിക് കമ്മിറ്റി തെരഞ്ഞെടുത്തിട്ടുള്ള പുസ്തകങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പതിനാല് പുസ്തകങ്ങളിൽ ഒന്നു മാത്രമാണ് ഇത്.

(ഡി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അക്കാദമിക് കമ്മിറ്റിയുടെ തീരുമാനത്തിൽ ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുത്തൻതോട് ഗവ.ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവൃത്തി

114 (2958) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽപ്പെട്ടതും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് കോടിരൂപ അനുവദിച്ചതുമായ പുത്തൻതോട് സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണപ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്കാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുത്തൻതോട് സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണത്തിന് വേണ്ടി അവിടെയുണ്ടായിരുന്ന ഒരു കെട്ടിടം പൊളിച്ചുമാറ്റി. എന്നാൽ സ്ഥല പരിമിതി മൂലം പ്ലാനിൽ ചില മാറ്റങ്ങൾ അനിവാര്യമായിരുന്നു. പുതുക്കിയ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പണികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) സി.എം.കെ. പ്രോജക്റ്റ്സ് എന്ന സ്ഥാപനത്തിനാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ നൽകിയിരിക്കുന്നത്. കരാറിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു*.

(സി&ഡി) കരാറുകാരന് 2019 ഡിസംബർ മാസം പണികൾ പൂർത്തിയാക്കുവാനുള്ള സമയം അനുവദിച്ചിട്ടുണ്ട്. അതിനുള്ളിൽ പണികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെങ്ങന്നൂരിലെ യു.പി., എൽ.പി. സ്കൂളുകൾ

115 (2959) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചെങ്ങന്നൂരിലെ എൽ.പി., യു.പി. സ്കൂളുകളുടെ സമഗ്രവികസന പദ്ധതിയിൽ ഏതെല്ലാം സ്കൂളുകളാണ് ഏറ്റെടുത്തിട്ടുള്ളത് ;വിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സ്കൂളുകളുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് എൽപ്പിച്ചത്; വിശദമാക്കാമോ;

(സി) ചെങ്ങന്നൂർ കിഴക്കേനട യു.പി. സ്കൂളിന്റെ പേരു മാറ്റുന്നത് സംബന്ധിച്ച അപേക്ഷ നൽകിയിട്ട് ആറ് വർഷം കഴിഞ്ഞിട്ടും തീരുമാനം ആകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ചുവടെ പറയുന്ന 9 സ്കൂളുകൾക്കാണ് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളത്:

| | |
|---|---|
| 1 | ഗവ. യു.പി. സ്കൂൾ പെണ്ണുക്കര |
| 2 | ഗവ. യു.പി. സ്കൂൾ പെരിശ്ശേരി |
| 3 | ഗവ. എച്ച്.എസ്. ബുധനൂർ (യു.പി. വിഭാഗം) |
| 4 | ഗവ. എച്ച്.എസ്.എസ്. പുലിയൂർ |
| 5 | ഗവ. ജെ.ബി.സ്കൂൾ വെൺമണി |
| 6 | ഗവ. ജെ.ബി. സ്കൂൾ ചെറിയനാട് |
| 7 | ഗവ. എൽ.പി. സ്കൂൾ, പെരിങ്ങിള്ളിപ്പുറം |
| 8 | ഗവ. ജെ.ബി. സ്കൂൾ പുന്നാല |
| 9 | ഗവ. ജെ.ബി. സ്കൂൾ ചെങ്ങന്നൂർ |

(ബി) പി.ഡബ്ല്യു.ഡി., എൽ.എസ്.ജി.ഡി. എന്നീ വകുപ്പുകളെയാണ് കെട്ടിട നിർമ്മാണം ഏർപ്പിച്ചിട്ടുള്ളത്.

(സി) സ്കൂളുകളുടെ പേര് മാറ്റുന്നത് സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുന്നത് അതത് ഡി.ഡി.ഇ. മാരാണ്. തീരുമാനമാകാത്തതിന്റെ കാരണം പരിശോധിക്കുന്നതാണ്.

**വിദ്യാർത്ഥികൾ മരംനടുന്ന പദ്ധതി**

116 (2960) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള താപനത്തെ നേരിടുന്നതിന് വർഷത്തിലൊരിക്കൽ വിദ്യാർത്ഥികൾ മരംനടുന്ന പദ്ധതി കൊണ്ട് പ്രയോജനമൊന്നും ഉണ്ടാകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾ ബിരുദയോഗ്യത നേടണമെങ്കിൽ കുറഞ്ഞത് പത്ത് മരമെങ്കിലും നടണമെന്ന നിബന്ധന ഫിലിപ്പിയൻസ് സർക്കാർ ഏർപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള നിബന്ധന സംസ്ഥാനത്തും പ്രാവർത്തികമാക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## മഹാപ്രളയത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ടായ സാമ്പത്തിക നഷ്ടം

117 (2961) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ടായ സാമ്പത്തിക നഷ്ടം വിലയിരുത്തിയിട്ടുണ്ടോ യെന്നറിയിക്കുമോ;

(ബി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ കേടുപാടു പറ്റിയ കെട്ടിടങ്ങളുടെ പരമാവധി പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിവിധ സ്കൂളുകളിൽ നൽകിയിരുന്നതും പ്രളയത്തിൽ കേടു വന്നതുമായ കമ്പ്യൂട്ടർ, ലാപ് ടോപ്, പ്രൊജക്ടർ എന്നിവ പുന:സ്ഥാപിച്ചിട്ടുണ്ടോ യെന്നറിയിക്കുമോ;

(ഡി) വാറന്റി കാലാവധി കഴിയാത്തതിനാൽ കമ്പ്യൂട്ടർ, ലാപ് ടോപ്, പ്രൊജക്ടർ എന്നിവയ്ക്ക് പകരം പുതിയവ ബന്ധപ്പെട്ട കമ്പനികൾ പുന:സ്ഥാപിച്ചിട്ടുണ്ടോ;

(ഇ) കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധത സ്കീമിൽ (CSR)ഉൾപ്പെടുത്തി മറ്റേതെങ്കിലും സഹായങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുന്നോടിയായി കേടുപാടു പറ്റിയ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പരമാവധി പൂർത്തിയായിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്ത സ്കൂളുകളിൽ അദ്ധ്യയനം തടസ്സം വരാത്ത രീതിയിൽ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വിവിധ സ്കൂളുകളിൽ പ്രളയത്തിൽ കേടുവന്ന കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ പരമാവധി പുനഃസ്ഥാപിച്ചിട്ടുണ്ട്. പുനഃസ്ഥാപിക്കാൻ കഴിയാത്ത സ്കൂളുകളിൽ ഇവ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു.

(ഡി) വാറന്റി കാലാവധി കഴിയാത്തതിനാൽ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയ്ക്ക് പകരം പുതിയവ ബന്ധപ്പെട്ട കമ്പനികൾ പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്.

(ഇ) തൃശ്ശൂർ ജില്ലയിൽ '100 ഫോർ 100 ഫൗണ്ടേഷൻ', ഹൈദ്രാബാദ്, 'ബ്ലൂം ഇൻഡ്യാ ലിമിറ്റഡ്' എന്നീ കമ്പനികൾ മുഖാന്തിരം 3 സ്കൂളുകളിൽ പുനരുദ്ധാരണത്തിനും ശുചിമുറി നിർമ്മാണത്തിനും ഫണ്ട് ലഭിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ 'ഏഷ്യാനെറ്റ് പ്ലാൻ ഇൻഡ്യ'-യുടെയും 'കെ.എസ്.എഫ്.ഇ.'യുടേയും നേതൃത്വത്തിൽ ആർ.ഒ. പ്ലാന്റ് സംവിധാനം ഒരു സ്കൂളിൽ ഒരുക്കിയിട്ടുണ്ട്.

കൂടാതെ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന്റെ സി.എസ്.ആർ. ഫണ്ടിൽ നിന്നും 50,00,000 (അൻപത് ലക്ഷം) രൂപയുടെ സഹായം ലഭ്യമാക്കുന്നതിനായി കഴിഞ്ഞ വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പൂർണ്ണമായി തകർന്ന 5 സർക്കാർ സ്കൂളുകളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ രംഗത്ത് കൈറ്റിന്റെ പ്രവർത്തനങ്ങൾ**

118 (2962) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>
<u>ശ്രീ. ആന്റണി ജോൺ</u>
<u>ശ്രീ. എം. മുകേഷ്</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്കരണം നടത്തുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ്

ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ രംഗത്ത് കൈറ്റിന്റെ പ്രധാന പ്രവർത്തന മേഖലകൾ എന്തെല്ലാമാണ്;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എന്തെല്ലാം ചുമതലകളാണ് കൈറ്റ് നിർവഹിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഐ.ടി./ഐ.ടി. അനുബന്ധ പ്രവർത്തനങ്ങൾക്ക് പുറമേ പശ്ചാത്തല സൗകര്യ വികസനത്തിനായി കൈറ്റിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനിക വത്കരണം നടത്തുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

1. എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു.

2. 4751 ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉൾപ്പെടെ 11765 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി.

3. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4. 5 കോടി രൂപ ഓരോ സ്കൂളിനും ചെലവഴിച്ച് 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

5. ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 383 സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി.

6. 500-നും ആയിരത്തിനുമിടയിൽ വിദ്യാർത്ഥികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി 1 കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതി.

7. ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' വിഭവ പോർട്ടൽ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

8. ഹൈസ്കൂൾ ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) വിദ്യാഭ്യാസ മേഖലയിൽ (പൊതുവിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും) ഐ.ടി. അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൽ ഉള്ളടക്കം തയ്യാറാക്കൽ, ഇ-ഗവേണൻസ്, കൈറ്റ് വിക്ടേഴ്സ് ചാനൽ സംപ്രേഷണം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പശ്ചാത്തല സൗകര്യ വികസനങ്ങൾ തുടങ്ങിയവയാണ് 'കൈറ്റി'ന്റെ പ്രധാന പ്രവർത്തന മേഖലകൾ.

(സി) എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഹൈടെക് സ്കൂൾ പദ്ധതി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിലെ ഹൈടെക് ലാബ് പദ്ധതി, സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതി തുടങ്ങിയവ നടപ്പിലാക്കുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 'കൈറ്റ്' നിർവ്വഹിക്കുന്ന പ്രധാന ചുമതലകൾ.

(ഡി) ഉണ്ട്; വിദ്യാഭ്യാസ മേഖലയിലെ ഐ.ടി./ഐ.ടി. അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൈറ്റിന്റെ ഐ.ടി. ഡിവിഷനും പശ്ചാത്തല സൗകര്യ വികസനത്തിനായി ഇൻഫ്രാ ഡിവിഷനും പ്രത്യേക വിഭാഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

119 (2963) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിന് ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്;വിശദാംശം നൽകാമോ;

(ബി) ഏതെല്ലാം സ്കൂളുകളിൽ പ്രവൃത്തി ആരംഭിച്ചു എന്നും, ഓരോ സ്കൂളിലെയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചെർപ്പുളശ്ശേരി ഗവ. വി.എച്ച്.എസ്.എസ്.-ന് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒന്നാം നിലയുടെ പണി പുരോഗമിച്ചു വരുന്നു. ഗവ. എച്ച്.എസ്.എസ്., മരായമംഗലം, ഗവ.എച്ച്.എസ്.എസ്. ഷൊർണൂർ എന്നീ സ്കൂളുകൾക്ക് 2018-19 ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജി.എച്ച്.എസ്. വെള്ളിനേഴിക്ക് 3 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ചെർപ്പുളശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവർത്തനം 27% പൂർത്തിയായി.

## പഠനനിലവാരം ഉയർത്തുന്നതിനുള്ള പുതിയ പരിഷ്കാരങ്ങൾ

120 (2964) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയനവർഷം ആരംഭിച്ചതോടെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ പുതിയ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കിയത്;

(ബി) ഇതുമൂലം ഈ രംഗത്ത് എന്തൊക്കെ സമൂലമാറ്റങ്ങളാണ് ഉണ്ടാക്കുവാൻ കഴിഞ്ഞത്;

(സി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ സ്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ആകെ എത്രപേരെയാണ് പുതിയതായി നിയമിച്ചത്;

(ഡി) ഇവരുടെ നിയമനം പി.എസ്.സി. വഴിയാണോ നടത്തിയത്; അല്ലെങ്കിൽ എപ്രകാരമാണ് നിയമിച്ചത്;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ചുവടെ പറയുന്ന പരിഷ്കാരങ്ങൾ നടപ്പാക്കി,

I) അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഉതകുന്ന രീതിയിൽ 'സമഗ്ര' വിഭവ പോർട്ടൽ രണ്ടാം പതിപ്പ് സജ്ജമാക്കി ലഭ്യമാക്കി.

ii) ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കും 4 ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം ക്രമീകരിച്ചു. ഹൈടെക് സ്കൂൾ പദ്ധതി പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതിനായി വിദ്യാർത്ഥികളുടെ പ്രത്യേക ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റുകൾ കൂടുതൽ ഹൈസ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കി.

iii) പാഠപുസ്തകങ്ങളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും പരീക്ഷാ രീതിയിൽ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

(ബി) 'സമഗ്ര' വിഭവ പോർട്ടലിന്റെ രണ്ടാം പതിപ്പ് സജ്ജമാക്കിയതോടെ അദ്ധ്യാപകർക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും പാഠ ഭാഗങ്ങളും ഉപയോഗിക്കാൻ കഴിയുന്നതോടൊപ്പം പ്രഥമാദ്ധ്യാപകർ മുതൽ സംസ്ഥാനതലം വരെയുള്ള ഉദ്യോഗസ്ഥർക്ക് സമഗ്രയുടെ ഉപയോഗം മോണിറ്റർ ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഐ.സി.ടി. അധിഷ്ഠിത പരിശീലനം ലഭ്യമാക്കിയതിലൂടെ പുതിയ ഡിജിറ്റൽ വിഭവങ്ങളും പാഠാസൂത്രണ രേഖകളും പാഠഭാഗങ്ങളും ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായി. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടേയും സൗകര്യങ്ങളുടേയും ഉപയോഗവും പ്രയോഗവും പരമാവധി ഉറപ്പുവരുത്തുന്നതിനും ഉപകരണങ്ങളുടെ പരിപാലനത്തിനും വിദ്യാർത്ഥികളുടെ

പങ്കാളിത്തവും ('ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിലെ അംഗങ്ങൾക്കും) ഉറപ്പാക്കാൻ കഴിയും. കൂടാതെ സ്കൂളുകളുടെ പഠനനിലവാരം മെച്ചപ്പെട്ടു. സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പ്രവേശനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി.

(സി) ഉണ്ട്. ആകെ 5085 അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) പി.എസ്.സി. വഴിയും സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരവും നിയമനം നടത്തിയിട്ടുണ്ട്.

**മലയാള ഭാഷാപഠന ആക്ട്**

121 (2965) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 2017 -ലെ മലയാള ഭാഷാപഠന നിയമത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിയമത്തിന് വിധേയമായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കാമോ;

(സി) നിയമം നിലവിൽ വന്ന ശേഷം എത്ര സ്കൂളുകൾക്ക് പിഴ ചുമത്തിയിട്ടുണ്ട്;വിശദമാക്കാമോ;

(ഡി) മലയാള ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ് നടപ്പിലാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 2-6-2018-ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 14/2018/പൊ.വി.വ. പ്രകാരം മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2018-19 അക്കാദമിക വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം ഒരു ഭാഷയായി

പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിനായി എല്ലാ റവന്യൂ/വിദ്യാഭ്യാസ ജില്ലാ തലങ്ങളിലും പരിശോധകരുടെ പാനൽ രൂപീകരിക്കുകയും ചട്ടപ്രകാരമുള്ള പരിശോധനകൾ കഴിഞ്ഞ വർഷം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ മഴ, തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ എന്നിവമൂലം സ്കൂൾ പരിശോധനകൾ ഒരു ജില്ലയിലും പൂർത്തിയായില്ല. ആയതിനാൽ പരിശോധന പൂർത്തിയാക്കാൻ ഡിസംബർ 31 വരെ സമയം അനുവദിക്കുകയും ഈ കാലയളവിൽ കൂടുതൽ പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും കഴിഞ്ഞ വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ പരിശോധന നടന്നുവെന്ന് പറയാൻ കഴിയില്ല. 2019-20 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

മലയാള ഭാഷാപഠന നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതരഭാഷകൾ മാതൃഭാഷയായിട്ടുള്ള ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്ക് മലയാളം പഠിക്കാൻ സഹായകമായ പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി. -യെ ചുമതലപ്പെടുത്തിയിരുന്നു. ഒരു അദ്ധ്യയന വർഷം ഒരു ക്ലാസ്സിലേക്കുള്ള പുസ്തകം എന്ന നിലയിലാണ് അത് തയ്യാറാക്കി വരുന്നത്. ഒന്നു മുതൽ മൂന്നു വരെ ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ട പാഠപുസ്തകങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. അടുത്ത വർഷം നാലാംക്ലാസ്സിലേക്കുള്ള പാഠപുസ്തകം തയ്യാറാക്കുന്നതാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെ സ്കൂളുകളിലേക്ക് മാറ്റം വാങ്ങി വരുന്ന വിദ്യാർത്ഥികളുടെ മലയാള പഠനത്തിന് പിന്തുണ നൽകാനുള്ള ക്രമീകരണം എസ്.സി.ഇ.ആർ.ടി.-യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഡയറ്റുകൾ വഴി ഇതിനുള്ള സംവിധാനം ചെയ്തുവരുന്നു.

(ബി) 2018-ലെ മലയാള ഭാഷാ പഠന ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്കൂളുകളുണ്ടെന്ന് ഒരു ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ മലയാളം പഠിപ്പിക്കാൻ പ്രാപ്തരായ അദ്ധ്യാപകരില്ലാത്തതിനാൽ അവിടങ്ങളിൽ മലയാള ഭാഷാപഠനം സാധ്യമാകാത്ത സാഹചര്യമാണുള്ളത് എന്ന് കാസർഗോഡ് ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഒന്നിൽ കൂടുതൽ സ്കൂളുകളെ ക്ലബ് ചെയ്ത് അവിടങ്ങളിൽ സംരക്ഷിതാധ്യാപകരെ നിയോഗിച്ച് മലയാള ഭാഷാപഠനം കൂടുതൽ കാര്യക്ഷമമാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ സി.ബി.എസ്.ഇ./സി.ഐ.എസ്.സി.ഇ. കരിക്കുലം പിന്തുടരുന്ന സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനത്തോട് വിമുഖത കാട്ടുന്നുണ്ട്.

(സി) ഒരു സ്കൂളുകൾക്കും പിഴ ചുമത്തിയിട്ടില്ല.

(ഡി) 2018 -ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ, ചട്ടം (7) പ്രകാരം പത്താം തരത്തിൽ മലയാളത്തിന് മികച്ച വിജയം നേടുന്ന വിദ്യാർത്ഥികളിൽ തുടർന്നുള്ള ഹയർ സെക്കന്ററി പഠനത്തിനും മലയാളം ഒരു വിഷയമായി പഠിക്കുന്നവരിൽ 5% പേർക്കാണ് സ്കോഷർഷിപ്പ് നൽകാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഈ ചട്ടം സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ സ്പഷ്ടീകരണം ആവശ്യമായതിനാൽ പ്രസ്തുത ചട്ടം ഭേദഗതി വരുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു

1. ഏകദേശം രണ്ട് ലക്ഷത്തിലധികം കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലയാളത്തിന് ഓരോ വർഷവും എ+ നേടുന്നുണ്ട്. ഇവരുടെ മാർക്ക് വിവരം സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്താറില്ല. അതുകൊണ്ട് തന്നെ എ+ നേടിയവരിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടിയ 5% കുട്ടികളെ കണ്ടെത്തുന്നത് ദുഷ്കരമാണ്.

2. ഏതെങ്കിലും സ്കോളർഷിപ്പ് നൽകുന്ന ഏജൻസി/ഓഫീസ് ആവശ്യപ്പെട്ടാൽ പരീക്ഷാ ഭവനിൽ നിന്ന് കുട്ടികളുടെ മാർക്ക് വിവരം പ്രസ്തുത ഏജൻസിയെ/ഓഫീസിനെ നേരിട്ട് അറിയിക്കാൻ സംവിധാനമുണ്ട്. നമ്മുടെ സ്കൂളുകളിൽ നിന്നെല്ലാം ഇത്തരം അപേക്ഷകൾ പരീക്ഷാ ഭവനിലേക്ക് ചെല്ലുന്ന അവസ്ഥയുണ്ടായാൽ അത് അവിടത്തെ ജോലിഭാരം ക്രമാതീതമായി വർദ്ധിക്കാനേ ഇടയാക്കൂ.

3. പ്രതിവർഷം ഉണ്ടാകുന്ന രണ്ട് ലക്ഷത്തിലധികം എ+ നേടുന്ന കുട്ടികളിൽ 5% പേർക്ക് സ്കോളർഷിപ്പ് നൽകിയാൽ ഓരോ വർഷവും പതിനായിരത്തിലധികം പേർക്ക് അത് നൽകേണ്ടി വരും. ഒരു കുട്ടിക്ക് 500 രൂപയെങ്കിലും സ്കോളർഷിപ്പ് ഇനത്തിൽ നൽകിയാൽ പ്രതിവർഷം ഇതിന് അൻപത് ലക്ഷത്തിലധികം രൂപ വേണ്ടി വരും.

4. എസ്.എസ്.എൽ.സി.-ക്ക് മലയാളം പഠിക്കുന്ന കുട്ടികളെയാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നതെങ്കിലും ഹയർ സെക്കന്ററി തലത്തിലാണ് അത് നല്കി തുടങ്ങുന്നത്. എസ്.എസ്.എൽ.സി.-ക്ക് ശേഷം തുടർന്നുള്ള രണ്ട് വർഷക്കാലം മലയാളം പഠിക്കുന്നെങ്കിലാണ് സ്കോളർഷിപ്പ് നൽകാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ സ്കോളർഷിപ്പ് +2 തലത്തിൽ മാത്രമേ നൽകാൻ കഴിയൂ.

5. ഹയർ സെക്കണ്ടറി തലത്തിൽ ഒന്നാം വർഷവും രണ്ടാം വർഷവും നടത്തുന്ന പരീക്ഷകളിൽ കുട്ടികൾ നേടുന്ന ഗ്രേഡിനൊപ്പം മാർക്ക് കൂടി ചേർക്കുന്നുണ്ട്. ആയതിനാൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം പാർട്ട് I-നും പാർട്ട് II -നും എ + നേടിയ കുട്ടികൾ ഹയർ സെക്കണ്ടറി തലത്തിൽ മലയാളം ഒരു വിഷയമായി പഠിക്കുന്നുവെങ്കിൽ ഒന്നാം വർഷ പരീക്ഷയിൽ (പ്ലസ് വൺ) അവർ നേടുന്ന മാർക്കിനെ അടിസ്ഥാനമാക്കി ഓരോ സ്കൂളിലും ഒരു നിശ്ചിത എണ്ണം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചാൽ അതിന്റെ നിർവ്വഹണം പ്രയോഗികമായി എളുപ്പമുള്ളതാകും. ഒറ്റത്തവണ മാത്രം നൽകുന്ന സ്കോളർഷിപ്പ് ആയതിനാൽ ഒരു കുട്ടിക്ക് നിശ്ചിത തുക (1000 രൂപയെങ്കിലും) ലഭിക്കുന്ന തരത്തിൽ കുട്ടികളുടെ എണ്ണം ക്രമീകരിക്കുന്നതിനെപ്പറ്റിയും ആലോചിക്കണം.

## ദേശീയ വിദ്യാഭ്യാസ നയം

122 (2966) <u>ശ്രീ. വി. ഡി. സതീശൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വിദ്യാഭ്യാസ രീതിയിൽ സമഗ്ര മാറ്റത്തിന് ശിപാർശ നൽകുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് റിപ്പോർട്ട് സമർപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 10+2 സംവിധാനത്തിൽ നിന്നും 5+3+3+4 ഘടനയിലേക്ക് സ്കൂൾ വിദ്യാഭ്യാസം മാറണമെന്ന ശിപാർശ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ദേശീയ വിദ്യാഭ്യാസ നയത്തിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്ന സാഹചര്യത്തിൽ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഹൈസ്കൂൾ, ഹയർസെക്കന്ററി ഏകീകരണം വേണ്ടെന്ന് വയ്ക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് മാത്രമാണ് നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. കുട്ടികളുടെ ശരിയായ പഠനത്തിനും വികാസത്തിനും അനുയോജ്യമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയെന്നതാണ് ഡോ. എം. എ. ഖാദർ കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. ഇതനുസരിച്ചാണ് വിശദമായ ചർച്ചകൾക്ക് ശേഷം ഏകീകരണം നടപ്പാക്കിയിട്ടുള്ളത്.

## ഖാദർ കമ്മിറ്റി റിപ്പോർട്ട് ഉണ്ടാക്കുന്ന പ്രത്യാഘാതം

123 (2967) ശ്രീ. പി. ടി. തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ പ്രസ്തുത മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോ; വിശദമാക്കാമോ;

(ബി) പതിനഞ്ച് ലക്ഷം വിദ്യാർത്ഥികളെയും രണ്ട് ലക്ഷം അദ്ധ്യാപക അനദ്ധ്യാപകരെയും ബാധിക്കുന്ന സുപ്രധാന തീരുമാനം വളരെ ലാഘവത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്നുള്ള ആക്ഷേപം വസ്തുതാപരമല്ലേ;

(സി) 10, പ്ലസ് 2, പ്ലസ് 3 എന്ന ദേശീയ വിദ്യാഭ്യാസനയത്തിന് കടകവിരുദ്ധമാണോ ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ; ആണെങ്കിൽ ഈ പരിഷ്കാരം കൊണ്ട് എന്ത് അക്കാദമിക് ഗുണമാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുവേ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് അനാവശ്യമായ സമരങ്ങളും അസ്വസ്ഥതകളും ഉടലെടുക്കുവാൻ ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ വഴിയൊരുക്കുമെന്നതിനാൽ പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്ന കാര്യം പുനഃപരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഖാദർ കമ്മിറ്റി റിപ്പോർട്ട് തായ്യാറാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിലൂടെ പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ തേടിയിരുന്നു. കൂടാതെ വിദ്യാഭ്യാസ വിചക്ഷണന്മാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരുമായി ആശയവിനിമയം നടത്തിയിരുന്നു. ഇതിന് പുറമേ റിപ്പോർട്ട് പ്രസിദ്ധീകരിച്ച ശേഷം സർക്കാർ റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് അദ്ധ്യാപക-അനദ്ധ്യാപക, സർവ്വീസ് സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, മാനേജ്മെന്റ് പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത് ഗൗരവപൂർണ്ണമായാണ് ഏകീകരണം നടപ്പിലാക്കിയത്.

(സി) ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. ചർച്ചകൾക്കുശേഷം അന്തിമ രൂപം കൈവരിച്ച ശേഷമേ അക്കാര്യം വിലയിരുത്താനാവൂ.

(ഡി) 31-5-2019-ല സ.ഉ.(കൈ)നം.53/2019/പൊ.വി.വ. പ്രകാരം 2019-20 അദ്ധ്യയന വർഷത്തിൽ തന്നെ ആദ്യഘട്ടം നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. പ്രസ്തുത സർക്കാർ തീരുമാനം പൊതുവിൽ സ്വീകരിക്കപ്പെടുകയും ചെയ്തതിനാൽ പുനഃപരിശോധനയുടെ ആവശ്യം ഉദിക്കുന്നില്ല.

## മലയാളം പഠിപ്പിക്കാത്ത സ്കൂളുകൾ

124 (2968) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ മലയാളം പഠിപ്പിക്കാത്ത സ്കൂളുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പഠിക്കാൻ കുട്ടികളെ കിട്ടാത്തത് കൊണ്ടോ സർക്കാരിന്റെ സഹായങ്ങളും ആനുകൂല്യങ്ങളും കിട്ടാത്തത് കൊണ്ടോ ആണോ മലയാളം പഠിപ്പിക്കാൻ ഇത്തരം സ്കൂളുകളിൽ സാഹചര്യം ഇല്ലാതെപോയതെന്ന് വ്യക്തമാക്കാമോ;

(സി) മലയാളം മീഡിയം ക്ലാസ്സുകൾ തുടങ്ങി ആവശ്യമായ അദ്ധ്യാപകരെ നിയമിച്ചിട്ടും നിയമനാംഗീകാരം കാത്തുകഴിയുന്ന എയ്ഡഡ് സ്കൂളുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) മലയാളം മീഡിയം ഹൈസ്കൂളുകളില്ലാത്ത പഞ്ചായത്തുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) ഒരു പഞ്ചായത്തിൽ ഒരു മലയാളം മീഡിയം ഹൈസ്കൂൾ പോലും ഇല്ല എന്ന കുറവ് പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

സർക്കാർ സ്കൂളുകൾ - 20

എയ്ഡഡ് സ്കൂളുകൾ - 62

അൺ-എയ്ഡഡ് സ്കൂളുകൾ -7

ആകെ സ്കൂളുകൾ - 89

(ബി) മലയാളം അറിയാവുന്ന അദ്ധ്യാപകർ ഇല്ലാത്തതിനാലാണ് ഇത്തരം സ്കൂളുകളിൽ മലയാളം പഠിപ്പിക്കാൻ സാഹചര്യം ഇല്ലാത്തത്.

(സി) ഉണ്ട്. കുമ്പള വിദ്യാഭ്യാസ ഉപജില്ലയിലെ എസ്.ഡി.പി.എ.യു.പി. സ്കൂൾ ബൻപുത്തട്ക്കയിൽ മലയാളം മീഡിയം ക്ലാസ്സുകൾ തുടങ്ങി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഏഴാം ക്ലാസ്സിലേക്കാണ് മാനേജർ അദ്ധ്യാപികയെ നിയമിച്ചത്. മലയാളം മീഡിയം ഏഴാം തരത്തിന് അനുമതി നൽകേണ്ടതുണ്ട്.

(ഡി) ഉണ്ട്. കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലെ രണ്ട് പഞ്ചായത്തുകളിൽ മലയാളം മീഡിയം ഹൈസ്കൂളുകളില്ല.

1. വൊർക്കാടി പഞ്ചായത്ത്

2. കുംബഡാജെ പഞ്ചായത്ത്

(ഇ) നിലവിൽ പരിഗണനയിലില്ല.

## സ്കൂൾ പി.ടി.എ.

125(2969) <u>ശ്രീമതി പി. അയിഷാ പോറ്റി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പി.ടി.എ.-കൾ രൂപീകരിക്കുന്നതിന് നിലവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ;

(ബി) സ്കൂൾ പി.ടി.എ.-കളുടെ ചുമതലകളും അധികാരങ്ങളും എന്തെല്ലാമാണ്;

(സി) സ്കൂൾ പി.ടി.എ.-കൾ സർക്കാർ മാനദണ്ഡ പ്രകാരം പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ. രൂപീകരണത്തിന്റെ മാനദണ്ഡങ്ങളും സ്കൂൾ പി.ടി.എ.കളുടെ ചുമതലകളും അധികാരങ്ങളും വളരെ വ്യക്തമായി വിശദമാക്കിക്കൊണ്ട് 25-6-2007-ലെ

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 126/2007/പൊ.വി.വ. സർക്കാർ ഉത്തരവിലൂടെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2007-08 അക്കാദമിക വർഷം മുതൽ ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ പി.ടി.എ.-കൾ പ്രവർത്തിച്ചു വരുന്നത്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ.കളുടെ ചുമതലകളും അധികാരങ്ങളും വളരെ വ്യക്തമായി വിശദമാക്കിക്കൊണ്ട് 25-6-2007 -ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 126/2007/പൊ.വി.വ. പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സ്കൂൾ പി.ടി.എ. രൂപീകരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തന്നെയാണ് ഓരോ ജില്ലകളിലെയും പി.ടി.എ. കമ്മിറ്റികൾ പ്രവർത്തിക്കുന്നത് എന്ന കാര്യം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം പരിശോധന നടത്തുന്നുണ്ട്. കൂടാതെ പി.ടി.എ.-യുടെ സാമ്പത്തിക ഇടപാടുകൾ എല്ലാം തന്നെ വകുപ്പുതല ഓഡിറ്റിന് വിധേയമാക്കാറുമുണ്ട്.

## ഇറവങ്കര ഗവ.വി.എച്ച്.എസ്.സി.യിൽ യു.ഐ.ടി. സെന്റർ

126 (2970) <u>ശ്രീ. ആർ. രാജേഷ് :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.ടി. സെന്റർ മാവേലിക്കര മണ്ഡലത്തിലെ ഇറവങ്കര ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

മാവേലിക്കര മണ്ഡലത്തിലെ ഇറവങ്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വി.എച്ച്.എസ്.എസ്.-ബ്ലോക്കിനും എച്ച്.എസ്. ബ്ലോക്കിനുമിടയിൽ വി.എച്ച്.എസ്.ഇ. ഫണ്ട് ഉപയോഗിച്ച് പുതുതായി പണികഴിപ്പിച്ചിട്ടുള്ള 3 ക്ലാസ് മുറികളോടുകൂടിയ കെട്ടിടം കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.ടി. സെന്ററിന് താൽക്കാലികമായി വിട്ടുനൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചലഞ്ച് ഫണ്ട്**

127 (2971) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലഞ്ച് ഫണ്ട് വഴി 2018-19-ൽ എത്ര എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം വിദ്യാലയങ്ങൾക്കാണെന്നും വ്യക്തമാക്കാമോ;

(ബി) 2019-20 നാളിതുവരെ ചലഞ്ച് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 44 എയ്ഡഡ് സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂൾ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം നൽകാൻ പദ്ധതി**

128 (2972) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി തലത്തിൽ അക്കാഡമിക് വിഷയങ്ങൾക്ക് ഒപ്പം തൊഴിൽ നൈപുണ്യ വിദ്യാഭ്യാസവും നൽകുവാൻ പൊതു വിദ്യാഭ്യാസവകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ മേഖലയിലാണ് തൊഴിൽ നൈപുണ്യ കോഴ്സുകൾ നടത്തുന്നത്;

(സി) തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യു.എഫ്) കോഴ്സുകൾ ഒരു വർഷം എത്ര മണിക്കൂർ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) നിലവിൽ എത്ര ശതമാനം വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് തൊഴിൽ നൈപുണ്യ കോഴ്സുകൾ ആരംഭിക്കുന്നതെന്നും ശേഷിക്കുന്ന സ്ഥലങ്ങളിൽ ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. അദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംഗ് വർക്ക് (NSQF) നടപ്പിലാക്കുന്നത്. 2018-19 വർഷം 66 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും 2019-20 വർഷം 35 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ദേശീയ തൊഴിൽ നൈപുണി പാഠ്യ പദ്ധതിയായ എൻ.എസ്.ക്യൂ.എഫ്. പ്രകാരമുള്ള കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി)

| | |
|---|---|
| 1. കൃഷി | 7. റീട്ടയിൽ |
| 2. അപ്പാരൽസ്, മെയ്ഡ് അപ്പ് & ഹോം ഫർണിഷിംഗ് | 8. പ്ലമ്പിംഗ് |
| 3. ആട്ടോമോട്ടീവ് | 9. പവർ |
| 4. ബ്യൂട്ടി & വെൽനസ്സ് | 10. ടെലികോം |
| 5. ഇലക്ട്രോണിക്സ് &ഹാർഡ് വെയർ | 11. ടൂറിസം & ഹോസ്പിറ്റാലിറ്റി |
| 6. IT/ITeS | 12. ഹെൽത്ത് കെയർ |

(സി) 300 മണിക്കൂർ

(ഡി) ആകെയുള്ള 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത 101 ഗവ. സ്കൂളുകളിൽ (26%) ആണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. തുടർന്ന് ഘട്ടം ഘട്ടമായി ശേഷിക്കുന്ന സ്കൂളുകളിലും ആരംഭിക്കുന്നതാണ്.

**അദ്ധ്യാപക പരിശീലന പരിപാടികൾ**

129 (2973) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അദ്ധ്യാപക പരിശീലന പരിപാടികൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ അദ്ധ്യാപകർക്കും പ്രാഥമിക പരിശീലനം (ഇൻഡക്ഷൻ ട്രെയിനിംഗ്) നൽകുന്നുണ്ട്. ഡയറ്റുകളിൽ നിയമിതരായ 120 ഫാക്കൽറ്റികൾക്ക് എസ്.സി.ഇ.ആർ.ടി.യിൽ വച്ച് പരിശീലനം നൽകി അയ്യായിരത്തോളം അദ്ധ്യാപകർക്ക് വിവിധ 'ഡയറ്റ്'കൾ വഴിയും പരിശീലനം നൽകുന്നുണ്ട്. അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കുന്നതിന് ഓരോ വർഷവും എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടെ വിവിധ അദ്ധ്യാപക പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും രണ്ട് ഘട്ടങ്ങളിലായി ക്ലസ്റ്റർ പരിശീലനങ്ങളും തുടർന്ന് സ്കൂൾതല മോണിറ്ററിങ്ങും നടത്തുന്നു. ഹയർ സെക്കന്ററി പ്രിൻസിപ്പാൾമാർക്ക് മൂന്നു ദിവസത്തെ റസിഡൻഷ്യൽ പരിശീലനം ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം നടത്തുന്നതിന് SIEMAT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വർഷാവർഷങ്ങളിൽ ഗവ./എയ്ഡഡ് മേഖലയിലെ 600-ലധികം പ്രിൻസിപ്പാൾമാർക്ക് ഇത്തരത്തിൽ പരിശീലനം ലഭിക്കുന്നുണ്ട്. ഹയർ സെക്കണ്ടറി അദ്ധ്യാപക ശാക്തീകരണത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് 'ഹയർ സെക്കണ്ടറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി (HSSTTP)' എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകി വരുന്നു. വർഷത്തിൽ 1600-ലധികം അദ്ധ്യാപകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് അഞ്ച് വർഷത്തിൽ കുറയാതെ സേവന കാലാവധി ബാക്കിയുള്ള എൽ.പി./യു.പി. പ്രഥമാദ്ധ്യാപകർക്കുള്ള ദ്വദിന ലെവൽ 1 'കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP)', ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കുള്ള ത്രിദിന ലെവൽ 1 'കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP)', ഹയർ സെക്കണ്ടറി വിഭാഗത്തിലെ പ്രിൻസിപ്പാൾമാർക്കുള്ള ത്രിദിന ലെവൽ 1 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) എന്നിവയും സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ മുഴുവൻ കരിയർ മാസ്റ്റർമാർക്കുമുള്ള ത്രിദിന 'കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമി'ന്റെ ലെവൽ 2 പരിശീലനവും നൽകിയിട്ടുണ്ട്.

അതോടൊപ്പം ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കും 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ പ്രത്യേക ഐ.സി.ടി. പരിശീലനം ക്രമീകരിക്കുകയും ലോവർ പ്രൈമറി 45166, അപ്പർ പ്രൈമറി 36760, ഹൈസ്കൂൾ 26830, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 22761 അദ്ധ്യാപകർ പങ്കെടുക്കുകയും ചെയ്തു.

## പ്രൈമറി സ്കൂളിലെ അധ്യാപകരുടെ അടിസ്ഥാന യോഗ്യത

130 (2974) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓറിയന്റൽ എസ്.എസ്.എൽ.സി., പരീക്ഷ ഭവൻ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ എന്നിവ പ്രൈമറി സ്കൂളിലെ അധ്യാപകരുടെ അടിസ്ഥാന യോഗ്യതകളുടെ കൂട്ടത്തിൽ പരിഗണിച്ചുവരുന്നുണ്ടോ;

(ബി) ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അറബി അദ്ധ്യാപക പരീക്ഷ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ;

(സി) അഫ്സലുൽ ഉലമ പ്രിലിമിനറി, ബി.എ.ഡിഗ്രി, ബി.എ. അഫ്സലുൽ ഉലമ ഡിഗ്രി എന്നീ യോഗ്യതകൾ ഉള്ളവരെ പോലെ ഇവർക്കും ഡി.എൽ.എഡ്. കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിന് യോഗ്യത ഉണ്ടോ;

(ഡി) ബി.എഡ്. കോഴ്സിനെ പോലെ ഡി.എൽ.എഡ്. കോഴ്സ് രണ്ട് വർഷം ആക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രൈമറി അറബി അദ്ധ്യാപകനാവാൻ നിലവിൽ എന്തെല്ലാം യോഗ്യതകൾ നേടണമെന്ന് വ്യക്തമാക്കാമോ; പുതിയ മാറ്റങ്ങൾ പി.എസ്.സി.-യെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇനി വരുന്ന പി.എസ്.സി വിജ്ഞാപനങ്ങൾക്ക് പുതിയ യോഗ്യതകൾ ബാധകമാക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. (കെ.ഇ.ആർ. അധ്യായം XXXI, ചട്ടം 4(2) പ്രകാരം ഓറിയന്റൽ സ്കൂളിൽ നിന്നുള്ള എസ്.എസ്.എൽ.സി./എൽ.പി. സ്കൂളുകളിൽ എൽ.ജി. അറബിക് ടീച്ചർ ആകാനുള്ള യോഗ്യതയാണ് ചട്ടങ്ങൾ 3(2) iv, 3(2)(iv) (b), 4(2)(b) എന്നിവ പ്രകാരം പരീക്ഷാകമ്മീഷണർ നടത്തുന്ന അറബിക് മുൻഷി പരീക്ഷാ യോഗ്യത യു.പി, എൽ.പി. സ്കൂളുകളിൽ എൽ.ജി. അറബിക് ടീച്ചർ ആയി നിയമിക്കപ്പെടാനുള്ള യോഗ്യതയാണ്. എന്നാൽ 2014-ലെ എൻ.സി.റ്റി.ഇ. ചട്ടങ്ങൾ അനുസരിച്ച് ഇവ പരിഗണിക്കാൻ കഴിയില്ല.)

(ബി) എൻ.സി.റ്റി.ഇ. ചട്ടങ്ങൾ നടപ്പാക്കുമ്പോൾ ഇതിൽ മാറ്റം വരുത്തേണ്ടിവരും, ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

(സി) ഡി.എൽ.എഡ്. കോഴ്സ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത +2 50% മാർക്കോടെ വിജയിക്കുകയും ഓറിയന്റൽ എസ്.എസ്.എൽ.സി.യോ

അറബിക് അദ്ധ്യാപക പരീക്ഷയോ മറ്റോ വിജയിക്കുകയും ചെയ്യുന്നവർക്കും പ്രസ്തുത കോഴ്സിൽ പ്രവേശനം ലഭിക്കുന്നതാണ്.

(ഡി) 7-3-2019-ലെ സ.ഉ.(കൈ) നമ്പർ 30/2019/പൊ.വി.വ. പ്രകാരം ബി.എഡ്. കോഴ്സിനെ പോലെ ഡി.എൽ.എഡ്. കോഴ്സ് രണ്ട് വർഷമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്*.

(ഇ) കേരളത്തിലെ (യു.പി. സ്കൂൾ/യു.പി. വിഭാഗം) സ്കൂളുകളിൽ യു.പി. അറബി അദ്ധ്യാപകനാകാനുള്ള യോഗ്യതകൾ അനുബന്ധം രണ്ടായി ചേർക്കുന്നു*.

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ചെലവ്

131 (2975) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഉച്ചഭക്ഷണ പദ്ധതിക്ക് ഒരു അദ്ധ്യയന വർഷം ചെലവാകുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെടുന്നത് എന്നറിയിക്കാമോ;

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ ദേശീയ അടിസ്ഥാനത്തിൽ കേരളത്തിന്റെ പ്രവർത്തനമികവ് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഉച്ചഭക്ഷണ പദ്ധതിയ്ക്കായി കഴിഞ്ഞ അദ്ധ്യയന വർഷം 548.52 കോടി രൂപ (അഞ്ഞൂറ്റി നാല്പത്തിയെട്ട് കോടി അൻപത്തി രണ്ട് ലക്ഷം രൂപ മാത്രം) ചെലവായിട്ടുണ്ട്.

(ബി) സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ താഴെ പറയുന്ന സ്കൂളുകൾ ഉൾപ്പെടുന്നു:

(i) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾ

(ii) എം.ജി.എൽ.സി./ബദൽ സ്കൂളുകളിലെ കുട്ടികൾ

(iii) സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ

(iv) ടെക്നിക്കൽ ഹൈസ്കൂളിലെ 8-ാം ക്ലാസ് വിദ്യാർത്ഥികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ദേശീയ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായ പ്രവർത്തനങ്ങളാണ് ഉച്ചഭക്ഷണ പദ്ധതിയിൽ കേരളം നടപ്പിലാക്കിവരുന്നത്. ഇക്കാര്യത്തിൽ സംസ്ഥാനം പുലർത്തുന്ന മികവിനെ ഡൽഹിയിൽ കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉച്ചഭക്ഷണ പദ്ധതിയുടെ പ്രോഗ്രാം അപ്രൂവൽ ബോർഡ് യോഗം ഏറെ പ്രശംസിച്ചിരുന്നു. സ്കൂളുകളിൽ അടുക്കള പച്ചക്കറിതോട്ടം ഒരുക്കുക, ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ കൃത്യമായി ശേഖരിച്ച് മൈക്രോബയോളജി പരിശോധനയ്ക്ക് വിധേയമാക്കുക, സ്റ്റേറ്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തരം പാചക തൊഴിലാളികൾക്ക് പരിശീലനം നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 2000-ത്തോളം സ്കൂളുകളിൽ നടത്തിവരുന്ന പ്രഭാത ഭക്ഷണ പരിപാടി, കുട്ടികൾക്ക് മുട്ടയും പാലും നൽകുന്നത് മുതലായ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് പ്രോഗ്രാം അപ്രൂവൽ ബോർഡ് യോഗം വിലയിരുത്തിയിട്ടുണ്ട്. പാചക ചിലവിനത്തിലും പാചക തൊഴിലാളികൾക്ക് ഓണറേറിയം നൽകുന്നതിനും കേന്ദ്രം നിഷ്കർഷിച്ചിരിക്കുന്ന നിരക്കിനേക്കാൾ ഉയർന്ന തുകയാണ് സംസ്ഥാനം ചിലവഴിക്കുന്നത്.

## സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ സമഗ്ര മാറ്റം

132 (2976) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ സമഗ്ര മാറ്റം കൊണ്ടുവരാൻ കേന്ദ്ര സർക്കാർ തയ്യാറെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത തീരുമാനവും, ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിൽ അദ്ധ്യാപകർക്കുള്ള ആശങ്കകളും പരിഗണിച്ച് സംസ്ഥാന സർക്കാർ ഇതിന്മേൽ കൂടുതൽ ചർച്ചകളും പഠനങ്ങളും നടത്തിയ ശേഷം മാത്രം സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ - കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ 31-5-2019-ലെ സ.ഉ.(കൈ)നമ്പർ 53/2019/പൊ.വി.വ. പ്രകാരം അദ്ധ്യാപകരുടെ ആശങ്കകൾ ദൂരീകരിച്ചുകൊണ്ട് സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ നിലവിൽ വന്നുകഴിഞ്ഞു.

## ശുചീകരണ പ്രവൃത്തികൾക്കായി പാർട്ട് ടൈം സ്വീപ്പർമാർ

133 (2977) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എൽ.പി., യു.പി. സ്കൂളുകളിൽ ശുചീകരണ പ്രവൃത്തികൾക്കായി പാർട്ട്ടൈം സ്വീപ്പർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ പാർട്ട്ടൈം സ്വീപ്പർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ?

ഉത്തരം

(എ) നിലവിൽ സർക്കാർ എൽ.പി., യു.പി. സ്കൂളുകളിൽ ശുചീകരണ പ്രവൃത്തികൾക്കായി പാർട്ട് ടൈം സ്വീപ്പർ തസ്തികകളിൽ എംപ്ലോയ്മെന്റ് വഴിയാണ് നിയമനം നടത്തുന്നത്.

(ബി) ഇല്ല.

## സ്വകാര്യ മേഖലയിൽ പുതുതായി സ്കൂളുകൾ

134 (2978) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പുതുതായി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെ മാനേജ്മെന്റിന് കീഴിലാണെന്നറിയിക്കാമോ;

(സി) സ്വകാര്യ സ്കൂളുകൾ ആരംഭിക്കുന്ന കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) സർക്കാർ അനുമതി ഇല്ലാതെ ആരംഭിച്ച സ്കൂളുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. ഇത്തരം സ്കൂളുകൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ഇതിനെതിരെ ഉത്തരവ് വാങ്ങുകയും ചെയ്യുകയുണ്ടായി. ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകൾക്ക് (സംസ്ഥാന പാഠ്യപദ്ധതി/സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ.)അംഗീകാരം/ എൻ.ഒ.സി. നൽകുന്നത് പരിശോധിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സ്വീകരിച്ച് അതിൻമേലുള്ള നടപടി പൂർത്തീകരിച്ചു വരുന്നു.

## സ്വകാര്യ-അൺ-എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് മിനിമം വേതനം

135(2979) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ-അൺഎയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പാക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്ദേശ്യലക്ഷ്യം നിറവേറ്റുന്നതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ നിയമനിർമ്മാണ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ - സി) സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പെമെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന സ്കൂൾ കെട്ടിടങ്ങൾ

136 (2980) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തിൽ തകർന്നതും നിലവിൽ പ്രവർത്തനയോഗ്യമല്ലാതായി തീർന്നതുമായ സ്കൂൾ കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ നിലവിൽ സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങളും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളും എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തിൽ തകർന്നതും നിലവിൽ പ്രവർത്തന യോഗ്യമല്ലാതായി തീർന്നതുമായ സ്കൂൾ കെട്ടിടങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു:

| ക്രമ നമ്പർ | സ്കൂൾ | ജില്ല |
|---|---|---|
| 1 | ജി.എൽ.പി.എസ്., കുറിച്യാർമല | വയനാട് |
| 2 | ജി.എൽ.പി.എസ്., മക്കിമല | |
| 3 | ജി.എൽ.പി.എസ്, ആനവിരട്ടി | ഇടുക്കി |
| 4 | ജി.ജെ.എൽ.പി.എസ്., പെരുവമ്പ് | പാലക്കാട് |
| 5 | ജി.എൽ.പി.എസ്., ബാവിക്കര | കാസർഗോഡ് |
| 6 | ഗവൺമെന്റ് എൽ.പി.എസ്., കായനാട് | എറണാകുളം |
| 7 | എൽ.പി.എസ്., കുട്ടമംഗലം | ആലപ്പുഴ |

(ബി) വയനാട് ജില്ലയിലെ കുറിച്യാർമല ജി.എൽ.പി.എസ്., അടുത്തുള്ള മദ്രസ കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. നിലവിലുള്ള സ്ഥലം സുരക്ഷിതമല്ലാത്തതിനാൽ പുതിയ സ്ഥലം വാങ്ങേണ്ടതുണ്ട്. സമീപത്തുള്ള സ്ഥലം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഇതേ ജില്ലയിലെ തന്നെ മക്കിമല ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. സമീപത്തെ മദ്രസ കെട്ടിടത്തിലാണ് നിലവിൽ സ്കൂൾ പ്രവർത്തിക്കുന്നത്.

ഇടുക്കി ജില്ലയിലെ ആനവിരട്ടി ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പെരുവമ്പ് ജി.ജെ.എൽ.പി.എസ്. വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി സ്കൂൾ കെട്ടിടം ഉടമസ്ഥനും നാട്ടുകാരും ചേർന്ന് നന്നാക്കി അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ബാവിക്കര ഗവൺമെന്റ് എൽ.പി.എസ്. തൊട്ടടുത്ത മദ്രസ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുകയും സ്ഥലം നിരപ്പാക്കി കെട്ടിടത്തിന് തറക്കല്ലിടാൻ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ കായനാട് ഗവൺമെന്റ് എൽ.പി.എസ്. അടുത്തുള്ള സെന്റ് യാക്കോബായ പള്ളിവക ഹാളിൽ പ്രവർത്തിക്കുന്നു. സ്കൂൾ കെട്ടിട പുനർനിർമ്മാണത്തിനായി "Confederation of Indian Industry” എന്ന എൻ.ജി.ഒ. തയ്യാറായി വന്നിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ആലപ്പുഴ ജില്ലയിലെ കുട്ടമംഗലം ഗവൺമെന്റ് എൽ.പി.എസ്. അടുത്തുള്ള കുട്ടമംഗലം എസ്.എൻ.ഡി.പി.എച്ച്.എസ്. സ്കൂളിൽ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു. ടി സ്കൂളിന്റെ പുനർനിർമ്മാണത്തിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**ഉച്ചഭക്ഷണം നൽകുന്ന പദ്ധതി**

137 (2981) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഉച്ചഭക്ഷണ പദ്ധതിയ്ക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ സഹായമാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട എല്ലാ സ്കൂളുകൾക്കും പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിന് കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്കൂളുകളിലെ പാചകപ്പുര നവീകരിക്കുന്നതിന് സഹായധനം നൽകുന്ന പദ്ധതിപ്രകാരം എത്ര തുകയാണ് ഓരോ സ്കൂളിനും അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2019-20 വർഷത്തേയ്ക്ക് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി കേന്ദ്ര വിഹിതമായി 21908.15 ലക്ഷം രൂപ (ഇരുപത്തിഒന്നായിരത്തി തൊള്ളായിരത്തി എട്ട് ലക്ഷത്തി പതിനഞ്ചായിരം രൂപ മാത്രം) അനുവദിക്കുന്നതിന് പദ്ധതിയുടെ പ്രോഗ്രാം അപ്രൂവൽ ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ഈ തുക ഉച്ചഭക്ഷണ പദ്ധതിയുടെ ആവർത്തന ചെലവുകൾക്കും പാചകപ്പുരകളുടെ അറ്റകുറ്റപ്പണി, സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം എന്നീ പദ്ധതികൾക്കുമാണ്.

(ബി) എല്ലാ സ്കൂളുകൾക്കും പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി 2019-20 വർഷം സ്കൂൾ ഒന്നിന് 5000 (അയ്യായിരം രൂപ മാത്രം) രൂപ വീതം അനുവദിക്കുവാൻ കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച 617.05 ലക്ഷം രൂപയുടെ (അറുന്നൂറ്റി പതിനേഴ് ലക്ഷത്തി അയ്യായിരം രൂപ മാത്രം) പദ്ധതിക്ക് പ്രോഗ്രാം അപ്രൂവൽ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 370.23 ലക്ഷം രൂപ (മുന്നൂറ്റി എഴുപത് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം) കേന്ദ്ര വിഹിതവും 246.82 ലക്ഷം രൂപ (ഇരുന്നൂറ്റി നാൽപ്പത്തിയാറ് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ മാത്രം) സംസ്ഥാന വിഹിതവുമാണ്.

(സി) പാചകപ്പുര നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാറില്ല. കേന്ദ്ര സംസ്ഥാന ഫണ്ടുപയോഗിച്ച് നിർമ്മിച്ച പത്ത് വർഷത്തിൻമേൽ പഴക്കമുള്ള പാചകപ്പുരകളുടെ അറ്റകുറ്റപ്പണികൾക്കാണ് നിലവിൽ ഫണ്ട് അനുവദിക്കുന്നത്.

## സ്പെഷ്യൽ സ്കൂളുകളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

138 (2982) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് പദവി ഇല്ലാത്ത സ്പെഷ്യൽ സ്കൂളുകളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി പ്രവർത്തിക്കുന്ന റഹ്മ സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി റിട്ടാർഡഡ് സ്കൂളിനെ ഉച്ചഭക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മാനുഷിക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ എന്നതിനാൽ ഈ സ്കൂളിനെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്കൂളുകളെ സംസ്ഥാന സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശിപാർശയും PWD ആക്ട് 1995 പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചാൽ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

## സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

139 (2983) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന അദ്ധ്യയന വർഷത്തിൽ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലെറ്റ് സൗകര്യക്കുറവുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ ടോയ്‌ലെറ്റ് സൗകര്യം ഏർപ്പെടുത്തുന്നത് എന്തെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്കൂളുകളിൽ കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, ടോയ്‌ലെറ്റുകൾ, അടുക്കള, കുടിവെള്ള ലഭ്യത എന്നിവ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്

സ്കൂളുകളിൽ അപാകതകളോ അപര്യാപ്തതകളോ ഉണ്ടെങ്കിൽ അക്കാര്യം പി.ടി.എ., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.പി., എ.എൽ.എ. എന്നിവരുടെ ഫണ്ട് ഉപയോഗിച്ച് യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എല്ലാ സ്കൂളുകളിലും ടോയ്‌ലെറ്റ് സൗകര്യം ഉറപ്പുവരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സൗകര്യക്കുറവുണ്ടെന്ന് സ്കൂളുകളിൽനിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായാണ് ടോയ്‌ലെറ്റ് സൗകര്യം ഏർപ്പെടുത്തുന്നത്.

## ഡയറക്ടറേറ്റ് ഓഫ് സ്കൂൾ എഡ്യൂക്കേഷൻ

140 (2984) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വകുപ്പുകൾ ലയിപ്പിച്ചാണ് ഡയറക്ടറേറ്റ് ഓഫ് സ്കൂൾ എഡ്യൂക്കേഷൻ നിലവിൽ വരുന്നത്; എന്ന് മുതലാണ് ഇത് പ്രബല്യത്തിൽ വരുക;

(ബി) അതിന്റെ ഭാഗമായി അധിക തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകൾ വകുപ്പിലെ എല്ലാ വിഭാഗം അദ്ധ്യാപകർക്കും സേവനം ലഭ്യമാക്കുന്ന തരത്തിൽ പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ചാണ് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ രൂപീകരിച്ചിട്ടുള്ളത്. 2019 ജൂൺ 1 മുതൽ ഇത് പ്രാബല്യത്തിൽ വന്നു.

(ബി & സി) അക്കാര്യങ്ങൾ വിശദമായി പഠിച്ചുവരികയാണ്.

## സ്കൂളുകളിലെ പാചക തൊഴിലാളികൾ

141 (2985) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണം തയ്യാറാക്കുന്ന പാചകത്തൊഴിലാളികൾക്ക് എന്തെങ്കിലും പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസി വഴിയാണ് പരിശീലനം നൽകുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാചകത്തൊഴിലാളികൾക്ക് നിലവിൽ ഏത്ര രൂപയാണ് പ്രതിമാസം ഓണറേറിയം;

(സി) പ്രസ്തുത ഓണറേറിയം കാലാനുസൃതമായി പുതുക്കണമെന്ന ആവശ്യം കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ പ്രോഗ്രാം അപ്രൂവൽ ബോഡിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള പ്രതികരണമെന്താണ്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) നൽകുന്നുണ്ട്. ഓരോ ജില്ലയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 30 പാചകത്തൊഴിലാളികൾക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി ഇവരെ മാസ്റ്റർ ട്രെയിനറായി നിയമിച്ച് പ്രസ്തുത ട്രെയിനർമാർ അതാത് ജില്ലയിലെ മറ്റ് പാചകത്തൊഴിലാളികൾക്ക് ട്രെയിനിംഗ് നൽകുന്നു.

(ബി) 150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പ്രതിദിന ഓണറേറിയം 400 രൂപയാണ്. 150 മുതൽ 500 വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ കുറഞ്ഞ പ്രതിദിന ഓണറേറിയം 400 രൂപയും 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ കണക്കാക്കി പരമാവധി പ്രതിദിന ഓണറേറിയം 475 രൂപയായും നിജപ്പെടുത്തിയിരിക്കുന്നു. 500-നുമുകളിൽ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ 2 പാചകത്തൊഴിലാളികളെ നിയമിക്കാവുന്നതും 300 വരെ കുട്ടികളുള്ള സ്കൂളുകളിൽ മിനിമം ഓണറേറിയം 400 രൂപ എന്ന തോതിലും 300 ന് മുകളിൽ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ അധികമായി കുട്ടി ഒന്നിന് 25 പൈസ എന്ന തോതിൽ പ്രതിദിന പരമാവധി ഓണറേറിയം 475 രൂപയാക്കി നിജപ്പെടുത്തിയിരിക്കുന്നു.

(സി) രേഖാമൂലം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിൽനിന്നും മറുപടി ഇതുവരെ ലഭ്യമായിട്ടില്ല.

**അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾ**

142 (2986) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനേജ്മെന്റ് സംബന്ധിച്ച തർക്കം കാരണം പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ മാനേജ്മെന്റ് തർക്കം നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) മാനേജ്മെന്റ് തർക്കം നിലനിൽക്കുന്ന സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അത്തരം സ്കൂളുകളുടെ ഭൗതിക സാഹചര്യവും അക്കാദമിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനായി പൊതുജനങ്ങളെ ഉൾപ്പെടുത്തി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഔദ്യോഗികമായി സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) നിലവിൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾ ഇല്ല.

(ബി) താഴെപ്പറയുന്ന 23 സ്കൂളുകളിൽ മാനേജ്മെന്റ് തർക്കം നിലവിലുണ്ട്.

1. ഡോ. കെ.ബി.എം.എം.എച്ച്.എസ്., തൃത്താല
2. കെ.റ്റി.എം.എച്ച്.എസ്.എസ്., മണ്ണാർക്കാട്
3. ബി.എസ്.എസ്.എച്ച്.എസ്.എസ്., കൊല്ലങ്കോട്
4. വൈ.എം.ജി.എച്ച്.എസ്.എസ്., കൊല്ലങ്കോട്
5. എ.എസ്.എം.എം.എച്ച്.എസ്.എസ്., ആലത്തൂർ
6. എസ്.ജെ.എച്ച്.എസ്.എസ്., പുതുക്കോട്
7. എ.യു.പി.എസ്., ഞങ്ങാട്ടൂർ
8. എ.യു.പി.എസ്., ഇളവംപാടം
9. എ.യു.പി.എസ്., തരൂർ
10. ജി.എം.എൽ.പി.എസ്., മംഗലം
11. എ.യു.പി.എസ്., പൂഞ്ചപാടം
12. എ.എൽ.പി.എസ്., വെട്ടേക്കര
13. എ.എൽ.പി.എസ്., കൂടല്ലൂർ
14. എ.എൽ.പി.എസ്., മണ്ണാർക്കാട്
15. എ.യു.പി.എസ്., കുമരംപുത്തൂർ
16. ഡി.ബി.എൽ.പി.എസ്., പനമണ്ണ
17. സി.എ.ജെ.ബി.എസ്., പറളി
18. എ.എൽ.പി.എസ്., ആമയൂർ നോർത്ത്

19. എ.യു.പി.എസ്., ആമയൂർ സൗത്ത്

20. സി.യു.പി.എസ്., ചേമ്പ്ര

21. എ.യു.പി.എസ്., മുളയങ്കാവ്

22. എ.യു.പി.എസ്., കവളപാറ

23. എ.എൽ.പി.എസ്., വടക്കേകര

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## തൃപ്പൂണിത്തുറ സംസ്കൃതം സ്കൂൾ

143 (2987) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നൂറ്റാണ്ടിലധികം പാരമ്പര്യമുള്ള തൃപ്പൂണിത്തുറ സംസ്കൃതം സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ച നിവേദനം പരിശോധിച്ചുവരുന്നു.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് പരിഗണിക്കുന്നതാണ്.

## സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാക്കുന്നതിന് നടപടി

144 (2988) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഏത് വർഷം മുതലുള്ള സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018 മാർച്ചിലെ സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാണ്. 2019 മാർച്ചിലെ സർട്ടിഫിക്കറ്റുകൾ 2019 ജൂലൈ 15 മുതൽ ഡിജി ലോക്കറിൽ ലഭ്യമാകും.

(ബി) 2018 മാർച്ച് മുതലുള്ള സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാണ്.

**പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം**

145 (2989) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017, 2017-2018, 2018-2019 അദ്ധ്യയന വർഷങ്ങളിലും 2019-20 അദ്ധ്യയന വർഷത്തിലും കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവുകളിൽ കായംകുളം മണ്ഡലത്തിൽ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും സ്കൂൾ തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18, 2018-19 അദ്ധ്യയന വർഷങ്ങളിലും 2019-20 അദ്ധ്യയന വർഷത്തിലും കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| സ്റ്റാന്റേർഡ് | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| I | 304573 | 316023 | 324529 | 316682 |
| II | 313908 | 313697 | 329396 | 336467 |
| III | 320303 | 323478 | 325817 | 339923 |
| IV | 325519 | 329171 | 335202 | 336147 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| V | 357877 | 352780 | 359402 | 364413 |
| VI | 368668 | 370476 | 369728 | 374546 |
| VII | 386732 | 378516 | 383637 | 381754 |
| VIII | 422014 | 411624 | 410392 | 416468 |
| IX | 448101 | 440476 | 427066 | 425004 |
| X | 455125 | 444499 | 438649 | 425493 |
| ആകെ | 3702820 | 3680740 | 3703818 | 3716897 |

(ബി) 2018-19, 2019-20 കാലയളവുകളിൽ കായംകുളം മണ്ഡലത്തിൽ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* സമ്പൂർണ്ണ സോഫ്റ്റ്‌വെയറിലൂടെയുള്ള ഓൺലൈൻ വിവര ശേഖരണം 2018-19 അദ്ധ്യയന വർഷം മുതലാണ് ആരംഭിച്ചതെന്നതിനാൽ അതിനുമുമ്പുള്ള വർഷങ്ങളിലെ ഓരോ സ്കൂളിലെയും ക്ലാസ് തിരിച്ചുള്ള വിദ്യാർത്ഥികളുടെ എണ്ണം സംസ്ഥാനതലത്തിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

### പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

146 (2990) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനപരിപാടികളും റിഫ്രഷർ കോഴ്സുകളും ശില്പശാലകളും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്:

1. പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തി. അത് പ്രകാരം 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ എൻ.എസ്.ക്യൂ.എഫ്. സമഗ്ര, ദീക്ഷ-എനർജൈസ്ഡ് ടെക്സ്റ്റ് ബുക്ക്, ദുരന്ത നിവാരണ ആശയങ്ങൾ എന്നിവ ഉൾച്ചേർത്ത് പരിഷ്കരിച്ചു. 'ദീക്ഷ'യുടെ ഭാഗമായി ക്യൂ.ആർ. കോഡ് ഉൾച്ചേർത്തു.

2. ഡിജിറ്റൽ കണ്ടന്റുകൾ വികസിപ്പിച്ചു. 'കൈറ്റ്'-ന്റെ സാങ്കേതിക സഹായത്തോടെ 'സമഗ്ര' പോർട്ടൽ വഴി ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

3. ഗവേഷണാത്മക അദ്ധ്യാപനവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ നടക്കുന്ന സവിശേഷ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്ന തിനുമായി വ്യക്തിഗത ഗവേഷണ പിന്തുണ പദ്ധതി ആവിഷ്കരിച്ചു. തെരഞ്ഞെടുത്ത പ്രവർത്തനങ്ങൾക്ക് സാമ്പത്തിക-വിദഗ്ദ്ധ പിന്തുണ നൽകിവരുന്നു.

4. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 10 വിദ്യാലയങ്ങളിൽ നേരിട്ട് അക്കാദമിക പിന്തുണ നൽകുന്ന പരിപാടി നടപ്പാക്കുന്നു. ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ സ്കൂൾ തലത്തിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ മനസ്സിലാക്കാനും മറികടക്കാനുള്ള മാർഗ്ഗങ്ങൾ വികസിപ്പിക്കാനും സഹായകമായി. പ്രാദേശികമായ സവിശേഷതകൾ ഉൾച്ചേർത്ത് പാഠ്യപദ്ധതി വിനിമയം ഫലപ്രദമാക്കുന്നതിനുള്ള രീതിശാസ്ത്രം വികസിപ്പിച്ചു.

5. തീരദേശത്തെ കുട്ടികളുടെ പഠന പ്രശ്നങ്ങൾ, ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ, ഗൈഡൻസ് ആന്റ് കൗൺസിലിംഗ് എന്നിവയുടെ ഗവേഷണങ്ങൾ നടത്തി പ്രായോഗിക നിർദ്ദേശങ്ങൾ രൂപീകരിച്ചു.

6. രക്ഷാകർതൃ ബോധവൽക്കരണത്തിന് ബാംഗ്ലൂർ 'നിംഹാൻസ്'-ന്റെ സഹകരണത്തോടെ മൊഡ്യൂൾ വികസിപ്പിച്ച് 11 സ്കൂളുകളിൽ ട്രൈഔട്ട് നടത്തി. ഈ വർഷം 3 ജില്ലകളിൽ നടപ്പാക്കാൻ പദ്ധതി തയ്യാറാക്കി.

7. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സമീപനരേഖ വികസിപ്പിച്ചു. ആദ്യഘട്ടത്തിൽ മൂന്ന് ജില്ലകളിൽ തെരഞ്ഞെടുത്ത സ്കൂളുകളെ ഭിന്നശേഷി സൗഹൃദ മാതൃക സ്കൂളുകൾ ആക്കി മാറ്റാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

8. പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന് കരിക്കുലം, അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം, കുട്ടികൾക്കുള്ള പ്രവർത്തന കാർഡ് എന്നിവ വികസിപ്പിച്ചു.

9. അവധിക്കാല പരിശീലനം ശിൽപ്പശാല മാതൃകയിൽ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കി, സംസ്ഥാനതല പരിശീലനം സംഘടിപ്പിച്ചു.

10. ഗണിതത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്കായി 'ന്യൂമാറ്റ്സ് എന്ന പേരിൽ പ്രത്യേക ക്യാമ്പ് പരിശീലനവും സംഘടിപ്പിച്ചുവരുന്നു.

11. സാമൂഹ്യശാസ്ത്രത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്കായി 'സ്റ്റേപ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പ്/ പരിശീലന പരിപാടി ആരംഭിച്ചു.

12. ഇംഗ്ലീഷ് ഭാഷാ പഠനം ഫലപ്രദമാക്കുന്നതിനായി പ്രത്യേക പദ്ധതി 'റിലീഷ് ഇംഗ്ലീഷ്' ആവിഷ്കരിച്ച് നടപ്പാക്കി. മലയാളം, ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനായി അധിക വായനാ സാമഗ്രികൾ തയ്യാറാക്കി.

13. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കേന്ദ്രാവിഷ്കൃത പദ്ധതിയായ National Skill Qualification Frame Work-ലേയ്ക്ക് പരിവർത്തനം ചെയ്യുന്ന പ്രക്രിയ ഘട്ടംഘട്ടമായി നടന്നുവരുന്നു. വിദ്യാർത്ഥികൾക്ക് On Job Training, Field Level Training, Institute Industry എന്നിവയുമായി സംവദിക്കാനുള്ള അവസരം Expert Interaction in Schools എന്നിവ നടപ്പിലാക്കുന്നു.

14. ഹയർ സെക്കണ്ടറി മേഖലയിൽ ഫോക്കസ് പോയിന്റ്, കെ.-ഡാറ്റ്, വളർച്ചാ വൈകല്യമുള്ള കുട്ടികളുടെ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനുള്ള പ്രോഗ്രാം, കരിയർ ഗൈഡുമാരായ അദ്ധ്യാപകർക്ക് വിദ്യാർത്ഥികളെ ശരിയായ രീതിയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള വിവിധ പരിശീലനങ്ങൾ, വിജയശതമാനം ഏറ്റവും കുറഞ്ഞ സ്കൂളുകളെ തെരഞ്ഞെടുത്ത് പഠന നിലവാരം ഉയർത്തുന്ന ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP) തുടങ്ങിയവ നടപ്പിലാക്കുന്നു.

(ബി) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്കൂളുകളിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ സന്ദർശനം/പരിശോധന, എസ്.സി.ഇ.ആർ.ടി.-യുടെ ഗവേഷണാടിസ്ഥാനത്തിലുള്ള ഇടപെടൽ, സമഗ്ര ശിക്ഷാ കേരള (എസ്.എസ്.കെ.) നടപ്പാക്കുന്ന വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥരുടെയും ട്രെയിനർമാരുടെയും സന്ദർശനവും ഇടപെടലും, ഡയറ്റ് പ്രിൻസിപ്പൽ/ഫാക്കൽറ്റികൾ എന്നിവയുടെ സന്ദർശനവും ഇടപെടലുകളും നടത്തി വരുന്നു.

(സി) ഉണ്ട്. അവധിക്കാല പരിശീലം ശിൽപ്പശാല മാതൃകയിൽ സംഘടിപ്പിച്ചു. ഡയറ്റിൽ പുതുതായി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് 7 ദിവസത്തെ ഇൻഡക്ഷൻ പരിശീലനം നൽകി. പുതുതായി നിയമനം ലഭിക്കുന്ന എല്ലാ അദ്ധ്യാപകർക്കും ഇൻഡക്ഷൻ ട്രെയിനിഗ് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കി. ഹയർ സെക്കണ്ടറി മേഖലയിലെ അദ്ധ്യാപകർക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് രണ്ട് ഘട്ടമായി നടക്കുന്ന 'ഹയർ സെക്കണ്ടറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി (HSSTTP)' 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകിവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി ഹൈടെക് പഠന സൗകര്യം

147 (2991) <u>ശ്രീ. പി. കെ. ബഷീർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ് മുറികളിൽ ഹൈടെക് പഠന സൗകര്യം ഏർപ്പെടുത്തിയതുപ്രകാരം സംസ്ഥാനത്താകെ എത്ര ക്ലാസ് മുറികളിൽ ഹൈടെക് പഠനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ചു വിശദാംശം നൽകുമോ;

(ബി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപവൽക്കരിച്ചിട്ടുണ്ടോ എത്ര രൂപ നാളിതുവരെയായി ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എൽ.പി. യു.പി. സ്കൂളുകളിലെ ക്ലാസ് മുറികളിലും ഹൈടെക് പഠനസൗകര്യം ലഭ്യമാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഇതുപ്രകാരം എത്ര ക്ലാസ് മുറികൾ ഹൈടെക് പഠനസൗകര്യമുള്ളതായി മാറും; ജില്ലതിരിച്ച് വിശദമാക്കുമോ;

(ഡി) ഇതിനായി എത്ര രൂപ ചെലവ് വരുമെന്നും, ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയെക്കുറിച്ച് അവലോകനം നടത്താറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി- വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി. ക്ലാസ്സ് റൂം നെറ്റ്‌വർക്കിംഗ് അവസാന ഘട്ടത്തിലാണ്. ഓരോ ജില്ലയിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| തിരുവനന്തപുരം | 402 | കൊല്ലം | 384 |
| പത്തനംതിട്ട | 268 | ആലപ്പുഴ | 325 |
| കോട്ടയം | 383 | ഇടുക്കി | 240 |
| എറണാകുളം | 476 | തൃശ്ശൂർ | 442 |
| പാലക്കാട് | 323 | മലപ്പുറം | 406 |
| കോഴിക്കോട് | 363 | വയനാട് | 155 |
| കണ്ണൂർ | 341 | കാസർഗോഡ് | 244 |

(ബി) കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ സർക്കാർ കമ്പനിയായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപവൽക്കരിച്ചിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതി നടത്തിപ്പിനായി 493 കോടി രൂപ (നാന്നൂറ്റിതൊണ്ണൂറ്റി മൂന്ന് കോടി രൂപ) 'കിഫ്ബി' അനുവദിച്ചിട്ടുണ്ട്. ഇതിൽ 340.18 (മൂന്നൂറ്റി നാല്പത് കോടി പതിനെട്ട് ലക്ഷം രൂപ) കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കുന്നത്. പകരം ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലേയ്ക്ക് നൽകുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് ഏത് ക്ലാസിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ സൗകര്യമുള്ള എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനം പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. ഓരോ ജില്ലയിലും പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| തിരുവനന്തപുരം | 791 | കൊല്ലം | 730 |
| പത്തനംതിട്ട | 403 | ആലപ്പുഴ | 555 |
| കോട്ടയം | 655 | ഇടുക്കി | 377 |
| എറണാകുളം | 723 | തൃശ്ശൂർ | 808 |
| പാലക്കാട് | 815 | മലപ്പുറം | 1276 |
| കോഴിക്കോട് | 1054 | വയനാട് | 263 |
| കണ്ണൂർ | 1013 | കാസർഗോഡ് | 478 |

(ഡി) പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിക്കായി സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ഈ അദ്ധ്യയന വർഷം തന്നെ പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) ഉണ്ട്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 'കിഫ്ബി'യുടെ ധനസഹായത്തോടെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി മേഖലാടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. 'കിഫ്ബി'യുടെ ധനസഹായത്തോടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ SPV ആയ 'കൈറ്റ്' മുഖേനയാണ് നടപ്പാക്കുന്നത്. ഓരോ സ്കൂളുകളുടെയും പ്രവർത്തന പുരോഗതി 'കൈറ്റ്' പ്രത്യേകം അവലോകനം നടത്തിയശേഷം കരാറുകാരുടെ യോഗം വിളിക്കുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. വേണ്ടത്ര പുരോഗതി കൈവരിക്കാത്ത

കരാറുകാരുടെ പ്രവൃത്തികൾ പ്രത്യേകമായി നിരീക്ഷിക്കുകയും നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം കരാറുകാർക്ക് നിയമപരമായ നടപടികൾ കൈക്കൊള്ളുമെന്ന് കാണിച്ച് നോട്ടീസും നൽകിയിട്ടുണ്ട്. ജില്ലാതല കർമ്മസമിതികളിലും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

കൂടാതെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന മുഴുവൻ പ്രവർത്തനങ്ങളും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ കർമ്മസേനകൾ എല്ലാ മാസവും വിലയിരുത്താറുണ്ട്. കൃത്യമായ ഇടവേളകളിൽ സംസ്ഥാനതല കർമ്മസേനകൂടി മുഴുവൻ പ്രവർത്തനങ്ങളും അവലോകനം ചെയ്തുവരുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ തലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അവലോകനവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല മിഷൻ യോഗങ്ങളും സെക്രട്ടറിതല മീറ്റിംഗുകളും വകുപ്പുതല മീറ്റിംഗുകളും സംഘടിപ്പിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി കൂടുതൽ മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## എൽ.പി., യു.പി. സ്കൂളുകളിൽ ഹൈടെക് ലാബുകൾ

148 (2992) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി. സ്കൂളുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഇതിനായി കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതി നടത്തിപ്പിനായി കിഫ്ബി 292 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ഹൈടെക് ക്ലാസ് മുറികൾ

149 (2993) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്ന് മുതൽ ഏഴ് വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി ഈ നടപടി പൂർത്തീകരിക്കുമോ;

(ബി) ഈ പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പ്രൈമറി വിഭാഗം സ്കൂളുകളിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല. പകരം ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലേയ്ക്ക് നൽകുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് ഏത് ക്ലാസ്സിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ സൗകര്യമുള്ള എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനം പ്രയോജനപ്പെടുത്താവുന്നവിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. പദ്ധതി ഈ അദ്ധ്യയന വർഷം പൂർണ്ണമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇവ കൂടാതെ മൾട്ടി ഫങ്ഷൻ പ്രിന്റർ, ടെലിവിഷൻ എന്നിവയ്ക്കുള്ള ടെണ്ടർ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(സി) കോങ്ങാട് മണ്ഡലത്തിൽ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് ഉപകരണങ്ങൾ ലഭ്യമാക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹൈടെക് ക്ലാസ് മുറികൾ

150(2994) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ നാല്പത്തി അയ്യായിരം ക്ലാസ് മുറികൾ ഹൈടെക്കായി മാറ്റുന്ന പ്രവർത്തനം പൂർണ്ണതോതിലായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിലെ ഭൗതിക ശാസ്ത്ര പരീക്ഷണങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഗണിതത്തിന് ഐ.റ്റി. അധിഷ്ഠിത ലാബുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അദ്ധ്യാപകർക്ക് എന്ത് പരിശീലനമാണ് നൽകിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും 'കിഫ്ബി' ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിവരുന്നു. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 4751 സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്ലാസ്റൂം നെറ്റ് വർക്കിംഗ് അവസാനഘട്ടത്തിലാണ്.

(ബി) സ്കൂളുകളിലെ ഭൗതിക ശാസ്ത്ര പരീക്ഷണ പ്രവർത്തനങ്ങളിലും വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹയർ സെക്കണ്ടറി വിഭാഗം ഭൗതിക ശാസ്ത്ര അദ്ധ്യാപകർക്ക് 'എക്സ്പൈസ്' എന്ന പ്രത്യേക ഉപകരണത്തിന്റെ സഹായത്തോടെയുള്ള ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകിയിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി തലത്തിൽ ഗണിതം പഠിപ്പിക്കുന്ന ബാച്ചുകളുള്ള സ്കൂളുകളിൽ ഗണിത ലാബ് സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) ഹയർ സെക്കണ്ടറി വിഭാഗം ഗണിതശാസ്ത്ര അദ്ധ്യാപകർക്ക് ഗണിത ലാബിനെ ആസ്പദമാക്കിയുള്ള പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകിയിട്ടുണ്ട്.

## ആധുനിക വിവരസാങ്കേതികവിദ്യ പ്രാവർത്തികമാക്കിയതിലൂടെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ

151 (2995) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിൽ പ്രാവർത്തികമാക്കിയതിലൂടെ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ ആധുനികവൽക്കരിച്ച് മികവിന്റെ കേന്ദ്രങ്ങൾ ആക്കിയതിലൂടെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, സിലബസ്സിൽ സ്വകാര്യ വിദ്യാലയങ്ങളിൽ പഠിച്ചിരുന്ന ഒരു വലിയ വിഭാഗത്തെ സംസ്ഥാന സിലബസ് സ്കൂളുകളിലേക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യവികസനവും, അക്കാദമിക് മികവും സാധ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഇതിലൂടെ സംസ്ഥാനത്തെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, സംസ്ഥാനത്തിന് പുറത്തുള്ള ഉന്നതനിലവാരത്തിലുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളോട് മത്സരിക്കുന്നതിനുള്ള അവരുടെ കഴിവ് ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കമ്പ്യൂട്ടറിനോടും സാങ്കേതിക വിദ്യകളോടും കാണിച്ചിരുന്ന വിമുഖത നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം കുറയ്ക്കുവാൻ ഇടയാക്കിയെന്ന് വിലയിരുത്തുന്നുണ്ടോ?

### ഉത്തരം

(എ) ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം ഇതര മേഖലകളിലെന്നപോലെ വിദ്യാഭ്യാസ മേഖലയിലും ഫലപ്രദമായി പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂൾ അഡ്മിഷൻ മുതൽ ക്ലാസ് പ്രൊമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രവർത്തനങ്ങളും കലോത്സവം, ശാസ്ത്രോത്സവം, കായികോത്സവം തുടങ്ങിയ പ്രവർത്തനങ്ങളും ഇതിനോടകം തന്നെ കമ്പ്യൂട്ടർ അധിഷ്ഠിതമായി നടപ്പിലാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ

ഹയർ സെക്കണ്ടറി മേഖലയിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി. 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേയ്ക്ക് ഹൈടെക് പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെ ഈ അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. അക്കാദമിക പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കാര്യക്ഷമതയും കൃത്യതയും ഉറപ്പാക്കുന്നതിനും വിവര വിനിമയ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായ ത്തോടെയുള്ള ക്ലാസ് റൂം വിനിമയം പഠനം അനായാസവും രസകരവുമാക്കാൻ കാരണമായിട്ടുണ്ട്. വിവര ശേഖരണത്തിന് വിദ്യാർത്ഥികൾ വ്യാപകമായ തോതിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ ഭരണപരമായ പ്രവർത്തനങ്ങളിൽ കാലതാമസം ഒഴിവാക്കുന്നതിനും കൃത്യത വർദ്ധിപ്പിക്കുന്നതിനും ടി പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആധുനികവത്കരണം നടത്തുന്നതിനായി താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

1. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

2. 4751 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉൾപ്പെടെ 11765 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി.

3. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4. 5 കോടി രൂപ ഓരോ സ്കൂളിനും ചെലവഴിച്ച് 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

5. ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 383 സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി.

6. 500-നും 1000-നും ഇടയിൽ വിദ്യാർത്ഥികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി 1 കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതി.

7. ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം പഠന ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' വിഭവ പോർട്ടൽ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

8. ഹൈസ്കൂൾ ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

9. പാഠപുസ്തകങ്ങളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും പരീക്ഷാ രീതിയിൽ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. നാഷണൽ അച്ചീവ്മെന്റ് സർവ്വേയിൽ മികച്ച പ്രകടനം കാഴ്ചവച്ചു. ദേശീയതലത്തിലുള്ള പ്രവേശന പരീക്ഷകളിലും മറ്റ് മത്സര പരീക്ഷകളിലും, കേരളത്തിലെ കുട്ടികൾക്ക് മികവ് പ്രകടിപ്പിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്.

(ഇ) അത്തരത്തിൽ വിലയിരുത്തൽ നടത്തിയിട്ടില്ല.

**നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ**

152 (2996) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ ജി.ബി.എച്ച്.എസ്.എസ്.-നെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ ടെണ്ടർ പൂർത്തീകരിച്ച് എന്നുമുതലാണ് പ്രവൃത്തികൾ ആരംഭിച്ചത് എന്നും പ്രവൃത്തി എന്നാണ് പൂർത്തീകരിക്കേണ്ടത് എന്നും വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെന്മാറ ജി.ബി.എച്ച്.എസ്.എസ്.-നെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് 7.82 (ഏഴ് കോടി എൺപത്തി രണ്ട് ലക്ഷം) കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ടെണ്ടർ പൂർത്തീകരിച്ച് 2018 ഒക്ടോബർ മാസത്തിൽ പണി ആരംഭിച്ചു. ഹൈസ്കൂൾ ബ്ലോക്കിന്റെ പകുതി ഭാഗത്തിന്റെ ഫൗണ്ടേഷന്റെ പണികൾ പൂർത്തിയായി വരുന്നു. ബാക്കി പകുതി ഭാഗത്തിന്റെ ഫസ്റ്റ് ഫ്ലോർ സ്ലാബിന്റെ പണികൾ നടന്നുവരുന്നു.

**കായംകുളം മണ്ഡലത്തിലെ ഹൈടെക് സ്കൂളുകൾ**

153(2997) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കിയെന്നും എത്രയെണ്ണം കൂടി ഹൈടെക് ആക്കുവാനുണ്ടെന്നും സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിലെ ആകെ 36 സ്കൂളുകളിലെ 323 ക്ലാസ് റൂമുകളിൽ 313 ക്ലാസ് റൂമുകൾ ഹൈടെക് ആക്കിയിട്ടുണ്ട്. 10 ക്ലാസ് റൂമുകൾ ഹൈടെക് ആക്കുവാൻ ബാക്കിയുണ്ട്. സ്കൂൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ ഹൈടെക് സ്കൂളുകൾ

154 (2998) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ ഹൈടെക്കാക്കുന്ന പദ്ധതിയിൽ ഉൽപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. അംഗീകാരവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയ ഏജൻസികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. അംഗീകാരം ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങൾക്കുംശേഷം പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 'കിഫ്ബി'യുടെ 5 കോടി/3 കോടി/1 കോടി രൂപ അനുവദിച്ച സ്കൂളുകൾ താഴെ പറയുന്നു.

1. മാവേലിക്കര ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.- 5 കോടി
2. ചുനക്കര ഗവൺമെന്റ് എച്ച്.എസ്.എസ്.- 3 കോടി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. വള്ളിക്കുന്നം ജി.കെ.കെ.എം.എച്ച്.എസ്.എസ്.-3 കോടി

4. ഗവൺമെന്റ് എച്ച്.എസ്.എസ്., കുന്നം- 1 കോടി

5. ഗവൺമെന്റ് വി.എച്ച്.എസ്., മാവേലിക്കര- 1 കോടി

6. ഗവൺമെന്റ് എസ്.വി.എച്ച്.എസ്., കുടശ്ശനാട്- 1 കോടി

ഇവയിൽ കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ശ്രീ. അബ്ദുൽ വാഹിദ് എന്ന കരാറുകാരനാണ് ഏറ്റെടുത്തിട്ടുള്ളത്. കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തേണ്ട വള്ളിക്കുന്നം ജി.കെ.കെ.എം.എച്ച്.എസ്.എസ്.-ന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി സ്കൂളുകൾക്ക് കിഫ്ബിയിൽനിന്നും അനുമതി ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി & ഇ) കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമായയുടൻ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്ന ഹയർ സെക്കണ്ടറി സ്കൂൾ**

155 (2999) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ വികസന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ മെയിൻ ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോർ സ്ലാബ് കോൺക്രീറ്റ് കഴിഞ്ഞു. ഫസ്റ്റ് ഫ്ലോറിന്റെ പില്ലറുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. എൽ.പി. ബ്ലോക്കിന്റെ ഫൗണ്ടേഷൻ പണികളും പുരോഗമിക്കുന്നു.

(സി) 2019 ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സി.പി. നാരായണൻ സ്മാരക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

156 (3000) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ വിഭാഗത്തിൽ 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മാതമംഗലം സി.പി. നാരായണൻ സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ പദ്ധതിയുടെ തുടർനടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം സി.പി. നാരായണൻ സ്മാരണ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ഭരണാനുമതിയും 'കിഫ്ബി'യുടെ അനുമതിയും ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി കോൺട്രാക്ടറെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ രണ്ട് പ്രാവശ്യം വിളിച്ചിട്ടും ആരുംതന്നെ പങ്കെടുക്കാതിരുന്നതിനാൽ വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയാണ്.

## നെടുമങ്ങാട് മണ്ഡലത്തിലെ ഓട്ടിസം പാർക്ക്

157 (3001) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിൽ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഓട്ടിസം പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടി ഓട്ടിസം പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഇല്ല.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ സത്വരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

158 (3002) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി മലപ്പുറം ഡി.ഡി.ഇ. റിപ്പോർട്ട് സമർപ്പിച്ച സ്കൂളുകളിൻമേൽ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പൊൻവള പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.സ്കൂൾ ചൂന്നൂർ, ഗവൺമെന്റ് എൽ.പി. സ്കൂൾ ചിത്രുംപള്ളി (മാറാക്കര) , ഗവൺമെന്റ് എൽ.പി. സ്കൂൾ പെരുപറമ്പ് മൂടാൽ (കുറ്റിപ്പുറം) എന്നിവയുടെ എസ്റ്റിമേറ്റും പ്ലാനും ഡി.ഡി.ഇ. മലപ്പുറം ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; പ്രസ്തുത പ്രൊപ്പോസൽ തിരുവനന്തപുരം ഡി.പി.ഐ ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ടോ; എന്നാണ് അയച്ചത്; വിശദമാക്കാമോ;

(സി) മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ അയച്ച പ്രൊപ്പോസലുകൾ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളുടെ കാര്യത്തിൽ ഡി.പി.ഐ. സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഇ) മേൽപ്പറഞ്ഞ സ്കൂളുകളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അടിയന്തരമായി ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നു.

(ബി) ഉണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) പ്രൊപ്പോസലുകൾ പരിശോധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ അനന്തര നടപടികൾ സ്വീകരിച്ച് വരുന്നു.

(ഇ) പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം**

159 (3003) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രങ്ങൾ ആക്കിയ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ തിരുപുറം എച്ച്. എസ്., ഗവ. ഗേൾസ് ഹൈസ്കൂൾ എന്നിവയുടെ നവീകരണപ്രവൃത്തികളുടെ ഡി.പി.ആർ. പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയേയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ഡി.പി.ആർ. പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) നവീകരണപ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ- ഡി) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 'കിഫ്ബി' ധനസഹായത്തോടെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന് 3 കോടി രൂപയുടേയും തിരുപുറം എച്ച്.എസ്.-ന് ഒരു കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പ്രവൃത്തികൾ**

160 (3004) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പട്ടാമ്പി മണ്ഡലത്തിലെ നടുവട്ടം ജനതാ സ്കൂൾ, വാടനാംകുറിശ്ശി, കൊപ്പം, പട്ടാമ്പി എന്നീ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(ബി) മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി ഇനിയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത്തരം സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ 141 സ്കൂളുകളെയാണ് മികവിന്റെ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിൽ പട്ടാമ്പി മണ്ഡലത്തിലെ ഗവൺമെന്റ് ജനതാ എച്ച്.എസ്.എസ്., നടുവട്ടം സ്കൂളിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ബാക്കി 3 സ്കൂളുകൾ കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ ഭൗതിക സാഹചര്യ വികസനത്തിനാണ് തെരഞ്ഞെടുത്തത്. പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി താഴെ പറയുന്നു:

1. നടുവട്ടം ഗവൺമെന്റ് ജനതാ എച്ച്.എസ്.എസ്. സ്കൂളിന്റെ ഫൗണ്ടേഷന്റെ നിർമ്മാണം നടന്നുവരുന്നു.
2. ജി.വി.എച്ച്.എസ്.എസ്., വാടാനാംകുറിശ്ശി സ്കൂളിലെ രണ്ട് നിലയുടെ സ്ലാബ് അടക്കം വാർത്തു കഴിഞ്ഞു.
3. ജി.വി.എച്ച്.എസ്.എസ്., കൊപ്പം സ്കൂളിലെ അക്കാദമിക് ബ്ലോക്കിന്റെ ഫൗണ്ടേഷൻ പണികൾ പൂർത്തിയായി കഴിഞ്ഞു.
4. ജി.എച്ച്.എസ്.എസ്., പട്ടാമ്പി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ രണ്ട് പ്രാവശ്യം വിളിച്ചിട്ടും ആരും പങ്കെടുക്കാതിരുന്നതിനാൽ മൂന്നാംവട്ടവും ടെണ്ടർ വിളിച്ചിരിക്കുകയാണ്.

(സി) നടുവട്ടം ജനതാ സ്കൂൾ, കൊപ്പം സ്കൂൾ എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ എടുത്തിരിക്കുന്നത് RPP Infra Projects എന്ന കമ്പനിയാണ്. വാടാനാംകുറിശ്ശി സ്കൂൾ ഊരാളുങ്കൽ ലേബർ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് കരാർ ഏറ്റെടുത്തിരിക്കുന്നത്.

## വിദ്യാ സമുന്നതി പദ്ധതി

161 (3005) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാ സമുന്നതി പദ്ധതിയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു; വ്യക്തമാക്കുമോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ & ബി) കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസമുന്നതി (2018-19) പദ്ധതി പ്രകാരം സംസ്ഥാനത്തെ മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 22023 വിദ്യാർത്ഥികൾക്ക് 12,30,49,791 രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | വിഭാഗം | | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|
| 1 | ഹയർ സെക്കണ്ടറി | | 9068 | 36272000 |
| 2 | ബിരുദം | പ്രൊഫഷണൽ | 3700 | 25900000 |
| | | നോൺ പ്രൊഫഷണൽ | 6017 | 30085000 |
| 3 | ബിരുദാനന്തര ബിരുദം | പ്രൊഫഷണൽ | 197 | 3152000 |
| | | നോൺ പ്രൊഫഷണൽ | 1668 | 16680000 |
| 4 | ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ | | 1194 | 7164000 |
| 5 | CA/ICWA/CS | | 94 | 940000 |
| 6 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് | | 75 | 2606791 |
| 7 | Mphil/PhD | | 10 | 250000 |
| | Total | | 22023 | 123049791 |

**നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് കോഴ്സുകൾ**

162 (3006) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഡിസംബറിൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം അഞ്ച് വർഷത്തിനുള്ളിൽ എല്ലാ സംസ്ഥാനങ്ങളിലും ഹയർ സെക്കന്ററി സ്കൂളുകളിൽ എൻ.എസ്.ക്യു.എഫ്. അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് നടപ്പിലാക്കിയെന്ന് അറിയിക്കുമോ ;

(സി) ശേഷിക്കുന്ന സ്കൂളുകളിൽ അത് നടപ്പിലാക്കുന്നതിന് എന്തെങ്കിലും ഇളവുകൾ നൽകണമെന്ന് കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് സംസ്ഥാനം ഇളവ് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർദ്ദേശിച്ചിരുന്നു.

(ബി) 101 സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി & ഡി) ആവശ്യപ്പെട്ടിട്ടില്ല.

## പുന്നശ്ശേരി എൽ.പി.സ്കൂൾ-പൈതൃക വിദ്യാലയം

163 (3007) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സംസ്കാരിക നായകന്മാരിൽ പ്രമുഖനായിരുന്ന പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമ്മയുടെ നാമധേയത്തിൽ അറിയപ്പെടുന്ന പട്ടാമ്പി മണ്ഡലത്തിലെ പുന്നശ്ശേരി എൽ.പി.സ്കൂളിനെ പൈതൃക വിദ്യാലയമായി പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇല്ലായെങ്കിൽ പ്രസ്തുത ആവശ്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ&ബി) അത്തരത്തിലുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

## സമഗ്രശിക്ഷാ അഭിയാൻ

164 (3008) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾക്കായി സമഗ്രശിക്ഷാ

അഭിയാൻ പ്രകാരം എത്ര തുകയുടെ പദ്ധതിയാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിരിക്കുന്നത്; അതിൽ എത്ര തുകയ്ക്കുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു; മുൻവർഷം എത്ര തുകയ്ക്കുള്ള പദ്ധതി അംഗീകരിച്ചിരുന്നെന്നും എത്ര തുക കേന്ദ്രവിഹിതമായി ലഭ്യമായെന്നും അറിയിക്കാമോ;

(ബി) ആർജ്ജിത അറിവുകളെ ജീവിതവുമായി ബന്ധിപ്പിച്ച് ശാസ്ത്ര ഗണിതശാസ്ത്ര വിഷയങ്ങളോട് താല്പര്യം സൃഷ്ടിക്കാനുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) ഓരോ വിദ്യാർത്ഥിയുടെയും വ്യത്യസ്തമായ കഴിവുകൾ കണക്കിലെടുത്ത് പഠനം പീഡനമാകാതെ തനതുകഴിവ് പരിപോഷിപ്പിക്കാൻ പഠനപരിപോഷണ പരിപാടി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സമഗ്രശിക്ഷാ, കേരളത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതി നടപ്പിലാക്കുന്നതിനായി 1506 കോടി രൂപ (ആയിരത്തി അഞ്ഞൂറ്റി ആറ് കോടി രൂപ)യുടെ പ്രൊപ്പോസൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. ഡൽഹിയിൽവച്ച് നടന്ന പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സ് ഇതുവരെ അംഗീകരിച്ചു ലഭ്യമായിട്ടില്ല. 2018-19 വർഷത്തെ വാർഷിക പദ്ധതിയായി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച തുക 739.93 കോടി രൂപ (എഴുന്നൂറ്റി മുപ്പത്തി ഒൻപത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം)യാണ്. (സ്പിൽ ഓവർ അടക്കം 876.94 കോടി രൂപ.) ഈ തുകയുടെ 60 ശതമാനം (443.95 കോടി രൂപ) കേന്ദ്ര ഗവൺമെന്റ് വിഹിതവും 40 ശതമാനം തുക (295.97 കോടി രൂപ) സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര വിഹിതമായി ലഭിച്ച ആകെ തുക 256 കോടി രൂപയാണ്.

(ബി) ഈ വർഷം ഗണിതത്തിനും ശാസ്ത്രത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഗണിതത്തിലും ശാസ്ത്രത്തിലും കുട്ടികൾക്ക് കൂടുതൽ താൽപ്പര്യം സൃഷ്ടിക്കാനായി ശാസ്ത്രകൗതുകം (എൽ.പി.), ശാസ്ത്രമധുരം (യു.പി.), ശാസ്ത്രപാർക്ക്, ശാസ്ത്രപഥം (ഹയർ സെക്കണ്ടറി), ഉല്ലാസ ഗണിതം (ക്ലാസ് 1, 2), ഗണിതവിജയം (എൽ.പി., യു.പി.) എന്നീ പദ്ധതികൾ ഈ വർഷം നടപ്പിലാക്കും. ഗണിത പാഠപുസ്തകങ്ങളിൽ ഗണിതാശയങ്ങൾ ദൈനംദിന ജീവിതാനുഭവങ്ങളോട് ബന്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ന്യൂമാറ്റ്സ് എന്ന പേരിൽ ഗണിത പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ഓരോ കുട്ടിയുടെയും വ്യത്യസ്തമായ കഴിവുകൾ പരിപോഷിപ്പിക്കാൻ പഠന പരിപോഷണ പരിപാടികൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

എ) ടാലന്റ് ലാബ്- കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ കണ്ടെത്തുന്നതിന്.

ബി) സർഗ്ഗവിദ്യാലയം- നൂതനങ്ങളായ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ (സർഗ്ഗാത്മകതയുൾപ്പെടെ) പ്രോത്സാഹിപ്പിക്കുന്നതിന്.

സി) ചിത്രവണ്ടി- ചിത്രരചനയിൽ അഭിരുചിയുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നത്.

ഡി) ജ്വാല തിയേറ്റർ ക്യാമ്പ്-കുട്ടികളുടെ അഭിനയശേഷി വളർത്തുന്നതിന്.

ഇ) കിഡ്സ് അത്‌ലറ്റിക്സ്- പ്രൈമറി വിഭാഗം കുട്ടികളുടെ കായികാഭിരുചി വളർത്തുന്നതിനുള്ള പദ്ധതി.

എഫ്) കേരളതാളം- പ്രാദേശികമായ കലാരൂപങ്ങളെ പരിചയിക്കുന്നതിനും അവ കുട്ടികളിൽ ആഭിമുഖ്യം വളർത്തുന്നതിനും.

ജി) പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ- പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിൽ കുട്ടികളുടെ പ്രതിഭാ വികസന പരിശീലനങ്ങളും നടന്നുവരുന്നു.

എച്ച്) സമഗ്രശിക്ഷാ കേരളത്തിന്റെ ആഭിമുഖ്യത്തിൽ കലാ, കായിക, പ്രവൃത്തിപരിചയ അദ്ധ്യാപകരെ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്.

'എന്റെ മലയാളം' എന്ന പേരിൽ നടപ്പിലാക്കിയ ഗവേഷണ പദ്ധതി മലയാളത്തിൽ പഠന പിന്നോക്കാവസ്ഥ നേരിടുന്ന ഹൈസ്കൂൾ വിദ്യാർത്ഥികളെ സഹായിക്കാൻ നടപ്പിലാക്കിയതാണ്. ഇതിന്റെ ഭാഗമായി വായനാ സാമഗ്രികൾ വികസിപ്പിച്ച് സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ഇംഗ്ലീഷ് പഠനം ശക്തിപ്പെടുത്തുന്നതിന് 'റിലീഷ് ഇംഗ്ലീഷ്' എന്ന ഗവേഷണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് ഭാഷയിൽ താല്പര്യം വളർത്തുന്നതിന് റീഡിംഗ് കാർഡുകൾ വികസിപ്പിച്ചുവരുന്നു. ഹിന്ദി, അറബി, സംസ്കൃതം, ഉറുദു എന്നീ ഭാഷകളുടെ പഠനം ശക്തിപ്പെടുത്താനും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 'സ്റ്റെപ്പ്' എന്ന പേരിൽ സാമൂഹ്യശാസ്ത്ര പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ആരംഭിച്ചു.

## സമഗ്രശിക്ഷാ അഭിയാൻ പദ്ധതി

165 (3009) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനായുള്ള കേന്ദ്രസർക്കാർ പദ്ധതിയായ സമഗ്രശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം കേരളത്തിന് കഴിഞ്ഞ മൂന്ന് സമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്രസഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുകയിൽ നിന്നും ഏതെല്ലാം ജില്ലകൾക്ക് എത്ര വീതം അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനായുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ സമഗ്രശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം കേരളത്തിന് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം കേന്ദ്ര സഹായം ലഭിച്ചതുക ചുവടെ ചേർക്കുന്നു:

| വർഷം | കേന്ദ്രത്തിൽനിന്ന് ലഭിച്ച വിഹിതം (തുക ലക്ഷത്തിൽ) |
|---|---|
| 2016-17 | 11316.74 |
| 2017-18 | 13680 |
| 2018-19 | 25604.99 |

ജില്ലകൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## പാഠപുസ്തക വിതരണം

166 (3010) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ എയ്ഡഡ്-സർക്കാർ സ്കൂളുകളിലും അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുൻപ് തന്നെ പാഠപുസ്തകങ്ങൾ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഏതെങ്കിലും സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിയിട്ടില്ലായെങ്കിൽ ഏതൊക്കെ സ്കൂളുകളിലാണെന്നും എന്താണ് കാലതാമസമുണ്ടാകാൻ കാരണമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ അക്കാദമിക വർഷംതന്നെ ഈ അക്കാദമിക വർഷം വിതരണം ചെയ്യേണ്ട പുസ്തകങ്ങൾ സംബന്ധിച്ച കണക്കുകൾ ശേഖരിക്കുകയും അവ 2019 മാർച്ച് മാസാവസാനം തന്നെ സ്കൂളുകളിലേയ്ക്ക് അച്ചടിച്ച് എത്തിക്കാൻ കഴിയുംവിധം സൂക്ഷ്മതല ആസൂത്രണം നടത്തുകയും അത് കൃത്യമായി മോണിറ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) 2019-20 അദ്ധ്യയന വർഷത്തെ ഒന്ന് മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്.-നെ (കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി) ഏൽപ്പിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ഓൺലൈൻ വഴി സ്വീകരിക്കുകയും അതുപ്രകാരമുള്ള എണ്ണം ശേഖരിച്ച് 7 ശതമാനം ബഫർ സ്റ്റോക്ക് കൂടി കണക്കാക്കി പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ഉത്തരവ് കെ.ബി.പി.എസ്.-ന് നൽകുകയുണ്ടായി. അന്തിമ അച്ചടി ഉത്തരവ് പ്രകാരം ഒന്നാം വാല്യം 32234000 എണ്ണവും മൈനർ ടൈറ്റിലുകൾ 329500 എണ്ണവുമാണ് ബഫർ സ്റ്റോക്ക് ഉൾപ്പെടെ അച്ചടിച്ച് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നത്. പാഠപുസ്തകങ്ങളുടെ വിതരണം അതാത് സ്കൂൾ സൊസൈറ്റികൾ മുഖാന്തരമാണ് നൽകുന്നത്. ടി വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി സംസ്ഥാന തലത്തിൽ മുൻ വർഷത്തെപ്പോലെ മൂന്ന് മേഖലകളായി തിരിച്ച് രണ്ട് അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും മോണിറ്ററിംഗ് നടത്തുവാനുള്ള ചുമതല നൽകിക്കഴിഞ്ഞു.

(സി) അങ്ങനെയുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പാഠ്യപദ്ധതി നവീകരണം

167 (3011) ശ്രീ. എം. സ്വരാജ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂളുകളുടെ അടിസ്ഥാനസൗകര്യം വികസിപ്പിച്ച്, ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത പഠനസാമഗ്രികളുടെ ലഭ്യത ഉറപ്പാക്കി, ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാനുള്ള പശ്ചാത്തലം ഒരുക്കുന്ന പ്രക്രിയ പൂർത്തിയായികൊണ്ടിരിക്കുന്ന ഘട്ടത്തിൽ മികവുറ്റ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനുള്ള പാഠ്യപദ്ധതി നവീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; പരിപാടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ പഠനപ്രക്രിയ ഫലവത്താകാൻ ഒഴിവുള്ള തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനും നിലവിലുള്ള അദ്ധ്യാപകരുടെ അദ്ധ്യാപനശേഷി ഉയർത്തുന്നതിനും ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) നിലവിലുള്ള സമഗ്ര പോർട്ടൽ പരിഷ്കരിച്ച് ഓരോ സ്കൂളിലെയും അദ്ധ്യയനം നിരീക്ഷിച്ച് പഠനലക്ഷ്യം കാര്യക്ഷമമായി നിറവേറ്റുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിൽ അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം ഫലപ്രദമായ സാമൂഹ്യ പരിശോധനയ്ക്ക് ഉതകുന്ന വിധത്തിലാണോ; ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിലുള്ള പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം എസ്.സി.ഇ.ആർ.റ്റി. നടപടികൾ സ്വീകരിച്ചുവരുന്നു. പാഠ്യപദ്ധതി കാലോചിതമാക്കി ഐ.സി.ടി. അധിഷ്ഠിത പഠനം സാധ്യമാക്കുന്നതിനും ആവശ്യംവേണ്ട ജീവിത നൈപുണികൾ വികസിക്കുന്ന തരത്തിലും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കുന്ന രീതിയിലുമുള്ള ഒരു പാഠ്യപദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള

മുന്നൊരുക്കങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഒരു പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്. മാതൃകയിൽ) തയ്യാറാക്കി വരുന്നു. വിവിധ തലങ്ങളിലുള്ള ചർച്ചകളും ആശയ സ്വരൂപീകരണവും ഇതിന്റെ ഭാഗമായി നടന്നുവരുന്നു. കൂടാതെ വിവിധ ഗവേഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴിയും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇനിയും ഒഴിവുകൾ നിലവിലുണ്ടെങ്കിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള അദ്ധ്യാപകരുടെ അദ്ധ്യാപനശേഷി ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. വെക്കേഷൻ കാലയളവിൽ സർവ്വീസിലുള്ള മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി. കൂടാതെ ഐ.സി.റ്റി. അധിഷ്ഠിതമായി പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിന് പ്രത്യേക പരിശീലനം സംഘടിപ്പിച്ചു. മോണിറ്ററിംഗ് കൂടുതൽ ഫലപ്രദവും ശക്തവുമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പാഠഭാഗങ്ങൾക്കനുയോജ്യമായ പാഠാസൂത്രണ രേഖകളും ഡിജിറ്റൽ വിഭവങ്ങളും അദ്ധ്യാപകരുടെ ആവശ്യകതയ്ക്കനുസരിച്ച് കസ്റ്റമൈസ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ 'സമഗ്ര' ഓൺലൈൻ വിഭവ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾതലത്തിൽ അദ്ധ്യയനം നിരീക്ഷിച്ച് പഠന ലക്ഷ്യം കാര്യക്ഷമമായി നിറവേറ്റുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് സ്കൂൾ പ്രഥമാദ്ധ്യാപകരാണ്. പ്രഥമാദ്ധ്യാപകർക്ക് ഇത് പരിശോധിക്കുന്നതിനുള്ള സംവിധാനവും സമഗ്രയിൽ ഉറപ്പാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല, സംസ്ഥാന തലങ്ങളിൽ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം 'സമഗ്ര' പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്.

(ഡി) അദ്ധ്യാപക രക്ഷകർതൃ സമിതികളുടെ പ്രവർത്തനം കൂടുതൽ ഫലവത്താക്കി മാറ്റുന്നതിന് നടപടികൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെടുത്തി നടത്തിവരുന്നു.

## ഭരണഘടനാ വിദ്യാഭ്യാസം

168 (3012) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാവിദ്യാഭ്യാസം നൽകുന്നതിനായി ഏതെങ്കിലും പ്രത്യേക പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികളുടെ പഠന സിലബസ്സിൽ ഭരണഘടനയെക്കുറിച്ച് ആഴത്തിൽ പഠിക്കാനാവശ്യമായ ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഇന്ത്യൻ ഭരണഘടന സംബന്ധിച്ച വിശദാംശങ്ങൾ സോഷ്യൽ സയൻസ് പാഠപുസ്തകങ്ങളിൽ ഉചിതമായ രീതിയിൽ ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ, ഭരണഘടനാപരമായ മൗലികാവകാശങ്ങളെ കുറിച്ചും കുട്ടികളുടെ അവകാശങ്ങളെ കുറിച്ചും പാഠപുസ്തകങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി തലങ്ങളിൽ വിഷയബന്ധിതമായും ഭരണഘടനയെ കുറിച്ച് പ്രതിപാദിക്കുന്നു.

(ബി) സംസ്ഥാനത്തെ സ്കൂൾ പാഠ്യ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ഘട്ടത്തിൽ ഭരണഘടനാപരമായ കൂടുതൽ വിശദാംശങ്ങൾ പാഠ്യപദ്ധതിയിൽ അനുയോജ്യമായ ഭാഗങ്ങളിൽ ഉൾച്ചേർക്കുന്നതാണ്. കൂടാതെ, സ്ത്രീകളിലും കുട്ടികളിലും ഭരണഘടനാപരമായ അവകാശങ്ങളെ കുറിച്ച് അവബോധമുണ്ടാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകൾ കേന്ദ്രമാക്കിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

## പ്ലസ് ടു സീറ്റുകൾ

169 (3013) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി, പ്ലസ് ടു എന്നീ കോഴ്സുകളുടെ കഴിഞ്ഞ എട്ട് വർഷത്തെ വിജയ ശതമാനം പട്ടികപ്പെടുത്തി നൽകാമോ;

(ബി) ഉപരിപഠനത്തിനുള്ള അവസരം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ ഇടങ്ങളിൽ പ്ലസ് ടു സീറ്റുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ കഴിഞ്ഞ 8 വർഷത്തെ വിജയശതമാനം താഴെ ചേർക്കുന്നു:

| വർഷം | വിജയശതമാനം |
|---|---|
| 2012 | 93.64 |
| 2013 | 94.17 |
| 2014 | 92.81 |
| 2015 | 98.57 |
| 2016 | 96.59 |
| 2017 | 95.98 |
| 2018 | 97.84 |
| 2019 | 99.39 |

ഹയർ സെക്കണ്ടറി കോഴ്സിന്റെ കഴിഞ്ഞ എട്ട് വർഷത്തെ വിജയശതമാനം താഴെ ചേർക്കുന്നു:

| വർഷം | വിജയശതമാനം |
|---|---|
| 2012 | 88.08 |
| 2013 | 81.34 |
| 2014 | 79.39 |
| 2015 | 83.96 |
| 2016 | 80.94 |
| 2017 | 83.37 |
| 2018 | 83.75 |
| 2019 | 84.33 |

വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സിന്റെ കഴിഞ്ഞ എട്ട് വർഷത്തെ വിജയശതമാനം.

| വർഷം | വിജയശതമാനം |
|---|---|
| 2012 | 84.96 |
| 2013 | 85.42 |
| 2014 | 74.59 |
| 2015 | 85.37 |
| 2016 | 79.12 |
| 2017 | 81.51 |
| 2018 | 80.37 |
| 2019 | 80.08 |

(ബി) 20 ശതമാനം മാർജിനൽ വർദ്ധനവ് വരുത്തി ഉപരിപഠനത്തിനുള്ള അവസരം ഉറപ്പ് വരുത്തിയിട്ടുണ്ട്. ആയതിനാൽ സീറ്റുകളുടെ ലഭ്യതക്കുറവ് ഇല്ല.

**പുതിയ ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂളുകൾ**

170 (3014) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ-എയ്ഡഡ് മേഖലകളിൽ പുതിയ ഹൈസ്കൂളുകളോ ഹയർ സെക്കന്ററി സ്കൂളുകളോ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) വരും വർഷങ്ങളിൽ പുതിയ ഹൈസ്കൂളുകളോ ഹയർ സെക്കണ്ടറി സ്കൂളുകളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ/ എയ്ഡഡ് മേഖലകളിൽ പുതിയതായി ഹൈസ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല.

സർക്കാർ മേഖലയിൽ താഴെപ്പറയുന്ന സ്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

1. എം.ആർ.എസ്., വടക്കാഞ്ചേരി
2. എം.ആർ.എസ്., കുളത്തുപ്പുഴ
3. എം.ആർ.എസ്., കുഴൽമന്ദം
4. എം.ആർ.എസ്., അട്ടപ്പാടി
5. ആറളം ഫാം ഗവൺമെന്റ് ഹൈസ്കൂൾ, കണ്ണൂർ

എയ്ഡഡ് മേഖലയിൽ കടയ്ക്കാവൂർ ശ്രീ സേതുപാർവ്വതീഭായി ഹൈസ്കൂളിനെ ഹയർ സെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

## സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റുകളുടെ ലയനവും ഹൈസ്കൂൾ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റവും

171 (3015) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ ലയനത്തിലൂടെ ഹൈസ്കൂൾ അദ്ധ്യാപകരുടെ പ്രൊമോഷൻ സാധ്യത ഗണ്യമായി കുറയുമെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ;

(ബി) ലയനത്തെ തുടർന്ന് നിലവിലുള്ള ഹെഡ്മാസ്റ്റർമാർ വൈസ് പ്രിൻസിപ്പൽമാരായി വിരമിക്കുന്നതോടെ ഇത്തരം സ്കൂളുകളിൽ വൈസ് പ്രിൻസിപ്പൽ നിയമനം ഉടനെ ഉണ്ടാകുമോ;

(സി) ഇല്ലാത്ത സാഹചര്യത്തിൽ അത് ഹൈസ്കൂൾ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തെ സാരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) ഏകീകരണത്തിന്റെ ഭാഗമായി ഹയർ സെക്കണ്ടറി കൂടി ഉൾപ്പെടുന്ന സ്കൂളുകളിലെ ഹെഡ്മാസ്റ്റർ എന്ന തസ്തിക വൈസ് പ്രിൻസിപ്പൽ എന്ന് പുനർനാമകരണം ചെയ്യപ്പെടുന്നു എന്നല്ലാതെ ആ തസ്തികയിലേയ്ക്കുള്ള നിയമന രീതിയിലോ നിലവിലുള്ള സേവന വേതന വ്യവസ്ഥകളിലോ ഹൈസ്കൂൾ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ സമ്പ്രദായത്തിലോ യാതൊരുവിധ മാറ്റവും ഉണ്ടാകുന്നില്ല.

**ഹൈസ്കൂൾ- ഹയർ സെക്കണ്ടറി ലയനം**

172 (3016) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൈസ്കൂൾ-ഹയർ സെക്കന്ററി ലയനവുമായി ബന്ധപെട്ട് ഖാദർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി 29-2-2019-ലെ സ.ഉ. (കൈ) നമ്പർ 19/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് അദ്ധ്യാപക സംഘടനകൾ, സർവ്വീസ് സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, മാനേജ്മെന്റ് അസോസിയേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെയർപേഴ്സൺമാരുടെ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും ആ ചർച്ചകളിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾക്കൂടി കണക്കിലെടുത്തുകൊണ്ട് ആദ്യഘട്ടം 2019-20-ൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടുകൂടി ഇതുസംബന്ധിച്ച് 31-5-2019-ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്ലസ് വൺ പഠനത്തിന് ആവശ്യമായ സീറ്റുകൾ

173 (3017) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എസ്.എസ്.എൽ.സി.പരീക്ഷ വിജയിച്ച കുട്ടികൾക്ക് പ്ലസ് വൺ പഠനത്തിന് ആവശ്യമായ സീറ്റുകൾ സർക്കാർ/എയ്ഡഡ് മേഖലകളിൽ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ ;

(ബി) പ്ലസ് വൺ പഠനത്തിന് കൂടുതൽ സീറ്റുകൾ അനുവദിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നതിന്റെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനായുള്ള സംസ്ഥാനതല കമ്മിറ്റി പാലക്കാട് ജില്ലയിൽ 2019-20 അദ്ധ്യയന വർഷം ലഭ്യമായ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 2019 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണത്തേക്കാൾ കുറവാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്ലസ് വൺ കോഴ്സിന് 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

## ഹയർ സെക്കണ്ടറി പഠനസൗകര്യം വിപുലമാക്കുന്നതിന് നടപടി

174 (3018) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം സംസ്ഥാനത്ത് പത്താം ക്ലാസ് പാസ്സായ മുഴുവൻ കുട്ടികൾക്കും ഹയർ സെക്കണ്ടറി പഠനത്തിന് സൗകര്യം ഉണ്ടോയെന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) കാസർഗോഡ്, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, തൃശ്ശൂർ തുടങ്ങിയ ജില്ലകളിൽ പ്ലസ് വൺ പഠന സൗകര്യം കുറവാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മലബാർ ജില്ലകളിൽ സീറ്റിന്റെ അപര്യാപ്തത ഉണ്ടെന്ന കാര്യം ഹയർ സെക്കണ്ടറി ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മലബാർ മേഖലയിൽ പ്രത്യേകിച്ചും മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പഠന സൗകര്യം കുറവാണെന്ന ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ**

175 (3019) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്ലസ് വൺ അലോട്ട്മെന്റുകൾ പൂർത്തിയായപ്പോൾ എത്ര കുട്ടികൾ പ്രവേശനം നേടിയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ജില്ലയിൽ ഇനി ഒഴിവുള്ള സീറ്റുകൾ എത്രയാണെന്നും എത്ര അപേക്ഷകർക്ക് ഇനിയും അഡ്മിഷൻ ലഭിക്കാനുണ്ടെന്നും അറിയിക്കാമോ;

(സി) മറ്റു ജില്ലകളിൽ നിന്ന് അധിക സീറ്റുകൾ മലപ്പുറം ജില്ലയിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജില്ലയിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയായിട്ടില്ല.

(സി) 2018-19 അദ്ധ്യയന വർഷം 8 ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് മാറ്റി പുനഃക്രമീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ ജില്ലയ്ക്ക്

പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുമ്പോൾ മാത്രമേ മലപ്പുറം ജില്ലയിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

## ഹയർ സെക്കണ്ടറി കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

176 (3020) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ-സീനിയർ) സ്ഥിരം ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര; വ്യക്തമാക്കുമോ;

(ബി) എൻ.ജെ.ഡി. ഉൾപ്പെടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്ര; അറിയിക്കുമോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജൂനിയർ തസ്തികയിൽ 107 സ്ഥിരം ഒഴിവുകളും സീനിയർ തസ്തികയിൽ 1 സ്ഥിരം ഒഴിവും ഉണ്ട്.

(ബി) എൻ.ജെ.ഡി. ഉൾപ്പെടെ 107 തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (തസ്തികമാറ്റം- 89, നേരിട്ടുള്ള നിയമനം- 18)

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പ്ലസ് വൺ പ്രവേശനം സീറ്റ് വർദ്ധനവ്

177 (3021) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്രാവശ്യം പ്ലസ് വൺ പ്രവേശനത്തിന് സർക്കാർ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഇരുപതു ശതമാനം സീറ്റ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം പ്ലസ് വൺ പ്രവേശനത്തിന് ലഭിച്ച അപേക്ഷകൾ എത്രയാണ്; പുതിയ സീറ്റ് വർദ്ധന കൂടി കണക്കിലെടുത്താൽ എത്ര വിദ്യാത്ഥികൾക്ക് പ്ലസ് വണ്ണിന് പ്രവേശനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) മലബാർ ഭാഗത്തുള്ള സ്കൂളുകളിൽ നിലവിൽ പ്ലസ് വണ്ണിന് അനുവദിച്ചിട്ടുള്ള സീറ്റുകളെക്കാൾ കൂടുതൽ വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനത്തിന് അർഹത നേടിയിട്ടുണ്ടോ;

(ഡി) അവിടത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 484696 അപേക്ഷകൾ. മാർജിനൽ സീറ്റ് വർദ്ധനവിന് ശേഷം അൺ എയ്ഡഡ് മേഖല ഉൾപ്പെടെ 422872 സീറ്റുകൾ പ്ലസ് വൺ പ്രവേശനത്തിനായി ലഭ്യമാണ്.

(സി) ഉണ്ട്.

(ഡി) 2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്ലസ് വൺ കോഴ്സിന് 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കണ്ടറി ബാച്ചുകൾ 2019-20 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**തലവരിപ്പണം**

178 (3022) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ അഡ്മിഷന് മാനേജ്മെന്റ് സീറ്റിൽ തലവരിപ്പണം വാങ്ങുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദമാക്കുമോ;

(ബി) ഓരോ ഗ്രൂപ്പിലും ഡിവിഷനുകളുടെ എണ്ണംകൂട്ടി കൂടുതൽ സീറ്റുകളിലേക്ക് മാനേജ്മെന്റുകൾ വൻതുക തലവരിപ്പണം വാങ്ങുന്നതുമൂലം സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാൻ ഉണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരം കണ്ടെത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിക്കുന്നതും ക്രമക്കേട് കാട്ടുന്നവർക്കെതിരെ നിയമാനുസൃതമായ കർശന നടപടികൾ കൈക്കൊള്ളുന്നതുമാണ്.

**മലബാർ മേഖലയിൽ കൂടുതൽ പ്ലസ് വൺ സീറ്റുകൾ**

179 (3023) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകൾ കുറവായതുമൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആനുപാതികമായി ഇരുപത് ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകിയത് ഒരു ക്ലാസ്സിൽ വിദ്യാർത്ഥികൾ തിങ്ങി ഞെരുങ്ങി ഇരിക്കുന്നതിനും മെച്ചപ്പെട്ട പഠനാന്തരീക്ഷം നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കിയിട്ടുണ്ടോ;

(സി) സ്കൂളുകളുടെ ഭൗതിക സാഹചര്യം പരിഗണിക്കാതെയുള്ള സീറ്റുവർദ്ധനവ് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ ഇതിന് പകരം പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകൾ കുറവാണെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവേശന നടപടികൾ പൂർത്തിയാക്കുമ്പോൾ മിക്ക ജില്ലകളിലും ധാരാളം സീറ്റുകൾ ഒഴിഞ്ഞു കിടക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാത്ത വിധത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് താൽപ്പര്യപ്പെടുന്ന സ്കൂളുകളിലേയ്ക്ക് പ്രവേശനം

സാധ്യമാക്കുന്നതിനാണ് മാർജിനൽ സീറ്റ് വർദ്ധനവ് മുൻ വർഷങ്ങളിലേപ്പോലെ അനുവദിക്കുന്നത്. ഇത് വിദ്യാർത്ഥികൾക്കോ അദ്ധ്യാപകർക്കോ ബുദ്ധിമുട്ടായി കരുതാൻ കഴിയില്ല. വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തിയശേഷം മാത്രമേ പുതിയ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

## കൊടക്കാട് ജി.എം.ആർ.എസ്.-ൽ പ്ലസ് ടു

180 (3024) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് ജി.എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ് എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടത്തെ കുട്ടികൾ പ്ലസ് ടു കോഴ്സിന് പഠിക്കാൻ നൂറു കിലോമീറ്ററിലധികം സഞ്ചരിച്ച് പോകേണ്ട ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇവിടെതന്നെ കോഴ്സ് അനുവദിക്കുമോ; കോഴ്സ് അനുവദിക്കാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. എന്നാൽ പ്രസ്തുത സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്.

## കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകളിൽ പുതുതായി ഹയർ സെക്കണ്ടറി വിഭാഗം

181 (3025) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി ബാച്ചുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ കണ്ടല, പ്ലാവൂർ എന്നീ ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗം ആരംഭിക്കുന്നത് സംബന്ധിച്ച നിവേദനം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി & സി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്നതിനായി സർക്കാർ നയപരമായ തീരുമാനമെടുക്കുന്നപക്ഷം തിരുവനന്തപുരം ജില്ലയിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുമ്പോൾ മാത്രമേ പ്രസ്തുത സ്കൂളുകളുടെ കാര്യവും പരിഗണിക്കാൻ കഴിയുകയുള്ളൂ.

## വെള്ളിനേഴി ഗവൺമെന്റ് ഹൈസ്കൂളിൽ കഥകളി പഠനം

182 (3026) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി ഗവൺമെന്റ് ഹൈസ്കൂളിൽ കേരള കലാമണ്ഡലത്തിന്റെ സഹകരണത്തോടെ കഥകളി പഠനം നടത്തുവാൻ അനുമതിക്കായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതിനകം അനുമതി നൽകിയിട്ടില്ലെങ്കിൽ ഉടൻ തന്നെ പ്രസ്തുത അനുമതി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സർക്കാർ വിഷയം പരിശോധിച്ചുവരുന്നു.

## പയ്യന്നൂരിലെ രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ലാബും ലൈബ്രറിയും

183 (3027) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിലെ രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ലാബും ലൈബ്രറിയും നിർമ്മിക്കാൻ ഒരു കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അതിൻപ്രകാരം കണ്ടങ്കാളി, മാത്തിൽ എന്നീ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നിർമ്മാണച്ചുമതല ഏറ്റെടുത്ത കൈറ്റിന് ഇതുവരെയായിട്ടും പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്ത കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോ;

(സി) പദ്ധതിക്ക് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) പയ്യന്നൂർ മണ്ഡലത്തിലെ കണ്ടങ്കാളി, മാത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉൾപ്പെടെയുള്ള 38 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും ലൈബ്രറിയും നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഈ പ്രോജക്ടിന്റെ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കൈറ്റിനെ (KITE) ഏൽപ്പിച്ചിരുന്നു. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകളുടെ ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഐ.സി.റ്റി. സെല്ലിന്റെ പ്രവർത്തനങ്ങൾ**

184 (3028) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഐ.സി.റ്റി. സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിൽ സ്ഥിരം ജീവനക്കാർ, അന്യത്ര സേവനത്തിൽ ജോലിചെയ്യുന്നവർ എന്നിവർ ആരൊക്കെയാണെന്നും ഇവർ എത്ര വർഷമായി ജോലി ചെയ്തു വരുന്നുവെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഓഫീസിലെ കരാർ ജീവനക്കാർ, ദിവസവേതന ജീവനക്കാർ എത്ര പേരാണെന്നും അവർ എത്ര വർഷമായി ജോലി ചെയ്തു വരുന്നുവെന്നും വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി അക്കാദമിക വിഭാഗത്തിന്റെ ഭാഗമായി ഒന്നാം വർഷ ഓൺലൈൻ പ്രവേശനം സാധ്യമാക്കുന്ന വിഭാഗമാണ് ഐ.റ്റി.സി. സെൽ. ഡിപ്പാർട്ടുമെന്റിന്റെ വിവിധ ഇ-ഓഫീസ് പ്രവർത്തനങ്ങൾക്കായി എൻ.ഐ.സി. തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ മോഡ്യൂളുകൾ ടെസ്റ്റ് ചെയ്ത് പ്രവർത്തനക്ഷമത ഉറപ്പാക്കുന്നതും ഏകജാലക അലോട്ട്മെന്റ് പ്രക്രിയയുടെ കോർഡിനേഷനും ഐ.സി.റ്റി. സെല്ലാണ് നിർവ്വഹിക്കുന്നത്.

(ബി) നിലവിൽ അംഗീകൃത പോസ്റ്റുകൾ ഇല്ല. ഐ.സി.റ്റി. സെല്ലിലെ ജോലിക്കായി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളത്. നിലവിൽ മൂന്ന് അദ്ധ്യാപകർ പ്രവർത്തിക്കുന്നുണ്ട്. അലോട്ട്മെന്റ് പ്രക്രിയ നടക്കുന്ന ഏകദേശം മൂന്ന് മാസ കാലയളവിൽ 10 മുതൽ 14 വരെ അദ്ധ്യാപകരെ താൽക്കാലികമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കാറുണ്ട്.

(സി) കരാർ ജീവനക്കാരും ദിവസവേതന ജീവനക്കാരും പ്രവർത്തിക്കുന്നില്ല.

## യു.പി., എച്ച്.എസ്. വിഭാഗം കായിക അദ്ധ്യാപകരുടെ നിയമനം

185 (3029) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി., എച്ച്.എസ്. വിഭാഗം കായിക അദ്ധ്യാപകരുടെ നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും ആവശ്യമായ നിയമനം നടത്തുന്നില്ല എന്ന പരാതിക്ക് അടിയന്തര പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വിദ്യാർത്ഥി-കായികാദ്ധ്യാപക അനുപാതം നിലവിലെ 500:1 എന്നത് 300:1 എന്നാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(സി) കായികവിദ്യാഭ്യാസത്തിനുള്ള സിലബസ് നിലവിൽ ഉണ്ടായിരുന്നിട്ടും പഠിപ്പിക്കുവാൻ ആവശ്യമായ അദ്ധ്യാപകർ നിയമിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും അനധികൃതമായി കായികാദ്ധ്യാപകരെ എസ്.എസ്.എ. വഴി നിയമിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അറബി, സംസ്കൃതം എന്നീ ഭാഷകൾ പഠിപ്പിക്കുന്നതിനായുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്ര?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ഉദ്ദേശ്യമില്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കെ.ഇ.ആർ. അദ്ധ്യായം XXIII, ചട്ടം 2 എ (1) പ്രകാരം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ അറബിക് ഭാഷ പഠിക്കുന്ന ആകെ 28 കുട്ടികളോ ഒരു ക്ലാസ്സിൽ ശരാശരി 7 കുട്ടികളോ ഉണ്ടെങ്കിലാണ് എൽ.പി. വിഭാഗത്തിൽ അറബിക്

ഭാഷാദ്ധ്യാപകന്റെ ഒരു ഫുൾടൈം തസ്തിക അനുവദിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ പ്രൊവിസോ പ്രകാരം ഒരു ക്ലാസ്സിൽ 7 കുട്ടികളെങ്കിലും അറബിക് ഭാഷ പഠിക്കുന്നുവെങ്കിൽ പാർട്ട് ടൈം തസ്തിക അനുവദിക്കാവുന്നതാണ്.

കെ.ഇ.ആർ. അദ്ധ്യായം XXIII, ചട്ടം 6 (സി) പ്രകാരം യു.പി. വിഭാഗത്തിലെ സംസ്കൃതം, അറബിക് ഭാഷാദ്ധ്യാപക തസ്തികകൾ തുടരുന്നതിന് 5 മുതൽ 7 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 30 കുട്ടികൾ അല്ലെങ്കിൽ 5-ാം ക്ലാസ്സിൽ 12, 6-ാം ക്ലാസ്സിൽ 6, 7-ാം ക്ലാസ്സിൽ 3 എന്ന ക്രമത്തിൽ കുറഞ്ഞത് 21 കുട്ടികൾ പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം. കെ.ഇ.ആർ. അദ്ധ്യായം XXIII, ചട്ടം 6 (ഇ) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിലെ സംസ്കൃതം, അറബിക് ഭാഷാദ്ധ്യാപക തസ്തികകൾ തുടരുന്നതിന് 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 25 കുട്ടികൾ അല്ലെങ്കിൽ 8-ാം ക്ലാസ്സിൽ 10, 9-ാം ക്ലാസ്സിൽ 5, 10-ാം ക്ലാസ്സിൽ 3 എന്ന ക്രമത്തിൽ കുറഞ്ഞത് 18 കുട്ടികളെങ്കിലും പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം.

**ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ പ്രൊമോഷൻ അപാകത**

186 (3030) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറിയിലെ ബോട്ടണി, സുവോളജി തുടങ്ങിയ വിഷയങ്ങളിലെ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ നിന്നും സീനിയർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കാൻ 10 മുതൽ 12 വർഷം വരെ വേണ്ടിവരുന്നുണ്ടെന്നും എന്നാൽ രണ്ടോ മൂന്നോ വർഷം കൊണ്ട് എക്കണോമിക്സ് ഉൾപ്പെടെയുള്ള ചില വിഷയങ്ങളിലെ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി. സീനിയറായി പ്രൊമോഷൻ ലഭിക്കുന്നു എന്നും ഇക്കാരണത്താൽ ബോട്ടണി, സുവോളജി അദ്ധ്യാപകർക്ക് ഹയർസെക്കണ്ടറി പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കാതെ വരുന്നുണ്ട് എന്നത് സംബന്ധിച്ച അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച പരാതി ഹയർസെക്കണ്ടറി ഡയറക്ടറർക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപാകത പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) അഞ്ച് വർഷത്തെ സേവനകാലം പൂർത്തിയാക്കുന്ന എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകാർക്ക് സീനിയർ അദ്ധ്യാപകരായി പ്രൊമോഷൻ നൽകണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് പ്രൊമോഷൻ നൽകിയെന്ന് വ്യക്തമാക്കാമോ; നല്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) എച്ച്.എസ്.എ.-യിൽ നിന്നും എച്ച്.എസ്.എസ്.ടി.യിലേക്ക് തസ്തിക മാറ്റം മുഖേന പ്രൊമോഷൻ ലഭിക്കുമ്പോൾ സാലറി ഫിക്സേഷൻ നൽകേണ്ടതില്ലായെന്ന് ഹയർ സെക്കണ്ടറി ഡയറക്ടർ ഉത്തരവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എച്ച്.എസ്.എ.-യുടെ സർവ്വീസ് കണക്കാക്കി ഇവർക്ക് ഗ്രേഡ് നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) 25-10-2018-ൽ പൊതു സ്ഥലംമാറ്റ ഉത്തരവ് ഇറങ്ങിയതിനുശേഷം ഏതെങ്കിലും സ്കൂളുകളിൽ ഒഴിവുകൾ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ എന്തുകൊണ്ട് നികത്തുന്നില്ല എന്ന് വ്യക്തമാക്കാമോ;

(എഫ്) ഹൈസ്കൂൾ-സെക്കണ്ടറി ലയനനടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ട് സയൻസ് ബാച്ച് ഉള്ള സ്കൂളിലാണ് എച്ച്.എസ്.എസ്.റ്റി. ബോട്ടണി, എച്ച്.എസ്.എസ്.റ്റി. സുവോളജി തസ്തികകൾ അനുവദിക്കുന്നത്. ഇക്കാരണത്താൽ മറ്റു വിഷയങ്ങളെ അപേക്ഷിച്ച് ബോട്ടണി, സുവോളജി വിഷയങ്ങൾക്ക് എച്ച്.എസ്.എസ്.റ്റി. തസ്തികകൾ കുറവാണ്. പ്രിൻസിപ്പാൾ തസ്തികയിൽ അദ്ധ്യാപനം കൂടി ഉൾപ്പെടുത്തുമെന്നതിനാൽ പ്രിൻസിപ്പൽമാരുടെ വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി. തസ്തികയുള്ള സ്കൂളിലേയ്ക്ക് മാത്രമേ പ്രിൻസിപ്പൽമാരെ നിയമിക്കാൻ സാധിക്കൂ. കൂടാതെ പ്രിൻസിപ്പൽ നിയമനം നൽകുന്നത് എച്ച്.എസ്.എസ്.റ്റി.-യുടെ സീനിയോറിറ്റി അടിസ്ഥാനമാക്കിയാണ്. പ്രസ്തുത വിഷയങ്ങളിലെ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.റ്റി.-യുടെ സീനിയോറിറ്റി താഴെ ആയതിനാലാണ് പ്രിൻസിപ്പൽ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് താമസം നേരിടുന്നത്.

(സി) വ്യവസ്ഥയില്ല.

(ഡി) ഇല്ല.

(ഇ) ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റ നിയമനത്തിനുമുള്ളവയാണ്. 1-1-2016 മുതലുള്ള തസ്തികമാറ്റ നിയമനങ്ങൾ പി.എസ്.സി. മുഖേനയാണ് നടത്തുന്നതിന് ഉത്തരവായതെങ്കിലും സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയെങ്കിൽ മാത്രമേ പി.എസ്.സി.-ക്ക് തുടർനടപടികൾ സ്വീകരിച്ച് നിയമന ശിപാർശ നൽകാൻ കഴിയൂ. വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നികത്തി വരുന്നുണ്ട്.

(എഫ്) സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളിലുള്ള എല്ലാ തനിമകളും അതുപോലെത്തന്നെ നിലനിർത്തിക്കൊണ്ട് ഗുണപരമായ മാറ്റങ്ങളിലൂടെ അക്കാദമിക മികവ് ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഭരണപരമായ ഒരു നടപടി എന്ന നിലയിൽ ഏകീകരണം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അല്ലാതെ ഏതെങ്കിലും വിഭാഗത്തെ മറ്റൊരു വിഭാഗവുമായി ലയിപ്പിക്കാൻ ഉദ്ദേശിച്ചിട്ടില്ല.

**എൽ.പി., യു.പി. വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ ചുമതലകൾ**

187 (3031) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ എൽ.പി., യു.പി. വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്ക് യഥാക്രമം ലോവർ പ്രൈമറി, അപ്പർ പ്രൈമറി ക്ലാസ്സുകളിൽ തന്നെ പഠിപ്പിക്കണമെന്ന് ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത് കൃത്യമായി പാലിക്കാതെ ചില സ്കൂളുകളിൽ യു.പി.എസ്.റ്റി.-മാർക്ക് എൽ.പി. ക്ലാസ്സുകളുടെ ചുമതല നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യു.പി.എസ്.റ്റി.-മാർക്ക് യു.പി.ക്ലാസ്സുകളുടെ മാത്രം ചുമതല നൽകുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എൽ.പി., യു.പി. വിഭാഗത്തിലേയ്ക്കുള്ള നിയമനം യോഗ്യതയുടെ അടിസ്ഥാനത്തിൽ അതാത് വിഭാഗത്തിലേയ്ക്ക് പ്രത്യേകമായി നടത്തുന്നതിനാൽ നിയമനം നേടിയ വിഭാഗത്തിൽത്തന്നെ പഠിപ്പിക്കേണ്ടതാണ്.

(ബി&സി) എൽ.പി./യു.പി. വിഭാഗങ്ങളിൽ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപക യോഗ്യത സംബന്ധമായി നിലവിലെ നിയമങ്ങൾ അനുസരിച്ച് തന്നെയാണ് ക്ലാസ്സുകളുടെ ചുമതല നൽകിവരാറുള്ളത്.

**എൽ.പി., യു.പി. സ്കൂൾ ടീച്ചർമാരുടെ വിദ്യാഭ്യാസ യോഗ്യത**

188 (3032) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി.സ്കൂൾ ടീച്ചർമാരുടെ വിദ്യാഭ്യാസ യോഗ്യതകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത്തരത്തിൽ യോഗ്യത നിർണ്ണയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ടി.ടി.സി. യോഗ്യതയില്ലാത്ത യു.പി.സ്കൂൾ ടീച്ചർമാർ എൽ.പി. ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ;

(സി) ടി.ടി.സി. യോഗ്യതയുള്ള അദ്ധ്യാപകരെ മാത്രം എൽ.പി. ക്ലാസ്സുകളിൽ പഠിപ്പിക്കുവാൻ നിയോഗിക്കുന്നതിനുവേണ്ട കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കെ.ഇ.ആർ. പ്രകാരമുള്ള യോഗ്യത അനുബന്ധമായി ചേർക്കുന്നു*. സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും എസ്.സി.ഇ.ആർ.റ്റി.-യും ചേർന്ന് കൂടിയാലോചിച്ചാണ് സാധാരണയായി യോഗ്യത നിശ്ചയിക്കുന്നത്.

(ബി & സി) സ.ഉ. (പി.) നമ്പർ 188/2000/പൊ.വി.വ. തീയതി 8-8-2000 പ്രകാരമാണ് എൽ.പി. ടീച്ചർമാർക്ക് റ്റി.റ്റി.സി. യോഗ്യത നിർബന്ധമാക്കിയത്. 8-6-2000-നുമുമ്പ് സർവ്വീസിൽ പ്രവേശിച്ച ബി.എഡ്. യോഗ്യതയുള്ള എൽ.പി.എസ്.എ.-മാർ ഇപ്പോഴും തുടർന്നുവരുന്നു. ഏതൊരു പുതിയ ചട്ടവും ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ നിലവിൽ തുടർന്നുവരുന്ന ജീവനക്കാർക്ക് അതിൽനിന്നും ഇളവ് അനുവദിക്കുന്ന കീഴ്വഴക്കം ഉൾക്കൊണ്ടുകൊണ്ടാണ് ഇപ്രകാരം നടന്നുവരുന്നത്.

**പ്രൈമറി അദ്ധ്യാപകരാവുന്നതിന് ഡി.എൽ.എഡ്. കോഴ്സ്**

189 (3033) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദി, അറബി, ഉറുദു, സംസ്കൃതം പ്രൈമറി അദ്ധ്യാപകരാവുന്നതിന് രണ്ട് വർഷത്തെ ഡി.എൽ.എഡ്. കോഴ്സ് പാസ്സാകണമെന്ന് നിർബന്ധമാക്കിക്കൊണ്ട് 7-3-2019-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിലവിൽ ഹൈസ്കൂൾ ഭാഷാ അദ്ധ്യാപകർ ആവാൻ അതാത് ഭാഷയിൽ ബിരുദവും രണ്ട് വർഷ ഡി.എൽ.എഡ്. അല്ലെങ്കിൽ ബി.എഡ്. കോഴ്സും പാസ്സായാൽ മതിയെന്നിരിക്കെ പ്രൈമറി അദ്ധ്യാപകർക്ക് ഇത്തരത്തിൽ ഉയർന്ന യോഗ്യത നിശ്ചയിച്ചത് ഉചിതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് കൂടാതെ കെ-ടെറ്റ് പരീക്ഷ കൂടി പാസ്സായാൽ മാത്രമേ പി.എസ്.സി. വഴി പ്രൈമറി അദ്ധ്യാപക തസ്തികകൾക്ക് അപേക്ഷിക്കാനാവൂ എന്നതിനാൽ പ്രൈമറി അദ്ധ്യാപകരാവാൻ ഡി.എൽ.എഡ്. കോഴ്സ് പാസ്സാവണമെന്ന ഉത്തരവ് പുനഃപരിശോധിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ നിർദ്ദേശാനുസരണമാണ് സംസ്ഥാനത്ത് അദ്ധ്യാപക പരിശീലന കോഴ്സുകൾ നടത്തേണ്ടത്. ആയത് പ്രകാരം അദ്ധ്യാപക പരിശീലന കോഴ്സുകൾ നൂറ് ദിവസത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ രണ്ട് വർഷ ദൈർഘ്യമുള്ളവയായിരിക്കണം. ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം എന്നീ വിഷയങ്ങൾക്ക് പ്രൈമറി തലത്തിൽ അദ്ധ്യാപക പരിശീലന കോഴ്സുകൾ ഒന്നുംതന്നെ കേരളത്തിൽ നിലവിലില്ലാത്ത സാഹചര്യത്തിലാണ് ഒരു വർഷ ഡി.എൽ.എഡ്. കോഴ്സ് രണ്ട് വർഷമാക്കി പരിഷ്കരിച്ച് പ്രൈമറി അദ്ധ്യാപകർക്കുള്ള അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചത്. ഓറിയന്റൽ +2 വോ അദ്ധ്യാപക പരീക്ഷകളോ പാസ്സായാൽ നേരിട്ട് പ്രൈമറി സ്കൂൾ അദ്ധ്യാപകരാകാൻ കഴിയുന്ന മുമ്പുണ്ടായിരുന്ന സംവിധാനം എൻ.സി.റ്റി.ഇ. നിയമങ്ങൾക്ക് എതിരായതിനാലാണ് ഡി.എൽ.എഡ്. കോഴ്സ് 2 വർഷമായി പുനഃക്രമീകരിച്ച് ഉത്തരവിറക്കിയത്.

(സി) കെ-ടെറ്റ് പരീക്ഷ നിശ്ചയിച്ചിരിക്കുന്നത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായാണ്. എൻ.സി.റ്റി.ഇ. റെഗുലേഷൻ പ്രകാരം പ്രൈമറി തലത്തിൽ അദ്ധ്യാപകരാകുവാൻ അദ്ധ്യാപക പരിശീലന കോഴ്സ് നിർബന്ധമാണ്. എന്നാൽ ഇതുവരെ അറബിക്, ഹിന്ദി, ഉറുദു, സംസ്കൃതം എന്നീ വിഷയങ്ങൾക്ക് പ്രൈമറി തലത്തിൽ (എൽ.പി./ യു.പി.) അദ്ധ്യാപകരാകുന്നതിന് അദ്ധ്യാപക പരിശീലന കോഴ്സുകൾ നിഷ്കർഷിച്ചിരുന്നില്ല. ഈ സാഹചര്യം എൻ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന നിയമങ്ങൾക്ക് എതിരാണ്. മാത്രമല്ല അദ്ധ്യാപക പരിശീലന കോഴ്സുകൾ നൂറ് ദിവസത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ രണ്ട് വർഷം ദൈർഘ്യമുള്ളവയായിരിക്കണം. ഇക്കാരണങ്ങളാൽ പരീക്ഷാഭവൻ നടത്തിവരുന്ന ഒരു വർഷ ഡി.എൽ.എഡ്. കോഴ്സുകൾ പരിഷ്കരിച്ച് രണ്ട് വർഷമാക്കി അവ ഹിന്ദി, അറബി, ഉറുദു, സംസ്കൃതം എന്നീ വിഷയങ്ങൾക്ക് പ്രൈമറി തലത്തിൽ (എൽ.പി./യു.പി.) അദ്ധ്യാപകരാകുന്നതിന് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്ന ഉത്തരവ് പുനഃപരിശോധിക്കേണ്ടതില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സമാശ്വാസ തൊഴിൽദാന പദ്ധതി

190 (3034) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ണ് സംരക്ഷണ ഓഫീസിൽ ക്ലാർക്കായി സേവനം അനുഷ്ഠിച്ചുവരികെ അന്തരിച്ച കെ.എസ്.ബിജുവിന്റെ ഭാര്യ ശ്രീമതി രേഖ കെ.ബി.-ക്ക് വിദ്യാഭ്യാസ വകുപ്പിൽ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.എ. ഹിന്ദി തസ്തികയിൽ ശ്രീമതി രേഖ കെ.ബി.-ക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീമതി രേഖ കെ.ബി.-ക്ക് തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എച്ച്.എസ്.എ. (ഹിന്ദി) തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

## ഒറ്റപ്പാലം ബധിര-മൂക വിദ്യാലയത്തിൽ പ്രീ-പ്രൈമറി അദ്ധ്യാപക നിയമനം

191 (3035) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം സർക്കാർ ബധിര-മൂക വിദ്യാലയത്തിൽ പ്രീ-പ്രൈമറി വിഭാഗത്തിൽ അദ്ധ്യാപകരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒറ്റപ്പാലം സർക്കാർ ബധിര-മൂക വിദ്യാലയത്തിൽ പ്രീ-പ്രൈമറി വിഭാഗത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) ഒറ്റപ്പാലം സർക്കാർ ബധിര-മൂക വിദ്യാലയത്തിൽ ഒഴിവുണ്ടായിരുന്ന പ്രീ-പ്രൈമറി ടീച്ചർ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമനം നടത്തുകയും നിയമനം ലഭിച്ച ഉദ്യോഗാർത്ഥി 6-6-2019-ൽ സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

## നാച്ചുറൽ സയൻസ് അദ്ധ്യാപരുടെ നിയമനം

192 (3036) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നാച്ചുറൽ സയൻസ് അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) പല ജില്ലകളിലും നാച്ചുറൽ സയൻസ് അദ്ധ്യാപകരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഒന്നാം റാങ്കുകാർക്ക് പോലും നിയമനം കിട്ടിയിട്ടില്ലാ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പട്ടികയിൽ നിന്നും നിയമനം നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും ആനുപാതികമായി അദ്ധ്യാപക തസ്തികകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അദ്ധ്യാപക തസ്തികകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## അപ്പർ പ്രൈമറി സ്കൂളുകളിൽ ക്ലർക്കിനെ നിയമിക്കുന്നതിന് നടപടി

193 (3037) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ഞൂറ് വിദ്യാർത്ഥികളിലധികം പഠിക്കുന്ന അപ്പർപ്രൈമറി സ്കൂളുകളിൽ ഓഫീസ് നടപടികളിൽ ഹെഡ്മിസ്ട്രസിനെ സഹായിക്കുന്നതിന് ഒരു ക്ലർക്കിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഗവ. അപ്പർ പ്രൈമറി വിദ്യാലയങ്ങളിലാണ് ഒരു ഹെഡ് ടീച്ചറെ അദ്ധ്യാപക ബാങ്കിൽ നിന്ന് നിയമിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ അദ്ധ്യാപക ബാങ്കിൽ നിന്നുള്ള അദ്ധ്യാപകരുടെ പുനർവിന്യാസം പൂർത്തീകരിച്ചിട്ടുണ്ടോ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) കെ.ഇ.ആർ. അദ്ധ്യായം XXIII ചട്ടം 5 (iv) പ്രകാരം (5) മുതൽ (7) വരെ സ്റ്റാൻഡേർഡുകളുള്ള ഒരു അപ്പർ പ്രൈമറി സ്കൂളിലെ കുട്ടികളുടെ അംഗബലം 100-ൽ കവിയുകയോ (1) മുതൽ (7) വരെ സ്റ്റാൻഡേർഡുകളുള്ള ഒരു സ്കൂളിലെ കുട്ടികളുടെ അംഗബലം (1) മുതൽ (5) വരെ സ്റ്റാൻഡേർഡുകളിൽ 150-ൽ കൂടുകയോ (5) മുതൽ (7) വരെ സ്റ്റാൻഡേർഡുകളിൽ 100-ൽ കൂടുകയോ ചെയ്താൽ ഹെഡ്മാസ്റ്ററെ ക്ലാസ് ചാർജ്ജിൽനിന്നും ഒഴിവാക്കാവുന്നതാണ്. അങ്ങനെ ഒഴിവാക്കുമ്പോൾ അത്തരം സ്കൂളുകളിൽ ഒരു യു.പി. സ്കൂൾ അസിസ്റ്റന്റിന്റെ തസ്തിക കൂടി ലഭിക്കുന്നതാണ്. ഇത്തരം തസ്തികകളിൽ KER അദ്ധ്യായം XXI ചട്ടം (2) പ്രകാരം അദ്ധ്യാപക ബാങ്കിൽ നിന്നുമാണ് നിയമനം നടത്തേണ്ടത്.

G.O.(P) No.29/16/പൊ.വി.വ. പ്രകാരം സർക്കാർ സർവ്വീസിൽ അധികമായി വരുന്ന അദ്ധ്യാപകരെ സർക്കാർ സ്കൂളിലെ ഹെഡ് ടീച്ചർ വേക്കൻസിയിലും എയ്ഡഡ് സ്കൂളിലെ സംരക്ഷിത അദ്ധ്യാപകരെ എയ്ഡഡ് സ്കൂളിലെ ഹെഡ് ടീച്ചർ വേക്കൻസിയിലും പുനർവിന്യസിക്കുവാൻ ഉത്തരവായിരുന്നു.

(സി) കെ.ഇ.ആർ. ഭേദഗതി സംബന്ധിച്ച കേസ്സുകളിൽ തൽസ്ഥിതി തുടരുവാൻ 11-10-2017-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതുമൂലം പുനർവിന്യാസം പൂർത്തിയായിട്ടില്ല.

**ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റ മാനദണ്ഡം**

194 (3038) <u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റത്തിൽ മാനദണ്ഡം അട്ടിമറിച്ചുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിരമിക്കുവാൻ ഒരു വർഷം മാത്രം ശേഷിക്കുന്നവർക്ക് അവർ ആവശ്യപ്പെടുന്ന സ്ഥലത്തേക്ക് മാറ്റം നൽകണമെന്ന മാനദണ്ഡം പാലിക്കപ്പെട്ടിട്ടില്ലായെന്നത് വസ്തുതയാണോ ; വ്യക്തമാക്കുമോ;

(സി) സ്ഥലംമാറ്റത്തിൽ സംഘടനകളുടെ താല്പര്യവും സ്വാധീനവും ഉണ്ടായെന്ന ആക്ഷേപം പരിശോധിക്കുമോ;

(ഡി) പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിലുണ്ടായ പാളിച്ചകൾ പരിഹരിക്കുന്നതിനും മാനദണ്ഡം പാലിച്ച് സ്ഥലം മാറ്റം നടത്തുന്നതിനും അടിയന്തര ഇടപെടൽ നടത്തുമോ?

<u>ഉത്തരം</u>

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്ഥലംമാറ്റ ഉത്തരവിലെ അനോമലികൾ പരിഹരിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## 2018-19 അദ്ധ്യയന വർഷത്തിലെ എൽ.പി.എസ്.എ. അന്തർ ജില്ലാ സ്ഥലംമാറ്റം

195 (3039) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 അദ്ധ്യയന വർഷത്തിൽ എൽ. പി. എസ്. എ. അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി തിരുവനന്തപുരം ഡി. ഡി. ഇ. 74 ഒഴിവുകൾ ഓൺലൈനിൽ നൽകിയെങ്കിലും കേവലം 51 അദ്ധ്യാപകർക്കു മാത്രം സ്ഥലം മാറ്റം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 219 എൽ.പി.എസ്.എ. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തപ്പോൾ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് 77 വേക്കൻസികൾ നൽകേണ്ടതല്ലേയെന്നറിയിക്കുമോ;

(സി) തിരുവനന്തപുരം ഡി. ഡി. ഇ.അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി (എൽ.പി.എസ്.എ.) 51 ഒഴിവുകൾ നൽകിയത് ഏത് മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ നിരവധി എൽ.പി.എസ്.എ., യു,പി.എസ്.എ. തസ്തികകൾ ട്രൈബൽ, ഹിൽസ്റ്റേഷൻ സ്കൂളുകളിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് കുറവുള്ള തസ്തികകളിൽ അദ്ധ്യാപകർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ 62 ഒഴിവുകൾ മാത്രമേ ഓൺലൈനിൽ നൽകയിട്ടുള്ളൂ. ഇതിൽ 51 അദ്ധ്യാപകർക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(ബി) 2018-19 അദ്ധ്യയന വർഷത്തിലെ ഒഴിവുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി 62 ഒഴിവുകൾ മാത്രമേ മാറ്റി വയ്ക്കാൻ സാധിക്കുമായിരുന്നുള്ളൂ.

(സി) 5 വർഷം പൂർത്തിയാക്കി അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹരായവർ 19 പേരാണ്. മാതൃജില്ലയിൽ 5 വർഷം പൂർത്തിയാക്കാത്ത അദ്ധ്യാപകർക്ക് നിബന്ധനകളോടെ ഹിൽ/റിമോട്ട് ഏര്യയിലെ സ്കൂളുകളിലേയ്ക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം ഹിൽ/റിമോട്ട് ഏര്യയിലെ സ്കൂളുകളിൽ 33 ഒഴിവുകളിൽ 32 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. (ഒരു ഒഴിവിൽ ജില്ലയ്ക്കകത്തെ ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള അപേക്ഷക ഉണ്ടായിരുന്നു.) അപ്രകാരം 2018-19 വർഷം ആകെ 51 അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.

(ഡി) 2018-19 അന്തർജില്ലാ സ്ഥലംമാറ്റത്തിൽ നിലവിൽ ഹിൽ/റിമോട്ട് ഏര്യ സ്കൂളുകളിൽ ഉണ്ടായിരുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നൽകിയിട്ടുണ്ട്.

**പി.എസ്.സി. മുഖേനയുള്ള അദ്ധ്യാപക നിയമനങ്ങൾ**

196 (3040) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 വർഷത്തിൽ നാളിതുവരെ പി.എസ്.സി. മുഖേന എത്ര അദ്ധ്യാപക നിയമനമാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

2019-20 വർഷത്തിൽ നാളിതുവരെ പി.എസ്.സി. മുഖേന നടത്തിയ അദ്ധ്യാപക നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു:

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 345 |
| 2. | കൊല്ലം | 375 |
| 3. | ആലപ്പുഴ | 46 |
| 4. | പത്തനംതിട്ട | 178 |
| 5. | കോട്ടയം | 122 |
| 6. | ഇടുക്കി | 158 |
| 7. | എറണാകുളം | 317 |
| 8. | തൃശ്ശൂർ | 113 |
| 9. | മലപ്പുറം | 1301 |
| 10. | കോഴിക്കോട് | 436 |
| 11. | പാലക്കാട് | 493 |
| 12. | വയനാട് | 267 |
| 13. | കണ്ണൂർ | 444 |
| 14. | കാസർഗോഡ് | 490 |

## റ്റി.സി. നൽകുന്നതിന് വൻതുക ആവശ്യപ്പെട്ട സ്കൂൾ മാനേജ്മെന്റിനെതിരെ നടപടി

197 (3041) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.സി./ഐ.സി.എസ്.ഇ. സ്കൂളുകളിൽ പത്താം തരം വരെ പഠിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് വൺ തലത്തിൽ സ്റ്റേറ്റ് സിലബസിലേയ്ക്ക് മാറുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ബി) പ്ലസ് വൺ പഠനത്തിനായി നിലമ്പൂരിലെ ഗുഡ് ഷെപ്പേർഡ് മോഡേൺ ഇംഗ്ലീഷ് സ്കൂളിൽ നിന്നും സ്റ്റേറ്റ് സിലബസിലുള്ള സ്കൂളിലേയ്ക്ക് മാറുന്നതിനായി റ്റി.സി. ആവശ്യപ്പെട്ട വിദ്യാർത്ഥികളോട് ഒരു ലക്ഷം രൂപ വീതം അടയ്ക്കുവാൻ ആവശ്യപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റ്റി.സി. നൽകുന്നതിന് വൻതുക ആവശ്യപ്പെട്ട സ്കൂൾ മാനേജ്മെന്റിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തടസ്സമില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റ്റി.സി.-ക്ക് അപേക്ഷ നൽകിയ മുഴുവൻ കുട്ടികൾക്കും 23-5-2019-ന് മുൻപായി റ്റി.സി. നൽകുവാനുള്ള കർശന നിർദ്ദേശം സ്കൂൾ പ്രിൻസിപ്പലിന് നൽകുകയും ടി വിവരം ഐ.സി.എസ്.ഇ. ബോർഡിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**സ്കൂൾ കലണ്ടർ**

198 (3042) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ നടത്തുന്ന പദ്ധതികൾ പലപ്പോഴും ഒരു ഏകീകരണവുമില്ലാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ., തുടങ്ങിയ ഏജൻസികളും വിദ്യാഭ്യാസ വകുപ്പും വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുന്ന വിവിധ പ്രോഗ്രാമുകൾ ഒരേ ദിവസം വരുന്നത് ഒഴിവാക്കുന്നതിനുവേണ്ടി മികച്ച മോണിറ്ററിംഗ് നടപ്പിലാക്കുമോ; വിശദീകരിക്കുമോ;

(സി) സ്കൂൾ കലണ്ടർ തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള വിവിധ പ്രോഗ്രാമുകളെ കൂടി ഉൾപ്പെടുത്തി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ വിശദീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ നടത്തുന്ന പദ്ധതികൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം വിവിധ ഏജൻസികളുടെ മീറ്റിംഗുകൾ നടത്തി പ്രവർത്തന കലണ്ടർ രൂപീകരിച്ചിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികളിൽ ആവർത്തനം ഒഴിവാക്കുന്നതിന് സംസ്ഥാന തലത്തിൽ ഏകോപനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം'- മിഷനാണ് ഏകോപനത്തിന്റെ ചുമതല. വിവിധ പഠനപരിപോഷണ പരിപാടികളും കുട്ടികളുടെ പഠന പ്രയാസങ്ങൾ മാറ്റുന്നതിനുള്ള പരിപാടികളും 'ശ്രദ്ധ' എന്ന പൊതുപേരിൽ ഒരു കുടക്കീഴിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ 2018-19 വർഷം ആരംഭിച്ചിരുന്നു.

(ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' മിഷന്റെ നേതൃത്വത്തിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ. തുടങ്ങിയ ഏജൻസികളും വിദ്യാഭ്യാസ വകുപ്പും വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന വിവിധ പ്രോഗ്രാമുകൾ മികച്ച രീതിയിൽ ആസൂത്രണം നടത്തി നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുടെ പ്രവർത്തന കലണ്ടർ വിശകലനം ചെയ്തും മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തിയും കാര്യക്ഷമമാക്കും.

(സി) സ്കൂൾ കലണ്ടർ തയ്യാറാക്കുമ്പോൾ വിവിധ പ്രോഗ്രാമുകളെ ഉൾപ്പെടുത്തി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തലശ്ശേരി മണ്ഡലത്തിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ പ്രവൃത്തികൾ

199 (3043) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിരുന്ന തലശ്ശേരി നിയോജകമണ്ഡലത്തിലെ ചിറക്കര, കതിരൂർ എന്നീ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും ആയത് എന്ന് പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

2018-19 സാമ്പത്തിക വർഷം 23-7-2018-ലെ സ.ഉ. (സാധാ) നമ്പർ 2781/2018/പൊ.വി.വ. ഉത്തരവ് പ്രകാരം തലശ്ശേരി നിയോജക മണ്ഡലത്തിലെ ചിറക്കര, കതിരൂർ എന്നീ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കതിരൂർ വി.എച്ച്.എസ്.എസ്.-ന്റെ പ്രവൃത്തി പി.ഡബ്ല്യൂ.ഡി.-യേയും ചിറക്കര വി.എച്ച്.എസ്.എസ്.-ന്റെ പ്രവൃത്തി നിർമ്മിതി കേന്ദ്രയേയുമാണ് ഏൽപ്പിച്ചിരിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിന്റെ ക്യാപിറ്റൽ ഹെഡ്ഡിൽ തുക അനുവദിക്കുന്നതിനാൽ ചിറക്കര വി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം നടത്തുന്നതിന് നിർമ്മിതി കേന്ദ്ര വിസമ്മതം അറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസി നിർമ്മിതി കേന്ദ്രയിൽനിന്നും മാറ്റുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിലെ അംഗീകാരമില്ലാത്ത സ്കൂളുകൾ

200 (3044) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്ത എത്ര സ്കൂളുകളാണ് പാലക്കാട് ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ വിദ്യാഭ്യാസ ഉപജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നിലവിൽ 163 സ്കൂളുകൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിദ്യാഭ്യാസ ഉപജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി ക്ലാസ്സുകൾ

201 (3045) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കുറവ് പരിഹരിക്കുന്നതിന് പി.ടി.എ.യുടെ നിയന്ത്രണത്തിൽ ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ലാസ്സുകളുടെ പുരോഗതിക്കായി സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ക്ലാസ്സുകൾ സർക്കാർ ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ടോ; ഏതെങ്കിലും സ്കൂളുകളിൽ സർക്കാർ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകാൻ സർക്കാർ ധനസഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിന് കുട്ടികളിൽ നിന്നും പിരിക്കാവുന്ന ഫീസിന്റെ പരിധി സംബന്ധിച്ച വിശദാംശം നൽകുമോ; എങ്കിൽ പി.റ്റി.എ. നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകൾ കൂടുതൽ മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പ്രീ-പ്രൈമറി ക്ലാസ്സുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശിൽപ്പശാലകൾ സംഘടിപ്പിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലത്തിന്റെ സഹായത്തോടെ കൈപുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ അദ്ധ്യാപകർക്ക് വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്.

(ബി) സിസ്റ്റമാറ്റൈസിംഗ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ എന്ന പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ സൗകര്യങ്ങളും, അതോടൊപ്പം 'കളിത്തോണി' എന്ന കൈപുസ്തകം പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(സി) നിലവിൽ 54 സ്കൂളുകളിൽ സർക്കാർ നേരിട്ട് പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നുണ്ട്.

(ഡി) 2012 വരെയുള്ള അംഗീകരിച്ച പ്രീ-പ്രൈമറികളിലും സർക്കാർ നേരിട്ട് നടത്തുന്ന 54 പ്രീ-പ്രൈമറികളിലും കുട്ടികൾക്ക് ഉച്ചഭക്ഷണം നടത്തിവരുന്നുണ്ട്.

(ഇ) നിലവിൽ കുട്ടികളിൽ നിന്നും ഫീസ് പിരിക്കുന്നില്ല.

പ്രീ-പ്രൈമറി ക്ലാസ്സുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശിൽപ്പശാലകൾ സംഘടിപ്പിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലത്തിന്റെ സഹായത്തോടെ കൈപുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ അദ്ധ്യാപകർക്ക് വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. സിസ്റ്റമാറ്റൈസിംഗ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ എന്ന പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ സൗകര്യങ്ങളും, അതോടൊപ്പം 'കളിത്തോണി' എന്ന കൈപുസ്തകം പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

**സ്കൂൾതലത്തിൽ നീന്തൽ പരിശീലനത്തിനായി നീന്തൽക്കുളം**

202 (3046) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾതലത്തിൽ നീന്തൽ പരിശീലനത്തിനായി മണ്ഡലാടിസ്ഥാനത്തിൽ ഓരോ നീന്തൽകുളം വീതം നിർമ്മിച്ചു നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഓരോ മണ്ഡലത്തിലും ഇതിനായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(സി) കോങ്ങാട് മണ്ഡലത്തിൽ നീന്തൽകുളം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് എവിടെയാണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിലെ എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തയ്യാറാക്കിവരുന്നു.

(ബി) പ്രൊപ്പോസലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) സ്ഥല പരിശോധന പ്ലാൻ പ്രൊപ്പോസൽ അംഗീകരിച്ചശേഷം മാത്രം നടത്തുന്നതാണ്.

**സാക്ഷരതാമിഷനിൽ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ**

203 (3047) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരത മിഷനിൽ ജില്ലാ പ്രേരക് തസ്തികകൾക്ക് പകരം ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർ എന്ന സാങ്കല്പിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇതിലേക്കുനയിച്ച സാഹചര്യം വിശദമാക്കുമോ;

(ബി) ഈ തസ്തികയിലെ ഉദ്യോഗസ്ഥരുടെ ഭരണപരമായ ചുമതലകൾ വിശദമാക്കുമോ; ഇവരുടെ ശമ്പള സ്കെയിൽ എത്രയെന്നും ഇപ്പോൾ സൃഷ്ടിച്ച തസ്തികകൾ വഴി സർക്കാരിന് എത്ര രൂപ അധിക ബാധ്യത വരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ സാക്ഷരതാ മിഷന് ജില്ലാ കോ-ഓർഡിനേറ്റർമാരുണ്ടോ; ഇവരുടെ ഭരണപരമായ ചുമതലകൾ ഇപ്പോൾ സൃഷ്ടിക്കപ്പെട്ട ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരിൽ നിന്നും എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. ജില്ലാ പ്രേരക് എന്ന തസ്തിക നിലവിലില്ല. ജില്ലാ പ്രോജക്ട് കോ-ഓർഡിനേർറ്റർ തസ്തികയിൽ കരാർ നിയമനമാണ് നടത്തുന്നത്.

സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കിവരുന്ന സാക്ഷരത-തുല്യതാപ്രവർത്തനങ്ങളും വിവിധ സാമൂഹ്യസാക്ഷരതാ പദ്ധതികളും ജില്ലാതലത്തിൽ നടപ്പിലാക്കുകയും അതോടൊപ്പം ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളുടെ പ്രവർത്തന മേൽനോട്ടച്ചുമതല വഹിക്കുകയും സാക്ഷരത-തുടർവിദ്യാഭ്യാസ പ്രവർത്തകരായ പ്രേരക്മാരെയും വിദ്യാകേന്ദ്രങ്ങളെയും മോണിറ്ററിംഗ് ചെയ്യുകയും ആണ് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ ചുമതല. ശമ്പള സ്കെയിൽ ഈ കരാർ തസ്തികയ്ക്ക് നിലവിലില്ല.

(സി) ഇല്ല.

## ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം

204 (3048) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്നും എത്രകാലമായി ഇങ്ങനെ തുടരുന്നുവെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ജില്ലയിൽ എപ്പോഴെങ്കിലും ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം നടന്നിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്നും അതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ജില്ലയിൽ നിലവിലുള്ള ഗ്രൂപ് വില്ലേജുകൾ വിഭജിക്കാൻ എത്ര ചെലവ് വേണ്ടി വരുമെന്നും ഈ തുക കണ്ടെത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 99 ഗ്രൂപ്പ് വില്ലേജുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | - 3 |
| എറണാകുളം | - 6 |
| തൃശ്ശൂർ | - 61 |
| കാസർഗോഡ് | - 29 |

(ബി) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെ ഇളമ്പ-മുദാക്കൽ ഗ്രൂപ്പ് വില്ലേജിനെ ഇളമ്പ, മുദാക്കൽ എന്നീ വില്ലേജുകളായി വിഭജിക്കുകയുണ്ടായി. ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് വിഭജനം നടത്തിയതിനാൽ തുക ഒന്നും ചെലവായിട്ടില്ല.

(സി) 29 ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്. വില്ലേജ് രൂപീകരിച്ചതുമുതൽ ഇവ ഗ്രൂപ്പ് വില്ലേജായി തുടരുന്നു.

(ഡി) 17-8-2010-ലെ ജി.ഒ.(എം.എസ്.)നമ്പർ 337/2010/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിൽ ഗ്രൂപ്പ് വില്ലേജ് വിഭജനം നടത്തിയിട്ടുള്ളതും 7 വില്ലേജോഫീസുകളിലെ തസ്തിക (വില്ലേജ് ഓഫീസർ-1, വില്ലേജ് അസിസ്റ്റന്റ്-1, വില്ലേജ്മാൻ-1) സൃഷ്ടിച്ചിട്ടുള്ളതും ടി ജീവനക്കാരുടെ ശമ്പളം നൽകുന്നതിനുള്ള ചെലവ് വന്നിട്ടുള്ളതുമാണ്.

(ഇ) കാസർഗോഡ് ജില്ലയിലെ 29 ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിന് പുതുതായി 45 വില്ലേജോഫീസ് കെട്ടിടങ്ങളും ടി വില്ലേജോഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ജീവനക്കാരുടെ തസ്തികയും സൃഷ്ടിക്കേണ്ടിവരും. ഒരു വില്ലേജോഫീസ് കെട്ടിട നിർമ്മാണത്തിന് 44 ലക്ഷം രൂപയും ഒരു വില്ലേജോഫീസ് ജീവനക്കാരുടെ ശമ്പള ഇനത്തിൽ പ്രതിമാസം ശരാശരി 1,44,500 രൂപയും ചെലവാകുന്നതാണ്. സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ഭൂമി തരം മാറ്റാൻ വ്യാജരേഖ നിർമ്മിച്ചത്

205 (3049) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചൂർണ്ണിക്കരയിൽ ഭൂമി തരം മാറ്റാൻ ലാൻഡ് റവന്യൂ കമ്മീഷണറുടെയും ആർ.ഡി.ഒ.-യുടെയും പേരിൽ വ്യാജരേഖയുണ്ടാക്കിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത വ്യാജരേഖ തയ്യാറാക്കിയവരെ സഹായിച്ചത് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരാണെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) 2016 ജനുവരി മുതൽ റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളുടെ പേരിൽ ഉണ്ടാക്കിയ വ്യാജരേഖകളെ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വേ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെയും ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകൾ വ്യാജമായി ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ

ആയത് സംബന്ധിച്ച് ആലുവ പോലീസ് സ്റ്റേഷനിൽ 926/19 നമ്പർ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഇപ്രകാരമുള്ള വ്യാജ ഉത്തരവുകൾ ചമച്ചതിനുപിന്നിൽ പ്രവർത്തിച്ച ആൾക്കാരെയും കണ്ടെത്താൻ സാധിക്കും.

(ബി) 2016 ജനുവരി മുതൽ ചൂർണ്ണിക്കര വില്ലേജിലെ വ്യാജരേഖ ചമയ്ക്കൽ കേസ് ഒഴികെ റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളുടെ പേരിൽ വ്യാജ രേഖകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്രിമിനൽ കുറ്റങ്ങളായതിനാൽ ആലുവ പോലീസ് സ്റ്റേഷനിൽ 926/19 നമ്പർ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. വ്യാജ ഉത്തരവ് ചമച്ചതിനുപിന്നിൽ പ്രവർത്തിച്ച ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. അരുൺ കുമാറിനെ അറസ്റ്റ് ചെയ്യുകയും 11-5-2019 തീയതി പ്രാബല്യത്തിൽ ടിയാനെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## റവന്യൂ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

206 (3050) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകൾ അധികവും വളരെ പരിമിതവും സൗകര്യങ്ങളില്ലാത്തതും ജീർണ്ണിച്ചതുമായ അവസ്ഥയിലാണുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റവന്യൂ ഓഫീസുകളും സ്ഥാപനങ്ങളും കൂടുതൽ ജനസൗഹൃദ മാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നൂതനപദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പുതുതായി 2 താലൂക്കുകളും 6 റവന്യൂ ഡിവിഷണൽ ഓഫീസുകളും രൂപീകരിച്ചു. 96 വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ച് സ്മാർട്ട് റവന്യൂ ഓഫീസ് ആക്കുന്നതിനും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും 1202 പണികൾക്ക് പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റവന്യൂ ഓഫീസുകളും സ്ഥാപനങ്ങളും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പ്ലാൻ സ്കീം പ്രകാരം റവന്യൂ ഓഫീസുകളുടെ നവീകരണം, സ്മാർട്ട് റവന്യൂ ഓഫീസ്, വില്ലേജോഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

207 (3051) <u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിലെ ഏതെല്ലാം പ്രവർത്തനങ്ങളാണ് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഭൂമി കൈമാറ്റം നടക്കുമ്പോൾത്തന്നെ സ്ഥലസംബന്ധമായ വിവരവും പ്രമാണസംബന്ധമായ വിവരവും ഓൺലൈനായി പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുന്ന സംയോജിത ഭൂവിവരസേവന വിനിമയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് ഏകോപിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>ഇ-ഡിസ്ട്രിക്ട്</u>:-

വില്ലേജോഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജോഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജോഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

ആർ.ആർ. ഓൺലൈൻ:-

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഏത് തലത്തിലുള്ള കളക്ടേറ്റ്/താലൂക്ക്/വില്ലേജ് ഉദ്യോഗസ്ഥർക്കും ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസ്സിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

സംയോജിത ഓൺലൈൻ പോക്കുവരവ് (Online - Mutation):-

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാകുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

ഇ-പേമെന്റ്:-

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ-ഓഫീസ്:-

ലാന്റ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജോഫീസ് വരെ നടപ്പിലാക്കിവരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

(ബി&സി) ഉണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ ഓപ്പൺ-പേൾ എന്ന ഓൺലൈൻ സോഫ്റ്റ്‌വെയറും റവന്യൂ വകുപ്പിന്റെ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം എന്ന ഓൺലൈൻ സോഫ്റ്റ്‌വെയറും സംയോജിത ഭ്രുവിവരസേവന വിനിമയ സംവിധാനത്തിനായി ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്.

**റവന്യൂ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി വാഹനങ്ങൾ**

208 (3052) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം റവന്യൂ വകുപ്പിന്റെ ആവശ്യത്തിലേക്കായി എത്ര വാഹനങ്ങൾ വാങ്ങാനുള്ള അനുമതിയാണ് ആവശ്യപ്പെട്ടിരുന്നതെന്നും അതിൽ എത്ര വാഹനങ്ങൾ റവന്യൂ വകുപ്പിന് ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ബി) സർക്കാർ ഉത്തരവ് (ആർ.ടി.) 2926/2018/റവന്യൂ പ്രകാരം എത്ര വാഹനങ്ങളാണ് വകുപ്പ് വാങ്ങിയതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള വാഹനം വാങ്ങുന്നതിനായി 2053-093-99-21-1 എന്ന ശീർഷകത്തിൽ എത്ര രൂപയാണ് വകയിരുത്തിയിരുന്നത്;

(ഡി) പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഏത് ശീർഷകത്തിൽ നിന്നാണ് വാഹനം വാങ്ങുന്നതിന് ഫണ്ട് ലഭ്യമാക്കിയത് എന്നറിയിക്കാമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 12 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി തേടിയിരുന്നു. 9 വാഹനങ്ങൾ ലഭ്യമായിട്ടുണ്ട്.

(ബി) ടി ഉത്തരവ് പ്രകാരം 8 വാഹനങ്ങൾ വാങ്ങാൻ ഉത്തരവായതിൽ 6 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. 2 വാഹനങ്ങൾ കൂടി വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി) സർക്കാർ ഉത്തരവ് (ആർ.ടി.)നമ്പർ 285/2019/ഫിൻ. തീയതി 14-1-2019 പ്രകാരം 2053-093-99-21-1 എന്ന ശീർഷകത്തിലേയ്ക്ക് 90,00,000 രൂപ (തൊണ്ണൂറ് ലക്ഷം രൂപ മാത്രം) അനുവദിച്ചിരുന്നു.

(ഡി) തുക പര്യാപ്തമായിരുന്നു.

## നിർമ്മാണ പദ്ധതികൾക്ക് റവന്യൂ വകുപ്പിൽനിന്നും എൻ.ഒ.സി.

209 (3053) <u>ശ്രീ. എസ്. രാജേന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാർ, ചിന്നക്കനാൽ, വട്ടവട പ്രദേശങ്ങളിൽ റവന്യൂ വകുപ്പുൾപ്പെടെയുള്ള വകുപ്പുകൾ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ റവന്യൂ വകുപ്പിന്റേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും എൻ.ഒ.സി. ഉൾപ്പെടെയുള്ള അനുവാദങ്ങൾ വാങ്ങിയാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രകാരമാണെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള എൻ.ഒ.സി.-കളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ദേവികുളം മണ്ഡലത്തിലെ ചിന്നക്കനാൽ പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കുന്നതും സമാന സാഹചര്യത്തിൽ മൂന്നാർ പഞ്ചായത്തിലെ പ്രവൃത്തികൾ നടപ്പിലാക്കുവാൻ അനുവദിക്കാത്തതും എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ചിന്നക്കനാൽ പഞ്ചായത്ത് ഓഫീസിന് സമീപത്തായി പണിയുന്ന കെട്ടിടത്തിന് റവന്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഹൈക്കോടതിയുടെ WP(C) 1801/2010, WP(C) 34095/ 2009 എന്നീ കേസുകളിലെ 21-1-2010-ലെ ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ എൻ.ഒ.സി. ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ ആയിരുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൻവാലി എന്നീ 8 വില്ലേജുകളാണ് മൂന്നാർ പ്രദേശം എന്ന് കണക്കാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നേടിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 27-9-2017-ൽ ഇടുക്കി ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ സി4-25908/2015 പ്രകാരം പൊതു ആവശ്യങ്ങൾക്കായി സർക്കാർ വകുപ്പുകൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ആവശ്യമില്ല എന്നും

എന്നാൽ പൊതു ആവശ്യങ്ങൾക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ദേവികുളം സബ്കളക്ടർ പരിശോധിച്ച് എൻ.ഒ.സി. നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(ബി) പകർപ്പുകൾ ഉള്ളടക്കം*ചെയ്യുന്നു.

(സി&ഡി) ചിന്നക്കനാൽ പഞ്ചായത്തിന്റെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച ഫയൽ നിലവിൽ നടപടിയിലിരിക്കുന്നതും മൂന്നാർ ഗ്രാമപഞ്ചായത്തിലെ ടാക്സി സ്റ്റാൻഡ് നിർമ്മാണത്തിന് 1-4-2019-ൽ എൻ.ഒ.സി. നൽകിയിട്ടുള്ളതുമാണ്. മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ വനിതാ ഉൽപ്പന്ന വിതരണ കേന്ദ്രം തോട് പുറമ്പോക്ക് കയ്യേറി നിർമ്മിച്ചതാണെന്ന് ദേവികുളം സബ്കളക്ടർക്ക് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ച് ആയത് ബോധ്യപ്പെടുകയും സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) 6991/2019 നമ്പരായി കേസ് നിലവിലുള്ളതുമാണ്. ആകയാൽ ടി പദ്ധതിക്ക് എൻ.ഒ.സി. നൽകിയിട്ടില്ല.

## ഓൺലൈൻ റിപ്പോട്ട് നൽകുന്നതിലുള്ള കാലതാമസം

210 (3054) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിനായി ആലപ്പുഴ കളക്ടറേറ്റിലും ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ താലൂക്ക്, വില്ലേജ് ആഫീസുകളിലും സമർപ്പിക്കുന്ന അപേക്ഷകളിൽ ഓൺലൈൻ റിപ്പോർട്ട് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇലക്ഷനുമായി ബന്ധപ്പെട്ട ജോലിത്തിരക്കുമൂലവും സൈറ്റ് അപ്ഡേഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാലുമാണ് കാലതാമസം നേരിട്ടിട്ടുള്ളത്. ആയത് എത്രയുംവേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വസ്തുക്കൾ പോക്കുവരവ് ചെയ്യുന്നതിലെ കാലതാമസം

211 (3055) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തുക്കൾ പോക്കുവരവ് ചെയ്ത് പേരിൽ കിട്ടുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര അപേക്ഷകളാണ് കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തീരുമാനം എടുക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിവരിക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി പോക്കുവരവ് വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 368 അപേക്ഷകളാണ് തീർപ്പാക്കുവാനുള്ളത്.

(സി) ഓൺലൈൻ നെറ്റ്‌വർക്കിന്റെ തകരാറുകൾമൂലവും ബന്ധപ്പെട്ട ഫയലിൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലുമാണ് കാലതാമസം നേരിടുന്നത്. അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട അപേക്ഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ളവയിൽ കൂടുതൽ ഫയലുകളും റീസർവ്വേയ്ക്ക് മുൻപുള്ളതും നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നതുമാണ്.

(ഡി) പോക്കുവരവ് വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## തമ്മാനിമറ്റം ളുക്ക് പാലം പുനർനിർമ്മാണം

212 (3056) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തമ്മാനിമറ്റം ളുക്കപാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ടി പ്രവൃത്തി നാളിതുവരെ പൂർത്തിയാകാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) എന്നത്തേയ്ക്ക് പുനർനിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി**

213 (3057) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിൽ നിന്നും ഭൂമി പാട്ടത്തിന് എടുത്തശേഷം പാട്ടവ്യവസ്ഥകൾ ലംഘിച്ച് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഭൂമി വിറ്റതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തോട്ടങ്ങളാണ് അപ്രകാരം വില്പന നടത്തിയതെന്നും ആരാണ് അത് വിറ്റതെന്നും വ്യക്തമാക്കുമോ;

(സി) തോട്ടം നടത്തിപ്പിനായി പാട്ടത്തിന് എടുത്ത ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് ഏറ്റെടുക്കാമെന്ന് സ്പെഷ്യൽ ഓഫീസർ രാജമാണിക്യം റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ ചെറുനെല്ലി, കാരപ്പാറ എ, കാരപ്പാറ ബി, അലക്സാണ്ടഡ്രിയ എ (8 എണ്ണം), അലക്സാണ്ടഡ്രിയ ബി (6 എണ്ണം), ബ്രൂക്ക്ലാന്റ്, മോങ്കവുഡ്, രാജാക്കാട്, കുമ്പളകുടി, ചന്ദ്രാമല, കൊട്ടയങ്ങാടി, മണലാരു, മണലാരു (കൊച്ചിൻ), ലില്ലി, കരടിമല, വിക്ടോറിയ, മോങ്കവുഡ് (AVT), പേത്തുപാറ, പുലയമ്പാറ, ചന്ദ്രാമല (2 എണ്ണം), പൂത്തുണ്ട്, അലക്സാണ്ടഡ്രിയ (കൊച്ചിൻ പ്ലാന്റേഷൻ), വിക്ടോറിയ (കൊച്ചിൻ പ്ലാന്റേഷൻ), ഈസ്റ്റ് പുല്ലാല, സൂര്യപ്പാറ-എ, ബി, സി, ബിയോടീസ് (കൊച്ചിൻ പ്ലാന്റേഷൻ) എന്നീ 41 എസ്റ്റേറ്റുകളാണ് പാട്ടവ്യവസ്ഥകൾ ലംഘിച്ച് വിവിധ കാലഘട്ടങ്ങളിൽ വിവിധ ആളുകൾ വിൽപ്പന നടത്തിയിരിക്കുന്നത്. ഹാരിസൺ മലയാളം ലിമിറ്റഡ് 1985-ൽ കൊല്ലം ജില്ലയിൽ അമ്പനാട് എസ്റ്റേറ്റ് ഉൾപ്പെടെ 2700 ഏക്കർ തോട്ടം ഭൂമി ട്രാവൻകൂർ റബ്ബർ & ടി കമ്പനിക്കും 2004-ൽ ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പെരുവന്താനം

വില്ലേജിൽപ്പെട്ട 1665 ഏക്കർ ബോയിസ് എസ്റ്റേറ്റ് ഹാരിസൺ കമ്പനിക്കും 2005-ൽ കോട്ടയം ജില്ലയിൽ മണിമല താലൂക്കിൽപ്പെട്ട 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റ് ഗോസ്പൽ ഫോർ ഏഷ്യ എന്ന കമ്പനിക്കും 2005-ൽ കൊല്ലം ജില്ലയിൽ 206 ഏക്കർ തെന്മല എസ്റ്റേറ്റ് റീയ റിസോർട്ട്സ് & പ്രോപ്പർട്ടീസ് എന്ന കമ്പനിക്കും വിൽപ്പന നടത്തുകയുണ്ടായി.

മറ്റ് ജില്ലകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി) വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമി സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ അന്വേഷണം നടത്തിയശേഷം കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പ്രസ്തുത നിയമ പ്രകാരം നടപടി സ്വീകരിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസവും കോടതി ഇടപെടലുകളും ഭൂമി ഏറ്റെടുക്കുന്നത് വൈകിപ്പിക്കുമെന്ന് കണ്ടതിനാൽ ഇത്തരം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം ആവശ്യമാണെന്ന് വ്യക്തമാക്കിക്കൊണ്ട് സ്പെഷ്യൽ ഓഫീസർ 4-6-2016-ന് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) തോട്ടം നടത്തിപ്പിനായി പാട്ടത്തിന് എടുത്ത ഭൂമി കൈമാറ്റം ചെയ്തിട്ടുള്ള വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

**പട്ടയമില്ലാത്ത ഭൂമി ഏറ്റെടുക്കൽ**

214 (3058) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും കൈവശമുള്ളതും എന്നാൽ പട്ടയമില്ലാത്തതുമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും തീരുമാനമോ ഉത്തരവോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മറ്റ് ഏതെല്ലാം സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയാണ് ഇത്തരത്തിൽ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഭൂമി ഏതെല്ലാം സ്ഥാപനങ്ങൾക്ക് പതിച്ച് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ നറുക്കര വില്ലേജിലെ 60 സെന്റ് സർക്കാർ ഭൂമി 23-10-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 382/18/റവ. ഉത്തരവ് പ്രകാരം ഗയിൽ ഇന്ത്യാ ലിമിറ്റഡിന് പതിച്ചുനൽകിയിട്ടുള്ളതാണ്.

## അടിസ്ഥാന സൗകര്യമില്ലാത്ത വില്ലേജ് ഓഫീസുകൾ

215 (3059) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതിയായ സൗകര്യമില്ലാത്ത എത്ര വില്ലേജോഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) എത്ര വില്ലേജോഫീസുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്; കക്കൂസുകൾ ഇല്ലാത്ത എത്ര വില്ലേജോഫീസുകൾ നിലവിലുണ്ട്;

(സി) മതിയായ സൗകര്യമില്ലാതെ പ്രവർത്തിക്കേണ്ടിവരുന്നത് ഉദ്യോഗസ്ഥർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എല്ലാ വില്ലേജോഫീസുകളിലും ആവശ്യമായ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മതിയായ സൗകര്യമില്ലാത്ത 510 വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത 77 വില്ലേജോഫീസുകളും കക്കൂസുകൾ ഇല്ലാത്ത 8 വില്ലേജോഫീസുകളും നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിട നിർമ്മാണവും വില്ലേജോഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി പ്രകാരം അറ്റകുറ്റപ്പണി, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് നിർമ്മാണം എന്നിവ നിർവ്വഹിച്ചുവരുന്നുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

## പ്രളയബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം

216 (3060) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ച പതിനായിരം രൂപയുടെ ധനസഹായം ആലപ്പുഴ ജില്ലയിലെ എത്രപേർക്കാണ് ലഭിച്ചതെന്ന് താലൂക്കാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

പ്രളയബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ച പതിനായിരം രൂപയുടെ ധനസഹായം ആലപ്പുഴ ജില്ലയിൽ താലൂക്കടിസ്ഥാനത്തിൽ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു:

താലൂക്ക് -ഗുണഭോക്താക്കളുടെഎണ്ണം

| | |
|---|---|
| ചേർത്തല - | 15200 |
| അമ്പലപ്പുഴ - | 28158 |
| കുട്ടനാട് - | 54068 |
| ചെങ്ങന്നൂർ - | 28708 |
| കാർത്തികപ്പള്ളി- | 30000 |
| മാവേലിക്കര - | 8677 |

## ചിന്നക്കനാലിൽ സർക്കാർ ഏറ്റെടുത്ത ഭൂമി

217 (3061) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ദൗത്യകാലത്ത് ചിന്നക്കനാലിൽ സർക്കാർ ഏറ്റെടുത്ത ഭൂമി വ്യാജരേഖകൾ ചമച്ച് സ്വകാര്യ വ്യക്തികളും കമ്പനികളും സ്വന്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തി ദേവികുളം സബ്കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(സി) ഇതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചവന്നതായി കരുതുന്നുണ്ടോ; എങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇടുക്കി, ചിന്നക്കനാൽ വില്ലേജിലെ എല്ലാ പട്ടയങ്ങളും വിശദമായി പരിശോധിച്ച് അവയുടെ സാധുത കണ്ടെത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

1. കൃത്രിമ രേഖകൾ ചമച്ചും ഇരട്ടിപ്പായും പട്ടയങ്ങൾ അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ട്.
2. 1993 പതിവ് ചട്ടപ്രകാരമുള്ള പട്ടയങ്ങളിൽ കരമടവ് പുനഃസ്ഥാപിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ.
3. നിജസ്ഥിതി സർട്ടിഫിക്കറ്റ്, കൈവശ സർട്ടിഫിക്കറ്റ് എന്നിവ അനുവദിച്ചതിലുള്ള ക്രമക്കേട്.

(സി) ഉണ്ട്.

(ഡി) സർക്കാർ ഉത്തരവിൻപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

**ഭൂമി കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

218 (3062) <u>ശ്രീ. കെ. എൻ. എ ഖാദർ</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>:
<u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറ്റ ഭൂമിയുടെ കണക്ക് ശേഖരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കയ്യേറ്റം ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഒഴിപ്പിച്ചെടുക്കുന്ന ഭൂമി, ഭൂരഹിതരായവർക്ക് വിതരണം ചെയ്യാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ 8-5-2019-ലെ സ.ഉ.(സാധാ)നമ്പർ 1077/2019/റവ. നം. ഉത്തരവ് പ്രകാരം കയ്യേറ്റ ഭൂമിയുടെ കണക്ക് ശേഖരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും

2009-ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിയമം പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ)3778/18/റവ. നമ്പർ ഉത്തരവ് പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിനും ഭൂരഹിതരായവർക്ക് പതിച്ചുനൽകുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സ്വകാര്യ വ്യക്തി കൈവശം വച്ചിരിക്കുന്ന റവന്യൂ സ്ഥലം

219 (3063) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ തുറവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ആർ.ആർ. സർവ്വേ നമ്പർ 534/14-ൽപ്പെട്ട 3 ഏക്കർ 29 സെന്റ് റവന്യൂ സ്ഥലം ഒരു സ്വകാര്യ വ്യക്തി കൈവശം വച്ചിരിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഒഴിപ്പിച്ച് തുറവൂരിൽ പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ.-ക്ക് നൽകണമെന്ന് ആവശ്യം പരിഗണിച്ച് സ്വകാര്യ വ്യക്തിയിൽ നിന്നും എത്രയും വേഗം ഭൂമി തിരികെ പിടിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും കോടതികളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നീക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ & ബി) ആലുവ താലൂക്ക് തുറവൂർ വില്ലേജ് ബ്ലോക്ക് നമ്പർ 13 റീസർവ്വേ 534/14-ൽപ്പെട്ട 3 ഏക്കർ 29 സെന്റ് വസ്തു സ്വകാര്യ വ്യക്തി അനധികൃതമായി കൈവശം വച്ചിട്ടുണ്ട്. ടി വസ്തുവിന്റെ ഒഴിപ്പിക്കൽ നടപടിക്കെതിരെ കക്ഷി വിവിധ കോടതികളിൽ നിരവധി കേസുകൾ നൽകിയിട്ടുള്ളതും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C)8312/19 നമ്പർ കേസിലെ 22-3-2019-ലെ വിധി പ്രകാരം രണ്ട് മാസത്തിനകം ജില്ലാ കളക്ടർ തീരുമാനമെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്.

## എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദാക്കിയ നടപടി

220 (3064) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുന്നത്തുനാട് വില്ലേജിൽ 15 ഏക്കർ സ്ഥലം നികത്തുന്നത് നിരോധിച്ചുകൊണ്ട് ജില്ലാ കളക്ടർ ഇറക്കിയ ഉത്തരവ് റവന്യൂ അഡീഷണൽ സെക്രട്ടറി റദ്ദാക്കിയിരുന്നോ;

(ബി) നിലം നികത്തുന്നതിനെതിരെ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചത് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയ ശേഷമായിരുന്നോ; വ്യക്തമാക്കുമോ;

(സി) റവന്യൂ അഡീഷണൽ സെക്രട്ടറി കളക്ടറുടെ ഉത്തരവ് റദ്ദാക്കുന്നതിന് മുമ്പ് ഇക്കാര്യം സംബന്ധിച്ച് നിയമവകുപ്പിന്റെ ഉപദേശം തേടിയിരുന്നോ; എങ്കിൽ നിയമവകുപ്പിന്റെ ഉപദേശം എന്തായിരുന്നു;

(ഡി) ഒരു വിവാദ വ്യവസായി ഇടപെട്ടതിനെത്തുടർന്നാണ് അതിവേഗത്തിൽ ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് വന്നതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ഇത്തരം നടപടികളെക്കുറിച്ച് ഒരു സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) റദ്ദാക്കിയിരുന്നു.

(ബി) അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിരുന്നു.

(സി) ഇല്ല.

(ഡി) നിയമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

(ഇ) ഈ ഉത്തരവിന്റെ നിയമവശം പരിശോധിക്കുന്നതിനായി വിശദമായ പരിശോധന ആവശ്യമാണെന്നുകണ്ട സാഹചര്യത്തിലാണ് പ്രസ്തുത ഉത്തരവ് മരവിപ്പിച്ചത്. വിഷയം പരിശോധിച്ചുവരികയാണ്.

## പാട്ടഭൂമിക്ക് കരം അടയ്ക്കുവാൻ അനുമതി

221 (3065) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ അടക്കമുള്ള വൻകിട കുത്തക കമ്പനികൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള പാട്ടഭൂമിക്ക് കരം അടയ്ക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഈ തീരുമാനം എത്ര കമ്പനികൾക്ക് ഗുണകരമാകും എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ നിയോഗിച്ച നിരവധി അന്വേഷണ കമ്മിഷനുകൾ ഹാരിസണെതിരെ റിപ്പോർട്ട് സമർപ്പിച്ചിട്ടും കരം അടയ്ക്കുവാൻ അനുമതി നൽകിയതിലൂടെ 38000 ഏക്കർ പാട്ടഭൂമിക്ക് സാധുത നൽകുകയാണോ സർക്കാർ ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(സി) കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുവാൻ നിയമനിർമ്മാണം നടത്തണമെന്ന രാജമാണിക്യം കമ്മീഷന്റെ നിർദ്ദേശം അവഗണിച്ചത് എന്തുകൊണ്ടാണ്;

(ഡി) ഹാരിസൺ കൈവശം വച്ചിരുന്ന സർക്കാർ ഭൂമി ഏറ്റെടുത്ത നടപടി ഹൈക്കോടതി റദ്ദാക്കിയ കേസ്സിൽ ഉടമസ്ഥാവകാശം സ്ഥാപിക്കുവാനായി കേസ് സിവിൽ കോടതിയിൽ തുടരുവാൻ കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ അതുപ്രകാരം സിവിൽ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽനിന്ന് ഭൂമി നേടിയവരും കൈവശം വച്ചിരുന്ന ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനായി നിയമതിനായ സ്പെഷ്യൽ ഓഫീസർ KLC ആക്ട് പ്രകാരം 38171 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി നടപടിക്കെതിരെ കമ്പനികൾ ഫയൽ ചെയ്ത WP(C)33122/2014-ഉം മറ്റ് കേസ്സുകളിലെയും ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിന്യായത്തിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സ്പെഷ്യൽ ഓഫീസർക്ക് അധികാരം ഇല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. സർക്കാരിന് ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാമെന്നും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ഭൂനികുതി സ്വീകരിക്കുന്നത് ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്ന് അനേകം കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ച സാഹചര്യത്തിൽ സർക്കാർ 6-6-2019 സ.ഉ.(കൈ) 172/2019/റവ. നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറുടെ അന്വേഷണ പരിധിയിലും

നടപടികളിലും വന്ന എല്ലാ തോട്ട ഭൂമിക്കും ഉടമസ്ഥത സിവിൽ കേസുകളിലെ അന്തിമ വിധിന്യായത്തിന് വിധേയമെന്ന നിബന്ധനയോടെ ഭൂനികുതി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി വിവിധ കേസ്സുകളിൽ ഭൂനികുതി ഒടുക്കുവരുത്തുന്നതും സ്വീകരിക്കുന്നതും ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്നും സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനും സിവിൽ കേസ് നടപടികൾക്കും ഭൂനികുതി സ്വീകരിക്കുന്നത് തടസ്സമല്ല എന്നും നിരീക്ഷിച്ചിട്ടുള്ള സാഹചര്യത്തിലാണ് സ്പെഷ്യൽ ഓഫീസർ ഭൂനികുതി സ്വീകരിക്കുന്നത് വിലക്കിയിരുന്ന സംസ്ഥാനത്തെ തോട്ട ഭൂമിയുടെ നികുതി, 'ഉടമസ്ഥത സിവിൽ കേസിലെ അന്തിമ വിധിക്ക് വിധേയം' എന്ന നിബന്ധനയോടെ സ്വീകരിക്കുന്നതിന് സർക്കാർ 6-6-2019-ൽ അനുമതി നൽകിയിട്ടുള്ളത്.

(സി) ഉടമസ്ഥത സംബന്ധിച്ച തർക്കം അന്തിമമായി തീർപ്പാക്കേണ്ടത് സിവിൽ കോടതി നടപടികളിലൂടെയാണെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായത്തിൻ പ്രകാരമാണ് തോട്ടഭൂമിയിലുള്ള സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) 38171 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി 11-4-2018-ൽ റദ്ദ് ചെയ്തിരുന്നു. ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതി 17-9-2018-ൽ തള്ളുകയുണ്ടായി. 11-4-2018-ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിലും ആയതിന് ശേഷം പുറപ്പെടുവിച്ച വിവിധ കേസുകളിലെ വിധിന്യായങ്ങളുടെയും പശ്ചാത്തലത്തിൽ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 6-6-2019-ൽ സ.ഉ.(കൈ)172/19/റവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ച് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് സ്വീകരിക്കേണ്ടത്.

**നദീതീരങ്ങളിലെ കയ്യേറ്റം**

222 (3066) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നദീതീരങ്ങളിലെ കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് നദീതീരങ്ങളിലെ കയ്യേറ്റം കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ; അവ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നദീതീരങ്ങളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരവും 1958-ലെ ചട്ടപ്രകാരവും 2009-ലെ ഭേദഗതി നിയമപ്രകാരവും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വേയറുടെ സഹായത്തോടെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും അനധികൃത കയ്യേറ്റം കണ്ടെത്തുന്ന പക്ഷം ടി നിയമപ്രകാരം കയ്യേറ്റ കക്ഷികളെ നിയമാനുസൃതം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു. മുനിസിപ്പാലിറ്റി/പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 15 പ്രകാരം ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/പഞ്ചായത്ത് സെക്രട്ടറിക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കയ്യേറ്റ ഭൂമിയുടെ മഹസ്സർ, സ്കെച്ച് സഹിതം കൈമാറി വരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ ത്വരിത നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ച് അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. അതോടൊപ്പം, ഗവൺമെന്റ് ഭൂമിയിലെ കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിനായി ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി, ഇതിൽ അനധികൃത കയ്യേറ്റം ഉള്ള ഭൂമി, ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി, വിട്ടൊഴിഞ്ഞ ഭൂമി തുടങ്ങിയ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുള്ളതും അത്തരത്തിലുള്ള വിവരശേഖരണം നടന്നുവരുന്നതുമാണ്.

(ബി) തിരുവനന്തപുരം ജില്ലയിൽ കരമനയാർ-കിള്ളിയാർ, നെയ്യാർ നദീതീരങ്ങളിലായി 133 അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതും ആയത് ഒഴിപ്പിക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും 2009-ലെ ഭേദഗതി നിയമപ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**സർക്കാർ ഭൂമി കയ്യേറ്റം**

223 (3067) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർഭൂമി കയ്യേറ്റം ഓരോ ജില്ലയിലും എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ജില്ലയിലും തിരിച്ചുപിടിച്ച ഭൂമി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) കയ്യേറ്റക്കാരുടെ കൈവശം ഇനിയും ബാക്കിയുള്ള ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇതിൽ കോടതി വ്യവഹാരങ്ങളാൽ നടപടികളിൽ കാലതാമസം നേരിടുന്നവ ഏതെല്ലാമാണ്?

ഉത്തരം

(എ) സംസ്ഥാനത്ത് തിട്ടപ്പെടുത്തിയിട്ടുള്ള സർക്കാർ ഭൂമി കയ്യേറ്റങ്ങളുടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയ്യേറ്റം ഒഴിപ്പിച്ച് തിരിച്ചുപിടിച്ച ഭൂമിയുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ പട്ടികയായി ചേർത്തിരിക്കുന്നു:

| ജില്ല | കയ്യേറ്റം നിലവിലുള്ള സർക്കാർ ഭൂമി (ഹെക്ടറിൽ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമി (ഹെക്ടറിൽ) |
|---|---|---|
| തിരുവനന്തപുരം | 85.4052 | 4.7798 |
| കൊല്ലം | 29.7703 | 2.9117 |
| പത്തനംതിട്ട | 14.2811 | 3.1142 |
| ആലപ്പുഴ | 24.6300 | 5.1546 |
| കോട്ടയം | 13.9006 | 1.3457 |
| ഇടുക്കി | 343.2489 | 179.6952 |
| എറണാകുളം | 16.5254 | 5.9259 |
| തൃശ്ശൂർ | 39.6138 | 6.3055 |
| പാലക്കാട് | 23.9122 | 4.6060 |
| മലപ്പുറം | 7.0448 | 3.0831 |
| കോഴിക്കോട് | 22.6872 | 0.4215 |
| വയനാട് | 44.8030 | 1.6381 |
| കണ്ണൂർ | 5.3455 | 0.0664 |
| കാസർഗോഡ് | 17.9625 | 2.3860 |
| ആകെ | 689.1305 | 221.4337 |

(ബി) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങൾ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീമുകൾ സ്ഥല പരിശോധന ഉൾപ്പെടെ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ജി.ഒ.(ആർ.റ്റി.)നമ്പർ 3778/18/റവ. തീയതി 10-9-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത കയ്യേറ്റങ്ങളിൽ നിലവിലുള്ള കോടതി കേസുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 195 |
| 2 | കൊല്ലം | 65 |
| 3 | പത്തനംതിട്ട | 93 |
| 4 | ആലപ്പുഴ | 12 |
| 5 | കോട്ടയം | 14 |
| 6 | ഇടുക്കി | 43 |
| 7 | എറണാകുളം | 39 |
| 8 | തൃശ്ശൂർ | 22 |
| 9 | പാലക്കാട് | 59 |
| 10 | മലപ്പുറം | 15 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 04 |
| 13 | കണ്ണൂർ | 06 |
| 14 | കാസർഗോഡ് | 02 |
| | ആകെ | 585 |

## കുന്നത്തുനാട്ടിലെ ഭൂമി തരം മാറ്റുവാൻ പുറപ്പെടുവിച്ച ഉത്തരവ്

224 (3068) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുന്നത്തുനാട്ടിലെ 15 ഏക്കർ ഭൂമി തരംമാറ്റുവാൻ ജില്ലാ കളക്ടർ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ ഈ വിഷയത്തിൽ സ്വീകരിച്ച നിലപാടുകൾ അറിയിക്കുമോ?

ഉത്തരം

(എ) ജില്ലാ കളക്ടർ തരം മാറ്റുന്നതിന് അനുമതി നൽകിയിട്ടില്ല. കുന്നത്തുനാട്ടിൽ Speaks Properties Ltd എന്ന സ്ഥാപനത്തിന് ഉണ്ടായിരുന്ന 15 ഏക്കറോളം ഭൂമി 2015-ൽ മണ്ണിട്ട് നികത്തിയതിനെത്തുടർന്ന് പ്രസ്തുത ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും 31-1-2019-ലെ സ.ഉ.(സാധാ) 337/19/റവ. നമ്പർ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 8-5-2019-ലെ സ.ഉ(സാധാ)1090/19/റവ. നമ്പർ പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി.

(ബി&സി) ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ Speaks Properties Ltd സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി പരിശോധിക്കുകയും രേഖകൾ പരിശോധിക്കുകയും ഹിയറിംഗ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചത്. പിന്നീട് ഈ ഉത്തരവ് മരവിപ്പിക്കുകയും വിശദ പരിശോധനയ്ക്കായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടുകയും ചെയ്തു.

## കോങ്ങാട് മണ്ഡലത്തിലെ റവന്യൂ ഭൂമി

225 (3069) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പൊതുആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയുന്ന റവന്യൂ ഭൂമി സംബന്ധിച്ച വിവരങ്ങൾ വില്ലേജ് തിരിച്ച് നൽകുമോ;

(ബി) ഓരോ വില്ലേജിലുമായിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണവും സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളും നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കോങ്ങാട് മണ്ഡലത്തിൽ പൊതുആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയുന്ന റവന്യൂ ഭൂമി നിലവിലില്ല.

**പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി**

226 (3070) <u>ശ്രീ. ബി. ഡി. ദേവസ്സി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് വകുപ്പുകൾക്ക് കീഴിലുള്ളതും അവയുടെ വികസനത്തിന് ആവശ്യമില്ലാത്തതുമായ പുറമ്പോക്കുകളിൽ താമസിച്ചുവരുന്നവർക്ക് എൻ.ഒ.സി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംയുക്ത പരിശോധന നടത്തി അനുമതി ലഭിച്ചിട്ടുള്ളതും വനം വകുപ്പിന് കീഴിലടക്കമുള്ളതുമായ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) പുളിയിലപ്പാറയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകളുടെ കീഴിൽ വരുന്ന പുറമ്പോക്ക് ഭൂമികളിൽ വീട് വച്ച് താമസിച്ചുവരുന്ന അർഹരായ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന നടപടികളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനായി ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചശേഷം ഓരോ ഭൂമിയും ഏത് തരം പുറമ്പോക്ക് ആണെന്ന് വ്യക്തത വരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിട്ടുള്ള ജലസ്രോതസ്സുകളിൽപ്പെട്ട പുറമ്പോക്ക് ഭൂമികൾ, നഗരസഭാപരിധിയിൽ വരുന്ന കന്നുകാലിമേച്ചിൽ പുറമ്പോക്ക്, ശ്മശാനം, വണ്ടിത്താവളം എന്നീ ഭൂമികളും ഒഴിവാക്കിക്കൊണ്ടുള്ള പട്ടിക സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യപ്പെട്ടതിനെത്തുടർന്ന് ആയത് സമർപ്പിക്കുവാൻ അതാത് തഹസിൽദാർമാരോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്ന ഭൂമികൾക്ക് എൻ.ഒ.സി. ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) 1-1-1977-നുമുമ്പ് കയ്യേറിയ വനഭൂമി സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭ്യമായ 7375 അപേക്ഷകളിൽ 4145 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ബാക്കി വരുന്ന അപേക്ഷകളിൽ, മരവില നിശ്ചയിച്ച് അടവാക്കാത്തത്, അവശ്യരേഖകൾ ഹാജരാക്കാത്തത്, സംയുക്ത പരിശോധന റിപ്പോർട്ട് ഇല്ലാത്തത്, കോടതി വ്യവഹാരത്തിലുള്ളത്, സർവ്വേ നമ്പർ വ്യത്യാസമുള്ളത് എന്നിവയിൽ തടസ്സങ്ങൾ ഒഴിവാക്കി പട്ടയം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തൃശ്ശൂർ ജില്ല, ചാലക്കുടി താലൂക്ക് പുളിയിലപ്പാറ പ്രദേശത്തെ പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിക്കായി നൽകിയ വനഭൂമി കയ്യേറിയവരിൽ 32 പേരാണ് 1-1-1977-നുമുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്നത്. അതിൽത്തന്നെ 4 പേർക്ക് കെ.എസ്.ഇ.ബി. നഷ്ടപരിഹാരം നൽകി മാറ്റിപ്പാർപ്പിച്ചിട്ടുള്ളതുമാണ്. ബാക്കി വരുന്ന 28 കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**പട്ടയം അനുവദിക്കുന്നതിന് നടപടി**

227 (3071) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെമ്പ്രകാനം പ്രദേശങ്ങളിൽ മിച്ചഭൂമി കൈമാറി വാങ്ങിയവർക്ക് പട്ടയം അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ പ്രദേശത്ത് ഇനിയും എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പതിച്ചുനൽകിയ മിച്ചഭൂമി കൈമാറി വാങ്ങിയവർക്ക് വീണ്ടും പട്ടയം അനുവദിക്കാൻ നിയമപരമായി സാധ്യമല്ല. ആയതിനാൽ തൃക്കരിപ്പൂർ ചെമ്പ്രകാനം തിമിരി വില്ലേജിലെ റീ സർവ്വേ 59/1 എ-യിൽപ്പെട്ട പ്രദേശങ്ങളിലെ പതിച്ചുനൽകിയ മിച്ചഭൂമി കൈമാറി വാങ്ങിയവരുടെ അപേക്ഷകളിന്മേൽ അകാല കൈമാറ്റം സാധൂകരിച്ച് ഉത്തരവാണ് നൽകുന്നത്.

നാളിതുവരെ ലഭിച്ച 73 അപേക്ഷകളിൽ (69 അകാല കൈമാറ്റത്തിന്റെയും 4 വിൽപ്പന അനുമതിക്കും) 40 അപേക്ഷകൾ സാധൂകരിച്ച് നൽകിയിട്ടുള്ളതും ശേഷിക്കുന്നവ പരിശോധിച്ചുവരികയുമാണ്.

(ബി) കൈമാറ്റ സാധൂകരണ കേസ്സുകളിൽ പട്ടയം അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ കൈമാറ്റം സാധൂകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനായുള്ള 33 അപേക്ഷകൾ പരിശോധിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ പട്ടയ വിതരണം

228 (3072) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പട്ടയത്തിനായുള്ള എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ പട്ടയം നല്കിയിട്ടുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും പട്ടയം ലഭ്യമാക്കുവാനുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഇനിയും പട്ടയം ലഭിച്ചിട്ടില്ലാത്ത അപേക്ഷകർക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) റവന്യൂ ഭൂമി പതിവിനായി 860 അപേക്ഷകൾ കോതമംഗലം താലൂക്കിൽ ലഭ്യമായിട്ടുള്ളതാണ്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1. കവളങ്ങാട് - 192
2. വാരപ്പെട്ടി - 28
3. പല്ലാരിമംഗലം - 25
4. നെല്ലിക്കുഴി - 66
5. കീരംപാറ - 105
6. പിണ്ടിമന - 2
7. കുട്ടമ്പുഴ - 166
8. കോട്ടപ്പടി - 69
9. കടവൂര് - 42
10. പോത്താനിക്കാട് - 17
11. കോതമംഗലം മുനിസിപ്പാലിറ്റി - 148

(ബി) 159 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. കവളങ്ങാട് - 51
2. വാരപ്പെട്ടി - 2
3. പല്ലാരിമംഗലം - 6
4. നെല്ലിക്കുഴി - 19
5. പിണ്ടിമന - 3
6. കോട്ടപ്പടി - 2
7. കീരംപാറ - 48
8. കോതമംഗലം മുനിസിപ്പാലിറ്റി - 14
9. കുട്ടമ്പുഴ - 14

(സി & ഡി) 27-7-2011-ലെ G.O.(Ms)No.280/11/RD ഉത്തരവ് പ്രകാരം താമസ ആവശ്യത്തിനുള്ള ഭൂമി മാത്രം പതിച്ചുനൽകിയാൽ മതിയെന്നുള്ള നിർദ്ദേശപ്രകാരം 15 സെന്റ് വരെയുള്ള ഭൂമിയുടെ പതിവ് നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. PWD റോഡിനോടും വനത്തിനോടും ചേർന്നുള്ള വസ്തുക്കൾ പതിച്ചുനൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ എൻ.ഒ.സി. ആവശ്യമുള്ളതാണ്. PWD-യിൽ നിന്ന് NOC ലഭിക്കാതെ റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ചുനൽകുന്നതിന് സാധ്യമല്ല.

**പട്ടയത്തിനുള്ള അപേക്ഷ**

229 (3073) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ വില്ലേജിലെ ചെക്കാലക്കോണം, ചരുവിള വീട്ടിൽ സുകുമാരൻ - സുധ ദമ്പതികളുടെ പട്ടയത്തിനുള്ള അപേക്ഷ ലഭ്യമായിട്ടുണ്ടോ;

(ബി) നിർധന പട്ടികജാതി കുടുംബാംഗങ്ങളായ ഇവർ 380/25,380/26 എന്നീ സർവ്വേ നമ്പരിലുള്ള വസ്തുക്കൾക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ട് 11-8-2015-ൽ സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമായിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) അപേക്ഷ ലഭ്യമായിരുന്നതിൻ പ്രകാരം ഭൂമി പതിച്ചു നൽകുന്നതിനായുള്ള 12(1) നോട്ടീസ് നഗരൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തിയും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉൾപ്പെടെ അറിയിക്കുവാൻ പഞ്ചായത്ത് സെക്രട്ടറിക്ക് 29-5-2018-ന് കത്ത് നൽകിയിരുന്നതാണ്. മറുപടി ലഭിക്കാത്തതിനാൽ 7-9-2018-ൽ ഒരു ഓർമ്മക്കുറിപ്പും നഗരൂർ പഞ്ചായത്തിന് നൽകിയിരുന്നു. എന്നാൽ പഞ്ചായത്തിൽനിന്നും മറുപടി നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണ്.

**വേനൽമഴയിലെ കുറവ്**

230 (3074) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം വേനൽ മഴയിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര ശതമാനം കുറവാണ് രേഖപ്പെടുത്തിയത്;

(ബി) വേനൽ മഴയിലുണ്ടായ കുറവ് സംസ്ഥാനത്തെ കാർഷിക മേഖലയെ എപ്രകാരമാണ് ബാധിച്ചത്;

(സി) പ്രളയത്തിന് പിന്നാലെ വന്ന കൊടും വേനൽ മലയോരമേഖലയിൽ വൻകൃഷിനാശം ഉണ്ടാക്കിയ പ്രതിസന്ധിയിൽ ബുദ്ധിമുട്ടുന്ന കർഷകർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 55% കുറവ്.

(ബി) വേനൽ മഴയിലുണ്ടായ കുറവ് സംസ്ഥാനത്തെ കാർഷിക മേഖലയെ ബാധിച്ചിട്ടില്ല.

(സി) പ്രളയത്തിന് പിന്നാലെ വന്ന കൊടുംവേനലിൽ സംസ്ഥാനമാകെ 8200 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുണ്ട്. മലയോര മേഖലയിലെ കർഷകർക്ക് സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ദുരന്ത നിവാരാണത്തിന് പരിശീലനം

231 (3075) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി പുതിയ പ്രോട്ടോക്കോളും സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രോസീജ്യറും ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ദുരന്തം ഉണ്ടാകുന്ന സാഹചര്യത്തിൽ അത് കൈകാര്യം ചെയ്യുന്നതിന് വിവിധ വകുപ്പുകൾക്ക് ഉള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഓഖി ദുരന്തവും പ്രളയവും നൽകിയ അനുഭവപാഠങ്ങളിൽ നിന്നും ഭാവിയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ അതിനെ നേരിടുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും സംസ്ഥാനത്ത് Incident Response System-വും താലൂക്ക് തലം വരെ 9-5-2019-ലെ സ.ഉ.(സാധാ)നമ്പർ 280/19/ഡി.എം.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണം എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. 8 അദ്ധ്യായങ്ങളുള്ള കൈപ്പുസ്തകം മുൻ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗനിർദ്ദേശ രൂപരേഖയാണ്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥ സംരംഭങ്ങളുടെയും 2019-ലെ മൺസൂൺ പ്രവചനത്തിന്റെ വിശകലനത്തോടെ ആരംഭിക്കുന്ന കൈപ്പുസതകം, വിവിധ കാലാവസ്ഥാ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊള്ളേണ്ട നടപടികളും വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളെയും മഴക്കാലത്ത് സംസ്ഥാനത്ത് ഉണ്ടാകുവാൻ സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഡി.ഇ.ഒ.സി.-കൾ, കേന്ദ്ര ഏജൻസികൾ, രക്ഷാ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

(ബി) ഉണ്ട്.

(സി) അതത് മേഖലയിലെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാനുള്ള പ്രാഗത്ഭ്യം അതത് വകുപ്പുകളിൽത്തന്നെ ഉണ്ടാക്കേണ്ടതുണ്ട്. ഈ ആവശ്യത്തിനായി വകുപ്പുതല ദുരന്ത നിവാരണ പദ്ധതികളും ആവശ്യമാണ്. ദുരന്ത നിവാരണ നിയമം പരിഗണിച്ചും ഐ.ടി. വകുപ്പിന്റെ വിജയകരമായ അനുഭവത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ടും സംസ്ഥാനത്ത് 26 വകുപ്പുകളിൽ ദുരന്ത നിവാരണത്തിനായി ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി (വെർച്ച്വൽ കേഡർ) സംവിധാനം രൂപീകരിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ പദ്ധതി നിഷ്കർഷിക്കുന്നു. ദുരന്ത നിവാരണം എന്നത് ഒരു ബഹുസ്വഭാവ വിഷയം ആയതിനാൽ ദുരന്ത നിവാരണം മുഖ്യധാരാവൽക്കരിക്കുന്നതിന് ഇത്തരത്തിൽ എല്ലാ വകുപ്പുകളിലും ശാക്തീകരണം ആവശ്യമാണ്. അവരവരുടെ വകുപ്പിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ഇവരിലൂടെ നിർവ്വഹിക്കുവാൻ സാധിക്കും. വെർച്ച്വൽ കേഡർ സംവിധാനത്തിലൂടെയാണ് സംസ്ഥാന, ജില്ലാ അതോറിറ്റികൾ ദീർഘകാലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ പ്രവർത്തനം മുഖ്യധാരാവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്.

26 വകുപ്പിലും 15 പേരടങ്ങുന്ന ഒരു വെർച്ച്വൽ കേഡർ രൂപീകരിക്കുവാൻ 25-11-2017 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 56/2017/ഡി.എം.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 20 വർഷമെങ്കിലും സർവ്വീസ് ബാക്കിയുള്ള ഉദ്യോഗസ്ഥരിൽനിന്നും സമ്പൂർണ്ണമായി സന്നദ്ധതയുടെ അടിസ്ഥാനത്തിൽ മാത്രം മുന്നോട്ടുവരുന്നവരെയാണ് ഈ കേഡറിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത കേഡറിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിപുലമായ വിദഗ്ദ്ധ പരിശീലനം നൽകുവാനും ആരംഭിച്ചിട്ടുണ്ട്.

ലാന്റ് റവന്യൂ വകുപ്പിലെ വേർച്ച്വൽ കേഡർ ഉദ്യോഗസ്ഥർക്കായി ദേശീയ അടിയന്തിരഘട്ട പരിപാലന വിവരശേഖരണ സംവിധാനം സംബന്ധിച്ച പരിശീലനം 14-12-2018-ന് നടത്തി. തുടർന്ന് ഈ ഉദ്യോഗസ്ഥരെ ദേശീയ പരിശീലനങ്ങൾക്കും അയയ്ക്കുവാൻ ആരംഭിച്ചു. 2018-19-ൽ 8 വകുപ്പുകളിൽ (Irrigation-Minor, Agriculture, Kerala Water Authority, Land Revenue, Animal Husbandry, Health, KSEB, Fisheries) ദുരന്ത നിവാരണ വേർച്ച്വൽ കേഡർ രൂപീകരിച്ച് പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി പരിശീലന ആവശ്യകതാ പഠനം ആരംഭിച്ചിട്ടുണ്ട്. വകുപ്പുതല പരിശീലന പുസ്തകം, പരിശീലന കലണ്ടർ എന്നിവ ഉണ്ടാക്കുകയും ചെയ്യും. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 8 വകുപ്പുകളുടെ 2 യോഗം ഏപ്രിൽ, മേയ് മാസത്തിൽ നടത്തി.

## കഠിനമായ വേനൽച്ചൂട്

232 (3076) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തകാലത്തൊന്നും ഈ വർഷം നേരിട്ട അത്രയും കഠിനമായ വേനൽച്ചൂട് നേരിടേണ്ടി വന്നിട്ടില്ലാ എന്നത് വസ്തുതയല്ലേ;

(ബി) ഈ വർഷം സൂര്യതാപംമൂലം എത്രപേർ മരിച്ചു ;എത്ര പേർ ചികിത്സ തേടി; ഏതൊക്കെ ജില്ലകളിലാണ് ഈ വർഷം സൂര്യതാപം ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം കഠിനമായ ചൂട് നേരിടേണ്ടിവന്നു എന്നത് വസ്തുതയാണ്.

(ബി) സംസ്ഥാനത്തെ 14 ജില്ലകളിൽ ഈ വർഷം സൂര്യതാപംമൂലം ചികിത്സ തേടിയവരുടെയും മരിച്ചവരുടെയും കണക്ക് സംബന്ധിച്ച് പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കാലാവസ്ഥാ മുന്നറിയിപ്പ്

233 (3077) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോനി കൊടുങ്കാറ്റ് ഒറീസ്സയിൽ ആഞ്ഞടിച്ച് വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തിയിട്ടും മനുഷ്യജീവന് കാര്യമായ നഷ്ടം സംഭവിക്കാതിരുന്നത് കൃത്യമായ കാലാവസ്ഥ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സർക്കാർ സുരക്ഷ നടപടികൾ കൈക്കൊണ്ടത് കൊണ്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഓഖിയും പ്രളയവും ഉണ്ടായപ്പോൾ ഒറീസ്സക്ക് നൽകിയത് പോലുള്ള മുന്നറിയിപ്പുകൾ കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടും നൂറുകണക്കിന് ജീവൻ നഷ്ടമാകുവാൻ ഇടയാക്കിയത് സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനങ്ങൾ അതിന് അനുസൃതമായി സജ്ജമാകാതിരുന്നതുമൂലമാണോ എന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫോനി ചുഴലിക്കാറ്റ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നിരീക്ഷിക്കുവാനും മുന്നറിയിപ്പ് നൽകുവാനും ആരംഭിച്ചത് ഏപ്രിൽ 26 മുതലാണ്. മേൽ ചുഴലിക്കാറ്റ് ഒറീസ്സ തീരത്ത് എത്തിയത് മെയ് 3-ാം തീയതിയാണ്. ഫോനി ചുഴലിക്കാറ്റ് ചുഴലിക്കാറ്റായി മാറിയത് 27-5-2019, 11.30 മണി മുതലാണ്. 28-5-2019, ഉച്ചയ്ക്ക് 2 മണി മുതൽ ഈ ചുഴലിക്കാറ്റ് ഒറീസ്സ തീരത്ത് എത്തും എന്ന പ്രവചനം ഒറീസ്സ സർക്കാരിന് ലഭിച്ചു. ഇത്തരത്തിൽ, 5 ദിവസം മുമ്പ് ഒരു മുന്നറിയിപ്പും കേരള സർക്കാരിന് ഓഖിയിൽ ലഭിച്ചില്ല. സംസ്ഥാന സർക്കാരിന്റെ അധികാരമുള്ള കടൽ മേഖലയിൽനിന്നും വളരെ അകലെ ചുഴലിക്കാറ്റായി മാറിയശേഷം മാത്രം, നവംബർ 30-ാം തീയതിയാണ് കേരളത്തിന് ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകുന്നത്.

" 211th Report of the Parliamentary Standing Committee on Home Affairs on the Cyclone Ockhi-its impact on fishermen and damage caused by it" -ന്റെ പാരഗ്രാഫ് 2.2.2-ൽ മുന്നറിയിപ്പ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് കൃത്യമായി നൽകിയില്ല എന്ന് വ്യക്തമായി പ്രതിപാദിക്കുന്നു - " The committee observes that the advisory issued on 29th November did not clearly predict a cyclonic storm. Officially, a cyclone specific advisory was issued only on 30th November, the very date of the arrival of Cyclone Ockhi but by then many fishermen would have already ventured out to sea. This was a clear departure from the Standard Operating Procedure wherein the first cyclone specific advisory, the pre-cyclone watch, is issued three days prior to the landfall of the cyclone."

കേന്ദ്ര കാലാവസ്ഥാ വകുപ്പാണ് ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പിനും പ്രഖ്യാപനത്തിനും കേന്ദ്ര ദുരന്തനിവാരണ നിയമം, 2005 അനുസരിച്ചുള്ള നോഡൽ വകുപ്പ്. കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെയും (NDMA Guidelines-Management of Cyclones, 2008), കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും (Cyclone Warning in India-Standard Operation Procedure, 2013)ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള ഒരു മുന്നറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല.

മേൽ മാനദണ്ഡപ്രകാരം ഒരു ചുഴലിക്കാറ്റിന് മുൻപായി നാല് തലത്തിലുള്ള മുന്നറിയിപ്പ് നൽകേണ്ടതാണ്. ആദ്യ ഘട്ടം 72 മണിക്കൂറിന് മുൻപായി Pre-Cyclone Watch എന്ന അറിയിപ്പ് ലഭിക്കേണ്ടതാണ്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ട് എന്ന് സംസ്ഥാനങ്ങളെ അറിയിക്കണം. ഇത്തരം ഒരു അറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചില്ല.

തുടർന്ന് രണ്ടാം ഘട്ടമായി 48 മണിക്കൂറിന് മുൻപായി Cyclone Alert എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ട് എന്നും ബാധിക്കുവാൻ സാധ്യതയുള്ള ജില്ലകൾ ഏതെന്നും ദുരന്ത നിവാരണ അതോറിറ്റി, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കുള്ള നിർദ്ദേശവും സംസ്ഥാനങ്ങളെ അറിയിക്കണം.

മൂന്നാം ഘട്ടമായി 24 മണിക്കൂറിന് മുൻപായി Cyclone Warning എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ തീരത്ത് എത്ര മണി മുതൽ കാലാവസ്ഥ മോശമായി മാറുവാൻ സാധ്യതയുണ്ട് എന്നും ചുഴലിക്കാറ്റിന്റെ തീവ്രത എന്താകും എന്നും ബാധിക്കുവാൻ സാധ്യതയുള്ള ജില്ലകൾ ഏതെന്നും ദുരന്ത നിവാരണ അതോറിറ്റി, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കുള്ള നിർദ്ദേശവും സംസ്ഥാനങ്ങളെ അറിയിക്കണം. ഈ അറിയിപ്പ് എല്ലാ മൂന്ന് മണിക്കൂറും സംസ്ഥാനങ്ങൾക്ക് നൽകണം. ഇത്തരം ഒരു അറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചില്ല.

നാലാം ഘട്ടമായി 12 മണിക്കൂറിന് മുൻപായി Post Landfall Outlook എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റ് കരയിൽ എത്തുവാൻ സാധ്യതയുള്ള സ്ഥലം, ദിശ എന്നിവ ഉണ്ടാകണം.

കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2013-ലെ ചുഴലിക്കറ്റ് Standard Operating Procedure Page 9, Table 1.2 പ്രകാരം Depression എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ ശിപാർശ ചെയ്യുന്നില്ല. Deep Depression എന്ന സ്ഥിതിയിൽ 'മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണം (Fishermen Advised not to venture into sea) എന്നുള്ള ഉപദേശം നൽകണം' എന്ന അറിയിപ്പ് നൽകുക മാത്രമാണ് ശിപാർശ. Cyclonic Storm എന്ന നിലയിൽ മാത്രമാണ് 'മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം (Total suspension of fishing)' എന്ന നിർദ്ദേശമുള്ളത്. എന്നാൽ ഇത്തരത്തിൽ 'മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' എന്ന നിർദ്ദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും ഒരു സാഹചര്യത്തിലും കേരളത്തിന് ലഭിച്ചിട്ടില്ല. കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെയും (NDMA Guidelines- Management of Cyclones, 2008), കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും (Cyclone Warning in India - Standard Operation Procedure, 2013) ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള Pre-Cyclone Watch, Cyclone Alert (Yellow Alert) എന്നിവ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

29-11-2017 മുതൽ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ബുള്ളറ്റിനുകൾ സർക്കാരിന് ലഭിച്ചതായി കാണുന്നു. ദുരന്ത സാഹചര്യമായി വിലയിരുത്താവുന്നതൊന്നും ഈ ബുള്ളറ്റിനുകളിൽ 30-11-2017 വരെ ഇല്ലായിരുന്നു എന്ന് പരിശോധിച്ചാൽ വ്യക്തമാകും. സ്ഥിരമായി ലഭിക്കുന്ന ശക്തമായ മഴ, കാറ്റ്, കടൽ പ്രക്ഷുബ്ധം, മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണം എന്ന് ഉപദേശിക്കണം എന്നീ വിവരങ്ങൾ മാത്രമാണ് ലഭിച്ചത്.

## ആലത്തൂരിൽ മഹാപ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം

234 (3078) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ മഹാപ്രളയത്തിൽ വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവരും സമയത്ത് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തതുമായവർ പാലക്കാട് കളക്ടർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അർഹരായ മുഴുവൻ പേർക്കും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വൈകി സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് പ്രത്യേക അനുമതിയും നിർദ്ദേശവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2019 ജനുവരി 31 വരെയുള്ള അപേക്ഷകൾ പരിഗണിക്കുന്നുണ്ട്. അതിനുശേഷം ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ദുരന്തനിവാരണ മാർഗ്ഗരേഖ

235 (3079) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുള്ള പുതിയ മാർഗ്ഗരേഖയുടെ കരട് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ഫോനി ചുഴലി കൊടുങ്കാറ്റിനെ ഒഡീഷ സർക്കാർ ഫലപ്രദമായി പ്രതിരോധിച്ച അനുഭവം കൂടി ഉൾപ്പെടുത്തി പ്രസ്തുത മാർഗ്ഗരേഖയുടെ അന്തിമ രേഖ തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫോനി ചുഴലിക്കാറ്റിൽ ഒറീസ്സ സ്വീകരിച്ചത് ചുഴലിക്കാറ്റിന്റെ അടിയന്തിരഘട്ട പ്രതികരണ പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലുള്ള നടപടികളാണ്. മേൽ രൂപരേഖയിൽ പ്രതിപാദിക്കുന്ന സമയക്രമത്തിൽ ഒറീസ്സയിൽ ലഭിച്ചതുപോലെ 72 മണിക്കൂർ മുൻപ് മുന്നറിയിപ്പുകൾ ലഭിച്ചാൽ അത്തരം ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുന്നതിന് ഉതകുന്ന സംവിധാനങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഒറീസ്സയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സ്ഥാപിച്ചിട്ടുള്ളതുപോലെ തീരത്ത് ചുഴലിക്കാറ്റ് മുന്നറിയിപ്പ് സംവിധാനങ്ങൾ (Cyclone Warning Dissemination System) കേരളത്തിലും സ്ഥാപിക്കണം എന്ന് സർക്കാർ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് അവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ തിരുവനന്തപുരത്ത് ചെന്നൈ ചുഴലിക്കാറ്റ് പ്രവചന സെന്ററിന്റെ ഒരു ഉപകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. മേൽ കേന്ദ്രം ഒരു പൂർണ്ണ ചുഴലിക്കാറ്റ് പ്രവചന സെന്റർ ആക്കണമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചുഴലിക്കാറ്റ് പ്രവചന- മുന്നറിയിപ്പ് സംവിധാനങ്ങൾ കാര്യക്ഷമം ആയാൽ മാത്രമേ ഇത്തരം ദുരന്തങ്ങളിൽ മുൻകൂട്ടി നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽനിന്നും ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

236 (3080) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 എന്നീ വർഷങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ള ആകെ തുക എത്രയെന്ന് യഥാക്രമം വ്യക്തമാക്കുമോ ;

(ബി) ടി വർഷങ്ങളിൽ യഥാക്രമം ഓരോ ജില്ലയ്ക്കും ഭരണാനുമതി നൽകിയ തുക എത്രവീതം എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ വീതം ഓരോ ജില്ലയിലും നടപ്പിലാക്കുവാൻ കഴിഞ്ഞുവെന്നും വിനിയോഗിക്കപ്പെട്ട തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ നിർവ്വഹണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് തടസ്സം എന്നും വിശദമാക്കുമോ ;

(ഇ) ഇപ്രകാരമുള്ള തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസനിധി എന്നൊരു നിധി നിലവിലില്ല. 2017-18, 2018-19 വർഷ കാലയളവുകളിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും സംസ്ഥാനമൊട്ടാകെ പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി യഥാക്രമം 61,90,28,760 (അറുപത്തിയൊന്ന് കോടി തൊണ്ണൂറ് ലക്ഷത്തി ഇരുപത്തെണ്ണായിരത്തി എഴുന്നൂറ്റി അറുപത് രൂപ മാത്രം) രൂപയുടെയും 111,73,53,000 (നൂറ്റി പതിനൊന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി അമ്പത്തി മൂവായിരം രൂപ മാത്രം) രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിവരം അനുബന്ധം ആയി ചേർക്കുന്നു*.

(സി) 2017-18, 2018-19 വർഷ കാലയളവുകളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽനിന്നും പൂർത്തീകരിച്ച പ്രവൃത്തികളുടെയും ചെലവഴിച്ച തുകയുടെയും വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു*

(ഡി&ഇ) സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും വെള്ളപ്പൊക്കം ഉൾപ്പെടെയുള്ള അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര പുനഃസ്ഥാപനം/പുനരുദ്ധാരണം (immediate restoration of roads to restore traffic) മാത്രമാണ് അനുവദനീയമായിട്ടുള്ളത്. അപ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടുള്ള അടിയന്തര പുനരുദ്ധാരണ പ്രവൃത്തികളുടെ നിർമ്മാണത്തിന് മറ്റ് തടസ്സങ്ങളൊന്നും തന്നെയില്ല. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്ക് ഉപരിയായ പ്രവൃത്തികൾ സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ച് നിർവ്വഹിക്കുന്നതിന് കേന്ദ്ര മാനദണ്ഡപ്രകാരം നിലവിൽ അനുമതിയില്ല. പുതിയ ടാറിംഗ്, പുതിയ കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തിയുടെ നിർമ്മാണം, ഓടകളുടെ നിർമ്മാണം, കവറിംഗ് സ്ലാബുകളുടെ നിർമ്മാണം പോലെയുള്ള പുതിയ നിർമ്മാണപ്രവൃത്തികൾക്ക് കേന്ദ്ര മാനദണ്ഡപ്രകാരം അനുമതി നൽകാനാകില്ല. കൂടാതെ പ്രസ്തുത മാനദണ്ഡപ്രകാരം ഗ്രാമീണ റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിൽ ഒരു കിലോമീറ്ററിന് 60,000 രൂപയും (അറുപതിനായിരം രൂപ മാത്രം) മേജർ റോഡുകളുടെ പുനരുദ്ധാരണത്തിന് ഒരു കിലോമീറ്ററിന് 1,00,000 രൂപയും (ഒരു ലക്ഷം രൂപ മാത്രം) മാത്രമാണ് അനുവദനീയം.

2018 ഏപ്രിൽ 1 മുതൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ഭരണാനുമതി നൽകിവരുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണത്തിനായി പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഒന്നര

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷമായി നിജപ്പെടുത്തുകയും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഭരണാനുമതി അനുവദിച്ചുകിട്ടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം ഭരണാനുമതി തീയതി മുതൽ 6 മാസത്തിനുള്ളിൽ കരാർ വച്ച് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കണമെന്നും അല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുമതി നൽകുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര മാനദണ്ഡങ്ങളിൽ സംസ്ഥാനത്തിന് ഇളവുകൾ അനുവദിക്കുന്നതിനായി കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

## മഴക്കാല ദുരന്ത പ്രതിരോധ മാർഗ്ഗരേഖ

237 (3081) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങളിലെ പോരായ്മകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ അതോറിറ്റി മഴക്കാല ദുരന്തപ്രതിരോധ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത മാർഗ്ഗരേഖയിലെ പ്രധാന നിബന്ധനകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പുരോഗതി ഉണ്ടാകുന്നത് മുൻ അനുഭവങ്ങളിൽനിന്നും കൃത്യമായ പാഠം ഉൾക്കൊണ്ടുകൊണ്ട്, തിരുത്തൽ നടപടികൾ ഉൾപ്പെടുത്തി പുതിയ നടപടിക്രമങ്ങൾ രൂപപ്പെടുത്തി മുന്നോട്ട് പോകുന്നതിലൂടെയാണ്. ഓഖി, 2016-17-ലെ വരൾച്ച, പ്രളയം എന്നിവയിൽ നിന്നുള്ള പാഠങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി വിലയിരുത്തുകയും നടപടിക്രമങ്ങൾ പുനരാവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ സമയബന്ധിതമായും കാര്യക്ഷമമായും പ്രളയ രക്ഷാപ്രവർത്തനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടെയും മറ്റും കൂട്ടായ യത്നത്തിൽ ഫലപ്രദമായി നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും സംസ്ഥാനത്ത് Incident Response System-വും താലൂക്ക് തലം വരെ GO(Rt)No.280/2019/DMD dated 9-5-2019 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണം എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. 8 അദ്ധ്യായങ്ങളുള്ള കൈപ്പുസ്തകം മുൻ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗനിർദ്ദേശ രൂപരേഖയാണ്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥാ സംരംഭങ്ങളുടെയും 2019-ലെ മൺസൂൺ പ്രവചനത്തിന്റെ വിശകലനത്തോടെ ആരംഭിക്കുന്ന കൈപ്പുസ്തകം, വിവിധ കാലാവസ്ഥാ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊള്ളേണ്ട നടപടികളും വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളെയും മഴക്കാലത്ത് സംസ്ഥാനത്ത് സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഡി.ഇ.ഒ.സി.-കൾ, കേന്ദ്ര ഏജൻസികൾ, രക്ഷാസേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത മാർഗ്ഗരേഖ seoc.gok@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്നിട്ടുള്ളതും മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നിർദ്ദേശം അതാത് വകുപ്പുകൾക്ക് നൽകിയിട്ടുള്ളതും.

## പ്രളയബാധിതരുടെ പുനരധിവാസം

238 (3082) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിതരെ പുനരധിവസിപ്പിക്കുവാൻ തൃശ്ശൂർ ജില്ലയുടെ മൂലയം വില്ലേജിൽ ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എത്ര സെന്റ് ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്;

(സി) പ്രസ്തുത സ്ഥലത്ത് വീട് നിർമ്മിച്ച് നൽകുന്നതിന് ഏത് ഏജൻസിയാണ് മുന്നോട്ട് വന്നിട്ടുള്ളതെന്നും എത്ര വീടുകളാണ് നിർമ്മിക്കുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ മുളയം വില്ലേജിൽ, പ്രളയബാധിതരെ പുനരധിവസിപ്പിക്കുവാൻ ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഭൂമി കണ്ടെത്തിയിട്ടുണ്ട്. 48 സെന്റ് ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഫൈസൽ & ഷബാന ഫൗണ്ടേഷൻ എന്ന ഏജൻസിയാണ് വീടുകൾ നിർമ്മിച്ച് നൽകുന്നത്. 15 വീടുകളാണ് നിർമ്മിക്കുന്നത്.

## മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷിതത്വം

239 (3083) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയകാലത്ത് വൻതോതിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷിതത്വം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) വരുന്ന കാലവർഷകാലത്ത് ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ സ്ഥലത്ത് മണ്ണിടിച്ചിൽ ഉണ്ടാകുവാനുള്ള സാധ്യത കണക്കിലെടുത്ത് എന്തൊക്കെ സുരക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഏറ്റവും കൂടുതൽ പ്രശ്നബാധിതപ്രദേശങ്ങളായി കണക്കാക്കിയിട്ടുള്ളത് ഏതൊക്കെ ജില്ലകളെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തിവരുന്നു. നിലവിൽ

701 വീടുകൾ ദുരന്ത സാധ്യതയുള്ള സ്ഥലങ്ങളിലാണ് എന്നും, മാറ്റി സ്ഥാപിക്കണമെന്നും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ കാരണം വാസയോഗ്യം അല്ലാതായ സ്ഥലങ്ങളിൽ വീടുണ്ടായിരുന്ന ദുരന്തബാധിതർക്ക് വാസയോഗ്യമായ 3-5 സെന്റ് സ്ഥലം വാങ്ങുവാൻ 6 ലക്ഷം രൂപ GO(Ms)No.7/2018/DMD dated 21-6-2018 പ്രകാരം അനുവദിച്ചിട്ടുണ്ട്. കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ, 2019 അനുസരിച്ച് ജില്ലാ അതോറിറ്റികൾ ചെയ്യേണ്ടുന്ന പ്രവൃത്തികളിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മലയോര ജില്ലകളിൽ, എല്ലാ ദിവസവും ഭൂജല വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി, മണ്ണ് സംരക്ഷണ വകുപ്പ് എന്നീ വകുപ്പുകളിൽ ഒന്നിലെ ജിയോളജിക്കൽ അസിസ്റ്റന്റ്/മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥൻ/അസിസ്റ്റന്റ് ജിയോളജിസ്റ്റിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലേയ്ക്ക് 24 X 7 നിയോഗിക്കുവാൻ നിർദ്ദേശിക്കുക. മഴയുടെ പ്രവചനത്തെ അടിസ്ഥാനപ്പെടുത്തി അതാത് ജില്ലാ അതോറിറ്റികൾക്ക് ജില്ലയിലെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യത സംബന്ധിച്ച് അവലോകനം നൽകുക. ലാന്റ് റവന്യൂ വകുപ്പിന്റെ പ്രവർത്തന രേഖയിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2018-ൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ ബാധിക്കുകയും വാസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണ്ടെത്തുകയും ചെയ്ത വീടുകളിൽ താമസിക്കുന്ന ദുരന്ത ബാധിതരെയും പുറമ്പോക്കിൽ താമസക്കാരായിരുന്ന, വീട് പൂർണ്ണമായും തകരുകയോ വാസയോഗ്യമല്ലാതായിത്തീരുകയോ ചെയ്ത കുടുംബങ്ങളെയും ദുരിതാശ്വാസ സഹായം ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത കുടുംബങ്ങളെയും ജില്ലയിൽ മഴയുടെ മഞ്ഞ അലർട്ട് ലഭിക്കുമ്പോൾ ക്യാമ്പുകളിലേയ്ക്ക് മാറി താമസിക്കണം എന്ന് ഉപദേശിക്കുക. ഇതിനായി ഈ കുടുംബങ്ങളുടെ മൊബൈൽ നമ്പർ പ്രത്യേകമായി ജില്ലാ ഇ.ഒ.സി.-യിൽ സൂക്ഷിക്കുക. ജില്ലയിൽ ഓറഞ്ച് അലെർട്ട് ആണ് എങ്കിൽ നിർബന്ധമായും ഇവരെ ക്യാമ്പുകളിലേയ്ക്ക് മാറ്റി താമസിപ്പിക്കണം. ഇവയിൽ ഏതെങ്കിലും കുടുംബം കാലവർഷ-തുലാവർഷ മാസങ്ങളിൽ ഏതൊരു അവസരത്തിലും ക്യാമ്പിലേക്ക് മാറിതാമസിക്കണം എന്ന ആവശ്യം ഉന്നയിച്ചാൽ, അവർക്കായി ക്യാമ്പ് നടത്തണം.

(സി) ഇടുക്കി, വയനാട്, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ ഉരുൾപൊട്ടൽ സാധ്യത നിലനിൽക്കുന്നു.

**മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പ്രളയ ബാധിതപ്രദേശങ്ങൾ**

240 (3084) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷമുണ്ടായ അതിരൂക്ഷമായ പ്രളയത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളെയാണ് പ്രളയ ബാധിതപ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) അതിരൂക്ഷമായ പ്രളയമുണ്ടായ മണ്ണാർക്കാട് മുനിസിപ്പൽ മേഖലകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) പ്രളയബാധിതരായ മുഴുവൻ ജനങ്ങൾക്കും സർക്കാർ ധനസഹായം ലഭിക്കുന്നതിനായി മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മുഴുവൻ പ്രളയബാധിത പ്രദേശങ്ങളെയും പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട കോട്ടോപ്പാടം - 1, കോട്ടോപ്പാടം - 3, അഗളി, കോട്ടത്തറ, പാടവയൽ, അലനല്ലൂർ - 3, കള്ളമല, പയ്യനടം, കുമരംപുത്തൂർ, മണ്ണാർക്കാട് - 1, മണ്ണാർക്കാട് - 2, ഷോളയൂർ, പുതൂർ, തച്ചനാട്ടുകര – 1, തച്ചനാട്ടുകര – 2 എന്നീ വില്ലേജുകളെയാണ് പ്രളയ ബാധിത പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) മണ്ണാർക്കാട് നഗരസഭാ പരിധിയിൽ വരുന്ന മണ്ണാർക്കാട് – 1 വില്ലേജിനെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ജില്ലാ അതോറിറ്റികളിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മതിയായ പരിശോധനകൾക്കും വിശകലനങ്ങൾക്കും ശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശിപാർശ ചെയ്ത പ്രകാരമാണ് പ്രളയബാധിത പ്രദേശങ്ങളെ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. അതിനുപരിയായി മറ്റ് പ്രദേശങ്ങളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടില്ല.

## വെള്ളപ്പൊക്ക ദുരന്തം തടയാൻ മുൻകരുതൽ

241 (3085) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പെയ്യുന്ന മഴയുടെ അളവ് സമീപകാലത്ത് കൂടുന്നുവെന്ന് വിദഗ്ദ്ധർ വിലയിരുത്തിയിട്ടുള്ളതായി ദുരന്തനിവാരണ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം തീക്ഷ്ണത കൂടിയ മഴ പെയ്യുമ്പോൾ മഴവെള്ളം മണ്ണിലേക്കിറങ്ങാതെ വളരെ പെട്ടെന്ന് ജലാശയങ്ങളിലെത്തി വെള്ളപ്പൊക്ക ഭീഷണി ഉണ്ടാക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുമൂലം വരുന്ന കാലവർഷക്കാലത്ത് ദുരന്തസാധ്യത വർദ്ധിച്ചതായി ദുരന്തനിവാരണ അതോറിറ്റി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ നടപടികളാണ് ദുരന്തനിവാരണ അതോറിറ്റി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത വിവരം ഔദ്യോഗിക ഏജൻസിയായ കേന്ദ്ര കാലാവസ്ഥാ വകുപ്പ് വിലയിരുത്തി അറിയിച്ചിട്ടില്ല.

(ബി) മഴവെള്ളം മണ്ണിലേയ്ക്ക് ഇറങ്ങാത്തതുകൊണ്ടുമാത്രം ദുരന്ത സാധ്യത വർദ്ധിക്കുന്നില്ല. കേരളത്തിലെ ജനസാന്ദ്രതയും ജല ബഹിർഗമന പാതകളെ തടസ്സപ്പെടുത്തുന്ന നിർമ്മിതികളും തണ്ണീർത്തടങ്ങൾ നികത്തുന്നതും നദീതീര കയ്യേറ്റം, കുന്നുകളിൽ നിന്നും മണ്ണ് മാറ്റുന്നതും പോലുള്ള ഭൂവിനിയോഗമാണ് പ്രധാനമായും ദുരന്ത സാധ്യത വർദ്ധിപ്പിക്കുന്നത്. മണ്ണിൽ ജലം ആഴ്ന്നിറങ്ങാത്ത സാഹചര്യത്തിൽ വരൾച്ചാ സാധ്യത വർദ്ധിക്കുന്നു. കൂടാതെ, നദികളിൽ പെട്ടെന്ന് ജലനിരപ്പ് ഉയരുന്ന സാഹചര്യവും ഉണ്ടാക്കാം. മേൽ സാഹചര്യംമൂലം ദുരന്ത സാധ്യത വർദ്ധിക്കുന്നുണ്ട്.

(സി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും സംസ്ഥാനത്ത് Incident Response System-വും താലൂക്ക് തലം വരെ GO(Rt)No.280/2019/DMD dated 9-5-2019 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽരേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണം എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. 8 അദ്ധ്യായങ്ങളുള്ള കൈപ്പുസ്തകം മുൻ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗനിർദ്ദേശ രൂപരേഖയാണ്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥാ സംരംഭങ്ങളുടെയും

2019-ലെ മൺസൂൺ പ്രവചനത്തിന്റെ വിശകലനത്തോടെ ആരംഭിക്കുന്ന കൈപ്പുസ്തകം, വിവിധ കാലാവസ്ഥാ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊള്ളേണ്ട നടപടികളും വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളെയും മഴക്കാലത്ത് സംസ്ഥാനത്ത് സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകത്തിൽ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഡി.ഇ.ഒ.സി.-കൾ, കേന്ദ്ര ഏജൻസികൾ, രക്ഷാസേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

## നെൽവയൽ തണ്ണീർത്തട നിയമ ഭേദഗതി

242 (3086) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമ ഭേദഗതിപ്രകാരം 2008-ന് മുമ്പ് നികത്തിയ നെൽവയലുകൾ ഫീസ് ഒടുക്കി ക്രമവൽക്കരിക്കാമെന്ന നിബന്ധന പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഒരു സ്വകാര്യ കമ്പനിക്ക് 15 ഏക്കർ നെൽവയൽ നികത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥലം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതും 2008-നുമുൻപ് നികത്തിയതുമാണോ; ഇത് സംബന്ധിച്ച് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ടി സ്ഥലം തരം മാറ്റുന്നതിന് എറണാകുളം ജില്ലാ കളക്ടർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ; അനുമതി നൽകിയില്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷ അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 20.23 ആർ വരെയാകുന്ന സംഗതിയിൽ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടപ്രകാരമുള്ള ഫാറം 6-ലും 20.23 ആർ.-ൽ കൂടുതലാകുന്ന സംഗതിയിൽ ഫാറം 7-ലും ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപ്രകാരമുള്ള ഭൂമിയുടെ സ്കെച്ച്,

പ്രസ്തുത ഭൂമിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ എന്നിവയും ഉള്ളടക്കം ചെയ്യേണ്ടതാണ്. പ്രസ്തുത അപേക്ഷയോടൊപ്പം ഫണ്ടിന്റെ പേരിൽ ആയിരം രൂപ ഫീസും അടയ്ക്കേണ്ടതാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ, ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലുള്ള തുക ഫണ്ടിലേയ്ക്ക് അടച്ച് രേഖ ഹാജരാക്കേണ്ടതാണ്.

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ചുകൊണ്ട് ആർ.ഡി.ഒ.-യുടെ ഉത്തരവ് ലഭിക്കുന്നതിന്മേൽ, സ്വഭാവ വ്യതിയാനം അനുവദിച്ച ഭൂമിയുടെ വിസ്തൃതിക്കനുസൃതമായി ഭൂനികുതി തിട്ടപ്പെടുത്തി തഹസിൽദാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും വില്ലേജ് ഓഫീസർ അതനുസരിച്ച് റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതുമാണ്. സബ് ഡിവിഷൻ ആവശ്യമുള്ള സംഗതികളിൽ, സബ് ഡിവിഷൻ അനുവദിച്ച് തഹസിൽദാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആയതിൽ സ്വഭാവ വ്യതിയാനം അനുവദിച്ച ഭൂമിയുടെ വിസ്തൃതിക്കനുസൃതമായി ഭൂനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

(ബി) കുന്നത്തുനാട്ടിൽ Speaks Properties Ltd എന്ന സ്ഥാപനത്തിന് തരം മാറ്റിയ നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിനും അനുമതി നൽകിക്കൊണ്ടും 31-1-2019-ലെ സ.ഉ.(സാധാ)337/19/റവ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 8-5-2019-ലെ സ.ഉ.(സാധാ)1090/19/റവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു*.

(സി) പ്രസ്തുത സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണ്. ഇത് സംബന്ധിച്ച് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, തഹസിൽദാർ (ഭൂരേഖ) കുന്നത്തുനാട് എന്നിവരുടെ റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ഇല്ല. ജില്ലാ കളക്ടറുടെ നടപടിക്രമം റദ്ദ് ചെയ്തുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സർക്കാർ മരവിപ്പിക്കുകയുണ്ടായി. ആയതിനാൽ ഇതിന്മേൽ ജില്ലാ കളക്ടർ തുടർനടപടി സ്വീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തണ്ണീർത്തടങ്ങൾ പരിവർത്തനം ചെയ്ത ഭൂമിയിൽ പുതിയ നിർമ്മാണം നടത്തുന്നതിന് ഫീസ്

243 (3087) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ന് മുൻപ് തണ്ണീർത്തടങ്ങൾ പരിവർത്തനം ചെയ്ത ഭൂമിയിൽ പുതിയ നിർമ്മാണം നടത്തുന്നതിന് ഫീസ് അടച്ച് പ്രസ്തുത ഭൂമി ക്രമപ്പെടുത്തുന്നതിലേയ്ക്കായി പുറപ്പെടുവിച്ച ചട്ടം സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഭൂമിയിൽ നാല്പതും അമ്പതും വർഷങ്ങൾക്ക് മുൻപ് വീട് നിർമ്മിച്ചവർ അത് പൊളിച്ച് പുതിയ വീട് വയ്ക്കുന്നതിന് നിശ്ചിത ഫീസ് അടച്ച് ഭൂമി ക്രമപ്പെടുത്തണമെന്ന വ്യവസ്ഥ ആയിരക്കണക്കിന് സാധാരണക്കാരെയും പാവപ്പെട്ട കർഷകകുടുംബങ്ങളെയും വിഷമത്തിലാക്കിയിട്ടുള്ള അവസ്ഥ പരിഹരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) 2008-നോടടുത്ത് മണ്ണിട്ടുനികത്തിയ ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും 2008 ന് വർഷങ്ങൾക്കു മുൻപേതന്നെ കൈവശമുള്ള ഭൂമിയിൽ (നിലം/തണ്ണീർത്തടം) സ്ഥിതിചെയ്ത പഴക്കം ചെന്ന വീട് പൊളിച്ച് പുതിയ വീട് നിർമ്മിക്കുന്നതിനും ഒരേ ചട്ടം പ്രാബല്യത്തിലാക്കിയത് പുനഃപരിശോധിച്ച് ന്യായവിലയുടെ നിശ്ചിത ശതമാനം എന്നതിനുപകരം വിവിധ സ്ലാബുകളാക്കി താങ്ങാനാകുന്ന നിരക്ക് നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വഭാവ വ്യതിയാനം അനുവദിക്കുന്ന ഭൂമി 4-7-1967-ന് മുൻപ് നികത്തിയതോ നികന്നതോ ആണെന്ന് അപേക്ഷകൻ തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിന് യാതൊരുവിധ ഫീസും അടയ്ക്കേണ്ടതില്ല. അതിനാൽ അപ്രകാരമുള്ള ഭൂമിയിൽ വീട് നിർമ്മിച്ചവർ പൊളിച്ച് പുതിയ വീട് നിർമ്മിക്കുന്ന അവസരത്തിൽ നിശ്ചിത ഫീസ് അടച്ച് ഭൂമി ക്രമവൽക്കരിക്കണമെന്ന് വ്യവസ്ഥയില്ലാത്തതാണ്.

(സി) 2008-ന് മുൻപ് നികത്തപ്പെട്ടതും B.T.R-ൽ നിലമായി രേഖപ്പെടുത്തപ്പെട്ടതുമായ എല്ലാ ഭൂമിയും കാലപരിധി ബാധകമല്ലാതെ 'നിലം' വിഭാഗത്തിൽപ്പെട്ടവയാണ്. അത്തരം ഭൂമി 2008-ലെ കേരള നെൽവയൽ

തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെയും അനുബന്ധ ചട്ടങ്ങളുടെയും പരിധിയിൽ വരുന്നതാണ്.

## ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയ നെൽവയൽ/തണ്ണീർത്തടം

244 (3088) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ, തണ്ണീർത്തടം എന്നീ നിലകളിൽ ഡേറ്റാബാങ്കിൽ ഉൾപ്പെടുത്തിയ ഭൂമി അതിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനുള്ള അപേക്ഷകൾ ഏതുരീതിയിലാണ് പരിഗണിക്കുക എന്ന് വ്യക്തമാക്കാമോ;

(ബി) നെൽവയൽ, തണ്ണീർത്തടം എന്നിവിടങ്ങളിലെ നിർമ്മാണവുമായി ബന്ധപ്പെട്ട് കളക്ടറുടെ പരിഗണനയിലുള്ള അപേക്ഷകളിൽ എന്തു തീരുമാനമാണ് കൈക്കൊള്ളുന്നത് എന്നറിയിക്കുമോ; ഇത് സംബന്ധിച്ച് ആരാണ് അന്വേഷണം നടത്തേണ്ടതെന്ന് അറിയിക്കാമോ ;

(സി) അവലോകനസമിതിയുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഉത്തരവ് സഹിതം പെർമിറ്റ് അപേക്ഷ സമർപ്പിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) മുൻപ് നിരസിച്ച പെർമിറ്റ് അപേക്ഷകൾ അനുകൂല റവന്യൂ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ?

ഉത്തരം

(എ) പ്രദർശിപ്പിച്ചിട്ടുള്ള ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആക്ഷേപങ്ങൾ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടത്തിലെ ഫാറം നമ്പർ 5 പ്രകാരമുള്ള അപേക്ഷാ ഫാറത്തിൽ ആർ.ഡി.ഒ.-യ്ക്ക് സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്കും തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജോഫീസർക്കും റിപ്പോർട്ടിനായി അയച്ചുകൊടുക്കേണ്ടതും റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമെങ്കിൽ നേരിട്ട് പരിശോധന നടത്തിയോ കേന്ദ്ര

സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടുകൂടിയോ ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ സംബന്ധിച്ച് ആക്ഷേപമുള്ള അപേക്ഷയിന്മേൽ ഉചിതമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തുപ്രദേശങ്ങളിൽ 10-ഉം മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ 5-ഉം സെന്റ് ഭൂമി നികത്തുന്നതിന് ശിപാർശ ചെയ്യുന്നത് പ്രാദേശികതല നിരീക്ഷണ സമിതിയാണ്. അനുമതി നൽകുന്നത് ജില്ലാതല സമിതിയാണ്. ഇതുസംബന്ധിച്ച് കളക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകളെല്ലാംതന്നെ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിലേയ്ക്ക് കൈമാറി വരികയാണ് ചെയ്യുന്നത്.

എന്നാൽ ജില്ലാ അധികൃത സമിതിയുടെ തീരുമാനങ്ങൾക്ക് എതിരായ അപ്പീലും വകുപ്പ് 27(എ) ഉപവകുപ്പ് (2) പ്രകാരമുള്ള ആർ.ഡി.ഒ.യുടെ ഉത്തരവിനെതിരെയുള്ള അപ്പീലും ജില്ലാ കളക്ടർമാർ തീർപ്പുകൽപ്പിച്ചുവരുന്നു. ജില്ലാ അധികൃത സമിതിയുടെ തീരുമാനം സംബന്ധിച്ച് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന അപ്പീലിന്മേലുള്ള റിവിഷൻ പെറ്റീഷനുകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നത് സർക്കാരാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഉചിത നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

## വിവിധ പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ

245 (3089) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഏറ്റെടുത്ത എത്ര ഏക്കർ ഭൂമിയാണ് ഇതുവരെ വിവിധ പദ്ധതികൾക്കായി ഉപയോഗിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയ ഭൂമി എത്ര ഏക്കറാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ നിന്നും എത്ര ഭൂരഹിതർക്ക് എത്ര ഭൂമി വീതം നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി ഏറ്റെടുത്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

(ബി)

തിരുവനന്തപുരം: ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത മുഴുവൻ ഭൂമിയും അർത്ഥനാധികാരികൾക്ക് കൈമാറിയിട്ടുണ്ട്.

കൊല്ലം: ഏറ്റെടുത്ത മുഴുവൻ ഭൂമിയും അർത്ഥനാധികാരികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ: ഏറ്റെടുത്ത മുഴുവൻ ഭൂമിയും പദ്ധതികൾക്കായി ഉപയോഗിച്ചിട്ടുണ്ട്.

പത്തനംതിട്ട: ഏറ്റെടുത്ത മുഴുവൻ ഭൂമിയും അർത്ഥനാധികാരികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോട്ടയം: ഏറ്റെടുത്ത മുഴുവൻ ഭൂമിയും വിവിധ പദ്ധതികൾക്കായി ഉപയോഗിച്ചിട്ടുണ്ട്.

ഇടുക്കി: ബാധകമല്ല.

എറണാകുളം: ഏറ്റെടുത്ത മുഴുവൻ ഭൂമിയും വിവിധ പദ്ധതികൾക്കായി ഉപയോഗിച്ചുവരുന്നു.

തൃശ്ശൂർ: ഏറ്റെടുത്തിട്ടുള്ള ഭൂമി അതത് പദ്ധതികൾക്കായി ഉപയോഗിച്ചിട്ടുണ്ട്.

വയനാട്: ബാധകമല്ല.

പാലക്കാട്: 2.6227 ഹെക്ടർ ഭൂമി പാലക്കാട് ഐ.ഐ.ടി.-ക്കുവേണ്ടി ഏറ്റെടുത്തിട്ടുള്ളതാണ്. 0.0258 ഹെക്ടർ ഭൂമി അകത്തേത്തറ നടക്കാവ് മേൽപ്പാല നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ളതാണ്.

മലപ്പുറം: മലപ്പുറം-കോട്ടപ്പടി-വലിയങ്ങാടി ബൈപ്പാസിനു വേണ്ടി 1.2462 ഹെക്ടർ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഗെയിൽ SV/IP സ്റ്റേഷനുവേണ്ടി 0.2040 ഹെക്ടർ ഭൂമി ഏറ്റെടുത്ത് ഗെയിലിന് കൈമാറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോഴിക്കോട്: ഏറ്റെടുത്ത മുഴുവൻ ഭൂമിയും അർത്ഥനാധികാരിൾക്ക് കൈമാറിയിട്ടുണ്ട്.

കണ്ണൂർ: 73.977 ഹെക്ടർ (182.7232 ഏക്കർ) ഭൂമി വിവിധ പദ്ധതികൾക്കായി ഉപയോഗിച്ചിട്ടുണ്ട്.

കാസർഗോഡ്: ഏറ്റെടുത്ത മുഴുവൻ ഭൂമിയും അർത്ഥനാധികാരികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി & ഡി) ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

**പേരണ്ടൂർ-വടുതല പാലത്തിന്റെ സ്ഥലമെടുപ്പ്**

246 (3090) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് 29.50 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുള്ള പേരണ്ടൂർ-വടുതല പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുള്ള സാമൂഹിക പ്രത്യാഘാത പഠനം പൂർത്തികരിച്ചിട്ടുണ്ടോ;

(സി) സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 4-3-2016-ലെ സ.ഉ.(സാധാ)നമ്പർ606/2016/പൊ.മ.വ. പ്രകാരം എറണാകുളം ജില്ലയിൽ പേരണ്ടൂർ-വടുതല പാലത്തിന്റെ സ്ഥലമെടുപ്പിനായി പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി ജില്ലാതല SIA ഏജൻസിയെ നിയോഗിച്ചിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സാമൂഹ്യാഘാത പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതും വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ സമുചിത തീരുമാനം കൈക്കൊണ്ട് എൽ.എ.ആർ.ആർ. ആക്ട് 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## മലപ്പുറം ജില്ലയിലെ ലാന്റ് അക്വിസിഷൻ നടപടികൾ

247 (3091) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ ലാന്റ് അക്വിസിഷൻ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതെന്നും അതിനായി എന്ത് തുക നഷ്ടപരിഹാരമായി നൽകി എന്നും വിശദീകരിക്കാമോ;

(സി) എൽ.എ. നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് എൽ.എ.യൂണിറ്റുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന ലാന്റ് അക്വിസിഷൻ ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ.(എയർപോർട്ട്) കാലിക്കറ്റ്, കരിപ്പൂർ - കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിനായി

2. (a) ഡെപ്യൂട്ടി കളക്ടർ & കോമ്പീറ്റന്റ് അതോറിറ്റി, എൽ.എ.(എൻ.എച്ച്), കോട്ടയ്ക്കൽ

   (b) സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് I തിരൂരങ്ങാടി

   (c) സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് II തിരൂർ

   (d) സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് III പൊന്നാനി - ദേശീയപാത വികസനത്തിനുവേണ്ടി

3. സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ), തിരൂർ -പൊതുവായ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി

4. സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ), മലപ്പുറം-പൊതുവായ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി

(ബി) തിരൂർ താലൂക്കിൽനിന്നും ഗെയിലിനുവേണ്ടി 0.2040 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. ആയതിൽ 17,97,855 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

ഏറനാട് താലൂക്കിൽനിന്നും കോട്ടപ്പടി - വലിയങ്ങാടി ബൈപ്പാസിനുവേണ്ടി 1.2462 ഹെക്ടർ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 23,93,45,731 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ദേശീയപാത വികസനത്തിനായി 203.5724 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി 1956-ലെ ദേശീയപാതാ നിയമം സെക്ഷൻ 3 പ്രകാരം ഭാരത ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ഇതിൽ 186.8236 ഹെക്ടർ ഭൂമിക്ക് 3D വിജ്ഞാപനം ഓൺലൈനായി അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്. 3D വിജ്ഞാപനം ചെയ്തിട്ടുള്ള തിരൂർ, പൊന്നാനി താലൂക്കുകളിലെ 3G(3) വിചാരണ പൂർത്തിയാക്കി അവാർഡ് തുക ലഭിക്കുന്നതിനായി തിരൂർ താലൂക്കിലെ 8 വില്ലേജുകളിലെയും പൊന്നാനി താലൂക്കിലെ ഒരു വില്ലേജിലെയും ഫണ്ട് റിക്വസ്റ്റ് NHAI-യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെങ്കിലും ഫണ്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(സി) സ്വീകരിക്കുന്നതാണ്.

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് ഭൂമി

248 (3092) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് പാണക്കാട് ഇൻകെൽ എജ്യൂസിറ്റിയിൽ അഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഏറനാട് തഹസിൽദാർ, പെരിന്തൽമണ്ണ ആർ.ഡി.ഒ., റവന്യൂ വകുപ്പ്, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഉത്തരവ് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് പാണക്കാട് വില്ലേജിൽ കണ്ടെത്തിയ ഭൂമി നിലവിൽ കെ.എസ്.ഐ.ഡി.സി.-യുടെ കൈവശത്തിലുള്ളതാണ്. ഈ ഭൂമി സർക്കാരിലേയ്ക്ക് വിട്ടുനൽകുന്നതിനായി കെ.എസ്.ഐ.ഡി.സി. അധികൃതരിൽനിന്നും ലഭ്യമായ 'ഭൂമി വിട്ടൊഴിയൽ നിയമ' പ്രകാരമുള്ള അപേക്ഷ മലപ്പുറം ജില്ലാ കളക്ടർ തുടർനടപടികൾക്കായി പെരിന്തൽമണ്ണ സബ് കളക്ടർക്ക് അയച്ചിട്ടുണ്ട്. ടി ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് നിക്ഷിപ്തമാക്കി പെരിന്തൽമണ്ണ സബ് കളക്ടർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി നടപടിക്രമങ്ങൾ പാലിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാത വീതി കൂട്ടൽ**

249 (3093) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിൽ എനാമാവ് കിസ്ത്യൻ പള്ളിക്ക് സമീപമുള്ള ഇടുങ്ങിയ ഭാഗം വീതികൂട്ടുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്; വിശദമാക്കുമോ;

(ബി) ഇതിനായി എത്ര പേരുടെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിൽ എനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള ഇടുങ്ങിയ ഭാഗം വീതി കൂട്ടുന്നതിനായി ചാവക്കാട് താലൂക്കിലെ വെങ്കിടങ്ങ് വില്ലേജിലെ 0.0028 ഹെക്ടർ ഭൂമിയും ഇരിമ്പ്രനെല്ലൂർ വില്ലേജിലെ 0.01998 ഹെക്ടർ ഭൂമിയും (ആകെ 0.022782 ഹെക്ടർ ഭൂമി) ആണ് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) നാലുപേരുടെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്.

(സി) 19-11-2015-ലെ സ.ഉ.(സാധാ)നമ്പർ 1693/2015/പൊ.മ.വ. പ്രകാരം പ്രസ്തുത പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. 4-12-2018-ലെ ഡി.റ്റി.സി.-4561/2017 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വിഭാഗം, സൂപ്രണ്ടിംഗ് എഞ്ചിനീയർ മേൽ പദ്ധതിക്കുള്ള ലാന്റ് അക്വിസിഷനുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി പ്രൊപ്പോസൽ

സമർപ്പിക്കുകയുണ്ടായി. 7-12-2018-ലെ സ.ഉ.(അച്ചടി) നമ്പർ 188/2018/ധന പ്രകാരം 3 വർഷം കഴിഞ്ഞാൽ സിവിൽ വർക്കിന്റെ അനുമതി അസാധുവാകുമെന്നതിനാൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## കോട്ടയ്ക്കൽ ഗവ.എൽ.പി. സ്കൂൾ ഭൂമി കൈമാറ്റം

250 (3094) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 39 റീസർവ്വേ നമ്പർ 183/5 ൽപ്പെട്ട കോട്ടയ്ക്കൽ ഗവ. എൽ.പി. സ്കൂളിന്റെ 22 സെന്റ് ഭൂമിയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ഉടമസ്ഥതയിലുള്ള 24 സെന്റ് ഭൂമിയും പരസ്പരം കൈമാറുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫയലിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ലാന്റ് റവന്യൂ വകുപ്പ് കമ്മീഷണർ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മലപ്പുറം കളക്ടറുടെയും ലാന്റ് റവന്യൂ വകുപ്പ് കമ്മീഷണറുടെയും റിപ്പോർട്ടുകൾ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) തിരൂർ താലൂക്ക് കോട്ടയ്ക്കൽ വില്ലേജ് കോട്ടയ്ക്കൽ ഗവ.എൽ.പി. സ്കൂൾ സ്ഥിതിചെയ്യുന്ന ബ്ലോക്ക് നമ്പർ 39 റീ.സ.നം.187/5-ൽപ്പെട്ട 22 സെന്റ് ഭൂമിയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നമ്പർ 39 റീ.സ.നമ്പർ 188/17-ൽപ്പെട്ട 24 സെന്റ് ഭൂമിയും പരസ്പരം കൈമാറി 12-7-2013-ലെ സ.ഉ.(എം.എസ്.)297/13/റവ. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഭൂമിയുടെ കമ്പോളവില സംബന്ധിച്ച് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണെന്നും അറിയിച്ചിരുന്നു. തുടർന്ന് ജില്ലാ കളക്ടർ പരസ്പരം കൈമാറേണ്ട ഭൂമികളുടെ കമ്പോളവില ഉൾപ്പെടെയുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിച്ചിരുന്നു. ആയത് 176/എൽ1/18/റവ നമ്പർ ഇ-ഫയലിൽ പരിശോധന നടത്തുകയും ഭൂമി കൈമാറ്റത്തിന് ധനവകുപ്പിന്റെ സമ്മതം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ഉടനെ കൈക്കൊള്ളുന്നതാണ്.

## പാട്ടത്തിന് എടുത്തശേഷം വിറ്റ ഭൂമി തിരിച്ചെടുക്കാൻ നടപടി

251 (3095) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിന്ന് പാട്ടത്തിന് എടുത്ത ശേഷം സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും വിറ്റ ഭൂമി തിരിച്ചെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന് സാധ്യമാക്കുന്ന തരത്തിൽ ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുമോ;

(സി) എം.ജി. രാജമാണിക്യം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ നിയമഭേദഗതിക്ക് സർക്കാർ ഒരുങ്ങുന്നത്; എങ്കിൽ നിയമഭേദഗതി വരുന്നതിലൂടെ ആയിരക്കണക്കിന് ഏക്കർ ഭൂമി ഏറ്റെടുക്കാൻ സർക്കാരിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന് നിയമാനുസൃത നോട്ടീസ് നൽകി കക്ഷിയെ നേരിൽ കേൾക്കുന്നതിനും പാട്ട കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പാട്ട ഭൂമി തിരിച്ചെടുക്കുന്നതിനുമുള്ള വിശദമായ ശിപാർശ ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തരം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) കേരള ഭൂപരിഷ്കരണ നിയമത്തിൽ ഇതിനായി ഭേദഗതി ആവശ്യമുള്ളതായി കാണുന്നില്ല. പാട്ടത്തിന് എടുത്തശേഷം വിറ്റ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ഈരാറ്റുപേട്ട ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി

252 (3096) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച് 5 വർഷം കഴിഞ്ഞിട്ടും സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുവാൻ മന്ത്രിതലത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുമോ; വിശദമാക്കുമോ;

(സി) വികസന പ്രവർത്തനങ്ങൾക്ക് തടസമാകുന്ന സ്ഥലമേറ്റെടുക്കലിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈരാറ്റുപേട്ട വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 2.4690 ഹെക്ടർ ഭൂമി പഴയ ലാന്റ് അക്വിസിഷൻ പ്രകാരം പൊന്നുംവിലയ്ക്കെടുക്കുന്നതിന് 28-10-2014-ൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചിരുന്നെങ്കിലും 1-1-2014 മുതൽ പുതിയ ആക്ട് നിലവിൽ വന്നതിനാൽ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം പുതിയ അർത്ഥന സമർപ്പിക്കുവാൻ അർത്ഥനാധികാരിയോട് നിർദ്ദേശിച്ചിരുന്നു.

ഈരാറ്റുപേട്ട ബൈപ്പാസ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 1-ൽ 1.26 ഹെക്ടറും റീച്ച്-2-ൽ 1.24 ഹെക്ടറും ഉൾപ്പെടെ 2.50 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് പുതുക്കിയ അർത്ഥനാപത്രം യഥാക്രമം 27-11-2018, 19-12-2018 എന്നീ തീയതികളിൽ അർത്ഥനാധികാരി സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ റീച്ച്-1-ന്റെയും റീച്ച്-2-ന്റെയും സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള പുതുക്കിയ 4(1) നോട്ടിഫിക്കേഷൻ യഥാക്രമം 7-1-2019, 17-1-2019 എന്നീ തീയതികളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. റീച്ച്-1-ന്റെ സാമൂഹ്യാഘാത പഠനത്തിന്റെ ഫൈനൽ റിപ്പോർട്ട് സാമൂഹ്യാഘാത പഠന ഏജൻസി സമർപ്പിച്ചിട്ടുള്ളതാണ്. റീച്ച്-2-ന്റെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് LARR Act, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി തുടർനടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

(ബി) പുതുക്കിയ അർത്ഥന ലഭ്യമാക്കിയിട്ടുള്ളത് 27-11-2018, 19-12-2018 എന്നീ തീയതികളിലാണ്. പുതുക്കിയ അർത്ഥനാപത്രം അർത്ഥനാധികാരി സമർപ്പിക്കാൻ വൈകിയതുമൂലമാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) വികസന പ്രവർത്തനങ്ങൾക്ക് സ്വകാര്യ വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നത് LARR Act, 2013 പ്രകാരമാണ്. LARR Act-ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂവുടമകളുടെ സമ്മതമുള്ള പക്ഷം ഡയറക്ട് പർച്ചേസ് മുഖാന്തരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്ന അവസരത്തിൽ സർവേസ് & ബൗണ്ടറീസ് ആക്ട്, 1961 പ്രകാരം 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാ കളക്ടർ ഡി.എൽ.എഫ്.സി. കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ SLEC യോഗത്തിൽ സമർപ്പിച്ച് SLEC-യുടെ അംഗീകാരത്തിനുവിധേയമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകാവുന്നതാണ്.

## കരുനാഗപ്പള്ളി മാളിയേക്കൽ ഓവർ ബ്രിഡ്ജ്

253 (3097) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ മാളിയേക്കൽ ഓവർ ബ്രിഡ്ജിനുവേണ്ടി ആകെ എത്ര സ്ഥലമാണ് ഏറ്റെടുക്കുന്നതെന്നും സ്ഥലവില എത്രയെന്നും വിശദീകരിക്കുമോ;

(ബി) ഇതുവരെ എത്ര പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും ഇനി എത്ര സ്ഥലം കൂടി ഏറ്റെടുക്കാനുണ്ടെന്നും വിശദീകരിക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി ഏത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ മാളിയേക്കൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനുവേണ്ടി RBDCK-യുടെ റിക്വിസിഷൻ പ്രകാരം 41.6 ആർസ് ഏറ്റെടുക്കാൻ അപേക്ഷിച്ചിരുന്നു. അതിൽ 39.37 ആർസ് വസ്തുവാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.

| | | |
|---|---|---|
| സെന്റ് ഒന്നിന് | - | 9,50,000 രൂപ |
| ആർ ഒന്നിന് | - | 23,75,000 രൂപ |

(ബി) നാളിതുവരെ 38 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇനി 7 ആധാരങ്ങൾ രജിസ്റ്റർ ചെയ്യാനുണ്ട്. 30.56 ആർസ് സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. ഇനി 8.81 ആർസ് സ്ഥലം ഏറ്റെടുക്കാനുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

ആധാരം രജിസ്റ്റർ ചെയ്യാനുള്ള 7 കേസുകളിൽ 2 എണ്ണത്തിൽ മുസ്ലീം പള്ളികൾ സ്ഥിതി ചെയ്യുന്നതിനാൽ വഖഫ് ബോർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ബാക്കിയുള്ള 5 കേസുകളിൽ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

## ഹാരിസൺസിന്റെ കൈവശ ഭൂമിക്ക് കരം

254 (3098) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസിന്റെ കൈവശഭൂമിക്ക് കരം സ്വീകരിക്കാൻ സർക്കാർ തീരുമാനമുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ പകുതിയോളം വരുന്ന തോട്ടം മേഖലയെ കുത്തകകൾക്ക് തീറെഴുതാൻ വഴി തുറക്കുമെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) ഹാരിസൺസും സമാനസ്വഭാവമുള്ള മറ്റു കമ്പനികളും കൈവശം വച്ചിരിക്കുന്നത് എത്ര ഏക്കർ ഭൂമിയാണെന്ന് വ്യക്തമാക്കുമോ;

(സി) കരം സ്വീകരിക്കാനുള്ള സർക്കാർ തീരുമാനം കരം സ്വീകരിക്കരുതെന്ന് ശിപാർശ ചെയ്ത രാജമാണിക്യം റിപ്പോർട്ടിന് വിരുദ്ധമാകുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഹാരിസൺ കമ്പനിയും അവരിൽ നിന്നും ഭൂമി നേടിയവരും മറ്റ് കയ്യേറ്റക്കാരും കൈവശം വച്ചിരുന്ന 38171 ഏക്കർ ഭൂമി ഭൂസംരക്ഷണ നിയമ പ്രകാരം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ മറ്റനേകം ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമിയിലും നിയമ നടപടികൾ ആരംഭിച്ചിരുന്നു. ഭൂനികുതി സ്വീകരിക്കുന്നത് ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്നും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് ഭൂനികുതി സ്വീകരിക്കുന്ന നടപടി തടസ്സമല്ല എന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിവിധ കേസുകളിൽ നിരീക്ഷിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതോടൊപ്പം 'ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന കേസ്സിലെ അന്തിമവിധിക്ക് വിധേയം' എന്ന നിബന്ധനയോടെ ഭൂനികുതി സ്വീകരിക്കുന്നതിന് 6-6-2019-ലെ സ.ഉ.(കൈ)172/2019/റവ. സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്വാതന്ത്ര്യത്തിന് മുമ്പ് വിദേശ കമ്പനികളും പൗരന്മാരും സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ഭൂമി സംബന്ധിച്ചുള്ള അന്വേഷണം മാത്രമാണ് സ്പെഷ്യൽ ഓഫീസർ നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ തോട്ടം മേഖലയിൽ മൂന്ന് ലക്ഷത്തിലധികം ഏക്കർ ഭൂമി കമ്പനികൾ കൈവശം വയ്ക്കുന്നതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) ഇല്ല, സ്പെഷ്യൽ ഓഫീസർ ഭൂനികുതി സ്വീകരിക്കുന്നത് വിലക്കിയ നടപടിക്കെതിരെ ധാരാളം റിട്ട് കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്ന് നിരീക്ഷിച്ചുകൊണ്ട് ഭൂനികുതി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയ പശ്ചാത്തലത്തിലാണ് 'ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ അന്തിമവിധിക്ക് വിധേയം' എന്ന നിബന്ധനയോടെ കരം സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം

255 (3099) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ സർക്കാർ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത് 1968-ലെ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ പ്രകാരമാണ്. വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ, ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് 5-6-2018-ലെ ജി.ഒ.(പി)നമ്പർ 31/18/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. ടി ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് 1-11-2018-ലെ എൽ.ആർ.കെ.2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## ഭൂമിയുടെ തരം മാറ്റുന്നത് സംബന്ധിച്ച നിബന്ധനകൾ

256 (3100) <u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീമതി ഗീതാ ഗോപി</u>:
<u>ശ്രീ. സി. കെ. ആശ</u>:
<u>ഡോ. എൻ. ജയരാജ്</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ തരം മാറ്റുന്നത് സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കുമോ;

(ബി) കാലങ്ങളായി നികത്തപ്പെട്ടതും നികന്നു കിടക്കുന്നതും ഡേറ്റാബാങ്കിൽ ഉൾപ്പെട്ടതും, നിലവിൽ കൃഷി ഇല്ലാത്തതുമായ ഭൂമിയുടെ തരം മാറ്റുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലം നികത്തുന്നത് ശിക്ഷാർഹമാണോ; എങ്കിൽ ആയതിനുള്ള ശിക്ഷാനടപടികൾ വ്യക്തമാക്കുമോ;

(ഡി) നികന്നു കിടക്കുന്നതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ഇ) തരിശ് കിടക്കുന്ന ഭൂമിയിൽ ഉടമസ്ഥന്റെ അനുമതി കൂടാതെ കൃഷി ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനം അനുവദിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ അതാത് പ്രദേശത്തെ ആർ.ഡി.ഒ.-മാരാണ്. സ്വഭാവ വ്യതിയാനം സംബന്ധിച്ച ഒരു അപേക്ഷ ഇപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 20.23 ആർ വരെയാണെങ്കിൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടപ്രകാരമുള്ള ഫോറം 6-ലും, 20.23 ആർ-ൽ അധികമാണെങ്കിൽ ഫോറം 7-ലും ബന്ധപ്പെട്ട ആർ.ഡി.ഒ. മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത അപേക്ഷയോടൊപ്പം 1000 രൂപ അടവാക്കിയതിന്റെ തെളിവ് ഹാജരാക്കേണ്ടതുമാണ്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ റിപ്പോർട്ട് വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാക്കി സ്വഭാവ വ്യതിയാനം അനുവദിക്കാവുന്ന അപേക്ഷകളിൽ ടി ഭേദഗതി ചട്ടമനുസരിച്ച് നിശ്ചിത നിരക്കിലുള്ള തുക അടവാക്കിയതിന്റെ തെളിവ് ഹാജരാക്കുന്ന മുറയ്ക്ക് അപ്രകാരം അനുമതി നൽകപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ എന്നിവ വിശദമാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് ആർ.ഡി.ഒ. പുറപ്പെടുവിക്കുന്നതും തുടർനടപടികൾക്കുശേഷം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതുമാണ്. ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി, ടി ഭേദഗതി ചട്ടപ്രകാരമുള്ള ഫോറം 5-ൽ ബന്ധപ്പെട്ട ആർ.ഡി.ഒ. മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതുമുതൽ സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നതിന് പൂർണ്ണ നിരോധനമാണ് ഉള്ളത്. ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ യാനങ്ങൾ, വാഹനങ്ങൾ, വാഹനസൗകര്യങ്ങൾ, ഉപകരണങ്ങൾ, നെൽവയലിലോ തണ്ണീർത്തടത്തിലോ നിന്നും നീക്കം ചെയ്യപ്പെട്ട കളിമണ്ണ്, മണ്ണ്, മണൽ ഇവ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടെയിൽ തുടങ്ങിയവ കണ്ടുകെട്ടുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും നെൽവയലോ/ തണ്ണീർത്തടങ്ങളോ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിന്മേൽ ആറ് മാസത്തിനുള്ളിൽ കുറയാൻ പാടില്ലാത്തും എന്നാൽ 3 വർഷം വരെ ആകാവുന്നതുമായ തടവും അമ്പതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതും എന്നാൽ ഒരു ലക്ഷം രൂപ വരെ ആകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(ഡി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത 4.04 ആർ ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ 2.02 ആർ ഭൂമിയിൽ 40 ച.മീ. വിസ്തൃതിയുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ 2008-ലെ കേരള നെൽവയൽ/തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. ഈ പരിധിക്ക് മുകളിലുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി വീട് വയ്ക്കുന്നതിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ആർ.ഡി.ഒ.-യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ഇ) നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശം നിഷേധിക്കുന്ന അവസരത്തിൽ ആർ.ഡി.ഒ.-യ്ക്ക് വിഷയം റഫർ ചെയ്യേണ്ടതും കക്ഷികളെ നേരിൽ കേട്ടശേഷം ലേലം വഴിയോ മറ്റ് വിധത്തിലോ നെൽകൃഷിക്കായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/മറ്റ് ഏജൻസികൾക്ക് ഭൂമി ഏൽപ്പിച്ചുകൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി സംബന്ധിച്ച വിവരം**

257 (3101) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ എത്ര ഹെക്ടർ മിച്ചഭൂമി ഇതുവരെ വിതരണം ചെയ്തിട്ടുണ്ടെന്നും ഇതിൽ ഭൂരഹിതരായവർക്ക് എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 196.0017 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. ആയതിന്റെ താലൂക്ക് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാരിന്റെ കാലത്ത് 10.203 ഹെക്ടർ മിച്ചഭൂമി ഭൂരഹിതരായവർക്ക് ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

മുൻകാലത്ത് ഏറ്റെടുത്ത മിച്ചഭൂമിയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 33.7217 ഹെക്ടർ ഭൂമിയും ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമിരിക്കുന്ന ഭൂമി**

258 (3102) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2005 മുതൽ ഏതെല്ലാം കമ്മീഷൻ/കമ്മിറ്റികളെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ കമ്മീഷൻ /കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം പ്രസ്തുത സ്ഥാപനം കൈവശപ്പെടുത്തിയിരിക്കുന്ന സർക്കാർഭൂമി സംബന്ധിച്ച വിവരം ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ഇങ്ങനെ അനധികൃതമായി പ്രസ്തുത സ്ഥാപനം കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഇവർ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് തണ്ടപ്പേരോ പോക്കുവരവോ കരമൊടുക്കോ നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2005-ൽ ശ്രീമതി നിവേദിത പി. ഹരൻ, ഐ.എ.എസ്.-ന്റെ കീഴിൽ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിരുന്നു. 27-9-2007-ൽ ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന് നിയമോപദേശം നൽകാൻ കേരള-മുംബൈ ഹൈക്കോടതികളിലെ ജഡ്ജായിരുന്ന ജസ്റ്റിസ് എൽ. മനോഹരനെ ചുമതലപ്പെടുത്തി. ഉന്നതാധികാര സമിതി റിപ്പോർട്ട്, ജസ്റ്റിസ് എൽ. മനോഹരന്റെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിദേശ കമ്പനികൾ സംസ്ഥാനത്ത് ഭൂമി കൈവശം വയ്ക്കുന്നതിന്റെ ആധാരങ്ങൾ/കരാർ ഉടമ്പടികൾ, റവന്യൂ രേഖകൾ എന്നിവ പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2009-ൽ ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറായിരുന്ന ശ്രീ. സജിത് ബാബുവിന്റെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തി. 2013-ൽ ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽനിന്ന് ഭൂമി നേടിയവരും അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി കേരള ഭൂസംരക്ഷണ നിയമം പ്രകാരം ഏറ്റെടുക്കുന്നതിന് ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ ചുമതലപ്പെടുത്തുകയുണ്ടായി. സംസ്ഥാനത്ത് സ്വാതന്ത്ര്യത്തിന് മുമ്പ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമിയിലെ നിലവിലെ കൈവശക്കാർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രേഖാമൂലം ഭൂമി കൈമാറിയിട്ടില്ലെങ്കിൽ അത്തരം ഭൂമി കേരള ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസറായി ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ 2015-ൽ വീണ്ടും ചുമതലപ്പെടുത്തുകയുണ്ടായി.

(ബി) 27-9-2007-ൽ സമർപ്പിച്ച ഉന്നതാധികാര സമിതി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ 8 ജില്ലകളിലായി ഹാരിസൺ കമ്പനിയും അവരിൽനിന്നും ഭൂമി നേടിയവരും മറ്റ് കയ്യേറ്റക്കാരും ചേർന്ന് ആകെ 76,769.80 ഏക്കർ ഭൂമി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത ഭൂമി സംബന്ധിച്ചുള്ള പരിശോധനയാണ് പിന്നീട് വന്ന രണ്ട് സമിതികളും നടത്തിയിട്ടുള്ളത്. 25-4-2013-ലെ ഉത്തരവ് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസറായ ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-ന്റെ പരിശോധനയിൽ കണ്ടെത്തിയ ഭൂമിയുടെ വിവരം ജില്ല തിരിച്ച് താഴെ വിവരിക്കുന്നു.

| | | | |
|---|---|---|---|
| 1. | കൊല്ലം | - | 10213 ഏക്കർ |
| 2. | പത്തനംതിട്ട | - | 7635 ഏക്കർ |
| 3. | കോട്ടയം | - | 3645 ഏക്കർ |
| 4. | ഇടുക്കി | - | 16683 ഏക്കർ |
| 5. | തൃശ്ശൂർ | - | 6063 ഏക്കർ |
| 6. | വയനാട് | - | 28591 ഏക്കർ |
| 7. | എറണാകുളം | - | 3 ഏക്കർ |
| 8. | കോഴിക്കോട് | - | റിപ്പോർട്ട് ചെയതിട്ടില്ല |
| | ആകെ | - | 72,833 ഏക്കർ |

(സി) സർക്കാർ ഭൂമി തിരിച്ചുപിടിക്കാൻ ഉത്തരവ് നമ്പർ (എ)യിൽ പരാമർശിച്ച നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 25-4-2013-ലെ ജി.ഒ.(എം.എസ്.)161/2013/റവ. നമ്പർ ഉത്തരവ് പ്രകാരമാണ് 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഭൂമി ഏറ്റെടുക്കാൻ ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ ചുമതലപ്പെടുത്തിയിരുന്നത്. ആദ്യ ഘട്ടം നടപടി എന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഹാരിസൺ കമ്പനിയും അവരിൽനിന്നും ഭൂമി നേടിയവരും മറ്റ് കയ്യേറ്റക്കാരും കൈവശം വയ്ക്കുന്ന 38171 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ നടപടി സ്വീകരിച്ചു. എന്നാൽ പ്രസ്തുത നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ടി കമ്പനിയും മറ്റും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വിവിധ റിട്ടുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11-4-2018-ൽ വിധിന്യായം പുറപ്പെടുവിച്ചു. 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കാൻ സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ലെന്നും എന്നാൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാനും സർക്കാരിന് നിർദ്ദേശം നൽകി. ഈ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത എസ്.എൽ.പി.-കൾ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളിയ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യാൻ 6-6-2019-ലെ ജി.ഒ.(എം.എസ്.)172/2019/റവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സർക്കാർ ചുമതലപ്പെടുത്തിയിരുന്ന വിവിധ അന്വേഷണ സമിതികളുടെ റിപ്പോർട്ട് പ്രകാരം റവന്യൂ രേഖകളിൽ അനധികൃതമായി ഇംഗ്ലീഷ് കമ്പനികളുടെ പേരുകൾ ചേർത്ത് വ്യാജ റിക്കോർഡുകൾ തയ്യാറാക്കിയിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിദേശ കമ്പനികളുടെയും പൗരന്മാരുടെയും പേരുകളിലാണ് പോക്കുവരവ് ചെയ്ത് തണ്ടപ്പേർ നമ്പരുകൾ നൽകിയിട്ടുള്ളത്. നിലവിലെ കൈവശക്കാരുടെ പേരുകൾ അപൂർവ്വമായേ റവന്യൂ റിക്കോർഡുകളിൽ ചേർത്തിട്ടുള്ളൂ. ഈ സാഹചര്യത്തിൽ നിലവിലെ കൈവശക്കാർ ഭൂനികുതി ഒടുക്കുന്നത് സ്വാതന്ത്ര്യത്തിനുമുമ്പ് ഭൂമി കൈവശം വച്ചിരുന്ന വിദേശ കമ്പനികളുടെയും പൗരന്മാരുടെയും തണ്ടപ്പേർ നമ്പരുകളിലാകുന്നു. സ്പെഷ്യൽ ഓഫീസർ ഭൂനികുതി സ്വീകരിക്കുന്നത് വിലക്കിയിരുന്നതിനെതിരെ ധാരാളം റിട്ടുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. ഇത്തരം കേസുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്നും സർക്കാരിന്റെ ഭൂമി തിരിച്ചെടുക്കുന്നതിന് ഭൂനികുതി സ്വീകരിക്കുന്ന നടപടി തടസ്സമല്ലെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ആവർത്തിച്ച് വ്യക്തമാക്കിയതിനാൽ 6-6-2019-ലെ ടി സർക്കാർ ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി ഭൂനികുതി സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ**

259 (3103) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന പിറവം മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി സർക്കാരിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എല്ലാ അപേക്ഷകളും പരിഗണിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രളയത്തിൽ തകർന്ന പിറവം മണ്ഡലത്തിലെ മുഴുവൻ ഗ്രാമീണ റോഡുകളും അടിയന്തരമായി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

## ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം പ്രളയമുൾപ്പെടെയുള്ള അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം (immediate restoration) മാത്രമാണ് അനുവദനീയമായിട്ടുള്ളത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാനദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല. വെള്ളപ്പൊക്കക്കെടുതികളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ ചോരക്കുഴി പള്ളിത്താഴം റോഡ്, പിറവം മുനിസിപ്പാലിറ്റിയിലെ ഇരിപ്പാംകുടി ഇടപ്പള്ളി ചിറ റോഡിൽ ഇരിപ്പാംകുടിയിൽ നിന്നും 800 മീറ്റർ റോഡ്, കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ മില്ലുംപടി-മണ്ടപത്തിക്കുന്ന് റോഡ്, ചമ്പമല ജനതാ ജംഗ്ഷൻ-പടിഞ്ഞാറ് മലത്താഴം റോഡ്, പിറവം മുനിസിപ്പാലിറ്റിയിലെ കല്ലൂട്ടാമടാ-പെരിങ്ങാമല റോഡ്, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ ചിത്രാഞ്ജലി പഞ്ചായത്ത് റോഡ്, തിരുമാറാടി ഗ്രാമപഞ്ചായത്തിലെ എംഎൽ.എ. പടി-കുറുമ്പങ്കരത്താഴം പള്ളി റോഡ്, ഒലിയപ്പുറം-വെട്ടിക്കാട്ട്പാറ റോഡ്, ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരമല-കാച്ചിറ റോഡ്, പാമ്പാക്കട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ പാലം ചെന്നിക്കാട്ട് ചിറ-മുണ്ടകപാടം റോഡ്, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ വെളിയനാട് കോൺവെന്റ് റോഡ്, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ തൊണ്ടിലങ്ങാടി-പൊയ്യാറ്റിൻതാഴം റോഡ്, ചോറ്റാനിക്കര മുനിസിപ്പാലിറ്റിയിലെ എരുവേലി-അയ്യംകുഴി റോഡ്, മനക്കത്താഴം റോഡ്, രാമമംഗലം ഗ്രാമപഞ്ചായത്തിലെ കടവ്-നാരകത്തിൽക്കാട്ടിൽ റോഡ്, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ ഇഞ്ചിമല-ചെങ്ങോലപാടം റോഡ്, മണീട് ഗ്രാമപഞ്ചായത്തിലെ മുക്കടുത്താഴം-തിരുനിലത്ത്താഴം റോഡ് എന്നീ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തികൾക്ക് മാത്രമാണ് പ്രസ്തുത നിധി വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നൽകാനാകുന്നത്. ഇതുകൂടാതെ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ആമ്പല്ലൂർ, ചോറ്റാനിക്കര,

മുളന്തുരുത്തി ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ ആമ്പല്ലൂർ, മുളന്തുരുത്തി പഞ്ചായത്തുകളിൽ ലഭിച്ച അപേക്ഷകൾ പരിഗണിച്ച് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടില്ല.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകിയ പുനരുദ്ധാരണ പ്രവൃത്തികൾ കൂടാതെ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.

## വാടാനപ്പള്ളി പഞ്ചായത്തിൽ ധനസഹായം നൽകാത്തത് സംബന്ധിച്ച പരാതി

260 (3104) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിൽ കഴിഞ്ഞ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നൂറോളം പേരുടെ ധനസഹായത്തിനുള്ള അപേക്ഷകളിൽ ഫോട്ടോയില്ല, അറ്റാച്ച്മെന്റില്ല, ലൊക്കേഷൻ വ്യക്തമല്ല, ഫോട്ടോ വ്യക്തമല്ല എന്നിങ്ങനെയുള്ള കാരണങ്ങൾ പറഞ്ഞ് ധനസഹായം നൽകാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായ അന്വേഷണം നടത്താതെ ധനസഹായം നിഷേധിച്ചതായി ആക്ഷേപമുള്ള നടപടി പുനഃപരിശോധിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൃത്യമായി അന്വേഷണം നടത്താതെ ധനസഹായം നിഷേധിച്ചതായി ആക്ഷേപമുള്ളവർ 31-1-2019-നുള്ളിൽ സമർപ്പിച്ച എല്ലാ പരാതികളും പരിശോധിച്ച് ആവശ്യമായ ധനസഹായ വിതരണം നടന്നുവരുന്നു.

## തൃശ്ശൂർ ജില്ലയിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

261 (3105) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി 2018-19-ൽ തൃശ്ശൂർ

ജില്ലയിലെ ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ 2017-18-ൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിയായ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017-18 കാലയളവിൽ ഭരണാനുമതി ലഭിച്ച ഊരകം പറപ്പൂർ റോഡ്, ഊരകം റിംഗ് റോഡ്, ഒരുകാൽ കുന്ന് അംഗൻവാടി ജില്ലാ അതിർത്തി റോഡ്, ചൂണ്ടൽ ഹോസ്പിറ്റൽ റോഡ്, തായങ്കാവ് അമ്പലം ചിറപ്പറമ്പ് റോഡ്, പറപ്പൂക്കാവ് അമ്പലം വഴി പട്ടിക്കര റോഡ് എന്നീ 5 പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ല് സമർപ്പിച്ചിട്ടുണ്ട്.

**തഴക്കര സ്മാർട്ട് വില്ലേജ് ഓഫീസ്**

262 (3106) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം വില്ലേജാഫീസുകളെയാണ് സ്മാർട്ട് വില്ലേജുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) തഴക്കര വില്ലേജോഫീസിനെ സ്മാർട്ട് വില്ലേജ് ആഫീസ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) തഴക്കര വില്ലേജ് ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ കണ്ണമംഗലം, വെട്ടിയാർ എന്നീ വില്ലേജ് ഓഫീസുകൾ 2019-20 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) 2018-19-ലെ പ്ലാൻ സ്കീമിൽ തഴക്കര വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ തഴക്കര വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടില്ല.

**ഫ്രണ്ട് ഓഫീസ് സംവിധാനം**

263 (3107) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) പൊതുജന സമ്പർക്കം ഏറെയുള്ള വില്ലേജ് ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെ ഫ്രണ്ട് ഓഫീസുകളിൽ നിയമിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് എന്ന നിലയിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും നിലവിലുള്ള ജീവനക്കാരെ ക്രമീകരിച്ച് അപേക്ഷാ സ്വീകരണ/ അന്വേഷണ കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നു.

(ബി & സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**ജനസൗഹൃദ വില്ലേജ് ഓഫീസുകൾ**

264 (3108) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജോഫീസുകൾ ജനസൗഹൃദ ഓഫീസുകൾ ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട് ഓഫീസ് പദ്ധതി ആവിഷ്കരിച്ചതിലൂടെ പൊതുജനങ്ങൾക്ക് വില്ലേജോഫീസുകൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ടോ;

(സി) സേവനാവകാശ നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ വില്ലേജോഫീസുകളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും കാലവിളംബം ഉണ്ടാകുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) നികുതി സ്വീകരിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽനിന്നുള്ള സേവനങ്ങൾ ഏത് സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

(ബി) ഉണ്ട്.

(സി) കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നതുൾപ്പെടെയുള്ള ഭൂമി സംബന്ധമായ എല്ലാ പരാതികൾക്കും നടപടി സ്വീകരിക്കുന്നതിനായി 26-8-2017-ലെ സ.ഉ.(എം.എസ്.) 303/2017-1-റവന്യൂ സർക്കാർ ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**കായംകുളം താലൂക്ക് രൂപീകരിക്കുന്നതിന് നടപടി**

265 (3109) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കേന്ദ്രമാക്കി ഒരു താലൂക്ക് എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സർക്കാരിന്റെ അനുഭാവപൂർണ്ണമായ ഇടപെടലുകൾ ഉണ്ടാകുമോ; വിശദമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ടീമിന്റെ പ്രവർത്തനത്തിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ Kerala State Remote Sensing & Environment Centre എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള data ലഭ്യമാക്കുന്നതിനുള്ള നടപടികളും അത് കൂടാതെ എല്ലാ ജില്ലകളിൽനിന്നും എല്ലാ വില്ലേജുകളുടെയും സർക്കാർ ഭൂമിയുടെയും ഭൂമി ഉടമകളുടെയും കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം, ആകെയുള്ള ഭൂവുടമകളുടെ എണ്ണം, വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന ലൊക്കേഷന്റെ പേര്, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയംഭരണ സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും 2011-ലെ ജനസംഖ്യാ നിരക്കും എന്നീ വിവരങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റലൈസ് ചെയ്തുകഴിഞ്ഞാൽ പഠന റിപ്പോർട്ടിന്റെ ഒന്നാം ഘട്ടം പൂർത്തിയാകുന്നതാണ്. അതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## റീസർവ്വേ

266 (3110) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസിൽ സർവ്വേയർമാരെ നിയമിക്കുന്നത് സംബന്ധിച്ച ഫയലിൻമേൽ തീരുമാനം ആയിട്ടുണ്ടോ;

(ബി) റീസർവ്വേ സ്വകാര്യ ഏജൻസിക്ക് നൽകാൻ തീരുമാനം ആയിട്ടുണ്ടോ;

(സി) സ്വകാര്യ ഏജൻസി നടത്തുന്ന റീസർവ്വേയിൽ സർക്കാർ സർവ്വേയർമാരുടെ പരിശോധനയും നടപടിയും ആവശ്യമാണോ;

(ഡി) റീസർവ്വേ നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര സർവ്വേയർമാരെയാണ് നിലവിൽ ആവശ്യമുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വില്ലേജ് ഓഫീസിൽ സർവ്വേയർമാരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും ആയിട്ടില്ല.

(ബി) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാന മുള്ളവരെയും സർവ്വേ ട്രെയിനിംഗ് സ്കൂളിൽനിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി 10-5-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 181/2018/റവന്യൂ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടി ഉത്തരവ് പ്രകാരം ഡിജിറ്റൽ സർവ്വേ ജോലികൾക്ക് സ്വകാര്യ ഏജൻസിയെ നാളിതുവരെ നിയോഗിച്ചിട്ടില്ലാത്തതാണ്.

(സി) സ്വകാര്യ ഏജൻസി റീസർവ്വേ നടത്തുമ്പോൾ ഇതിന്മേൽ സർക്കാർ സർവ്വേയർമാരുടെ പരിശോധനയും നടപടിയും ആവശ്യമാണ്.

(ഡി) റീസർവ്വേ നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കുന്നതിനും വാലിഡേഷൻ ജോലികൾ നിലവിൽ സർവ്വേ വകുപ്പിലുള്ള ജീവനക്കാരെക്കൊണ്ട് ചെയ്യിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലുള്ളവർക്കുപുറമെ അധികമായി സർവ്വേയർമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ജീവനക്കാരുടെ എണ്ണം**

267 (3111) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ തുടർച്ചാനുമതി ആവശ്യമുള്ള സർവ്വേ , റവന്യൂ ഓഫീസുകൾ ഏതൊക്കെയാണെന്നും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം തസ്തിക സഹിതവും അറിയിക്കാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിൽ തുടർച്ചാനുമതി ആവശ്യമുള്ള റവന്യൂ സർവ്വേ ആഫീസുകളും ടി ആഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ചുള്ള വിവരവും ചുവടെ ചേർക്കുന്നു:

1. <u>സ്പെഷ്യൽ തഹസിൽദാർ (എൽ.എ)തൃശ്ശൂർ കോർപ്പറേഷൻ</u>

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സ്പെഷ്യൽ തഹസിൽദാർ | 1 |
| സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ | 1 |
| സെക്കന്റ് ഗ്രേഡ് സർവ്വേയർ | 1 |
| സീനിയർ ക്ലർക്ക് | 1 |
| ക്ലാർക്ക് | 1 |
| സ്പെഷ്യൽ വില്ലേജ് അസിസ്റ്റന്റ് | 2 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| ആഫീസ് അറ്റൻഡന്റ് | 1 |
| ചെയിൻമാൻ | 1 |
| ആകെ | 10 |

2. <u>സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ യൂണിറ്റ്-1 എൻ.എച്ച്.ഡി.പി, തൃശ്ശൂർ</u>

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| ഡെപ്യൂട്ടി കളക്ടർ | 1 |
| സ്പെഷ്യൽ തഹസിൽദാർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ഡെപ്യൂട്ടി തഹസിൽദാർ | 1 |
| റവന്യൂ ഇൻസ്പെക്ടർ | 2 |

| | |
|---|---|
| സർവ്വേയർ | 2 |
| ഡ്രാഫ്റ്റ്സ്മാൻ | 1 |
| സീനിയർ ക്ലാർക്ക് | 4 |
| ക്ലാർക്ക് | 3 |
| ചെയിൻമാൻ | 4 |
| യു.ഡി. ടൈപ്പിസ്റ്റ് | 1 |
| ടൈപ്പിസ്റ്റ് | 2 |
| ആഫീസ് അറ്റൻഡന്റ് | 4 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | 28 |

3. <u>സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ.എൻ.എച്ച് കൊടുങ്ങല്ലൂർ</u>

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ | 1 |
| വാല്യൂവേഷൻ അസിസ്റ്റന്റ് | 1 |
| സീനിയർ ക്ലാർക്ക് | 1 |
| ക്ലർക്ക് | 1 |
| ടൈപ്പിസ്റ്റ് | 1 |
| ആഫീസ് അറ്റൻഡന്റ് | 2 |
| ഡ്രൈവർ | 1 |
| ആകെ | 8 |

4. സ്പെഷ്യൽ തഹസിൽദാർ എൽ.എ (എൻ.എച്ച് 17) കൊടുങ്ങല്ലൂർ (4 യൂണിറ്റുകൾ)

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| സ്പെഷ്യൽ തഹസിൽദാർ | 4 |
| വാല്യൂവേഷൻ അസിസ്റ്റന്റ് | 4 |
| റവന്യൂ ഇൻസ്പെക്ടർ | 16 |
| സർവ്വേയർ | 10 |
| സീനിയർ ക്ലാർക്ക് | 10 |
| ക്ലാർക്ക് | 10 |
| ടൈപ്പിസ്റ്റ് | 4 |
| ആഫീസ് അറ്റൻഡന്റ് | 8 |
| ഡ്രൈവർ | 4 |
| ആകെ | 70 |

5. സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) തൃശ്ശൂർ

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| സ്പെഷ്യൽ തഹസിൽദാർ | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| വാല്യൂവേഷൻ അസിസ്റ്റൻറ് | 1 |
| റവന്യൂ ഇൻസ്പെക്ടർ | 1 |
| സർവ്വേയർ | 2 |
| സീനിയർ ക്ലർക്ക്/എസ്.വി.ഒ | 1 |
| ക്ലർക്ക്/വില്ലേജ് അസിസ്റ്റന്റ് | 3 |
| ടൈപ്പിസ്റ്റ് | 1 |
| ചെയിൻമാൻ | 4 |
| ആഫീസ് അറ്റൻഡന്റ് | 1 |
| ആകെ | 16 |

6. തൃശ്ശൂർ ആർ.ആർ.ഓഫീസ്

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| തഹസിൽദാർ | 1 |
| ഡെപ്യൂട്ടി തസഹിൽദാർ/ ജൂനിയർ സൂപ്രണ്ട് | 2 |
| റവന്യൂ ഇൻസ്പെക്ടർ | 3 |
| വില്ലേജ് ഓഫീസർ | 3 |
| സീനിയർ ക്ലർക്ക്/സ്പെഷ്യൽ വില്ലേജ് ആഫീസർ | 3 |
| ക്ലർക്ക്/വില്ലേജ് അസിസ്റ്റന്റ് | 3 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 2 |
| ആഫീസ് അറ്റൻഡന്റ് | 2 |
| ആകെ | 19 |

7. തൃശ്ശൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.സി. യൂണിറ്റ്) കൊച്ചിൻ ദേവസ്വം ബോർഡ്

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| സ്പെഷ്യൽ തഹസിൽദാർ | 1 |
| ഡെപ്യൂട്ടി തഹസിൽദാർ | 1 |
| ഹെഡ് സർവ്വേയർ | 1 |
| റവന്യൂ ഇൻസ്പെക്ടർ | 1 |
| സീനിയർ ക്ലർക്ക് | 1 |
| ക്ലർക്ക് | 1 |
| ആകെ | 6 |

8. <u>തൃശ്ശൂർ ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർ ആഫീസ്</u>

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| തഹസിൽദാർ | 1 |
| ഡെപ്യൂട്ടി തഹസിൽദാർ | 2 |
| സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ | 3 |
| സീനിയർ ക്ലർക്ക് | 2 |
| സ്പെഷ്യൽ വില്ലേജ് ആഫീസർ | 3 |
| ക്ലർക്ക് | 2 |
| വില്ലേജ് അസിസ്റ്റന്റ് | 6 |
| ടൈപ്പിസ്റ്റ് | 1 |
| ആഫീസ് അറ്റൻഡന്റ് | 8 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | 29 |

9. <u>തൃശ്ശൂർ അപ്പലേറ്റ് അതോറിറ്റി</u>

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| എച്ച്.സി/എച്ച്.എം.ഒ | 1 |
| സീനിയർ ക്ലർക്ക് | 2 |
| ക്ലാർക്ക് | 2 |
| സി.എ | 1 |
| ടൈപ്പിസ്റ്റ് | 1 |
| അറ്റൻഡർ | 1 |
| ആഫീസ് അറ്റൻഡന്റ് | 3 |
| ആകെ | 11 |

10. <u>തൃശ്ശൂർ ലാന്റ് ട്രിബ്യൂണൽ</u>

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സ്പെഷ്യൽ തഹസിൽദാർ | 1 |
| ഡെപ്യൂട്ടി തഹസിൽദാർ | 2 |
| സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ | 1 |
| സീനിയർ ക്ലർക്ക് | 2 |
| യു.ഡി. അക്കൗണ്ടന്റ് | 1 |
| ക്ലർക്ക് | 6 |
| ടൈപ്പിസ്റ്റ് | 1 |
| അറ്റൻഡർ | 1 |
| ആഫീസ് അറ്റൻഡന്റ് | 3 |
| ആകെ | 18 |

11. <u>കുന്ദംകുളം ലാന്റ് ട്രിബ്യൂണൽ</u>

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 5 | സീനിയർ ക്ലർക്ക് | 2 |
| 6 | യു.ഡി. അക്കൗണ്ടന്റ് | 1 |
| 7 | ക്ലാർക്ക് | 2 |
| 8 | ടൈപ്പിസ്റ്റ് | 1 |
| 9 | അറ്റൻഡർ | 1 |
| 10 | ആഫീസ് അറ്റൻഡന്റ് | 2 |
| | ആകെ | 13 |

12. <u>ഇരിങ്ങാലക്കുട ലാന്റ് ട്രിബ്യൂണൽ</u>

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ | 1 |
| 3 | ഹെഡ് ക്ലാർക്ക് | 0 |
| 4 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 5 | സീനിയർ ക്ലാർക്ക് | 1 |
| 6 | യു.ഡി. അക്കൗണ്ടന്റ് | 1 |
| 7 | ക്ലാർക്ക് | 3 |
| 8 | ടൈപ്പിസ്റ്റ് | 1 |
| 9 | അറ്റൻഡർ | 1 |
| 10 | ആഫീസ് അറ്റൻഡന്റ് | 2 |
| | ആകെ | 12 |

കൂടാതെ തൃശ്ശൂർ ജില്ലയിൽ താലൂക്ക് ലാന്റ് ബോർഡുകളിലായി (തൃശ്ശൂർ, തലപ്പിള്ളി, മുകുന്ദപുരം, ചാവകാട്ട്, കൊടുങ്ങല്ലൂർ, ചാലക്കുടി) 8 താൽക്കാലിക തസ്തികയും കളക്ടറേറ്റ് താലൂക്ക് ആഫീസിലായി 13 താൽക്കാലിക തസ്തികയും നിലവിലുണ്ട്.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി തഹസിൽദാർ | 3 |
| 2 | സീനിയർ ക്ലാർക്ക് | 4 |
| 3 | സി.എ. | 1 |
| 4 | യു.ഡി. അക്കൗണ്ടന്റ് | 1 |
| 5 | ക്ലാർക്ക് | 3 |
| 6 | എൽ.ഡി. ടൈപ്പിസ്റ്റ് | 3 |
| 7 | ഡ്രൈവർ | 1 |
| 8 | ആഫീസ് അറ്റൻഡന്റ് | 5 |
| | ആകെ | 21 |

ദുരന്ത നിവാരണ പ്രവർത്തന ഫണ്ടിലേയ്ക്കായി തൃശ്ശൂർ ജില്ലയിൽ 1 എൽ.ഡി. ക്ലർക്കിന്റെയും 1 യു.ഡി. ക്ലർക്കിന്റെയും തസ്തിക നിലവിലുണ്ട്.

| റീസർവ്വേ സൂപ്രണ്ടാഫീസ്, തൃപ്പൂണിത്തുറ | |
|---|---|
| തുടർച്ചാനുമതി ആവശ്യമുള്ള തസ്തിക | എണ്ണം |
| സർവ്വേ സൂപ്രണ്ട് | 1 |
| ഹെഡ് സർവ്വേയർ | 6 |
| സർവ്വേയർ | 29 |
| ഡ്രാഫ്റ്റ്സ്മാൻ | 5 |
| സീനിയർ/ജൂനിയർ ക്ലാർക്ക് | 2 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 3 |
| ആകെ | 47 |

| അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫിസ് (റെയ്ഞ്ച്), തൃശ്ശൂർ | |
|---|---|
| തുടർച്ചാനുമതി ആവശ്യമുള്ള തസ്തിക | എണ്ണം |
| ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| ഹെഡ് സർവ്വേയർ | 7 |
| ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | 7 |
| സർവ്വേയർ | 0 |
| ഡ്രാഫ്റ്റ്സ്മാൻ | 11 |
| ബൈന്റർ | 1 |
| ഡ്രൈവർ | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| സീനിയർ/ജൂനിയർ ക്ലർക്ക് | 3 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡർ | 2 |
| ആകെ | 35 |

| റീസർവ്വേ സൂപ്രണ്ടാഫീസ്, തൃശ്ശൂർ | |
|---|---|
| തുടർച്ചാനുമതി ആവശ്യമുള്ള തസ്തിക | എണ്ണം |
| സർവ്വേ സൂപ്രണ്ട് | 1 |
| ഹെഡ് സർവ്വേയർ | 5 |
| സർവ്വേയർ | 31 |
| ഡ്രാഫ്റ്റ്സ്മാൻ | 5 |
| ഹെഡ് ക്ലാർക്ക് | 1 |
| സീനിയർ/ജൂനിയർ ക്ലാർക്ക് | 3 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡർ | 2 |
| ആകെ | 49 |

| റീസർവ്വേ സൂപ്രണ്ടാഫീസ്, ചേർപ്പ് | |
|---|---|
| തുടർച്ചാനുമതി ആവശ്യമുള്ള തസ്തിക | എണ്ണം |
| സർവ്വേ സൂപ്രണ്ട് | 1 |
| ഹെഡ് സർവ്വേയർ | 5 |
| സർവ്വേയർ | 29 |
| ഡ്രാഫ്റ്റ്സ്മാൻ | 5 |
| ഹെഡ് ക്ലർക്ക് | 1 |
| സീനിയർ/ജൂനിയർ ക്ലർക്ക് | 3 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡർ | 2 |
| ആകെ | 47 |

| സർവ്വേ സൂപ്രണ്ടാഫീസ്,(റെയ്ഞ്ച്), വടക്കാഞ്ചേരി | |
|---|---|
| തുടർച്ചാനുമതി ആവശ്യമുള്ള തസ്തിക | എണ്ണം |
| സർവ്വേ സൂപ്രണ്ട് | 1 |
| ഹെഡ് സർവ്വേയർ | 5 |
| സർവ്വേയർ | 29 |
| ഡ്രാഫ്റ്റ്സ്മാൻ | 5 |

| | |
|---|---|
| ഹെഡ് ക്ലാർക്ക് | 1 |
| സീനിയർ/ജൂനിയർ ക്ലാർക്ക് | 3 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡർ | 4 |
| ആകെ | 49 |

**വില്ലേജോഫീസുകളിലെ സ്റ്റാഫ് പാറ്റേൺ**

268(3112) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറിയ കാലത്തിന് അനുസൃതമായ വിധത്തിൽ ജോലി ചെയ്യുന്നതിന് വില്ലേജോഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ തടസ്സമാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ലേജോഫീസർമാരുടെ ജോലിഭാരത്തെക്കുറിച്ച് പഠിച്ച കമ്മീഷനുകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം പല വില്ലേജ് ആഫീസുകളുടെയും പ്രവർത്തനം താളം തെറ്റുന്നുവെന്നതും ജനങ്ങൾക്ക് ഇതുമൂലം വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുവെന്നതും വസ്തുതയാണോ;

(ഡി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി വില്ലേജാഫീസുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അടിയന്തരമായി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അമിത ജോലിഭാരം അനുഭവപ്പെടുന്ന വില്ലേജുകളിൽ അത്യാവശ്യം ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ താൽക്കാലികമായി പുനർവിന്യസിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ജില്ലാകളക്ടർമാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## ആര്യങ്കാവിലെ പ്രിയ എസ്റ്റേറ്റിന്റെ പോക്കുവരവ്

269 (3113) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ വിറ്റ ആര്യങ്കാവിലെ "പ്രിയ " എസ്റ്റേറ്റ് പോക്കുവരവ് ചെയ്ത് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത എസ്റ്റേറ്റിന്റെ കരം സ്വീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ആര്യങ്കാവിലെ "പ്രിയ" എസ്റ്റേറ്റ് പേരിൽ പോക്കുവരവ് ചെയ്ത് നൽകിയിട്ടില്ല.

(ബി) പുനലൂർ താലൂക്കിൽ ആര്യങ്കാവ് വില്ലേജിൽ കൈലാസ് പ്ലാന്റേഷൻസിൽനിന്നും "പ്രിയ " എസ്റ്റേറ്റ് വാങ്ങിയ 492.13 സ്ഥലത്തിന്റെ കരം സ്വീകരിക്കാതിരുന്നതിനെതിരെയും ടി എസ്റ്റേറ്റ് സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ചോദ്യം ചെയ്തുകൊണ്ടും പ്രിയ എസ്റ്റേറ്റ് ഫയൽ ചെയ്ത കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 30-10-2018-ലെ വിധിയിൽ പ്രിയ എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച് കമ്പനി ന്യായമായ അവകാശം ഉന്നയിച്ചിട്ടുള്ളതിനാൽ KLC ആക്ട് പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ പാടില്ലായെന്നും ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി സർക്കാർ സിവിൽ കേസ് ഫയൽ ചെയ്യുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ഭൂമിയുടെ കരം കമ്പനി ഹാജരാക്കിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിധി 11-4-18-ലെ ഹാരിസൺ കേസുകളിലെ ഡിവിഷൻ ബഞ്ചിന്റെ വിധിന്യായം പിൻപറ്റിയിട്ടുള്ളതായിരുന്നു. അതിനെത്തുടർന്ന് ജില്ലാതലത്തിൽ നടപടികൾ സ്വീകരിച്ച് കരം സ്വീകരിക്കുകയും പിന്നീട് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച വന്നതായി കണ്ടെത്തിയതിനെത്തുടർന്ന് വില്ലേജ് ഓഫീസർ ആര്യങ്കാവ്, തഹസിൽദാർ പുനലൂർ, ആർ.ഡി.ഒ. പുനലൂർ എന്നി ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

## കരം അടയ്ക്കുവാൻ സാധിക്കുന്നില്ലെന്ന പരാതി

270 (3114) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട വെൺമണി കളീക്കൽ പടിഞ്ഞാറ്റേതിൽ ജേക്കബ് ജോൺ എന്ന വിമുക്തഭടന് പിതൃസ്വത്തായി ലഭിച്ച 43 സെന്റ് ഭൂമിയുടെ കരം കഴിഞ്ഞ 23 വർഷമായി അടയ്ക്കുവാൻ സാധിക്കുന്നില്ലായെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിക്ക് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(സി) ഇലക്ട്രോണിക് ടോട്ടൽ സർവ്വേ നടത്തി വസ്തുവിന്റെ രൂപരേഖയും റിപ്പോർട്ടും കളക്ടർക്ക് കൈമാറിയിട്ടും പരാതിക്ക് പരിഹാരം കാണാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(ഡി) ഈ വിഷയത്തിൽ അടിയന്തര തീരുമാനം കൈക്കൊണ്ട് ജേക്കബ് ജോണിന് കരം അടയ്ക്കുന്നതിന് അനുമതി നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ, വെൺമണി കളീക്കൽ പടിഞ്ഞാറ്റേതിൽ ജേക്കബ് ജോണിന്റെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. ജേക്കബ് ജോൺ, കളീക്കൽ, പടിഞ്ഞാറ്റേതിൽ, വെൺമണി എന്ന കക്ഷിക്ക് ആധാരപ്രകാരമുള്ള പടിഞ്ഞാറ് ഭാഗം റീസർവ്വേ 208/10-ൽ 15.70 ആർസ് സ്ഥലം പൂർണ്ണമായും വ്യക്തമായ അതിർത്തിയോടുകൂടി പരാതിക്കാരന്റെ കൈവശമുള്ളതും കിഴക്ക് ഭാഗത്തുള്ള 208/11-ൽപ്പെട്ട 17.35 ആർസ് സ്ഥലം ശ്രീമതി ശോശാമ്മ ജോർജ്ജ്, കളീക്കൽ വീട്, ജസ്സി എബ്രഹാം, അഭിലാഷ് ഭവൻ, വർഗ്ഗീസ് ജോർജ്ജ് കളീക്കൽ, രാജു ഭവനം, കെ. കെ. എബ്രഹാം കളീക്കൽ എന്നിവരുടെ കൈവശത്തിലും അനുഭവത്തിലുമാണ്. 1649/93 നമ്പർ ആധാരത്തിന്റെ വിവരണ പ്രകാരം ശ്രീ. ജേക്കബ് ജോണിന് അവകാശപ്പെട്ടത് റീസർവ്വേ നമ്പർ 208/11-ൽ 20 സെന്റ് സ്ഥലമാണെന്ന് കണ്ടതിനാൽ 13-1-1994-ലെ 7/93-94 നമ്പർ പോക്കുവരവ് നടപടി പ്രകാരം ആയത് അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്ത് 4712 നമ്പർ തണ്ടപ്പേർ പിടിക്കുകയുണ്ടായി. എന്നാൽ പിന്നീട് നടത്തിയ വിശദ പരിശോധനയിൽ ആധാരത്തിലെ വിവരങ്ങൾ പ്രകാരവും കൈവശാനുഭവത്തിന്റെ അടിസ്ഥാനത്തിലും അപേക്ഷകന് അവകാശപ്പെട്ട സ്ഥലം 208/10-ൽപ്പെട്ട 15.70 ആർസ് സ്ഥലമാണെന്ന് നിസ്സംശയം ബോധ്യപ്പെട്ടതിനാൽ ശരിയായ സ്ഥലപരിശോധന നടത്താതെ

നടത്തിയ 13-1-1994-ലെ 07/93-94-ാം നമ്പർ പ്രകാരമുള്ള പോക്കുവരവ് നടപടിക്രമം ചെങ്ങന്നൂർ അഡീഷണൽ തഹസിൽദാരുടെ 6-10-2008-ലെ എൽ.ആർ.എം. 11765/04-ാം നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. ടി റദ്ദ് ചെയ്യപ്പെട്ട 208/11-ൽപ്പെട്ട 17.35 ആർസ് പുരയിടമാണ് തന്റെ കൈവശത്തിലുള്ളതെന്ന് അവകാശപ്പെട്ടാണ് അപേക്ഷകൻ നിരന്തരം പരാതി സമർപ്പിക്കുന്നത്.

(സി) ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് വീണ്ടും അളന്ന് അപേക്ഷകന്റെ വസ്തു 208/10-ലുള്ള 15.70 ആർസ് വസ്തുവാണെന്ന് അപേക്ഷകനെ ബോധ്യപ്പെടുത്തിയിട്ടും 208/11-ലുള്ള 17.35 ആർസ് ആണ് തനിക്ക് കൈവശമെന്നാണ് ശ്രീ. ജേക്കബ് ജോണിന്റെ വാദം. അപേക്ഷകന്റെ കൈവശത്തിലുള്ള 208/10-ൽപ്പെട്ട 15.70 ആർസ് വസ്തുവിന് തിരുത്താധാരം എഴുതി പരിഹരിക്കേണ്ടതാണെന്നും ആല്ലാതെ ആധാരത്തിലെ സർവ്വേ നമ്പരും വിസ്തീർണ്ണവും പ്രകാരം റവന്യൂ രേഖകൾ തിരുത്തണമെന്ന ആവശ്യം പരിഗണിക്കാനാവില്ലെന്നും അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത തീർപ്പ് അപേക്ഷകൾ അംഗീകരിക്കാത്തതുകൊണ്ടാണ് പരാതിക്ക് പരിഹാരം കാണുവാൻ സാധിക്കാത്തത്.

(ഡി) റീസർവ്വേ റെക്കാർഡ് പ്രകാരം 208/10-ൽപ്പെട്ട 15.70 ആർസ് (38.77 സെന്റ്) തണ്ടപ്പേർ 6827-ാം നമ്പർ പ്രകാരം അപേക്ഷകന്റെ പേരിലുള്ളതും ടി സ്ഥലത്തിന് കരം അടയ്ക്കുന്നതിന് യാതൊരു നിയമ തടസ്സവുമില്ലാത്തതുമാണ്. 208/11-ൽപ്പെട്ട വസ്തു ശ്രീ. ജേക്കബ് ജോണിന് കൈവശമില്ലാത്തതും കരമടയ്ക്കാൻ നിർവ്വാഹമില്ലാത്തതുമാണ്.

## എസ്.ടി. കോളനി നിവാസികൾക്ക് വീട് കെട്ടുന്നതിനായി ഭൂമി

271 (3115) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ചെമ്പക്കാട് എസ്.ടി. കോളനി നിവാസികൾക്ക് വീട് കെട്ടുന്നതിനായി ബേഡഡുക്ക വില്ലേജിൽ കോളനിക്കടുത്തുള്ള ഒരേക്കർ ഭൂമി എസ്.ടി. വകുപ്പിന് നൽകുന്നതിനുള്ള ഫയലിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മേൽഭൂമിക്ക് അവകാശം ഉന്നയിച്ച വ്യക്തി രേഖ ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ഭൂമി വീടില്ലാത്ത ചെമ്പക്കാട് എസ്.ടി. കോളനി നിവാസികൾക്ക് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ചെമ്പക്കാട് എസ്.ടി. കോളനി നിവാസികൾക്ക് വീട് കെട്ടുന്നതിനായി കണ്ടെത്തിയ ബേഡഡുക്ക വില്ലേജിൽ കോളനിക്കടുത്തുള്ള 1 ഏക്കർ ഭൂമി ശ്രീമതി പൊള്ളാച്ചി, W/o അമ്പാടി, ശ്രീ. അബ്ദുൾ റഹ്മാൻ, S/o അണ്ണുണ്ണി ബിയറി എന്നവർക്ക് പതിച്ചു കൊടുക്കുന്നതിനായി എൽ.എ-84/84/ബേഡഡുക്ക നമ്പറായി ഓർഡർ ഓഫ് അസൈൻമെന്റ് നൽകിയിരുന്നതാണ്. എന്നാൽ ടിയാളുടെ ടി സ്ഥലം കൈവശം വയ്ക്കാത്തതിനാലും ടിയാളുകളോ ഇവരുടെ അനന്തരാവകാശികളോ ബേഡഡുക്ക വില്ലേജ് പരിധിയിൽ താമസമില്ലാത്തതിനാലും ഓർഡർ ഓഫ് അസൈൻമെന്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി ഓർഡർ ഓഫ് അസൈൻമെന്റ് റദ്ദ് ചെയ്തശേഷം അർത്ഥനയ്ക്കനുസരിച്ച് എസ്.ടി. വകുപ്പിന് ഭൂമി കൈമാറുന്നതിന്/ഭൂരഹിതരായ കോളനി നിവാസികൾക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈത്തിരി താലൂക്കിലെ വിവിധ പദ്ധതികൾ**

272 (3116) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈത്തിരി താലൂക്കിൽ എത്ര ഏക്കർ ഭൂമി സർക്കാരിലേക്ക് കണ്ടുകെട്ടിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ ഭൂമി ലഭ്യമായിട്ടില്ലാത്തതിനാൽ ബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ള വിവിധ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത താലൂക്കിൽ സർക്കാർ പ്രഖ്യാപിച്ച വിവിധ പദ്ധതികൾ ആരംഭിക്കുവാൻ യോഗ്യമായ എത്ര അളവ് ഭൂമിയുണ്ടെന്ന് വിശദമാക്കാമോ;

(ഡി) മുട്ടിൽ നോർത്ത് വില്ലേജിൽ സർക്കാർ ഏറ്റെടുത്ത ഭൂമിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭൂമി ഒന്നും സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ആരംഭിക്കുവാൻ യോഗ്യമായ റവന്യൂ ഭൂമി വൈത്തിരി താലൂക്കിൽ ലഭ്യമല്ല. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ

പേരിൽ ലക്കിടിയിൽ 7.08 ഏക്കറോളം ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. അതിൽ നിന്നും 4.17 ഏക്കർ ഭൂമി നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ NOC ലഭിച്ചിട്ടില്ല.

(ഡി) മുട്ടിൽ നോർത്ത് വില്ലേജിൽ ശ്രീ. ദേവി പ്രസാദ് മുതൽപേർ കൈയ്യേറി കൈവശം വച്ചിട്ടുള്ള 24.4040 ഹെക്ടർ സർക്കാർ ഭൂമി ഒഴിപ്പിച്ച് ഏറ്റെടുത്തിരുന്നുവെങ്കിലും ബഹു. ഹൈക്കോടതിയുടെ 10-1-2019-ലെ WP(c) 731/2019 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നത് തടഞ്ഞിട്ടുണ്ട്.

## നദികളിൽ മണൽ ഓഡിറ്റ്

273 (T*3117) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം നദികളിൽ മണൽ ഓഡിറ്റ് നടത്തുന്നതിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണൽ ഓഡിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) സർക്കാർ ഇതിനായി എത്ര തുകയാണ് ഏജൻസികൾക്ക് നൽകിയത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രളയത്തിനുശേഷം നദികളിൽ മണൽ ഓഡിറ്റ് നടത്തുന്നതിനായി താഴെപ്പറയുന്ന ഏജൻസികളെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്.

1. പമ്പ നദി C-Graf, ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ടുമെന്റ്, കേരള സർവ്വകലാശാല, തിരുവനന്തപുരം.
2. പെരിയാർ, മുവാറ്റുപുഴ: ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ്, കോട്ടയം.
3. ചാലിയാർ: സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്മെന്റ് തൃശ്ശൂർ.
4. കടലുണ്ടി: ജിയോടെക്നിക്കൽ എഞ്ചിനീയറിംഗ് ആന്റ് കൺസൾട്ടൻസി സർവ്വീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി.
5. ഇത്തിക്കര: ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്മെന്റ്: തിരുവനന്തപുരം

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

6. ഭരതപ്പുഴ & ളുതപ്പുഴ

1. ഡിപ്പാർട്ടുമെന്റ് ഓഫ് ജിയോളജി ആന്റ് എൺവയോൺമെന്റൽ സയൻസ്- ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട.

2. അഗ്രിക്കൾച്ചർ ആന്റ് ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഗ്രൂപ്പ്, തിരുവനന്തപുരം.

3. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, വടകര, കോഴിക്കോട്.

4. ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്, തിരുവനന്തപുരം.

(ബി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം വകുപ്പ് 9 (എ, ബി) പ്രകാരം നദികളിൽ മണൽവാരൽ അനുവദിക്കാവുന്ന കടവോ നദീതീരമോ കണ്ടെത്തുക, ഒരു കടവിൽ നിന്നോ നദീതീരത്തുനിന്നോ ശാസ്ത്രീയമായി വാരാവുന്ന മൊത്തം മണലിന്റെ അളവ് നിശ്ചയിക്കുക, എന്നിവയും 2002-ലെ നദീസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം നദീസംരക്ഷണം ഉറപ്പുവരുത്തുകയുമാണ് സാന്റ് ഓഡിറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(സി) പമ്പ, പെരിയാർ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി എന്നീ നദികളിൽ സാന്റ് ആഡിറ്റ് നടത്തുന്നതിന് കിലോമീറ്ററിന് 14,000 രൂപ നിരക്കും, ഇത്തിക്കരയുടെ സാന്റ് ആഡിറ്റിന് കിലോമീറ്ററിന് 10,000 രൂപയുമാണ് 24-1-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 254/2019/റവന്യൂ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. അതോടൊപ്പം ഡിജിറ്റൈസേഷൻ നടത്തുന്നതിന് നദി ഒന്നിന് 50,000 രൂപയും നിശ്ചയിച്ചിട്ടുണ്ട്. ഭാരതപ്പുഴയുടെ സാന്റ് ആഡിറ്റ് നടത്തുന്നതിന് കിലോമീറ്ററിന് 20,000 രൂപയും ഡിജിറ്റൈസേഷൻ നടത്തുന്നതിന് ഓരോ നദീഭാഗത്തിനും 50,000 രൂപയുമാണ് 23-5-2019-ലെ സ.ഉ,(സാധാ) നമ്പർ 1180/2019/റവന്യൂ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. ളുതപ്പുഴയുടെ സാന്റ് ആഡിറ്റ് നടത്തുന്നതിന് കിലോമീറ്ററിന് 11,000 രൂപയാണ്, 24-10-2017-ലെ സ.ഉ.(സാധാ) നമ്പർ 355/2017/റവന്യൂ പ്രകാരം നിശ്ചയിട്ടിച്ചുള്ളത്. സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന്റെ മൊബൈലൈസേഷൻ അഡ്വാൻസായി പാലക്കാട് ജില്ലയിൽ നിന്നും 3 ലക്ഷം രൂപയും കൊല്ലം ജില്ലയിൽ നിന്നും 1 ലക്ഷം രൂപയും ചേർത്ത് 4 ലക്ഷം രൂപയാണ് ഇതുവരെ ഏജൻസികൾക്ക് നൽകിയിട്ടുള്ളത്.

## പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമി/എസ്റ്റേറ്റുകൾ

274 (3118) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ ഏതെല്ലാം എസ്റ്റേറ്റുകൾ, പാട്ടഭൂമി എന്നിവ ഈ സർക്കാരിന്റെ കാലത്ത് തിരികെ പിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഭൂമി ഏറ്റവും കൂടുതൽ തിരികെപിടിച്ചത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ല:- കേസ്സുകൾ ഇല്ല.

2. കൊല്ലം ജില്ല:- 3 കേസ്സുകൾ (0.7717 ഹെക്ടർ)

a) മജീദിയ ഫ്രീനൈറ്റ് സ്കൂൾ, കൊല്ലം താലൂക്ക്, മുണ്ടയ്ക്കൽ വില്ലേജ്, 6.42 ആർസ്

b) നിർമ്മിതി കേന്ദ്രം, കൊട്ടാരക്കര താലൂക്ക്, വെളിയം വില്ലേജ്, 60.70 ആർസ്

c) ശ്രീ. രജ്ഞമോൻ, കരുനാഗപ്പള്ളി താലൂക്ക്, കരുനാഗപ്പള്ളി വില്ലേജ്, 0.0580 ആർസ്.

3) പത്തനംതിട്ട ജില്ല:- കേസ്സുകൾ ഇല്ല.

4) ആലപ്പുഴ ജില്ല:-01 കേസ് (1.09 ഹെക്ടർ)

ചേർത്തല താലൂക്കിൽ കൊക്കൊതമംഗലം വില്ലേജിൽ സർവ്വേ നമ്പർ 173/16, 174/1 എന്നിവയിൽപ്പെട്ട 1.09 ഹെക്ടർ ഭൂമി മെസേഴ്സ് മാക്സ്വൽ എന്ന കമ്പനിക്ക് പാട്ടത്തിന് കൊടുത്തിട്ടുള്ളതും പാട്ട വ്യവസ്ഥ ലംഘിച്ച് പാട്ടഭൂമിയിൽ അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതിനാൽ പാട്ടം റദ്ദ് ചെയ്ത് 6-2-2019-ൽ തിരികെ സർക്കാരിലേയ്ക്ക് കസ്റ്റഡിയിൽ എടുത്തിട്ടുള്ളതും ടി നടപടിക്കെതിരെ കമ്പനി അധികൃതർ ബഹു. ഹൈക്കോടതിയിൽ WP(C) 9498/19-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും 27-3-2019-ലെ കോടതി ഉത്തരവ് പ്രകാരം ടി നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതുമാണ്.

5) കോട്ടയം ജില്ല:- കേസുകൾ ഇല്ല.

6) എറണാകുളം ജില്ല:- 22 കേസുകൾ (4.3483 ഹെക്ടർ)

a) കൊച്ചി താലൂക്കിലെ 52.22 ആർ ഭൂമി ആസ്പിൻവാൾ കമ്പനിയിൽ നിന്നും ഏറ്റെടുത്തു.

b) കോതമംഗലം താലൂക്കിലെ 2.5627 ഹെക്ടർ ഭൂമി ഒരു വ്യക്തിയിൽ നിന്നും ഏറ്റെടുത്തു.

c) കുന്നത്തുനാട് താലൂക്കിലെ 1.2634 ഹെക്ടർ ഭൂമി 20 വ്യക്തികളിൽ നിന്നുമായി ഏറ്റെടുത്തു.

7. പാലക്കാട് ജില്ല:- കേസുകൾ ഇല്ല.

8. മലപ്പുറം ജില്ല:- 1 കേസ് (0.0525 ഹെക്ടർ)

ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ 646/4-ൽ 5 സെന്റും 645/5-ൽ 3 സെന്റും ഉൾപ്പെടെ ആകെ 8 സെന്റ് ഭൂമി മലപ്പുറം പ്രസ്സ് ക്ലബ്ബിന് പാട്ടത്തിന് അനുവദിച്ചത് തിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

9. കോഴിക്കോട് ജില്ല:- കേസുകൾ ഇല്ല

10. വയനാട് ജില്ല: കേസുകൾ ഇല്ല.

11. കണ്ണൂർ ജില്ല:- കേസുകൾ ഇല്ല.

12. കാസർഗോഡ് ജില്ല: കേസുകൾ ഇല്ല.

13. തൃശ്ശൂർ ജില്ല:- 02 കേസ്സുകൾ (2.4170 ഹെക്ടർ)

a) ചാലക്കുടി താലൂക്ക് മുരിങ്ങൂർ തെക്കുമുറി വില്ലേജിലെ മെസേർസ് വൈഗ ട്രേഡ്സ്, കൊരട്ടി എന്ന സ്ഥാപനത്തിന് നൽകിയ സർവ്വേ 758-ൽ 30.57 ഏക്കർ ഭൂമി പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് സർക്കാർ ഏറ്റെടുത്തിട്ടുള്ളതും ടി സ്ഥാപനത്തിൽ നിന്നും 177,09,32,175 രൂപ പാട്ട കുടിശ്ശികയായി കണക്കാക്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹു. കർണ്ണാടക ഹൈക്കോടതി ലിക്വിഡേറ്ററെ വച്ച് അസറ്റ്സ് & ഇഫക്ട്സ് ഏറ്റെടുത്തിട്ടുള്ളതിനാൽ പാട്ട കുടിശ്ശിക ലഭ്യമാക്കുന്നതിനുവേണ്ടി ക്ലെയിം പെറ്റീഷൻ ചെയ്യുന്നതിലേയ്ക്കുള്ള നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

b) തലപ്പള്ളി താലൂക്കിൽ തിരുവില്വാമല വില്ലേജ് സർവ്വേ 632/3-ൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി തെക്കേ പാറപ്പുറത്ത് പത്തായപുരയിൽ ചേരുട്ട് കല്യാണി അമ്മ എന്നവർക്ക് പാട്ടത്തിന് നൽകിയിരുന്നു. ടി സ്ഥലം നിലവിൽ ചക്കിംഗൽ സുഭദ്രാമ്മ മകൻ ശ്രീ. രാമചന്ദ്രൻ, ടിയാൻ ഭാര്യ വത്സല എന്നിവർ കൈവശം വച്ചുവരുന്നു. പ്രസ്തുത ഭൂമി പാട്ട വ്യവസ്ഥ ലംഘിച്ച് കൈമാറ്റം ചെയ്തിട്ടുള്ളതായി കാണുന്നതിനാൽ പാട്ടം റദ്ദ് ചെയ്ത് ഭൂമി ഏറ്റെടുത്തു.

14) ഇടുക്കി ജില്ല:- 01 കേസ് (0.0890 ഹെക്ടർ)

മൂന്നാർ വില്ലേജിൽ ലൗഡേൽ റിസോർട്ടിന് നൽകിയിരുന്ന 22 സെന്റ് പാട്ടഭൂമി ഏറ്റെടുത്തു.

(ബി) തൃശ്ശൂർ ജില്ല 12.4170 ഹെക്ടർ സ്ഥലം.

**പട്ടയ വിതരണം**

275 (3119) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) അർഹരായ എല്ലാപേർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ നാളിതുവരെ 106450 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഒന്ന് ലാൻഡ് ട്രൈബ്യൂണൽ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുകയും 67819 കുടുംബങ്ങൾക്ക് കുടിയായ്മ, കുടികിടപ്പ് തുടങ്ങിയ ഇനങ്ങളിൽ ക്രയസർട്ടിഫിക്കറ്റ് (എൽ.റ്റി. പട്ടയം) നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹു. സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച 19000 ഏക്കർ ഭൂമി പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഉൾപ്പെട്ടുവരുന്ന പ്രസ്തുത ഭൂമിയിൽ നാളിതുവരെ 3554.61 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) 1. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടികിടന്നിരുന്ന ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഒന്ന് കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3 വർഷത്തിനകം തീർപ്പാക്കി. അതിൽ 67819 ആളുകൾക്ക് ക്രയ സർട്ടിഫിക്കറ്റ് (പട്ടയം) ലഭിക്കുകയുണ്ടായി.

2. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ 500-ൽ താഴെയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. നാഷണൽ ഹൈവേയുടെ ഭൂമി ഏറ്റെടുക്കൽ ജോലികൾ നിർവ്വഹിക്കാനുണ്ടായിരുന്ന 14 ഓഫീസുകളെ ലാൻഡ് ട്രൈബ്യൂണലിന്റെ അധിക ചുമതലയിൽ നിന്ന് ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു.

4. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ)-യ്ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

5. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി.

6. കേസ് തീർപ്പാക്കാൻ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് നടത്തിവരുന്നു.

**രണ്ടാം ഗ്രേഡ് സർവ്വേയർമാരുടെ സ്ഥാനക്കയറ്റ ഒഴിവുകൾ**

276 (3120) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെ രണ്ടാം ഗ്രേഡ് സർവ്വേയർമാരുടെ എത്ര സ്ഥാനക്കയറ്റ ഒഴിവുകളാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് റിപ്പോർട്ട് ചെയ്യും;

(സി) 2019 ജനുവരി 1 മുതൽ മേയ് 31 വരെ എത്ര പേരാണ് സർവ്വേയർ തസ്തികയിൽ നിന്നും വിരമിച്ചത് ;ഗ്രേഡ് തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെ രണ്ടാം ഗ്രേഡ് സർവ്വേയർമാരുടെ 73 സ്ഥാനക്കയറ്റ ഒഴിവുകളാണ് നിലവിൽ വന്നത്.

(ബി) പ്രസ്തുത ഒഴിവുകളിൽ 9 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ റവന്യൂ വകുപ്പ് മുഖാന്തരം നടക്കുന്ന റീസർവ്വേ നടപടികളുടെ ഭാഗമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ റവന്യൂ വകുപ്പിൽ തുടരുന്ന 635 സർവ്വേയർമാർ അധികമാണെന്ന് ധനകാര്യ വകുപ്പ് കണ്ടെത്തുകയും ടി തസ്തികകൾ സർവ്വേ വകുപ്പിൽ വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതികളിൽ ഉണ്ടായിത്തീരുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബാക്കി ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ആയത് പരിശോധിച്ച് വരുകയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളൂ.

(സി) 2019 ജനുവരി 1 മുതൽ മെയ് 31 വരെ 14 പേരാണ് സർവ്വേയർ തസ്തികയിൽ നിന്നും വിരമിച്ചത്. അതിൽ ഒരാൾ രണ്ടാംതരം സർവ്വേയറും ബാക്കി 13 എണ്ണം ഒന്നാം തരം സർവ്വേയർമാരുമാണ്.

**സർവ്വേ ഭൂരേഖ വകുപ്പിൽ തുടർച്ചാനുമതി നൽകിയിട്ടില്ലാത്ത തസ്തികകൾ**

277 (3121) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-7-2018 ലെ സ.ഉ (ആർ.റ്റി) 2673/2018/ആർ.ഡി. പ്രകാരം സർവ്വേ ഭൂരേഖ വകുപ്പിൽ തുടർച്ചാനുമതി നൽകിയിട്ടില്ലാത്ത തസ്തികകൾ വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകൾക്ക് തുടർച്ചാനുമതി നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ബി) സർവ്വേ ഭൂരേഖ വകുപ്പിൽ സർവ്വേയർ തസ്തികയ്ക്ക് തുടർച്ചാനുമതി നൽകിയിട്ടുണ്ടോ; ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കാൻ സർവ്വേയർമാരുടെ സേവനം ലഭിക്കുന്നില്ലായെന്ന പരാതി ഉയരുന്ന സാഹചര്യത്തിൽ തുടർച്ചാനുമതി നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്കായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ സർവ്വേ ഭൂരേഖ വകുപ്പിൽ തസ്തികകൾ കുറവുചെയ്യുതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) സർവ്വേ ഭൂരേഖ വകുപ്പിൽ നിന്നും ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് സർവ്വേയർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സർവ്വേയും ഭൂരേഖയും വകുപ്പിൽ തുടർച്ചാനുമതി നൽകിയിട്ടില്ലാത്ത തസ്തികകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1.ഹെഡ് സർവ്വേയർ | - | 78 |
| 2.ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | - | 14 |
| 3.സർവ്വേയർ | - | 635 |
| 4.ഡ്രാഫ്റ്റ്സ്മാൻ | - | 58 |
| 5. ബൈന്റർ | - | 13 |
| 6. ബ്ലൂപ്രിന്റർ | - | 1 |
| 7. ടൈപ്പിസ്റ്റ് | - | 32 |
| 8. അറ്റൻഡർ | - | 16 |
| 9. ഓഫീസ് അറ്റന്റന്റ് | - | 95 |

റവന്യൂ വകുപ്പ് മുഖാന്തരം നടക്കുന്ന റീസർവ്വേ നടപടികൾക്കായി സർവ്വേ വകുപ്പുകളിൽനിന്നും ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ താൽക്കാലികമായി റവന്യൂ വകുപ്പിൽ നിയമിച്ചുവരുന്നു. കാലാകാലങ്ങളിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടിയാണ് ടി ജീവനക്കാർക്ക് തുടർച്ചാനുമതി നൽകി വന്നിരുന്നത്. ഇത്തരത്തിൽ നിയമിച്ചുവരുന്ന ജീവനക്കാരുടെ 942 തസ്തികകൾ അധികമാണെന്ന് ധനകാര്യ വകുപ്പ് കണ്ടെത്തുകയും ടി തസ്തികകൾ സർവ്വേ വകുപ്പിൽ വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതികളിൽ ഉണ്ടായിത്തീരുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുതിന്റെ അടിസ്ഥാനത്തിലാണ് തുടർച്ചാനുമതി ടി തസ്തികകൾക്ക് നൽകുവാൻ കഴിയാത്തത്. മറ്റ് പഠനങ്ങൾ ഇക്കാര്യത്തിൽ നടത്തിയിട്ടില്ല.

ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് സർവ്വേയർമാരുടെ സേവനം ലഭിക്കുന്നില്ല എന്ന പരാതി നിലവിലുണ്ട്. എന്നാൽ സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സമീപകാലത്ത് ഉടലെടുത്തതാണ്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേയ്ക്ക് സർവ്വേയർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ താൽക്കാലികമായി നിയമിച്ചുവരുന്നു.

## സർവ്വേയർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്നവർ

278 (3122) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ- ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ്, കരാർ, എംപ്ലോയ്മെന്റ്, ദിവസ കൂലി എന്നീ വ്യവസ്ഥകളിൽ എത്ര പേർ സർവേയർ ഗ്രേഡ് II തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിൽ നിന്നും മറ്റുള്ള വകുപ്പുകളിൽ നിന്നുമായി സർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് എന്നീ വ്യവസ്ഥയിൽ എത്ര പേർ ജോലിചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിൽ ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ്, കരാർ, എംപ്ലോയ്മെന്റ്, ദിവസക്കൂലി എന്നീ വ്യവസ്ഥകളിൽ സർവ്വേയർ ഗ്രേഡ് II തസ്തികയിൽ ആരും നിലവിൽ ജോലി ചെയ്യുന്നില്ല. പ്രസ്തുത തസ്തികയിൽ പി.എസ്.സി. മുഖാന്തരം മാത്രമേ നിയമനം നടത്തുന്നുള്ളൂ.

(ബി) റവന്യൂ വകുപ്പിൽ നിന്നും മറ്റുള്ള വകുപ്പുകളിൽ നിന്നുമായി സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിൽ ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് എന്നീ വ്യവസ്ഥയിൽ ആരും ജോലി ചെയ്യുന്നില്ല.

## റീസർവ്വേ നടപടികൾ

279 (3123) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ ഏതൊക്കെയാണെന്നും എന്നു മുതലാണെന്നും വ്യക്തമാക്കാമോ;

(ബി) റീസർവ്വേ നിലവിൽ വന്ന വില്ലേജുകളിൽ ഓൺലൈൻ കരം അടവിന് സൗകര്യം നിലവിലുണ്ടോ, ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിലാണ് ഇതിന് സൗകര്യമില്ലാത്തതെന്നും എന്തുകൊണ്ടെന്നും അറിയിക്കാമോ;

(സി) എല്ലാ വില്ലേജുകളിലും ഓൺലൈൻ നികുതി അടവിന് സൗകര്യം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 (1-6-2019-ന് കോട്ടയം ജില്ല വൈക്കം താലൂക്കിലെ കടുത്തുരുത്തി വില്ലേജ്, തിരുവനന്തപുരം ജില്ല, തിരുവനന്തപുരം താലൂക്കിലെ വഞ്ചിയൂർ വില്ലേജ് 15-6-2019 എന്നിവ ഉൾപ്പെടെ) വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 758 വില്ലേജുകളുടെ റീസർവ്വേ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ട്. റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകളുടെ/ദേശങ്ങളുടെ വിവരം അനുബന്ധം ആയി* ചേർക്കുന്നു.

(ബി & സി) സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിലും ഓൺലൈൻ കരം അടവിന് സൗകര്യമുണ്ട്. മറ്റ് വില്ലേജുകളിൽ ബി.റ്റി.ആർ. ഡാറ്റാ എൻട്രി നടത്തുന്ന മുറയ്ക്ക് സംസ്ഥാനത്ത് പൂർണ്ണമായും വില്ലേജ് ഓഫീസിലെ കരം ഓൺലൈനായി അടയ്ക്കുവാൻ കഴിയുന്നതാണ്. നിലവിൽ ഓൺലൈൻ കരം അടവിന് സൗകര്യമില്ലാത്ത വില്ലേജുകളുടെ വിവരം അനുബന്ധം ആയി *ചേർക്കുന്നു.

**ഭൂസംബന്ധമായ രേഖകളുടെ വെബ് അധിഷ്ഠിത ഏകോപനം**

280 (3124) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂസംബന്ധമായ രേഖകൾ വെബ് അധിഷ്ഠിതമായി ഏകോപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ; ഏതൊക്കെ വകുപ്പുകൾക്കാണ് പ്രസ്തുത പദ്ധതി ഉപയോഗപ്പെടുത്താൻ കഴിയുന്നതെന്ന് അറിയിക്കുമോ;

(സി) നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സർവ്വേ ചെയ്തതിന് ശേഷമാണോ പ്രസ്തുത രേഖകൾ വെബ് മുഖേന ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഭൂസംബന്ധമായ സേവനങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി ഗുണകരമാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭൂസംബന്ധമായ രേഖകൾ ഏകോപിപ്പിക്കുന്ന പദ്ധതികളാണ് റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS), ഓപ്പൺ പേൾ, ഭൂ-നക്ഷ എന്നിവ.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഓപ്പൺ പേൾ. പ്രസ്തുത പദ്ധതിയിൽ ഓൺലൈനായി വിവിധ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുകയും, സബ് രജിസ്ട്രാർ അംഗീകരിക്കുന്ന മുറയ്ക്ക് പോക്കുവരവ് നടത്തുന്നതിനുള്ള ആധാരങ്ങൾ ഓൺലൈനായി അതാത് വില്ലേജ് ഓഫീസുകളിലേയ്ക്ക് എത്തുകയും ചെയ്യുന്നു. അയതിന്റെ തുടർച്ചയായി റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ് റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS). പ്രസ്തുത പദ്ധതിയിൽ ഓൺലൈൻ പോക്കുവരവ്, വിവിധ റവന്യൂ പിരിവുകൾ എന്നിവയാണ് ചെയ്തുപോരുന്നത്. പ്രസ്തുത പദ്ധതികൾക്ക് പുറമെ റവന്യൂ, സർവ്വേ വകുപ്പുകൾ സംയോജിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഭൂ-നക്ഷ. പ്രസ്തുത പദ്ധതിയിൽ വെക്ടറൈസേഷൻ നടത്തിയ മാപ്പുകൾ ഒരു ഫീൽഡ് സ്കെച്ച് എന്ന നിലയ്ക്ക് പ്രയോജനപ്പെടുത്തി ഓൺലൈൻ പോക്കുവരവ് സംവിധാനവുമായി ലിങ്ക് ചെയ്യുന്നതിനുള്ള നടപടികൾ NIC-യുമായി ചേർന്ന് നടത്തിവരുന്നു. ഇതിനായി NIC വികസിപ്പിച്ചിട്ടുള്ള മാപ്പിംഗ് സോഫ്റ്റ് വെയറായ 'ഭൂ-നക്ഷ' പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(സി) നിലവിൽ ഇപ്രകാരമുള്ള സംവിധാനമില്ല. നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് ഡിജിറ്റൽ ലാന്റ് സർവ്വേ ചെയ്ത് ഡിജിറ്റൽ ലാന്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയാൽ മാത്രമേ റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ ഭൂസംബന്ധമായ രേഖകൾക്കൊപ്പം സർവ്വേ രേഖകൾ കൂടി സംയോജിപ്പിച്ച് മൂന്ന് വകുപ്പുകളുടെയും ഭൂ സംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിലൂടെ വെബ് അധിഷ്ഠിത സേവനം പ്രദാനം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

(ഡി) പൊതുജനങ്ങൾക്ക് സേവനങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി ഗുണകരമാകും. വെബ് അധിഷ്ഠിത വിവരങ്ങൾ ഒരു ഓൺലൈൻ സംവിധാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ലോകത്തിന്റെ ഏതൊരു കോണിലിരുന്നും അയാളുടെ നികുതി അടയ്ക്കുന്നതിനും, ഭൂസംബന്ധമായ വിവരങ്ങൾ കാണുന്നതിനും സാധിക്കുന്നതാണ്. ഓഫീസ് അധിഷ്ഠിതമല്ലാതെയുള്ള സമ്പ്രദായമായതിനാൽ ഓഫീസ് സമയത്തിനുശേഷവും സേവനങ്ങൾ ഓൺലൈനായി ലഭ്യമാകുന്ന എന്നതാണ് ഇതിന്റെ പ്രധാന നേട്ടം.

## സർവ്വേയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ

281 (3125) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നുമുതലാണ് നിലവിൽ വന്നതെന്നും ആയത് യഥാസമയം നികത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ?

ഉത്തരം

(എ & ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ, അവ നിലവിൽ വന്ന തീയതി, അവ യഥാസമയം നികത്താൻ കഴിയാത്തതിന്റെ കാരണം തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## 'ഗൃഹശ്രീ' പദ്ധതി

282 (3127) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച 'ഗൃഹശ്രീ' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) അപേക്ഷകരായ ഗുണഭോക്താക്കളുടെ ഭൂമിയുടെ അളവിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിലൂടെ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാനായി അപേക്ഷകൾ സമർപ്പിക്കേണ്ട വിധം വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം (EWS), താഴ്ന്ന വരുമാന വിഭാഗം (LIG) എന്നിവയിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടും കൂടി വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപ നൽകുന്ന ഗൃഹശ്രീ പദ്ധതി 2013-14 വർഷം മുതൽ ബോർഡ് നടപ്പിലാക്കിവരുന്നു. ഇതിനായി സന്നദ്ധ സംഘടനകൾ 1 ലക്ഷം രൂപയും ഗുണഭോക്താവ് 1 ലക്ഷം രൂപയും സർക്കാർ സബ്സിഡി 2 ലക്ഷം രൂപയും ചേർത്ത് ആകെ 4 ലക്ഷം രൂപ നിർമ്മാണഘട്ട പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം 4 ഗഡുക്കളായി വിതരണം ചെയ്യുന്നു.

| | | |
|---|---|---|
| ഒന്നാം ഘട്ടം | | |
| (ബിൽഡിംഗ് പെർമിറ്റ് ലഭിച്ചാലുടൻ) | - | 50,000 രൂപ |
| രണ്ടാം ഘട്ടം | | |
| (ഫൗണ്ടേഷനും ബേസ്മെന്റും പൂർത്തിയാകുമ്പോൾ) | - | 1,00,000 രൂപ |
| മൂന്നാം ഘട്ടം (കൂരമട്ടമെത്തുമ്പോൾ) | - | 1,00,000 രൂപ |
| നാലാം ഘട്ടം (കൂര വാർത്ത് ഫിനിഷിംഗ് ജോലികൾ തുടങ്ങുകയും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പിന്റെ തീപിടിത്തത്തിനും, പ്രകൃതി ക്ഷോഭത്തിനും എതിരെ പരിരക്ഷ നൽകുന്ന ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോൾ) | - | 1,50,000 |
| ആകെ | - | 4,00,000 രൂപ |

(ബി) ഗുണഭോക്താക്കൾക്ക് സ്വന്തമായുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞത് 2 സെന്റ്/3 സെന്റ് ആയി നിശ്ചയിച്ചിട്ടുണ്ടെങ്കിലും കൂടുതൽ ഭൂമി ഉള്ളവർക്കും വരുമാന പരിധി (EWS-1 ലക്ഷം, LIG-2 ലക്ഷം) അനുസരിച്ച് അർഹത നിശ്ചയിക്കുന്നതാണ്.

(സി) ഗൃഹശ്രീ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ആകെ 146 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഡി) ഗൃഹശ്രീ ഭവന പദ്ധതി ആനുകൂല്യത്തിനായി സ്പോൺസർ ചെയ്യുന്ന വ്യക്തി/സംഘടനയാണ് ബോർഡിൽ ആദ്യം അപേക്ഷ സമർപ്പിക്കേണ്ടത്. സർക്കാരിൽനിന്നും സബ്സിഡി ഉറപ്പാക്കിക്കൊണ്ട് സ്പോൺസർമാർ നിർദ്ദേശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ സ്പോൺസർ വിഹിതമായി ഒരു ലക്ഷം രൂപ

വീതം ഓരോ ഗുണഭോക്താക്കൾക്കുംവേണ്ടി സ്പോൺസർ ബോർഡിൽ അടച്ചശേഷം പദ്ധതിക്കായി നിഷ്കർഷിച്ചിട്ടുള്ള വിഭാഗത്തിലും വരുമാന പരിധിയിലുംപെട്ട യോഗ്യരായവരെ അർഹതാ മാനദണ്ഡം പരിശോധിച്ച് ഭവന നിർമ്മാണ ബോർഡ് സുതാര്യമായ രീതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾ ബോർഡിന്റെ വെബ്സൈറ്റ് മുഖേന അപേക്ഷകൾ സമർപ്പിക്കുകയും ആയതനുസരിച്ചുള്ള രേഖകൾ ഹാജരാക്കിക്കൊണ്ട് ഗുണഭോക്തൃ വിഹിതം അടയ്ക്കുന്ന മുറയ്ക്ക് ഗഡുക്കൾ വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന സബ്സിഡി തുകയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് പത്ത് ശതമാനം സംവരണമായി മാറ്റിവയ്ക്കുന്നതാണ്. എന്നാൽ ഈ വിഭാഗത്തിൽ അപേക്ഷകരില്ലെങ്കിൽ ജനറൽ വിഭാഗത്തിൽനിന്നും ആവശ്യമായ എണ്ണം മുൻഗണനാടിസ്ഥാനത്തിൽ മാറ്റി നൽകുന്നതാണ്. കൂടുതൽ അപേക്ഷകർ ഉള്ള പക്ഷം പദ്ധതിയുടെ നിബന്ധനകൾ പാലിച്ചുകൊണ്ട് ആദ്യം അപേക്ഷ സമർപ്പിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്. കൂടുതൽ വീടുകൾക്കായി അപേക്ഷ സമർപ്പിച്ച വ്യക്തി/സംഘടനകൾക്ക് നിശ്ചിത എണ്ണം മാത്രം അനുവദിക്കുന്നതാണ്.

**ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദപരവുമായ ഭവന നിർമ്മാണം**

283 (3128) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. വി. ജോയി:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദപരവുമായ ഭവന നിർമ്മാണ രീതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും ഇണങ്ങുന്നതും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതുമായിരിക്കണം ഭാവിയിലെ ഓരോ നിർമ്മാണ പ്രവർത്തനവും എന്ന അവബോധം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധ്യമാകും വിധം പുതിയ ഭവന സാക്ഷരത ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഈ രംഗത്ത് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ഹൗസിംഗ് കമ്മീഷണറേറ്റ്, സംസ്ഥാന നിർമ്മിതി കേന്ദ്രം, എന്നീ സ്ഥാപനങ്ങൾ ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ ഭവന നിർമ്മാണ രീതികൾ നടപ്പിലാക്കുന്നതി നാവശ്യമായ വിവിധ പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2011-ലെ സംസ്ഥാന പാർപ്പിട നയത്തിൽ പരിസ്ഥിതി സൗഹൃദവും ഊർജ്ജ കാര്യക്ഷമതയും ചെലവ് കുറഞ്ഞതുമായ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം 'Promotion of Innovative Building Technologies & Housing Literacy Programme' എന്ന പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ സെമിനാറുകളും എക്സിബിഷനുകളും സംഘടിപ്പിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇടുക്കി ജില്ലയിലെ കുമളിയിൽ തോട്ടം തൊഴിലാളികൾക്കായി നിർമ്മിക്കുന്ന വാടക വീട് പദ്ധതിയിൽ RMD Technology (Rapid Monolithic Disaster Free Technology) ഉപയോഗിച്ചുള്ള നിർമ്മാണ രീതി അവലംബിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 14 റീജിയണൽ കേന്ദ്രങ്ങളിൽ ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ CEEF സാങ്കേതിക വിദ്യ (Cost Effective & Environment Friendly Technology) പ്രചരിപ്പിക്കുന്നതിനായി ഗൈഡൻസ് സെല്ലുകൾ പ്രവൃത്തിക്കുന്നുണ്ട്. പ്രസ്തുത ഗൈഡൻസ് സെല്ലുകൾ മുഖേന വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ CEEF ടെക്നോളജിയിൽ ഗവേഷണം നടത്തുക എന്ന ഉദ്ദേശത്തോടെ സ്ഥാപിതമായ ലാബിഷാസ് മുഖേനയും വിവിധ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. നിർമ്മിതിയുടെ പ്രൊഡക്ഷൻ സെന്ററുകൾ മുഖേന മണൽ, സിമന്റ് എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിച്ചുവരുന്നു. കെട്ടിട നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യയായ പ്രീഫാബ് ടെക്നോളജി പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ നിർമ്മിതിയുടെ പി.റ്റി.പി. നഗറിലെ കാമ്പസിൽ ഒരു മാതൃകാ ഭവനം നിർമ്മിച്ചിട്ടുണ്ട്.

(ബി) പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതും, കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും ഇണങ്ങുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിന് 'കേരള കാലാവസ്ഥ പ്രതികരണ ഭവന രൂപകൽപ്പന പ്രചരണ പരിപാടി' സംഘടിപ്പിപ്പിക്കുന്നതിന് 2019-20

സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉപയോഗം കുറച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ബിൽഡിംഗ് കോഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 14 റീജിയണൽ കേന്ദ്രങ്ങളിൽ ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ CEEF സാങ്കേതിക വിദ്യ (Cost Effective & Environment Friendly Technology) പ്രചരിപ്പിക്കുന്നതിനായി ഗൈഡൻസ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഗൈഡൻസ് സെല്ലുകൾ മുഖേന വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ CEEF ടെക്നോളജിയിൽ ഗവേഷണം നടത്തുക എന്ന ഉദ്ദേശ്യത്തോടെ സ്ഥാപിതമായ ലാബിഷാസ് മുഖേനയും വിവിധ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. നിർമ്മിതിയുടെ പ്രൊഡക്ഷൻ സെന്ററുകൾ മുഖേന മണൽ, സിമന്റ് എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിച്ചുവരുന്നു. കെട്ടിട നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യയായ പ്രീഫാബ് ടെക്നോളജി പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ നിർമ്മിതിയുടെ പി.റ്റി.പി. നഗറിലെ കാമ്പസിൽ ഒരു മാതൃകാ ഭവനം നിർമ്മിച്ചിട്ടുണ്ട്.

ലാറി ബേക്കറുടെ സ്മരണാർത്ഥം നിർമ്മാണ മേഖലയിൽ ബദൽ സാങ്കേതിക വിദ്യകൾ, ഊർജ്ജ സംരക്ഷിത ഭവനങ്ങൾ, നവകേരള നിർമ്മാണത്തിൽ ബദൽ സാങ്കേതിക വിദ്യ ഏതെല്ലാം മേഖലകളിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നീ വിഷയങ്ങളിൽ 2019 മാർച്ച് 4, 5 തീയതികളിൽ കനകക്കുന്ന് കൊട്ടാരത്തിൽ സംഘടിപ്പിച്ച് സെമിനാറിനോടനുബന്ധിച്ച് ബദൽ സാങ്കതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ ശൈലികളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

## പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കാൻ ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങൾ

284 (3129) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയംമൂലം പൂർണ്ണമായോ ഭാഗികമായോ വീട് തകർന്നവർക്ക് വീടുവച്ച് നൽകുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രകൃതി ദുരന്തത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനായി ഭവനനിർമ്മാണ സഹായ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിച്ചിരുന്നവരിൽ പ്രളയത്തെത്തുടർന്ന് വീട് നഷ്ടപ്പെട്ടവർക്ക് ഇതിനകം എന്തെങ്കിലും സഹായം നൽകുവാൻ സാധിച്ചിട്ടുണ്ടോ; ഇവരിൽ എത്രപേർക്ക് ഇതിനകം വീട് നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രളയത്തിനുശേഷം പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ താമസിക്കുന്നവരെ എപ്രകാരമാണ് പുനരധിവസിപ്പിച്ചതെന്ന് അറിയിക്കുമോ; ഇപ്രകാരമുള്ള എത്രപേർക്ക് വീടും സ്ഥലവും ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2018-ലെ പ്രളയത്തിൽ 15223 വീടുകൾ പൂർണ്ണമായി തകർന്നു എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പ്രളയത്തിൽ വീട് തകർന്നവർ സ്വന്തമായും, സർക്കാർ നൽകുന്ന ആശ്വാസ ധനസഹായം ഉപയോഗപ്പെടുത്തിയും കെയർ ഹോം പദ്ധതി പ്രകാരവും സ്പോൺസർഷിപ്പ് വഴിയുമുള്ള വീട് പുനർ നിർമ്മാണ പ്രക്രിയ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പ്രളയത്തെത്തുടർന്ന് പുറമ്പോക്കിൽ താമസിച്ചിരുന്ന 1259 പേരുടെ വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിൽ 744 ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിനായി സർക്കാർ ഭൂമി കണ്ടെത്തി നൽകി.

(ഡി) ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ കണക്കനുസരിച്ച് 701 വീടുകൾ വാസയോഗ്യം അല്ലാത്ത, ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള മലയോര മേഖലയിലാണ്. അവരിൽ 138 വ്യക്തികൾക്കുള്ള സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ട്.

## കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി

285 (3130) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കടലിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യസമ്പത്തിനും മത്സ്യത്തൊഴിലാളികൾക്കും ഭീഷണിയായതിനാൽ അത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതി നിലവിൽ ഏതൊക്കെ ഹാർബറുകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കളിൽനിന്നും (ഓഖിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുൻഗണന) 200 പേരെ കോസ്റ്റൽ പോലീസിൽ കോസ്റ്റൽ വാർഡൻമാരായി തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആഭ്യന്തര വകുപ്പ് പൂർത്തിയാക്കിവരികയാണ്. കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുദ്ദേശിക്കുന്നു. ഘട്ടംഘട്ടമായി മറൈൻ പ്ലൈവുഡ്, തടിവള്ളങ്ങളിൽ നിന്നും കൂടുതൽ ബലവത്തായ FRP ബോട്ടുകളിലേയ്ക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പരിവർത്തനം ചെയ്യിക്കാനാണ് ഉദ്ദേശിക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോങ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വാഡ് ജിഗ്ഗിംഗ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ (Tuna long liner) വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി അവസാനഘട്ടത്തിലാണ്. കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നതിന് ISRO സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള നാവിക് ഉപകരണങ്ങൾ, 15000 എണ്ണം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും അവസാന ഘട്ടത്തിലാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാണ് ഇതിൽ മുൻഗണന നൽകിയിട്ടുള്ളത്. കൂടാതെ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് 1000 സാറ്റ്ലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. അതിൽ 500 എണ്ണം പരമ്പരാഗത യാനങ്ങൾക്കാണ്. പരമ്പരാഗത യാനങ്ങൾക്ക് ഈ പദ്ധതിയിൽ 90% സബ്സിഡിയാണ് നൽകിയിട്ടുള്ളത്. കടൽ സുരക്ഷയ്ക്കും കടലിൽ അപകടത്തിൽപ്പെടുന്നവരുടെ

രക്ഷയ്ക്കും വേണ്ടി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോട് മുതൽ പരവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴം വരെയും പരവൂർ പൊഴിക്കര മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും മെക്കനൈസ്ഡ് ഷിപ്പിംഗ് നിരോധിച്ചിട്ടുണ്ട്. കൂടാതെ 2018-19 വർഷം മുതൽ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽനിന്ന് 52 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൊല്ലം ജില്ലയിലെ നീണ്ടകര ഹാർബറിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ മുനമ്പം, നീലേശ്വരം, കായംകുളം, ബേപ്പൂർ, പുതിയാപ്പ, ചേറ്റൂർ എന്നീ ഹാർബറുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ട്രോളിംഗ് നിരോധനം

286 (3131) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷത്തിൽ രണ്ട് ഘട്ടമായി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ ട്രോളിംഗ് നിരോധനം എത്ര ദിവസമാണെന്നും ഏതൊക്കെ മാസങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(സി) എത്ര ദിവസത്തെ ട്രോളിംഗ് നിരോധനമാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ട്രോളിംഗ് നിരോധനം നിലവിൽ വന്നതിനുശേഷം മത്സ്യസമ്പത്തിൽ ക്രമാനുഗതമായ വർദ്ധനവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ ആലോചനയിലില്ല.

(ബി) നിലവിലെ ട്രോളിംഗ് നിരോധനം 52 ദിവസമാണ്. ജൂൺ 10 മുതൽ ജൂലൈ 31 വരെ (52 ദിവസക്കാലം) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നടപ്പാക്കുന്നു.

(സി) കേന്ദ്രം 61 ദിവസമാണ് ട്രോളിംഗ് നിരോധനം നിർദ്ദേശിച്ചിട്ടുള്ളത്. (ജൂൺ 01 മുതൽ ജൂലൈ 31 വരെ)

(ഡി) ട്രോളിംഗ് നിരോധനം വന്നതിനുശേഷം മത്സ്യസമ്പത്തിൽ ക്രമാനുഗതമായ വർദ്ധനവ് വന്നിട്ടുണ്ട്. അതിലുപരി മത്സ്യസമ്പത്ത് ഒരു പരിധിയിൽ കവിഞ്ഞ താഴേക്ക് പോകാതെ പിടിച്ച് നിർത്തുന്നതിൽ ട്രോളിംഗ് നിരോധനംമൂലം സാധിച്ചിട്ടുണ്ട്. ചെറുമീനുകളെ പിടിക്കുന്നതിൽ നിയന്ത്രണം 58 ഇനം മത്സ്യഇനങ്ങൾക്ക് മിനിമം ലീഗൽ സൈസ്, KMFR ആക്ട് ഭേദഗതി ട്രോളിംഗ് നിരോധന കാലയളവ് 47 ദിവസത്തിൽനിന്ന് 52 ആക്കുക എന്നീ നടപടികളുടെ ഫലമെന്നോണം 2016-17-ൽ 4.88 ലക്ഷം ടണ്ണിൽനിന്നും 2018-19 വർഷം 6.09 ലക്ഷം ടണ്ണിലേയ്ക്ക് സമുദ്ര മത്സ്യ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**മൺസൂൺ ട്രോളിംഗ് നിരോധനം**

287 (3132) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൺസൂൺ ട്രോളിംഗ് നിരോധനം എന്നുമുതലാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിരോധനസമയത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കായി എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിക്കുന്നത്;

(സി) കഴിഞ്ഞ വർഷം നിരോധനം ലംഘിച്ച് കടലിൽ പോയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; അവരിൽ നിന്നും എന്ത് പിഴ ഈടാക്കി; വിശദാംശം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷം ജൂൺ 10 മുതൽ ജൂലൈ 31 വരെ ആകെ 52 ദിവസമാണ് സംസ്ഥാനത്ത് മൺസൂൺ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ചുവടെപ്പറയുന്ന ആശ്വാസ സഹായങ്ങൾ നൽകുന്നു:

1. സമ്പാദ്യസമാശ്വാസ പദ്ധതി പ്രകാരം 4500 രൂപ വിതരണം ചെയ്യുന്നു.
2. തണൽ പദ്ധതി പ്രകാരം വർഷം 1350 രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്.
3. ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ ട്രോൾബാൻ കാലയളവിൽ നിയമലംഘനം നടത്തിയതായോ പിഴ ഈടാക്കിയതായോ റിപ്പോർട്ട് ചെയ്തിട്ടില്ല.

## മണലെടുപ്പുമൂലം മത്സ്യനാശം

288 (3133) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻതോതിലുള്ള മണലെടുപ്പുമൂലം കവ്വായി കായലിലേതുൾപ്പെടെ നിരവധി മത്സ്യങ്ങൾക്ക് വ്യാപകമായ നാശം സംഭവിക്കുന്നത് തടയാൻ വകുപ്പ് തലത്തിൽ നടപടികൾ ഉണ്ടാകുമോ;

(ബി) മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തി ഈ പ്രദേശങ്ങളിലെ അനധികൃത മണലൂറ്റ് തടയാൻ നടപടികൾ ഉണ്ടാകുമോ; വിവരിക്കുമോ?

### ഉത്തരം

(എ) ആവശ്യമായ നടപടികൾ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കുന്നതാണ്.

(ബി) മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉൾനാടൻ പൊതുജലാശയത്തിൽ മത്സ്യവിത്ത് നിക്ഷേപ പദ്ധതി പ്രകാരം കവ്വായി കായലിൽ വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിൽ മേൽനോട്ടം നടത്തിവരുന്നു. കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽനിന്നും മണൽ വാരൽ നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ 2001-ൽ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമവും പാസ്സാക്കി നടപ്പിലാക്കി വരുന്നുണ്ട്.

കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽനിന്നും മത്സ്യങ്ങളെയും മറ്റ് ജലജീവികളെയും ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ 2010-ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പാസ്സാക്കി നടപ്പിലാക്കിവരുന്നുണ്ട്. അനധികൃത മണലൂറ്റ് തടയാൻ നടപടി സ്വീകരിക്കേണ്ടത് റവന്യൂ/ഇറിഗേഷൻ വകുപ്പുകളാണ്. ഇക്കാര്യം ടി വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**ഗിൽനെറ്റ് ബോട്ടുകളെ സംസ്ഥാനത്ത് നിലനിർത്താൻ നടപടി**

289 (3134) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിൽനെറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾ തമിഴ്നാട്ടിലേക്ക് ചേക്കേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ നിന്നുള്ള മത്സ്യബന്ധന മേഖലയിലെ കയറ്റുമതിക്ക് ഗിൽനെറ്റ് ബോട്ടുകളുടെ തിരിച്ചുപോക്ക് ഭീഷണിയാകുമോ; വ്യക്തമാക്കുമോ;

(സി) ഗിൽനെറ്റ് ബോട്ടുകൾ വഴിമാറുന്നത്, അവ കൊണ്ടുവരുന്ന മീൻ വാങ്ങുന്ന കേരളത്തിലെ കമ്പനികളുടെ ബിസിനസ്സിനെ ബാധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഗിൽനെറ്റ് ബോട്ടുകളെ സംസ്ഥാനത്ത് നിലനിർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) ഗിൽനെറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതിയാണ് സുസ്ഥിരമായ മത്സ്യബന്ധന രീതി. ഗിൽനെറ്റ് ഉപയോഗിക്കുന്നതുമൂലം മത്സ്യസമ്പത്ത് സംരക്ഷിക്കുവാനും അതുവഴി മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും സാധിക്കുന്നു. ഗിൽനെറ്റ് ബോട്ടുകൾ സംസ്ഥാനത്ത് കുറഞ്ഞ് വരുന്ന സാഹചര്യം നിലവിലില്ല.

## അടക്കംകൊല്ലി വലകൾ നിരോധിക്കുന്നതിന് നടപടി

290 (3135) ശ്രീ. അബ്ദുൽ ഹമീദ്. പി.:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ മത്സ്യസമ്പത്ത് നശിപ്പിക്കുന്ന വിധത്തിൽ ചെറുമീനുകളെ പോലും കോരിയെടുക്കുന്ന അടക്കംകൊല്ലി വലകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടക്കംകൊല്ലി വലകൾ ഉപയോഗിക്കുന്നതുമൂലം ടൺകണക്കിന് ചെറുമത്സ്യങ്ങൾ നശിപ്പിക്കപ്പെട്ട് ഉപയോഗശൂന്യമായി കടലിലേക്ക് തള്ളപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) അടക്കംകൊല്ലി വലകൾ പൂർണ്ണമായും നിരോധിക്കുന്നതിനും നിരോധനം പ്രായോഗികമായി നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്. അത്തരക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന്, കേരള തീരത്ത് ലഭ്യമായതിൽ പ്രാധാന്യമേറിയ 58 ഇനം മത്സ്യങ്ങളെ പിടിച്ചെടുക്കുന്നതിന് കുറഞ്ഞ വലിപ്പം നിശ്ചയിക്കുകയും, വലകൾക്ക് കുറഞ്ഞ കണ്ണി വലിപ്പം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്ന സാഹചര്യം ഇപ്പോൾ പൂർണ്ണമായും നിയന്ത്രണവിധേയമാണ്.

(സി) അടക്കംകൊല്ലി ഗണത്തിൽപ്പെടുന്ന പഴ്സീൻ വല കേരള സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ ഉപയോഗിക്കുന്നത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. എന്നാൽ റിംഗ്സീൻ വലയുടെ കാര്യത്തിൽ ചെറുമത്സ്യങ്ങൾ പിടിച്ചെടുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കുറഞ്ഞ കണ്ണിവലിപ്പം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കാലാവസ്ഥാവ്യതിയാനം മത്സ്യസമ്പത്തിലുണ്ടാക്കിയ കുറവ്

291 (3136) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനം മത്സ്യസമ്പത്തിന് കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം വകുപ്പുതലത്തിൽ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന ഫിഷറീസ് വകുപ്പ് നേരിട്ട് പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. CMFRI പോലുള്ള കേന്ദ്ര സ്ഥാപനങ്ങളാണ് ഇത്തരം പഠനങ്ങൾ നടത്തുന്നത്. അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുന്നതും, മഴയുടെ ലഭ്യതയിലുണ്ടാകുന്ന കുറവും, പ്രളയവും, ചുഴലിക്കാറ്റുമൊക്കെ മത്സ്യലഭ്യതയിൽ കുറവുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ടി സാഹചര്യങ്ങൾ മനസ്സിലാക്കി മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചതിന്റെ ഫലമായി സമുദ്ര മത്സ്യസമ്പത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി കൊണ്ടുവരികയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 2018 സെപ്റ്റംബർ 1 മുതൽ 20 മീറ്ററിന് മുകളിൽ നീളമുള്ളതും 250 HP-ക്ക് മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ അതായത് 12 നോട്ടിക്കൽ മൈലിനകത്ത് ഫിഷിംഗ് ലൈസൻസ് അനുവദിക്കുന്നതല്ല. ട്രോൾ വലയുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാന വലകളുടെ ആകെ വലിപ്പവും വലക്കണ്ണികളുടെ കുറഞ്ഞ വലിപ്പവും നിയന്ത്രിച്ചു. കേരള തീരത്ത് സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്തു വരുന്നു. അശാസ്ത്രീയ മത്സ്യബന്ധനം നടത്തുവന്നവർക്കും കെ.എം.എഫ്.ആർ. നിയമവും ചട്ടങ്ങളും ലംഘിക്കുന്നവർക്കും വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തുവരുന്നു. ടി പ്രവർത്തനങ്ങളുടെ ഫലമായി സമുദ്ര മത്സ്യോൽപ്പാദനം 6.09 ലക്ഷം ടണ്ണായി 2018-19 വർഷം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

## മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനം

292 (3137) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനമേഖലയുടെ സമഗ്രവികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കടലാക്രമണഭീഷണി നേരിടുന്ന മേഖലകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) മത്സ്യബന്ധനമേഖലയുടെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുമായി ഫിഷറീസ് വകുപ്പ് മുഖേനയും വിവിധ ഏജൻസികൾ മുഖേനയും വിവിധ ക്ഷേമപദ്ധതികളും വികസന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനത്തിനുമായി നടപ്പുസാമ്പത്തിക വർഷം 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 കോടി രൂപ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ

293 (3138) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്നത് സുരക്ഷാഭീഷണി ഉണ്ടാക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫോണുകളുടെ വിതരണത്തിനുമുമ്പ് സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത് ;

(സി) ഫോണുകളുടെ വിതരണത്തിനുമുൻപ് ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുമോ;

(ഡി) എങ്കിൽ ഏത് ഏജൻസിയാണ് പരിശീലനം നൽകുക; എന്തൊക്കെ കാര്യങ്ങളാണ് മുഖ്യമായും പരിശീലനത്തിലുൾപ്പെടുത്തുക?

### ഉത്തരം

(എ) ഇല്ല.

(ബി) സാറ്റലൈറ്റ് ഫോണുകളുടെ ഉപയോഗത്തെപ്പറ്റിയും ആവശ്യകതയെപ്പറ്റിയും വ്യക്തമായി നിർദ്ദേശങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടാണ് ടി ഫോണുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. പ്രസ്തുത ഫോൺ ദുരുപയോഗം ചെയ്യുവാനോ/നിയമവിരുദ്ധമായി ഉപയോഗിക്കുവാനോ പാടില്ലാത്തതാണെന്നും വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിക്കുന്ന പക്ഷം ബി.എസ്.എൻ.എൽ. തന്നെ ടി ഫോൺ കണക്ഷൻ വിച്ഛേദിക്കുന്നതാണെന്നുമുള്ള വ്യവസ്ഥകൾ വച്ചുകൊണ്ട് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുന്നുമുണ്ട്.

(സി) ആദ്യഘട്ടമായി സാറ്റലൈറ്റ് ഫോണിന്റെ ഗുണഭോക്താക്കൾക്കുള്ള പരിശീലനം കൊല്ലത്തുവച്ച് 6-6-2019-ന് നൽകിയിട്ടുണ്ട്. ബാക്കിയുള്ള സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന മുറയ്ക്ക് ആയതിന്റെ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സാറ്റലൈറ്റ് ഫോണുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത് പൊതുമേഖലാസ്ഥാപനമായ ബി.എസ്.എൻ.എൽ. മുഖേനയാണ്. പ്രസ്തുത ഫോണുകളുടെ ഉപയോഗത്തെപ്പറ്റിയും ആവശ്യകതയെപ്പറ്റിയും സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ചും ആവശ്യമായ പരിശീലനം ബി.എസ്.എൻ.എൽ.

അധികൃതർ നൽകിയിട്ടുണ്ട്. ബി.എസ്.എൻ.എൽ. പ്രതിനിധികൾ മത്സ്യ ത്തൊഴിലാളി ഗുണഭോക്താക്കളുമായി ചർച്ച നടത്തി അവർക്കുവേണ്ട അവബോധം ഉണ്ടാക്കുന്നതിനും പരിശീലനത്തിലൂടെ സാധിച്ചിട്ടുണ്ട്.

## കല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

294 (3139) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ച മാടായി ജി.ജി.എച്ച്.എസ്.എസ്., പഴയങ്ങാടി ഫിഷ് മാർക്കറ്റ്, കണ്ണപുരം ഫിഷ് മാർക്കറ്റ് എന്നിവയുടെ നിർമ്മാണത്തിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ?

ഉത്തരം

കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ച മാടായി ജി.ജി.എച്ച്.എസ്.എസ്. പുനരുദ്ധരിക്കുന്നതിനായി 326 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പഴയങ്ങാടി ഫിഷ് മാർക്കറ്റ്, കണ്ണപുരം ഫിഷ് മാർക്കറ്റ് എന്നിവ കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിനായി യഥാക്രമം 82.82 ലക്ഷം, 300 ലക്ഷം രൂപയുടെ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകൾ നിർമ്മിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റുകൾ, പ്ലാനുകൾ, വിശദമായ പദ്ധതി റിപ്പോർട്ട് എന്നിവ തയ്യാറാക്കിവരുന്നു.

## ഫിഷർമെൻ സ്കോളർഷിപ്പ്

295 (3140) ശ്രീ. അബ്ദുൽ ഹമീദ്. പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയിലെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ ഫിഷർമെൻ സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ കുട്ടിക്കും പ്രതിവർഷം അനുവദിക്കുന്ന തുക എത്രയാണ്; തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തീരദേശ മേഖലയിലെ നഴ്സറിതലം മുതൽ +1, +2/വി.എച്ച്.എസ്.സി. തലം വരെയുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് e-grantz മുഖേന ഓൺലൈനായി നേരിട്ട് അക്കൗണ്ടിലേയ്ക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു വരുന്നു.

മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ മത്സ്യത്തൊഴിലാളിയായി രജിസ്റ്റർ ചെയ്തവരുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ അർഹതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണ്.

2. വിദ്യാഭ്യാസാനുകൂല്യം ലഭിച്ചുകൊണ്ടിരിക്കെ മത്സ്യത്തൊഴിലാളി മരണപ്പെടുകയാണെങ്കിൽ പഠനം പൂർത്തിയാകുന്നതുവരെ ടിയാന്റെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്.

3. 60 വയസ്സാകുന്നതിനുമുമ്പ് രോഗംമൂലമോ മറ്റ് ശാരീരിക വൈകല്യം കൊണ്ടോ മത്സ്യബന്ധനത്തിൽനിന്നും വിരമിക്കുകയാണെങ്കിൽ അത്തരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്. ആയതിന്റെ തെളിവിനായി ജില്ലാ ഫിഷറീസ് ആഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

4. മത്സ്യത്തൊഴിലാളി പെൻഷണർക്ക് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവൃത്തിയല്ലാതെയുള്ള തൊഴിലോ മറ്റ് വരുമാന മാർഗ്ഗങ്ങളോ ഉണ്ടെങ്കിൽ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതല്ല.

5. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർക്ക് ഫിഷറീസ് വകുപ്പിൽനിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതല്ല.

6. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപന മേധാവി

ശിപാർശ ചെയ്യേണ്ടതാണ്. എന്നാൽ അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ ബന്ധപ്പെട്ട AEO/DEO-യുടെ ശിപാർശയോടു കൂടി സമർപ്പിക്കേണ്ടതാണ്.

7. ഒരു വർഷത്തിൽ/ഒരു സെമസ്റ്ററിൽ/ഒരു ടേമിൽ 75% ഹാജർ ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ തുടർന്നുള്ള കാലയളവിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ.

8. മറ്റ് വിധത്തിലുള്ള സ്കോളർഷിപ്പിനോ മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾക്കോ അർഹതയുള്ളവർക്ക് ഈ ഉത്തരവ് പ്രകാരമുള്ള തത്തുല്യ ആനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുന്ന അതേ നിരക്കിലാണ് മത്സ്യബന്ധന വകുപ്പും പ്രതിവർഷം ഓരോ കുട്ടിക്കും തുക നൽകിവരുന്നത്. ഇത് കോഴ്സുകൾക്കനുസരിച്ച് വ്യത്യസ്ത നിരക്കിലാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മത്സ്യത്തൊഴിലാളികൾക്ക് നൂതന പദ്ധതികൾ

296 (3141) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് രക്ഷാപ്രവർത്തനത്തിന് മുൻകയ്യെടുത്ത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടൽ സുരക്ഷയ്ക്കും കടലിൽ അപകടത്തിൽപ്പെടുന്നവരുടെ രക്ഷയ്ക്കുംവേണ്ടി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന പദ്ധതിയിൽ പ്രളയത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യം പ്രളയത്തിൽ പങ്കെടുത്ത രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- കേന്ദ്രസർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച 200 എഫ്.ആർ.പി. ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
- കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും സന്ദേശങ്ങൾ അയയ്ക്കുന്നതിനും സാഗര മൊബൈൽ ആപ്പ്.
- കടൽ രക്ഷാ പ്രവർത്തനത്തിന്റെ ഏകോപനത്തിന് മാസ്റ്റർ കൺട്രോൾ റൂം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.
- കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി.
- പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോങ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വിഡ് ജിഗ്ഗിങ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്.
- ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി.
- കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നതിന് ഐ.എസ്.ആർ.ഒ. സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള നാവിക് ഉപകരണങ്ങൾ, 15000 എണ്ണം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി.
- ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന പദ്ധതി.
- ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 എഫ്.ആർ.പി. ബോട്ടുകൾ നൽകുന്ന പദ്ധതി.
- ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞത്ത് ഫിഷ് പ്രോസസ്സിംഗ് സെന്റർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

- മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി.
- വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകുന്ന പദ്ധതി.
- തിരുവനന്തപുരം ജില്ലയിൽ ബീമാപള്ളി, വലിയതുറ, കാരോട്, കൊല്ലം ജില്ലയിൽ ക്യൂ.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിൽ മണ്ണുംപുറം, മലപ്പുറം ജില്ലയിൽ പൊന്നാനി, കണ്ണൂർ ജില്ലയിൽ ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിൽ 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 78.2 കോടി രൂപയുടെ പദ്ധതി.
- മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് എസ്.സി./എസ്.റ്റി.-യുടെ അതേ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം, സൗജന്യ വിദ്യാഭ്യാസ കോച്ചിംഗ് പദ്ധതികൾ, കായിക പ്രോത്സാഹന പദ്ധതികൾ.
- ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.
- മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കാൻ പ്രതിവർഷം പരമാവധി ഒരു ലക്ഷം രൂപ വരെ പഠന ധനസഹായം.
- സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.
- തീരദേശ ആരോഗ്യ കേന്ദ്രങ്ങളും ആശുപത്രികളും മെച്ചപ്പെടുത്തുന്നതിന് പദ്ധതി.
- തീരദേശത്ത് സാക്ഷരത ഉറപ്പാക്കുന്നതിനായി അക്ഷരസാഗരം പദ്ധതി.

## മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ്

297 (3142) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂരിലെ മത്സ്യത്തൊഴിലാളികൾക്കായി കാരോട് പഞ്ചായത്തിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് നിർമ്മാണപ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും എത്ര കോടിയാണ് അടങ്കൽത്തുകയെന്നും നിർമ്മാണപ്രവൃത്തി ഏറ്റെടുത്തത് ഏത് ഏജൻസിയാണെന്നും അറിയിക്കാമോ;

(ബി) ഫ്ലാറ്റ് നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നും പൂർത്തീകരിക്കേണ്ട കാലാവധി എത്ര വർഷമാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ കാരോട് വില്ലേജിൽ 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പദ്ധതിയിൽ വ്യക്തിഗത ഫ്ലാറ്റ് ഒന്നിന് 10.00 ലക്ഷം രൂപ നിരക്കിൽ 12.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിർവ്വഹണ ഏജൻസി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ്. പ്രസ്തുത പ്രവൃത്തി ടെണ്ടർ നടപടി പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്.

(ബി) ഫ്ലാറ്റ് നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഭരണാനുമതി പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 12 മാസമാണ്.

**മത്സ്യത്തൊഴിലാളികളുടെ ഭവനപുനരധിവാസ പദ്ധതി**

298 (3143) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കോർപ്പറേഷനിലെ പള്ളിത്തോട്ടം ഡിവിഷനിലെ ക്യൂ.എസ്.എസ്. കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ ഭവന പുനരധിവാസ പദ്ധതിക്കായി ഫിഷറീസ് വകുപ്പിൽ നിന്നും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ബി.ഐ.എഫ്.&എച്ച്.ഡി.എഫ്. (2018-19)-ൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം കൊല്ലം ക്യൂ.എസ്.എസ്. കോളനിയിൽ 114 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് 10 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിൽ ആകെ 1140 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണം കൊല്ലം കോർപ്പറേഷൻ മുഖേനയാണ്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കിയ പ്രോജക്ട് പ്രൊപ്പോസൽ തുടർ നടപടികൾക്കായി കൊല്ലം കോർപ്പറേഷന് നൽകിയിട്ടുണ്ട്. നിലവിലുള്ള സ്ഥലത്ത് നിലനിൽക്കുന്ന പഴയ കെട്ടിടം പൊളിച്ചുനീക്കേണ്ടതുണ്ട്. മാത്രവുമല്ല പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിന്റെ കൈവശം ആയതിനാൽ നിർമ്മാണ

പ്രവർത്തനത്തിന് പെർമിസീവ് സാങ്ഷൻ ലഭിക്കേണ്ടതുമുണ്ട്. സാങ്ഷൻ ലഭിക്കുന്ന മുറയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന ഫ്ലാറ്റ് സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതാണ്.

## ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം

299 (3144) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിമിനായി മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസ്സുകൾ തള്ളിയതിനെത്തുടർന്ന് അർഹമായ തുക ലഭിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ നടപടി സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച 260/E2/2018/മ.തു.വ. നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ തുറമുഖ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഫോർട്ട് കൊച്ചി കായലിൽ 26-08-2015-നുണ്ടായ ബോട്ട് അപകടത്തിൽ 11 പേർ മരണമടയുകയും 10 പേർക്ക് ഗുരുതര പരിക്ക് പറ്റുകയും ചെയ്തിട്ടുള്ളതാണ്. ഇതിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം 55 ലക്ഷം രൂപയും ഗുരുതര പരിക്ക് പറ്റിയവർക്ക് ഒരു ലക്ഷം രൂപ വീതം 10 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്. അപകടത്തിൽ മരണപ്പെട്ട അമരാവതി പുളിക്കൽ വീട്ടിൽ ആർ.ജോസഫിന്റെ ഭാര്യ അമ്മിണി ജോസഫ് ജനസാന്ത്വന പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി പ്രോജക്ട് നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ശ്രീ. പി. ആർ. ഡേവിഡ് സർക്കാർ ജോലി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ മറ്റെന്തെങ്കിലും ജോലി നൽകുവാൻ കഴിയുമോ എന്ന് പരിശോധിക്കാൻ ടിയാന്റെ അപേക്ഷ എറണാകുളം ജില്ലാ കളക്ടറേറ്റിൽ നിന്നും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകിയിരിക്കുകയാണ്.

(ബി) ഈ ഫയലിൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയും കൂടുതൽ പരിശോധനകൾക്കായി മറ്റുചില രേഖകൾ കൂടി ആ വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയുമാണ്.

(സി & ഡി) ഉണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഓഖിയുമായി ബന്ധപ്പെട്ട ധനസഹായം**

300 (3145) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖിയുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ ഫിഷറീസ് വകുപ്പ് വിതരണം ചെയ്ത ധനസഹായത്തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കായി എത്ര ഗുണഭോക്താക്കൾക്കാണ് തുക വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(സി) ഗുണഭോക്താക്കളുടെ പേരുവിവരം, അനുവദിച്ച തുക, ഏത് ആവശ്യത്തിനായി തുക അനുവദിച്ചു എന്നിവ വ്യക്തമാക്കുന്ന ലിസ്റ്റ് നൽകാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ ഓഖിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് മറൈൻ മേഖലയിലുള്ള 8540 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായത്തിനായി 2000 രൂപ വീതം ആകെ 1,70,80,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പൂർണ്ണമായും ഭാഗികമായും നഷ്ടം സംഭവിച്ചതിന് 1,53,98,000 രൂപ അനുവദിക്കുകയും ഇതിൽ 1,22,97,200 രൂപയുടെ ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും തകർന്ന വകയിൽ നാല് യാന ഉടമകൾക്ക് ആകെ 45,00,000 രൂപ അനുവദിക്കുകയും ഇതിൽ 2 മത്സ്യബന്ധനയാന ഉടമകൾക്ക് 10,00,000 രൂപ വീതം വിതരണം ചെയ്യുകയും ചെയ്തു. മത്സ്യബന്ധന ഉപകരണങ്ങൾ ഭാഗികമായി തകർന്ന 29 മത്സ്യബന്ധനയാന ഉടമകൾക്ക് 91,49,500 രൂപ നഷ്ടപരിഹാരം അനുവദിക്കുകയും ഇതിൽ 26 മത്സ്യത്തൊഴിലാളികൾക്ക് 85,67,000 രൂപ നഷ്ടപരിഹാരം നൽകിയിട്ടുള്ളതുമാണ്. മത്സ്യബന്ധന ഉപകരണങ്ങൾ ഭാഗികമായി തകർന്ന 106 ഗുണഭോക്താക്കൾക്ക് ആകെ 17,48,500 രൂപ അനുവദിക്കുകയും ഇതിൽ 102 ഗുണഭോക്താക്കൾക്ക് 17,30,200 രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

(സി) അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽനിന്നും ഫിഷറീസ് വകുപ്പിന് തുക

301 (3146) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽ നിന്നും എറണാകുളം ജില്ലയിലെ വിവിധ പ്രവൃത്തികൾക്കായി ഫിഷറീസ് വകുപ്പ് ആവശ്യപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ലഭിച്ച തുകയിൽ നിന്നും എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; അനുവദിച്ച തുക ചെലവഴിക്കാതെ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ തിരിച്ചടച്ച തുക എത്രയെന്നും എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുക ഏതെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫണ്ട് വ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ പേരുവിവരവും തുകയും എന്താവശ്യത്തിനായാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി നഷ്ടപ്പെട്ട വകയിൽ 24,60,300 രൂപയും മത്സ്യകർഷകരുടെ മത്സ്യകൃഷിനശിച്ച വകയിൽ 28,78,528 രൂപയും കൂടി ആകെ 53,38,828 രൂപ SDRF-ൽ നിന്ന് ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ പ്രളയത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട വകയിൽ പിന്നീട് ലഭ്യമായ അപേക്ഷകൾ പ്രകാരം 23,65,600 രൂപയും ആവശ്യപ്പെട്ടിരുന്നു.

(ബി) മത്സ്യബന്ധനോപാധികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി അനുവദിച്ച 24,60,300 രൂപ പൂർണ്ണമായും വിനിയോഗിച്ചു. മത്സ്യകർഷകർക്കുള്ള നഷ്ടപരിഹാര ഇനത്തിൽ അനുവദിച്ച 28,78,528 രൂപയിൽ 23,23,262 രൂപയും ചെലവഴിച്ചു. ബാക്കി തുകയായ 5,55,266 രൂപ തിരിച്ചടച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് 8200 രൂപ വീതമാണ് ഓരു/ശുദ്ധ ജല മത്സ്യകർഷകർക്ക് നഷ്ടപരിഹാരമായി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നത്. എന്നാൽ കൂട് കൃഷി, നൂതന മത്സ്യകൃഷി രീതികളായ റിസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, അലങ്കാര മത്സ്യകൃഷി എന്നിവയ്ക്ക് ഹെക്ടർ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക നിശ്ചയിച്ച് മത്സ്യകർഷകർക്ക് നൽകാൻ സാധിക്കാത്ത സാഹചര്യത്തിലാണ് പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടി വന്നത്. പ്രളയത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട വകയിൽ പിന്നീട് ലഭ്യമായ അപേക്ഷകൾ പ്രകാരം 23,65,600 രൂപ ആവശ്യപ്പെട്ടതിൽ 12,00,000 രൂപ ജൂൺ മാസം 2019-ൽ ലഭിച്ചത് ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഭാഗികമായി വല നഷ്ടപ്പെട്ട 17 മത്സ്യത്തൊഴിലാളികൾക്ക് 35,700 രൂപയും വല പൂർണ്ണമായും നഷ്ടപ്പെട്ട 435 മത്സ്യത്തൊഴിലാളികൾക്ക് 11,30,900 രൂപയും വഞ്ചി ഭാഗികമായി നശിച്ച 161 മത്സ്യത്തൊഴിലാളികൾക്ക് 6,60,100 രൂപയും വഞ്ചി പൂർണ്ണമായും നശിച്ച 66 മത്സ്യത്തൊഴിലാളികൾക്ക് 6,33,600 രൂപയും മത്സ്യകൃഷി നശിച്ച 245 മത്സ്യകർഷകർക്ക് 23,23,262 രൂപയും അനുവദിച്ചു.

(ഡി) അനുബന്ധമായി* ചേർക്കുന്നു.

**മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിട പദ്ധതി**

302 (3147) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുവാൻ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്രപേർക്ക് വീട് അനുവദിച്ചു;

(സി) കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങളിൽ 52 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുവാൻ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; വിശദാംശം നൽകുമോ;

(ഡി) തിരുവനന്തപുരം കാരോട് വില്ലേജിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി ഫ്ലാറ്റ് നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വേറെ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇപ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. 2010-11 മുതൽ 2016-17 വരെയുള്ള വർഷ കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 17563 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂമിയുള്ള ഭവനരഹിതരായ അർഹതപ്പെട്ടവർക്ക് ലൈഫിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. 2018-19 വർഷത്തിൽ 1220 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ധനസഹായത്തിനായി പരിഗണിച്ചിട്ടുണ്ട്.

(ബി) കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന 25 കോടിയുടെ ഒരു പ്രത്യേക പാക്കേജ് 2016-17 വർഷം ആരംഭിച്ച് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം ആകെ 127 പേർ സ്ഥലം വാങ്ങുകയും 112 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പദ്ധതി വിജയപ്രദമാണ്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.

1. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന ഘടകത്തിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 760 ഗുണഭോക്താക്കളിൽ 481 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2. 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായമായി 10 ലക്ഷം രൂപ വീതം നൽകുന്ന ഘടകത്തിൽ 401 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 350 പേർ ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണ ഘട്ടത്തിലുമാണ്.

3. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 105.55 ആർ സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

4. മുട്ടത്തറ വില്ലേജിൽ വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളികളെ പാർപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് 187 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുരധിവാസത്തിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2018-19)ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം,

കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്.

(ഡി) തിരുവനന്തപുരം കാരോട് വില്ലേജിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി 128 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് വ്യക്തിഗത ഫ്ലാറ്റ് ഒന്നിന് 10.00 ലക്ഷം രൂപ നിരക്കിൽ 12.80 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. നിലവിൽ നിർമ്മാണം ആരംഭിച്ചു. ഇതുകൂടാതെ തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പ് എന്നിവിടങ്ങളിലാണ് ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്.

**ശീതീകരണ സംവിധാനമുള്ള മത്സ്യമാർക്കറ്റുകളുടെ ശൃംഖല**

303 (3148) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുവാനുതകുന്ന ഒരു നിയമനിർമ്മാണം കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തിലെ ഹാനികരമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യം അറിയുന്നതിന് സി.ഐ.എഫ്.റ്റി. വികസിപ്പിച്ച ടെസ്റ്റ് കിറ്റുകൾ പ്രയോജനപ്പെടുത്തി മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന നടപടി നിലവിൽ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) ശുചിത്വവും വൃത്തിയും ഉറപ്പും ശീതീകരണ സംവിധാനവുമുള്ള മത്സ്യമാർക്കറ്റുകളുടെ ശൃംഖല സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഇതിനായി എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഹാർബറുകളിലും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും ലേലം ചെയ്യുന്നത് ലേലക്കാരാണ്. ലേലക്കാർ യാതൊരു മാനദണ്ഡവും കൂടാതെയാണ് ലേല കമ്മീഷൻ ഈടാക്കുന്നത്. പലപ്പോഴും ഇത് വിലയുടെ 5 ശതമാനം മുതൽ 12 ശതമാനം വരെ വരും. ഇതിനുപുറമെ അളവിലും തൂക്കത്തിലും കൃത്യതയും സുതാര്യതയും പാലിക്കാറുമില്ല. തന്മൂലം മത്സ്യത്തിന് അർഹമായ വില ലഭിക്കാതെ മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്നു. മത്സ്യബന്ധനത്തിൽ നേരിട്ട് ഏർപ്പെടാത്ത ലേലക്കാരും കച്ചവടക്കാരും ഉയർന്ന വില നിശ്ചയിച്ചാണ് ഉപഭോക്താക്കൾക്ക് മത്സ്യം എത്തിക്കുന്നത്. ഈ സാഹചര്യത്തിലാണ് മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ശുചിത്വപൂർണ്ണവും കാര്യക്ഷവുമായ ലേലവും വിപണനവും ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നിയമനിർമ്മാണത്തിന് കരട് ബിൽ തയ്യാറാക്കിയതും. ഇതിന്റെ പ്രാരംഭ നടപടിയെന്നോണം കേരളത്തിലെ പന്ത്രണ്ട് ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മത്സ്യലേലം നടത്തുന്നതിന് മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന തീരമത്സ്യലേലവും സഹായകമാകുന്നുണ്ട്. നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഫിഷ് മാർക്കറ്റുകളിലും ലാൻഡിംഗ് സെന്ററുകളിലും കൂടി വ്യവസ്ഥാപിതമായ മത്സ്യലേലവും വിപണനവും ലക്ഷ്യമിടുന്നുണ്ട്.

(ബി) കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല. ഇത്തരം കിറ്റുകൾ വ്യാവസായികമായി ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തിവരുന്നു. പൊതുജനങ്ങൾക്കും ഈ കിറ്റുകൾ പരിശോധനയ്ക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) കേന്ദ്ര സർക്കാർ/ദേശീയ മത്സ്യവികസന ബോർഡ് എന്നിവയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന 39 മാർക്കറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകി. ഇതിൽ 35 എണ്ണം പൂർത്തീകരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. 3 എണ്ണത്തിന്റെ നിർമ്മാണം നടന്നുവരുന്നു. തലശ്ശേരി മാർക്കറ്റിന്റെ നിർമ്മാണത്തിൽ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പൂർത്തീകരിച്ച് കൈമാറാൻ കഴിഞ്ഞിട്ടില്ല. ഏനാത്ത്, കണ്ണനല്ലൂർ എന്നീ രണ്ട് മാർക്കറ്റുകളിൽ നിർമ്മാണത്തിനുള്ള അനുമതിക്കായി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ കിഫ്ബിയിൽ നിന്നുള്ള

ധനസഹായത്തോടെ 65 മാർക്കറ്റുകളുടെ നവീകരണത്തിന് തത്വത്തിൽ അംഗീകാരം നൽകി. പ്രസ്തുത മാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു. ഇതിനുപുറമെ (സംസ്ഥാന പദ്ധതി വിഹിതവും, എം.എൽ.എ. ഫണ്ടും പ്രയോജനപ്പെടുത്തി) ആലപ്പുഴ ജില്ലയിലെ അരൂർ മാർക്കറ്റ് നവീകരണവും മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാർക്കറ്റുകളുടെ നവീകരണത്തിനായി കേന്ദ്ര സഹായമായി ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ (50:50 അനുപാതത്തിൽ) ഉൾപ്പെടുത്തി 500 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

### ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണം

304 (3149) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണപ്രവൃത്തിക്ക് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തിക്ക് സമർപ്പിച്ച 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുടർനടപടി സ്വീകരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

### മാവേലിക്കര മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾ

305 (3150) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം മത്സ്യമാർക്കറ്റുകളാണ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഓരോ മാർക്കറ്റിനും വിനിയോഗിച്ച തുക വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ മാങ്ങാംകുഴി മത്സ്യമാർക്കറ്റ്, പുതിയകാവ് മത്സ്യമാർക്കറ്റ്, താമരക്കുളം മത്സ്യമാർക്കറ്റ് എന്നിവ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മാർക്കറ്റുകൾ നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റുകൾ, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. മാങ്ങാംകുഴി മത്സ്യമാർക്കറ്റ് നവീകരണത്തിനായി 282.31 ലക്ഷം രൂപ, പുതിയകാവ് മത്സ്യമാർക്കറ്റ് നവീകരണത്തിനായി 300 ലക്ഷം രൂപ, താമരക്കുളം മത്സ്യമാർക്കറ്റ് നവീകരണത്തിനായി 280.02 ലക്ഷം രൂപ എന്നിങ്ങനെയാണ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്.

## നെയ്യാറ്റിൻകര ടൗൺ പൊതുമാർക്കറ്റ്

306 (3151) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ ടൗൺ പൊതുമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിന് ഡി.പി.ആർ. പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചത്;

(ബി) നെയ്യാറ്റിൻകര ടൗൺ പൊതുമാർക്കറ്റിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചത് ഏത് വർഷത്തിൽ എന്ന് അറിയിക്കുമോ;

(സി) ഡി.പി.ആർ. പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് നെയ്യാറ്റിൻകര ടൗൺ മാർക്കറ്റിൽ മത്സ്യബന്ധനവകുപ്പ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) നെയ്യാറ്റിൻകര നഗരസഭയിലെ ടൗൺ പൊതുമാർക്കറ്റ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് 416.30 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത മാർക്കറ്റ് നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡിപി.ആർ. എന്നിവ തയ്യാറാക്കിവരുന്നു. ടി പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തീകരിച്ചശേഷം മാത്രമേ പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

307 (3152) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി മാർക്കറ്റുകൾ നവീകരിക്കുന്നതിന്റെ നടപടികൾ സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ നടുക്കാട് ചന്തയും വിളവൂർക്കൽ പഞ്ചായത്തിലെ മലയം ചന്തയും നവീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ?

### ഉത്തരം

(എ) കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ 65 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു. 65 മാർക്കറ്റുകളുടെ പേരുവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ ചന്തയുടെയും വിളവൂർക്കൽ പഞ്ചായത്തിലെ വിളവൂർക്കൽ ചന്തയുടെയും നവീകരണം കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

## വൈപ്പിൻ കാളമുക്ക് ഫിഷ് ലാന്റിംഗ് സെന്റർ

308 (3153) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ കാളമുക്ക് ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിനായി നെഗോഷ്യബിൾ പർച്ചേസ് ആക്റ്റ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനാവശ്യമായ തുക ഏതു ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമിയേറ്റെടുക്കൽ നടപടിക്കായി നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ വിശദീകരിക്കാമോ;

(ഇ) ഭൂമിയേറ്റെടുക്കൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ കാളമുക്ക് ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തന ക്ഷമമാക്കുന്നതിന് ടി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും വാർഫ്, അപ്രോച്ച് ജട്ടി എന്നിവയുടെ നിർമ്മാണം നടത്തുകയും ചെയ്തു. തുടർന്ന് 45.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് ലേലപ്പുര, പാർക്കിംഗ് ഏരിയ എന്നിവയും ഡ്രഡ്ജിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചു. ടി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം പൂർണ്ണ രീതിയിൽ ഉപയുക്തമാക്കുന്നതിന് പ്രവേശന പാതയ്ക്കുവേണ്ടി 12.552 സെന്റ് സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുതി നൽകിയിട്ടുണ്ട്. 27-10-2018-ൽ ബഹു. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനമനുസരിച്ച് പുതുതായി ഏറ്റെടുക്കേണ്ട സ്ഥലംകൂടി ഉൾപ്പെടുത്തി 19.64 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ അർത്ഥനാ പത്രം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) പൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനാവശ്യമായ 12.552 സെന്റ് സ്ഥലം നെഗോഷ്യബിൾ പർച്ചേസ് ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 251.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ തുക 2405-00-800-49(P) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തിയിട്ടുണ്ട്.

(സി) വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള പ്രവേശന പാതയ്ക്കാവശ്യമായ 12.55 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനായി ഭരണാനുമതി

നൽകിയിട്ടുണ്ട്. 2013-ലെ LAR ആക്ട് 4(2), 4(3), ചട്ടപ്രകാരം ഏകദേശ ഭൂമി വിലയുടെ 5% തുക ആനുഷാംഗിക ചെലവിനത്തിൽ ഉൾപ്പെടുത്തി എൽ.എ. ഓഫീസറുടെ TSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ട്. ആയതിനുള്ള ഫണ്ട് ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. എൽ.എ. തഹസിൽദാർ, പത്രത്തിലൂടെ സർവ്വേ നടപടികൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പൊന്നുംവില നടപടികളുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകളുമായി നടത്തിയ ചർച്ചയനുസരിച്ച് പുതുതായി ഏറ്റെടുക്കേണ്ട സ്ഥലം കൂടി ഉൾപ്പെടുത്തി 19.64 സെന്റ് സ്ഥലത്തിന്റെ പുതുക്കിയ അർത്ഥനാപത്രവും, സ്കെച്ചും ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ഡി) തടസ്സങ്ങൾ നിലവിലില്ല.

(ഇ) ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് മാത്രമേ ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ.

**ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കാൻ നടപടി**

309 (3154) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസമൃദ്ധമായ പാറമടകൾ, റിസർവോയറുകൾ തുടങ്ങിയവയിലെ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി പഴശ്ശി (648 ഹെക്ടർ), ബാണാസുര സാഗർ (1277 ഹെക്ടർ), കാരാപ്പുഴ (1660 ഹെക്ടർ), മലമ്പുഴ (2313 ഹെക്ടർ), മംഗലം (393 ഹെക്ടർ), മീൻകര (259 ഹെക്ടർ), ചുള്ളിയാർ (159 ഹെക്ടർ), കാഞ്ഞിരപ്പുഴ (512 ഹെക്ടർ), മാട്ടുപ്പെട്ടി (324 ഹെക്ടർ), ഇടുക്കി (6160 ഹെക്ടർ), ഭൂതത്താൻകെട്ട് (608 ഹെക്ടർ), തെന്മല (2590 ഹെക്ടർ) എന്നിവിടങ്ങളിലായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും അനുബന്ധ പ്രവർത്തങ്ങൾക്കുമായി 210 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പാറമടകളിലും മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പദ്ധതികൾ രൂപീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ജലകൃഷിയിലൂടെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജനകീയ മത്സ്യകൃഷി പദ്ധതി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി 7420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിലുള്ള ജലസ്രോതസ്സുകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിയും ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കിയും ശാസ്ത്രീയ മത്സ്യകൃഷി രീതികൾ അവലംബിച്ചും, കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് മത്സ്യകൃഷി വ്യാപിപ്പിച്ചും മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോൽപ്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

കർഷകർക്കുള്ള പരിശീലനം, വിജ്ഞാനവ്യാപനം, മത്സ്യകർഷക അവാർഡ്, മത്സ്യരോഗ നിയന്ത്രണം മുതലായ പ്രവർത്തനങ്ങൾക്ക് 1205.86 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ 2019-20 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4850 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 6 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

## മത്സ്യഫെഡിന് കീഴിലെ പ്രാഥമിക സംഘങ്ങൾ

310 (3155) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമികസംഘങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രാഥമികസംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഉൾനാടൻ മത്സ്യകർഷകരെയും പ്രസ്തുത സംഘത്തിൽ ഉൾപ്പെടുത്താനാകുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് മത്സ്യമേഖലയുമായും അനുബന്ധ തൊഴിൽ മേഖലയിലും പ്രവർത്തിക്കുന്ന വ്യത്യസ്ത കുടുംബത്തിൽ ഉൾപ്പെട്ട ഏറ്റവും ചുരുങ്ങിയത് 25 ആളുകൾ ചേർന്ന് 1969-ലെ കേരളാ സഹകരണ സംഘ നിയമം, വകുപ്പ് 6 ചട്ടം 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട

സംഘത്തിന്റെ കരട് ബൈലാ പകർപ്പുകൾ, തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംഘത്തിന്റെ തുടർന്നുള്ള മൂന്ന് വർഷങ്ങളിലെ പ്രവർത്തനങ്ങൾ കാണിക്കുന്ന പ്രോജക്ട് റിപ്പോർട്ട്, രജിസ്ട്രേഷൻ ഫീ ഒടുക്കിയതിന്റെ ചലാൻ രശീത്, കരട് ബൈലായിൽ ഒപ്പ് വച്ചിരിക്കുന്ന വ്യക്തികൾ വ്യത്യസ്ത കുടുംബത്തിൽപ്പെട്ട ആളുകളാണെന്ന സാക്ഷ്യപത്രം, സംഘത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടത്തുന്നതിനായി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പ്രൊമോട്ടിംഗ് കമ്മിറ്റി അംഗങ്ങളുടെ പട്ടിക, അംഗമാകാൻ ഉദ്ദേശിക്കുന്നവരിൽനിന്നും ശേഖരിക്കുന്ന ഓഹരി തുക, പ്രവേശന ഫീ എന്നിവ കാണിക്കുന്ന പട്ടിക എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ നൽകേണ്ടതാണ്. ഉൾനാടൻ മത്സ്യമേഖലയിൽ രൂപീകരിക്കുന്ന മത്സ്യകർഷക സഹകരണ സംഘങ്ങളിൽ മത്സ്യകർഷകർക്കും അംഗങ്ങളാകാവുന്നതാണ്.

## കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ് എന്നിവരുടെ അനാസ്ഥ

311 (3156) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിൽ ഒട്ടേറെ ജീവനുകൾക്ക് രക്ഷകനായ മത്സ്യത്തൊഴിലാളി പാട്രിക് ഫെർണാണ്ടസിന് കടലിൽ വച്ച് അസുഖം ബാധിച്ചപ്പോൾ കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ് എന്നിവരുടെ സഹായം തേടിയിട്ടും അത് ലഭിച്ചില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാധ്യമങ്ങളിലെ വാർത്തയിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രീ. പാട്രിക് ഫെർണാണ്ടസ് 9-5-2019 വ്യാഴാഴ്ച വൈകുന്നേരം ഏകദേശം 6.30 മണിക്ക് മൂത്ത ജ്യേഷ്ഠനായ ശ്രീ. ബേസിൽ ഫെർണാണ്ടസ്സുമൊത്ത് സ്വന്തം ഫൈബർ വള്ളത്തിൽ കടലിൽ മത്സ്യബന്ധനത്തിനുപോകുകയും കടലിൽവെച്ച് പക്ഷാഘാതം ഉണ്ടാവുകയും വള്ളത്തിലുണ്ടായിരുന്ന എഞ്ചിനുപുറത്ത് വീഴുകയും ചെയ്തിരുന്നു. രാത്രി ഏകദേശം 9.30-ന് മകനായ പ്രവീൺ അപകട വിവരം അറിയുകയും സമീപവാസിയായ ബാവുസിറിലിന്റെ വള്ളത്തിൽ 3 പേർ പോയി വള്ളത്തൊടൊപ്പം പാട്രിക്കിനെ കരയിൽ എത്തിക്കുകയും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുകയും ചെയ്തു എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, ഫിഷറീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് കടൽ രക്ഷാപ്രവർത്തനം സംബന്ധിച്ചോ കടൽ അപകടങ്ങൾ സംബന്ധിച്ചോ വിവരം ലഭിച്ചാൽ അല്പസമയം പോലും വൈകാതെ രക്ഷാപ്രവർത്തനം നടത്തുകയാണ് പതിവ്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടയുടൻ ശ്രീ. പാട്രിക് ഫെർണാണ്ടസിന്റെ മൊബൈൽ ഫോണിലേയ്ക്ക് ഉടനടി ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ലഭിച്ചില്ല. തുടർന്ന് ടിയാന്റെ ഭാര്യയുടെ മൊബൈൽ ഫോണിൽ ബന്ധപ്പെട്ട് മെഡിക്കൽ കോളേജിലെ 1-ാം വാർഡിൽ 36-ാം നമ്പർ കിടക്കയിൽ ചികിത്സയിലാണെന്ന് അറിയിക്കുകയുണ്ടായി. മെഡിക്കൽ കോളേജിൽ ഫലപ്രദമായ ചികിത്സ ലഭിച്ചതായി മനസ്സിലാക്കുന്നു. ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട ഫിഷറീസ് സ്റ്റേഷൻ, ഫിഷറീസ് ഓഫീസർ, മത്സ്യഭവൻ ഓഫീസർ, പോലീസ് സ്റ്റേഷൻ എന്നിവരെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളിയോ സഹപ്രവർത്തകരോ മറ്റ് യാനങ്ങളിലുള്ള മത്സ്യത്തൊഴിലാളിയോ അറിയിക്കുകയാണ് പതിവ്. എന്നാൽ മത്സ്യബോർഡിന്റെ പുത്തൻതോപ്പ് ഫിഷറീസ് ഓഫീസിലോ മേഖലാ ഓഫീസിലോ ഇക്കാര്യം ആരുംതന്നെ അറിയിച്ചിരുന്നില്ല.

മത്സ്യബോർഡിന്റെ തിരുവനന്തപുരം റീജിയണൽ എക്സിക്യൂട്ടീവ് 14-5-2019-ൽ ആശുപത്രിയിലെത്തി ടിയാനെ കാണുകയും അദ്ദേഹത്തിന്റെ ആവശ്യങ്ങൾ കേൾക്കുകയും ചെയ്തിട്ടുണ്ട്. വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറും അന്നേ ദിവസം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തി ശ്രീ. പാട്രിക്കിനെ കണ്ട് വിരങ്ങൾ തിരക്കിയിരുന്നു. ശ്രീ. പാട്രിക്കിന് ഇൻട്രാസെറിബ്രൽ ഹെമറേജ് ആണെന്നാണ് മെഡിക്കൽ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ അപകടംമൂലമുള്ള ആശുപത്രി ചികിത്സയ്ക്കാണ് ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കുന്നത്. എന്നിരുന്നാലും ശ്രീ. പാട്രിക് ഫെർണാണ്ടസിന് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് അപകടം സംബന്ധിച്ച് ഇന്റിമേഷൻ 14-5-2019-ന് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. ശ്രീ. പാട്രിക് ഫെർണാണ്ടസിന്റെ മകനായ പ്രവീണിന്, ക്ലെയിം അപേക്ഷാഫോം പൂരിപ്പിച്ച് ഇൻഷ്വറൻസ് അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കുന്നതിന് പുത്തൻതോപ്പ് ഫിഷറീസ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

### മത്സ്യത്തൊഴിലാളി കുടുംബങ്ങളെക്കുറിച്ചുള്ള സർവ്വേ

312 (3157) <u>ശ്രീ. എം. മുകേഷ്:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ തീരദേശ മേഖലയിൽ അമ്പത് മീറ്റർ പരിധിയിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെക്കുറിച്ചുള്ള സർവ്വേ നടത്തിയിട്ടുണ്ടോ; എത്ര കുടുംബങ്ങളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കൊല്ലം ജില്ലയിലെ തീരദേശ മേഖലയിൽ 50 മീറ്റർ പരിധിയിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെക്കുറിച്ച് 'കോസ്റ്റൽ ലൈൻസർവ്വേ' (coastal line survey) 2017-18 കാലയളവിൽ നടത്തിയിരുന്നു. സർവ്വേ പ്രകാരം 1580 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ 50 മീറ്റർ പരിധിയിൽ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഇരികുളം ഭൂതത്താൻകെട്ട് മൾട്ടിസ്പീഷിസ് ഇക്കോ ഹാച്ചറി**

313 (3158) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇരികുളം ഭൂതത്താൻകെട്ട് മൾട്ടിസ്പീഷീസ് ഇക്കോ ഹാച്ചറിയുടെ നിലിവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) ഹാച്ചറിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിൽ ഇരികുളം ഭൂതത്താൻകെട്ട് മൾട്ടി സ്പീഷിസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യക്കുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപ്പന നടത്തിവരുന്നു.

(ബി - ഡി) ഇല്ല. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് 11 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഓവർഹെഡ് വാട്ടർ ടാങ്ക്, ബ്രൂഡ് സ്റ്റോക്ക് പോണ്ട്, റിയറിംഗ് പോണ്ട്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യോൽപ്പാദനവും വിപണനവും നടത്തിവരുന്നു. പ്രസ്തുത പ്രൊപ്പോസലിന് അനുമതിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോൽപ്പാദനത്തിന് സജ്ജമാക്കുന്നതാണ്.

## കുളത്തൂർ - കാരോട് പഞ്ചായത്തിൽ മത്സ്യബന്ധന വകുപ്പിന്റെ പ്രവൃത്തികൾ

314 (3159) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ-കാരോട് പഞ്ചായത്തിൽ മത്സ്യബന്ധനവകുപ്പ് 2018-19 വർഷത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; അതിന്റെ പേരുവിവരം, അടങ്കൽ തുക എന്നിവ വ്യക്തമാക്കാമോ ;

(ബി) 2019-20-ൽ കുളത്തൂർ-കാരോട് തീരദേശമേഖലയിൽ മത്സ്യബന്ധനവകുപ്പ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) (1) ഫിഷറീസ് വകുപ്പ് മുഖേന 2018-19 ബി.ഐ.എഫ്.& എച്ച്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയുടെ കുളത്തൂർ-കാരോട് പഞ്ചായത്തിൽ 128 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് വ്യക്തിഗത ഫ്ലാറ്റ് ഒന്നിന് 10.00 ലക്ഷം രൂപ കണക്കിൽ 12.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(2) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കുളത്തൂർ-കാരോട് പഞ്ചായത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് 2018-19-ൽ ഭരണാനുമതി നൽകിയത്. കാരോട് പഞ്ചായത്തിലെ പുതുശ്ശേരി വാർഡ് ഉണ്ടുവിള നടപ്പാത നിർമ്മാണത്തിനായി 6.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിയുടെ

അടങ്കൽ തുക 6,52,726 രൂപയാണ്. ടി പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) (1) ഫിഷറീസ് വകുപ്പ് മുഖേന 2019-20-ൽ കുളത്തൂർ-കാരോട് തീരദേശ മേഖലയിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നിലവിൽ മറ്റ് ഭരണാനുമതി നൽകിയിട്ടില്ല.

(2) കാരോട് പഞ്ചായത്തിലെ മേലെവിളാകം കല്ലുംപൊറ്റ നടപ്പാത, ചാമവിള, പാരവിള നടപ്പാതയ്ക്ക് ഇന്റർലോക്ക് നിർമ്മാണം എന്നീ പ്രവൃത്തികളാണ് 2019-20-ൽ കുളത്തൂർ-കാരോട് പഞ്ചായത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.

## ചെങ്ങന്നൂരിലെ ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

315 (3160) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട് ചെങ്ങന്നൂരിൽ എത്ര പ്രവൃത്തികളാണ് നിലവിലുള്ളത്; വിവരിക്കാമോ;

(ബി) പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള കാലതാമസം ഓരോ പ്രവൃത്തിയുടെയും വിവരണങ്ങളോടെ വിശദമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 7 റോഡ് പ്രവൃത്തികൾക്ക് 340.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ട് റോഡ് പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ഒരു റോഡ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പൂർത്തീകരിച്ച പ്രവൃത്തികൾ | | |
|---|---|---|
| നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
| 1 | തോപ്പിൽ ചന്ത എണ്ണക്കാട് കോളനി റോഡ് | 49.00 |
| 2 | കോയിപ്പുറത്തുപടി-പെരുമ്പുഴക്കടവ് റോഡ് | 47.00 |
| 3 | ചെന്നിത്തല പഞ്ചായത്തിലെ ഫിഷർമെൻ കോളനി റോഡ് | 64.70 |
| 4 | പ്രായിക്കരക്കടവ് - കുളത്തറപ്പടി റോഡ് | 11.90 |

| ശേഷിക്കുന്ന പ്രവൃത്തികൾ | | | |
|---|---|---|---|
| 1 | തൈത്തറപ്പടി മുതൽ പറക്കടവ് വരെയുള്ള റോഡ് | 57.00 | പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. |
| 2 | മേച്ചേരിൽ-കരവാള്ളിൽ എൻജിൻതറ റോഡ് | 29.50 | പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ് |
| 3 | വല്ലംകടവ്-ചില്ലിതുരുത്ത് റോഡ് | 81.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |

(ബി) പ്രവൃത്തികൾ ആരംഭിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനുമുള്ള കാലതാമസം സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തോപ്പിൽചന്ത എണ്ണക്കാട് കോളനി റോഡ്

ടി പ്രവൃത്തി 20-5-2017-ൽ ആരംഭിച്ചു. കരാർ പ്രകാരം 16/03/2018-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. ടി പ്രവൃത്തി 06/02/2019-ലാണ് പൂർത്തീകരിച്ചത്.

വെള്ളക്കെട്ടുള്ള പ്രദേശം ആയതിനാൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടു. കൂടാതെ പ്രളയംമൂലം റോഡിന് കേടുപാടുകൾ സംഭവിക്കുകയും വീണ്ടും മെറ്റലിംഗ് ചെയ്യേണ്ടതായി വരുകയും ചെയ്തു. തന്മൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടു.

2. കോയിപ്പുറത്തുപടി-പെരുമ്പുഴക്കടവ് റോഡ്.

ടി പ്രവൃത്തി 12-7-2017-ൽ ആരംഭിച്ചു. കരാർ പ്രകാരം 7-4-2018-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. 30-12-2018-ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

വയലിന്റെ നടുവിലൂടെയുള്ള റോഡായതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണത്തിന് കാലതാമസം നേരിട്ടു. കൂടാതെ പ്രളയത്തിൽ ടി റോഡ് പൂർണ്ണമായും വെള്ളത്തിൽ മുങ്ങിപ്പോയതിനാൽ ടാറിംഗ് പ്രവൃത്തി ഏർപ്പാടാക്കുന്നതിന് സാധിച്ചില്ല. തന്മൂലം പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടു.

3. ഫിഷർമെൻ കോളനി റോഡ്

ടി പ്രവൃത്തി 5-4-2018-ൽ ആരംഭിച്ചു. കരാർ പ്രകാരം 4-4-2019-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 20-4-2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

4. പ്രായിക്കരപ്പടി-തൈത്തറപ്പടി റോഡ്

ടി പ്രവൃത്തി 8-3-2019-ൽ ആരംഭിക്കുകയും 31-5-2019-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

5.തൈത്തറപ്പടി-പാറക്കടവ് റോഡ്

ടി പ്രവൃത്തിക്ക് 25-10-2018-ൽ ഭരണാനുമതി നൽകി. 8-5-2019-ൽ സാങ്കേതികാനുമതി നൽകിയ ടി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.

6.മേച്ചേരിൽ കരവാളിൽ (എൻജിൻതറ) റോഡ്

ടി പ്രവൃത്തിക്ക് 15-2-2019-ൽ ഭരണാനുമതി ലഭിച്ചതനുസരിച്ച് 27-3-2019-ൽ സാങ്കേതികാനുമതി നൽകി. പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

7.വല്ലംകടവ്-ചില്ലിത്തുരുത്ത് റോഡ്

ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രവൃത്തികൾ

316 (3161) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിയ പ്രവർത്തനങ്ങളുടെ പട്ടിക നൽകാമോ;

(ബി) ഇവയിൽ പൂർത്തിയായത്, പണി നടന്നുവരുന്നത്, തുടങ്ങാനുള്ളത്, ഭരണാനുമതി ലഭ്യമായത് എന്നിങ്ങനെ തരംതിരിച്ച് തുക സഹിതം അറിയിക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 14 റോഡ് പ്രവൃത്തികൾക്കായി 510 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 7 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചു. പണിനടന്നുവരുന്നതും, പണി ആരംഭിക്കുവാനുള്ളതുമായ റോഡുകളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

NABARD RIDF XVII പദ്ധതിയിൽ ഉൾപ്പെടുത്തി 11-1-2012-ൽ ഭരണാനുമതി നൽകിയ കുമ്പളം നെട്ടൂർ പാലത്തിന്റെ (1500 ലക്ഷം രൂപ) നിർമ്മാണം 21-2-2019-ൽ പൂർത്തീകരിച്ചു.

## ഹാർബർ എഞ്ചിനീയറിംഗിന്റെ ഫണ്ട്

317 (3162) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗിന്റെ ഫണ്ടുപയോഗിച്ച് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ മാനദണ്ഡങ്ങൾ പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗിന്റെ കീഴിൽ ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച റോഡുകൾ, ടെണ്ടർ ചെയ്ത റോഡുകൾ, പ്രവൃത്തി തുടങ്ങാനായി എഗ്രിമെന്റ് വച്ച റോഡുകൾ, എസ്റ്റിമേറ്റ് എടുത്ത റോഡുകൾ, എസ്റ്റിമേറ്റ് എടുക്കാനിരിക്കുന്ന റോഡുകൾ സംബന്ധിച്ച വിശദാംശം മണ്ഡലം തിരിച്ച് നൽകാമോ;

(ഡി) ഹാർബർ എഞ്ചിനീയറിംഗിന്റെ ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച പുതിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സ.ഉ. (സാധാ) നമ്പർ 127/2019/മ.ഇ.വ. തീയതി. 15-2-2019 ഉത്തരവ് പ്രകാരമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണം, നിലവാരം ഉയർത്തൽ, അറ്റകുറ്റപ്പണികൾ മുതലായ പ്രവൃത്തികൾ ചെയ്യുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനുള്ള മാദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഉത്തരവ് അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ മാനദണ്ഡങ്ങൾ പ്രകാരം 32 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ തീരദേശ റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം *ആയി ചേർക്കുന്നു.

(സി) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ 13 തീരദേശ റോഡുകളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. 5 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. 6 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനുണ്ട്. 4 പ്രവൃത്തികൾ ആരംഭിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 15 റോഡുകൾക്ക് എസ്റ്റിമേറ്റ് എടുക്കാനുണ്ട്. ഈ തീരദേശ റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.

(ഡി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

**കൊച്ചി മണ്ഡലത്തിലെ തീരദേശ റോഡുകൾ**

318 (3163) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി മണ്ഡലത്തിലെ തീരദേശ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരദേശ റോഡുകൾ ഏതെല്ലാമെന്നും ഓരോ റോഡിനും എത്ര തുക, എപ്പോഴൊക്കെ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം റോഡുകളുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടെന്നും ഇനി ടെണ്ടർ ചെയ്യാനുള്ള റോഡുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി മണ്ഡലത്തിലെ തീരദേശ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് 14 റോഡ് പ്രവൃത്തികൾക്കായി 662.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) പൂർത്തിയാക്കിയ റോഡുകൾ, ടെണ്ടർ ചെയ്ത റോഡുകൾ, ഇനി ടെണ്ടർ ചെയ്യാനുള്ള റോഡുകൾ എന്നിവയുടെ വിശദാംശം അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

## കായംകുളം ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിന്റെ അറ്റകുറ്റപ്പണികൾ

319 (3164) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ തകർന്ന പുലിമുട്ടിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ടോ; അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണ്ണും എക്കലും ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) അഴിമുഖത്ത് സിഗ്നൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിന് പോകുന്ന ചെറുയാനങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ തകർന്ന പുലിമുട്ടിന്റെ അറ്റകുറ്റപ്പണികൾക്കായി 844 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും സാങ്കേതിക അനുമതി നൽകി ഇ-ടെണ്ടർ ക്ഷണിക്കുകയുമുണ്ടായി. പ്രീ ക്വാളിഫിക്കേഷൻ കമ്മിറ്റി 11-6-19-ൽ കൂടിയിട്ടുണ്ട്. കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണ്ണും എക്കലും ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ IREL മുഖേന നടപ്പിലാക്കുവാൻ ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ IREL-ന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബറിനുള്ളിൽ പ്രവേശിക്കുന്നതിനായി നിലവിൽ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ചാനലിൽ ബോയ (BUOY) സ്ഥാപിച്ചിട്ടുണ്ട്.

## കശുവണ്ടി വ്യവസായ മേഖലയെ ലാഭത്തിലാക്കുവാൻ നടപടി

320 (3165) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വ്യവസായ മേഖലയിൽ സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ ഫലമായി വന്നുചേർന്നിട്ടുള്ള മാറ്റങ്ങളും വിശദമാക്കുമോ;

(ബി) കശുവണ്ടി വ്യവസായത്തെ ലാഭത്തിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള പ്രത്യേക നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ഓണത്തിനുമുമ്പ് പൊതുമേഖലയിലുള്ള കോർപ്പറേഷൻ ഫാക്ടറികളും കാപെക്സ് ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിച്ചു.

തോട്ടണ്ടി ദൗർലഭ്യം കാരണവും ഫണ്ടിന്റെ അഭാവംമൂലവും തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്ന പൊതുമേഖലയിലേയും സ്വകാര്യ മേഖലയിലേയും വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളിക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ ഫണ്ട് ലഭ്യമാക്കി 2017-ൽ രൂപീകരിച്ച കേരള കാഷ്യു ബോർഡ് മുഖാന്തരം കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കി.

കാപെക്സിനും കശുവണ്ടി വികസന കോർപ്പറേഷനും ഈ വർഷം അവസാനം വരെ തുടർച്ചയായി പ്രവർത്തിക്കുന്നതിനുള്ള തോട്ടണ്ടി ബോർഡ് മുഖാന്തരം ഇതിനകം സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

കടക്കെണിമൂലം പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറിക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അതാത് വ്യവസായത്തിന്റെ ധനകാര്യ സ്ഥിതിയുടെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കി വരികയാണ്. നിരന്തര ഇടപെടലിന്റെ ഫലമായാണ് ഇത്തരത്തിൽ സ്വാകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്ന സ്ഥിതിയിലെത്തിയത്. 6-2-2019-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വ്യവസായങ്ങൾക്ക് ബാങ്കുകൾ നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ 9 ശതമാനമായി ഏകീകരിക്കാനും പുതിയതായി അനുവദിക്കുന്ന വായ്പയുടെ പലിശ സർക്കാർ സബ്സിഡിയായി നൽകാനും പിഴപ്പലിശ ഒഴിവാക്കാനും വ്യവസായികൾ സർക്കാരിന് നൽകാനുള്ള കുടിശ്ശികയ്ക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിക്കാനും തീരുമാനമായിട്ടുണ്ട്. സബ്സിഡി നൽകുന്നതിനായി ബഡ്ജറ്റിൽ തുകയും വകയിരുത്തിയിട്ടുണ്ട്. ഈ നടപടികൾ സ്വകാര്യ വ്യവസായങ്ങൾക്കനുകൂലമായ നിലപാട് സ്വീരിക്കാൻ ബാങ്കുകളെ പ്രോരിപ്പിച്ചിട്ടുണ്ട്.

പൊതുമേഖലയിലുള്ള 40 ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും പ്രവർത്തന മൂലധനമായും ഫണ്ട് ലഭ്യമാക്കി കാപെക്സിലെയും കാഷ്യൂ കോർപ്പറേഷനിലേയും തൊഴിലാളികൾക്ക് ബോണസ്സും ഗ്രാറ്റുവിറ്റിയും ലഭ്യമാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിനും ബ്രാന്റ് ബിൽഡിംഗിനും ഫണ്ട് ലഭ്യമാക്കി. കോർപ്പറേഷൻ ധനകാര്യ സ്ഥാപനങ്ങൾക്ക് കുടിശ്ശികയാക്കിയിരുന്ന തുക 80 കോടി രൂപ ഒറ്റത്തവണയായി നൽകി തീർപ്പാക്കി.

കേരളത്തിൽനിന്നും ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി സർക്കാർ രൂപീകരിച്ച പ്രൈസ് ഫിക്സേഷൻ കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് കാപെക്സും കാഷ്യൂ കോർപ്പറേഷനും ശേഖരിച്ചുവരുന്നു. വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽനിന്നും തോട്ടങ്ങളിൽനിന്നുമുള്ള തോട്ടണ്ടിയാണ് ഇതുവഴി ശേഖരിച്ചിട്ടുള്ളത്.

സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം കേരളത്തിൽ വിപുലമായ രീതിയിൽ അത്യുൽപ്പാദന ശേഷിയുള്ളയിനം കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കിയാലോ ഉയർന്ന വിലയ്ക്ക് പരിപ്പ് വിറ്റാലോ മാത്രം കശുവണ്ടി വ്യവസായത്തെ ലാഭത്തിലാക്കാൻ കഴിയില്ല. വ്യവസായ നടത്തിപ്പിൽ കാര്യക്ഷമമായി ഇടപെട്ടാൽ മാത്രമേ വ്യവസായത്തെ ലാഭത്തിലാക്കി തൊഴിൽ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള ഫലപ്രദമായ ഇടപെടലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വീരിച്ചുവരുന്നത്.

## കശുവണ്ടി മേഖലയിലെ പ്രവർത്തനങ്ങൾ

321 (3166) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടഞ്ഞുകിടന്നിരുന്ന എത്ര കശുവണ്ടി സംസ്കരണ ഫാക്ടറികൾ ഈ സർക്കാർ അധികാരമേറ്റശേഷം തുറന്ന് പ്രവർത്തിപ്പിച്ചുവെന്നും കശുവണ്ടി മേഖലയിൽ എത്ര തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിച്ചുവെന്നും വിശദമാക്കുമോ;

(ബി) കശുവണ്ടി കയറ്റുമതിയിൽ ശരാശരി എത്ര രൂപയുടെ അധികവരുമാനം പ്രതിവർഷം നേടാനായെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ആകെ 864 ഫാക്ടറികളിൽ പൊതുമേഖലയിലുള്ള 40 ഫാക്ടറികൾ ഉൾപ്പെടെ 432 എണ്ണം തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്. അതിന് അതിനാനുപാതികമായി തൊഴിൽ ദിനങ്ങളിലും വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) പൊതുമേഖലാ വ്യവസായങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെങ്കിലും ആഭ്യന്തര വിപണിയിൽ കൂടുതൽ വില ലഭിക്കുന്നതിനാൽ ടെണ്ടർ മുഖാന്തരം ആഭ്യന്തര വിപണിയിലാണ് പരിപ്പ് വിറ്റഴിക്കുന്നത്. പരിപ്പിന്റെ വിപണനത്തിൽ കേരള കാഷ്യൂ ബോർഡിന്റെ സഹായത്തോടുകൂടി പരിപ്പിന്റെ മാർക്കറ്റിംഗിലും കയറ്റുമതിയിലും കൂടുതൽ ഇടപെടുന്നതോടുകൂടി പരിപ്പ് കയറ്റുമതി വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വില നിർണ്ണയ സമിതി നിശ്ചയിച്ച തോട്ടണ്ടി വില

322 (3167) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ, ആറളം ഫാം എന്നിവിടങ്ങളിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിന് സർക്കാർ വില നിശ്ചയിച്ചിരുന്നോ; നിശ്ചയിച്ച പരമാവധി വില കി.ഗ്രാമിന് എത്രയായിരുന്നു;

(ബി) കാർഷികാദായ കമ്മീഷണർ, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായ വില നിർണ്ണയ സമിതി തോട്ടണ്ടിയുടെ വില 123 രൂപയിൽ നിന്നും 110 രൂപയായി കുറയ്ക്കുവാൻ തീരുമാനിച്ചിരുന്നോ;

(സി) ഈ തീരുമാനത്തിന് ശേഷവും അടുത്തിടെ കാപെക്സ് ഇതിനെക്കാൾ ഉയർന്ന നിരക്കിൽ സ്വകാര്യ വ്യക്തികളിൽ നിന്നും തോട്ടണ്ടി വാങ്ങിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപ നിരക്കിലാണ് വാങ്ങിയതെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിശ്ചയിച്ചിരുന്നു. സർക്കാർ നിയോഗിച്ച വില നിർണ്ണയ സമിതി ആദ്യം നിശ്ചയിച്ചത് കിലോയ്ക്ക് 123 രൂപയായിരുന്നു. തുടർന്ന് 2019 മെയ് 6 മുതൽ 110 രൂപയായി പുതുക്കി നിശ്ചയിച്ചു.

(ബി) തീരുമാനിച്ചിരുന്നു.

(സി & ഡി) വാങ്ങിയിരുന്നു. 113.50 രൂപ നിരക്കിലാണ് വാങ്ങിയത്. കാരണങ്ങൾ അന്വേഷിച്ചുവരുന്നു.

**ഇറക്കുമതി ചെയ്ത കശുവണ്ടിപ്പരിപ്പിന്റെ ദുരുപയോഗം**

323 (3168) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്നും വൻതോതിൽ കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്തതിനെ തുടർന്ന് സംസ്ഥാനത്തെ കശുവണ്ടി വ്യവസായം തകർച്ച നേരിടുന്നുണ്ടോ;

(ബി) ഇപ്രകാരം ഇറക്കുമതി ചെയ്ത കശുവണ്ടിപ്പരിപ്പ് സംസ്ഥാനത്തെ കശുവണ്ടിപ്പരിപ്പുമായി മിക്സ് ചെയ്ത് കയറ്റുമതി നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന ഇത്തരം പ്രവണതകൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) നിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് കാലിത്തീറ്റയ്ക്കെന്ന വ്യാജേനയും മറ്റും ഇറക്കുമതി ചെയ്ത് നല്ല പരിപ്പുമായി കൂട്ടിക്കലർത്തി വിപണനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കേരളത്തിലെ വ്യവസായത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരം നടപടികൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് കാഷ്യൂ ബോർഡും സർക്കാരും നേരിട്ടും നിവേദനങ്ങൾ മുഖാന്തരവും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കാഷ്യൂ എക്സ്പോർട്ട്സ് പ്രൊമോഷൻ കൗൺസിലും ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ 12-6-2019-ലെ 8/2015-2020 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മുറിപരിപ്പിന്റേയും മുഴുപരിപ്പിന്റേയും ഇറക്കുമതി മൂല്യം (CIF Value) യഥാക്രമം 288 രൂപ (Per Kg) യിൽ നിന്നും 680 രൂപയായും 40 രൂപ (Per Kg)യിൽ നിന്നും 720 രൂപയായും പരിഷ്കരിച്ചിട്ടുണ്ട്. ഇറക്കുമതിനയം തിരുത്തുന്നതിനായി കേന്ദ്രസർക്കാരിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**കശുവണ്ടി കമ്പനികളുടെ പുനരുദ്ധാരണ പദ്ധതികൾ**

324 (3169) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖലയിലെ നഷ്ടത്തിലായ കശുവണ്ടി കമ്പനികളുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) നഷ്ടത്തിലായ പ്രസ്തുത കമ്പനികളുമായി സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിരുന്നോ; വിശദമാക്കുമോ;

(സി) പ്രസ്തുത കമ്പനികൾക്ക് ധനസഹായം നൽകുവാനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ യോഗത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പുനരുദ്ധരിക്കുന്നതിനായി നിരവധി മീറ്റിംഗുകൾ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. ഇതിനെത്തുടർന്ന് രൂപീകരിക്കപ്പെട്ട മൂന്നംഗ കമ്മിറ്റി രണ്ട് ഘട്ടങ്ങളിലായി 285 വ്യവസായങ്ങളെ കേൾക്കുകയും പുനരുദ്ധരിക്കാൻ സാധിക്കുന്ന വ്യവസായങ്ങളെക്കുറിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. 6-2-2019-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും വ്യവസായികൾക്കും ധനകാര്യ

സ്ഥാപനങ്ങൾക്കും പ്രയോജനപ്രദമായ തീരുമാനങ്ങളെടുക്കുകയും ചെയ്തു. യോഗതീരുമാനങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (Annexure I)* നിലവിൽ വായ്പയെടുത്ത് അടയ്ക്കാൻ സാധിക്കാത്തവരുടെ വായ്പ പുനഃക്രമീകരിച്ച് നൽകുന്നതിനും പിഴപ്പലിശ ഒഴിവാക്കുന്നതിനും, വായ്പയുടെ പലിശ 9%-ആക്കി നിജപ്പെടുത്തുന്നതിനും, പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുക്കുവാനുമുള്ളതായിരുന്നു പ്രധാന തീരുമാനങ്ങൾ. 2019 ഫെബ്രുവരി മാസത്തിൽത്തന്നെ 30 ലധികം ഫാക്ടറികൾക്ക് വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതി പത്രങ്ങൾ വിതരണം ചെയ്യുകയും വ്യവസായങ്ങളുടെ ധനകാര്യ സ്ഥിതി സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് വായ്പ നൽകിവരികയുമാണ്. വായ്പ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് 14-6-2019-ൽ വകുപ്പ് മന്ത്രി അവലോകനം നടത്തുകയും വായ്പ ലഭ്യമാക്കി സ്വകാര്യ ഫാക്ടറികൾ പരമാവധി വേഗത്തിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### കാഷ്യൂ ഫാക്ടറികൾ ഹൈടെക് ആക്കുന്നതിന് പദ്ധതി

325 (3170) <u>ശ്രീമതി പി. അയിഷാ പോറ്റി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള കാഷ്യൂ ഫാക്ടറികൾ ഹൈടെക് ആക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഹൈടെക് കാഷ്യൂ ഫാക്ടറികളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ ധനസഹായത്തോടെ കാപെക്സ് ഫാക്ടറികളിൽ എല്ലാംതന്നെ ഭാഗികമായ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പിലാക്കിവരികയാണ്. കാപെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പൊളിച്ചുനീക്കി സർക്കാർ ധനസഹായത്തോടെ ആധുനിക സൗകര്യങ്ങളോടെ പുനർനിർമ്മിക്കുകയുണ്ടായി. ആയതുപോലെ 10 ഫാക്ടറികളിലും പാക്കിംഗ് സെന്ററിലും ഹെഡ് ഓഫീസുമായി Integrated Software System മുഖാന്തരം ബന്ധപ്പെടുത്തി സി.സി.ടി.വി. surveillance system സ്ഥാപിച്ചു കഴിഞ്ഞു. ഭാഗികമായ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 10 ഫാക്ടറികളിലും ഷെല്ലിംഗ് സെക്ഷനുകളിൽ തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനായി ആവശ്യമായ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചുവരികയാണ്. പീലിംഗ്, ഗ്രേഡിംഗ് ടേബിളുകൾ ആവശ്യാനുസരണം വിതരണം ചെയ്യുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിലാളികളുടെയും ജീവനക്കാരുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ടോയ്‌ലെറ്റുകളും വിശ്രമമുറികളും ക്രഷും നിർമ്മിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

കശുവണ്ടി വികസന കോർപ്പറേഷന്റെ കാഷ്യു ഫാക്ടറികൾ നവീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുള്ളതും ഇതനുസരിച്ചിട്ടുള്ള നിർമ്മാണ, നവീകരണ പ്രവൃത്തികൾ നടന്നുവരികയുമാണ്. ഇതിലേയ്ക്ക് സർക്കാർ 40 കോടി രൂപ അനുവദിച്ച് നൽകിയിട്ടുള്ളതിൽ 12 കോടി രൂപ ചെലവഴിച്ചിട്ടുള്ള പ്രവർത്തികളാണ് ഇപ്പോൾ നടക്കുന്നത്.

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണം, പുതിയ ഷെഡുകളുടെ സ്ഥാപനം, ആധുിക രീതിയിലുള്ള പില്ലിംഗ് പാർക്കിംഗ് സെന്ററുകൾ, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, ഇതിനാവശ്യമായ പരിശീലനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ആധുനിക സൗകര്യങ്ങളോടു കൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ശൗചാലയങ്ങൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാനുകൾ, കാഷ്യു പാർക്ക്, സി.സി. ടിവി സർവെയിലൻസ് ക്യാമറ, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്സ്, ഡൈനിംഗ് ഹാൾ, ക്യാന്റീൻ, തൊട്ടിപ്പുര, വായനാമുറി, ഷെഡുകളിൽ ആവശ്യാനുസരണം ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയാണ് ആധുനീകരണത്തിന്റെ ഭാഗമായി കാഷ്യു ഫാക്ടറികളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ.

### കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ

326 (3171) ശ്രീ. കെ. എൻ. എ ഖാദർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായമേഖലയിൽ ഇടനിലക്കാരെ ഒഴിവാക്കി കൂടുതൽ നേട്ടം കൈവരിക്കുമെന്ന ലക്ഷ്യത്തിൽ 2017-ൽ ഈ സർക്കാർ കശുവണ്ടി വ്യവസായ കോർപ്പറേഷനെ ഒഴിവാക്കി കാഷ്യൂ ബോർഡ് രൂപീകരിച്ച ശേഷം കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ബോർഡിന്റെ പ്രവർത്തന ലാഭം/ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവർത്തിച്ചുവന്നിരുന്ന എത്ര കശുവണ്ടി ഫാക്ടറികൾ അടച്ചു പൂട്ടിയെന്നുള്ള കണക്ക് നൽകാമോ;

(സി) ഈ മേഖലയിലെ ചെറുകിട സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷനെ ഒഴിവാക്കിയാണ് കേരള കാഷ്യു ബോർഡ് രൂപീകരിച്ചതെന്ന ചോദ്യം ശരിയല്ല. തോട്ടണ്ടി ദൗർലഭ്യം കാരണം പൊതുമേഖലാ ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്നതും സർക്കാർ ധനസഹായം കൊണ്ടുമാത്രം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്താൻ കഴിയാതിരുന്നതും കാഷ്യു കോർപ്പറേഷനും കാപെക്സിനും ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകാൻ വിസമ്മതിച്ചതിനെത്തുടർന്നുമാണ് ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി കേരള കാഷ്യു ബോർഡ് രൂപീകരിച്ചത്. ലാഭമുണ്ടാക്കലല്ല കാഷ്യു ബോർഡിന്റെ ലക്ഷ്യം. ഗുണമേന്മയുള്ള തോട്ടണ്ടി ന്യായമായ നിരക്കിൽ ഉൽപ്പാദക രാജ്യങ്ങളിൽനിന്നും ലഭ്യമാക്കി കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുക എന്നതാണ് ബോർഡിന്റെ രൂപീകരണോദ്ദേശ്യം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയിട്ടില്ല.

(സി) കടക്കെണിമൂലം അടച്ചുപൂട്ടിയ സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി വ്യവസായികളുമായും ബാങ്കുകളുമായും എസ്.എൽ.ബി.സി.-യുമായും ബഹു. മുഖ്യമന്ത്രി നടത്തിയ മീറ്റിംഗുകളെത്തുടർന്ന് വ്യവസായികൾ സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് വിലയിരുത്തി ശിപാർശ ചെയ്യാൻ നിയോഗിക്കപ്പെട്ട മൂന്നംഗ കമ്മിറ്റി ഇതുവരെ 285 വ്യവസായങ്ങളെ കേട്ടിട്ടുണ്ട്. അതിൽ 176 എണ്ണം പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നതാണെന്നും 67 എണ്ണത്തിന് ഒറ്റത്തവണ തീർപ്പാക്കൽ മാത്രമാണ് പരിഹാരമെന്നും അസറ്റ് റീസ്ട്രക്ച്ചറിംഗ് കമ്മിറ്റിക്ക് കൈമാറിയതുൾപ്പെടെ മേൽ വിഭാഗത്തിൽ ഉൾപ്പെടാത്ത 42 വ്യവസായങ്ങളെയും കണ്ടെത്തിയിട്ടുണ്ട്.

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 6-2-2019-ൽ ചേർന്ന ബന്ധപ്പെട്ടവരുടെ യോഗത്തിൽ വ്യവസായികളുടെ വായ്പയ്ക്ക് നൽകേണ്ട പലിശ മുഴുവൻ സർക്കാർ വഹിക്കുമെന്നും പിഴ പലിശ ഒഴിവാക്കുമെന്നും വ്യവസായത്തിന് നൽകുന്ന വായ്പയിന്മേലുള്ള പലിശ 9 ശതമാനമായി ഏകീകരിക്കുമെന്നും വ്യവസായികൾ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ട വായ്പ കുടിശ്ശികയും

വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി കുടിശ്ശികയും ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. വായ്പയിന്മേൽ സബ്സിഡി നൽകുന്നതിനായി സർക്കാർ ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തു. അതിനെത്തുടർന്ന് പൂട്ടിക്കിടന്ന നിരവധി വ്യവസായങ്ങൾക്ക് ബാങ്കുകൾ വായ്പ നൽകി വരികയാണ്.

എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ സ്വകാര്യ വ്യവസായങ്ങൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യു ബോർഡ് ഇപ്പോൾ തയ്യാറാണ്.

**കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ആശ്വാസ ധനസഹായം**

327 (T* 3172) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനായി സംസ്ഥാന കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയിലേക്ക് ലോക് സഭാ തെരഞ്ഞെടുപ്പിന് മുമ്പ് സർക്കാർ തുക അനുവദിച്ചിരുന്നോയെന്നറിയിക്കുമോ;

(ബി) എത്ര കോടി രൂപയാണ് ഇപ്രകാരം അനുവദിച്ചത്; ഒരു തൊഴിലാളിക്ക് എന്ത് തുകയാണ് നൽകിയത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) തൊഴിലാളികൾക്ക് അനുവദിച്ച തുക വ്യാജരേഖ ചമച്ച് തട്ടിയെടുത്തവർക്കെതിരെ ബോർഡ് പരാതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം നൽകാതെ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലേക്ക് ഉദ്യോഗസ്ഥർ മുഖേന പണം വിതരണം ചെയ്തതുകൊണ്ടാണ് ഇത്തരത്തിലുള്ള ആരോപണത്തിന് സാഹചര്യമുണ്ടായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം നൽകേണ്ട എന്ന തീരുമാനം ഏത് സാഹചര്യത്തിലാണ് ബോർഡ് എടുത്തത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിഷുവിനോടനുബന്ധിച്ച് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചിരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) 6,94,56,000 രൂപ (ആറ് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു തൊഴിലാളിക്ക് 2000 രൂപയാണ് നൽകിയത്.

(സി) ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(ഡി&ഇ) സംസ്ഥാനത്തുടനീളമുള്ള പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ ഏകദേശം പകുതിയിലധികം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സമാഹരിക്കുന്ന നടപടി പൂർത്തീകരിക്കാത്തതിനാലാണ് ആശ്വാസ ധനസഹായം നേരിട്ട് വിതരണം നടത്തേണ്ടി വന്നത്. ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണം എത്തിക്കുന്ന നടപടി സ്വീകരിച്ചാൽ അർഹതയുള്ള പലർക്കും ഈ സഹായം ലഭ്യമല്ലാതാകും എന്നുള്ളതിനാലാണ് നേരിട്ട് നൽകുവാൻ തീരുമാനമുണ്ടായത്.

## കശുവണ്ടി തൊഴിലാളികളുടെ ജോലി

328 (3173) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ സംരക്ഷണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നിലവിൽ പ്രവർത്തിച്ചു വരുന്ന കശുവണ്ടി ഫാക്ടറികളിൽ തൊഴിൽചട്ട ലംഘനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടി തൊഴിലാളികളുടെ ജോലി ആയാസരഹിതമാക്കുന്നതിന് എന്തെല്ലാം പരിശീലന പദ്ധതികൾ നടപ്പിലാക്കും; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ തടസ്സമില്ലാതെ പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുമാവശ്യമായ തോട്ടണ്ടി ലഭ്യമാക്കാനായി കാഷ്യു ബോർഡ് രൂപീകരിച്ചു. നാളിതുവരെ ബോർഡ് ഏകദേശം 17000 മെട്രിക് ടൺ തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്. തോട്ടണ്ടി ശേഖരിക്കുന്നതിനാവശ്യമായ ഫണ്ട് കാഷ്യു ബോർഡിന് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം ലഭ്യമാക്കിയിട്ടുണ്ട്. ഈ വർഷം അവസാനം വരെയുള്ള പ്രവർത്തനത്തിനാവശ്യമായ തോട്ടണ്ടി ബോർഡ് മുഖാന്തരം കാഷ്യു കോർപ്പറേഷനും കാപെക്സും ഇതിനകം സ്റ്റോക്ക് ചെയ്തിട്ടുണ്ട്. കേരളത്തിലെ

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽനിന്നും തോട്ടങ്ങളിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കാഷ്യു കോർപ്പറേഷനും കാപെക്സും തോട്ടണ്ടി ശേഖരിച്ചുവരുന്നു. പൊതുമേഖലാ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമുള്ള ഫണ്ട് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിനും ബ്രാന്റ് ബിൽഡിംഗിനും നടപടി സ്വീകരിച്ചുവരുന്നു.

വിദേശത്തുനിന്ന് ഗുണമേന്മയില്ലാത്ത പരിപ്പ് ഇറക്കുമതി ചെയ്ത് വ്യവസായത്തെ തകർക്കുന്ന കേന്ദ്രസർക്കാർ നിലപാടിനെതിരെ ശക്തമായ ഇടപെടൽ നടത്തിവരുന്നുണ്ട്.

കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കശുവണ്ടി പരിപ്പ് വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള നടപടികൾ ഈ കാലയളവിൽ പുനരാരംഭിച്ചിട്ടുള്ളതും കഴിഞ്ഞ 2 വർഷങ്ങളിലായി ദുബായ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് 14 കണ്ടെയ്നർ കശുവണ്ടി പരിപ്പ് കയറ്റി അയച്ചിട്ടുള്ളതുമാണ്.

സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി വ്യവസായികളുടെ പാക്കേജ് പരിശോധിച്ച് സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന പ്രവർത്തന മൂലധനത്തിന്റെ പലിശ സർക്കാർ നൽകാൻ തീരുമാനിക്കുകയും ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തു. ഇതേതുടർന്ന് ബാങ്കുകൾ കടക്കെണിയിലായ വ്യവസായങ്ങൾക്ക് വായ്പ നൽകാൻ തുടങ്ങിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം പൂട്ടിക്കിടന്ന കുറെയേറെ വ്യവസായങ്ങൾ അധികം താമസിക്കാതെ തുറന്ന് പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കാനും സാധിക്കുമെന്നാണ് സർക്കാർ കരുതുന്നത്.

(ബി) സ്പെഷ്യൽ ഓഫീസർ, കാഷ്യുവിന്റെ നേതൃത്വത്തിൽ ഫാക്ടറീസ് ആക്റ്റ് 1948-ഉം ഫാക്ടറീസ് റൂൾ 1957 പ്രകാരം പരിശോധനകൾ നടത്താറുണ്ട്. നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു.

(സി) കശുവണ്ടി തൊഴിലാളികളുടെ ജോലി ആയാസ രഹിതമാക്കുന്നതിനായി കാപെക്സ് കാഷ്യു കോർപ്പറേഷൻ ഫാക്ടറികളിലെ ഷെല്ലിംഗ് സെക്ഷനുകളിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചുവരികയാണ്. ആയതുപോലെ പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. വിശ്രമ സമയം ആയാസരഹിതമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമ മുറികളും, ടോയ്‌ലെറ്റുകളും സ്ഥാപിക്കുന്നതിനായുള്ള നടപടികളും മാനേജ്മെന്റ്

സ്വീകരിച്ചുവരുന്നുണ്ട്. വിവിധ സെക്ഷനുകളിലെ ജോലികളിൽ ഭാഗികമായ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പരിശീലന പദ്ധതികളും സ്വീകരിച്ചുവരികയാണ്.

നിലവിലുള്ള തൊഴിലാളികൾക്ക് കട്ടിംഗിൽ പരിശീലനം നൽകി ആയാസരഹിതമായി ജോലിചെയ്യുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. ഷെല്ലിംഗിൽ പാർഷ്യൽ മെക്കനൈസേഷനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## കശുവണ്ടി തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി അനുവദിച്ച തുക

329 (T* 3174) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടഞ്ഞ് കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആശ്വാസ ധനസഹായം നൽകുന്നതിനായി ഇക്കഴിഞ്ഞ ലോക് സഭ തെരഞ്ഞെടുപ്പിന് മുമ്പ് സംസ്ഥാന കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയിലേയ്ക്ക് തുക അനുവദിച്ചിരുന്നോ;

(ബി) എത്ര കോടി രൂപയാണ് ഇപ്രകാരം അനുവദിച്ചതെന്നും ഓരോ തൊഴിലാളിക്കും എത്ര തുക വീതമാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) വ്യാജരേഖ ചമച്ച് ഈ തുക അപഹരിച്ചവർക്കെതിരെ ബോർഡ് പരാതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് മുഖേന നേരിട്ട് പണം നൽകാതെ വിവിധ കേന്ദ്രങ്ങളിലേയ്ക്ക് ഉദ്യോഗസ്ഥർ മുഖേന പണം വിതരണം ചെയ്തതുകൊണ്ടല്ലേ ഇത്തരത്തിലുള്ള ക്രമക്കേടിന് സാഹചര്യമുണ്ടായതെന്ന് വ്യക്തമാക്കുമോ;

(ഇ) ബാങ്ക് അക്കൗണ്ട് മുഖേന പണം നൽകേണ്ട എന്ന തീരുമാനം ബോർഡ് കൈക്കൊള്ളുവാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിഷുവിനോടനുബന്ധിച്ച് സമാശ്വാസ ധനസഹായം അനുവദിച്ചിരുന്നു.

(ബി) 6,94,56,000 (ആറ് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു തൊഴിലാളിക്ക് 2,000 രൂപയാണ് നൽകിയത്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുകയുണ്ടായി. ആയത് പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(ഡി & ഇ) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ ഏകദേശം പകുതിയിലധികം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സമാഹരിക്കുന്ന നടപടി പൂർത്തീകരിക്കാത്ത സാഹചര്യത്തിലാണ് ആശ്വാസ ധനസഹായം നേരിട്ട് വിതരണം നടത്തേണ്ടി വന്നത്. ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണം എത്തിക്കുന്ന നടപടി സ്വീകരിച്ചാൽ അർഹതയുള്ള പലർക്കും ഈ സഹായം ലഭ്യമല്ലാതാകുമെന്നുള്ളതിനാലാണ് നേരിട്ട് നൽകുവാൻ തീരുമാനമുണ്ടായത്.

## കാഷ്യു ബോർഡിന്റെ പ്രവർത്തനം

330 (3175) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ രൂപീകരിച്ച കാഷ്യൂബോർഡിന്റെ പ്രവർത്തനം തൃപ്തികരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് രൂപീകരിച്ചതിലൂടെ ഉണ്ടായ നേട്ടം വിശദമാക്കാമോ;

(ബി) തോട്ടണ്ടിയുടെ ഗുണമേന്മയെ പ്രതിനിധീകരിക്കുന്ന ഔട്ട്ടേൺ എന്ന ഗ്രേഡ് വിലയിരുത്തിയാണോ ബോർഡ് മുഖേന വിദേശരാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നത്;

(സി) ഗ്രേഡ് കുറഞ്ഞ തോട്ടണ്ടിക്ക് ആനുപാതികമായതിലും കൂടുതൽ വില നൽകിയ സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിലേയ്ക്കായി കാഷ്യു ബോർഡ് കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും കീഴിലുള്ള ഫാക്ടറികളിൽ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി തുടർച്ചയായി ലഭ്യമാക്കിവരുന്നു. കേരള കാഷ്യു ബോർഡിന്റെ പ്രവർത്തനംമൂലം തോട്ടണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. കേരള കാഷ്യു ബോർഡിന്റെ പ്രവർത്തനഫലമായി അടുത്ത 4-5 മാസത്തേയ്ക്ക് ആവശ്യമുള്ള തോട്ടണ്ടിയുടെ സ്റ്റോക്ക് ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ഫാക്ടറികളിൽ ലഭ്യമായിട്ടുണ്ട്. ഇത് കാഷ്യു ബോർഡിന്റെ പ്രവർത്തന മികവിന്റെ തെളിവാണ്.

(ബി) ഔട്ട്ടേണും നട്ട്കൗണ്ടും പ്രധാന ഗുണനിലവാര മാനദണ്ഡങ്ങളായി നിഷ്കർഷിച്ചുകൊണ്ടാണ് കേരള കാഷ്യു ബോർഡ് വിദേശ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നത്.

(സി) ഇല്ല. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ landed weight, landed quality എന്നിവയെ അടിസ്ഥാനമാക്കിയാണ് അന്തിമ വില നൽകുന്നത്. ഗ്രേഡിലുണ്ടാകുന്ന കുറവിന് ആനുപാതികമായി അന്തിമ വിലയിൽ കുറവുവരുത്തുന്നതാണ്. അതാത് സീസണിൽ ലഭ്യമാകുന്ന തോട്ടണ്ടിയാണ് കേരള കാഷ്യു ബാർഡ് വാങ്ങിച്ചുവരുന്നത്.

**കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല**

331 (3176) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമായ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല നിലവിൽ എന്തൊക്കെ കോഴ്സുകളും പദ്ധതികളുമാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് 2008-ന് ശേഷം ഇതുവരെ ബി.എഫ്.എസ്.സി. പ്രൊഫഷണൽ കോഴ്സിന് പഠിച്ചിട്ടുള്ള ഒരു വിദ്യാർത്ഥിക്കുപോലും കേരള ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ ജോലി നേടാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കോഴ്സുകളും പദ്ധതികളും അനുബന്ധമായി* ചേർക്കുന്നു.

(ബി & സി) സംസ്ഥാന ഫിഷറീസ് വകുപ്പിലെ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളുടെയും വിദ്യാഭ്യാസ യോഗ്യതയിൽ BFSc-യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പി.എസ്.സി. നിയമനം നടത്തുന്നതിന്റെ ഭാഗമായി BFSc യോഗ്യതയുള്ള നിരവധിപ്പേർ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 1979-ൽ തുടങ്ങിയ BFSc കോഴ്സിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 20% സംവരണം നൽകുന്നുണ്ട്. ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ബിരുദധാരികൾക്ക് വിവിധ തൊഴിൽ മേഖലകളിൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഒരു പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർവ്വകലാശാലയുടെ ഫിഷറീസ് കോഴ്സുകളുടെ അധികാരിയായ ഫിഷറീസ് ഡീനിനെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 3126-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10.00 A.M.]

## II. അടിയന്തരപ്രമേയം

### പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീ. വി. ടി. ബൽറാമും മറ്റംഗങ്ങളും ചേർന്ന് നൽകിയിട്ടുള്ള നോട്ടീസ് ക്രമപ്രകാരമല്ലെന്ന അഭിപ്രായം ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി കത്തിലൂടെ ഉന്നയിച്ചിട്ടുണ്ട്. റൂൾ 50 അനുസരിച്ചുള്ള നോട്ടീസിൽ പ്രധാനമായും ഉന്നയിച്ചിരിക്കുന്നത് കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ച് മജിസ്റ്റീരിയൽ അധികാരം നൽകാൻ സർക്കാർ എടുത്തതായി പറയുന്ന തീരുമാനംമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങളാണ്. ഇക്കാര്യം സംബന്ധിച്ച് പൊതുവിൽ പല ആശങ്കകളും പൊതുസമൂഹത്തിൽ ഉയർന്നുവന്നിട്ടുണ്ട് എന്നുള്ളതുകൊണ്ട് അക്കാര്യം നോട്ടീസായി നൽകുന്നതിൽ തെറ്റില്ല. എന്നാൽ അതിന്റെ മറവിൽ പോലീസ് സേനയിലെ അച്ചടക്കരാഹിത്യം എന്ന് രണ്ടാമതൊരു വിഷയംകൂടി എഴുതിച്ചേർത്തിട്ടുണ്ട്. ഒരേ വിഷയത്തിൽ ഒരു അടിയന്തരപ്രമേയത്തിന്റെ ചർച്ചയ്ക്ക് ആവശ്യപ്പെടുന്നതിൽ യുക്തിയുണ്ടെങ്കിലും ഒരേ നോട്ടീസിൽ രണ്ട് കാര്യങ്ങൾ കൊണ്ടുവരുന്നത് ശരിയല്ല. അതുകൊണ്ട് മജിസ്റ്റീരിയൽ പദവിയുമായി ബന്ധപ്പെട്ട ആശങ്കകളിൽ ഒതുങ്ങിനിന്നുകൊണ്ട് അദ്ദേഹത്തിന് സംസാരിക്കാവുന്നതാണ് എന്നാണ് ചെയറിന്റെ അഭിപ്രായം.... (ബഹളം)... പൊന്തക്കാട്ടിൽ അടിക്കുന്നത് പോലൊരു അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ലെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇങ്ങനെയൊരു ഒബ്ജക്ഷൻ പറഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞു. റൂൾ 50 അനുസരിച്ച് റീസന്റ് ഒക്കറൻസാണ് അവതരിപ്പിക്കുന്നത്. പോലീസ് കമ്മീഷണറേറ്റ് രൂപീകരിക്കാനുള്ള സർക്കാർ തീരുമാനം റീസന്റ് ഒക്കറൻസാണ്. അത് സൊസൈറ്റിയിൽ ഉണ്ടാക്കിയിരിക്കുന്ന ഇംപാക്ടാണ് പോലീസ് സേനയിലെ അച്ചടക്കരാഹിത്യമുൾപ്പെടെ എന്ന ഞങ്ങളുടെ ആരോപണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരസ്യമായി ഉന്നയിച്ച ഒരു ആരോപണമാണ്. ... (ബഹളം)...... ഞാൻ നിങ്ങളോടല്ല, ബഹുമാനപ്പെട്ട സ്പീക്കറോടാണ് സംസാരിക്കുന്നത്. പോലീസ് കമ്മീഷണറേറ്റ് രൂപീകരിക്കാനുള്ള ഭരണപരമായ തീരുമാനം അതുൾപ്പെടെയുള്ള ഭരണപരമായ പരിഷ്കാരങ്ങളാണ്. പോലീസ് സേനയിലെ അച്ചടക്കരാഹിത്യത്തിലേയ്ക്ക് നയിച്ചത് അതിന്റെ ഇംപാക്ടാണ് എന്നുള്ളത് ഞങ്ങളുടെ അലിഗേഷനാണ്. ഇതുകൊണ്ട് എന്താണ് ദോഷം;

പോലീസ് കമ്മീഷണറേറ്റ് രൂപീകരിക്കുന്നതിനെക്കുറിച്ച് ഒരു അടിയന്തര പ്രമേയമായി എടുത്ത് ചർച്ച ചെയ്യണമെന്നുള്ളൊരു നോട്ടീസ് കൊടുക്കുമ്പോൾ കേരളീയ സമൂഹത്തെയാകെ ബാധിക്കുമെന്നുള്ള വിഷയം അവതരിപ്പിക്കാൻ പാടില്ലെന്ന് പറയുന്നത് ഓർഡറിലല്ല. റൂൾ 50-ന് വിരുദ്ധമായ കാര്യമാണ്.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, റൂൾ 52 കൃത്യമായി പറയുന്നുണ്ട്. മജിസ്റ്റീരിയൽ അധികാരമുള്ള പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിലുണ്ടായിട്ടുള്ള ആശങ്കകൾ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടതിൽ തെറ്റില്ലെന്ന് ചെയർ പറഞ്ഞല്ലോ. എന്നാൽ അതിനോടൊപ്പം കേരളത്തിലെ എല്ലാ പ്രശ്നങ്ങളും കൊണ്ടുവരുന്നത് യുക്തിസഹമല്ല. അങ്ങനെയാണെങ്കിൽ അതിന് വേറെ നോട്ടീസ് കൊണ്ടുവരണം. അത് ശരിയല്ലെന്നാണ് പറഞ്ഞത്. അങ്ങയുടെ നോട്ടീസിൽ ഒതുങ്ങിനിന്നുകൊണ്ട് അങ്ങേയ്ക്ക് സംസാരിക്കാം. അടിയന്തരപ്രമേയം എന്നുപറയുന്നത് ഒരു പ്രത്യേക വിഷയത്തെ സംബന്ധിച്ച് അടുത്ത കാലത്തുണ്ടായിട്ടുള്ള സംഗതി വിശദീകരിക്കുന്നതിനുവേണ്ടിയുള്ള അവസരമാണ്. അതിന്റെ പേരിൽ വ്യാപകമായ ചർച്ച ആരംഭിക്കാൻ പറ്റില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ തന്നെ ഇവിടെ പറഞ്ഞു അടിയന്തര പ്രമേയത്തിന്റെ ഭാഗമായി ഞങ്ങൾ ഉന്നയിക്കുന്നത് ആരോപണമാണെന്ന്. റൂൾ 50-ന്റെ ഭാഗമായി ആരോപണമുന്നയിക്കാൻ പാടില്ലെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തെ അദ്ദേഹംതന്നെ ഖണ്ഡിക്കുകയാണ്. രണ്ടാമത്തെ കാര്യം, ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ കമ്മീഷണറേറ്റുകൾ രൂപീകരിച്ച് പോലീസ് സേനയ്ക്ക് മജിസ്റ്റീരിയൽ അധികാരം നൽകാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണെന്നാണ് നോട്ടീസിൽ പറയുന്നത്. അങ്ങനെയൊരു തീരുമാനം ഇതുവരെ ഗവൺമെന്റ് എടുത്തിട്ടില്ല. ഗവൺമെന്റ് തീരുമാനമെടുക്കാത്ത ഒരു കാര്യത്തെ സംബന്ധിച്ച് റീസന്റ് ഒക്കറൻസാണെന്ന് പറഞ്ഞ് ശ്രീ. വി. ഡി. സതീശൻ പറയുന്നതിൽ ഒരു യുക്തിയുമില്ല. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ പരിപൂർണ്ണമായി അംഗീകരിക്കുകയാണ്.

മി. സ്പീക്കർ: സർക്കാർ തീരുമാനമെടുത്തിട്ടില്ലെങ്കിലും അക്കാര്യത്തിൽ ഒരാശങ്ക സമൂഹത്തിൽ ഉയർന്നുവരുന്ന സാഹചര്യത്തിൽ ആ വിഷയം ഉന്നയിക്കട്ടെ എന്നുള്ളതാണ് ചെയറിന്റെ നിലപാട്. പക്ഷേ അതിന്റെ പേരിൽ എല്ലാ വിഷയങ്ങളും കൂടി കൊണ്ടുവരുന്നത് ശരിയല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യം വാസ്തവ വിരുദ്ധമാണ്. ആഭ്യന്തര വകുപ്പിന്റെ ഡിമാന്റ് ചർച്ചാവേളയിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പോലീസിന് മജിസ്റ്റീരിയൽ അധികാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് ചോദിച്ചിരുന്നു. അങ്ങ് അത് ഓർക്കുന്നുണ്ടാവും. പോലീസിനും അതോടൊപ്പം ഐ.എ.എസ്. ഉദ്യോഗസ്ഥർക്കും ഒരുപോലെ മജിസ്റ്റീരിയൽ അധികാരം പങ്കിട്ടുനൽകുമെന്നാണ് അതിന് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. അപ്പോൾ അങ്ങനെ രൂപീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾ പാർലമെന്ററികാര്യ വകുപ്പുമന്ത്രി അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ലെന്ന് പറയുന്നത് വാസ്തവ വിരുദ്ധമല്ലേ; അത് ചട്ടവിരുദ്ധമല്ലേ; അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയല്ലേ ചെയ്യുന്നത്; കാബിനറ്റിൽ നടക്കുന്ന കാര്യങ്ങൾ അദ്ദേഹം അറിയുന്നില്ലേ; ശ്രീ. എ. കെ. ബാലൻ സഭയിൽ ഇല്ലാത്തതുകൊണ്ടാണോ കാബിനറ്റിൽ എടുത്ത തീരുമാനം അറിയാതെ പോയത്? അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. അത് ശരിയല്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് ഈ ചർച്ച നടക്കുന്നത്. അത് അദ്ദേഹം വിശദീകരിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ തെറ്റിദ്ധരിപ്പിച്ചിട്ടില്ല. So far ഗവൺമെന്റ് ആ രൂപത്തിലുള്ളൊരു തീരുമാനമെടുത്തിട്ടില്ല. അതുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം, അങ്ങയോട് ചെയർ അഭ്യർത്ഥിക്കുന്നു, അങ്ങേയ്ക്ക് ഈ വിഷയത്തിൽ റൂൾ 52-ൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കാം. പോലീസ് സേനയിൽ മജിസ്റ്റീരിയൽ അധികാരമുള്ള കമ്മീഷണറേറ്റുകൾ കൊച്ചിയിലും തിരുവനന്തപുരത്തും രൂപീകരിച്ചതായ പ്രഖ്യാപനത്തെത്തുടർന്ന് അധികാര നിർണ്ണയം സംബന്ധിച്ചുണ്ടായിട്ടുള്ള തർക്കങ്ങൾമൂലവും ഈ കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയാത്തതും സേനയിലെ അച്ചടക്കരാഹിത്യംമൂലവും കേരളത്തിലെ പോലീസ് സേന നേരിടുന്ന ഗുരുതരമായ പ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ടി. ബൽറാം, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിൽ കമ്മീഷണറേറ്റ് രൂപീകരിക്കുന്നതിനുള്ള തീരുമാനമെടുത്തത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. 23-1-2013-ലെ മന്ത്രിസഭാ യോഗം ഐറ്റം നമ്പർ 2919 പ്രകാരമാണ് ഈ തീരുമാനമെടുത്തിട്ടുള്ളത്. ഈ തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ 29-1-2013-ലെ ജി.ഒ(എം.എസ്.)നം.29/2013/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ മെട്രോപൊളിറ്റൻ പോലീസ് സംവിധാനം കൊണ്ടുവന്ന് ഉത്തരവായിട്ടുണ്ട്. അതായത് കേരളത്തിൽ കമ്മീഷണറേറ്റ് വേണമെന്നുള്ളത് യു.ഡി.എഫ്.ന്റെ നയപരമായ തീരുമാനമാണ്. ഈ തീരുമാനത്തിന് എതിരായിട്ടാണ് ഇപ്പോൾ ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഇതിലുള്ള വിരോധാഭാസത്തെക്കുറിച്ച് അവർ ആലോചിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഈ സർക്കാർ പുതുതായി ഒരു തീരുമാനവും ഇതുമായി ബന്ധപ്പെട്ട് എടുത്തിട്ടില്ല. 28-11-2012-ലെ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മജിസ്റ്റീരിയൽ പദവി നൽകുന്നതിനുള്ള തീരുമാനം വീണ്ടും മന്ത്രിസഭാ യോഗത്തിലേയ്ക്ക് വന്നത്. ഇത് കാണിക്കുന്നത് വിശദമായ ചർച്ചകൾക്കു ശേഷമാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഈ തീരുമാനമെടുത്തതെന്നാണ്. തീരുമാനിക്കേണ്ട വിഷയമായി മന്ത്രിസഭയിൽ വന്ന കാര്യം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഞാൻ ഒരു കാര്യം ഇവിടെ ഉദ്ധരിക്കാം. " 2011-ലെ കേരള പോലീസ് ആക്ടിലെ 15(2), 15(3), 15(4) എന്നീ സെക്ഷനുകൾ ആധാരമാക്കി തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപോളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം ഖണ്ഡിക 7-ലെ വ്യവസ്ഥകൾ പ്രകാരവും ഖണ്ഡിക 7(3)-ൽ സൂചിപ്പിച്ചതുപോലെ 2007- ലെ Kerala Anti- Social Activities (Prevention) Act (KAAPA Act)- ലെ 3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കിക്കൊണ്ടും തിരുവനന്തപുരം, കൊച്ചി പോലീസ് കമ്മീഷണർമാർക്ക് ജില്ലാ മജിസ്ട്രേട്ടിന്റെ അധികാരത്തോടുകൂടി അഡീഷണൽ ജില്ലാ മജിസ്ട്രേട്ടായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ടും ഈ സംവിധാനം നടപ്പിലാക്കുന്നതിന് അധിക തസ്തികകൾ ആവശ്യമുണ്ടെങ്കിൽ ആയത് പുനർവിന്യാസംവഴി കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയോടുകൂടി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ" ഇതൊരു ഉദ്ധരണിയാണ്. ഇത്തരത്തിലുള്ള മന്ത്രിസഭാ യോഗത്തിന്റെ കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തത് എന്നുകൂടി നാം ഓർക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര സർക്കാർ 1977-ൽ പോലീസ് സേനയുടെ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ പോലീസ് കമ്മീഷനെ നിയമിച്ചു. 1979 മുതൽ 1981 വരെ കമ്മീഷൻ എട്ട് റിപ്പോർട്ടുകൾ സമർപ്പിച്ചു. അതിൽ പ്രധാനപ്പെട്ട ശിപാർശകളിൽ ഒന്നാണ് 5 ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കണമെന്നുള്ളത്. ഇതിന് പുറമേ ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ കേരള പോലീസ് പെർഫോമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ 21-3-2005-ൽ സമർപ്പിച്ച

റിപ്പോർട്ടിലെ 3/42(സി) ശിപാർശയിൽ തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിലെ കമ്മീഷണർ ഓഫീസുകൾ പോലീസ് കമ്മീഷണറേറ്റുകളായി ഉയർത്തി ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാരെ കമ്മീഷണറായി നിയമിക്കണമെന്നും പറഞ്ഞിരുന്നു. നഗരവൽക്കരണം വരുന്നതോടെ സംഭവിക്കുന്ന നിരവധി പുതിയ പ്രശ്നങ്ങളുണ്ട്. അത് മറ്റ് മേഖലയിലുള്ളതു പോലെയല്ല. വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങളും അനാശാസ്യ പ്രവണതകളും അവിടെ ഉയർന്നുവരുന്നുണ്ട്. ഈ സാഹചര്യത്തിലാണ് നഗരങ്ങളിൽ സവിശേഷ അധികാരത്തോടെ കമ്മീഷണറേറ്റുകൾ രൂപീകരിക്കുകയെന്ന ആശയം ഉയർന്നുവരുന്നത്. കമ്മീഷണറേറ്റ് നിലവിൽ വരുന്നതോടെ നഗരപരിധിയിലെ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാകുകയും കുറ്റകൃത്യം തടയുന്നതിന് നഗരത്തിലെ പോലീസിന് അധികാരവും ശക്തിയും കൂടുതൽ ലഭിക്കുന്നുവെന്നതുമാണ് ഇതിന്റെ സവിശേഷത. ഇതിലൂടെ നഗരങ്ങളിൽ ക്രമസമാധാനം കൂടുതൽ ഭദ്രമാക്കി നിർത്താനാകും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനം. ഇന്ത്യയിൽ നിലവിൽത്തന്നെ 50-ഓളം നഗരങ്ങളിൽ കമ്മീഷണറേറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കോൺഗ്രസ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികൾ അധികാരത്തിലിരിക്കുന്ന ഘട്ടങ്ങളിലാണ് ഈ സംവിധാനം കൊണ്ടുവന്നത് എന്നതും കാണേണ്ടതുണ്ട്. ഇത് കാണിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി പോലീസിന് രാജ്യത്ത് എവിടെയുമില്ലാത്ത അധികാരം നൽകാൻ നടത്തിയ ഗൂഢശ്രമമല്ല കമ്മീഷണറേറ്റ് എന്നതാണ്. മറിച്ച് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ നിലനിൽക്കുകയും കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ മന്ത്രിസഭാ തലത്തിൽത്തന്നെ തീരുമാനിച്ചതുമാണിത്. സംസ്ഥാനത്തിന്റെ ഭരണം പോലീസിനെ ഏൽപ്പിച്ചുവെന്ന രീതിയിലുള്ള പ്രതീതി സൃഷ്ടിക്കാനാണ് ഇപ്പോൾ ശ്രമം നടത്തുന്നത്. ഏതെല്ലാം അധികാരം കമ്മീഷണറേറ്റുകൾക്ക് നൽകണമെന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല. കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തെക്കൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ ഇത് നടപ്പിലാക്കുകയുള്ളൂ. ഇത് സംബന്ധിച്ച് ഒട്ടേറെ അഭിപ്രായങ്ങൾ ഇപ്പോൾത്തന്നെ ഉയർന്നുവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ പൊതുവായ ചർച്ച നടത്തി ഒരു സമവായം ഉണ്ടാക്കിയ ശേഷമായിരിക്കും ഏതെല്ലാം അധികാരങ്ങൾ കമ്മീഷണറേറ്റുകൾക്ക് നൽകുമെന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നത്. നേരത്തേയുള്ള തീരുമാനം കുറച്ച് കൊല്ലമായി അവിടെ കിടക്കുന്നുണ്ട്. ഇപ്പോഴും അത് അങ്ങനെതന്നെ കിടക്കുകയാണ്. തീരുമാനമെടുത്തിട്ടില്ല.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം, ഈ വിഷയത്തിൽ വ്യക്തത വന്ന സ്ഥിതിക്ക് സംസാരിക്കുന്നുണ്ടോ; ഒരു സമവായം ഉണ്ടാക്കുമെന്ന് പറഞ്ഞില്ലേ; സംസാരിക്കണമെന്നാണോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ചർച്ച നടത്താമെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നതെങ്കിൽ ഞങ്ങൾ വിഷയം അവതരിപ്പിക്കുന്നില്ല. നമുക്ക് ചർച്ചയാകാം. സമയം തീരുമാനിച്ചാൽ മതി.

മി. സ്പീക്കർ: ഈ വിഷയത്തിൽ വ്യക്തത വന്നു. സമവായത്തോടു കൂടിയേ നടപ്പാക്കൂവെന്ന് പറഞ്ഞു. ആ കാര്യത്തിൽ ഡിബേറ്റ് വേണമോ എന്നേ ഞാൻ ചോദിച്ചുള്ളൂ.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വിശദീകരണം കേൾക്കുമ്പോഴെങ്കിലും ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് കാര്യങ്ങൾ മനസ്സിലായിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ഗവൺമെന്റ് വളരെ വ്യക്തമായി ഈ ദിശയിൽ ഒരുപാട് മുന്നോട്ട് പോയിരിക്കുന്നു, ഇനിയും മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നു എന്നുള്ളതാണ് മുഖ്യമന്ത്രിയുടെ വാക്കുകളിൽ നിന്ന് തെളിയുന്നത്. *Nemo judex in causa sua* - ലാറ്റിൻ വാക്കാണ്. ഞങ്ങളെല്ലാം എൽ.എൽ.ബി.-ക്ക് പഠിക്കുമ്പോൾ ഒന്നാമത്തെ സെമസ്റ്ററിൽ ജ്യൂറിസ്പ്രൂഡൻസ് എന്നൊരു പേപ്പറുണ്ട്. അതിൽ പഠിക്കുന്ന ഒരു മാക്സിമാണ്. ഇംഗ്ലീഷിൽ No one should be a judge in his own case. പച്ചമലയാളത്തിൽ പറഞ്ഞാൽ വാദിയും വിധികർത്താവും ഒരാൾതന്നെയാകരുത്. ഈ അടിസ്ഥാനപരമായ നിയമ സങ്കല്പത്തെ അട്ടിമറിക്കുന്ന നീക്കമാണ് പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ച് അവർക്ക് മജിസ്റ്റീരിയൽ അധികാരം നൽകാനുള്ള തീരുമാനം. അതെടുത്തിട്ടില്ലെന്ന് മുഖ്യമന്ത്രി പറയുന്നത് എത്രത്തോളം ആത്മാർത്ഥത ഇല്ലാത്തതാണെന്ന് അദ്ദേഹത്തിന്റെ വിശദീകരണത്തിൽ നിന്നും മനസ്സിലായി. അദ്ദേഹം അതിനുവേണ്ടി നിൽക്കുകയാണ്. അദ്ദേഹം അതിനെതിരായ വിമർശനങ്ങളെ മറികടക്കുന്നതിനുവേണ്ടിയുള്ള ബദൽ ആർഗ്യുമെന്റുകൾ ശേഖരിച്ചാണ് ഇവിടേയ്ക്ക് വന്നിരിക്കുന്നത്. അദ്ദേഹം അതിന്റെ വക്താവാണ് എന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇന്ത്യയുടെ ഭരണഘടന വളരെ കൃത്യമായി സെപ്പറേഷൻ ഓഫ് പവേഴ്സിനെക്കുറിച്ച് പറയുന്നുണ്ട്. അതൊരു കോൺസ്റ്റിറ്റ്യൂഷണൽ സേഫ്ഗാർഡാണ്. സാധാരണക്കാരായ പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള മെക്കാനിസമാണ്. ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജൂഡീഷ്യറി; സെപ്പറേഷൻ ഓഫ് പവേഴ്സ് നമുക്കറിയാം. അതുപോലെ എക്സിക്യൂട്ടീവിൽ പൊളിറ്റിക്കൽ എക്സിക്യൂട്ടീവ്, ബ്യൂറോക്രാറ്റിക് എക്സിക്യൂട്ടീവ്; ബ്യൂറോക്രസിക്കുള്ളിൽ വിവിധ തലങ്ങളിലുള്ള അധികാര വികേന്ദ്രീകരണങ്ങൾ, ഇതെല്ലാം ഒരു സന്തുലനത്തിന്റെ അടിസ്ഥാനത്തിലാണ് പോകുന്നത്. ചെക്ക്സ് ആന്റ് ബാലൻസസ്സാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. അതിനെ അട്ടിമറിക്കുന്ന ഒരു സമീപനത്തിലേയ്ക്ക് ഇത് പോകുമോ

എന്നതാണ് ഏറ്റവും ഗുരുതരമായ ആശങ്കയായി ഉയർന്നിട്ടുള്ളത്. നമ്മുടെ പോലീസിന്റെ ചരിത്രം നമുക്കറിയാം. കമ്മ്യൂണിസ്റ്റുകളെല്ലാം ഒരുകാലത്ത് പോലീസിനെ വിശേഷിപ്പിച്ചിരുന്നത് ഭരണകൂടത്തിന്റെ മർദ്ദനോപകരണം എന്നാണ്. ആ കാഴ്ചപ്പാട് അവർ ഉപേക്ഷിച്ചോയെന്ന് അറിയില്ല. പക്ഷെ പ്രയോഗ തലത്തിൽ എവിടെയെല്ലാം അധികാരം ലഭിക്കുന്നുണ്ടോ അവിടെയെല്ലാം പോലീസിന് കൂടുതൽ മർദ്ദനം നടത്താനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കുക, അതിനുള്ള അധികാരങ്ങൾ പകർന്നുനൽകുക എന്നുള്ള സമീപനം സ്വീകരിക്കുന്നതായാണ് കാണുന്നത്. നമ്മുടെ പോലീസ് ഇപ്പോഴും ഒരു കൊളോണിയൽ ഹാങ്ഓവറിൽ നിൽക്കുകയാണ്. ബ്രിട്ടീഷുകാർ സ്വന്തം നാട്ടിലെ പോലീസ് സംവിധാനമല്ല ഇന്ത്യ പോലെയുള്ള കോളനികളിൽ ആരംഭിച്ചതെന്ന് നമുക്കറിയാം. മറിച്ച് ഐറിഷ് കോൺസ്റ്റാബുലറി മാതൃകയിലാണ് ഇന്ത്യയടക്കമുള്ള കൊളോണിയൽ രാജ്യങ്ങളിൽ ബ്രിട്ടീഷുകാർ പോലീസ് സംവിധാനത്തെ രൂപപ്പെടുത്തിയത്. അതായത് ജനങ്ങളെ മുൻകൂട്ടിതന്നെ ശത്രുപക്ഷത്ത് നിർത്തുകയാണ്. ഇവർ സ്റ്റേറ്റിനെ അട്ടിമറിക്കാൻ വരുന്ന ആളുകളാണെന്നുള്ള ഒരു മുൻവിധിയിലാണ് പോലീസ് സംവിധാനം തന്നെ കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നത്. ആ സംശയമാണ് മിണ്ടിയാലുടൻ ജനങ്ങളുടെമേൽ കുതിര കയറുന്ന ഒരു സ്ഥിതിയിലേയ്ക്ക് പോലീസിനെ നയിച്ചുകൊണ്ടിരിക്കുന്നത്. ഇതിനൊരു പരിഹാരമുണ്ടാകണം എന്നുള്ളതുകൊണ്ടാണ് ഒരു സിവിലിയൻ അതോറിറ്റി, യൂണിഫോംഡ് അല്ലാത്ത ഓഫീസർ മജിസ്റ്റീരിയൽ അധികാരങ്ങൾ ഉപയോഗിക്കണമെന്നുള്ള സങ്കല്പം ഉയർന്നത്. ഞാൻ നേരത്തേ പറഞ്ഞതുപോലെ ഭരണഘടനയുടെ സേഫ്ഗാർഡാണത്. അത് ഇല്ലാതായാൽ ഉണ്ടാകാവുന്ന അപകടമാണ് ഇവിടെ ചർച്ചയാകുന്നത്. വളരെ വിപുലമായ അധികാരങ്ങൾ പോലീസിന് നൽകാനാണ് ഇതിലൂടെ തീരുമാനിക്കപ്പെടുന്നത്. മുഖ്യമന്ത്രി ഇപ്പോൾ കമ്മീഷണറേറ്റുകൾ രൂപീകരിക്കുന്നു, അധികാരങ്ങൾ നൽകിയിട്ടില്ല, നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതേയുള്ളൂ എന്നാണ് പറയുന്നത്. ഇത് ഒട്ടകത്തിന് ഇടം കൊടുക്കുന്നതുപോലെയാണ്. ആദ്യം കമ്മീഷണറേറ്റ് രൂപീകരിക്കും, പിന്നെ ഒന്നോ രണ്ടോ അധികാരങ്ങൾ കൊടുക്കും. പിന്നീട് അത് ഏത് തലത്തിൽ ചെന്നെത്തി നിൽക്കുമെന്ന് നമുക്കറിയാം. ഇവിടെ പറഞ്ഞ ഐ.പി.എസ്. ലോബിയുടെ സമ്മർദ്ദം എല്ലാക്കാലത്തുമുണ്ടായിരുന്നു. ഇന്നും ഇന്നലെയുമല്ല. മുഖ്യമന്ത്രി പറഞ്ഞത് അക്കാര്യത്തിൽ ശരിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിന് മുമ്പ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്തുമെല്ലാം ഈ ലോബിയുടെ ഈ ആവശ്യം ശക്തമായിരുന്നു. അതിന്റെ പേരിൽ അന്നത്തെ സർക്കാരുകൾ മുന്നോട്ടുപോയില്ല. പക്ഷെ ഈ സർക്കാരിന് ജനവികാരത്തെ ഭയമില്ല. വലിയ ഇച്ഛാശക്തിയുള്ള

ആളാണ്, ഇരട്ടച്ചങ്കുള്ള നേതാവാണ്. അതുകൊണ്ടുതന്നെ ജനവികാരം ഞങ്ങൾക്ക് പ്രശ്നമല്ല എന്നുപറഞ്ഞുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. എന്തെല്ലാം അധികാരങ്ങളാണ് കൊടുക്കുന്നത്. സി.ആർ.പി.സി. സെക്ഷൻ 102, 107, 109, 110, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല, 133, 144, 145...., ആളുകളെ നല്ല നടപ്പിന് വിടാൻ, ജാമ്യത്തിന് വിടാൻ, വിളിച്ചുവരുത്താൻ, സമൻസ് ചെയ്യാൻ, ഇതിനെല്ലാമുള്ള അവകാശം പോലീസിലേയ്ക്ക് പോകുകയാണ്. ഇന്ന് പോയില്ലെങ്കിൽ നാളെ പോകുമെന്നുള്ളത് നൂറ് ശതമാനം ഉറപ്പാണ്. കസ്റ്റഡി മരണങ്ങളുണ്ടാകുമ്പോൾ ഇൻക്വസ്റ്റ് നടത്താനുള്ള അധികാരംപോലും പോലീസിലേയ്ക്ക് പോയാൽ എന്തായിരിക്കും നമ്മുടെ നാടിന്റെ അവസ്ഥയെന്ന് നമുക്കറിയാം. കാപ്പ ആക്ട് ആർക്കൊക്കെ എതിരെ ചുമത്തണം, ഗുണ്ടാ നിയമങ്ങൾ, എക്സ്പ്ലോസീവ് ലൈസൻസ്, തോക്ക് കൈവശം വയ്ക്കാനുള്ള ലൈസൻസ് ഇതൊക്കെ ഇന്നല്ലെങ്കിൽ നാളെ പോലീസിലേയ്ക്ക് പോയാൽ എന്തായിരിക്കും ഈ നാട്ടിലെ സാധാരണക്കാരന്റെ ജീവനും സ്വത്തിനുമുള്ള സംരക്ഷണമെന്നുള്ളത് നമുക്കറിയാം. ഇവിടെയാണ് ഞാൻ നേരത്തെ പറഞ്ഞത് വാദിയും വിധികർത്താവും ഒരാളായി മാറുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച സി.ആർ.പി.സി.-യിലെ സെക്ഷൻസിന്റെ നടത്തിപ്പിൽ പോലീസ് കക്ഷിയാണ്, വാദിയാണ്. അതുകൊണ്ടാണ് പോലീസിൽനിന്നും വ്യത്യസ്തനായ ഒരാൾ മജിസ്റ്റീരിയൽ അധികാരം ഉപയോഗിക്കണമെന്ന് പറയുന്നത്. ഈ സെക്ഷൻസ് നടപ്പിലാക്കുന്ന താഴേക്കിടയിലുള്ള പോലീസ് ഉദ്യോഗസ്ഥന്റെ മേലധികാരിയായിട്ടുള്ള കമ്മീഷണർ മജിസ്റ്റീരിയൽ അധികാരവുമായി കടന്നുവരുമ്പോൾ എന്തായിരിക്കും അവസ്ഥ! ഇപ്പോൾത്തന്നെ കമ്മീഷണർമാരും ഉന്നത ഉദ്യോഗസ്ഥൻമാരുമാണ് താഴേത്തട്ടിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ടാർഗറ്റ് തിരിച്ച് നൽകുന്നത്. എത്രയാളെ കരുതൽ തടങ്കലിൽ വയ്ക്കണം, ഇപ്പോൾ ട്രാഫിക്കിലൊക്കെ എത്രയാളുകളെ ഹെൽമറ്റ് ധരിക്കാത്തതിന് പിടികൂടണം എന്നൊക്കെയുണ്ട്. ഈ നിലയിൽ നാളെ എത്രപേർക്ക് കാപ്പ ചുമത്തണമെന്നത് കമ്മീഷണർ തീരുമാനിക്കും. കമ്മീഷണറുടെ തീരുമാനം താഴേത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാർ നടപ്പിലാക്കും. അതിന്റെ അപ്പീലുമായി കമ്മീഷണറുടെ അടുത്തേയ്ക്ക് തന്നെ ചെല്ലേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറും. ഇത് വലിയ മനുഷ്യാവകാശ ലംഘനത്തിലേയ്ക്ക് നയിക്കും. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല കാര്യങ്ങളും പറഞ്ഞു. എവിടെയാണ് ഈ സിസ്റ്റം വിജയകരമായി നടപ്പാക്കിയിട്ടുള്ളത്? അദ്ദേഹം ഇന്ത്യയുടെ കാര്യവും വിവിധ സംസ്ഥാനങ്ങളുടെ കാര്യവും പറഞ്ഞു. ലോകത്തുതന്നെ ആധുനിക രാജ്യങ്ങളുടെ കണക്കെടുത്ത് നോക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ലോകരാജ്യങ്ങൾ സന്ദർശിക്കുന്നയാളാണ്. നല്ല കാര്യമാണ്. അദ്ദേഹം പോയിട്ടുള്ള ഏത് ആധുനിക

വികസിതരാജ്യത്ത്, ജനാധിപത്യവും മനുഷ്യാവകാശങ്ങളും നിലനിൽക്കുന്ന ഏതെങ്കിലും രാജ്യത്ത്, യൂറോപ്യൻ യൂണിയനിലെ ഏതെങ്കിലും രാജ്യത്ത് ഈ അവകാശമുണ്ടോ? പ്രിവന്റീവ് ഡിറ്റെൻഷനുള്ള അവകാശം പോലീസിന് നൽകിയിട്ടുള്ള ഏത് രാജ്യമാണുള്ളത്? ആസ്ട്രേലിയയിലോ, കാനഡയിലോ, അമേരിക്കയിലോ ഉണ്ടോ? ഉള്ളത് ആഫ്രിക്കയിലെ സബ് സഹാറൻ രാജ്യങ്ങളിലാണ്. ബംഗ്ലാദേശിലും ശ്രീലങ്കയിലും പാക്കിസ്ഥാനിലും പിന്നെ സ്വാഭാവികമായി കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലുമുണ്ട്. ചൈനയും ക്യൂബയും ഉത്തര കൊറിയയുമാണ് ഇവരുടെ മാതൃകകളായി മാറുന്നത്. കേരളം നമ്പർ വൺ അല്ലേ. ഈ അധികാരമൊന്നും പോലീസിന് നൽകാതെതന്നെ ക്രമസമാധാന രംഗത്ത് കേരളം നമ്പർ വൺ ആണെന്നല്ലേ നമ്മുടെ അവകാശവാദം. അത് നിലനിൽക്കുമ്പോൾ എന്തിനാണ് ഈ സിസ്റ്റത്തെ അട്ടിമറിക്കുന്നത്? ഏത് ആധികാരികമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ്? അദ്ദേഹം പറഞ്ഞതൊക്കെ ശിപാർശകളാണ്. പോലീസുകാർ പോലീസുകാർക്കുവേണ്ടി നൽകുന്ന ശിപാർശകൾ. മുൻ പോലീസ് ഉദ്യോഗസ്ഥർ നൽകുന്ന ശിപാർശകളാണോ സ്വീകരിക്കേണ്ടത്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ എല്ലാ വർഷവും റിപ്പോർട്ടുകൾ പുറത്തുവിടുന്നുണ്ട്. ആ റിപ്പോർട്ടിൽ ഇന്ത്യയിൽ എവിടെയെങ്കിലും കമ്മീഷണറേറ്റ് നടപ്പാക്കിയതിന്റെ പേരിൽ ക്രൈം കുറഞ്ഞു എന്ന് തെളിയിക്കാൻ സാധിക്കുമോ? അദ്ദേഹം പറഞ്ഞു നഗര പ്രദേശങ്ങളിലെ ക്രൈം വർദ്ധിക്കുന്നുണ്ട്. കമ്മീഷണറേറ്റുകൾ രൂപീകരിച്ച സ്ഥലങ്ങളിൽ കൂടുതൽ വർദ്ധിക്കുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. ഇന്ത്യയിൽത്തന്നെ കാശ്മീർ, പഞ്ചാബ്, മണിപ്പൂർ പോലുള്ള സംസ്ഥാനങ്ങളിലാണ് ഇത്തരത്തിലുള്ള പ്രിവന്റീവ് ഡിറ്റെൻഷനുള്ള അധികാരങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. കേരളം ഒരു വെൽഫയർ സ്റ്റേറ്റാണ്. ആ സംസ്ഥാനങ്ങളെപ്പോലെ സെക്യൂരിറ്റി സ്റ്റേറ്റ് അല്ല. വളരെ സമാധാനപരമായി മുന്നോട്ടുപോകുന്ന നാട്ടിൽ എന്തിനാണ് ഇത്ര ധൃതിപിടിച്ച് ഇങ്ങനെയൊരു സംവിധാനം ഏർപ്പെടുത്തുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇത് കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇതുമായി ബന്ധപ്പെട്ട കേസ് നടക്കുകയാണ്. ഡെൽഹി പോലീസിന് മജിസ്റ്റീരിയൽ അധികാരം നൽകുന്ന തീരുമാനത്തിനെതിരെ ശ്രീ. അൽധാനി ശ്രേയിൻ എന്ന അഭിഭാഷകൻ നൽകിയ കേസ്സിൽ സി.ആർ.പി.സി 107, 111, 116 ഇവയൊക്കെ ചലഞ്ച് ചെയ്തിരിക്കുകയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളോടും അവർ അഭിപ്രായം ചോദിച്ചിട്ടുണ്ട്. കേരളം അതിൽ 19-ാമത്തെ കക്ഷിയാണ്. കേരളം അക്കാര്യത്തിൽ അഭിപ്രായം പറയാനിരിക്കുകയാണ്, പറഞ്ഞുകഴിഞ്ഞോ എന്നെനിക്കറിയില്ല. അതിൽ ഒരു അന്തിമ തീരുമാനം വരുന്നതുവരെ ഈ കാര്യത്തിൽ അവധാനതയോടെ

കാത്തിരിക്കാനെങ്കിലും ഗവൺമെന്റ് തയ്യാറാകേണ്ടേ. ഈ കേസ് അഡ്മിറ്റ് ചെയ്യുന്ന സമയത്ത് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര വളരെ പ്രസക്തമായി എടുത്തുചോദിച്ചു, Can Police Officers act as an Executive Magistrate? Certainly not. കോടതിയുടെ സുചിന്തിതമായ അഭിപ്രായമാണ്, അന്തിമവിധി വരാനിരിക്കുന്നതേയുള്ളൂ. അങ്ങനെ പോലീസ് ഓഫീസേഴ്സ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരം ഉപയോഗിക്കരുത്, certainly not എന്ന കൃത്യമായ നിലപാടാണ് കോടതി ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. ആരെയാണ് ഇത് ഏൽപ്പിക്കാൻ പോകുന്നത്. ഇപ്പോൾത്തന്നെ കമ്മീഷണർമാരെ വച്ചല്ലോ? അവരുടെ ട്രാക്ക് റെക്കോർഡ് എന്താണ്? ഹ്യൂമൻ റൈറ്റ്സ് വയലേഷന്റെ കാര്യത്തിൽ വളരെ നൊട്ടോറിയസായ ആളുകളാണ് കമ്മീഷണർമാരായും ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരായും പല സ്ഥലത്തും ഇരിക്കുന്നത്. എറണാകുളത്തെ കമ്മീഷണർ ശ്രീ. വിജയ് സാക്കറെ, ഞാൻ പേരെടുത്ത് പറയുകയാണ്, എന്റെ ജില്ലയായ പാലക്കാട് വർഷങ്ങൾക്ക് മുമ്പ് നടന്ന ഷീലാ കൊലക്കേസ്സിലെ പ്രതിയായ സമ്പത്തിനെ കൊലപ്പെടുത്തിയ കേസ്സിൽ ആരോപണവിധേയനാണ്. പോലീസ് തന്നെ അന്വേഷണം നടത്തുന്നതുകൊണ്ട് മറ്റ് നടപടിയിലേയ്ക്ക് കടന്നിട്ടില്ല. സമ്പത്തിന്റെ മൃതശരീരത്തിൽ ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ ബാറ്റൺ കൊണ്ടുള്ള മുറിവുണ്ടായിരുന്നുവെന്ന് കൃത്യമായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വന്നിട്ടുണ്ട്. ആ ഉദ്യോഗസ്ഥനാണ് ഈ അധികാരം ഉപയോഗിക്കുന്നത്. ഞാൻ ഈ വിഷയത്തിൽ ഒതുങ്ങിനിന്നുകൊണ്ടാണ് പറയുന്നത്. കമ്മീഷണറേറ്റുകൾ രൂപീകരിക്കുന്നതിനുള്ള തീരുമാനത്തോടൊപ്പം ഇത്തരത്തിലുള്ള പല പോസ്റ്റിംഗ് ആന്റ് ട്രാൻസ്ഫർ ഈ ഗവൺമെന്റ് ഒരു പാക്കേജായിട്ടാണ് നടത്തിയത്. അതിന്റെ ഭാഗമായാണ് പോലീസ് സേനയിൽ അച്ചടക്കരാഹിത്യമുണ്ടെന്ന് ഞങ്ങൾ പറയുന്നത്. അതാണ് നോട്ടീസിൽ പറഞ്ഞത്. ഈ വിഷയത്തിന്റെ ഭാഗമായി അതിന്റെ തുടർച്ചയായിട്ടാണ് പറയുന്നത്. എന്തൊക്കെയാണ് കേരളത്തിലെ സമീപ സംഭവ വികാസങ്ങൾ? ശ്രീജിത്ത് എന്ന ചെറുപ്പക്കാരൻ വീട്ടിൽ കിടന്നുറങ്ങുമ്പോഴാണ് എസ്.പി.-യുടെ നേതൃത്വത്തിൽ നിയമവിരുദ്ധമായുണ്ടാക്കിയ ഒരു സ്ക്വാഡിലെ അംഗങ്ങൾ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി കൊലപ്പെടുത്തുന്നത്. വിനായകൻ എന്ന പട്ടികജാതി വിദ്യാർത്ഥിയുടെ വീട്ടിൽ ഞാനടക്കം പോയതാണ്. മുടി നീട്ടി വളർത്തിയതിന്റെ പേരിലാണ് ആ വിദ്യാർത്ഥിയെ പോലീസ് കൊണ്ടുപോയി മർദ്ദിക്കുകയും അതിന്റെ വിഷമത്തിൽ ആ വിദ്യാർത്ഥി ആത്മഹത്യ ചെയ്യുകയും ചെയ്തത്. ഇങ്ങനെയുള്ള പ്രിജുഡിസിലാണ് പോലീസ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. കെവിന്റെ കാര്യത്തിൽ നമുക്കറിയാം കൊലയാളികൾക്ക് സ്വൈരവിഹാരം നടത്താനുള്ള അവസരം ഒരുക്കി പോലീസ് മുഖ്യമന്ത്രിക്ക്

എസ്കോർട്ട് പോയിരിക്കുകയായിരുന്നു. ഒരു എ.ഡി.ജി.പി.-യുടെ മകൾ കീഴുദ്യോഗസ്ഥനായ ഒരു സാധാരണ പോലീസുകാരനെ മർദ്ദിച്ചവശനാക്കി കൊല്ലാറാക്കി, ഒരു നടപടിയുമുണ്ടായിട്ടില്ല. ഒരു സി.ഐ. ഈ സമീപ ദിവസങ്ങളിൽ മാനസിക സംഘർഷം സഹിക്കാൻ കഴിയാതെ നാട് വിട്ട് തമിഴ്നാട്ടിലേയ്ക്ക് ഒളിച്ചോടിപ്പോയി. ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ പോലീസിലെ തന്നെ മറ്റൊരാൾ നടുറോഡിൽ ആളുകൾ കണ്ടുനിൽക്കുമ്പോൾ തീ കൊളുത്തി കൊന്നു. ഇത് ചർച്ച ചെയ്യണ്ടേ? ഈ അച്ചടക്കരാഹിത്യത്തിലേയ്ക്ക് വഴി തെളിക്കുന്ന പോലീസിനെയാണ് കൂടുതൽ അധികാരങ്ങൾ നൽകി ഈ ഗവൺമെന്റ് ശക്തിപ്പെടുത്തുന്നതെന്നതാണ് ഞങ്ങളുടെ വിഷയം. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള മൂന്ന് വർഷത്തിൽ 23 കൊലപാതകങ്ങൾ പോലീസിന്റെ പങ്കാളിത്തത്തിൽ നടന്നിട്ടുണ്ട്. സ്റ്റേറ്റ് പോലീസ് ചീഫ് മനുഷ്യാവകാശ കമ്മീഷന് നൽകിയ റിപ്പോർട്ടിൽ 60-ലേറെ പോലീസുകാർ കസ്റ്റഡി കൊലപാതകവുമായി ബന്ധപ്പെട്ട് ആരോപണ വിധേയരാണെന്ന് സമ്മതിച്ചിട്ടുണ്ട്. 387 ക്രിമിനൽ കേസ് പ്രതികൾ പോലീസിലുണ്ടെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്തല്ലേ മാവോയിസ്റ്റ് വേട്ടകളുണ്ടായത്? മൂന്ന് കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ പ്രവർത്തകരെയല്ലേ കമ്മ്യൂണിസ്റ്റ് ഗവൺമെന്റെന്ന് അവകാശപ്പെടുന്ന ഇവർ വെടിവച്ച് കൊന്നത്. Fake encounter കേരളത്തിൽ പതിറ്റാണ്ടുകൾക്കുശേഷം തിരിച്ചുവന്നത് പിണറായി വിജയനെന്ന ഇദ്ദേഹം കേരളത്തിലെ മുഖ്യമന്ത്രിയായതിനുശേഷമല്ലേ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. മാവോയിസമൊന്നും ഇതിലില്ല.

ശ്രീ. വി. ടി. ബൽറാം: സർ, ഇദ്ദേഹത്തെ സ്വന്തം പാർട്ടിയിലുള്ള സി.പി.ഐ. മുണ്ടുടുത്ത മോദിയെന്ന് വിശേഷിപ്പിക്കുന്നു. പക്ഷെ അത് ശരിവയ്ക്കുന്ന രീതിയിൽ ഗുജറാത്ത് മോഡൽ പോലീസിംഗാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. സി.പി. ജലീലിനെ വെടിവച്ചുകൊന്നു. അദ്ദേഹത്തിൽനിന്നും കണ്ടെടുത്ത തോക്ക് കണ്ടാൽ കഷ്ടം തോന്നും. ഒരു വെടി ഇങ്ങോട്ടുവച്ചാൽ അങ്ങോട്ടു പോകുന്ന തോക്കാണ്. ഒരു വെടി വച്ചശേഷം രണ്ടാമതൊന്ന് ലോഡ് ചെയ്യണമെങ്കിൽ നാല് മണിക്കൂർ എടുക്കും. ആ തോക്ക് വച്ചുകൊണ്ട് സി. പി. ജലീൽ പോലീസിനെ അറ്റാക്ക് ചെയ്തുവെന്ന് പറഞ്ഞ് fake encounter നടപ്പാക്കി വെടിവച്ച് കൊല്ലുന്ന പോലീസിന് കൂടുതൽ അധികാരങ്ങൾ നൽകിയാൽ എങ്ങനെയിരിക്കും? മാവോയിസ്റ്റാകുന്നത് ഒരു ക്രൈം ആണോ? It is not a crime എന്ന് കോടതി തന്നെ പറഞ്ഞിട്ടുണ്ട് ....(ബഹളം)... മാവോയിസ്റ്റ് സാഹിത്യം വായിച്ചാൽ.... മാവോയിസത്തെ ഞങ്ങൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് വിഷയത്തിൽ നിന്നും മാറുന്നു. മാവോയിസമൊന്നും എഴുതി തന്നിട്ടില്ല. പ്ലീസ്.. കൺക്ലൂഡ്.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ട് മിനിട്ട് കൂടി മതി. സി. പി. ജലീലിന്റെ മരണവുമായി ബന്ധപ്പെട്ട് മജിസ്റ്റീരിയൽ അന്വേഷണമാണ്, സർക്കാർ ഉത്തരവ് 760/2019 തീയതി 11-3-2019 സി. ആർ. പി. സി. സെക്ഷൻ 176 അനുസരിച്ച് കളക്ടർ അന്വേഷിക്കണമെന്ന ഉത്തരവാണ്....(ബഹളം)...

മി. സ്പീക്കർ: പ്ലീസ് ... നിങ്ങൾ ഇരിക്കൂ. ഗവൺമെന്റ് മറുപടി പറയും. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു മിനിട്ട് മതി. നിയമ വകുപ്പിന്റെ തടസ്സമുണ്ടായിരുന്നു. അങ്ങ് പറഞ്ഞതുപോലെയല്ല. നിയമവകുപ്പ് സെക്രട്ടറി വളരെ കൃത്യമായി ഇതിനെതിരെ റിപ്പോർട്ട് നൽകിയതാണ്. കൊച്ചിയും തിരുവനന്തപുരവും മജിസ്റ്റീരിയൽ ഏരിയയായി പ്രഖ്യാപിക്കാനുള്ള ജനസംഖ്യ അവിടെയില്ല. കെ. പി. ആക്ടിൽ (കേരള പോലീസ് ആക്ട്) അത് ഡിഫൈൻ ചെയ്തിട്ടില്ല. സ്വാഭാവികമായി സി.ആർ.പി.സി.-യിലെയും ഐ.പി.സി.-യിലെയും ഡെഫിനിഷനെടുക്കണം. സി.ആർ.പി.സി.-യിൽ പറയുന്നത് പത്ത് ലക്ഷം ആളുകളുള്ള സ്ഥലങ്ങളെ മാത്രമേ മെട്രോപോളിറ്റൻ ഏരിയയായി ഡിഫൈൻ ചെയ്യാൻ കഴിയൂ എന്നാണ്. നിയമ വകുപ്പിന്റെ തടസ്സം മറികടക്കുന്നതിനുവേണ്ടി എത്ര അപഹാസ്യമായ രീതിയിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയത്. നിയമ വകുപ്പുസെക്രട്ടറി വിരമിച്ചശേഷം പുതിയ നിയമ വകുപ്പുസെക്രട്ടറി വരുന്നതിനുമുമ്പ് ധൃതിപിടിച്ച് ഇങ്ങനെയൊരു തീരുമാനം എടുക്കുന്നതിന്റെ പിറകിലുള്ള ലക്ഷ്യമെന്താണ്. ആഭ്യന്തര വകുപ്പ് സെക്രട്ടറി ലീവിലായിരുന്നു. ചീഫ് സെക്രട്ടറി ഡെൽഹിയിൽ ഒരു കോൺഫറൻസിന് പോകുന്ന സമയത്ത് വളരെ ധൃതിപിടിച്ച് ഇരുട്ടിന്റെ മറവിൽ ഇങ്ങനെയൊരു തീരുമാനമെടുത്തത് ഈ നാട്ടിലെ ഐ.പി.എസ്. ലോബിയുടെ താത്പര്യത്തിന് ഗവൺമെന്റ് വഴങ്ങുന്നു എന്നതുകൊണ്ടാണ്.

മി. സ്പീക്കർ: ശ്രീ. ബൽറാം നിശ്ചിത സമയത്ത് പറഞ്ഞു തീർക്കുന്നതിനെയാണ് പ്രതിഭ എന്നുപറയുന്നത്. ഇങ്ങനെ ദീർഘമായി പ്രസംഗിക്കുന്നതിനെയല്ല. പ്ലീസ്... കൺക്ലൂഡ്.

ശ്രീ. വി. ടി. ബൽറാം: ഞാൻ അവസാനിപ്പിക്കുകയാണ്. ലോകം മുഴുവൻ ഇതുപോലുള്ള സംഭവങ്ങൾക്കെതിരെ പ്രക്ഷോഭം നടക്കുകയാണ്. ഹോങ്കോങ്ങിൽ കഴിഞ്ഞ ആഴ്ചവരെ പ്രക്ഷോഭം നടക്കുകയായിരുന്നു. ബ്രിട്ടന്റെ നേതൃത്വത്തിൽ വലിയ തോതിലുള്ള നിയമവാഴ്ച അനുഭവിച്ച ആ രാജ്യത്ത് ചൈനയ്ക്ക് അധികാരം കൈമാറിയതോടുകൂടി ചൈനയുടെ തോന്ന്യാസം നടക്കുമെന്ന ആശങ്കയിൽ ആ

രാജ്യത്തെ ഏറ്റവും വലിയ ജനകീയ പ്രക്ഷോഭം അവിടെ ഉയർന്നപ്പോൾ അവിടത്തെ സർക്കാരിന് മുട്ടുമടക്കേണ്ടി വന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. ഞാൻ അവസാനിപ്പിക്കുകയാണ്. ഞങ്ങളൊക്കെ നിയമ വിദ്യാർത്ഥികളെന്ന നിലയിൽ പഠിച്ച ഒരു കേസ് എ. കെ. ഗോപാലൻ Vs സ്റ്റേറ്റ് ഓഫ് കേരള എന്ന കേസ്സാണ്. എ. കെ. ഗോപാലന്റെ രാഷ്ട്രീയ പിൻമുറക്കാർ എന്ന് അവകാശപ്പെടുന്ന ഇവർ കേൾക്കൂ, 1950-ൽ ഇന്ത്യൻ ഭരണഘടന രൂപീകൃതമായി തൊട്ടടുത്ത സമയത്ത് ഭരണഘടനയിലെ ഏറ്റവും നിർണ്ണായകമായ വകുപ്പ് ആർട്ടിക്കിൾ 21, Right to Life and Personal Liberty, അതിൽ ഉയർന്നുവന്നത് പ്രിവന്റീവ് ഡിറ്റെൻഷനെക്കുറിച്ചുള്ള വിഷയമായിരുന്നു.

മി. സ്പീക്കർ: അങ്ങിരിക്കൂ..

ശ്രീ. വി. ടി. ബൽറാം: സർ, എ. കെ. ഗോപാലൻ ഫൈറ്റ് ചെയ്ത ആ പ്രിവന്റീവ് ഡിറ്റെൻഷന് വേണ്ടിയാണ് ശ്രീ. പിണറായി വിജയൻ ഇന്ന് നിൽക്കുന്നത്. മൺമറഞ്ഞുപോയ നേതാവിനോട് യഥാർത്ഥത്തിൽ അവഹേളനം കാണിക്കുന്നത് ഇന്നത്തെ കമ്മ്യൂണിസ്റ്റ് നേതാക്കൻമാരും......(മൈക്ക് ഓഫ്) വലിയ മനുഷ്യാവകാശ ലംഘനത്തിലേയ്ക്ക് നയിക്കുമെന്ന് ഉറപ്പുള്ള ഈ വിഷയം, ഈ നാട്ടിലെ സാധാരണക്കാരുടെ സ്വാതന്ത്ര്യം പോലീസ് ഏമാൻമാരുടെ സൗജന്യമാക്കി ഭാവിയിൽ മാറ്റാൻ ഇടവരുത്തുന്ന ഗുരുതരമായ സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ അംഗം സംസാരിച്ച കാര്യങ്ങൾ ഈ ഗവൺമെന്റിനെക്കുറിച്ചല്ലെന്നാണ് എനിക്ക് തോന്നുന്നത് . യു.ഡി.എഫ് . ഗവൺമെന്റ് ഈ തീരുമാനമെടുത്തതിലുള്ള വിയോജിപ്പ് അദ്ദേഹം പറയുകയാണെന്നാണ് തോന്നുന്നത്. സാധാരണ അദ്ദേഹത്തെ അറിയാവുന്നവർക്കെല്ലാം അതറിയാം. അപ്പോൾ അതിന്റെ ഭാഗമായി വന്നതാണ്. ഇവിടെ 28-11-2012, 23-1-2013 എന്നീ രണ്ട് തീയതികൾ നേരത്തെ ഞാൻ പറഞ്ഞു. 28-11-2012-ലാണ് ആദ്യമായി ഈ പ്രശ്നം മന്ത്രിസഭാ യോഗത്തിന് മുന്നിൽ വരുന്നത്. ധനകാര്യ വകുപ്പും നിയമ വകുപ്പും കണ്ട് അവരുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി മന്ത്രിസഭ മുമ്പാകെ വീണ്ടും സമർപ്പിക്കണമെന്നാണ് അന്ന് യു.ഡി.എഫ് . മന്ത്രിസഭ തീരുമാനിച്ചത് . ഈ രണ്ടുവകുപ്പുകളുടെയും പരിശോധനയ്ക്കുശേഷമാണ് 23-1-2013-ന് ഇത് വീണ്ടും മന്ത്രിസഭയിൽ വരുന്നത് . കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചുവെന്ന് പറഞ്ഞുകൊണ്ടുള്ള 23-1-2013-ന്റെ മന്ത്രിസഭാ തീരുമാനം അങ്ങനെയാണ് വരുന്നത് . നിയമവകുപ്പ് ഇത് കണ്ടിട്ടില്ലെന്ന് അദ്ദേഹം ഇവിടെ പറയുമ്പോൾ

അതിന് മറുപടി പറയേണ്ടത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണെന്നാണ് എനിക്ക് തോന്നുന്നത് . കാരണം, നേരത്തെ ഇത്തരം ചോദ്യങ്ങൾ വന്നപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇതിന് മറുപടി പറഞ്ഞതായി കാണുന്നത് . ഇതുസംബന്ധിച്ച ചോദ്യം, 2013-ലും 2015-ലും വന്നിട്ടുണ്ട്. 2013-ൽ സർവ്വശ്രീ ടി. എൻ. പ്രതാപനും ഡൊമിനിക് പ്രസന്റേഷനും വി.ഡി. സതീശനും പി.സി. വിഷ്ണുനാഥും കൂടി ചോദിച്ച ചോദ്യത്തിൽ നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? അതിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്ന മറുപടി, ജനസംഖ്യയിൽ താരതമ്യേന മുൻപന്തിയിൽ നിൽക്കുന്നതും വളരെ കൂടുതൽ ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്നതുമായ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് കേരള പോലീസ് ആക്ട് 2011-ലെ സെക്ഷൻ 15(2), 15(3), 15(4) എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവായിട്ടുണ്ട് എന്നാണ് . ഈ ചോദ്യത്തിന്റെ (ബി) വിഭാഗത്തിൽ, ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ? അതിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്ന മറുപടി, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ കൂടുതൽ വൈദഗ്ദ്ധ്യത്തോടെയും ഉത്തരവാദിത്തത്തോടെയും അധികാരത്തോടെയും ഫലപ്രദമായി കൈകാര്യം ചെയ്യുക, പ്രസ്തുത നഗരങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുക, ട്രാഫിക് പരിപാലനം സുഗമമാക്കുക എന്നിവയാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ ചോദ്യത്തിന്റെ (സി) പിരിവ് , ഈ സംവിധാനം വഴി പോലീസ് കമ്മീഷണർമാർക്ക് വിപുലമായ എന്തെല്ലാം അധികാരങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ? അതിന് മറുപടി, ക്രമസമാധാനപരിപാലനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം, കൊച്ചി മെട്രോപോളിറ്റൻ പോലീസ് കമ്മീഷണർമാർക്ക് ക്രിമിനൽ നടപടി നിയമസംഹിത 1973-ലെ സെക്ഷൻ 20(1) പ്രകാരമുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ കെ.എ.പി. ആക്ട് 2007-ലെ സെക്ഷൻ 3(2) പ്രകാരമുള്ള അധികാരമൊഴികെ (കാപ്പ അധികാരമൊഴികെ) ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ അവസാനം പറയുന്നത്, മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുമാണ് . ഇത് 2013-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ മറുപടിയാണ്. 2015-ൽ വീണ്ടും സർവ്വശ്രീ വർക്കല കഹാർ, ആർ. സെൽവരാജ്, സണ്ണി ജോസഫ് , ലൂഡി ലൂയിസ് എന്നീ അംഗങ്ങൾ ചോദിച്ച ചോദ്യം, നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച പോലീസ് കമ്മീഷണറേറ്റ്

സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ? അതിനുള്ള ഉത്തരം, തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രൊപോളിറ്റൻ പോലീസ് സംവിധാനം പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് 29-1-2013-ലെ ജി.ഒ. (എം.എസ് .) 29/2013/ആഭ്യ.നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ടെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ എന്ന ചോദ്യത്തിന് തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ കൂടുതൽ വൈദഗ്ദ്ധ്യത്തോടെയും ഉത്തരവാദിത്തത്തോടെയും അധികാരത്തോടെയും ഫലപ്രദമായി കൈകാര്യം ചെയ്യുക, ഈ നഗരങ്ങളിലെ ജനസംഖ്യാ വർദ്ധനവ് കൊണ്ടുണ്ടാകുന്ന നിരവധി പ്രശ്നങ്ങൾക്കനുസൃതമായി നഗരങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുക, അനുദിനം നഗരങ്ങളിൽ പുതുതായി എത്തിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾക്കനുസരിച്ച് ട്രാഫിക് പരിപാലനം സുഗമമാക്കുക എന്നിവയാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്നാണ് മറുപടി നൽകിയിട്ടുള്ളത് . ഇതാണ് പോലീസ് കമ്മീഷണറേറ്റുമായി ബന്ധപ്പെട്ട് നേരത്തെ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ച കാര്യം. ഇത് നമ്മുടെ രാജ്യത്ത് എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അദ്ദേഹം ചോദിച്ചു. ഇത് ആന്ധ്രാപ്രദേശിലെ 4 സ്ഥലങ്ങളിലും തമിഴ്നാടിൽ ചെന്നൈ, കോയമ്പത്തൂർ, മധുര, തിരുച്ചിറപ്പള്ളി, തിരുനെൽവേലി, സേലം എന്നീ സ്ഥലങ്ങളിലും കർണ്ണാടകയിലെ മൂന്ന് സ്ഥലങ്ങളിലും പഞ്ചാബിലെ മൂന്ന് നഗരങ്ങളിലും രാജസ്ഥാനിലെ രണ്ട് സ്ഥലങ്ങളിലും പശ്ചിമ ബംഗാളിൽ കൊൽക്കത്ത, ഹൗറ, വിധാൻ നഗർ, ബാരക്പൂർ, അസൻസോൾ ദുർഗാപൂർ, സിലിഗുരി എന്നീ സ്ഥലങ്ങളിലും മഹാരാഷ്ട്രയിൽ മുംബൈ, നവി മുംബൈ, നാഗ്പൂർ, പൂനെ, നാസിക് , അമരാവതി, സോളാപൂർ, താനെ, ഔറാംഗബാദ് , മുംബൈ റെയിൽവേ എന്നിവിടങ്ങളിലും ഹരിയാനയിലെ മൂന്ന് സ്ഥലങ്ങളിലും ഡൽഹി, ഗുജറാത്ത് എന്നിവിടങ്ങളിലെ 4 സ്ഥലങ്ങളിലും ഒഡീഷയിലെ രണ്ട് സ്ഥലങ്ങളിലുമടക്കം 44 നഗരങ്ങളിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ അദ്ദേഹത്തിന്റെ നിയമപരിജ്ഞാനം വച്ചുകൊണ്ട് കുറേ ലാറ്റിനൊക്കെ പറഞ്ഞു, അതിന്റെ ഭാഗമായുള്ള പല നടപടികൾക്കും എതിരാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ ഒരു നിയമ വിദ്യാർത്ഥിയായിരുന്നില്ല. അതുകൊണ്ട് എനിക്ക് ആ കാര്യങ്ങളെപ്പറ്റി വേണ്ടത്ര നിശ്ചയമില്ല. പക്ഷേ അദ്ദേഹം കാണേണ്ടത് ഇതൊക്കെ നിലനിൽക്കുന്ന ഘട്ടത്തിൽത്തന്നെയാണ് യു.ഡി.എഫ് . ഇത്തരമൊരു തീരുമാനമെടുത്തത്. അപ്പോൾ അത് യു.ഡി.എഫ്.-ന്റെ നയപരമായ തീരുമാനമായിരിക്കുമല്ലോ? അല്ലാതെ രണ്ടുതവണ മന്ത്രിസഭയിൽ വരില്ലല്ലോ. ആദ്യം വന്നപ്പോൾ ധനകാര്യ വകുപ്പും നിയമ വകുപ്പും ആലോചിക്കണമെന്ന് പറഞ്ഞു. അതുകഴിഞ്ഞ് വീണ്ടും തീരുമാനമെടുത്തു. അപ്പോൾ നയപരമായിത്തന്നെ തീരുമാനിച്ചതായിരിക്കും.

അപ്പോൾ അത് ഓർക്കുന്നത് നല്ലതാണ് . പത്തുലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളെ മാത്രമേ മെട്രോപോളിറ്റൻ നഗരങ്ങളായി കണക്കാക്കാവൂ എന്നാണ് അദ്ദേഹം ഒരു വാദമായി ഉയർത്തിയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റുള്ള സമയത്തുനിന്നും ജനസംഖ്യ ഇപ്പോൾ കുറഞ്ഞിട്ടുണ്ടോ? ജനസംഖ്യ വർദ്ധിച്ചിട്ടേയുള്ളൂ, അതിൽ കുറവൊന്നും സംഭവിച്ചിട്ടില്ല. ഇപ്പോൾ പുതിയ സെൻസസ് പ്രകാരം ഈ രണ്ട് നഗരങ്ങളിലെയും ജനസംഖ്യ ഏറെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ് വസ്തുത. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളുടെ നിലയെടുത്താൽ തമിഴ്നാട്ടിൽ കമ്മീഷണറേറ്റ് നിലവിൽ വന്ന തിരുച്ചിറപ്പള്ളിയിൽ 8,47,357 പേരും സേലത്ത് 4,73,637- പേരുമാണ് 2011-ലെ ജനസംഖ്യ പ്രകാരമുള്ളത്. കർണ്ണാടകയിലെ മൈസൂർ സിറ്റിയിൽ 8,93,062 ആണ് ജനസംഖ്യ. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ അധികാര പരിധി 100 വാർഡുകളിലായി വിപുലീകരിച്ചതിനുശേഷം തിരുവനന്തപുരം നഗരത്തിലെ 21 പോലീസ് സ്റ്റേഷൻ പരിധികളിലായി ഉദ്ദേശം 21,00,000-ത്തോളം പേരും കൊച്ചി നഗരത്തിലെ 23 പോലീസ് സ്റ്റേഷൻ പരിധിയിലായി 18,00,000-ത്തോളം പേരുമാണുള്ളത്.

പോലീസ് സേനയിൽ അച്ചടക്കരാഹിത്യം ഉണ്ടാകുന്നുവെന്ന വാദം വസ്തുതകൾക്ക് നിരക്കുന്നതല്ല. നല്ല നിലയിലാണ് സംസ്ഥാനത്തെ പോലീസ് സേന പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ രാജ്യത്ത് ക്രമസമാധാന പാലനത്തിൽ നമ്മുടെ സംസ്ഥാനത്തിന് മുൻപന്തിയിൽ നിൽക്കാനും സാധിച്ചിട്ടുണ്ട്. കുറ്റാന്വേഷണരംഗത്ത് ആധുനിക രീതികൾ അവലംബിക്കുന്നതിനാൽ ജനങ്ങളുമായി ദൃഢമായ ബന്ധം സ്ഥാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന രീതിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് പല മേഖലകളിൽ നിന്നും പോലീസിന്റെ പൊതുവായ പ്രവർത്തനത്തിൽ മതിപ്പ് രേഖപ്പെടുത്തുന്നതെന്നും കാണേണ്ടതായിട്ടുണ്ട്. ഈ സർക്കാർ ഇതുമായി ബന്ധപ്പെട്ട് ഒരു തീരുമാനവും എടുത്തുകഴിഞ്ഞിട്ടില്ലെന്ന് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് വായിച്ച ചോദ്യോത്തരം ശരിയാണ്. അതിന് ഞാൻ തന്നെയാണ് ഉത്തരം പറഞ്ഞതും. ക്യാബിനറ്റ് തീരുമാനവും ശരിയാണ്. ആ സന്ദർഭത്തിൽ ഐ.എ.എസ്.-ഉം ഐ.പി.എസ്.-ഉം തമ്മിൽ തർക്കമുണ്ടായി. ആ തർക്കത്തിൽ ഞങ്ങൾക്കൊരു ഒത്തുതീർപ്പുണ്ടാക്കാൻ കഴിഞ്ഞില്ല. അന്നും ഐ.എ.എസ്.കാർ അവരുടേതായ ചില പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. ഞങ്ങൾ ആ തർക്കം തീർക്കാൻ കഴിയുമോയെന്ന്

പരിശോധിച്ചെങ്കിലും പരിഹരിക്കാൻ സാധിച്ചില്ല. ആ ഫയൽ അങ്ങയുടെ കയ്യിലുണ്ടായിരുന്നു. ഈ പ്രശ്നവും അങ്ങേയ്ക്ക് അറിയാമായിരുന്നു. ഇവരുമായി തർക്കം നിലനിൽക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട് അങ്ങ് കമ്മീഷണറേറ്റിന്റെ കാര്യത്തിൽ പുതിയ തീരുമാനം എടുത്തുവെന്ന മാധ്യമ വാർത്ത ഞാൻ കണ്ടു. അങ്ങ് ഇവിടെ വന്നപ്പോൾ ഒരു രാത്രിയിൽ ഫയലിൽ ഒപ്പിട്ടു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് ഒപ്പിട്ട ഈ ഉത്തരവ്, ജി.ഒ. ആയി ഇറങ്ങാത്തത് എന്തുകൊണ്ടാണെന്ന് അങ്ങല്ലേ പറയേണ്ടത്. അക്കാര്യത്തിൽ ഞങ്ങളെ കുറ്റപ്പെടുത്തുന്നത് ശരിയാണോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതാണ് കഴിഞ്ഞ തവണ ഞാൻ പറഞ്ഞെന്ന കാര്യത്തെക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവടക്കം പറഞ്ഞത്. കളക്ടർമാരുടെ കയ്യിലുള്ള അധികാരമാണ് മജിസ്റ്റീരിയൽ പവർ. ഇത് നടപ്പാക്കുമ്പോൾ കളക്ടർമാരുടെ അധികാരം അവരിൽ നിലനിർത്തിക്കൊണ്ട് ഇവർക്കുകൂടി മജിസ്റ്റീരിയൽ പവർ കൊടുക്കേണ്ടതായി വരും എന്നാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ നടപ്പാക്കി എന്നല്ല. ഇത്തരമൊരു ആശയമാണ് എന്റെ മനസ്സിൽ അപ്പോൾ ഉണ്ടായിരുന്നത്. അത് മറ്റ് കാര്യങ്ങൾ കൂടി ആലോചിച്ച് മാത്രമേ തീരുമാനിക്കാൻ സാധിക്കൂ. കേവലം മജിസ്റ്റീരിയൽ പവറിന്റെ പ്രശ്നം മാത്രമല്ല ഇതിനകത്തുള്ളതെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാമല്ലോ? മജിസ്റ്റീരിയൽ പവർ ഒരു ഘടകം മാത്രമാണ്. കളക്ടർമാരുടെ കയ്യിലുള്ള മജിസ്റ്റീരിയൽ പവർ പോലീസിന് നേരിട്ട് ഏൽപ്പിക്കുക എന്നുള്ളതിനാണ് പ്രശ്നങ്ങൾ വരുന്നത്. അത് നിലനിർത്തിക്കൊണ്ടു തന്നെ എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളത് ആലോചിക്കേണ്ട വിഷയമാണ്. ഇതിലൊന്നും അവസാന തീരുമാനമായിട്ടില്ല. അതാണ് നാം അക്കാര്യത്തിൽ കാണേണ്ടത്.

ഇവിടെ വാദിയും വിധികർത്താവുമെല്ലാം ഒരാൾ തന്നെയാകണമെന്ന് സർക്കാർ കാണുന്നില്ല. അങ്ങനെയൊരു നിലപാടും സർക്കാരിനില്ല. അതിന്റെ മറ്റ് വിശദാംശങ്ങൾ പൊതുവെ ചർച്ച ചെയ്ത് എങ്ങനെ വേണമെന്ന് തീരുമാനിക്കാവുന്നതാണ്. നമ്മുടെ ഉദ്യോഗസ്ഥരെ വിവിധ ലോബികളായി ചിത്രീകരിക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഒരു ഭാഗത്ത് ഐ.പി.എസ്. ലോബി മറ്റൊരു ഭാഗത്ത് ഐ.എ.എസ്. ലോബി എന്നൊന്നും കാണേണ്ടതായിട്ടില്ല. അപ്പുറത്തുനിന്ന് ഐ.പി.എസ്. ലോബി എന്ന് പറഞ്ഞുകൊണ്ടിരുന്നതുകൊണ്ടാണ് ഞാൻ പറയുന്നത്. സ്വാഭാവികമായി ചില പ്രശ്നങ്ങൾ വരുമ്പോൾ അഭിപ്രായങ്ങൾ ചിലർക്കുണ്ടാകും. ആ അഭിപ്രായങ്ങൾ പരിഹരിക്കുന്നതിനാണ് സർക്കാരുള്ളത്. അത് എങ്ങനെ ചർച്ച ചെയ്യണം; എങ്ങനെ തീരുമാനിക്കണം; എന്തൊക്കെ സമീപനം എടുക്കണം തുടങ്ങിയ

കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

ഇവിടെ കമ്മ്യൂണിസ്റ്റുകാരുടെ കമ്മ്യൂണിസ്റ്റ് ബോധം മാറി പോകുന്നുണ്ടോയെന്നത് സംബന്ധിച്ച് ബഹുമാന്യനായ അംഗത്തിന് വലിയ ഉത്കണ്ഠയുള്ളതായി തോന്നുന്നു. ആ ബോധം നിലനിൽക്കുന്നതുകൊണ്ട് തന്നെയാണ് ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരായി നിൽക്കുന്നത്. അത് ഏതായാലും ബഹുമാന്യനായ അംഗത്തിൽ നിന്ന് പഠിക്കേണ്ട ആവശ്യം ഞങ്ങൾക്കാർക്കുമില്ല. ഇനിയിപ്പോൾ ഈ ഘട്ടത്തിൽ അദ്ദേഹം മനസ്സിലാക്കിയ കമ്മ്യൂണിസം എന്താണെന്ന് പഠിക്കാൻ ഞങ്ങളാരും അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് പോകാനും നിശ്ചയിച്ചിട്ടില്ല.

'കാപ്പ' ആക്ടുമായി ബന്ധപ്പെട്ട് അദ്ദേഹം എന്തിനാണ് അങ്ങനെയൊരു വാദം ഉയർത്തിയതെന്ന് മനസ്സിലാകുന്നില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാലത്തുതന്നെ ഇതിന്റെ ഭാഗമായി 'കാപ്പ' വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. പിന്നെ എന്തിനാണ് ആ വാദം വീണ്ടും ഉയർത്തിയതെന്ന് മനസ്സിലാകുന്നില്ല. ഇവിടെ ഒട്ടേറെ രാജ്യങ്ങളുടെ കാര്യമൊക്കെ പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിൽ കോൺഗ്രസ് അധികാരത്തിലുണ്ടായിരുന്നല്ലോ? ഇത് ഏതൊക്കെ സംസ്ഥാനങ്ങളിൽ കോൺഗ്രസ് നടപ്പാക്കിയിട്ടുണ്ട്. അതദ്ദേഹം ആലോചിക്കേണ്ടിയിരുന്നില്ലേ; എന്തിനാണ് അദ്ദേഹം മറ്റൊരു നിലയിലേയ്ക്ക് ആ വാദം ഉന്നയിക്കാൻ പോയത്. അദ്ദേഹം മാതൃകയായി കുറേ രാജ്യങ്ങൾ പറഞ്ഞു. ആ രാജ്യങ്ങൾ ഇതിലില്ലെന്ന് പറഞ്ഞു. നമ്മുടെ രാജ്യത്ത് വിവിധ നഗരങ്ങളിലും സംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കിയിരിക്കുന്നു. അത് കോൺഗ്രസ് അടക്കം അധികാരത്തിലിരിക്കുന്ന ഘട്ടത്തിലാണ് നടന്നിട്ടുള്ളത്. കേന്ദ്രത്തിൽ കോൺഗ്രസ് നിരവധി കാലം അധികാരത്തിലിരുന്നതുമാണ്.

നമ്മുടെ സംസ്ഥാനത്ത് നിയമക്രമപാലനം നടത്തുന്ന ഉദ്യോഗസ്ഥരെ പ്രത്യേകമായി ആക്ഷേപിക്കുന്നത് ശരിയായ രീതിയല്ല. ഉദ്യോഗസ്ഥരുടെ ഭാഗത്ത് പിശകുകളുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ നടപടികൾ നമുക്ക് സ്വീകരിക്കാം. പക്ഷെ ഒരുതരം വ്യക്തിഹത്യയിലേയ്ക്ക് നമ്മൾ കടന്നുപോകുന്നത് ശരിയല്ല. ഇവിടെ ഏതോ സെക്രട്ടറി ഇല്ലാത്ത ഘട്ടത്തിലാണ് ഇത്തരത്തിലൊരു തീരുമാനം എടുത്തതെന്ന് പറയുന്നുണ്ട്. ഇവിടെയൊരു തീരുമാനവും എടുത്തിട്ടില്ല. തീരുമാനം എടുക്കാനിരിക്കുന്നതേയുള്ളൂ. വലിയ അഭിപ്രായങ്ങൾ ഇതുസംബന്ധിച്ച് ഉയർന്നുവന്നതുകൊണ്ട് അതുമായി ബന്ധപ്പെട്ട് സമവായ ചർച്ച നടത്തി മാത്രമേ തീരുമാനത്തിലേയ്ക്ക് കടക്കുവെന്ന് ഞാൻ നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇദ്ദേഹം എന്തിനാണ് ഇപ്പോൾ ചൈനയെ

അടക്കം ആക്ഷേപിക്കാൻ പുറപ്പെട്ടതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. താൻ എവിടെയാണ് നിൽക്കുന്നതെന്ന് വ്യക്തമാക്കുകയാണെന്നാണ് തോന്നുന്നത്. ചൈനയുടെ തോന്ന്യാസം എന്നാണ് പറഞ്ഞ വാക്ക്. എവിടെയാണ് നിൽക്കുന്നത്; എന്താണ് ഇതിന്റെയൊക്കെ അർത്ഥം; എന്തിനാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത്; അന്ധമായ ഒരു വിരോധം ഇങ്ങനെ നിലനിർത്തി പോകേണ്ടതായിട്ടുണ്ടോ? ഇതൊക്കെ ആലോചിക്കേണ്ട കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് പല നല്ലതിന്റെയും വക്താവായി നിൽക്കുന്നു എന്നാണല്ലോ ഈ അംഗം ചിലപ്പോൾ അവകാശപ്പെടുന്നത്. ഇങ്ങനെയൊരു തെറ്റായ ധാരണ മനസ്സിൽവച്ച് നടക്കേണ്ടതായിട്ടുണ്ടോ? അതുകൊണ്ട് ഏതെങ്കിലും തരത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ധൃതിപിടിച്ച് നടപ്പാക്കുക എന്ന ഉദ്ദേശ്യമല്ല ഉള്ളത്. പല അഭിപ്രായങ്ങളും വന്നിട്ടുണ്ട്. എല്ലാം ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്താം എന്നുമാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യം വരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയം വളരെ കാലിക പ്രാധാന്യമുള്ള ഒന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന മന്ത്രിസഭാ തീരുമാനമാണെന്ന് പറഞ്ഞത് ശരിയാണ്. എന്നാൽ ആ തീരുമാനത്തിലേയ്ക്ക് നയിച്ച പോലീസ് ആക്ട് കൊണ്ടുവന്നത് ആരാണ്? പോലീസ് ആക്ടിലെ ഈ സെക്ഷനുകൾ നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയെടുത്തത് ഇന്നത്തെ സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് എന്നുള്ള കാര്യം മുഖ്യമന്ത്രി മറന്നുപോയി. കേരള പോലീസ് ആക്ട് 2011-ലെ സെക്ഷൻ 15 (2), 15 (3), 15 (4) എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇവിടെ പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ചിട്ടുള്ളത്. ഞാൻ പോലീസ് ആക്ട് പരിശോധിക്കുകയായിരുന്നു. പോലീസ് ആക്ടിൽ ഈ വകുപ്പുകൾ ചേർക്കണമെന്ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന് നിർബന്ധമുണ്ടായിരുന്നു. അന്ന് മനുഷ്യാവകാശങ്ങളെക്കുറിച്ച് കമ്മ്യൂണിസ്റ്റുകാർക്ക് ബോധമില്ലാത്തതു കൊണ്ടാണോ അദ്ദേഹം ഇത് കൊണ്ടുവന്നത്? പോലീസ് ആക്ടിലെ ഈ

വകുപ്പുകൾ എഴുതിച്ചേർത്തതും ബിൽ ഇവിടെ പാസ്സാക്കിയതും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ്. അങ്ങും നിയമസഭയിൽ ഉണ്ടായിരുന്നുവെന്ന് തോന്നുന്നു. ഇതിന് ആര് തുടക്കം കുറിച്ചുവെന്നുള്ളത് ഒരു പ്രധാനപ്പെട്ട ഘടകമാണ്. അന്ന് കൊണ്ടുവന്ന പോലീസ് ആക്ടിലെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് ക്യാബിനറ്റിൽവച്ച് തീരുമാനമെടുത്തത്. ക്യാബിനറ്റ് തീരുമാനം വന്നെങ്കിലും ഞങ്ങൾ അത് നടപ്പാക്കിയില്ല. അതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത്. ഇതിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചില്ല. സർവ്വശ്രീ. ഹൈബി ഈഡൻ, ലൂഡി ലൂയിസ്, ബെന്നി ബെഹനാൻ, പാലോട് രവി എന്നീ അംഗങ്ങളുടെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ കമ്മീഷണറേറ്റ് സംവിധാനം നടപ്പാക്കുന്നതിനായി പ്രസ്തുത നഗരങ്ങളെ മെട്രോപോളിറ്റൻ പ്രദേശമായി പ്രഖ്യാപിക്കുകയും അവിടത്തെ പോലീസ് കമ്മീഷണർമാരുടെ അധികാരം നിശ്ചയിക്കേണ്ടതുമുണ്ട്; അതിനാവശ്യമായ നിയമസാധുതയും മറ്റും സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു എന്നാണ്. 2011-ലെ പോലീസ് ആക്ട് പ്രകാരം മന്ത്രിസഭ തീരുമാനമെടുത്തെങ്കിലും പിന്നീട് ഗവൺമെന്റ് അതുമായി മുന്നോട്ടുപോയില്ല. അതിന് കാരണമെന്താണ്? അന്ന് പൊതുസമൂഹത്തിൽനിന്ന് ധാരാളം വാദമുഖങ്ങൾ ഉയർന്നുവന്നു. അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദൻ ഇക്കാര്യം പറഞ്ഞിരുന്നു. അതുപോലെ പൗരാവകാശ പ്രവർത്തകരും ധാരാളം അഭിപ്രായങ്ങൾ പറഞ്ഞു. അല്ലാതെ സി.പി.ഐ.(എം.) എതിർത്തതുകൊണ്ടല്ല തീരുമാനം മാറ്റിയത്. ഞങ്ങളോട് അന്ന് ആരും എതിർത്തില്ല. അന്ന് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഇന്ത്യയിൽ ഒന്നാമതായിരുന്നു. ക്രമസമാധാനപാലന രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കേരളത്തിൽ ഇങ്ങനെയൊരു ആവശ്യമുണ്ടോയെന്ന രണ്ടാമതൊരു ചിന്ത വന്നതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ആ തീരുമാനം മാറ്റിവച്ചത്. "Quick decisions are unsafe decisions" എന്ന് സോഫോക്ലിസ് പറഞ്ഞത് ഞാൻ ഓർക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുത്തെങ്കിലും പൊതുജനങ്ങളുടെയും മാധ്യമങ്ങളുടെയും പൊതുപ്രവർത്തകരുടെയും അന്നത്തെ പ്രതിപക്ഷനേതാവിന്റെയും ഐ.എ.എസ്. ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ആ തീരുമാനം നടപ്പിലാക്കേണ്ടത് എന്നുള്ള അന്തിമ തീരുമാനത്തിലേയ്ക്ക് എത്തിയത്. ഞങ്ങളൊരു തീരുമാനമെടുത്തെങ്കിൽ ആ തീരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രത്യാഘാതങ്ങളെയും അത് സമൂഹത്തിലുണ്ടാക്കുന്ന അതിശക്തമായ

വികാരങ്ങളെയും കണക്കിലെടുത്തു. നിങ്ങൾ അത് കണക്കിലെടുക്കുന്നുണ്ടോ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊണ്ടുവന്ന ആക്ടിനനുസൃതമായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന മന്ത്രിസഭാ തീരുമാനം നടപ്പാക്കിയെങ്കിലും പിന്നീട് അത് പ്രൊസീഡ് ചെയ്യാതിരുന്നത് ഞങ്ങളുടെ ഉന്നത ജനാധിപത്യ ബോധത്തെയാണ് കാണിക്കുന്നത്. ഈ പ്രശ്നം ഞങ്ങൾ ഉന്നയിച്ചില്ലായിരുന്നെങ്കിൽ, ശ്രീ. ഇ. ചന്ദ്രശേഖരൻ കത്ത് കൊടുത്തില്ലായിരുന്നെങ്കിൽ, റവന്യു വകുപ്പുമന്ത്രി കത്ത് കൊടുത്തത് ഞങ്ങൾ പറഞ്ഞിട്ടൊന്നുമല്ല. ഞങ്ങൾ പറഞ്ഞാൽ മുഖ്യമന്ത്രി അംഗീകരിക്കുകയില്ലെന്ന് ഞങ്ങൾക്കറിയാം. ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യം ഞങ്ങൾ പറഞ്ഞെങ്കിലും കോടതി പറഞ്ഞപ്പോഴാണ് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടത്. ഖാദർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞതെന്താണ്? ഞങ്ങളോടൊന്ന് ആലോചിക്കു എന്നാണ്. ഇവിടെ സർക്കാർ കൊണ്ടുവന്ന പൊതുവിദ്യാഭ്യാസ യജ്ഞത്തിൽ ഞങ്ങൾ സഹകരിച്ചവരാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഒരു മാറ്റമുണ്ടാകുന്നെങ്കിൽ അതിന് പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുക്കണ്ടേ; ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളുണ്ടാകുമ്പോൾ പ്രതിപക്ഷവുമായി ചർച്ച ചെയ്യുന്നത് തെറ്റായ കാര്യമാണോ? കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ള ആളുകൾ അഭിപ്രായം പറഞ്ഞപ്പോൾ ഞങ്ങളത് ഗൗരവത്തിലെടുത്തുകൊണ്ടാണ് ആ നിലപാടുമായി മുന്നോട്ടു പോകേണ്ട എന്ന് തീരുമാനിച്ചത്. പോലീസിന് മജിസ്റ്റീരിയൽ അധികാരം കൊടുക്കാനുള്ള തീരുമാനം നിങ്ങളെടുത്തതാണ്. പക്ഷേ വിജ്ഞാപനമായി അത് പുറത്തുവന്നില്ലെന്നേയുള്ളൂ. ഇപ്പോഴാണ് റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ഒരു കത്ത് കൊടുത്തത്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ തൊട്ടപ്പുറത്തെ സീറ്റിലാണിരിക്കുന്നത്. അദ്ദേഹത്തോട് സംസാരിച്ചാൽ മതിയായിരുന്നു. അതിനുപകരം അദ്ദേഹം കത്ത് കൊടുത്തു. ശ്രീ. ഇ. ചന്ദ്രശേഖരൻ എന്റെ സുഹൃത്താണ്. അദ്ദേഹം കത്ത് കൊടുത്തത് അദ്ദേഹത്തിന്റെ പാർട്ടിയുടെ തീരുമാനമനുസരിച്ചാണെന്ന് ഞാൻ കരുതുന്നു. സി.പി.ഐ. സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ ഈ തീരുമാനത്തെ പരസ്യമായി എതിർത്തപ്പോഴാണ് മുഖ്യമന്ത്രിക്ക് വീണ്ടുവിചാരമുണ്ടായത്. ഞങ്ങൾ നടപ്പാക്കിയിട്ടില്ല, ആലോചിക്കുന്നതേയുള്ളൂ എന്ന് അദ്ദേഹം ഇപ്പോൾ പറയുന്നു. സംസ്ഥാന ഗവൺമെന്റ് ഒരു തീരുമാനമെടുക്കുമ്പോൾ അതിന്റെ എല്ലാ വശങ്ങളും ആലോചിക്കണ്ടേ? ഞങ്ങൾ തീരുമാനിച്ചെങ്കിലും വിവിധ അഭിപ്രായങ്ങൾ വന്നപ്പോൾ അത് മാറ്റിവച്ചു. കേരളത്തെപ്പോലൊരു സംസ്ഥാനത്ത് പോലീസിന് ഇത്രയും വലിയ അധികാരങ്ങൾ കൊടുക്കുന്നതിനെ സംബന്ധിച്ച് വളരെ വിശദമായ ചർച്ചയുണ്ടാകണം. സംസ്ഥാന പോലീസ് സംവിധാനത്തിലും സിവിൽ ഭരണത്തിലും ആഴത്തിൽ മാറ്റമുണ്ടാക്കുന്ന

തീരുമാനമാണിത്. ഇതിന്റെ pros and cons പരിശോധിക്കേണ്ടത് ഏറ്റവും ആവശ്യമായ കാര്യമാണ്. ഈ മന്ത്രിസഭയിലെ മന്ത്രിമാർപോലും അറിയാതെയാണ് തീരുമാനമെടുത്തത് എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുപോലൊരു തീരുമാനമെടുക്കുമ്പോൾ റവന്യൂ വകുപ്പുമന്ത്രിയെക്കൂടി വിശ്വാസത്തിലെടുക്കണ്ടേ; റവന്യൂ വകുപ്പിന്റെ അധികാരങ്ങൾ ആഭ്യന്തര വകുപ്പിലേയ്ക്ക് കൈമാറുമ്പോൾ സ്വാഭാവികമായും ആ മന്ത്രി അറിയേണ്ടതല്ലേ;അങ്ങയുടെ ക്യാബിനറ്റിലിരിക്കുന്ന മന്ത്രിയെപ്പോലും വിശ്വാസത്തിലെടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഞങ്ങൾ പറഞ്ഞാൽ ഞങ്ങളെ തെറ്റുപറയാൻ കഴിയുമോ; ഈ ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടതിന്റെ ഉദാഹരണമായി ഞങ്ങൾ ഇത് ചൂണ്ടിക്കാണിച്ചാൽ അങ്ങേയ്ക്ക് ഞങ്ങളെ കുറ്റപ്പെടുത്താൻ കഴിയുമോ? പോലീസിന് മജിസ്റ്റീരിയൽ അധികാരം കൊടുക്കുന്ന പ്രൊപ്പോസൽ വന്നപ്പോൾത്തന്നെ ഇത്തരം കാര്യങ്ങളെക്കുറിച്ച് അവധാനതയോടെയുള്ള പരിശോധന ആവശ്യമായിരുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അന്ന് ധാരാളം അഭിപ്രായങ്ങൾ ഉയർന്നുവന്നു. ഏറ്റവും പ്രധാനപ്പെട്ടത് പൗരാവകാശങ്ങളെ സംബന്ധിച്ചുള്ളതാണ്. പോലീസിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും അഭിപ്രായ വ്യത്യാസ ങ്ങളുണ്ടാക്കുന്നതും നൂൽപ്പാലത്തിലൂടെയുള്ളതുമായ പ്രവർത്തനമാണ്. കൂടുതൽ കാര്യങ്ങൾ ചെയ്താൽ അതിക്രമമെന്നും കാര്യങ്ങൾ ചെയ്തില്ലെങ്കിൽ നിഷ്ക്രിയത്വമെന്നും പറയും. അങ്ങനെയുള്ള ഒരു പോലീസ് സേനയ്ക്ക് അമിത അധികാരങ്ങൾ കൊടുത്താൽ സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ഗവൺമെന്റ് ഗൗരവമായി പരിശോധിക്കേണ്ടതല്ലേ? അതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതുപോലെ കൊച്ചിയിലും തിരുവനന്തപുരത്തും ഐ.ജി.-മാരെ സിറ്റി പോലീസ് കമ്മീഷണർമാരായി നിയമിച്ചു. ഇന്ന് പോലീസ് സേനയിൽ നടക്കുന്ന പരിഷ്കാരങ്ങൾ മുഖ്യമന്ത്രി ഒരു ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

11.00 A.M]

കേരളത്തിലെ പോലീസ് സേനയിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ കേരളത്തിലെ പോലീസ് സേനയിൽത്തന്നെ അസ്വസ്ഥതകൾ ഉണ്ടാക്കുന്നതാണ്. എസ്.ഐ.-യുടെ അധികാരം സി.ഐ.-യ്ക്ക് കൊടുക്കുന്നു; സി.ഐ.-യുടെ അധികാരം വെട്ടിക്കുറയ്ക്കുന്നു. ഫലത്തിൽ എസ്.ഐ.-യും അസംതൃപ്തൻ; സി.ഐ.-യും അസംതൃപ്തൻ. എ.ഡി.ജി.പി.-മാരില്ലാതെ ഐ.ജി.ക്ക് അധികാരം കൊടുക്കുന്നു. ഈ ഐ.ജി.-മാരെ നിയന്ത്രിക്കാൻ കഴിയുന്ന സംവിധാനമില്ലാതെ വരുന്നു. ഡി.ജി.പി.-യുടെ താഴെ എ.ഡി.ജി.പി.-യുടെ

ലാ ആൻഡ് ഓർഡർ വരുന്നു; എങ്കിൽപ്പിന്നെ ഡി.ജി.പി. എന്തിനാണ്? ഇതുസംബന്ധിച്ചുള്ള ശക്തമായ അഭിപ്രായവ്യത്യാസം പോലീസ് സേനയിൽ ഇന്ന് പുകഞ്ഞുകൊണ്ടിരിക്കുകയാണ്. അച്ചടക്കമുള്ള സേനയായതുകൊണ്ട് അവർക്ക് പുറത്തുപറയാൻ കഴിയുന്നില്ലെന്നേയുള്ളൂ. വാസ്തവത്തിൽ കേരളാ പോലീസിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ പരിഷ്കരണങ്ങൾ വലിയതോതിലുള്ള അസ്വാരസ്യങ്ങളും അരാജകത്വവും ഉണ്ടാക്കാനും പോലീസ് സേനയുടെ മനോവീര്യം കെടുത്താനും മാത്രമേ സഹായിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഐ.എ.എസ്./ഐ.പി.എസ്. ലോബി എന്നൊന്നും നമ്മൾ പറയേണ്ട. ഐ.എ.എസ്.-കാർക്ക് ഈ കാര്യത്തിൽ ശക്തമായ അഭിപ്രായ വ്യത്യാസമുണ്ട്; അത് കണക്കിലെടുക്കേണ്ട കാര്യമാണ്. അന്ന് യുവ ഐ.എ.എസ്. ഉദ്യോഗസ്ഥർ എല്ലാവരും കൂടിയാണ് എന്നെയും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയെയും വന്നുകണ്ടത്. അവരുടെ വാദമുഖങ്ങൾ പരിശോധിച്ചതിനു ശേഷമാണ് തൽക്കാലം ഇത് നടപ്പാക്കേണ്ടെന്ന് ഞങ്ങൾ തീരുമാനിച്ചത്. ഇത് രഹസ്യമായി നമുക്ക് നടത്താൻ കഴിയുന്ന ഒരു കാര്യമല്ല. മജിസ്റ്റീരിയൽ പവർ കൊടുക്കുന്നതാണോ കേരളത്തിൽ ഏറ്റവും അടിയന്തരമായി ചെയ്യേണ്ടത്? ഇവിടെ ശ്രീ. വി. ടി. ബൽറാം ചൂണ്ടിക്കാണിച്ചത് നൂറുശതമാനവും ശരിയാണ്. ആര് ഭരിച്ചാലും പൗരാവകാശങ്ങൾ ലംഘിക്കപ്പെടാനുള്ള സാധ്യതയുണ്ട്. നിങ്ങൾ ഇവിടെ വന്നാലും ഞങ്ങൾ അവിടെ വന്നാലും പോലീസിന്റെ ഭാഗത്തുനിന്ന് അതിക്രമങ്ങൾ ഉണ്ടാകാറുണ്ട്. അതിന്റെ ഏറ്റക്കുറച്ചിലുകൾ എങ്ങനെ നിയന്ത്രിക്കുന്നുവെന്നുള്ളതാണ് പ്രധാനം. അങ്ങനെയുള്ള ഒരു സേനയുടെ കൈകളിലേയ്ക്ക് അമിതാധികാരം കൊടുക്കുമ്പോൾ അതൊരു 'Double edged sword' ആകുമോ എന്നുള്ള പരിശോധന ഗവൺമെന്റ് നടത്തണം എന്നുള്ളതാണ് ഏറ്റവും പ്രധാനം. നമ്മുടെ ഭരണഘടന ഇതിനെല്ലാം വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഭരണഘടനയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതാണ് ഗവൺമെന്റുകൾ. ഭരണഘടന നൽകുന്ന അധികാര അവകാശങ്ങളെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടായിരിക്കണം ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടത്. അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

ഇന്ന് 144 പ്രഖ്യാപിക്കാനുള്ള അധികാരം കളക്ടർമാർക്കാണ്. അത് പോലീസിന് കൊടുത്താലുണ്ടാകുന്ന പ്രശ്നം എന്താണ്? ഒരു പക്വതയാർന്ന തീരുമാനമെടുക്കാനുള്ള അവസരം നഷ്ടപ്പെടുകയാണ്. ഇപ്പോൾത്തന്നെ 'കാപ്പ' ചുമത്തുന്നത് ജില്ലാ മജിസ്ട്രേറ്റുമാരുടെ അധികാരമാണ്. അവർ പറയുന്നത്, കാപ്പ

കേസ്സുകൾ തീർപ്പുകല്പിക്കുന്നതിന് ഡിലേ വരുന്നു എന്നാണ്. ഡിലേ വരുന്നെങ്കിൽ, തലവേദന വന്നുവെന്ന് കരുതി തലവെട്ടിക്കളയുകയാണോ വേണ്ടത്? അതിന് കളക്ടർമാരുടെ യോഗം വിളിക്കുകയോ  കാപ്പ കേസ്സുകൾ എത്രയും പെട്ടെന്ന് ഡിസ്പോസ് ചെയ്യണമെന്ന് നിർദ്ദേശം നൽകുകയോ  ചെയ്യണം. അനാവശ്യ കാലതാമസം ഉണ്ടാകുന്നുണ്ട്. കളക്ടർമാർക്ക് ധാരാളം അധികാരമുള്ളതുകൊണ്ട് പലപ്പോഴും അവർ ഇത്തരം കേസ്സുകളിൽ ഡിലേ വരുത്തുന്നുണ്ട്.  അതിൽ ഒരു തീരുമാനമുണ്ടാകണം.  144 പ്രഖ്യാപിക്കുന്നത് പോലീസിന് കൊടുത്താലുണ്ടാകുന്ന പ്രശ്നം ഗുരുതരമാണെന്നുള്ള അഭിപ്രായം നിലവിലുണ്ട്. ജില്ലാ കളക്ടർമാർക്കും കമ്മീഷണർമാർക്കും, രണ്ടുപേർക്കും അധികാരം കൊടുക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞത് എനിക്ക് മനസ്സിലായില്ല. അങ്ങനെ കൊടുത്താൽ അത് കൂടുതൽ കുഴപ്പത്തിലേയ്ക്കും കൂടുതൽ പ്രതിസന്ധികൾ ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. അതിൽ ഡ്യുവൽ കൺട്രോൾ വരികയാണ്; അത് ക്രമസമാധാന രംഗത്തെ ബാധിക്കും.  എന്റെ ചോദ്യവും അങ്ങയുടെ മറുപടിയും എന്റെ കയ്യിലുണ്ട്. അങ്ങ് പറഞ്ഞത് ഞാൻ വായിക്കാം, നമ്മുടെ കളക്ടർമാരുടെ കൈവശമുള്ള അധികാരമാണ് മജിസ്റ്റീരിയൽ പവർ. കളക്ടർമാരുടെ അധികാരം അവരിൽത്തന്നെ നിലനിർത്തിക്കൊണ്ട് അവർക്ക് കൂടി മജിസ്റ്റീരിയൽ പവർ കൊടുക്കേണ്ടി വരും. എങ്ങനെ കൊടുക്കും; ഇത് പ്രായോഗികമാണോ? അപ്പോൾ ഇത് ഗൗരവപൂർവ്വമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. സത്യത്തിൽ പോലീസ് സേനയിൽ ഉണ്ടാകേണ്ട അച്ചടക്കം ഉണ്ടാക്കിയെടുക്കേണ്ട ഉത്തരവാദിത്വം മുഖ്യമന്ത്രിക്കാണ്. ഇന്ന് പോലീസ് വകുപ്പിൽ എന്താണ് നടക്കുന്നത്? ഒരു പോലീസുകാരൻ പോലീസുകാരിയെ ചുട്ടുകൊല്ലുന്നു. വേറൊരു പോലീസുകാരൻ മാനസിക സമ്മർദ്ദംകൊണ്ട് സ്ഥലം വിടുന്നു. അയാളെ തിരക്കി രാജ്യം മുഴുവൻ പോലീസ് നടക്കുന്നു.  മാധ്യമങ്ങളിലെല്ലാം വാർത്തവരുന്നു. പത്തനാപുരത്ത് ഒരു ചെറുപ്പക്കാരൻ പോലീസിനെ കണ്ട് പേടിച്ചോടി വൈദ്യുതിക്കമ്പിയിൽ തട്ടി മരിക്കുന്നു. ശ്രീജിത്തിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞതാണ്. ലോക്കപ്പ് കൊലപാതകങ്ങൾ, മർദ്ദനങ്ങൾ, പോലീസിന്റെ ഭാഗത്തുനിന്നുള്ള അതിക്രമങ്ങൾ എല്ലാം കേരളത്തിൽ വർദ്ധിച്ചുവരികയാണ്. പോലീസിനകത്തുള്ള മാനസിക പീഡനം കാരണം ആത്മഹത്യ ചെയ്യേണ്ടിവന്ന പോലീസുകാരുടെ എണ്ണം 45 ആണ്. അതിന്റെ റിപ്പോർട്ടുണ്ട്. അപ്പോൾ നമ്മൾ ഇതൊക്കെ ഗൗരവമായി കാണേണ്ട കാര്യങ്ങളാണ്. ഇവിടെ ശ്രീ. വി. ടി. ബൽറാം പറഞ്ഞതുപോലെ ദോശ ചുടുന്ന വേഗതയിൽ ചെയ്യേണ്ട ഒരു കാര്യമല്ലെന്നാണ് ഗവൺമെന്റിനോട് എനിക്ക് പറയാനുള്ളത്.  അദ്ദേഹം ചില കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. ഞങ്ങളാരും അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് ബോധം പഠിപ്പിക്കേണ്ട കാര്യമൊന്നുമില്ല. അദ്ദേഹത്തിന് നല്ല ബോധമുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. കമ്മ്യൂണിസ്റ്റ് ബോധം ഉള്ളതുകൊണ്ടാണോ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ

സെക്ഷൻ എല്ലാം പോലീസ് ആക്ടിൽ എഴുതിവച്ചതെന്നാണ് എന്റെ ഇപ്പോഴുള്ള സംശയം. ആർക്കാണ് കമ്മ്യൂണിസ്റ്റ് ബോധം ഇല്ലാത്തത് എന്നുള്ളതാണ് ഇപ്പോൾ പരിശോധിക്കപ്പെടേണ്ടതായ കാര്യം. ചൈനയെപ്പറ്റി പറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്ര വികാരപ്പെടേണ്ട കാര്യമെന്താണ്? പോളണ്ടിനെപ്പറ്റി ആരും ഒന്നും സംസാരിക്കരുതെന്ന് പറഞ്ഞതു പോലെയാണല്ലോ കാര്യങ്ങൾ. ഹോങ്കോംഗിൽ നടന്ന സമരം, മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ അവിടത്തെ ജനങ്ങൾ നടത്തിയ പോരാട്ടമാണ്. ആ പോരാട്ടം ലോകം മുഴുവൻ ശ്രദ്ധിച്ചതാണ്. അപ്പോൾ പോളണ്ടിനെപ്പറ്റി ഒന്നും പറയരുതെന്ന് പറഞ്ഞതുപോലെ ചൈനയെപ്പറ്റി ആരും ഒന്നും പറയരുതെന്ന് പറയുന്ന നിലപാട് ശരിയല്ല. ചൈനയാണെങ്കിലും അമേരിക്കയാണെങ്കിലും മനുഷ്യാവകാശ ലംഘനങ്ങളും പൗരാവകാശ ലംഘനങ്ങളുമുണ്ടായാൽ അതിനെതിരെ ശബ്ദമുയർത്തേണ്ടത് എല്ലാവരുടെയും കടമയാണെന്നാണ് എന്റെ വിശ്വാസം.

ഇവിടെ ഒരു കാര്യം വളരെ വ്യക്തമാണ്. നമ്മുടെ സംസ്ഥാനത്ത് സിവിലിയൻ ഭരണകൂടത്തിന്റെ മേൽനോട്ടം ഇല്ലാതാക്കി പോലീസിന് മുഴുവൻ അധികാരങ്ങളും കൊടുക്കുന്ന നടപടി, അദ്ദേഹം കാശ്മീർ, ഡൽഹി, മണിപ്പൂർ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളുടെ കാര്യം പറഞ്ഞു. മണിപ്പൂരിലൊക്കെ എനിക്ക് ചാർജ്ജുണ്ടായിരുന്നതാണ്. Fake encounter-കളെപ്പറ്റി ആളുകൾ പറയുന്നത് കേട്ടാൽ നമ്മൾ അത്ഭുതപ്പെടും കാരണം അവിടെ എക്സ്ട്രിമിസ്റ്റുകൾ ഉള്ളതുകൊണ്ടാണ്. NSCN(I) NSCN(K) തുടങ്ങിയ അണ്ടർഗ്രൗണ്ട് ഏജൻസികൾ ജനങ്ങൾക്കെതിരെ നടത്തുന്ന ഭീകര പ്രവർത്തനങ്ങളെ നേരിടാൻ വേണ്ടിയാണ് regressive ആയിട്ടുള്ള നിയമങ്ങൾ അവിടെ നടപ്പാക്കുന്നത്. ആ സാഹചര്യം കേരളത്തിലില്ലല്ലോ?ഏത് ഗവൺമെന്റ് ഭരിച്ചാലും കേരളത്തിന്റെ സാഹചര്യത്തിൽ പോലീസിന് പ്രവർത്തിക്കാൻ ഒരു പരിധിയുണ്ട്. അതിനപ്പുറത്തേയ്ക്ക് പോലീസിന് പോകാൻ കഴിയില്ല. കേരളത്തിൽ ഇന്ന് മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നു.

ഞാൻ മാവോയിസ്റ്റ് പ്രവർത്തനങ്ങളെ എതിർക്കുന്ന, നക്സലിസത്തെ എതിർക്കുന്ന ഒരാളാണ്. ഈ ഗവൺമെന്റ് വന്നശേഷം മൂന്ന് മാവോയിസ്റ്റുകളെ വെടിവച്ചുകൊന്ന നടപടിയെ ഞാൻ ശക്തമായി തന്നെ എതിർത്തിട്ടുള്ള ആളാണ്. ആദ്യം നിലമ്പൂരിലുണ്ടായ സംഭവത്തിൽ ഞാൻ ഗവൺമെന്റിനെ പിന്തുണച്ചു. കാരണം, അവിടെയുണ്ടായ സംഭവവും വയനാട്ടിലുണ്ടായ സംഭവവും വ്യത്യസ്തമാണ്. മലപ്പുറത്ത് സി.പി. ജലീലിനെ വെടിവച്ചുകൊന്ന സംഭവം വളരെ നിഷ്ഠൂരമായിരുന്നു. അതുപോലെയായിരുന്നില്ല നിലമ്പൂരിൽ. നിലമ്പൂരിൽ ഈ സംഭവമുണ്ടായപ്പോൾ ഞാൻ ഗവൺമെന്റിനെ പിന്തുണച്ചതിനുകാരണം അവർ ഇതിന്റെ kingpin ആയിട്ടുള്ള ആളുകളായിരുന്നു. അവരായിരുന്നു സായുധ കലാപത്തിൽ നേതൃത്വം കൊടുക്കാൻവേണ്ടി അവിടെ പ്രചരണം നടത്തിയത്.

മലപ്പുറത്ത് സി. പി. ജലീലിനെ വെടിവച്ച് കൊന്നത് ഒരു കാര്യവുമില്ലാത്ത നടപടിയായിപ്പോയി. ആ മനുഷ്യന്റെ പുറകിലാണ് വെടികൊണ്ടത്. അത് വേറൊരു വിഷയമായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇത് ഗവൺമെന്റ് പരിശോധിക്കണം. മാവോയിസ്റ്റ് ചെറുപ്പക്കാരനായ സി. പി. ജലീലിനെ വെടിവച്ചുകൊല്ലേണ്ട ഒരു സാഹചര്യവും അവിടെയുണ്ടായിരുന്നില്ല. നമ്മുടെ നാട്ടിൽ മാവോയിസ്റ്റാകുക എന്നുപറയുന്നത് തെറ്റാണെന്നൊന്നും ഞാൻ പറയുന്നില്ല. എന്നാൽ അവരെ നല്ലവഴിയിലേയ്ക്ക് കൊണ്ടുവരാനാണ് നമ്മൾ ശ്രമിക്കേണ്ടത്. തോക്കും ലാത്തിയും ഉപയോഗിച്ച് നേരിടുന്ന നടപടി അവസാനത്തെ നടപടിയാണ്. അതിന് അന്ന് ഈ ഗവൺമെന്റ് മുതിർന്നില്ല. നിലമ്പൂരിലുണ്ടായ സംഭവത്തിൽ അവർ അതിന്റെ പ്രധാനപ്പെട്ട കണ്ണികളായിരുന്നു. സി. പി. ജലീൽ എന്ന വ്യക്തിക്കെതിരെ ഉണ്ടായത് മനുഷ്യാവകാശ ലംഘനം തന്നെയാണ്. 'It is a fake encounter' എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. എന്നോട് ധാരാളം ആളുകൾ വയനാട്ടിൽ വച്ച് പറഞ്ഞതാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് അവധാനതയില്ലാതെയാണ് ഇത്തരം കാര്യങ്ങൾ നടപ്പാക്കുന്നത്. ഇത് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഭസ്മാസുരന് വരം കൊടുത്ത പരമശിവന്റെ ചരിത്രം നമ്മുടെ മുഖ്യമന്ത്രിക്ക് ഉണ്ടാകരുതെന്നുള്ള ഉദ്ദേശത്തിലാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത്. കാരണം പോലീസ് മജിസ്റ്റീരിയൽ അധികാരം കയ്യാളുന്നതിലൂടെ ഇന്ത്യൻ ക്രിമിനൽ നടപടി ചട്ടം അനുസരിച്ച് നാളിതുവരെ ജില്ലാ കളക്ടർമാർ നിർവ്വഹിക്കുന്ന ചില സവിശേഷ അധികാരങ്ങൾ ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്ക് ലഭിക്കുന്ന അവസ്ഥയാണുണ്ടാകുന്നത്. പൊതുശല്യ നിവാരണം, നല്ല നടപ്പിനുള്ള ശിക്ഷ, പോലീസ് അതിക്രമങ്ങൾക്കിരയായി മരണമടയുന്നവരുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തൽ തുടങ്ങിയ അധികാരങ്ങളൊക്കെ പോലീസിന് ലഭിക്കുന്ന സാഹചര്യമുണ്ടായാൽ, ഇപ്പോൾ ഐ.എ.എസ്/ഐ.പി.എസ് ഉദ്യോഗസ്ഥരും ജില്ലാ കളക്ടർമാരും വളരെ സമാധാനപരമായി നല്ല രീതിയിൽ, സഹകരണത്തിൽ പോകുന്ന അവസ്ഥയ്ക്ക് ഒരു സ്പർദ്ധയുടെ അവസ്ഥയുണ്ടാകുന്ന സ്ഥിതിവിശേഷമുണ്ടാകും. മാത്രമല്ല ഐ.ജി. തരംതാഴ്ത്തപ്പെട്ട് എസ്.പി.-യുടെ പോസ്റ്റിലേയ്ക്ക് വരുമ്പോൾ പോലീസ് മേധാവികൾക്കിടയിൽത്തന്നെ അഭിപ്രായ വ്യത്യാസമുണ്ടാകും. ഈ കമ്മീഷണറേറ്റുകൾ വരുന്നതോടുകൂടി ഐ.എ.എസ്./ഐ.പി.എസ്.-കാർ തമ്മിലുള്ള സ്പർദ്ധ, ഐ.പി.എസ്.-ന് ഉള്ളിലുള്ള സ്പർദ്ധ എന്നിവയ്ക്ക് കാരണമാകും. ഇത് രണ്ടും ഒഴിവാക്കിയില്ലെങ്കിൽ കേരളത്തിന് ഇപ്പോൾ ലഭിച്ചിട്ടുള്ള പേര്

നഷ്ടമാകും. എല്ലാ കാലഘട്ടത്തിലും ക്രമസമാധാനമുണ്ടാക്കുന്ന കാര്യത്തിൽ കേരളം മുന്നിലാണെന്ന് നമ്മൾ പറയുകയും എന്നാൽ കമ്മീഷണറേറ്റ് രൂപീകരിക്കുന്നതിലൂടെ ഞങ്ങളുടെ നഗരങ്ങൾ സുരക്ഷിതമല്ലെന്ന ഒരു കുറ്റസമ്മതം നടത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകും. പോലീസിനെതിരായി പറയുക എന്ന അർത്ഥത്തിലല്ല, പോലീസിൽ അച്ചടക്കരാഹിത്യമുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള സംഭവ വികാസങ്ങളാണ് നിരന്തരം വന്നു കൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന്, സി.ഐ. തിരോധാന കേസ്സിൽ ആരോപണ വിധേയനായ എസ്.പി.-ക്കെതിരെ മേജർ രവിയുടെ സഹോദരനും അദ്ദേഹത്തിന്റെ ഭാര്യയും ഡി.ജി.പി.-ക്ക് കേസ് നൽകിയിരിക്കുന്നു. അവർ കോടതിയെ സമീപിക്കുകയാണ്. ഇതുപോലെ പോലീസിലുള്ളൊരു വ്യക്തി മറ്റൊരു വനിതാ പോലീസിനെ അതിദാരുണമായി കൊലപ്പെടുത്തിയത് നമ്മൾ കണ്ടു. ഇത്തരം കാര്യങ്ങളന്വേഷിച്ച് ഇൻക്വസ്റ്റ് തയ്യാറാക്കുന്നതടക്കമുള്ള വിഷയങ്ങൾ പോലീസിനുതന്നെ വിട്ടുകൊടുക്കുന്ന സ്ഥിതിവിശേഷമുണ്ടായാൽ സുരക്ഷ എന്ന നിർവ്വചനത്തിന് എതിരായിട്ടുള്ളൊരു സംഭവമായി മാറുമെന്നതാണ് സത്യം. അതുകൊണ്ടായിരിക്കാം സി.പി.ഐ. ഇത് നടപ്പാക്കരുതെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകിയത്. മാത്രമല്ല ഇത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി. എസ്. അച്ചുതാനന്ദനും മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരിക്കുകയാണ്. അപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദനും സി.പി.ഐ.-യും കത്ത് നൽകിയിട്ടുണ്ട്. ഇപ്പോൾ ധാരാളം കേസ്സുകൾ കെട്ടിക്കിടക്കുന്നു, കളക്ടർമാർക്ക് അന്തിമ തീരുമാനമുണ്ടാക്കാൻ സാധിക്കുന്നില്ലെങ്കിൽ, അതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കൂടിയിരുന്നുകൊണ്ട് എത്രയും പെട്ടെന്ന് പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി പരിശ്രമിക്കേണ്ടത്. അതല്ലാതെ ഈ ഒരു കാരണം പറഞ്ഞുകൊണ്ട് പോലീസിന് മജിസ്റ്റീരിയൽ അധികാരം നൽകുകയാണെങ്കിൽ ഉണ്ടാകാൻ പോകുന്ന അപകടത്തെക്കുറിച്ചാണ് ഞങ്ങൾ ഇവിടെ സൂചിപ്പിച്ചത്. അക്കാര്യത്തിലേയ്ക്കൊന്നും ഞാൻ ദീർഘമായി കടക്കുന്നില്ല. ഇത് കോടതിയിലിരിക്കുന്ന വിഷയമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഡൽഹിയിൽ കമ്മീഷണറേറ്റ് രൂപീകരിക്കുന്നതിനെതിരെ ശ്രീ. അൽധാനി ശ്രേയിൻ എന്ന അഭിഭാഷകൻ ഒരു പൊതു താൽപ്പര്യ ഹർജി നൽകിയിരിക്കുകയാണ്. അതിൽ കേരളം 19-ാം എതിർകക്ഷിയാണ്. ആ ഹർജിയിന്മേൽ അന്തിമവിധി ഉണ്ടാകുന്നതിനിടയിൽ ധൃതിപിടിച്ച് ഇത് നടപ്പിലാക്കാൻ ശ്രമിച്ചതുകൊണ്ടാണ്, ഇക്കാര്യത്തിൽ ഒരു പുനർവിചിന്തനം ആവശ്യമുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയിൽ പറഞ്ഞത്. ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള ഈ അടിയന്തരപ്രമേയം അദ്ദേഹം തന്നെ സമ്മതിക്കുകയാണ്. നമുക്ക് ഇത് ചർച്ച ചെയ്യാമെന്നാണ് അദ്ദേഹം അവസാനം പറഞ്ഞത്. ഇന്ന് ഇത് ചർച്ചയ്ക്ക് എടുത്തിരുന്നെങ്കിൽ നമ്മുടെ അഭിപ്രായങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പ്രകടിപ്പിക്കാനുള്ള അവസരമുണ്ടാകുമായിരുന്നു. അപ്പോൾ ചർച്ചയ്ക്ക് മുഖ്യമന്ത്രി

തത്വത്തിൽ സമ്മതിക്കുന്നു. പക്ഷെ ആ ചർച്ച ഈ അടിയന്തരപ്രമേയത്തിന്റെ അടിസ്ഥാനത്തിൽ തുടങ്ങിവയ്ക്കുന്നതിന് വിസമ്മതിക്കുകയും ചെയ്യുന്നതിന്റെ അർത്ഥമെന്താണെന്ന് മനസ്സിലാകുന്നില്ല. പ്രമേയാവതാരകൻ ലോകരാജ്യങ്ങളിൽ നടക്കുന്ന സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് അസഹിഷ്ണുത പ്രകടിപ്പിക്കേണ്ട ആവശ്യമില്ല. അതുപോലെ ചൈനയെക്കുറിച്ച് പറയാനേ പാടില്ലെന്നൊരു സമീപനം സ്വീകരിക്കേണ്ട ആവശ്യമില്ല. നമുക്ക് ഇന്ത്യയെക്കുറിച്ച് ആലോചിച്ചാൽ പോരേ. നമുക്ക് വേറെ രാഷ്ട്രങ്ങളെക്കുറിച്ച് പറയാൻ പാടില്ലെന്ന് മുഖ്യമന്ത്രി പറയുന്നതിൽ എന്താണർത്ഥം. ഇന്ത്യയിൽ നടക്കുന്ന കാര്യമാണ് നമുക്ക് സുപ്രധാനമായിട്ടുള്ളത്. ഇന്ത്യയിലെ പരമോന്നത നീതിപീഠം എന്ന നിലയ്ക്ക് സുപ്രീംകോടതി ഇതുസംബന്ധിച്ച് നമ്മുടെ അഭിപ്രായം ആരാഞ്ഞിരിക്കുന്ന സാഹചര്യത്തിലും പൊതുതാൽപ്പര്യ കേസ് നിലനിൽക്കുന്ന സാഹചര്യത്തിലും അതായിരുന്നു നമ്മൾ മുൻഗണന കൊടുത്ത് പരിഗണിക്കേണ്ടിയിരുന്നത്. അത് വിശദീകരിക്കുന്നതിന് പകരം ഞങ്ങൾക്ക് ഇത് ഉന്നയിക്കാനേ പാടില്ലെന്ന നിലപാട് ഒരിക്കലും സ്വീകരിക്കരുത്. ബഹുമാനപ്പെട്ട പാർലമെന്ററി കാര്യവകുപ്പുമന്ത്രി ഞങ്ങൾ ഇന്നതേ പറയാൻ പാടുള്ളൂ ഇന്നത് പറയാൻ പാടില്ലെന്ന് പറയുന്നതുതന്നെ ജനാധിപത്യ വിരുദ്ധ നിലപാടാണ്. അതിന് ഒരിക്കലും ചെയറിലിരിക്കുന്ന അങ്ങ് കൂട്ടുനിൽക്കില്ലെന്ന് വിശ്വസിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെ ശക്തമായ നിലപാട് അറിയിച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, മജിസ്റ്റീരിയൽ അധികാരമുള്ള കമ്മീഷണറേറ്റുകൾ കൊച്ചിയിലും തിരുവനന്തപുരത്തും രൂപീകരിച്ചു. ക്രിമിനൽ നടപടി ചട്ടത്തിൽ ആയുധ നിയമം, സ്ഫോടകവസ്തു നിയമം, ദേശ സുരക്ഷാ നിയമം തുടങ്ങി നൂറിലധികം കേന്ദ്ര-സംസ്ഥാന നിയമങ്ങളിൽ ജില്ലാ മജിസ്ട്രേറ്റിനും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനും വിവേചനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാരങ്ങൾ നൽകിയിട്ടുണ്ട്. ആ അധികാരങ്ങളിൽ വെള്ളം ചേർക്കുന്നത്, രണ്ട് തലത്തിലേയ്ക്ക് മാറ്റുന്നത് കൺഫ്യൂഷൻ ഉണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനെതിരെ ഡെൽഹി ഹൈക്കോടതി അഭിപ്രായം ചോദിച്ചിരിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കാലത്തുണ്ടായിരുന്ന പോലീസ് ആക്ട്, ജില്ലാ മജിസ്ട്രേറ്റുകൾ/ ജില്ലാ കളക്ടർമാർ ചെയ്യേണ്ട കാര്യത്തിൽ അവർക്ക് വിവേചനാധികാരമുണ്ട്. ആ വിവേചനാധികാരം രണ്ട് തലത്തിലേയ്ക്ക് പോയാൽ തീരുമാനമെടുക്കാൻ ബുദ്ധിമുട്ടുകളും തർക്കങ്ങളുമുണ്ടാകുമെന്നത് വളരെ വ്യക്തമാണ്. അടിയന്തരമായെടുക്കേണ്ട തീരുമാനങ്ങളാണ്. ഇത് പുനഃപരിശോധിക്കുമെന്നും എല്ലാവരുമായി ചർച്ച ചെയ്യുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നല്ല കാര്യമാണ്.

സ്കൂൾ തലത്തിൽ, ഹയർ സെക്കണ്ടറി തലത്തിൽ നല്ലൊരു അവസരം കിട്ടിയിരിക്കുന്നു. കേന്ദ്രവിദ്യാഭ്യാസ നയം അനുസരിച്ച് 9, 10, 11, 12 ക്ലാസ്സുകൾ ഒറ്റ യൂണിറ്റായി വരികയാണ്. അവിടെ അദ്ധ്യാപകർക്ക് ഒരേ ക്വാളിഫിക്കേഷൻ വരുകയാണ്. ഓപ്ഷൻ 11-ാം ക്ലാസ്സിൽ തുടങ്ങുന്നതിനുപകരം 9-ാം ക്ലാസ്സിൽ തുടങ്ങുന്നു. നല്ല അവസരമുണ്ടായിരിക്കുന്നു. ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുന്നു.

മി. സ്പീക്കർ: വിഷയം മാറിപ്പോയി.

ശ്രീ. പി. ജെ. ജോസഫ്: സർ, പുറകോട്ട് പോകാം. ഇതുസംബന്ധിച്ച് ചർച്ച ചെയ്തിട്ടേ തീരുമാനമെടുക്കുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനം പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ചർച്ച ചെയ്യാതെ തീരുമാനിക്കാൻ പാടില്ല. ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പോലീസിന്റെ നടപടികൾക്ക് മേൽനോട്ടം വഹിക്കാൻ ഒരു സിവിൽ അതോറിറ്റി വേണമെന്ന അടിസ്ഥാന തത്വത്തെ അട്ടിമറിക്കുന്ന അവസ്ഥയായിരിക്കും കമ്മീഷണറേറ്റിന്റെ രൂപീകരണത്തോടെ ഇവിടെ സംജാതമാകാൻ പോകുന്നത്. ഒരു ചെക്ക് ആന്റ് ബാലൻസ് സംവിധാനത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റുകൾക്ക് മുന്നോട്ടുപോകാൻ കഴിയണം. ഇങ്ങനെയൊരു സാഹചര്യം വന്നാൽ സിവിൽ ഡിസിപ്ലിൻ തന്നെ ഇല്ലാതായി പോകുമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ആശങ്ക. 29-1-2013-ൽ യു.ഡി.എഫ്. ഗവൺമെന്റ് അത്തരത്തിലുള്ള തീരുമാനം എടുത്തിരുന്നെങ്കിലും ഇത്തരത്തിലുള്ള ഒരുപാട് ആശങ്കകളുടെ അടിസ്ഥാനത്തിലാണ് അത് നടപ്പിലാക്കാതെ മാറ്റിവച്ചത്. സി.പി.ഐ. (എം) മുന്നണിയിലെ ഒരു പ്രധാന കക്ഷിയുടെ എതിർപ്പിന്റെ, കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് അതുമായി മുന്നോട്ട് പോകാതിരിക്കുന്നതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരത്തിലൊരു മറുപടി സഭയിൽ നൽകാൻ ഇടയായതും. എന്തായാലും ഇത് ഗൗരവമായ വിഷയമാണ്. കമ്മീഷണറേറ്റ് രൂപീകരിക്കുന്നതിലൂടെ പോലീസിന് ഉന്നതാധികാരം നൽകുമ്പോൾ അത് ദുർവിനിയോഗപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റു സംസ്ഥാനങ്ങളിലുള്ള ഒരു സ്ഥിതിവിശേഷമല്ല കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ ഗവൺമെന്റ്

പരിപൂർണ്ണമായും പുനഃപരിശോധിക്കാൻ തയ്യാറാകണം. ഇത്ര ഗൗരവമേറിയ വിഷയം ചർച്ച ചെയ്യുന്ന സന്ദർഭത്തിൽപ്പോലും ഉത്തരവാദിത്വപ്പെട്ട ഒരൊറ്റ ഉദ്യോഗസ്ഥൻ പോലും ഗ്യാലറിയിൽ ഇല്ലെന്നതും ബഹുമാനപ്പെട്ട ചെയറും മുഖ്യമന്ത്രിയും ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇത്തരത്തിലുള്ള വിഷയം പ്രതിപക്ഷം ഉന്നയിക്കുമ്പോൾ അതിന്റെ ഗൗരവം ഉൾക്കൊള്ളാൻ ഉദ്യോഗസ്ഥർ തന്നെ തയ്യാറാകുന്നില്ലെന്നത് വളരെ പ്രതിഷേധാർഹമായ കാര്യമാണ്. അത് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്. അങ്ങ് ഒരു ബ്ലോക്കായി എഴുതി നൽകിയിട്ടില്ല.

ശ്രീ. പി. സി. ജോർജ്: ഞാൻ എഴുതി തന്നിരുന്നു. ഒരു മര്യാദ കാണിക്കൂ.

മി. സ്പീക്കർ: പിന്നീടത് പിൻവലിക്കുകയും ചെയ്തു. യെസ്, യെസ് ഒരു വാക്ക് പറയൂ.

ശ്രീ. പി. സി. ജോർജ്: സർ, ചിലപ്പോഴൊക്കെ അങ്ങേയ്ക്ക് നല്ല ബോധമുണ്ടാകുന്നു. നന്ദി. 2007 മുതൽ ഗവൺമെന്റിന് മുന്നിലുള്ള പ്രധാനപ്പെട്ടൊരു പ്രശ്നമാണിത്. ഞാൻ ഈ സഭയിൽ കണ്ട പ്രശ്നമെന്താണ്; നിഷ്പക്ഷമായി വിലയിരുത്തണം. യു.ഡി.എഫ്. ഈ രാജ്യത്ത് നടപ്പിലാക്കാൻ ആഗ്രഹിച്ച് കൊണ്ടുവന്ന ഒരു നിയമം നടപ്പിലാക്കുന്നതിനെക്കുറിച്ച് എൽ.ഡി.എഫ്. ചർച്ച ചെയ്യുന്നു. ആ ചർച്ചയ്ക്കെതിരായി ഈ നിയമം കൊണ്ടുവരാൻ ശ്രമിച്ച യു.ഡി.എഫ്. പ്രമേയം കൊണ്ടുവന്നു. അതിനെതിരായി എൽ.ഡി.എഫ്. മുഖ്യമന്ത്രി സംസാരിക്കുന്നു. ഇത് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിൽ ജനങ്ങളെ കബളിപ്പിക്കുന്ന പരിപാടിയല്ലേ; ഏത് ഇഷ്യൂവിലും എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒത്തുകളിക്കുകയാണ്. ഇത് ഈ രാജ്യത്തെ ജനങ്ങളോട് കാണിക്കുന്ന വഞ്ചനയാണ്. ആ വഞ്ചന കാണിക്കുന്ന എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും നയത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. സി. ജോർജ് സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## III. ശ്രദ്ധ ക്ഷണിക്കൽ

### കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, നമ്മുടെ സമൂഹത്തിൽ കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന അങ്ങേയറ്റം പ്രയാസകരമായ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വലിയതോതിൽ വർദ്ധിച്ചുവരുന്നത് അടുത്തയിടെ പുറത്തുവരുന്ന വാർത്തകളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. വീടിനകംതന്നെ കുരുന്നുകളുടെ കൊലയറകളായി മാറുന്നുവെന്നുള്ളത് അങ്ങേയറ്റം ഗൗരവതരമായ പ്രശ്നമാണ്. ഞെട്ടിക്കുന്ന സംഭവങ്ങളാണ് പലപ്പോഴും വാർത്തകളായി കാണുന്നത്. അമ്മയുടെ ആൺസുഹൃത്ത് കൊല്ലാക്കൊല ചെയ്ത ഏഴ് വയസ്സുകാരന്റെ വാർത്തയും രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഒരു കുരുന്നുകൂടി അമ്മയുടെ കൈകളാൽ കൊലചെയ്യപ്പെട്ട വാർത്തയും കഴിഞ്ഞ മാർച്ച് മാസം അവസാനം പ്രമുഖ പത്രങ്ങളിലെല്ലാം വന്നു. ഇതെല്ലാം കേൾക്കുമ്പോൾ ഈ സമൂഹം എങ്ങോട്ടാണ് പോകുന്നതെന്ന് തോന്നിപ്പോകും. ഏത് വിഷയങ്ങൾ വന്നാലും ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുവെന്നത് പറയാതിരിക്കാൻ നിവൃത്തിയില്ല. കുറ്റക്കാർക്കെതിരെ കർശന നടപടികളെടുക്കുമ്പോഴും ഇതിനെക്കുറിച്ചൊന്നും ചിന്തിക്കാതെ വീണ്ടും ഇത്തരം പ്രശ്നങ്ങളിലേയ്ക്ക് ആൾക്കാർ വരുന്നുവെന്നതാണ് അതിന്റെ ഗൗരവം കൂടുതൽ ബോധ്യപ്പെടുത്തുന്നത്. ഒന്നും മിണ്ടാൻ കഴിയാതെ, എങ്ങോട്ട് പോകണം എന്നറിയാതെ, ഒന്നും ചെയ്യാനറിയാത്ത പാവം ബാല്യങ്ങളുടെ മനസ്സ് നമ്മൾ കാണേണ്ടതുണ്ട്. അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. അവർ ഇതെല്ലാം സഹിക്കുകയാണ്. പോറ്റിവളർത്തേണ്ടവർതന്നെ ജീവനെടുക്കുമ്പോൾ അതിന്റെ ഗൗരവം അത്രത്തോളം വലുതാണെന്നാണ് പറയാൻ സാധിക്കുന്നത്. വിവിധ മതവിഭാഗത്തിൽപ്പെട്ട ആൾദൈവങ്ങളും മതമേലധികാരികൾ ഉൾപ്പെടെയുള്ള ആൾക്കാരും ഒരു സമൂഹവും ഇതിൽനിന്നും വ്യത്യസ്തമല്ല. ഒറ്റപ്പെട്ട സംഭവങ്ങളാണെങ്കിലും എല്ലാ വിഭാഗത്തിലുംപ്പെട്ട ഉന്നതർവരെ ഇത്തരം ക്രൂരകൃത്യങ്ങളിൽ ഇടപെടുന്നുവെന്നാണ് റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നത്. ഭൂരിഭാഗം കുട്ടികൾക്കും തൊഴിലിടങ്ങളിൽ നിന്നും ചൂഷണങ്ങൾ നേരിടുന്നതായി കാണാൻ കഴിയും. സർക്കാരിന്റെ കണക്കുകൾ പ്രകാരം കുട്ടികൾക്കെതിരെ നടക്കുന്ന ബലാത്സംഗ കേസ്സുകളിൽ 25 ശതമാനവും തൊഴിലിടങ്ങളിൽ സഹപ്രവർത്തകരുടേയോ തൊഴിലുടമകളുടേയോ ഭാഗത്തുനിന്ന് ഉണ്ടാകുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. കേരളത്തെ ഞെട്ടിച്ച വാളയാർ കൊലപാതകമടക്കമുള്ള വിഷയങ്ങളെല്ലാം ഇതിനുപുറമെയാണ്. മതാചാര്യന്മാരും മതപണ്ഡിതന്മാരും ആൾദൈവങ്ങളുമൊക്കെ പ്രായപൂർത്തിയാകാത്ത

പെൺകുട്ടികളെയും ആൺകുട്ടികളെയും ലൈംഗികമായി ചൂഷണം ചെയ്യാൻ മുന്നിൽ നിൽക്കുന്ന വാർത്തകളും നമ്മളെ അങ്ങേയറ്റം വേദനിപ്പിക്കുന്നതാണെന്ന് പറയാതിരിക്കാൻ വയ്യ. നിരവധി ഉദാഹരണങ്ങളുണ്ട്. അതെല്ലാം പറയാനുള്ള സമയം ഇപ്പോഴില്ല. ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ 10 വർഷക്കാലത്തെ കണക്കെടുത്താൽ 2009-ൽ ഇത്തരത്തിലുള്ള ക്രൂരകൃത്യങ്ങളുടെ എണ്ണം 589 ആണ്. 2010-ൽ 596-ഉം 2011-ൽ 1452-ഉം 2012-ൽ 1324-ഉം 2013-ൽ 1877-ഉം 2014-ൽ 2391-ഉം 2015-ൽ 2384-ഉം 2016-ൽ 2881-ഉം 2017-ൽ 3543-ഉം 2018-ൽ 4008-ഉം ആണ്. ഈ വർഷം ഇതുവരെയുള്ള കണക്കനുസരിച്ച് 1394 ആണ്. ഇതിനുള്ള കാരണമെന്താണെന്ന് വളരെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിൽ വെറുതെയിരിക്കുന്ന ആൾക്കാരുടെ ചിന്ത മറ്റ് തലത്തിലേയ്ക്ക് കൊണ്ടുപോകുന്ന കുറേ സീരിയലുകളുണ്ട്. ലൈംഗികമായ കാര്യങ്ങളെ സംബന്ധിച്ച് സോഷ്യൽ മീഡിയയിലൂടെ തെറ്റായ പ്രചരണങ്ങൾ നടത്തുന്നത് സമൂഹത്തിലും കുടുംബ ബന്ധങ്ങളിലും വലിയ മൂല്യച്യുതിയുണ്ടാക്കുന്നതായി കാണാൻ കഴിയും. കഴിഞ്ഞ ദിവസം ഒരു പോലീസുകാരിയെ പോലീസുകാരൻ കൊലപ്പെടുത്തി. ആ സ്ത്രീക്ക് മൂന്ന് കുഞ്ഞുങ്ങളുണ്ട്. ആ കുട്ടികളുടെ അവസ്ഥ ഇനി എന്തായിരിക്കും? ഇത്തരം പ്രശ്നങ്ങൾ കുട്ടികളുടെ സാംസ്കാരികമായ ഉയർച്ചയേയും പഠിത്തത്തേയും വ്യക്തിത്വത്തെയും വലിയ തോതിൽ ബാധിക്കും.

<u>മി. സ്പീക്കർ</u>: പ്ലീസ്.......കൺക്ലൂഡ്.....

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിരവധി നിയമങ്ങളുണ്ട്. 2005-ലെ നിയമപ്രകാരം നിലവിൽ വന്ന ബാലാവകാശ കമ്മീഷൻ ഇക്കാര്യത്തിൽ നല്ല ഇടപെടൽ നടത്തുന്നുണ്ട്. കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള നിയമമുണ്ട്. 2012-ലെ പോക്സോ നിയമവും ബാലനീതി നിയമവും ശൈശവ വിവാഹ നിരോധന നിയമവുമുണ്ട്. കർശനമായി മുഖം നോക്കാതെയുള്ള നടപടികളും ബോധവത്കരണവും കൊണ്ടുമാത്രമേ ഇക്കാര്യത്തിലൊരു മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂ. എല്ലാവരുടെയും കണ്ണ് ഇക്കാര്യത്തിലുണ്ടെന്ന തോന്നലുണ്ടാകത്തക്ക തരത്തിലുള്ള ഇടപെടലുകൾ തീർച്ചയായും ഉണ്ടാകണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. ഒട്ടേറെ കാര്യങ്ങളുണ്ടെങ്കിലും ഈ ശ്രദ്ധ ക്ഷണിക്കൽ സമയത്ത് അതെല്ലാം പറയാൻ കഴിയുന്നില്ല. അർഹിക്കുന്ന രഹസ്യ സ്വഭാവത്തിൽത്തന്നെ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യണം. ചൂഷണം ചെയ്യപ്പെട്ട കുട്ടികൾക്ക് വളരെ വേഗത്തിൽ ഫലപ്രദമായ കൗൺസിലിംഗ് കൊടുക്കാനുള്ള നടപടിയുണ്ടാകണം. ഉള്ളിൽ കരയുന്ന മനസ്സുമായി ഇരിക്കുന്ന, സംഘർഷമനുഭവിക്കുന്ന കുട്ടികളെ നല്ല വസ്ത്രം ധരിപ്പിച്ച് നടത്തുക മാത്രമല്ല എല്ലാ സംരക്ഷണവും കൊടുക്കുന്ന തരത്തിലേയ്ക്ക്, അത് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കുട്ടികൾക്കെതിരെയുള്ള അതിക്രമം വർദ്ധിച്ചുവരുന്നത് ഒരു പരിഷ്കൃത സമൂഹത്തെ സംബന്ധിച്ചിടത്തോളം അപമാനകരമായ കാര്യമാണ്. പക്ഷേ നാം ഇടയ്ക്കിടെ കണ്ടുവരുന്ന യാഥാർത്ഥ്യമാണ് ഇതെന്ന് നമുക്കെല്ലാവർക്കുമറിയാം. കുട്ടികൾ ഏറ്റവും കൂടുതൽ ആക്രമിക്കപ്പെടുന്നത് കുടുംബത്തിനകത്താണെന്നുള്ളതാണ് ഏറ്റവും ആക്ഷേപകരമായ വസ്തുത. ഇത് ഗൗരവതരമായി പരിശോധിക്കാൻ തന്നെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വനിതാ ശിശുവികസന വകുപ്പ് രൂപംകൊണ്ടതിനുശേഷം കുട്ടികളെ സംരക്ഷിക്കാനുള്ള പുതിയ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ പോലീസ് വകുപ്പും കുട്ടികളുടെ സംരക്ഷണത്തിനാവശ്യമായ ഒട്ടേറെ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിവരികയാണ്. 2013-ൽ ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ ഷഫീഖ് എന്ന കുട്ടിയെ അച്ഛനും വളർത്തമ്മയുംകൂടി ക്രൂരമായി ആക്രമിച്ചതിനെത്തുടർന്ന് അന്ന് സർക്കാർ ഒരു കമ്മിറ്റിയെ നിശ്ചയിച്ചിരുന്നു. ഡോ. കെ. എം. എബ്രഹാമിന്റെ നേതൃത്വത്തിൽ വൾനറബിലിറ്റി മാപ്പിംഗിനും ഇത്തരം കാര്യങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ച് പഠിക്കാനും ഒരു കമ്മീഷനെ നിശ്ചയിച്ചിരുന്നു. ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചെങ്കിലും അതിനകത്തുള്ള കാര്യങ്ങൾ ഇംപ്ലിമെന്റ് ചെയ്യുന്നതിനെക്കുറിച്ച് ഗൗരവതരമായി പിന്നീട് ആലോചിക്കാൻ കഴിഞ്ഞിരുന്നില്ലെന്നത് വസ്തുതയാണ്. എന്നാലിപ്പോൾ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വനിതാ ശിശുക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഷഫീഖ് കമ്മിറ്റി റിപ്പോർട്ട് അടക്കം ചർച്ച ചെയ്തുകൊണ്ട് പരിഹാര നടപടികൾ കണ്ടെത്തുന്നതിനുള്ള ഒരു ശില്പശാല നടത്തുകയുണ്ടായി. കഴിഞ്ഞ മാസമാണ് ആ ശില്പശാല നടത്തിയത്. അതിനകത്ത് അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള ജെ.ജെ. ആക്ട്, 2015, ജെ.ജെ. മോഡൽ റൂൾസ് 2016, പോക്സോ ആക്ട് 2012 തുടങ്ങിയവയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഈ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും സ്വീകരിക്കേണ്ട നടപടികളാണ് 7-5-2019, 13-5-2019 എന്നീ രണ്ട് ദിവസങ്ങളിലായി നടന്ന ശില്പശാലകളിൽ കാര്യമായി ആലോചിച്ചത്. അതിന്റെ ഭാഗമായി ' കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കുട്ടികളെ സംരക്ഷിക്കാനാവശ്യമായ വിവിധ സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലെല്ലാം ചേർന്നുകൊണ്ടാണ് 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ ക്യാമ്പയിൻ 2019 ജൂൺ 1 മുതൽ നവംബർ 14 വരെ അതിന്റെ

ആദ്യ ഘട്ടം നടത്തുന്നതിന് തീരുമാനിക്കുകയും പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ തലങ്ങളിലെല്ലാം അതിന്റെ നടപടിക്രമങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ഈ ക്യാമ്പയിന്റെ ഭാഗമായി പ്രധാനമായും മറ്റൊരു കാര്യം കൂടി ചെയ്യാൻ ഉദ്ദേശിക്കുന്നു. കുട്ടികളെ ദ്രോഹിക്കുന്നത് നിയമപരമായി തെറ്റാണെന്ന് അറിയാത്ത രക്ഷിതാക്കൾക്കുവേണ്ടി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും രക്ഷിതാക്കളെയും പൗരന്മാരെയും ബോധവത്കരിക്കുന്നതിന് 'റെസ്പോൺസിബിൾ പാരന്റിംഗ് - കുട്ടികളുടെ അവകാശ സംരക്ഷണം' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതികൂടി ആരംഭിക്കുകയാണ്. ഇതിന്റെ നടപടിക്രമങ്ങൾ ഏകദേശം ആയിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങൾ ആദ്യംതന്നെ വിക്ടേഴ്സ് ചാനലിലൂടെ പ്രചരണം നടത്തിയിരുന്നു. ഇനി എല്ലാ ജില്ലാ കേന്ദങ്ങളിലും റെസ്പോൺസിബിൾ പാരന്റിംഗ് സെന്റർ സ്ഥിരമായി ഒരു ട്രെയിനിംഗ് സെന്ററായി വയ്ക്കാനും എല്ലാവർക്കും ഈ ട്രെയിനിംഗ് കൊടുക്കാനും നിയമങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ആക്ടുകളെല്ലാം നടപ്പിലാക്കുന്നതിന് ജില്ലാ ജുവനൈൽ ജസ്റ്റീസ് കമ്മിറ്റികൾ പൂർണ്ണമായി നിലവിൽ വന്നിട്ടുണ്ട്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ നേരത്തെ വരേണ്ടതായിരുന്നു. അത് ജില്ലകളിൽ ഫലപ്രദമായി ഉണ്ടായിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ പൂർണ്ണമായും നിലവിൽ വന്നിട്ടുണ്ട്. ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം തടസ്സപ്പെട്ടിരുന്ന അവസ്ഥയുണ്ടായിരുന്നു, ഇപ്പോൾ ബാലാവകാശ കമ്മീഷന്റെ എല്ലാ അംഗങ്ങളും നിയമിതരായിട്ടുണ്ട്. ബാലാവകാശ കമ്മീഷൻ ഇതുസംബന്ധിച്ച നടപടികളും ആരംഭിച്ചിട്ടുണ്ട്. വളരെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ ബാലാവകാശ കമ്മീഷന്റെ ഭാഗമായി വന്നിട്ടുണ്ട്. ഇതിൽ കൂടുതൽ സ്റ്റേക്ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി ജില്ലാ ബാലാവകാശ സമിതികൾ ശാക്തീകരിക്കുന്ന നടപടികളും ഏകദേശം പൂർത്തിയായിട്ടുണ്ട്. ബാലാവകാശ കമ്മീഷനും ശിശുക്ഷേമ യൂണിറ്റും ചേർന്ന് ജില്ലാതലത്തിൽ നാൽപ്പതിലേറെ ശില്പശാലകൾ നടത്തുകയും അതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കുഞ്ഞുങ്ങൾ അലഞ്ഞുതിരിയുകയും ജോലി ചെയ്യേണ്ടി വരികയും ചെയ്യുന്നത് തടസ്സപ്പെടുത്തുന്നതിനും കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിനുംവേണ്ടി 'ശരണബാല്യം' എന്ന പദ്ധതി ഈ ഗവൺമെന്റ് വന്നതിനുശേഷം ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി 162 കുട്ടികളെ രക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം പോക്സോ കോടതികളിൽ കേസ് കെട്ടിക്കിടക്കുന്നത് ഒഴിവാക്കാനുള്ള അടിയന്തര സമീപനം സ്വീകരിച്ചിട്ടുണ്ട്. അത്യന്താധുനിക പോക്സോ കോടതികൾ വേണം. കോടതികൾ കുഞ്ഞുങ്ങളെ വിചാരണ ചെയ്യുന്നതും തെളിവെടുപ്പ് നടത്തുന്നതുമൊന്നും ചൈൽഡ് ഫ്രണ്ട്ലിയായല്ല. അതുകൊണ്ട് എറണാകുളത്ത്

ഏറ്റവും ആധുനികമായ ഒരു ചൈൽഡ് ഫ്രണ്ട്ലി പോക്സോ കോടതി സ്ഥാപിക്കാൻ ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുണ്ട്. പോക്സോ കോടതിയും സ്ഥാപിക്കുകയാണ്. ഇങ്ങനെ വിവിധ വിഭാഗങ്ങളിലൂടെ കുട്ടികളെ സംരക്ഷിക്കാനാവശ്യമായ നടപടി ക്രമങ്ങളാണ് എടുക്കുന്നത്. അവരെ ആക്രമിക്കുന്നവർക്കെതിരെ അടിയന്തരമായി കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള സമീപനം പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. ഇതെല്ലാം ചേർന്നുകൊണ്ട് നമുക്ക് കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ സാധിക്കുമെന്നതാണ് ശുഭപ്രതീക്ഷ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, വളരെ ശ്രദ്ധേയമായ നടപടികൾ ചിട്ടയോടെ ഈ ഗവൺമെന്റ് എടുക്കുന്നുണ്ട്. അതോടൊപ്പം വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ചെറിയ ക്ലാസ്സുകൾ മുതൽ കുട്ടികളിൽ നല്ല അവബോധം, ഇത്തരം പ്രശ്നങ്ങൾ വന്നാൽ അത് പെട്ടെന്ന് മനസ്സിലാക്കിക്കൊണ്ട്, അതിനെ എതിർത്തുകൊണ്ട് നല്ല ആത്മ വിശ്വാസത്തോടെ മുന്നോട്ടുപോകാൻ വേണ്ടിയുള്ള ബോധവത്കരണ പരിപാടികൾകൂടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് ഇപ്പോൾ തന്നെ അത് ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് അവരെ ദ്രോഹിക്കുന്നത് തുറന്നുപറയാനുള്ള ആർജ്ജവമില്ലാത്ത ഒരവസ്ഥയും ഭയവുമുണ്ട്. പലരും പറയുന്നില്ല എന്നുള്ളതാണ് അവസ്ഥ. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂൾ ഹെൽത്ത് നഴ്സ്, സ്കൂൾ കൗൺസിലേഴ്സ് എന്നിവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്കൂൾ കൗൺസിലേഴ്സ് മുഖേന വിവരങ്ങൾ അറിയുന്നതിനും വിദ്യാഭ്യാസ വകുപ്പ് മുഖേന ഇക്കാര്യങ്ങൾ മനസ്സിലാക്കാനുമുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അത് കൂടുതൽ ഊർജ്ജസ്വലമായി നടപ്പിലാക്കുന്നതാണ്.

(ശ്രീ. കെ. എൻ. എ. ഖാദർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV. സബ്മിഷൻ

### (1) നൂർ മസ്ജിദ് ഇമാമിനെതിരെയുള്ള ആക്രമണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വളരെ ഗൗരവമുള്ളതാണെന്ന് എനിക്ക് ബോദ്ധ്യമുള്ളതും ഈ സബ്മിഷൻ അവതരിപ്പിച്ച് കഴിഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതിന്റെ ഗുരുതര സ്വഭാവം എന്നെക്കാൾ കൂടുതൽ ബോദ്ധ്യമാകുമെന്ന് ഉറച്ച വിശ്വാസമുള്ളതുമായ ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷന്റെ മൂക്കിന്

താഴെയുള്ള നെല്ലിക്കുന്ന് നൂർ മസ്ജിദിലെ ഇമാമായ അബ്ദുൾ നാസർ സഖാഫിയെ കഴിഞ്ഞ മാർച്ച് മാസം 21-നാണ് കണ്ണിൽ മുളകുപൊടി വിതറി ആക്രമിച്ചത്. കാസർഗോഡിന്റെ സാമൂഹിക പശ്ചാത്തലം നന്നായി അറിയാവുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം മറ്റ് പല വഴികളിലേയ്ക്കും മാറി വലിയ സംഘർഷത്തിന് വഴിവയ്ക്കുമായിരുന്ന സംഭവമാണിത്. പള്ളിക്കകത്തുകയറി ഇമാമിനെ ഒരു കാരണവുമില്ലാതെ കുത്തിക്കൊന്ന നാട്ടിലാണ് ഈ സംഭവം നടക്കുന്നത്. നൂർ മസ്ജിദ് എന്റെ വീടിന് തൊട്ടടുത്താണ് സ്ഥിതി ചെയ്യുന്നത്. അബ്ദുൾ നാസർ സഖാഫി ആക്രമിക്കപ്പെട്ട സ്ഥലവും എന്റെ വീട്ടിൽ നിന്ന് വിളിപ്പാടകലെയാണ്. എന്റെ കാറിൽ ഞാനാണ് അദ്ദേഹത്തെ പോലീസ് സ്റ്റേഷനിലും ആശുപത്രിയിലും എത്തിച്ചത്. നേരം പുലർന്നോട്ടെ, പ്രതികളെ മുഴുവൻ പിടികൂടുമെന്നാണ് പോലീസ് എനിക്ക് അന്ന് നൽകിയ ഉറപ്പ്. എത്ര പ്രാവശ്യം സൂര്യൻ ഉദിച്ചു, എത്ര പ്രാവശ്യം സൂര്യൻ അസ്തമിച്ചു. എന്നിട്ടും പോലീസ് ഇപ്പോഴും ഇരുട്ടിൽ തപ്പുകയാണ്. സംഭവം നടന്ന ദിവസം പല ദിക്കുകളിൽനിന്നും ആളുകൾ വന്നുകൂടി. കാസർഗോഡ് നഗരത്തിലേയ്ക്കാണ് അവർ വന്നത്. വേറെ രീതിയിൽ ചിന്തിക്കരുതെന്നും മറ്റ് വഴികളിലേയ്ക്ക് ഇതിനെ തിരിച്ചു കൊണ്ടുപോകരുതെന്നും ഈ സംഭവം പോലീസ് വളരെ ഗൗരവപൂർവ്വം എടുത്തിട്ടുണ്ടെന്നും നേരം പുലരുന്നതിന് മുമ്പ് പ്രതികളെ പിടികൂടുമെന്ന് പോലീസ് ഉറപ്പുനൽകിയിട്ടുണ്ടെന്നും ഞാൻ അവരോട് പറഞ്ഞതനുസരിച്ച് അവരെല്ലാവരും പിരിഞ്ഞുപോയി. പോലീസിന്റെ വാക്കാണ് ഞാൻ വിശ്വസിച്ചത്. 3 മാസം കഴിഞ്ഞു. വഞ്ചി ഇപ്പോഴും തിരുനക്കര തന്നെ എന്നാണ് എനിക്ക് പറയാനുള്ളത്. ആളുകൾ ഇപ്പോൾ എന്നെ കുറ്റപ്പെടുത്തുന്നു. സാമൂഹിക മാധ്യമങ്ങളിൽ എനിക്കെതിരെ വന്നിട്ടുള്ള തെറികളും വിമർശനങ്ങളും ഞാൻ ഇവിടെ പറയുന്നില്ല. പ്രതികളെ ഞാനാണ് സംരക്ഷിക്കുന്നത് എന്നുപോലും ചിലർ പറയുന്നു. നാടിന്റെ സമാധാന അന്തരീക്ഷം നിലനിർത്താൻ ഞാൻ നടത്തിയ ഇടപെടലുകൾക്കുള്ള സമ്മാനമാണ് ഇതെങ്കിൽ എനിക്ക് സന്തോഷമേയുള്ളൂ. എം.എൽ.എ. തെറികൾ വേണ്ടത്ര കേട്ടോട്ടെ എന്ന പോലീസിന്റെ നിലപാടാണോ ഈ കേസ്സിന്റെ അന്വേഷണം ഒച്ചിന്റെ വേഗതയിലാകാൻ കാരണമെന്ന് എനിക്ക് സംശയമുണ്ട്. വളരെ നിരുത്തരവാദപരമായ നിലപാടാണ് ഈ കേസ്സിൽ പോലീസ് സ്വീകരിക്കുന്നതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. എത്രയെത്ര സങ്കീർണ്ണമായ കേസുകളാണ് കേരള പോലീസ് തെളിയിച്ചിട്ടുള്ളത്. ആ കഥകൾ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുൻ മുഖ്യമന്ത്രിയും മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാരുമൊക്കെ പറഞ്ഞിട്ടുണ്ട്. അത് കേട്ടപ്പോഴൊക്കെ കോരിത്തരിച്ച ഒരു ജനപ്രതിനിധിയാണ് ഞാൻ. ആ എനിക്ക് പോലീസിന്റെ നിഷ്ക്രിയത്വം

ചൂണ്ടിക്കാണിക്കാൻ വേണ്ടി സബ്മിഷൻ അവതരിപ്പിക്കേണ്ടിവന്നതിൽ വളരെ ഖേദമുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്റെ വികാരവും വിഷമവും മനോവേദനയും നിരാശയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കുമെന്ന് വിശ്വസിക്കുന്നു. ഈ കേസ്സിന് ഉടൻ തുമ്പുണ്ടാക്കണം. ഏത് ഏജൻസിയെ ഏൽപ്പിച്ചാലും തരക്കേടില്ല. അന്വേഷണത്തിനിടയിൽ ഏതെങ്കിലും ഒരാൾ ഹെൽമറ്റ് ധരിക്കാതെ സ്കൂട്ടർ ഓടിക്കുന്നത് കണ്ടാൽ ഈ കേസ് ഫയൽ ദൂരെ വലിച്ചെറിഞ്ഞ് അതിന് പുറകേ പോകുന്ന ഉദ്യോഗസ്ഥരാകരുത് ഈ കേസ്സിന്റെ അന്വേഷണം നടത്തേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്. ട്രാഫിക് നിയമം ലംഘിക്കുന്നവരെയും പിടികൂടണം. അതുമാത്രമാണ് നാട്ടിലെ വലിയ പ്രശ്നമെന്ന് കരുതി ഗൗരവതരമായ കേസ്സുകൾക്ക് പ്രാധാന്യം കൽപ്പിക്കാത്തവരെ അന്വേഷണം ഏൽപ്പിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത് കാസർഗോഡ് ജില്ലാ പോലീസ് മേധാവിയുമായി സംസാരിച്ചപ്പോൾ ഈ കേസ്സിന് തുമ്പുണ്ടാകണമെങ്കിൽ പോളിഗ്രാഫ് ടെസ്റ്റ് നടത്തണം, അതിന് വലിയ ചെലവ് ആവശ്യമായി വരും എന്നാണ് പറഞ്ഞത്. സർക്കാർ ആ ചെലവ് വഹിച്ചിട്ടാണെങ്കിലും ഈ കേസ്സിന് തുമ്പുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. കാസർഗോഡ് നെല്ലിക്കുന്ന് നൂർ മസ്ജിദ് ഇമാം അബ്ദുൾ നാസർ സഖാഫി 21-3-2019-ന് രാത്രി 9.00 മണിക്ക് പള്ളി ക്യാന്റീനിൽ നിന്ന് തിരികെ വരുന്ന സമയം പിന്നിൽ നിന്നും ആരോ ആക്രമിക്കുകയും അക്രമത്തിൽ താഴെവീണ ടിയാന്റെ മുഖത്ത് മുളകുപൊടി വിതറിയിട്ടുള്ളതുമാണ്. ഈ സംഭവത്തിൽ ക്രൈം നമ്പർ 193/19 ആയി കാസർഗോഡ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. സ്ഥലത്തും പരിസരത്തുമുള്ള അമ്പതോളം പേരുടെ മൊഴി രേഖപ്പെടുത്തിയും മൊബൈൽ ഫോൺ കേന്ദ്രീകരിച്ചും മറ്റും ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ തെളിവുകൾ ശേഖരിച്ചും പ്രതികളെ തിരിച്ചറിയുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുവരികയാണ്. അന്വേഷണത്തിന് പണം ചെലവഴിക്കുന്ന കാര്യത്തെ സംബന്ധിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതൊന്നും ഒരു തടസ്സമായി വരില്ല. ഗൗരവമായി അന്വേഷണം നടത്തി കുറ്റവാളികളെ പിടികൂടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (2) ജില്ലാ കോടതി

ശ്രീ. കെ. എം. ഷാജി: സർ, അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുവരുത്തേണ്ട യാതൊരു കാര്യവുമില്ലാത്ത, അങ്ങേയ്ക്ക് നല്ല ബോധ്യമുള്ള വിഷയം ഒരിക്കൽക്കൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിൽ ജില്ലാ കോടതിയില്ലാത്ത അപൂർവ്വം ജില്ലാ ആസ്ഥാനങ്ങളിലൊന്നാണ് കണ്ണൂർ. ബാക്കിയെല്ലാ ജില്ലകളിലും അവരുടെ ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ കോടതിയോ അഡീഷണൽ ജില്ലാ കോടതിയോ ഉണ്ട്. ജില്ലാ കോടതികളില്ലാത്ത ജില്ലാ ആസ്ഥാനങ്ങളിൽ അഡീഷണൽ ജില്ലാ കോടതി കൊണ്ടുവരാമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമുള്ളത്. അതോടൊപ്പം കേരള ഹൈക്കോടതിയും വളരെ വ്യക്തമായി കണ്ണൂരിൽ ഹെഡ് ക്വാർട്ടേഴ്സിനകത്ത് അഡീഷണൽ ഡിസ്ട്രിക് കോർട്ട് വേണമെന്ന പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. പയ്യന്നൂർ, കരിവെള്ളൂർ പോലുള്ള അതിർത്തി പ്രദേശങ്ങളിലെ ആളുകൾക്ക് അവരുടെ വ്യവഹാരങ്ങൾക്കുവേണ്ടി തലശ്ശേരിയിലാണ് വരേണ്ടിവരുന്നത്. കണ്ണൂരിൽ ഒരു അഡീഷണൽ ജില്ലാ കോടതി വരുന്നതോടെ അവരുടെ ജൂറിസ്ഡിക്ഷൻ കണ്ണൂരിലേയ്ക്ക് മാറുകയും അവർക്കത് വലിയ ഉപകാരമാവുകയും ചെയ്യും. യഥാർത്ഥത്തിൽ ഈ അഡീഷണൽ ജില്ലാ കോടതി എന്ന വിഷയം കണ്ണൂർ ജില്ലക്കാരുടെ മൗലികമായ അടിയന്തര പ്രാധാന്യമുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ബാർ അസോസിയേഷൻ ഒരു കത്ത് ഗവൺമെന്റിന് നൽകിയിരുന്നു. പക്ഷെ അതിന് വളരെ നിരുത്തരവാദപരമായി ധാർഷ്ട്യത്തോടുകൂടിയുള്ള, കൃത്യമായ കാരണം പറയാതെ അവ്യക്തമായ മറുപടി നൽകുകയാണ് സർക്കാർ ചെയ്തത്. ഗവൺമെന്റിന് മുന്നിലുള്ള പ്രശ്നം ഇൻഫ്രാസ്ട്രക്ച്ചർ പോലുള്ള വിഷയമാണെങ്കിൽ ഞാൻ കണ്ണൂർ മണ്ഡലത്തിലെ എം.എൽ.എ. അല്ലെങ്കിൽപ്പോലും ജൂറിസ്ഡിക്ഷനകത്തുള്ള എം.എൽ.എ. എന്ന നിലയിൽ ഗവൺമെന്റ് അനുവാദം തരികയാണെങ്കിൽ അവിടെ കെട്ടിടം പണിയാനുള്ള ഫണ്ട് എന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും നൽകാൻ തയ്യാറാണ്. നേരത്തേ പ്രസ് ക്ലബ്ബിന് ഇതുപോലുള്ള അനുമതിയുടെ ഭാഗമായി പണം നൽകിയിരുന്നു. അതുപോലെ പ്രസ്തുത കോടതി വരികയാണെങ്കിൽ ഫണ്ട് നൽകാൻ ഞാൻ തയ്യാറാണെന്ന് അങ്ങയെ അറിയിക്കുന്നു. കണ്ണൂരിലെ ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള വിഷയം അങ്ങയുടെ ശ്രദ്ധയിൽ പ്രത്യേകിച്ച് കൊണ്ടുവരേണ്ട കാര്യമില്ലെന്ന് അറിയാം. ഏതായാലും ഈ വിഷയം ഗൗരവത്തോടുകൂടി പരിഗണിച്ച് അവിടെ അഡീഷണൽ ജില്ലാ കോടതി കൊണ്ടുവരാനുള്ള നടപടികൾ പൂർത്തീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂരിൽ ജില്ലാ കോടതി ഇല്ലാത്തതിന്റെ വസ്തുത അദ്ദേഹത്തിന് ആ ജില്ലയുമായി ബന്ധപ്പെട്ട ചരിത്രം അറിയാത്തതുകൊണ്ടാണോ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാത്തത് എന്നൊരു സംശയമുണ്ട്. കാസർഗോഡ് അടക്കം മാനന്തവാടി കൂടിയുള്ള കണ്ണൂർ ജില്ല രൂപീകൃതമാകുമ്പോൾ ജില്ലയുടെ ആസ്ഥാനം എവിടെ വേണമെന്നൊരു പ്രശ്നം ഉയർന്നുവന്നിരുന്നു. ജില്ലാ ആസ്ഥാനം കണ്ണൂരിലും ജില്ലാ കോടതി തലശ്ശേരിയിലുമാകാമെന്ന് പൊതുവായി ഒരു ധാരണയുണ്ടായി. ആ സമവായത്തിന്റെ ഭാഗമായാണ് തലശ്ശേരിയിൽ ജില്ലാ കോടതി പ്രവർത്തിച്ചുവന്നത്. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കാലം മുതലേ തലശ്ശേരിയിൽ കോടതികൾ പ്രവർത്തിച്ചുവരുന്നുവെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ; ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ജില്ലാ കോടതി കണ്ണൂരിൽ ഇല്ലാതെ വന്നിട്ടുള്ളത്. അങ്ങ് ഉന്നയിച്ച പ്രശ്നം അഡീഷണൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി കണ്ണൂരിൽ തുടങ്ങാൻ പറ്റുമോ എന്നുള്ളതാണ്. അതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിക്കാൻ പറ്റുകയെന്നുള്ളത് പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കാം.

## (3) പട്ടയ വിതരണം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ മണ്ഡലത്തിലെ വേങ്ങൂർ പട്ടയവുമായി ബന്ധപ്പെട്ടും അലയമൺ പഞ്ചായത്തിലെ കുറ്റനാട് പട്ടയവുമായി ബന്ധപ്പെട്ടും വയലിൽക്കോയ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ടും കുമ്മിൾ പഞ്ചായത്തിലെ റീസർവ്വേയുമായി ബന്ധപ്പെട്ടുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഏകദേശം 3 സെന്റ് മുതൽ 14 - 15 സെന്റ് വരെയുള്ള ഭൂമിയുടെ രണ്ടായിരത്തോളം പട്ടയങ്ങളുടെ പ്രശ്നങ്ങളാണ് പരിഹരിക്കാനുള്ളത്. അതിൽ അങ്ങ് മുൻകയ്യെടുത്ത് മൂന്ന് യോഗങ്ങൾ നടത്തിയെങ്കിലും ഇലക്ഷൻ സമയത്ത് അത് തുടർന്നുകൊണ്ടുപോകുന്നതിന് തടസ്സങ്ങളുണ്ടായിട്ടുണ്ട്. ആ ഉദ്യോഗസ്ഥരെയെല്ലാം വീണ്ടും വിളിച്ചുവരുത്തി ഈ നടപടിക്രമങ്ങൾ മുന്നോട്ടുകൊണ്ടുപോയാൽ വളരെ വേഗത്തിൽ മേൽപ്പറഞ്ഞ രണ്ടായിരത്തോളം പട്ടയങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ചിലതെല്ലാം നടപടികൾ പൂർത്തിയായതാണ്. അതിനുവേണ്ടി ബന്ധപ്പെട്ടവരുടെ ഒരു യോഗം വീണ്ടും വിളിക്കുകയും തടസ്സങ്ങൾ നീക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. ചില തടസ്സങ്ങൾ നീക്കിയിട്ടുണ്ടെങ്കിലും ഇനിയും ചെറിയ തടസ്സങ്ങൾ വരാൻ സാധ്യതയുണ്ട്. ചിലത് നിയമപരമാണ്, ചിലത് സാങ്കേതികമാണ്, ചിലത് ക്യാബിനറ്റിൽ വച്ച് അനുവാദം വാങ്ങേണ്ടതാണ്. അതിനുള്ള നടപടികൾ വേഗത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം തുടർച്ചയായി രണ്ടോ മൂന്നോ തവണ യോഗം വിളിച്ചുചേർക്കുകയും അങ്ങ് ഉൾപ്പെടെ പങ്കെടുക്കുകയും വിഷയം ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെതന്നെ അതിൽ ഒരുപാട് കാര്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാങ്കേതികമായ ചില വിഷയങ്ങൾ ഉൾപ്പെടെയുള്ളതാണ് അവശേഷിക്കുന്നത്. അതുകൂടി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ചടയമംഗലം നിയോജകമണ്ഡലത്തിലെ ഇളമാട് ഗ്രാമപഞ്ചായത്തിലെ വേങ്ങൂർ എന്ന സ്ഥലത്ത് 61.55 ഹെക്ടർ കൃഷിയുക്ത വനഭൂമി വിമുക്തഭടന്മാരുടെ ആശ്രിതർക്ക് 2 ഏക്കർ വീതം നൽകുന്നതിനായി 75 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നു. എന്നാൽ ടി സ്ഥലത്ത് അനധികൃതമായി നിരവധിപേർ കയ്യേറി കൃഷി ചെയ്തുവന്നതിനാൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്. തുടർന്ന് ടിയാളുകളിൽ 23 കക്ഷികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും 5 സെന്റ് ഭൂമി വീതം ടിയാളുകൾക്ക് നൽകുന്നതിന് ഉത്തരവാകുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം 6 കക്ഷികൾക്ക് ഭൂമി നൽകിയിട്ടുള്ളതാണ്. ബാക്കിയുള്ള 17 കക്ഷികൾക്ക് ഭൂമി നൽകുന്നതിനായി ടി സ്ഥലം കൈവശം വച്ചിരിക്കുന്ന കക്ഷികളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ടിയാളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭൂമിയുടെ സർവ്വേ സ്കെച്ചുകളും മറ്റ് അനുബന്ധ റിക്കാർഡുകളും തയ്യാറാക്കിയിട്ടുള്ളതുമാണ്. കൂടാതെ നിലവിലെ 850-ലധികം കൈവശ കക്ഷികൾക്ക് ഉപാധിരഹിത പട്ടയം വിതരണം ചെയ്യുന്നതിനായി സർവ്വേ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരമുള്ള 17 കക്ഷികളിൽ 5 കക്ഷികൾ മാത്രമാണ് ഇപ്പോൾ ജീവിച്ചിരിക്കുന്നത്. ബാക്കിയുള്ള 12 കക്ഷികളും മരണപ്പെട്ടുപോയിട്ടുള്ളതും ടിയാളുകളുടെ അനന്തര അവകാശികൾ ഉള്ളതുമാണ്. ടി സാഹചര്യത്തിൽ മരണപ്പെട്ട കക്ഷികളുടെ അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടുള്ളതും ആയത് മുഖേന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. വേങ്ങൂർ കൃഷിയുക്ത വനഭൂമി പതിച്ചുനൽകുന്നതിലേയ്ക്കായി നിലവിലെ കൈവശമനുസരിച്ച് ടി ഭൂമി സബ്ഡിവിഷൻ ചെയ്ത് സ്കെച്ച് തയ്യാറാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

കൊട്ടാരക്കര താലൂക്കിൽ ഇട്ടിവ കോട്ടുക്കൽ വില്ലേജിൽപ്പെട്ട മുൻസർവ്വേ 624/1 എ, 624, 664 എന്നീ നമ്പരുകളിൽപ്പെട്ട 132.91 ഏക്കർ വസ്തു വർഷങ്ങൾക്കുമുമ്പ് വടക്കുഭാഗം ചേരിയിൽ തോട്ടത്തിൽ വീട്ടിൽ കോയക്കുഞ്ഞ് മകൻ അബ്ദുൾ ഖാദറിന്റെയും കുടുംബത്തിന്റെയും വകയായിരുന്നു. ടി സ്ഥലത്ത് താമസിക്കുന്ന ഏകദേശം 375 കുടുംബങ്ങൾക്ക് അവർ കുടികിടപ്പുകാരോ കുടിയാന്മാരോ എന്ന നിലയ്ക്ക് 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം, 1972 മുതലുള്ള കാലത്ത് ലാൻഡ് ട്രൈബ്യൂണൽ വഴി പട്ടയം ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജന്മാവകാശത്തോടെ ഭൂമി അനുഭവിച്ചുവരികയുമാണ്. ഇങ്ങനെ ഭൂമി കൈവശം വച്ചും കുടിപാർത്തും വരുന്ന ആളുകൾക്ക് ചില സിവിൽ കേസുകളിലെ വിധികളുടെ അടിസ്ഥാനത്തിൽ 2002 മുതൽ ഭൂനികുതി വാങ്ങി രസീത് നൽകുന്നതല്ലാതെ അവർക്ക് ഭൂമിയിലെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ ലഭിക്കേണ്ട കൈവശം, വരുമാനം സോൾവൻസി സർട്ടിഫിക്കറ്റുകൾ മുതലായ സുപ്രധാന രേഖകൾ ലഭിക്കുന്നില്ല എന്ന പരാതി ഉണ്ടായിരുന്നു.

കൈവശ ഭൂമിക്ക് കൈവശ സർട്ടിഫിക്കറ്റ് നൽകുക, ഭൂമി പോക്കുവരവ് ചെയ്തു നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് പ്രക്ഷോഭങ്ങൾ നടന്നതിനെത്തുടർന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതിനെത്തുടർന്നും 7-5-2018-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണ്. സാധുവായ പട്ടയങ്ങളിൽ കരം സ്വീകരിക്കുന്നതിന് പ്രത്യേകം സർക്കാർ ഉത്തരവ് ആവശ്യമില്ലായെന്നും കരം സ്വീകരിക്കാവുന്നതാണെന്നും തീരുമാനിച്ചിരുന്നതാണ്. എന്നാൽ ഐ.എ. 2122/2002 നമ്പർ കേസ്സിൽ ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങൾ സാധുവല്ലെന്ന് 9-10-2002-ൽ കൊല്ലം അഡീഷണൽ സബ് കോടതി നിരീക്ഷിച്ചിട്ടുള്ളതാണെന്നും കൂടാതെ കോടതി വിഷയം സംബന്ധിച്ച് നേരത്തെ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയതിൽ കരം എടുക്കുന്ന കാര്യം മാത്രമേ പരാമർശിച്ചിട്ടുള്ളുവെന്നും പോക്കുവരവ് ചെയ്യുന്നതിലും കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിലും ആധാരം രജിസ്റ്റർ ചെയ്യുന്നതിലും കൊല്ലം സബ് കോടതിയുടെ ഇൻജക്ഷൻ ഉത്തരവ് നിലനിൽക്കുന്നുണ്ടെന്നാണ് അറിയിച്ചത്.

കുമ്മിൾ വില്ലേജിലെ ഒരു വിഭാഗം ഭൂവുടമകൾ ഭൂമിക്ക് കരം അടച്ചു വന്നിരുന്നു. ടി സ്ഥലം മിച്ചഭൂമിയാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 5-2-2013-ലെ നിർദ്ദേശപ്രകാരം കരം സ്വീകരിക്കുന്നത് നിർത്തിവച്ചിട്ടുള്ളതാണ്. മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ളതും മിച്ചഭൂമിയാണോയെന്ന കാര്യത്തിൽ തർക്കം ഉന്നയിക്കുന്നതുമായ ഭൂമി ഒഴികെ മറ്റു ഭൂമികൾക്ക് കരം സ്വീകരിക്കാവുന്നതാണെന്ന ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 21-5-2018, 3-9-2018 എന്നീ തീയതികളിലെ നിർദ്ദേശം തഹസീൽദാർ മുഖേന വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്.

കുമ്മിൾ വില്ലേജിലെ മൂന്ന് മിച്ചഭൂമി കേസുകളിൽ ഏറ്റെടുക്കാൻ ഉത്തരവായ സ്ഥലം മിച്ചഭൂമിയാണെന്നറിയാതെ വിവിധ കൈമാറ്റങ്ങൾ നടന്നിട്ടുള്ളതാണ്. കൈമാറി കിട്ടിയ കക്ഷികൾക്ക് കെ.എൽ.ആർ. ആക്ട് സെക്ഷൻ 7(ഇ) പ്രകാരം ട്രൈബ്യൂണൽ പട്ടയം നൽകുന്നതിനുള്ള നടപടി നടന്നുവരുന്നതാണ്. ആയതിന്റെ ഭാഗമായി കക്ഷികളെ നേരിൽ കേൾക്കുന്നതിന് 28-6-2019-ൽ കൊട്ടാരക്കര താലൂക്ക് ഓഫീസിൽ വച്ച് റ്റി.എൽ.ബി. യോഗം നിശ്ചയിച്ചിട്ടുള്ളതാണെന്നുകൂടി ഈ സന്ദർഭത്തിൽ അറിയിക്കുന്നു.

## (4) കോളനികളുടെ നവീകരണം

ശ്രീ. കെ. ആൻസലൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും അവരുടെ അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടി അംബേദ്കർ ഗ്രാമ പദ്ധതി അനുസരിച്ച് ഒരു കോടി രൂപ വച്ച് ചെലവഴിക്കുന്നതിനുവേണ്ടി നിശ്ചയിച്ചുകൊടുക്കാറുണ്ട്. എന്റെ മണ്ഡലത്തിൽ അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ, കുളത്തൂർ പഞ്ചായത്തിലെ പൂഴിക്കുന്ന് കോളനികളുടെ നവീകരണത്തിന് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിക്കൊണ്ട് രണ്ട് പ്രവൃത്തികൾ നൽകിയിരുന്നു. പക്ഷെ നിർമ്മിതി കേന്ദ്രത്തിന്റെ ഉത്തരവാദിത്വമില്ലായ്മയും സമിതിയുടെ കഴിവുകേടും ഇത്തരം വലിയ പ്രോജക്ടുകളെ ഇല്ലായ്മ ചെയ്യുന്ന രൂപത്തിലേയ്ക്കാണ് എത്തിയിട്ടുള്ളത്. രണ്ട് വർഷത്തിലേറെയായ പദ്ധതികൾ സബ് കോൺട്രാക്ടർമാരെയും ഉത്തരവാദിത്വമില്ലാത്ത നിർമ്മിതി കേന്ദ്രത്തിലെ ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തി വലിയ തോതിലുള്ള ആക്ഷേപം ഉണ്ടാകുന്ന രൂപത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. പത്തോ പതിനഞ്ചോ ശതമാനം തുകപോലും ഈ പ്രവർത്തനത്തിൽ വന്നിട്ടില്ല. ഇത് വലിയ ആക്ഷേപത്തിന് ഇടയാക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ രണ്ട് പദ്ധതികളും എഫ്.ഐ.ടി. എന്ന മറ്റൊരു കമ്പനിക്ക് കൊടുത്ത് അപകടകരമായ രൂപത്തിൽ പ്രവൃത്തി നടത്തി നിർത്തിയിരിക്കുകയും പല ഘട്ടങ്ങളിലും ഉദ്യോഗസ്ഥരെ ജനങ്ങൾ ഖരാവോ ചെയ്യുന്ന രൂപത്തിലേയ്ക്ക് വന്നിട്ടുമുണ്ട്. ഇതുപോലുള്ള പ്രവൃത്തികൾ ഇത്തരം സമിതികളെ ഏൽപ്പിക്കാതെ ബ്ലോക്ക് പഞ്ചായത്തിനെയോ ജില്ലാ പഞ്ചായത്തിനെയോ ചുമതലപ്പെടുത്തിക്കൊണ്ട് ടെണ്ടർ മുഖേന വർക്ക് എക്സിക്യൂട്ട് ചെയ്യുന്ന നടപടി തീരുമാനിക്കുന്നത് ഏറെ ഉചിതമായിരിക്കും. അത് സമയബന്ധിതമായി പ്രവൃത്തികൾ തീർക്കുന്നതിനും ആക്ഷേപങ്ങൾക്ക് ഇടവരുത്താതെയുമിരിക്കും. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിച്ച് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത കോളനികളാണ് ഭാസ്കർ നഗർ കോളനിയും പൂഴിക്കുന്ന് പനവിളാകം കോളനിയും. രണ്ട് കോളനികളുടെയും പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. രണ്ട് പ്രവൃത്തികൾക്കും ഒന്നാം ഗഡുവായി അമ്പത് ലക്ഷം രൂപ വീതം നിർവ്വഹണ ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട്. ഭാസ്കർ നഗർ കോളനിയിലെ ഡ്രെയിനേജ് നിർമ്മാണം, കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, അംഗനവാടി നിർമ്മാണം എന്നീ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരികയാണ്. പൂഴിക്കുന്ന് പനവിളാകം കോളനിയിലെ കൾവെർട്ടിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ജലസേചന വകുപ്പിൽനിന്നുള്ള അനുമതി ലഭിക്കാൻ വൈകിയതാണ് പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം വരുത്തിയത്. കൾവെർട്ട് നിർമ്മാണം പൂർത്തിയായാൽ മാത്രമേ മറ്റ് നിർമ്മാണ സാമഗ്രികൾ കോളനിയിൽ എത്തിച്ച് പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. രണ്ട് കോളനികളുടെയും പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഗവൺമെന്റ് ഏജൻസികളും പൊതുമേഖലാ സ്ഥാപനങ്ങളുമാണ്. ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലുള്ള നിർമ്മിതി കേന്ദ്രങ്ങളും സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള നിർമ്മിതി കേന്ദ്രങ്ങളുമുണ്ട്. പക്ഷെ ചില ഏജൻസികൾ നേരത്തെ സൂചിപ്പിച്ചതുപോലെ വളരെ നിരുത്തരവാദപരമായ സമീപനമാണ് കാണിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം മന്ത്രിതലത്തിൽ തന്നെ യോഗം വിളിച്ചുചേർത്ത് നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു. മുൻ ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് 200-ൽ ചില്വാനം കോളനികൾ ഇങ്ങനെ സ്തംഭനാവസ്ഥയിലായിരുന്നു. പക്ഷെ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുണ്ടാകുന്ന ഇത്തരത്തിലുള്ള വീഴ്ച ഒരു രീതിയിലും ഗവൺമെന്റ് അംഗീകരിക്കില്ല. കർശനമായ നിലപാട് സ്വീകരിക്കുന്നതായിരിക്കും. ഇപ്പോൾ ഈ ഏജൻസികളെ മാറ്റിയാൽ ഈ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയില്ല. അവരെക്കൊണ്ടുതന്നെ ഈ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

## (5) ചീരക്കുഴി ഇറിഗേഷൻ പദ്ധതി

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാന പ്രോജക്ടായ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് കൃഷിക്കാർക്ക് ധാരാളം ഗുണം ചെയ്യുന്നതാണ്. ഏതാണ്ട് അഞ്ച് പഞ്ചായത്തുകളിലുള്ള കൃഷിക്കാർക്ക് വലിയ

തോതിൽ ഗുണം ചെയ്യുന്ന ഈ പദ്ധതിയുടെ 8 ഷട്ടറുകളും കഴിഞ്ഞ ആഗസ്റ്റ് മാസം 15 മുതൽ 18 വരെയുള്ള തീയതികളിൽ പെയ്ത മഴയിലും മഴവെള്ളപ്പാച്ചിലിലും തകർന്നുപോയിട്ടുണ്ട്. അന്ന് ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ച് ഇടപെടൽ നടത്തി മണൽച്ചാക്കുകൾകൊണ്ട് കൃഷിക്കാർക്കാവശ്യമായ ഒരു താൽക്കാലിക തടയണ നിർമ്മിച്ചുവെങ്കിലും വലിയ തോതിൽ അത് ഗുണം ചെയ്തില്ല. വേനൽക്കാലം കഴിഞ്ഞയുടൻ ആ മണൽ ചാക്കുകൾ എടുത്തുമാറ്റുകയും ചെയ്തു. എന്നാൽ ഇപ്പോൾ സ്ഥിരം തടയണ നിർമ്മിക്കുന്നതിനാവശ്യമായ സംഖ്യ ലഭിക്കുകയോ അതിന്റെ ഗുണം ലഭിക്കുകയോ ചെയ്തിട്ടില്ല. കഴിഞ്ഞ കൊല്ലവും ഈ കൊല്ലവും ഏതാണ്ട് 2500 ഏക്കർ വരുന്ന സ്ഥലങ്ങളിൽ ശരിയായ തോതിൽ കൃഷി ഇറക്കാൻ കഴിഞ്ഞില്ല. നൂറുകണക്കിന് കൃഷിക്കാർ അവിടെ നെല്ലും പച്ചക്കറിയുമെല്ലാം കൃഷി ചെയ്യുന്നവരാണ്. ഇവരെല്ലാം വലിയ പ്രതീക്ഷയിലാണ് കാത്തിരിക്കുന്നത്. ഏതാണ്ട് 14 കോടി രൂപയുടെ എസ്റ്റിമേറ്റ് മേജർ ഇറിഗേഷൻ എഞ്ചിനീയർമാർ സമർപ്പിച്ചിട്ടുണ്ട്. ഈ വർഷവും അത് കിട്ടിയില്ലെങ്കിൽ കൃഷിക്കാർക്ക് കൃഷി ഇറക്കാൻ കഴിയാത്ത ഒരു വലിയ വിഷമാവസ്ഥയിലാകും. ഇക്കാര്യത്തിൽ ഇടപെട്ട് ഈ കൊല്ലം തന്നെ പണി ആരംഭിക്കുന്നതിനുള്ള തുക അനുവദിച്ചുതരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ, ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ വിയറിന്റെ രണ്ട് ഷട്ടറുകൾ ഒലിച്ചുപോകുകയും മൂന്ന് ഷട്ടറുകൾക്ക് തകരാർ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഷട്ടറുകളുടെ സ്ഥാനത്ത് 2018-19-ൽ താൽക്കാലിക തടയണ നിർമ്മിച്ചാണ് കുടിവെള്ളത്തിനും കൃഷിക്കുംവേണ്ടി ജലവിതരണം നടത്തിയിരുന്നത്. കനാലിന്റെ പല ഭാഗങ്ങളിലും ബണ്ടിലൂടെ ചോർച്ചയുണ്ടായിരുന്നു. കൂടാതെ അധികജലം ഒഴുക്കിക്കളയുന്ന ഷട്ടറുകൾക്ക് നാശനഷ്ടം സംഭവിച്ചതിനാൽ മണൽച്ചാക്കുകൾ ഇട്ടാണ് പ്രസ്തുത ഷട്ടറുകളിലെയും ബണ്ടുകളിലെയും ചോർച്ച തടഞ്ഞത്. കനാൽ തുടങ്ങുന്ന ഭാഗത്ത് ജലവിതരണം നടത്തുന്നതിന് താൽക്കാലിക പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കനാൽ തുടങ്ങുന്ന ഭാഗത്ത് റെഗുലേറ്റർ ഷട്ടറുകൾ പുന:സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ പുനർനിർമ്മാണത്തിന് 52 ലക്ഷം രൂപയുടെ കുറച്ച് പ്രവൃത്തികൾ 2018-19-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. 14 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. ഈ പ്രവൃത്തിക്ക് പകരം 2-3-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ലഭിച്ച എസ്.ഡി.ആർ. ഫണ്ടിൽനിന്നും 443.25 ലക്ഷം രൂപയുടെ 77 പണികൾക്ക് അനുമതി നൽകി നിർവ്വഹണം നടത്തിവരുന്നു. കൂടാതെ പ്രോജക്ടിന്റെയും റെഗുലേറ്ററിന്റെയും ഷട്ടറുകളുടെയും അടിയന്തര പുനർനിർമ്മാണത്തിന് 1271.95 ലക്ഷം രൂപ എസ്.ഡി.ആർ.എഫ്.-ൽ

ഉൾപ്പെടുത്തി അനുവദിക്കാനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-II) 10-6-2019-ൽ സർക്കാരിന് ലഭിക്കുകയുണ്ടായി. പ്രൊപ്പോസൽ പരിശോധിച്ച് അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം

ശ്രീ. കെ. സി. ജോസഫ്: സർ, മലയോര ഹൈവേയിൽപ്പെട്ട എന്റെ നിയോജകമണ്ഡലത്തിലെ ആലക്കോട്, കരുവഞ്ചാൽ, നുച്ചിയാട് എന്നീ മൂന്ന് പാലങ്ങളുടെ പണി പൂർത്തിയാകാതെ കിടക്കുകയാണ്. ഇതിൽ രണ്ട് പാലങ്ങൾക്ക് 100 കൊല്ലത്തോളം പഴക്കമുണ്ട്. ഇപ്പോൾ റോഡ് മെച്ചപ്പെട്ടപ്പോൾ ട്രാഫിക് കൂടി ഗതാഗത തടസ്സം വർദ്ധിക്കുന്നു. രണ്ട് പാലങ്ങൾ ബലക്ഷയത്തിലാണ്. കരുവഞ്ചാൽ പാലത്തിന് രണ്ട് സൈഡ് അപ്രോച്ച് റോഡ് ലഭ്യമായിട്ടുണ്ട്. ആലക്കോട് പാലത്തിന്റെ മറുഭാഗത്ത് അപ്രോച്ച് റോഡിന് സ്ഥലമെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നുച്ചിയാട് പാലത്തിനും സ്ഥലം ലഭ്യമാണ്. മൂന്ന് പാലങ്ങളുടെയും പണി പൂർത്തിയാകാതെ മലയോര ഹൈവേ പൂർണ്ണമായും ഗതാഗതയോഗ്യമാക്കാൻ സാധിക്കില്ല. അങ്ങ് രണ്ട് തവണ യോഗം വിളിച്ചുചേർത്ത് നിർദ്ദേശം കൊടുത്തതുകൊണ്ട് നടപടികൾ മുന്നോട്ട് പോകുന്നുണ്ടെങ്കിലും ഡി.പി.ആർ. തയ്യാറാക്കാൻപോലും വളരെ താമസമുണ്ടാകുന്നുണ്ട്. അതുകൊണ്ട് എത്രയും വേഗം ഡി.പി.ആർ. തയ്യാറാക്കി ഈ പണി ടെണ്ടർ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകണം. ഹൈവേയിൽപ്പെട്ട രണ്ട് മിസ്സിംഗ് ലിങ്കുണ്ട്. ഒന്ന്, താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ ഭാഗം രണ്ട്, പുറഞ്ഞാൺ-പയ്യാവൂർ ഭാഗം. ഈ രണ്ട് ഭാഗത്തിന്റെയും പണി നേരത്തെ ചെയ്തതാണ്, മലയോര ഹൈവേ നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തണം. ഈ രണ്ട് ഭാഗങ്ങൾകൂടി മെച്ചപ്പെടുത്തി മലയോര ഹൈവേ പൂർണ്ണമായും ഗതാഗതയോഗ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച സബ്മിഷൻ ആലക്കോട്, കരുവഞ്ചാൽ, നുച്ചിയാട് പാലങ്ങളെ സംബന്ധിച്ചുള്ളതാണ്. ഇത് മൂന്നും മലയോര ഹൈവേയിൽ വരുന്ന പാലങ്ങളാണ്. ഇവയുടെ നിർമ്മാണം ഇപ്പോൾ കിഫ്ബി ഫണ്ടുവഴി ഏറ്റെടുത്തിരിക്കുകയാണ്. ഫണ്ടിന് യാതൊരു പ്രശ്നവുമില്ല. കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള ഭാഗത്താണ് പാലങ്ങൾ വരുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഡിസ്ട്രിക്ട് ഫ്ലാഗ് ഷിപ്പ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അതിന് ചീഫ് എഞ്ചിനീയർ നൽകിയ നോട്ടിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിരുന്നില്ല. പക്ഷെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ പങ്കെടുത്ത കഴിഞ്ഞ 11-ാം തീയതി നടന്ന യോഗത്തിലടക്കം ഇത് മലയോര ഹൈവേയിൽപ്പെടുമെന്നും കിഫ്ബി ഫണ്ടുകൊണ്ട് ചെയ്യാമെന്നും പാലങ്ങൾ പ്രത്യേകം ചെയ്യണമെന്നും തീരുമാനിച്ചു. അത് പ്രകാരമുള്ള

നടപടികളിലേയ്ക്കാണ് ഇപ്പോൾ നീങ്ങുന്നത്. അന്ന് കുറച്ച് കാലതാമസം ഉണ്ടായതിന് വേറെ കാരണങ്ങളാണ്. ഞാൻ അതൊന്നും വിശദീകരിച്ച് സമയം കളയുന്നില്ല. പിന്നെ പുറഞ്ഞാൺ മുതൽ പയ്യാവൂർ വരെയുള്ള ഭാഗം മുമ്പ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഏഴ് മീറ്റർ ബി.എം.&ബി.സി. പൂർത്തിയാക്കിയിരുന്നു. രണ്ടാം ഘട്ടമായി പുറഞ്ഞാൺ മുതൽ പയ്യാവൂർ വരെയും ഉളിക്കൽ മുതൽ കൂമൻതോട്, വള്ളിത്തോട്, മരത്തണൽ വരെയുള്ള ചെയിനേജ് ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി ഇപ്പോൾത്തന്നെ സമർപ്പിക്കുവാൻ പോകുകയാണ്. താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ റോഡ് മലയോര ഹൈവേയിൽ ഉൾപ്പെടാത്തതുകൊണ്ട് അവർ ഏറ്റെടുക്കില്ല, വേറെ പ്രോജക്ട് ചെയ്തേ പറ്റൂ. ഹിൽഹൈവേ ബൈപ്പാസായി പ്രസ്തുത റോഡ് വികസിപ്പിക്കാൻ അഞ്ചുകോടി എഴുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഭരണാനുമതിയാണ് കിട്ടിയിട്ടുള്ളത്. അത് ഹിൽ ഹൈവേയിൽ വന്നാലും കിട്ടില്ല. അതുകൊണ്ട് 2.55 കി.മീ. ദൈർഘ്യമുള്ള മേൽറോഡ് ഹിൽ ഹൈവേ നിലവാരത്തിൽ വികസിപ്പിക്കാൻ ഇപ്പോൾ ആറരക്കോടിയോളം രൂപ വേണം. അതിനുള്ള വഴി നമ്മൾ കണ്ടെത്തണം. അതാണ് അതിനെപ്പറ്റി പറയാനുള്ളത്. കരുവഞ്ചാൽ പാലത്തിന് ധനകാര്യ വകുപ്പിന്റെ അനുമതി ഇനി ആവശ്യമില്ല. കിഫ്ബിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. ഈ മൂന്നും കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. മറ്റ് തടസ്സങ്ങളൊന്നും നോക്കാതെ പാലം പ്രത്യേകം ചെയ്യണമെന്ന് അങ്ങുകൂടി പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള ഡി.പി.ആർ. തയ്യാറാക്കാൻ പറഞ്ഞിട്ടുണ്ട്. അങ്ങുകൂടി അവരുമായി ബന്ധപ്പെട്ട് ഇത് വേഗത്തിലാക്കിയാൽ പെട്ടെന്നുതന്നെ പണി തുടങ്ങാൻ കഴിയും.

12.00 Noon]

## (7) പാലം നിർമ്മാണം

ശ്രീ. ബി. സത്യൻ: സർ, അങ്ങയുടെയും എന്റെയും മണ്ഡലത്തിൽ വരുന്ന, അങ്ങുതന്നെ മുൻകയ്യെടുത്തുകൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയം സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. രണ്ട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന, ചരിത്ര പ്രാധാന്യമുള്ള വക്കം-കായിക്കര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം സംബന്ധിച്ചാണ്. സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിലെ ധീര ഇതിഹാസമായ വക്കം അബ്ദുൾ ഖാദർ മൗലവിയുടെ നാടായ വക്കം ചരിത്ര പ്രാധാന്യമുള്ളൊരു ഭൂമിയാണ്. അതുപോലെതന്നെ മഹാകവി കുമാരനാശാന് ജന്മം നൽകിയ കായിക്കര അങ്ങയുടെ മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. ഈ രണ്ട് മണ്ഡലങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം അവിടെയുള്ള പ്രദേശവാസികളുടെ ദീർഘകാലത്തെ അഭിലാഷമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ സുഹൃത്തിന്റെ

മരണവുമായി ബന്ധപ്പെട്ട് നാട്ടിൽ വന്നപ്പോൾ നാട്ടുകാർ അദ്ദേഹത്തോട് ഈ വിഷയത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുക്കാനും പ്രാരംഭഘട്ടത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനുംവേണ്ടി നാലഞ്ച് കൊല്ലക്കാലം ഞാനും അങ്ങും നല്ല പരിശ്രമം നടത്തിയിരുന്നുവെങ്കിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പാലത്തിനുള്ള അനുമതി ലഭിച്ചില്ല. തുടർന്നുള്ള വലിയ പരിശ്രമത്തിന്റെ ഫലമായി ഇപ്പോൾ പാലം നിർമ്മാണത്തിനുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇപ്പോൾ ഇതിനുവേണ്ടിയുള്ള അലൈൻമെന്റ്, എസ്റ്റിമേറ്റ്, സോയിൽ ടെസ്റ്റ് തുടങ്ങിയ കാര്യങ്ങൾ നടക്കുകയും കിഫ്ബിയിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയാൻ സാധിച്ചു. അങ്ങ് ഇടപെട്ട് പല പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. ഇപ്പോൾത്തന്നെ എന്റെയും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെയും മണ്ഡലങ്ങളിൽ ഉൾപ്പെട്ട അയിലംപാലം അങ്ങുതന്നെ താൽപ്പര്യമെടുത്ത് നീണ്ടകാലയളവിനുശേഷം നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. പാലം ആയതുകൊണ്ടുതന്നെ ഞങ്ങൾക്ക് വലിയൊരു ആശങ്കയുണ്ട്. ഈ പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കുന്നതിനും അതിനുള്ള അനുമതി ലഭിക്കുന്നതിനും പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നുള്ളനിലയിൽ അങ്ങിൽനിന്നും നല്ലൊരു ഇടപെടൽ പ്രതീക്ഷിക്കുന്നു. ഇതിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വക്കം-കായിക്കര പാലത്തിന്റെ നിർമ്മാണ പ്രവൃത്തി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വരികയും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. സർവ്വേ, മണ്ണ് പരിശോധന എന്നിവ നടത്തി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. റ്റി.എസ്. കനാലിന് കുറുകെ പാലം നിർമ്മിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. അതനുസരിച്ചുള്ള ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽനിന്ന് ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം നിർമ്മാണ പ്രവൃത്തിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 25 കോടി രൂപയാണ് ഡി.പി.ആർ.-ൽ ഉള്ളത്. ഇത് കിഫ്ബിക്ക് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള requisition ജില്ലാ കളക്ടർക്ക് കഴിഞ്ഞ മാസം നൽകിയിട്ടുണ്ട്.

## (8) പ്രത്യേക പാക്കേജ്

ശ്രീ. അനിൽ അക്കര: സർ, അധികാര വികേന്ദ്രീകരണം സംബന്ധിച്ച് രാജ്യത്തിനും ലോകത്തിനും കേരളം വലിയൊരു മാതൃകയാണ്. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് പഠിക്കുന്നതിന് ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നുമെല്ലാം ആളുകൾ കേരളത്തിലേയ്ക്കാണ് വരുന്നത്. അവർ നമ്മുടെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും നഗരസഭകളുടെയുമൊക്കെ പ്രവർത്തനങ്ങൾ പഠിക്കാൻവേണ്ടി വരികയാണ്. നമ്മുടെ ഫ്രണ്ട് ഓഫീസ് മുതൽ മാലിന്യ സംസ്കരണം, അങ്കണവാടികൾ ഉൾപ്പെടെയുള്ള പദ്ധതികളെക്കുറിച്ച് പഠിക്കുകയും നല്ല അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പക്ഷേ നമ്മളെ സംബന്ധിച്ചിടത്തോളം ഐ.എസ്.ഒ. നിലവാരത്തിലുള്ള പഞ്ചായത്ത് ഓഫീസുകളൊക്കെ ഉണ്ടെങ്കിലും ഒരു നല്ല ഓഫീസ് കാണിച്ചുകൊടുക്കാൻ സാധിക്കുന്നില്ല. പലപ്പോഴും ഓഫീസിലെ ജീവനക്കാർക്ക് മാതൃകാപരമായ പെരുമാറ്റച്ചട്ടമില്ല. പല രീതിയിലൊക്കെ പെരുമാറുന്ന സംവിധാനമാണുള്ളത്. അതുകൊണ്ട് 'കില'യുമായി ബന്ധപ്പെട്ടാണ് നല്ലൊരു പഞ്ചായത്ത് ഓഫീസ് അല്ലെങ്കിൽ നല്ലൊരു പദ്ധതി കാണിച്ചുകൊടുക്കാൻ ഏറ്റവും സൗകര്യം. 'കില'യിലേയ്ക്കാണ് ഈ ആളുകളൊക്കെ വരുന്നത്. അവർ ആദ്യമായി ഓഫീസ് കാണാൻ പോകുന്നത് 'കില'യോട് ചേർന്നുള്ള മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലാണ്. മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്താണെങ്കിലും ഒരു മോഡൽ ഗ്രാമപഞ്ചായത്തായി അതിനെ പലപ്പോഴും കാണിക്കാൻ കഴിയാറില്ല. പല ആളുകളും കാണുന്നതും പഠിക്കുന്നതുമൊക്കെ ഈ ഗ്രാമപഞ്ചായത്താണ്. ബഹുമാന്യനായ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്ക് നേരിട്ടറിയാവുന്ന പഞ്ചായത്തുകൂടിയാണിത്. അതുകൊണ്ട് മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിനെ മാതൃകാപരമായ ജീവനക്കാരുള്ള, അടിസ്ഥാന സൗകര്യങ്ങളും പുതിയ കെട്ടിടങ്ങളുമുൾപ്പെടെ ഒരു പഞ്ചായത്തിനാവശ്യമായ മുഴുവൻ സംവിധാനങ്ങളോടും കൂടിയ ആധുനിക രീതിയിലുള്ള പഞ്ചായത്താക്കി മാറ്റണം. അടിസ്ഥാനസൗകര്യ വികസനത്തിന് വേണ്ടിവരുന്ന ഫണ്ടിൽ സർക്കാരിന്റേതായ സഹായത്തിന് പുറമേ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും ആവശ്യമായ ഫണ്ട് നീക്കിവയ്ക്കാൻ ഞാൻ തയ്യാറാണ്. മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിനെ രാജ്യത്തെ മാതൃകാ പഞ്ചായത്താക്കി മാറ്റാനുള്ള പ്രത്യേക നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, അധികാരവികേന്ദ്രീകരണത്തിന് മാതൃകയായി നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ തനതായ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് മികച്ച മാതൃകകൾ സൃഷ്ടിക്കുന്നത്. മാത്രമല്ല, പ്രത്യേക മേഖലയിലോ വിഷയങ്ങളിലോ ആയിരിക്കും മികവ് പുലർത്തുന്നത്. അങ്ങനെ മികവ് പുലർത്തുന്നത് തെളിയിച്ച വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇപ്പോൾ അധികാര വികേന്ദ്രീകരണം സംബന്ധമായ പഠനത്തിനായി വരുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സന്ദർശനം ഒരുക്കുന്നത്. പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളെയും പഠന സന്ദർശനത്തിനായി തെരഞ്ഞെടുക്കാറുണ്ട്. 'കില' മുഖേന സംഘടിപ്പിക്കുന്ന പഠന സംഘങ്ങൾക്ക്/ വ്യക്തികൾക്ക് 'കില'യുടെ സമീപത്തെയും വിദൂരത്തെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിവരുന്നുണ്ട്. അതിൽ 'കില' സ്ഥിതി ചെയ്യുന്ന മുളങ്കുന്നത്തുകാവ് പഞ്ചായത്തിനെയും പരിഗണിക്കുന്നുണ്ട്. വിവിധ പഠന സംഘങ്ങളെ/വ്യക്തികളെ ഒരേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽത്തന്നെ നിരന്തരം സന്ദർശിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നത് അവരുടെ പ്രവർത്തനങ്ങളെ ബാധിക്കാനും ഇടയുണ്ട്. വിവിധ സംഘങ്ങൾക്ക്/വ്യക്തികൾക്ക് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് സാഹചര്യം ഒരുക്കുന്നത് അത്തരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ സഹായകരമാകും. എന്നാൽ അധികാര വികേന്ദ്രീകരണത്തിന് ആവശ്യമായ പരിശീലനം, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനമായ 'കില'യുടെ സമീപ പഞ്ചായത്ത് എന്ന നിലയിലും പൊതുവിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുംപോലെ മുളങ്കുന്നത്തുകാവും മാതൃകാപരമാകേണ്ടത് തന്നെയാണ്. നിലവിൽ മുളങ്കുന്നത്തുകാവ് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. സവിശേഷ സാഹചര്യങ്ങളുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പ്രത്യേക പാക്കേജ് സാധാരണ അനുവദിക്കുന്നത്. പ്രവർത്തന മികവ്, കാര്യക്ഷമത, സുതാര്യത എന്നിവ സ്വയം ആർജ്ജിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും പ്രത്യേക പാക്കേജ് നടപ്പാക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. എങ്കിലും മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന പരിപാടികൾ തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ശിശുസൗഹൃദ പ്രാദേശികഭരണ പ്രവർത്തനത്തിലും വയോജന സൗഹൃദ പ്രവർത്തനത്തിലും 'കില'യുടെ സഹകരണത്തോടെ മാതൃകാപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സഹായത്തോടുകൂടി പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ മാതൃകയാക്കുന്നതിനുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (9) ഡിഗ്രി, പി.ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കൽ

ശ്രീ. എ. പ്രദീപ്കുമാർ: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ബിരുദ പഠനത്തിനും ബിരുദാനന്തരബിരുദ പഠനത്തിനും ആവശ്യത്തിന് സീറ്റുകൾ ലഭിക്കുന്നില്ല. ഇത്തവണ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലേയ്ക്ക് ഡിഗ്രി അഡ്മിഷനുവേണ്ടി ഉന്നത പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളിൽനിന്ന് 128000-ത്തിൽപ്പരം അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ ലഭ്യമായ എല്ലാ സീറ്റുകളും കൂട്ടിച്ചേർത്താലും പരമാവധി 65000 പേർക്ക് പ്രവേശനം കൊടുക്കാനുള്ള സീറ്റുകൾ മാത്രമാണ് അവിടെയുള്ളത്. സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയില്ലാതെ കുട്ടികൾക്ക് കൂടുതൽ പഠനാവസരം ഒരുക്കുന്നതിന് സഹായകരമായ ഒരു നിർദ്ദേശമാണ് എനിക്ക് ഇവിടെ സമർപ്പിക്കാനുള്ളത്. നമ്മുടെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സീറ്റുകളുടെ എണ്ണം നിർണ്ണയിച്ചിരിക്കുന്നത് പ്രത്യേകിച്ചെന്തെങ്കിലും ശാസ്ത്രീയ സമീപനമോ യുക്തിയോ ഇല്ലാത്ത നിലയിലാണ്. ഓരോരുത്തരുടെയും സൗകര്യമനുസരിച്ച് നിർണ്ണയിച്ചതു പോലെയാണ് തോന്നുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിൽ B.Com-ന് യൂണിവേഴ്സിറ്റിയുടെ മാക്സിമം സ്റ്റാറ്റ്യൂട്ടറി ലിമിറ്റ് 60 സീറ്റാണ്. പണ്ടുമുതലേ 60 കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാവുന്ന സാഹചര്യമുണ്ട്. എന്നാൽ അതേ അടിസ്ഥാന സൗകര്യം ഉപയോഗിച്ചുള്ള B.A. ഇംഗ്ലീഷ്, ഹിന്ദി, മലയാളം ലിറ്ററേച്ചർ കോഴ്സുകൾ പഠിക്കുന്നതിനും മറ്റ് മാനവിക വിഷയങ്ങളായ ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി തുടങ്ങിയവ പഠിക്കുന്നതിനുമുള്ള സീറ്റുകളുടെ എണ്ണം 40-48 ആണ്. B.Com-ന് 60 സീറ്റുവരെ അഡ്മിഷൻ കൊടുക്കാമെങ്കിൽ എന്തുകൊണ്ടാണ് B.A. ഇക്കണോമിക്സിനും ഇംഗ്ലീഷിനും സോഷ്യോളജിക്കുമൊക്കെ കൊടുക്കാൻ സാധിക്കാത്തത്? എന്ത് യുക്തിയാണ് അതിലുള്ളത്; അതുപോലെതന്നെ സയൻസ് വിഷയങ്ങൾക്ക് ചിലതിന് മാക്സിമം സ്റ്റാറ്റ്യൂട്ടറി ലിമിറ്റെന്ന് പറയുന്നത് 48, 36, 30 എന്നിവയാണ്. അങ്ങനെയൊക്കെ നിർണ്ണയിക്കുന്നതിന് എന്താണ് പ്രത്യേകിച്ച് ന്യായമുള്ളത്; ലബോറട്ടറി സൗകര്യത്തിന്റെ കാര്യമാണ് പറയുന്നതെങ്കിൽ ലാബിന്റെ സൗകര്യങ്ങൾ ടൈം ടേബിൾ ക്രമീകരിച്ചുകൊണ്ട് ഒരുക്കാവുന്നതേയുള്ളൂ. നിലവിലുള്ള അടിസ്ഥാന സൗകര്യം ഉപയോഗിച്ചുതന്നെ കൂടുതൽ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം കൊടുക്കാവുന്ന സാഹചര്യമുണ്ട്. മറ്റ് സർവ്വകലാശാലകളിൽ ഇതിനേക്കാൾ കൂടുതൽ കുട്ടികൾ പഠിക്കുന്നുണ്ട്. എന്റെ ഒരു നിർദ്ദേശം ഭാഷാ വിഷയങ്ങളായാലും

മറ്റ് മാനവിക വിഷയങ്ങളാണെങ്കിലും B.Com-ന് ഉള്ളതുപോലെതന്നെ 60 സീറ്റാക്കി വർദ്ധിപ്പിക്കുകയും B.Sc. ഉൾപ്പെടെയുള്ള വിഷയങ്ങൾക്ക് 50 സീറ്റുവരെ, അത് മാക്സിമം സ്റ്റാറ്റ്യൂട്ടറി ലിമിറ്റാക്കി വയ്ക്കുകയും ചെയ്യണം. അങ്ങനെ നടപ്പിലാക്കണമെന്നുള്ള നിർദ്ദേശം കർശനമായി ഗവൺമെന്റും സർവ്വകലാശാലയും കോളേജുകൾക്ക് കൊടുക്കേണ്ടതുണ്ട്. അതിനുള്ള തീരുമാനമെടുക്കണം. അങ്ങനെ വന്നുകഴിഞ്ഞാൽ ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യതയില്ലാതെതന്നെ ധാരാളം കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ഈ വർഷംതന്നെ ഒരുക്കിക്കൊടുക്കാൻ സാധിക്കും. ഈ പ്രശ്നം ഏറ്റവും ഗുരുതരമായുള്ളത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിധിയിലാണ്. ആ സൗകര്യം ഉണ്ടാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. നമ്മുടെ സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളിൽ അവരവരുടെ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് intake-ന്റെ എണ്ണം വ്യത്യസ്തമാണ്. പരമാവധി വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് എല്ലാ സർവ്വകലാശാലകളിലും എല്ലാ കോഴ്സുകൾക്കും intake വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ അദ്ധ്യയന വർഷം തന്നെ അതിന്റെ ഗുണഫലം നമ്മുടെ വിദ്യാർത്ഥികൾക്ക് കിട്ടുന്ന രീതിയിൽ, വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് രണ്ട് ദിവസത്തിനകംതന്നെ പുറത്തിറങ്ങും.

## (10) അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം

ശ്രീ. ഐ. ബി. സതീഷ്: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗം പ്രധാന റോഡിനരികിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നിലവിലെ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നത് ഇടുങ്ങിയ വൺവേ സംവിധാനമുള്ള പാതയ്ക്കരികിലാണ്. ആർ.സി.സി., ശ്രീചിത്തിരതിരുനാൾ ആശുപത്രി, എസ്.എ.ടി., മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള പാതയും ഈ റോഡ് തന്നെയാണ്. എസ്.എ.ടി. ആശുപത്രിക്ക് മുന്നിലെ പ്രതിമയ്ക്ക് അരികിൽനിന്നും യു-ടേൺ എടുത്ത് അത്യാഹിത വിഭാഗത്തിലേയ്ക്ക് വരേണ്ടിവരുന്നു. പലപ്പോഴും അപകടത്തിൽപ്പെട്ടവരെയും ഗുരുതരാവസ്ഥയിലുള്ള രോഗികളെയും കൊണ്ട് വരുന്ന ആംബുലൻസുകളടക്കം ഈ ഗതാഗതക്കുരുക്കിൽപ്പെട്ടുപോകാറുണ്ട്. അതുകൊണ്ട് പ്രധാന നിരത്തിനരികിൽ അത്യാഹിത വിഭാഗം മാറ്റി സ്ഥാപിക്കുകയും എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് ആരംഭിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അത്യാഹിത വിഭാഗത്തിൽ റോഡുമാർഗ്ഗം എളുപ്പത്തിൽ എത്തിച്ചേരുന്നത് സംബന്ധിച്ചും സി.ടി. സ്കാൻ, മൈക്രോ ബയോളജി, എ.സി.ആർ. ലാബ് എന്നിവിടങ്ങളിലേയ്ക്കുള്ള അശാസ്ത്രീയ അകലം സംബന്ധിച്ചുമാണ് ബഹുമാനപ്പെട്ട മെമ്പർ ഈ സബ്മിഷനിലൂടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിരവധി വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കുറച്ചുനാളുകൾ കൊണ്ടുതന്നെ മെഡിക്കൽ കോളേജിനെ രോഗീസൗഹൃദമാക്കി മാറ്റുന്നതിനും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുമുള്ള നിരവധി പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകഴിഞ്ഞിരിക്കുന്നു. കുറെയേറെ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിന് ആവശ്യമായിട്ടുള്ള വലിയൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുകയും 717 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ കിഫ്ബി അംഗീകരിക്കുകയും അതിന്റെ ഒന്നാം ഘട്ടമായ 58.37 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് അനുവാദം ലഭ്യമാകുകയും വർക്ക് ടെണ്ടർ ചെയ്യാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ 448 അധിക തസ്തികകൾ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുണ്ട്. അവിടെ ആർദ്രം, ഇ-ഹെൽത്ത് പദ്ധതികളൊക്കെ നടക്കുന്നുണ്ട്. കാഷ്വാലിറ്റി നവീകരണം അതായത് പുതിയ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നു. ട്രോമാ കെയറിന്റെ അപ്പെക്സ് സെന്റർ തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ്. അവിടെ ഏറ്റവും നല്ല രീതിയിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ജൂലൈ മാസത്തോടുകൂടി ഉദ്ഘാടനം ചെയ്യാൻ സാധിക്കും. ഗതാഗതവും അനുബന്ധ സൗകര്യങ്ങളുമാണ് കിഫ്ബിയുടെ ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന മെഡിക്കൽ കോളേജ് കാമ്പസ്സിലെ റോഡ് നവീകരണമാണ് ഇതിൽ ആദ്യത്തേത്. മെഡിക്കൽ കോളേജ് പ്രവേശന കവാടം മുതൽ ശ്രീചിത്തിരതിരുനാൾ ആശുപത്രിക്ക് സമീപംകൂടി സി.ഡി.സി. വരേയും, എസ്.എ.ടി. അമ്മയും കുഞ്ഞും പ്രതിമ മുതൽ മോർച്ചറിയും എസ്.എസ്.ബി.-യും കഴിഞ്ഞ് പ്രധാന റോഡുവരേയും, ഒ.പി.റോഡ് മുതൽ ശ്രീചിത്തിരതിരുനാൾ ആശുപത്രിയുടെ പുതിയ കെട്ടിടം വരെയുമുള്ള റോഡുകളാണ് വികസിപ്പിക്കുന്നത്. നിലവിൽ രണ്ടു വരിപ്പാത മൂന്ന് വരിയാക്കി, വൺവേ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള വർക്ക് ആരംഭിച്ചുകഴിഞ്ഞു. ഗതാഗതക്കുരുക്ക് പരിഹരിക്കാനായി ശ്രീചിത്തിരതിരുനാൾ ആശുപത്രിക്ക് സമീപം മുതൽ ഒ.പി.

ബ്ലോക്കിന് മുൻവശത്തുകൂടി മെൻസ് ഹോസ്റ്റലിനും പി.എം.ആർ.-നും ഇടയിലൂടെ കുമാരപുരം റോഡിൽ വന്നിറങ്ങുന്ന എലിവേറ്റഡ് റോഡ് കോറിഡോർ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. മെഡിക്കൽ കോളേജിനെ വലയ്ക്കുന്ന മറ്റൊരു പ്രശ്നമാണ് പാർക്കിംഗ്. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് ആദ്യഘട്ടത്തിലെ പ്രവൃത്തി പാർക്കിംഗിന് വേണ്ടിത്തന്നെ നീക്കിവച്ചത്. ഇതിനായി രണ്ട് മൾട്ടിലെവൽ പാർക്കിംഗ് സംവിധാനങ്ങൾക്കാണ് ടെണ്ടറായിരിക്കുന്നത്. അതിന്റെ വർക്ക് സ്റ്റാർട്ട് ചെയ്തിട്ടുണ്ട്. ഒരു മൾട്ടിലെവൽ പാർക്കിംഗിൽ 300 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ സാധിക്കും. അതിന്റെ വർക്ക് ആരംഭിച്ചിട്ടുണ്ട്. ഒ.പി. ബ്ലോക്കിന് മുൻവശത്തുള്ള മൾട്ടിലെവൽ പാർക്കിംഗിൽ 200 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ സാധിക്കും. ഇതിന്റെയും പ്രവൃത്തി തുടങ്ങിയിരിക്കുന്നു. മെഡിക്കൽ കോളേജ് റോഡിലെ തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഡീലക്സ് പേ വാർഡിന്റെ സമീപം വഴി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേയ്ക്കുള്ള രണ്ടുവരിപാത, റോഡ് മെക്കാഡം ടാർ ചെയ്ത് പൂർത്തിയാക്കി ട്രയൽ റൺ നടത്തിത്തുടങ്ങിയിട്ടുണ്ട്. ഉള്ളൂർ ഭാഗത്തേയ്ക്കുള്ള വാഹനങ്ങൾ ഇതുവഴിയാണ് പോകുന്നത്. അതുകൊണ്ട് മെയിൻ ഗേറ്റിലെ തിരക്ക് കുറയ്ക്കാൻ ഇപ്പോൾത്തന്നെ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗികൾക്ക് മികച്ച സൗകര്യം ലഭ്യമാക്കുന്നതിനും തിരക്ക് ഒഴിവാക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗം നിലവിൽ പ്രവർത്തിക്കുന്നത് ബ്ലഡ് ബാങ്ക് കെട്ടിടത്തിനെതിരെയുള്ള ആശുപത്രി ബ്ലോക്കിലാണ്. അതുകൊണ്ട് അത്യാഹിത വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികൾക്ക് റോഡ് മാർഗ്ഗം വലിയ തടസ്സം നേരിടുന്നുണ്ട്. ട്രാഫിക്ക് കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി കാഷ്വാലിറ്റി വിഭാഗം പുതിയ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് അഥവാ ട്രോമാ കെയർ യൂണിറ്റായി മുൻഭാഗത്ത് മെയിൻ റോഡിന്റെ അടുത്തുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റുകയാണ്. അവിടെ നിർമ്മാണ പ്രവർത്തനം നടക്കുകയാണ്. ഡെന്റൽ കോളേജിന് എതിരേയുള്ള ആശുപത്രി കെട്ടിടത്തിന്റെ താഴത്തെ നിലയിലാണ് ഇത് സജ്ജീകരിക്കുന്നത്. ഇതാണ് ജൂലൈ മാസത്തോടുകൂടി ഉത്ഘാടനം ചെയ്യാൻ സാധിക്കുമെന്ന് പറയുന്നത്. ട്രോമാ കെയർ, ആധുനിക കാഷ്വാലിറ്റി സംവിധാനങ്ങൾ വരുന്നതോടുകൂടി അത്യാഹിത വിഭാഗം പൂർണ്ണമായും മെയിൻ റോഡിൽ നിന്ന് രോഗികൾക്കും ആംബുലൻസിനുമൊക്കെ കയറാൻ കഴിയുന്ന രീതിയിൽ വരികയാണ്. ഇത് സജ്ജീകരിച്ചുകഴിഞ്ഞാൽ സി.ടി.സ്കാൻ, മൈക്രോ ബയോളജി ലാബ്, എ.സി.ആർ. ലാബ് എന്നിവിടങ്ങളിലേയ്ക്കുള്ള അകലവും കുറയുന്നു. ഇപ്പോൾ ഇതെല്ലാം പൂർത്തിയാകുന്നതുവരെ എ.സി.ആർ., എച്ച്.ഡി.എസ്. ലാബുകളിലേയ്ക്ക് സാമ്പിളുകൾ കളക്റ്റ് ചെയ്യാൻവേണ്ടി സൗകര്യം ചെയ്തിട്ടുണ്ട്.

രോഗികൾക്ക് സഹായകരമായ രീതിയിൽ മുൻഭാഗത്ത് അതിന്റെ കൗണ്ടർ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ വാർഡുകളിൽ നിന്നും ലാബുകളിലേയ്ക്ക് സാമ്പിളുകൾ എത്തിക്കാൻ പ്രത്യേക വോളന്റിയേഴ്സിന്റെ സഹായവും അവിടെ തൽക്കാലത്തേയ്ക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പറയുന്ന 58 കോടി രൂപയുടെ പ്രവൃത്തി ഒരു വർഷംകൊണ്ട് പൂർത്തിയാകും. അപ്പോഴേയ്ക്കും മെഡിക്കൽ കോളേജിന്റെ മുഖച്ഛായതന്നെ മാറുകയും ഗതാഗത സൗകര്യവും പാർക്കിംഗുമെല്ലാം ഏറ്റവും ആധുനികമായി മെച്ചപ്പെടുകയും ചെയ്യും.

## V. റിപ്പോർട്ട് സമർപ്പണം

### 1. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എൺപത്തിയേഴ് മുതൽ തൊണ്ണൂറ്റിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 2. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI. ധനകാര്യം

### 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVIII — വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
ധനാഭ്യർത്ഥന നമ്പർ XIX — കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI — സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യ

സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരേ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (Rs) | മൂലധനം (Rs) | റവന്യൂ (Rs) | മൂലധനം (Rs) | ആകെ (Rs) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2103,02,45,000 | 107,93,70,000 | 4290,89,77,000 | 215,87,40,000 | 4506,77,17,000 |
| XIX | കുടുംബക്ഷേമം | 173,11,63,000 | --- | 346,23,27,000 | --- | 346,23,27,000 |
| XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 1364,52,46,000 | 31,98,44,000 | 2729,04,93,000 | 63,96,86,000 | 2793,01,79,000 |

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ഖണ്ഡനോപക്ഷേപങ്ങൾ

## ധനാഭ്യർത്ഥന നമ്പർ XVIII — വൈദ്യസഹായരംഗവും, പൊതുജനാരോഗ്യവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. എം. ഷാജി: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ചികിത്സാ രംഗത്തെ അലംഭാവവും അശ്രദ്ധയുംമൂലം പ്രശ്നം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അവയവദാനത്തിന് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം 'മൃതസഞ്ജീവനി' പദ്ധതി അവതാളത്തിലായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. ('ആരോഗ്യ ജാഗ്രത 2019' പദ്ധതി നടപ്പാക്കി പകർച്ചവ്യാധികൾ നിയന്ത്രണവിധേയമാക്കുമെന്ന പ്രഖ്യാപനം നിലനിൽക്കെ സംസ്ഥാനത്ത് എച്ച്1 എൻ1, ഡെങ്കി പനി മുതലായവ വ്യാപിക്കുകയും നിപ വൈറസ് വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്ത വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കൊതുകുജന്യ രോഗങ്ങളും ജലജന്യ രോഗങ്ങളും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ ചില ജില്ലകളിൽ കോളറ രോഗം കണ്ടെത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അട്ടപ്പാടിയിൽ ശിശുമരണം തടയാൻ കാര്യക്ഷമമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഡിഫ്ത്തീരിയ, അഞ്ചാംപനി, വില്ലൻചുമ, മുണ്ടിനീര് എന്നിവയ്ക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ യഥാസമയം നൽകുന്നുവെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ കേടായ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കാൻസർ രോഗികൾക്ക് ആവശ്യമായ മരുന്ന് മിതമായ വിലയിൽ ലഭിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കാൻസർ രോഗമില്ലാത്ത യുവതിയെ കോട്ടയം മെഡിക്കൽ കോളേജിലെ ഡോക്ടർമാർ കീമോതെറാപ്പിക്ക് വിധേയമാക്കിയ വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മഞ്ചേരി മെഡിക്കൽ കോളേജിൽ ആളുമാറി ഏഴു വയസ്സുകാരനെ ഹെർണിയ ശസ്ത്രക്രിയ നടത്തിയ സംഭവം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മെഡിക്കൽ കോളേജുകളിലെ പി.ജി. ഡിപ്ലോമ കോഴ്സുകൾ പി.ജി. കോഴ്സുകളായി ഉയർത്താനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകാത്തതിനാൽ മുന്നൂറോളം സീറ്റുകൾ നഷ്ടമായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ 10%സീറ്റുകൾ അനുവദിച്ച നടപടിയുടെ മറവിൽ എം.സി.ഐ. അംഗീകാരം ഇല്ലാത്ത കോളേജുകളിൽ സീറ്റുകൾ അനുവദിച്ച് ഉത്തരവിറക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (2018-19 അധ്യയനവർഷത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനായി സ്വരൂപിച്ച 12.75 കോടി രൂപ അർഹരായവർക്ക് നൽകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പുതിയ ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം രോഗികളുടെ കാഴ്ച പരിശോധന സംബന്ധിച്ച് പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ) ആക്ട് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സ്വകാര്യ ആശുപത്രികളിൽ അമിത ഫീസ് ഈടാക്കുന്നത് തടയാൻ യാതൊരു പരിശോധനയും നിയന്ത്രണവും ഏർപ്പെടുത്താൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ആയുർവേദ മരുന്നു നിർമ്മാണത്തിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയവ തുടങ്ങുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4506,77,17,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. വി. ടി. ബൽറാം

## ധനാഭ്യർത്ഥന നമ്പർ XIX —കുടുംബക്ഷേമം
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ ജാഗ്രതക്കുറവ് ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കോളനികളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വീഴ്ചകൾ ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഹെൽത്ത് വിസിറ്റർമാർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ആശാ വർക്കർമാരുടെ സേവനം കൂടുതൽ പ്രയോജനകരമായി ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മാതൃ-ശിശു സംരക്ഷണ പദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കുടുംബക്ഷേമ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പ്രായാധിക്യംമൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ആരോഗ്യ പ്രവർത്തകർ മുഖേന ചികിത്സയും മരുന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ജനകീയപങ്കാളിത്തം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,23,27,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. റോജി എം. ജോൺ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. വി. ടി. ബൽറാം

## ധനാഭ്യർത്ഥന നമ്പർ XLVI — സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിന് പദ്ധതികൾ രൂപീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് കുട്ടികൾക്കെതിരെ ലൈംഗിക അതിക്രമങ്ങളും, ആക്രമണങ്ങളും വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അംഗനവാടികളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ മുഴുവൻ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അംഗനവാടി ജീവനക്കാർക്കുള്ള ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ഡേ കെയർ സെന്ററുകളുടെയും, ക്രഷുകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വൃദ്ധസദനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വയോജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വയോജനങ്ങൾക്കായുള്ള പകൽ വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും അവയിൽ വിനോദോപാധികൾ സ്ഥാപിക്കുവാനുമുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അഗതി മന്ദിരങ്ങളിൽ അനുവദനീയമായ അംഗസംഖ്യയെക്കാൾ കൂടുതൽ അന്തേവാസികളെ പാർപ്പിക്കേണ്ടി വരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നിർഭയ പാർപ്പിട കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ പ്രയാസങ്ങൾ നേരിടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (നിഷിനെ നാഷണൽ യൂണിവേഴ്സിറ്റി ഫോർ ഡിസെബലിറ്റി സ്റ്റഡീസ് ആന്റ് റീഹാബിലിറ്റേഷൻ സ്റ്റഡീസ് ആക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2793,01,79,000 രൂപയിൽ നിന്നും നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. റോജി എം. ജോൺ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. വി. ടി. ബൽറാം

ശ്രീ. റോഷി അഗസ്റ്റിൻ

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട വികസന മിഷനാണ് ആർദ്രം പദ്ധതി.

രാജ്യത്തിനുതന്നെ മാതൃകാപരമായ പദ്ധതിയാണിത്. ആരോഗ്യരംഗം ഏറ്റവും കൂടുതൽ കച്ചവടവൽക്കരിക്കപ്പെടുന്ന മേഖലയാണ്. ആഗോളവൽക്കരണം ഏറ്റവും രൂക്ഷമായി തകർത്തെറിഞ്ഞത് ഈ മേഖലയെയാണ്. സാധാരണക്കാർക്ക് ചികിത്സ അപ്രാപ്യമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ മനുഷ്യ വികസനത്തിൽ ഒരു വലിയ തിരിച്ചടി നാം നേരിടുകയാണ്. മനുഷ്യവികസന സൂചികയിൽ ഇന്ത്യ 135-ാം സ്ഥാനത്താണ് നിൽക്കുന്നത്. ഈ സ്ഥിതി തുടരാതിരിക്കുവാനുള്ള പ്രധാനവഴി ആരോഗ്യരംഗത്ത് സർക്കാർ ഇടപെടുക എന്നതാണ്. ഇതിനെയാണ് ജനകീയാരോഗ്യ പരിപാടി എന്നുപറയുന്നത്. മൂലധനം ആരോഗ്യമേഖലയെ നയിക്കുന്നതിനുപകരം ജനങ്ങൾ നയിക്കുന്ന അവസ്ഥയുണ്ടാകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഫലമായി ആരോഗ്യരംഗത്ത് മൂലധനനിക്ഷേപം വൻതോതിൽ വർദ്ധിപ്പിക്കുവാനാണ് സർക്കാർ ശ്രമിച്ചത്. 2500 കോടി രൂപയാണ് അധികമായി ഈ രംഗത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിക്ഷേപിച്ചത്. ഇതോടെ ചികിത്സാ സൗകര്യങ്ങൾ ജനങ്ങളിൽ നിന്നും അകലുന്നതിനുപകരം ജനങ്ങളിലേയ്ക്ക് അടുക്കുകയാണ്. കുടുംബാരോഗ്യ സംവിധാനങ്ങളായി പ്രാദേശിക ആശുപത്രികൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇതുകൊണ്ടുള്ള മാറ്റങ്ങൾ ഗ്രാമപ്രദേശങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. പ്രതിരോധരംഗത്ത് ശ്രദ്ധിക്കുക എന്നതാണ് ജനകീയാരോഗ്യത്തിന്റെ പ്രധാന ലക്ഷ്യം. ചികിത്സാരംഗത്തെ ഏറ്റവും പ്രധാനരംഗവും പ്രതിരോധം തന്നെയാണ്. കാതലായ ഈ മാറ്റം വരുത്തിയതുകൊണ്ടാണ് നിപ വൈറസ് പോലുള്ള ഭീകര രോഗത്തെ ശക്തമായി തടഞ്ഞുനിർത്തുവാൻ നമുക്ക് കഴിഞ്ഞത്. ഇത് ലോക ശ്രദ്ധയാകർഷിച്ചു. ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും ശക്തമായ ഇടപെടലുകൾ ഇവിടെ ശ്രദ്ധേയമാണ്. ഓരോ മണ്ഡലവും ആർദ്രം പദ്ധതിയുടെ നേട്ടങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കൂടുതൽ ജനകീയമാക്കുന്നതിന് വേണ്ടിയാണ് നാം ശ്രമിക്കേണ്ടത്. നവലിബറൽ സാമ്പത്തിക നയത്തിനെതിരെയുള്ള പോരാട്ടമാണ് വേണ്ടത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ആർദ്രം പദ്ധതി. ആരോഗ്യരംഗത്ത് ഉദാത്തമായ ഒരു മാതൃക കേരളത്തിൽ സൃഷ്ടിക്കപ്പെടുകയാണ്. പൊളിഞ്ഞുവീഴാറായ കെട്ടിടങ്ങൾ, ഡോക്ടർമാരുടെ ഒഴിഞ്ഞ കസേരകൾ, വൃത്തിയില്ലാത്ത പരിസരം എന്നിങ്ങനെയൊക്കെയായിരുന്നു ഒരുകാലത്ത് നമ്മുടെ സർക്കാർ ആശുപത്രികൾ. ആ കാലം കടങ്കഥയായി. സ്വകാര്യ ആശുപത്രികളെ വെല്ലുന്ന വിശ്വസനീയവും ഗുണമേന്മയുള്ളതുമായ സേവനങ്ങൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്.

അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, ലബോറട്ടറി തുടങ്ങി എല്ലാം സാധാരണക്കാർക്ക് പ്രാപ്യം. ആകർഷകങ്ങളായ കെട്ടിടങ്ങളും നവീന ചികിത്സാ ഉപകരണങ്ങളുമായി ആരോഗ്യം വീണ്ടെടുക്കുന്ന സർക്കാർ ആശുപത്രികളിലേയ്ക്ക് ജനങ്ങളുടെ ഒഴുക്കാണ്. പാവപ്പെട്ടവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്ന, കരുതലോടെ എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയാണ് ആശുപത്രികൾക്ക് പുതുജീവൻ നൽകിയത്. ഈ പദ്ധതിയുടെ കീഴിൽ നടപ്പാക്കിയ മാറ്റങ്ങളാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ അവിശ്വസനീയമായ മാറ്റങ്ങൾ സൃഷ്ടിച്ചത്. സർക്കാർ ആശുപത്രികളുടെ വിപുലീകരണത്തിനും നവീകരണത്തിനുമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ആരോഗ്യനയത്തിൽ ഊന്നൽ നൽകുന്നത്. മൊത്തം ജനവിഭാഗങ്ങളുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ ആരോഗ്യരംഗത്ത് സമഗ്ര ഇടപെടൽ നടത്തുകയും അതോടൊപ്പം രോഗാതുരതയും മരണനിരക്കും കുറയ്ക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പകർച്ചവ്യാധികളുടെ നിയന്ത്രണം, പ്രാഥമിക തലത്തിൽത്തന്നെ ജീവിതശൈലീരോഗങ്ങളുടെ നിയന്ത്രണം, കാര്യക്ഷമമായ ആരോഗ്യപരിപാലന സംവിധാനങ്ങൾ, പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ, ദ്വിതീയ തലത്തിൽ രോഗസങ്കീർണ്ണതകളുടെ നിയന്ത്രണം, ദ്വിതീയ-തൃതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനീകരണം. ത്രിതല റഫറൽ സമ്പ്രദായം നടപ്പാക്കൽ, ചികിത്സാ രംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ എന്നിവയ്ക്ക് മുൻഗണന നൽകുകയും ചെയ്തുകൊണ്ടുള്ള സമഗ്രമായ ഒരു ആരോഗ്യനയം സംസ്ഥാനത്ത് രൂപവൽക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യച്ചെലവ് സംസ്ഥാന ഉൽപ്പാദനത്തിന്റെ 6%-ൽനിന്നും 1%-ആയി വർദ്ധിപ്പിച്ച് 5%-ൽ എത്തിക്കാൻ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും വൻകിട/ കോർപ്പറേറ്റ് ആശുപത്രികളെ കഴിവതും ഒഴിവാക്കി സർക്കാർ-ഇടത്തരം സ്വകാര്യ ആശുപത്രികൾക്കായി പരിമിതപ്പെടുത്തും. ഇൻഷ്വറൻസ് പദ്ധതിവഴി ലഭിക്കുന്ന വിഹിതം പ്രയോജനപ്പെടുത്തി സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും. അർബുദം, വൃക്കരോഗങ്ങൾ, കരൾ, തലച്ചോറിലെ ട്യൂമർ തുടങ്ങിയവയ്ക്കും ഇതുവഴി സൗജന്യ ചികിത്സ ഉറപ്പുവരുത്തുകയാണ്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ, ചിസ്, ചിസ്പ്ലസ്, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യ പദ്ധതി (കെ.എ.എസ്.പി.) 1-4-2019 മുതൽ നടപ്പാക്കി. നടത്തിപ്പ് ചുമതല ചിയാക്കിനാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ ഓരോ

കുടുംബത്തിലെയും എല്ലാ അംഗങ്ങൾക്കുംകൂടി വർഷംതോറും അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയാണ് ഉറപ്പുവരുത്തുന്നത്. സമഗ്രമായ ചികിത്സാ പാക്കേജ് നിരക്കുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അർബുദം, വൃക്കരോഗങ്ങൾ, കരൾ രോഗം, തലച്ചോറിലെ ട്യൂമർ തുടങ്ങിയ രോഗങ്ങൾക്കുള്ള ചികിത്സയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ വിപുലീകരിച്ചും പി.എച്ച്.സി.-കളിലടക്കമുള്ള സ്റ്റാഫ് പാറ്റേണിൽ ഉചിതമായ മാറ്റങ്ങൾ വരുത്തിയും ആവശ്യാനുസരണം പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. 'ആർദ്രം' പദ്ധതിവഴി ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാക്കുന്ന വിപുലമായ പ്രവർത്തന പരിപാടികളുമായിട്ടാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഒരു കുടുംബത്തിലെ എല്ലാവർക്കും എല്ലാവിധ അസുഖങ്ങളുടെയും പ്രാഥമിക ചികിത്സയും ആരോഗ്യ പരിചരണവുമാണ് ഈ കേന്ദ്രങ്ങളിൽ ലക്ഷ്യമിടുന്നത്. കേരളത്തിൽ ഇന്നിപ്പോൾ വലിയ ആരോഗ്യ പ്രശ്നങ്ങളായി മാറിയ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കുള്ള ക്ലാസുകളും ആസ്ത്മ, മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രത്യേക സേവനങ്ങളും ഇവിടങ്ങളിൽ നിലവിൽ വന്നു കൊണ്ടിരിക്കുകയാണ്. ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് ലാബ് സർവ്വീസുകൾ ലഭ്യമാക്കുകയും അധിക ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി സേവന സമയം വൈകിട്ട് 6.00 മണി വരെ ദീർഘിപ്പിക്കുകയും സേവന മേഖലകൾ വിപുലപ്പെടുത്തുകയും ചെയ്തു. ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും അധികമായി വേണ്ട സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരവും ദേശീയ ആരോഗ്യ ദൗത്യം മുഖേനയും താൽക്കാലികമായി നിയമിക്കുന്നുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ സമയബന്ധിതമായി നിർമ്മിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരോഗ്യ വകുപ്പിന്റെയും സർക്കാരിന്റെയും മറ്റൊരു വലിയ നേട്ടമാണ്. ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, സാന്ത്വന പരിചരണം, റീഹാബിലിറ്റേഷൻ എന്നിവയെല്ലാം അടങ്ങുന്ന സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിൽ ആധുനിക ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. സംസ്ഥാനത്തെ ആരോഗ്യ

മേഖലയിൽ നടപ്പിലാക്കുന്ന ഇ-ഹെൽത്ത് പദ്ധതിയിലൂടെ ഭാവിയിൽ രോഗികളുടെ വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസ്തുത വിവരങ്ങളും ലാബ് റിസൽട്ടുമൊക്കെ എളുപ്പം ലഭ്യമാക്കാനും ആശുപത്രികൾക്ക് പരസ്പരം കൈമാറാനും രോഗ ചികിത്സകൾ കൂടുതൽ ശാസ്ത്രീയമാക്കാനും കഴിയും. 'അമ്മമനസ്സ് ' എന്ന നാമധേയത്തിൽ മാതൃ-ശിശു മാനസികാരോഗ്യ പരിപാടി നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ' ആർദ്രം' പദ്ധതി പ്രകാരം സൃഷ്ടിച്ച 1721 തസ്തികകൾ ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ മൊത്തം 2143 അധിക തസ്തികകൾ സൃഷ്ടിച്ചു. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ആകെ 1989 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. സാന്ത്വന ചികിത്സാ സംവിധാനം സാർവ്വത്രികമാക്കാൻ പി.എച്ച്.സി. തലത്തിൽ ഏകോപനത്തിന് നടപടി സ്വീകരിച്ചു. പകർച്ച വ്യാധികളുടെ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുവാൻ സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലയിലും കൃത്യതയോടെ നടപ്പിലാക്കും. ജീവിതരീതി രോഗങ്ങൾ തടയാനും പ്രാരംഭ ഘട്ടത്തിൽ കണ്ടെത്താനുമുള്ള ആരോഗ്യ ബോധവത്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ കോളേജുകളിലെ സാമൂഹ്യ ആരോഗ്യ വിദഗ്ധരുടെയും പ്രൊഫഷണൽ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. ഓരോ പൗരന്റെയും ആരോഗ്യനില മോണിറ്റർ ചെയ്യാനും ചികിത്സ ഉറപ്പുവരുത്താനും ജനകീയ സംവിധാനമുണ്ടാക്കും. സ്കൂൾ-കോളേജ് പാഠ്യപദ്ധതിയിൽ പൊതുജനാരോഗ്യ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുകയാണ്. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, പ്രായാധിക്യമുള്ളവർ തുടങ്ങിയ വിഭാഗങ്ങളുടെ ആരോഗ്യാവശ്യങ്ങൾ നേരിടുന്നതിനായി ഹെൽത്ത് സർവ്വീസിൽ പ്രത്യേക ഭരണ സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. ഭിന്നശേഷിക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട്. പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സ്കീമിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ള രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്. ആദിവാസി മേഖലകളിൽ സേവനത്തിന് സന്നദ്ധരാകുന്ന ഡോക്ടർമാർക്ക് പ്രത്യേക പരിഗണനയും ആനുകൂല്യങ്ങളും നൽകിവരുന്നു. തെരുവുനായ്ക്കളിൽ നിന്നും ജനങ്ങളെ രക്ഷിക്കാനുള്ള പദ്ധതി ജാഗ്രതയോടുകൂടി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ആയുർവ്വേദം, ഹോമിയോ ചികിത്സാരീതികൾ ശക്തിപ്പെടുത്താൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതുപോലെ എല്ലാ അംഗൻവാടികൾക്കും സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്വന്തം കെട്ടിടം ഉറപ്പുവരുത്താനും പൂരക പോഷകാഹാരം ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 600 കോടി രൂപയുടെ വിവിധ പദ്ധതികളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ളത്. ആ പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണത്തിന് 275 കോടി രൂപ, എം.സി.എച്ച്. ബ്ലോക്ക് നിർമ്മാണത്തിന് 258 കോടി രൂപ, ട്രോമാ കെയറിന് 5.68 കോടി രൂപ എന്നിങ്ങനെ ഇത് പൂർത്തീകരിക്കാനും ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കേണ്ടതുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ്.....കൺക്ലൂഡ്......

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, അതുപോലെ വിവിധ ടെസ്റ്റുകൾക്ക് പല റേറ്റുകളാണ് പല സർക്കാർ ആശുപത്രികളും ഈടാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന തലത്തിൽ ഒരു റേറ്റ് നിശ്ചയിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആരോഗ്യ മേഖലയെ കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യാറില്ല; ലോകത്തിലെ വികസിത രാജ്യങ്ങളുമായാണ് താരതമ്യം ചെയ്യാറുള്ളത്. വൃത്തിയിലും ജീവിത നിലവാരത്തിലും നമ്മൾ മുന്നിലാണ്. അതുപോലെ പകർച്ചവ്യാധിയുടെ കാര്യത്തിലും നമ്മൾ മുൻപന്തിയിലാണ്. ആയുർദൈർഘ്യം, ശിശുമരണനിരക്ക് എന്നിവയിലൊക്കെ നമ്മൾ വളരെ പുറകിലാണ്. ഇതൊക്കെയാണെങ്കിലും ഇന്ന് കേരളത്തിലെ ആരോഗ്യ മേഖല വലിയ പ്രതിസന്ധിയിലാണെന്നാണ് കാണാൻ കഴിയുന്നത്. മഴക്കാലം ആരംഭിച്ചതേയുള്ളൂ. ഏതാണ്ട് പത്തര ലക്ഷം രോഗികൾ ഇന്ന് ആശുപത്രികളെ സമീപിച്ചിരിക്കുകയാണ്. സാധാരണ ഉദ്യോഗസ്ഥർ രാവിലെ 9.00 മണി മുതൽ വൈകിട്ട് 5.00 മണി വരെയാണ് ഡ്യൂട്ടിക്ക് എത്താറുള്ളത്; നൈറ്റ് ഡ്യൂട്ടിയും ഉണ്ടാകാം. പക്ഷേ രോഗത്തിന് സമയമില്ല. ഇത്തരം രോഗങ്ങളുമായി രോഗികൾ ആശുപത്രിയെ സമീപിക്കുമ്പോൾ അവർക്കാവശ്യമായ ചികിത്സ ലഭ്യമാകുന്നില്ലെന്ന് മാത്രമല്ല രാത്രി കാലങ്ങളിൽ ആശുപത്രിയിലെ ഫാർമസി ഉൾപ്പെടെയുള്ള മെഡിക്കൽ സെന്ററുകളൊന്നും തുറക്കാറുമില്ല. എല്ലാം അടഞ്ഞുകിടക്കുകയാണ്. ആവശ്യമായ മെഡിസിൻ തേടി രോഗികൾക്ക് അല്ലെങ്കിൽ അവരുടെ കൂടെയുള്ള ആളുകൾക്ക് കിലോമീറ്ററുകളോളം

ദൂരം പോകേണ്ട സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. അതുപോലെ കേരളത്തിൽ ഡെങ്കിപ്പനി, നിപ, എച്ച്1 എൻ1, മഞ്ഞപ്പിത്തം, കോളറ ഉൾപ്പെടെയുള്ള രോഗങ്ങളൊക്കെ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. രോഗം വരാതിരിക്കുന്നതിനായി അതിന്റെ സോഴ്സ് കണ്ടെത്താനുള്ള ഒരു ഗവേഷണാലയം നമ്മുടെ സംസ്ഥാനത്തില്ല. നിപയുടെ സോഴ്സ് കണ്ടെത്തുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ വിംഗിനെ നിയോഗിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. ഇന്നും കേരളം ആശങ്കയിലാണ്. നിപയും ഡെങ്കിപ്പനിയുമൊക്കെ വർദ്ധിക്കുന്ന രീതിയിലാണ് പല പത്രവാർത്തകളിലും പല മേഖലകളിലുമൊക്കെ ചർച്ച നടക്കുന്നത്. ആരോഗ്യ വകുപ്പ് വളരെ നന്നായി മുന്നോട്ടുപോകുന്നുവെന്ന് പറയുമ്പോഴും നമ്മുടെ ആശങ്ക വർദ്ധിക്കുകയാണ്. സംസ്ഥാനത്ത് ഈ വർഷം ഡെങ്കിപ്പനി പിടിപെട്ട ആളുകൾ ഏതാണ്ട് 260 ആണ്. 13 മരണങ്ങളുണ്ടായി. അതുപോലെ ആശുപത്രികളിൽ ചെന്നുകഴിഞ്ഞാൽ കൃത്യമായ ചികിത്സ ലഭിക്കുന്നില്ല എന്നുള്ള പരാതികൾ ഈ സഭയിൽ മാത്രമല്ല കേരളത്തിലെ എല്ലാ ജനങ്ങളും ചർച്ച ചെയ്യുന്നതാണ്. ചെറിയ കുട്ടികൾക്ക് മുതൽ പ്രമേഹം ബാധിക്കുകയാണ്. വ്യക്തമായ ഒരു ചികിത്സ കണ്ടെത്താനുള്ള സൗകര്യങ്ങളില്ല. ഗുണനിലവാരമില്ലാത്ത ഗ്ലൂക്കോമീറ്ററുകൾ രോഗികളെ വലയ്ക്കുന്നു എന്നതിനെപ്പറ്റിയാണ് ഇപ്പോഴുള്ള ചർച്ച. ഗ്ലൂക്കോമീറ്ററിൽ പരിശോധിക്കുമ്പോൾ ഷുഗറിന്റെ വ്യക്തമായ അളവ് നിശ്ചയിക്കാൻ കഴിയുന്നില്ല. അതിനൊരുപാട് പ്രതിസന്ധികളുണ്ട്. .....(ബഹളം)..... ശ്രീ. പി. രാജീവ്, എം.പി. കൊടുത്ത കെട്ടിടങ്ങളൊക്കെ മാനന്തവാടിയിൽ കിടക്കുകയാണ്. പലതും തുറന്നിട്ടില്ല.

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... എന്തിനാണിങ്ങനെ ഇടപെടുന്നത്? അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ശ്രീ. എ. എൻ. ഷംസീർ എല്ലാ കാര്യങ്ങളിലും വെറുതെ ഇടപെടുകയാണ്. ഒന്ന് പറഞ്ഞുകൊടുക്കണം. ആരോഗ്യ മേഖലയിലെ കാര്യങ്ങളാണിതെല്ലാം.

മി. സ്പീക്കർ: അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കൂ.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അദ്ദേഹം എന്തിനാണിങ്ങനെ വെറുതെ കൈ കാണിച്ച് .....(ബഹളം).....ആക്ഷേപിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് പറയാനുള്ളത് പറയുകയല്ലേ? ഇങ്ങോട്ട് നോക്കി പറയൂ..... (ബഹളം).....

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കണ്ണ് കൊണ്ടല്ലേ നോക്കുന്നത്? ഇതെന്താണ് ശ്രീ. എ. എൻ. ഷംസീർ? ഈ ഗ്ലൂക്കോമീറ്ററുകളുടെയൊക്കെ കമ്പനികളുടെ ലോബികൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുകയാണ്. അവരെയൊക്കെ കണ്ടെത്തണം.

<u>മി. സ്പീക്കർ</u>: ഗ്ലൂക്കോമീറ്ററുകളുടെ കാര്യം ശരിയാണ് പറയുന്നത്. പലതരം ഗ്ലൂക്കോമീറ്ററുകളുണ്ട്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: അതുപോലെതന്നെയാണ് മഞ്ഞപ്പിത്തവും. മഞ്ഞപ്പിത്തം കേരളത്തിൽ ഏതാണ്ട് നൂറോളം ആളുകളിൽ സ്ഥിരീകരിച്ചു കഴിഞ്ഞു. അതിന് വ്യക്തമായൊരു ചികിത്സ നൽകാൻ കഴിഞ്ഞിട്ടില്ല. ഒരുപാട് ആളുകൾ മരണപ്പെട്ടു. ഇവിടെ ആരോഗ്യ മേഖല വളരെ കൃത്യതയോടെ മുന്നോട്ടുപോകുന്നുവെന്ന് പറയപ്പെടുമ്പോഴും ഏത് അസുഖം വന്നാലും രക്തമാണ് പരിശോധിക്കുന്നത്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ രക്തപരിശോധന നടത്തുന്നത് കാലാവധി കഴിഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചാണ്. കാലാവധി കഴിഞ്ഞ വളരെ മോശമായ ഉപകരണങ്ങൾ ഇന്നും നമ്മുടെ മെഡിക്കൽ കോളേജുകളിലും താലൂക്ക് ആശുപത്രികളിലുമൊക്കെയുണ്ട്. അവിടെ ശുചിത്വം വേണ്ടേ? വ്യക്തമായി രക്തം പരിശോധിച്ച് രോഗം കണ്ടെത്തണ്ടേ? സാധാരണക്കാരായ ബി.പി.എൽ. കുടുംബങ്ങളടക്കം സ്വകാര്യ ലാബുകളിലേയ്ക്ക് പോകേണ്ട സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. മൂവായിരവും അയ്യായിരവും രൂപയാണ് രക്തപരിശോധനയ്ക്കുവേണ്ടി നൽകേണ്ടിവരുന്നത്. ഒരു ബി.പി.എൽ. കുടുംബം എങ്ങനെ കഴിയും? അതിനുവേണ്ടിയാണ് യു.ഡി.എഫ്. ഗവൺമെന്റ് 'സുകൃതം' പദ്ധതി കൊണ്ടുവന്നത്. ഇപ്പോൾ സുകൃതം പോലുള്ള പദ്ധതികളുടെ പേര് പോലും കേൾക്കാനില്ല. 600 കുട്ടികൾക്ക് കേൾവിയും സംസാരശേഷിയും തിരിച്ചു കൊടുത്ത 'ശ്രുതിതരംഗം' പദ്ധതിയെക്കുറിച്ചും ഇന്ന് കേൾക്കാനില്ല. ഇതൊക്കെ അട്ടിമറിക്കപ്പെട്ടുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റിനെ ഏത് തരത്തിലാണ് ഞങ്ങൾ ന്യായീകരിക്കേണ്ടത്? മറ്റ് ചില വിഷയങ്ങളുമുണ്ട്. ഇന്ന് കാൻസർ രോഗികൾ കീമോതെറാപ്പി ചെയ്യുന്നതിനുവേണ്ടി ആശുപത്രികളിൽ ക്യൂവിലാണ്. അപ്പോഴാണ് കാൻസറില്ലാത്ത രോഗിയെ കീമോതെറാപ്പി ചെയ്തത്. ആളുമാറി ചികിത്സ ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇതൊക്കെ ഈ സംസ്ഥാനത്ത് വിവാദമായതല്ലേ? ഇതൊക്കെ പരിഹരിക്കപ്പെടണ്ടേ? ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കണ്ടേ? മഞ്ചേരിയിൽ ഒരു ചെറിയ കുട്ടിയുടെ മൂക്കിന് പകരം വയറിന് ശസ്ത്രക്രിയ നടത്തി. പത്രവാർത്ത വന്നതാണ്. ഇതൊക്കെ ഡോക്ടർമാരുടെ അനാസ്ഥയല്ലേ? ഇതൊക്കെവച്ച് നോക്കുമ്പോൾ മറ്റ്

സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മൾ ഏറ്റവും താഴെയാണ്. ഇതൊക്കെ അനാസ്ഥയാണ്. അതിനെതിരെ നടപടി സ്വീകരിക്കാൻ കഴിയണം. വ്യക്തമായൊരു കാഴ്ചപ്പാടുണ്ടാകണം. ഇതൊന്നുമില്ലാതെ മുന്നോട്ട് പോകുകയാണ്. ചികിത്സ കിട്ടാതെ അകാലത്തിൽ മരണപ്പെട്ട ഹതഭാഗ്യന്മാരുടെ കഥ ചേർത്ത് ഒരു സിനിമ നിർമ്മിച്ചാൽ ഇമേജ് ബിൽഡിംഗ് വലുതായിരിക്കും. റെനി എന്നൊരു പെൺകുട്ടി പറയുന്നത് അവരുടെ പിതാവിനെയും കൊണ്ട് മൂന്ന് ആശുപത്രികളിൽ ചെന്നിട്ടും അവിടെയൊന്നും ഡോക്ടർമാർ തിരിഞ്ഞ് നോക്കിയിട്ടില്ലെന്ന്. 'പ്രാണവായു തീരുമ്പോഴും അവർ പപ്പയെ തിരിഞ്ഞ് നോക്കിയില്ല' എന്നാണ് ആ കുട്ടി പറഞ്ഞത്. മൂന്ന് ആശുപത്രികളിൽ കൊണ്ടുചെന്നിട്ടുപോലും ആ രോഗിയെ ഡോക്ടർമാർ തിരിഞ്ഞ് നോക്കാതെ ആംബുലൻസിലാണ് മരണപ്പെട്ടത്. ഒരു പെൺകുട്ടിയുടെ വേദനയാണ് മാധ്യമപ്രവർത്തകരുടെ മുന്നിൽ പ്രകടിപ്പിച്ചത്. ഇതൊക്കെ കാണാനും കേൾക്കാനും നമ്മുടെ സംസ്ഥാനത്ത് ആരോഗ്യ വകുപ്പുണ്ടോ? സംശയിക്കുകയാണ് പൊതുജനങ്ങൾ. ഇത്തരത്തിലുള്ള അനാസ്ഥയാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഈ സഭയിലും കഴിഞ്ഞ സഭയിലും നിരവധി ചർച്ചകൾക്കിടയായ അരിവാൾ രോഗികൾക്ക് കഴിഞ്ഞ ഉമ്മൻചാണ്ടി ഗവൺമെന്റാണ് പെൻഷൻ സംവിധാനവും സൗജന്യമായി ചികിത്സയും മരുന്നും കൊണ്ടുവന്നത്. അതൊക്കെ ഇന്ന് പാതിവഴിയിലായിരിക്കുകയാണ്. അരിവാൾ രോഗികൾക്ക് പെൻഷനില്ല. ആരോഗ്യ വകുപ്പുമന്ത്രി സാമൂഹ്യക്ഷേമം കൂടി കൈകാര്യം ചെയ്യുന്ന മന്ത്രിയെന്ന നിലയ്ക്ക് അക്കാര്യത്തിൽ വളരെയേറെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വയനാട് ജില്ലകളിൽ പല കേന്ദ്രങ്ങളിലും ഇന്ന് അരിവാൾ രോഗികൾക്ക് മരുന്ന് കിട്ടുന്നില്ല. ആ രോഗത്തിന്റെ പ്രത്യേകത വളരെ ഗൗരവമായി നമ്മൾ കാണേണ്ടതാണ്. അവർക്കാവശ്യമായ സംവിധാനങ്ങൾ ചെയ്തുകൊടുക്കണം. ആദിവാസികളടക്കമുള്ള സാധാരണക്കാരായ ബി.പി.എൽ. കുടുംബത്തിൽപ്പെട്ട നിരവധിയാളുകൾ ഇന്ന് ആ രോഗംകൊണ്ട് വലയുകയാണ്. അവർക്കാവശ്യമായ സഹായങ്ങൾക്കാണ് പെൻഷൻ കൊണ്ടുവന്നത്. ഈ കാര്യങ്ങളൊന്നും കാണാതെ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ആരോഗ്യമേഖലയിൽ വളരെ വ്യക്തമായ നിലപാടുകൾ സ്വീകരിക്കാൻ കഴിയണം. അതോടൊപ്പംതന്നെ പ്രധാനപ്പെട്ട കാര്യമാണ് കേരള ആരോഗ്യ സർവ്വകലാശാലയുടെ അംഗീകാരമുള്ള കോഴ്സുകളായ എം.എസ്.സി. മെഡിക്കൽ ബയോ കെമിസ്ട്രി, എം.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജി എന്നിവ കേരളത്തിൽ ഇല്ലാതാക്കിയിരിക്കുന്നത്. തൊഴിലധിഷ്ഠിത കോഴ്സാണിത്. ഈ കോഴ്സുകൾ എടുത്തുകളഞ്ഞുകൊണ്ട് പിന്നെ എന്തു നിലവാരമാണ് ആരോഗ്യമേഖലയ്ക്കുള്ളത്? ആവശ്യമായ സംവിധാനങ്ങളൊരുക്കേണ്ടേ? ഇപ്പോൾ

ഹൗസ് സർജന്മാരുടെ കാര്യം എടുത്താൽ അവർ നന്നായി അദ്ധ്വാനിക്കുന്നു. പക്ഷേ അവർക്ക് കൊടുക്കുന്ന വേതനം 20,000 രൂപയാണ്. ഗവൺമെന്റിന് അവരെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല. വയനാടിനെ സംബന്ധിച്ച് മറ്റ് ചില വിഷയങ്ങൾ കൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ വയനാട്ടുകാർ നാല് ചുരത്തിന്റെ മുകളിലാണ്. പിന്നോക്ക ജില്ലയാണ്. വയനാട് ജില്ലയിലുള്ളവരെല്ലാം കോഴിക്കോട് മെഡിക്കൽ കോളേജിനെയാണ് ആശ്രയിച്ചിരിക്കുന്നത്. അതിന് പക്ഷേ കോഴിക്കോട് ചുരം ഇറങ്ങി പോകണം. മാത്രമല്ല അതിന് മണിക്കൂറുകളുമെടുക്കും. വയനാട് ജില്ലയിൽ നിന്നും കർണാടക അതിർത്തി പ്രദേശങ്ങളായ തിരുനെല്ലി, മുള്ളംകൊല്ലി, നൂൽപ്പുഴ വഴി ഏതാണ്ട് 150-ഓളം കിലോമീറ്ററുകൾ സഞ്ചരിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തേണ്ട സാഹചര്യമാണ് അവിടത്തെ ആളുകൾക്കുള്ളത്. ചുരം ബ്ലോക്കായാൽ ആ രോഗിയുടെ മരണം ഉറപ്പാണ്. ജീവിതം ബ്ലോക്കാവും. ഇതൊക്കെയാണ് ഇന്ന് വയനാടിന്റെ സ്ഥിതി. ഇതൊക്കെ മുന്നിൽ കണ്ടുകൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻചാണ്ടി കൊണ്ടുവന്ന വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന് ജിനചന്ദ്ര ചാരിറ്റബിൾ ട്രസ്റ്റാണ് ഗവൺമെന്റിന്റെ ആവശ്യപ്രകാരം 50 ഏക്കർ ഭൂമി തന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2015 ജൂലൈ 12-ാം തീയതി അന്നത്തെ മുഖ്യമന്ത്രി അതിന് തറക്കല്ലിട്ടു. അതിനുശേഷം ഇലക്ഷൻ പ്രഖ്യാപിച്ചു. പുതിയ ഗവൺമെന്റ് വന്നു. ഇന്ന് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രിയപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വയനാട്ടിൽ വന്ന് 13-8-2016-ൽ ആ റോഡിന്റെ തറക്കല്ലിട്ട് പ്രവൃത്തി ആരംഭിച്ചു. കുറേ കല്ലും മണ്ണുമൊക്കെ അവിടെ നീക്കം ചെയ്തു. റോഡ് പണി ഇന്നും പൂർത്തിയായിട്ടില്ല. ആ ഭൂമി ഇന്ന് ഒരടി പോലും പ്രവൃത്തി മുന്നോട്ടുപോകാതെ കിടക്കുകയാണ്. വയനാട്ടുകാർ എന്തു ചെയ്യണം? എല്ലാം കൊണ്ടും ബ്ലോക്കാണ്. വയനാടിനെ അവഗണിക്കുകയാണ്. ഒരു മെഡിക്കൽ കോളേജ് ഇല്ല, രാത്രി യാത്രാ നിരോധനം, റെയിൽവേ ഇല്ല, കർഷക ആത്മഹത്യ ഇതൊക്കെ നടക്കുന്ന ജില്ല. ഒരു എയർപോർട്ട് ഇല്ല. നാല് ചുരം. അപകടത്തിൽപ്പെട്ടാൽ ഞങ്ങൾ എന്തുചെയ്യും? അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് ഇക്കാര്യങ്ങളിൽ ഇടപെടണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. വൈദ്യസഹായരംഗം, പൊതുജനാരോഗ്യം, കുടുംബക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം എന്നീ രംഗങ്ങളിൽ ഈ സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ശ്രീ. ഐ. സി.

ബാലകൃഷ്ണനെപ്പോലുള്ളവർ കണ്ടില്ലെന്ന് നടിക്കുകയാണ്. ആയിരം ദിവസങ്ങൾ പറഞ്ഞാലും തീരാത്ത വികസന പ്രവർത്തനങ്ങളാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷക്കാലമായി നടപ്പാക്കിവരുന്നത്. ഇത് കാണാനുള്ള കണ്ണ് യു.ഡി.എഫ്.-ന് ഇല്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ട്രൈബൽ ഹെൽത്ത് ഈ ഗവൺമെന്റ് ഫലപ്രദമായി നടപ്പാക്കി വരികയാണ്. ആദിവാസികൾ താമസിക്കുന്ന പ്രദേശത്ത് വിദൂരമായ പ്രദേശങ്ങളിലും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും അവർക്ക് കൂടുതൽ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ട്രൈബൽ ഹെൽത്ത് യൂണിറ്റ് സ്ഥാപിച്ചത്. 13 ട്രൈബൽ ഹെൽത്ത് യൂണിറ്റാണ് ഈ ഗവൺമെന്റ് സ്ഥാപിച്ചത്. ഇത് ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ശ്രദ്ധയിൽപ്പെട്ടോയെന്ന് എനിക്കറിയില്ല. അതിൽ 5 എണ്ണം വയനാട് ജില്ലയിലാണ്. അവിടെ ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ്, പാരാ മെഡിക്കൽ സ്റ്റാഫ് തുടങ്ങിയവരെ നിയമിച്ചിട്ടുണ്ട്. സ്ഥിരമായി മെഡിക്കൽ ക്യാമ്പുകൾ, സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ച് ഈ പ്രദേശങ്ങളിൽ സിക്കിൾസെൽ അനീമിയ രോഗത്തിനെതിരെ സമഗ്ര ചികിത്സാ പദ്ധതി ആദിവാസി ആരോഗ്യ പദ്ധതിയുടെ ഭാഗമായി ഈ ഗവൺമെന്റ് നടപ്പാക്കിവരുന്നു എന്നുള്ള കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. വെറുതെ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല എന്നുപറഞ്ഞുകൊണ്ട് അടച്ചാക്ഷേപിക്കുന്ന സമീപനം ശരിയല്ല എന്നുള്ളതാണ് എനിക്ക് നിങ്ങളോട് സൂചിപ്പിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കഴിഞ്ഞ അഞ്ച് വർഷം യു.ഡി.എഫ്. ആണല്ലോ ഭരിച്ചത്. ആരോഗ്യ മേഖലയിൽ എന്തെല്ലാം ചെയ്തു? അന്നത്തെ മന്ത്രി ഇപ്പോൾ നിയമസഭയിൽ ഇരിക്കുന്നുണ്ടല്ലോ. ജനങ്ങളെ കബളിപ്പിക്കുന്ന സമീപനമായിരുന്നു അവർ സ്വീകരിച്ചത്. അവർ ആരോഗ്യ മേഖലയിൽ ഒന്നുംചെയ്യാതെ കേവലം ബോർഡുകൾ മാറ്റി സ്ഥാപിച്ചു. താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായും ജനറൽ ആശുപത്രിയെ ജില്ലാ ആശുപത്രിയായും ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജാക്കിമാറ്റിയും ബോർഡ് വച്ചുപോയ സമീപനമാണുണ്ടായതെന്ന് ഈ നിയമസഭയിൽ തന്നെ ഇന്നത്തെ ആരോഗ്യ മന്ത്രി രേഖകളുടെ അടിസ്ഥാനത്തിൽ പറഞ്ഞത് തീർച്ചയായും അവർക്ക് ബോധ്യപ്പെടുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതേ സ്ഥാനത്ത് എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷം ആരോഗ്യ മേഖലയിലും സാമൂഹിക മേഖലയിലും ജനക്ഷേമകരമായ പ്രവർത്തനങ്ങളിലൂടെ ജനഹൃദയങ്ങളിൽ ഇടം നേടിക്കഴിഞ്ഞിരിക്കുന്നു എന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ

സൂചിപ്പിക്കുകയാണ്. സമൂഹത്തിലെ ജനങ്ങളുടെ ആരോഗ്യ നിലയിലെ പുരോഗതി സാമൂഹിക വികസനത്തിന്റെ നിർണ്ണായക വേരുകളിലൊന്നാണ്. അടിസ്ഥാന ജീവിത സൗകര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ട വിഭാഗങ്ങളിലേയ്ക്കുകൂടി മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞ ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. 1996-ന് ശേഷം ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക, ദ്വിതീയ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുകയും അതുവഴി ആരോഗ്യ സംരക്ഷണ ലഭ്യത വിസ്തൃതമാക്കുകയും ചെയ്യുവെന്നുള്ളതും തീർച്ചയായും നമ്മൾ മനസ്സിലാക്കണം. കേരളത്തിൽ സമൂഹത്തിലെ പാവപ്പെട്ടവർക്ക് സാർവ്വത്രികമായ ആരോഗ്യ പരിരക്ഷ ലഭിക്കുന്നതിൽ അലോപ്പതിയും ആയുഷും നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ് എന്നിവയടക്കം ആരോഗ്യരംഗത്ത് നാം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുതുടങ്ങിയ ജനകീയ ആരോഗ്യ പ്രസ്ഥാനമായ 'ആർദ്രം പദ്ധതി' വിജയകരതിപ്പിലാണ് എന്ന് ഞാൻ പറയാതെ ഈ കേരളത്തിലെ ജനങ്ങൾക്കെല്ലാം അറിയാം. മദർ തെരേസയും ഫ്ലോറൻസ് നൈറ്റിംഗേലും ആതുരശുശ്രൂഷാ രംഗത്ത് ത്യാഗപൂർവ്വമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. കേരളത്തിന്റെ ആരോഗ്യരംഗം മെച്ചപ്പെടുത്താൻ കരുതലിന്റെയും സ്നേഹത്തിന്റെയും കരുണയുടെയും ആൾരൂപമായി മാറാൻ നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ള വസ്തുത യു.ഡി.എഫ്. മനസ്സിലാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഒരമ്മ തങ്ങളുടെ കുടുംബാംഗങ്ങളെ എങ്ങനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നോ അതേ നിലയിലാണ് നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ഇന്ന് കേരളത്തിലെ ആരോഗ്യ രംഗം ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നത്. വയലാർ തന്റെ അമ്മയെക്കുറിച്ച് പാടിയ മനോഹരമായ വരികളുണ്ട് -

'അമ്മേ അമ്മേ അവിടുത്തെമുന്നിൽ ഞാനാര് ദൈവമാര് അമ്മേ...
ആദിയിൽ മാനവും ഭൂമിയും തീർത്തത് ദൈവമായിരിക്കാം
ആറാംനാളിൽ മനുഷ്യനെ തീർത്തതും ദൈവമായിരിക്കാം
ആ ദൈവത്തെ പെറ്റുവളർത്തിയത് അമ്മയല്ലോ അമ്മ.'

അമ്മയാണ് സത്യം. തീർച്ചയായിട്ടും ഒരമ്മയ്ക്ക് മാത്രമേ കേരളത്തിലെ ജനങ്ങളെ ഒരുപോലെ സ്നേഹിക്കാനും അവർക്ക് ആവശ്യമായിട്ടുള്ള സഹായങ്ങൾ ചെയ്യാനും കഴിയൂ. അതുകൊണ്ടുതന്നെയാണ് ഒരു അമ്മകൂടിയായിട്ടുള്ള നമ്മുടെ

ആരോഗ്യ വകുപ്പുമന്ത്രി ഈ കേരളത്തിലെ ആരോഗ്യരംഗം മെച്ചപ്പെടുത്താൻ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് പരിശ്രമിക്കുന്നത് എന്ന വസ്തുത നമ്മൾ ഓരോരുത്തരും മനസ്സിലാക്കണം. ഇന്ന് കേരളം ലോകത്തിന് മാതൃകയാണ്. നമ്മുടെ രാഷ്ട്രപതിതന്നെ കൊല്ലത്ത് ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് കേരളം ആരോഗ്യരംഗത്ത് ഇന്ത്യയ്ക്ക് മാതൃകയാണ് എന്നാണ് പറഞ്ഞത്. ഇന്ത്യയ്ക്ക് മാത്രമല്ല ലോകത്തിന് മാതൃകയാണ് കേരളം. ഇവിടെ എല്ലാ മേഖലയിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുണ്ട്, അത് ആയുർവേദ മേഖയിലുണ്ട്, അലോപ്പതി മേഖലയിലുണ്ട്, ഹോമിയോപ്പതി മേഖലയിലുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രം, സമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവയെല്ലാം മറ്റൊരു സംസ്ഥാനത്തുമില്ല. അതുപോലെതന്നെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് തൊട്ടുമുമ്പായി കുടുംബ ക്ഷേമ കേന്ദ്രം. അങ്ങനെ ആരോഗ്യ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് പോകുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്.-ന്റെ ഭരണവും ഈ മൂന്ന് വർഷത്തെ എൽ.ഡി.എഫ്.-ന്റെ ഭരണവും തീർച്ചയായും ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. പകർച്ചവ്യാധികളായ ചിക്കൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി എന്നിവയും ഏറ്റവും അവസാനമായി വന്ന നിപ വൈറസും പിടിച്ചുനിർത്താൻ നമുക്ക് കഴിഞ്ഞു. പകർച്ചവ്യാധി തടയാൻ മുമ്പ് അമ്മ മഹാറാണിയായിരുന്നു തിരുവിതാംകൂറിൽ ഉണ്ടായിരുന്നത്. വസൂരി പോലെയുള്ള പകർച്ചവ്യാധി ദൈവകോപംമൂലമാണ് വരുന്നത് എന്ന് മനസ്സിലാക്കി ആളുകൾ അതിനെ ഭയപ്പെട്ടിരുന്ന കാലത്ത് അതിനെ പ്രതിരോധിക്കാൻ അന്ന് അമ്മ മഹാറാണിയുണ്ടായിരുന്നെങ്കിൽ ഇന്ന് കേരളത്തിലെ അമ്മ മഹാറാണിയാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിപ വൈറസ് വന്നപ്പോൾ ആളുകൾ വല്ലാതെ ഭയപ്പെട്ടിരുന്ന സമയത്ത് അതിനെ പ്രതിരോധിക്കാൻ ആരോഗ്യരംഗത്തെ ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും അതുപോലെ മുഴുവൻ ആളുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് വളരെ ശക്തമായ ഇടപെടൽ നടത്തിയതുമൂലം നിപ വൈറസ് പടർന്നുപിടിക്കാതെ ഈ കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ കഴിഞ്ഞുവെന്നുള്ള വസ്തുത നിങ്ങൾ മറന്നുപോകരുത്. കേരളം ആരോഗ്യ രംഗത്ത് മൂന്ന് വർഷംകൊണ്ട് അസൂയാവഹമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ആരോഗ്യ രംഗത്തെ മുഴുവൻ ജീവനക്കാരെയും ഒരുമിച്ചുനിർത്താൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞുവെന്നുള്ളതും പ്രശംസനീയമാണ്. മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞു. ഇവിടെ ശ്രീ.

ഐ. സി. ബാലകൃഷ്ണൻ പറഞ്ഞു, ഇന്ന് പലയിടത്തും ചെന്നാൽ ഡോക്ടർമാരില്ല ആളുകളെ നോക്കുന്നില്ല എന്ന്. ഇതായിരുന്നോ കഴിഞ്ഞ അഞ്ച് വർഷം! പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. കുടുംബാരോഗ്യ കേന്ദ്രത്തിൽ നേരത്തെ ഉച്ചയ്ക്ക് ഒരു മണിവരെ മാത്രമേ ഡോക്ടർമാർ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇന്ന് രാത്രിയും ഡോക്ടർമാരുണ്ട്. അവിടെ രോഗികൾക്കാവശ്യമായ പരിചരണവും മരുന്നും ലഭിക്കുന്നു. യോഗ അടക്കം എല്ലാ സംവിധാനങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കിക്കൊണ്ട് കേരളത്തിൽ ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ വേണ്ടിയുള്ള നല്ല പരിശ്രമമാണ് ഈ ഗവൺമെന്റ് നടപ്പാക്കിവരുന്നത്. എല്ലാ വിഷയത്തെയും സംബന്ധിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ ഒട്ടേറെ കാര്യങ്ങൾ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ വേണ്ടി നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നിരവധി പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പാക്കിവരുന്നത്. ശലഭം, ഹൃദ്യം, അമൃതം ആരോഗ്യം പദ്ധതി, നയനാമൃതം പദ്ധതി, ഡയബറ്റിക് ഫൂട്ട് ക്ലിനിക്ക്, ശ്വാസ്, ക്വാളിറ്റി അഷ്വറൻസ് പദ്ധതി, ലക്ഷ്യ, ആരോഗ്യ ജാഗ്രത, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ, ആരോഗ്യ കിരണം, ആരോഗ്യ ഗതാഗതം, ജനനി ശിശു സുരക്ഷ കാര്യക്രം തുടങ്ങിയ ധാരാളം പദ്ധതികളുണ്ട്. ഞാൻ അതെല്ലാം വായിക്കാൻ പോകുന്നില്ല. അതുപോലെ മൊബൈൽ ക്രഷ്, അഭയ കിരണം, സഹായ ഹസ്തം, കൈത്താങ്ങ്, പ്രഥമ സഹസ്ര ദിനങ്ങൾ, കരുതൽ സ്പർശം, കാവൽ, ശരണബാല്യം അങ്ങനെ എത്രയെത്ര പദ്ധതികളാണുള്ളത്. ഇതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ടാണ് പച്ചയായി ഈ ഗവൺമെന്റിനെ യു.ഡി.എഫ്. ആക്രമിക്കുന്നത്. ഇതോടൊപ്പംതന്നെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ നിരവധി സുപ്രധാന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയുർവേദ രംഗത്തും ഹോമിയോപതി രംഗത്തും അത്തരം നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വി കെയർ പദ്ധതി, ഓട്ടിസം പദ്ധതി, സ്പെഷ്യൽ അംഗൻവാടി, വയോമിത്രം, വയോഅമൃതം, വിദ്യാകിരണം പദ്ധതി, വനിത ശിശു വകുപ്പ് അങ്ങനെ തുടങ്ങി ഈ രംഗത്ത് വളരെയേറെ മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യക്ഷേമ മേഖലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പാക്കിയ ഒരു വാർത്ത ഞാൻ വായിച്ചതാണ്. അമ്മൂമ്മയുടെ പെൻഷൻ കിട്ടിയപ്പോൾ 'പൈസ കിട്ടിയെടാ മോനെ" എന്നുപറയുന്ന അമ്മൂമ്മ. നോട്ടിൽ പിടുത്തമിട്ട കൊച്ചുമോനോട് ചിരിച്ചുകൊണ്ട് വാങ്ങിച്ചോ എന്ന് ആ അമ്മൂമ്മ പറയുകയാണ്. രാധ എന്ന അമ്മൂമ്മയുടെ ഉള്ളുതുറന്നുപറച്ചിൽ. 'അതായത് എന്റെ അമ്മയുടെ കാലത്തുപോലും ഇതൊന്നും കിട്ടിയിട്ടില്ലായിരുന്നു. എനിക്ക് ആദ്യം പെൻഷൻ കിട്ടിയപ്പോഴും

മുമ്പൊക്കെ വല്ലപ്പോഴും കിട്ടിക്കൊണ്ടിരുന്നതുമായ ഉറപ്പില്ലാതിരുന്ന പെൻഷൻ ഇന്ന് കിട്ടുമെന്ന് ഉറപ്പായി. എല്ലാവർക്കും താങ്ങായി ഈ സർക്കാർ കൂടെയുണ്ട് എന്ന് ഒറ്റ ചോദ്യത്തിനായിരുന്നു പോങ്ങുമൂട് നെടിയവിള പുത്തൻവീട്ടിൽ എഴുപത്തിമൂന്നുകാരിയായ കെ. രാധ ഈ ഗവൺമെന്റിനെ അഭിനന്ദിച്ച് പറഞ്ഞത്. ഇതൊന്നും കാണാനുള്ള കണ്ണ് അവർക്കില്ല. ഇത് പരസ്യമല്ല. നിങ്ങൾ ഞങ്ങളെ കളിയാക്കുമ്പോഴും ഇത് കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ട്. ആ കേരളത്തെ തെറ്റിദ്ധരിപ്പിച്ചത് നിങ്ങളാണ്. മുമ്പ് ഞാൻ സംസാരിച്ചപ്പോൾ നിങ്ങൾ പറഞ്ഞല്ലോ ജനം മനസ്സിലാക്കുകയാണെന്ന്. നിങ്ങൾ ആ പറഞ്ഞതിന്റെ അർത്ഥം ഞങ്ങൾക്ക് അറിയാം. വാർദ്ധക്യത്തിൽ മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കാൻ 1200 രൂപ വീട്ടിൽ കൊണ്ടെത്തിച്ചത് ഞങ്ങളാണ്. നിങ്ങളല്ല. അത് തെറ്റാണോ. തെറ്റാണെങ്കിൽ ആ തെറ്റ് ഞങ്ങൾ ചെയ്യും.

1.00 P.M.]

മനുഷ്യരെ മതം തിരിച്ചും ജാതി തിരിച്ചും കാണാതെ മനുഷ്യനായി കണ്ടത് തെറ്റാണെങ്കിൽ ആ തെറ്റ് ഞങ്ങൾ ചെയ്യും. സ്ത്രീക്ക് പുരുഷനോടൊപ്പം എല്ലാ അവകാശങ്ങളുമുണ്ടെന്ന് സുപ്രീംകോടതി പറഞ്ഞപ്പോൾ അത് ശരിവച്ച് അവരെ തങ്ങളോടൊപ്പം നിർത്തി ഞങ്ങൾ നിങ്ങൾക്കൊപ്പമാണെന്ന് പറഞ്ഞത് തെറ്റാണെങ്കിൽ ആ തെറ്റ് ഞങ്ങൾ ഇനിയും ചെയ്യും. നിങ്ങൾ അതിനെ വേറെ രീതിയിൽ ന്യായീകരിച്ചു. ഓഖിയും നിപയും മഹാപ്രളയവും വന്നപ്പോൾ ഈ നാട്ടിലെ സാധാരണക്കാർ മുതൽ മന്ത്രിമാർവരെ രാപ്പകലില്ലാതെ ഊണും ഉറക്കവും ജനങ്ങൾക്കൊപ്പമാക്കി സ്നേഹത്തോടെ കരം ചേർത്തുപിടിച്ചു. അത് തെറ്റാണെങ്കിൽ ആ തെറ്റ് ഞങ്ങൾ ഇനിയും ചെയ്യും. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയതും പൂട്ടിക്കിടന്ന സ്ഥാപനങ്ങളെ തുറന്നുവച്ചതും കുട്ടികൾക്ക് ഹൈടെക്ക് ക്ലാസ്സുകളിൽ പഠിക്കാൻ സൗകര്യമൊരുക്കിയതും തെറ്റാണെങ്കിൽ ആ തെറ്റ് ഞങ്ങൾ ഇനിയും ചെയ്യും. സ്കൂൾ തുറന്ന് ആറ് മാസം കഴിഞ്ഞിട്ടും പാഠപുസ്തകം കിട്ടാതിരുന്ന കുട്ടികൾക്ക് സൗജന്യ യൂണിഫോമും പുസ്തകവും സ്കൂൾ തുറക്കുന്നതിനുമുമ്പ് എത്തിച്ചുകൊടുത്തത് തെറ്റാണെങ്കിൽ ആ തെറ്റ് ഞങ്ങൾ ഇനിയും ചെയ്യും. പ്രളയം വന്ന് സർവ്വ നാശം വിതച്ചപ്പോൾ കേന്ദ്രവും ഇവിടത്തെ കോൺഗ്രസും ബി.ജെ.പി.-ക്കാരും സഹായിച്ചില്ലെന്ന് മാത്രമല്ല സഹായിക്കാൻ ശ്രമിച്ചവരെ തടയുകയും ചെയ്തു. അപ്പോഴും പേടിക്കേണ്ട, സർക്കാർ ഒപ്പമുണ്ടെന്ന് പറയുക മാത്രമല്ല ജനങ്ങൾക്ക് എല്ലാ സഹായങ്ങളും ഈ സർക്കാർ ചെയ്തുകൊടുത്തു. അത് ഞങ്ങൾ ഇനിയും ചെയ്യും. ഇനിയൊരു നൂറ് തെരഞ്ഞെടുപ്പുകളിൽ ഞങ്ങൾ തോറ്റാലും ഈ തെറ്റുകൾ ഞങ്ങൾ ചെയ്യും,

ചെയ്തുകൊണ്ടേയിരിക്കും. കാരണം തെരഞ്ഞെടുപ്പിലെ സീറ്റിനേക്കാൾ ഞങ്ങൾക്ക് വലുത് മനുഷ്യത്വമാണ്. ഞങ്ങളുടെ നെഞ്ചിലെ അവസാന ശ്വാസം വരെയും ഈ തെറ്റുകൾ ചെയ്യും. അപ്പോഴും ഞങ്ങൾ ഒരു കയ്യിൽ ചെങ്കൊടി ഉയർത്തിപ്പിടിക്കും. അതിനെ ഒരു കാരണവശാലും എതിർക്കാൻ കഴിയില്ല.

ഞാൻ നിങ്ങളോട് ചോദിക്കുകയാണ് ബി.ജെ.പി.-ക്ക് ഒറ്റയ്ക്ക് രാജ്യം ഭരിക്കാൻ ഇപ്പോൾ അവസരം ഉണ്ടാക്കിയത് ആരാണ്; കോൺഗ്രസാണ്. കോൺഗ്രസ് ഭരിക്കുന്ന കർണാടകയിലും രാജസ്ഥാനിലും മദ്ധ്യപ്രദേശിലും ബി.ജെ.പി. കുതിച്ച് കയറിയത് ആരുടെ കഴിവുകൊണ്ടാണ്; കോൺഗ്രസിന്റെ കഴിവുകൊണ്ടാണ്. യു.പി.-യിൽ പ്രതിപക്ഷ വോട്ടുകൾ ഭിന്നിപ്പിച്ച് കാവിപ്പടയ്ക്ക് അവസരം ഉണ്ടാക്കിക്കൊടുത്തത് ആരാണ്; അതും കോൺഗ്രസാണ്. ഡൽഹിയിലും പഞ്ചാബിലും ഹരിയാനയിലും പ്രതിപക്ഷത്തെ ഇറക്കി തകർത്തത് ആരാണ്; അതും കോൺഗ്രസാണ്. യഥാർത്ഥത്തിൽ ശ്രീ. നരേന്ദ്ര മോദി ഇപ്പോൾ കടപ്പെട്ടിരിക്കുന്നത് കോൺഗ്രസിനോടാണ്. ബി.ജെ.പി.-യെ പ്രതിരോധിക്കാൻ കോൺഗ്രസിന് കഴിയുമെന്ന് ധരിച്ച് വോട്ട് ചെയ്തവരാണ് ഇവിടെ നാണം കെട്ടത്. ബി.ജെ.പി. വന്നാലും വേണ്ടില്ല കമ്മ്യൂണിസ്റ്റുകാർ വരരുതെന്ന് ആഗ്രഹിക്കുന്നവരാണ് കേരളത്തിലെ യു.ഡി.എഫ്. അതുകൊണ്ടാണവർ തന്ത്രപൂർവ്വം കരുക്കൾ നീക്കിയത്. ശ്രീ. രാഹുൽ ഗാന്ധിയെ വയനാട്ടിൽ മത്സരിപ്പിച്ചതും അതിന്റെ ഭാഗമായാണ്. രക്ഷകൻ വന്നുവെന്ന് പറഞ്ഞ് ന്യൂനപക്ഷ വിഭാഗത്തെ തെറ്റിദ്ധരിപ്പിച്ചു. ശബരിമല വിഷയത്തെ ഉയർത്തി ഭൂരിപക്ഷ സമുദായങ്ങളുടെ ഇടയിലും ആശയക്കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചു. തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം കൃത്യമായി രാഷ്ട്രീയം പറഞ്ഞാണ് വോട്ട് പിടിച്ചത്. ജനങ്ങളുടെ ജീവിത ദുരിതം പറഞ്ഞാണ് ഇടതുപക്ഷം വോട്ട് പിടിച്ചത്. എന്നാൽ ബി.ജെ.പി.-യും കോൺഗ്രസും വർഗ്ഗീയത പറഞ്ഞും ആശങ്ക വരുത്തിയും പ്രചരണം നടത്തി. ഒടുവിൽ ഈ കളിയിൽ അവർ ജയിച്ചു. തോറ്റത് കമ്മ്യൂണിസ്റ്റുകാരല്ല, വേറിട്ട രാഷ്ട്രീയമാണ്. ചെങ്കൊടിക്ക് ചരമഗീതം പാടുന്നവർ സ്വയം ഓർക്കണം നിങ്ങൾ നിങ്ങൾക്കുവേണ്ടിയാണ് ഈ ചരമഗീതം പാടുന്നതെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. പ്രഖ്യാപനങ്ങളും പ്രചാരണങ്ങളും ഒട്ടേറെ നടന്നെങ്കിലും കാര്യമായൊന്നും ഫീൽഡിൽ നടന്നിട്ടില്ല. അതുകൊണ്ടുതന്നെ ജനങ്ങൾക്ക് അതിന്റെ പ്രയോജനങ്ങൾ കാര്യമായി ലഭിച്ചിട്ടില്ല. ഡോക്ടർമാരുടെ സേവന സമയം ദീർഘിപ്പിച്ചുവെന്ന പ്രഖ്യാപനങ്ങൾ വരുന്നുണ്ടെങ്കിലും പൊതുജനങ്ങൾക്ക് ഫലം ലഭിക്കുന്നില്ല. ഡോക്ടർമാരുടെയും ചികിത്സാ സംവിധാനങ്ങളുടെയും

അഭാവം കാരണം നിരവധി മരണങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇതിനൊരു ശാശ്വതപരിഹാരം ഉണ്ടായേ മതിയാകൂ. കോട്ടയം മെഡിക്കൽ കോളേജടക്കം മൂന്ന് ആശുപത്രികൾ ലഭിച്ചിട്ടും ചികിത്സ കിട്ടാതെ ആംബുലൻസിൽ കിടന്ന് മരിക്കേണ്ടി വന്ന സംഭവം നാം പത്രങ്ങളിൽ വായിച്ചു. ഇടുക്കി കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിൽനിന്ന് വിദഗ്ധ ചികിത്സ നിർദ്ദേശിച്ചതിനെ തുടർന്നാണ് 72 വയസ്സുകാരനായ ജേക്കബ് തോമസിനെ ഉച്ചയോടെ കോട്ടയം മെഡിക്കൽ കോളേജിലെത്തിച്ചത്. വെന്റിലേറ്റർ ഇല്ലെന്ന കാരണം പറഞ്ഞുകൊണ്ട് മറ്റ് രണ്ട് സ്വകാര്യ ആശുപത്രികളിൽ കൊണ്ടുപോയെങ്കിലും അദ്ദേഹം ചികിത്സ കിട്ടാതെ ആംബുലൻസിൽ വച്ചുതന്നെ മരിക്കുകയാണുണ്ടായത്. ഗുരുതരാവസ്ഥയിലുള്ള രോഗികളെ ഇതുപോലെ റഫർ ചെയ്യുമ്പോൾ പാലിക്കേണ്ട യാതൊരു നടപടിക്രമവും ഇവിടെ പാലിച്ചിട്ടില്ല. വെന്റിലേറ്റർ സഹായം ആവശ്യമുള്ള രോഗിയാകുമ്പോൾ നേരത്തെതന്നെ ഇക്കാര്യം ഉറപ്പുവരുത്തി വെന്റിലേറ്റർ ഉള്ള സ്ഥലങ്ങളിലേയ്ക്ക് അയയ്ക്കണമായിരുന്നു. മനുഷ്യജീവന് ഒരു വെന്റിലേറ്ററിന്റെ വില പോലുമില്ലാത്ത അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. 2017 ആഗസ്റ്റിൽ അപകടത്തിൽ പരിക്കേറ്റ് ഗുരുതരാവസ്ഥയിലായിട്ടും ചികിത്സ നിഷേധിക്കപ്പെട്ട് മരണമടഞ്ഞ തിരുനെൽവേലി സ്വദേശി മുരുകനെ വെന്റിലേറ്റർ സൗകര്യമില്ലാത്തതിനാലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കാതിരുന്നത്. ഏഴ് മണിക്കൂറോളം വിവിധ ആശുപത്രികളുടെ കാരുണ്യം കാത്ത് കിടന്ന മുരുകനും ആംബുലൻസിൽ കിടന്ന് മരിച്ചു. അതിനേക്കാൾ ഭീകരമാണ് അവയവംമാറ്റി ഓപ്പറേഷൻ നടത്തുന്നതും കാൻസർ ഇല്ലാത്ത രോഗിക്ക് കീമോതെറാപ്പി നൽകുന്നതും. സ്വകാര്യ ലാബുകൾ നൽകിയ റിപ്പോർട്ടിനെ പഴിചാരി കയ്യൊഴിയുന്ന അവസ്ഥയാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജിലെ അവസ്ഥയും ഇതുതന്നെയാണ്. ശ്രീമതി രജനിയെ ഇല്ലാത്ത കാൻസറിന്റെ പേരിൽ കീമോതെറാപ്പിക്ക് വിധേയമാക്കിയ കഥ നമ്മളെല്ലാവരും അറിഞ്ഞതാണ്. ഇവർക്കുണ്ടായ നഷ്ടം ആരാണ് നികത്തുക; ഇതേ അവസ്ഥ തന്നെയാണ് നടൻ സി. ജെ. കുഞ്ഞുകുഞ്ഞിനും ഉണ്ടായത്. ശ്വാസകോശ അർബുദമാണെന്ന് പറഞ്ഞ് 2018 മാർച്ച് മുതൽ ഒക്ടോബർ വരെ കീമോതെറാപ്പി അദ്ദേഹത്തിന് നൽകി. കീമോതെറാപ്പി കാരണം പ്രതിരോധശേഷി കുറഞ്ഞ് ന്യുമോണിയ വന്നാണ് അദ്ദേഹം മരിച്ചതെന്നാണ് ഭാര്യ പറയുന്നത്. ഇത്തരം സംഭവങ്ങളുണ്ടായതിനു ശേഷം അന്വേഷണം നടത്തിയതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്; ഇത് സംഭവിക്കുന്നത് കേരളത്തിലാണെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇതുപോലുള്ള മാരകമായ രോഗങ്ങൾക്ക്, പ്രത്യേകിച്ച് ക്യാൻസർ പോലുള്ള

രോഗങ്ങൾക്ക് ഒരു ലാബിലെ റിസൽട്ട് അല്ലെങ്കിൽ ഒരു ഡോക്ടറുടെ ഉപദേശം മാത്രം സ്വീകരിച്ചുകൊണ്ട് ചികിത്സയിലേയ്ക്ക് നീങ്ങുന്നതിനുപകരം നിർബന്ധമായും രണ്ടാമതൊരു ഡോക്ടറുടെ വിദഗ്ദ്ധ ഉപദേശം തേടിയതിനുശേഷം ചികിത്സ ആരംഭിക്കുകയാണെങ്കിൽ ഇതുപോലുള്ള പ്രശ്നങ്ങൾ ഉണ്ടാകില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാന്യനായ ശ്രീ. പാറക്കൽ അബ്ദുല്ല നേരത്തെ ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചുവെന്നാണ് എനിക്ക് അറിയാൻ സാധിച്ചത്. വിദഗ്ദ്ധ ഡോക്ടർമാർ ഇല്ലാത്തതിനാൽ ദിവസവും ആയിരക്കണക്കിന് രോഗികൾക്കാണ് ചികിത്സ മുടങ്ങുന്നത്. 48 താലൂക്ക് ആശുപത്രികളിൽ കുട്ടികളുടെയും സ്ത്രീകളുടെയും ചികിത്സാ വിഭാഗം നിശ്ചലമായിട്ട് നാളുകളേറെയായി. ഡോക്ടർമാരുടെ നിയമന വിഷയത്തിൽ സർക്കാർ തുടരുന്ന അലംഭാവം പ്രതിരോധ പ്രവർത്തനങ്ങൾ ദുർബലപ്പെടുത്തുന്നതായി ആരോഗ്യ വകുപ്പ് ഡയറക്ടർ തന്നെ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെ വീഴ്ചകളിൽനിന്ന് പാഠം പഠിക്കുമെന്ന് കരുതിയെങ്കിലും ആരോഗ്യ വകുപ്പിന്റെ കെടുകാര്യസ്ഥതയ്ക്ക് ഒരു കുറവുമില്ലെന്നാണ് കാര്യങ്ങൾ വ്യക്തമാക്കുന്നത്. പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ തുടങ്ങിയ ഈ സാഹചര്യത്തിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താതെയിട്ടിരിക്കുകയാണ്. ആരോഗ്യ വകുപ്പിൽ 1200-ഓളം ഡോക്ടർമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മെഡിക്കൽ കോളേജിൽ മാത്രം 542 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ജില്ലാ ആശുപത്രികളിൽ 282 ഡോക്ടർമാരുടെയും താലൂക്കാശുപത്രികളിൽ 314 ഡോക്ടർമാരുടെയും പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 128 ഡോക്ടർമാരുടെയും തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ പ്രധാന വിഭാഗങ്ങളിൽപ്പോലും ഡോക്ടർമാരില്ല. മഞ്ചേരി മെഡിക്കൽ കോളേജ് വെറും റഫറൽ ആശുപത്രിയായി മാറിയിരിക്കുന്നു. ഇതുപോലൊരു മെഡിക്കൽ കോളേജുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്; ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും വഞ്ചി ഇപ്പോഴും തിരുനക്കര തന്നെയാണ്. സംസ്ഥാനത്ത് ഡെങ്കിപ്പനിയും മഞ്ഞപ്പിത്തവും ചെള്ള് പനിയും പടർന്നുകൊണ്ടിരിക്കുകയാണ്. നിപ ഉണ്ടെന്നും ഇല്ലെന്നും പറയുന്നു. ഡെങ്കിപ്പനി കാരണം 2016-ൽ 21 പേരും 2017-ൽ 165 പേരും 2018-ൽ 32 പേരും 2019-ൽ ഇതുവരെ 3 പേരും മരിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. അതിനേക്കാൾ ഭയാനകമാണ് ലാബുകളുടെ അവസ്ഥ. സർക്കാർ ആശുപത്രികളിൽ സൗകര്യമില്ലാത്തതിനാൽ സ്വകാര്യ ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് ഒരു ആധികാരികതയും ഇല്ലാത്ത അവസ്ഥയാണ്. യാതൊരുവിധ യോഗ്യതകളും ഇല്ലാത്തവരാണ് മിക്ക ലാബുകളിലും പരിശോധന

നടത്തുന്നത്. ഇതിനുപുറമെ ഇത്തരം ലാബുകൾ സ്വന്തമായി കോഴ്സുകളും നടത്തുന്നുണ്ട്. ഇതൊന്നും പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ലാത്ത അവസ്ഥയാണ്. 'പുര കത്തുമ്പോൾ ഊരുന്ന കഴുക്കോൽ ലാഭം' എന്ന അവസ്ഥയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. എക്സ്റേ മെഷീനുകൾ ഇല്ലാത്ത സ്വകാര്യ ലാബുകൾ വരെ എക്സ്റേ ടെക്നീഷ്യൻ കോഴ്സുകൾ നടത്തുന്നുണ്ട്. പല ലാബുകളുടെയും പരിശോധന നടക്കുന്നത് മുംബൈയിലാണെന്നാണ് അറിയുന്നത്. 90 ശതമാനം ലാബുകളിലും ഉപകരണങ്ങളുടെ റീഡിംഗുകളിലെ കൃത്യത ഉറപ്പാക്കുന്നതിനുള്ള calibration ചെയ്യുന്നത് ആരോഗ്യ രംഗത്ത് അടിസ്ഥാന പരിചയംപോലും ഇല്ലാത്തവരാണ്. ഇതിന് പരിഹാരം കാണാൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കാര്യക്ഷമമായി നടപ്പിലാക്കിയേ മതിയാകൂ. സ്കാനിംഗ് ടെസ്റ്റുകളിലെ അപാകത കാരണം ഗർഭസ്ഥ ശിശുക്കൾ മരണമടയുന്നത് സ്ഥിരം വാർത്തയായിരിക്കുന്നു. മെഡിക്കൽ കോളേജിലെ പല ഉപകരണങ്ങളുടെയും കാലാവധി കഴിഞ്ഞ് ഇരട്ടിയിലധികം വർഷങ്ങൾ കഴിഞ്ഞിട്ടും അത് മാറ്റി സ്ഥാപിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്വകാര്യ ലാബുകളെ സഹായിക്കാൻ വേണ്ടിയാണ് ഇത് ചെയ്യുന്നത് എന്നാണ് ആരോപണങ്ങൾ വരുന്നത്. അതുപോലെ മഞ്ചേരി മെഡിക്കൽ കോളേജിൽ മൂക്കിലെ ദശ മാറ്റാൻ ചെന്ന ഏഴ് വയസ്സുകാരന് ഹെർണിയയുടെ ഓപ്പറേഷൻ നടത്തി. ഓപ്പറേഷൻ തിയേറ്ററിന് പുറത്തേയ്ക്കു കൊണ്ടുവന്നപ്പോഴാണ് കുട്ടിയുടെ വയറ്റിൽ ഓപ്പറേഷൻ നടത്തിയ വിവരം രക്ഷിതാക്കളുടെ ശ്രദ്ധയിൽപ്പെട്ടത്. പരാതിപ്പെട്ടപ്പോൾ കുഴപ്പമില്ല, ദശ മാറ്റുന്ന ഓപ്പറേഷൻ ഞങ്ങൾതന്നെ ചെയ്തുതരാമെന്ന് നിസ്സാരമായി പറഞ്ഞുവെന്നാണ് അറിയുന്നത്. ഇങ്ങനെയാണെങ്കിൽ പനിക്കോ വയറിളക്കത്തിനോ ചെല്ലുന്നവരെ ഓപ്പറേഷൻ ചെയ്യുന്ന സ്ഥിതി വിശേഷമുണ്ടാകുമെന്ന് നമ്മൾ ഭയപ്പെടേണ്ടിയിരിക്കുന്നു. 2014 ഡിസംബറിൽ ഉമ്മൻ ചാണ്ടി സർക്കാർ നടപ്പിലാക്കിയ അർബുദ രോഗികൾക്കുള്ള 'സുകൃതം' പദ്ധതി ഇപ്പോൾ നിലച്ചിരിക്കുകയാണ്. പദ്ധതിയുടെ ഭാഗമായി നൽകിയിരുന്ന മരുന്നുകളുടെ പണമടയ്ക്കാൻ സർക്കാർ തയ്യാറാകാത്തതാണ് ഈ പദ്ധതി മുടങ്ങാൻ കാരണം. അർബുദ രോഗികൾക്ക് കാരുണ്യ പദ്ധതിക്കുപുറമേ 3 ലക്ഷം രൂപയുടെ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതിയായിരുന്നു അത്. സംസ്ഥാനത്തെ താലൂക്കാശുപത്രികൾ റഫറൽ ആശുപത്രികളായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ആവശ്യമായി വരുന്ന രോഗികൾക്ക് ഇത്തരം ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല. ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടറെ ഒരു രോഗി കണ്ടശേഷം അടുത്ത പ്രാവശ്യം വരുന്ന സമയത്ത് ആ ഡോക്ടർ ഉണ്ടാകുന്നില്ല. അതുകൊണ്ടാണ് ജനങ്ങൾ പ്രൈവറ്റ് ആശുപത്രികളെ

ആശ്രയിക്കുന്നത്. സാധാരണ ഒ.പി.-കളിലും മറ്റും അസിസ്റ്റന്റ് സർജൻമാരെ നിയമിച്ച് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ അത്തരം രോഗികളെ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തണം. രാത്രി ഡ്യൂട്ടി നൽകുമ്പോൾ പിറ്റേന്ന് പകൽ അവരുടെ സേവനം ലഭ്യമാകില്ല. എല്ലാ താലൂക്കാശുപത്രികളിലും മിനിമം ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടറെങ്കിലും എല്ലാ സമയത്തും എല്ലാ വകുപ്പുകളിലും ഉണ്ടാകുമെന്ന് ഉറപ്പുവരുത്തണം. അതിൽ ഫിസിഷ്യൻമാർക്കും ഗൈനക്കോളജി ഡോക്ടർമാർക്കും മുൻഗണന നൽകണം. ആശുപത്രികളിൽ ഐ.പി. സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നിയമം കൊണ്ടുവരണം. മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യേണ്ടി വരുന്ന അടിയന്തര സാഹചര്യങ്ങളിൽ മാത്രം താലൂക്കാശുപത്രികളിൽനിന്ന് രോഗികളെ റഫർ ചെയ്യുന്ന രീതിയിലേയ്ക്ക് എത്തിക്കണം. ഇപ്പോൾ എന്തിനും ഏതിനും റഫർ ചെയ്യുകയാണ്. ഈ രൂപത്തിലാണെങ്കിൽ മെഡിക്കൽ കോളേജുകൾ മാത്രം മതിയാകും. അഡ്മിറ്റ് ചെയ്താൽ അത്തരം രോഗികളെ വീണ്ടും പരിശോധിക്കേണ്ടി വരുമെന്നതിനാലാണ് വേഗം റഫർ ചെയ്യുന്നത്. ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. സർക്കാരിന് സാമ്പത്തിക ബാധ്യത പ്രശ്നമാകുന്നുണ്ടെങ്കിൽ ചെറിയ ഫീസ് ഈടാക്കാവുന്നതാണ്. ഒരു ലക്ഷവും അമ്പതിനായിരവും സ്വകാര്യ ആശുപത്രിയിൽ ചെലവുവരുന്ന ചികിത്സയ്ക്ക് നിർബന്ധമാണെങ്കിൽ ആയിരമോ രണ്ടായിരമോ ഫീസ് ഈടാക്കിയാൽ വലിയ പ്രയാസം ഉണ്ടാകില്ല. ചികിത്സ തീരെ നൽകാതിരിക്കുന്നതിനേക്കാൾ നല്ലതാണ് ചെറിയ ഫീസ് ഈടാക്കുന്നത്. നമ്മുടെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണിൽ അടിയന്തരമായി കാലോചിതമായ മാറ്റങ്ങൾ വരുത്തണം. താലൂക്കാശുപത്രികളിലെ ഓരോ വിഭാഗത്തിലും 5 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ച് എല്ലാ സമയവും ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം. താലൂക്കാശുപത്രികളിലെ ഗൈനക്കോളജി വിഭാഗവും കാഷ്വാലിറ്റി വിഭാഗവും കാര്യക്ഷമമാക്കണം. ആദ്യത്തെ പ്രസവമാണെങ്കിൽ പരിശോധിക്കാൻ തയ്യാറാകാത്ത ഗൈനക്കോളജിസ്റ്റുകളുണ്ട്. എന്റെ നിയോജകമണ്ഡലമായ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ അങ്ങനെ ഒരു പ്രശ്നമുണ്ടായിരുന്നു. പ്രായമായ രോഗികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനുള്ള സംവിധാനം സർക്കാർ ആശുപത്രികളിൽ ഒരുക്കണം. സംസ്ഥാനത്തെ ഏറ്റവും നല്ല താലൂക്കാശുപത്രിയായി തെരഞ്ഞെടുത്ത ആശുപത്രിയാണ് എന്റെ നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി താലൂക്കാശുപത്രി. ഇവിടെ ട്രോമാകെയർ യൂണിറ്റ് അനുവദിക്കുന്നതിന് നിരവധി തവണ ആരോഗ്യ വകുപ്പിനോടും ആരോഗ്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. ഇതുവരെ നടപടിയായിട്ടില്ല. നിലവിൽ മലപ്പുറം ജില്ലയിൽ ഒരിടത്തും ട്രോമാകെയർ

യൂണിറ്റില്ല. ദേശീയപാത, റെയിൽവേ, തീരദേശ ഹൈവേ, തീരദേശം, ഇന്ത്യൻ ഓയിലിന്റെ ഗ്യാസ് പ്ലാന്റ്, വിമാനത്താവളം എന്നിവയുടെ പരിസരത്തായതിനാൽ തിരൂരങ്ങാടി താലൂക്കാശുപത്രിയാണ് ഇതിന് ഏറ്റവും അനുയോജ്യമായ സ്ഥലം. മുമ്പ് പൂക്കിപ്പറമ്പ് ബസ് ദുരന്തത്തിലും കടലുണ്ടി റെയിൽ അപകടത്തിലും ഈ ആശുപത്രിയെയാണ് ആശ്രയിച്ചിരുന്നത്. തിരുരങ്ങാടി ഉൾപ്പെടെയുള്ള താലൂക്കാശുപത്രികളിൽ ഐ.സി.യു., വെന്റിലേറ്റർ എന്നിവ തുടങ്ങണം. ട്രോമാകെയർ യൂണിറ്റുപോലെ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടിക്കുവേണ്ടിയും ആരോഗ്യ വകുപ്പ് മുമ്പാകെ പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ അനുവദിച്ചിട്ടില്ല. ബ്ലഡ് ബാങ്കിന്റെ കാര്യത്തിൽ സർക്കാരിന് സാമ്പത്തിക ബാധ്യത വരുന്നില്ല. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സൗജന്യമായി ഈ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് സ്ഥാപിച്ചുനൽകാൻ തയ്യാറാണ്. ഈ കാര്യവും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നൽകിയ പ്രൊപ്പോസലിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ അവിടെ കാത്ത് ലാബ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ എം.എൽ.എ. എന്ന നിലയിൽ ആരോഗ്യ വകുപ്പുമന്ത്രിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും സമീപിച്ചിരുന്നു. നിലവിൽ നെഫ്രോളജി യൂണിറ്റുള്ള ആശുപത്രി കൂടിയാണിത്. ഇക്കാര്യത്തിലും അനുകൂല നടപടി അടിയന്തരമായി സ്വീകരിക്കണം. അതുപോലെ ഈ ആശുപത്രിയിൽ പ്രതിദിനം മൂന്ന് ഷിഫ്റ്റുകളിലായി 48 രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്ത് നൽകുന്നുണ്ട്. ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും വഹിക്കുന്നത് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയാണ്. നാട്ടുകാരുടെയും സന്നദ്ധ സംഘടനകളുടെയും താലൂക്ക് പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അകമഴിഞ്ഞ സഹായം കൊണ്ടാണ് ഇത് നടക്കുന്നത്. തികച്ചും അഭിനന്ദനാർഹമായ ഈ പദ്ധതിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്ന് നിശ്ചിത തുക അനുവദിക്കുന്നതിന് വർഷാവർഷം കാത്തിരിക്കേണ്ട അവസ്ഥയാണ്. ഇതിന് ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് സ്ഥിരം സംവിധാനമുണ്ടാക്കി ഉത്തരവിറക്കണം. അതുപോലെ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച നെഫ്രോളജി യൂണിറ്റിലേയ്ക്ക് ഇതുവരെ തസ്തികകൾ അനുവദിച്ചിട്ടില്ല. തസ്തികകൾ അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് പി.എച്ച്.സി.-കളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കിയ നടപടി ഇപ്പോഴും പാതിവഴിയിൽ നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ നന്നമ്പ്ര, പെരുമണ്ണ, ക്ലാരി എന്നീ ആശുപത്രികളും ഇതിലുൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതികൾ

നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഹൃദ്രോഗ ചികിത്സയ്ക്ക് നൂതന സാങ്കേതികവിദ്യകളോടുകൂടിയ ആശുപത്രി മലബാറിൽ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അടിയന്തര ചികിത്സ കിട്ടേണ്ട രോഗികളെ മലബാറിൽനിന്നും തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ആശുപത്രിയിൽ എത്തിക്കുന്നതിനുപകരം മലബാറിൽ തന്നെ അതിന് ആവശ്യമായ സംവിധാനമുണ്ടാക്കണം. സർക്കാർ ആശുപത്രികളിൽ രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ എല്ലാ വിഭാഗം ഡോക്ടർമാരുമുണ്ടാകും. എന്നാൽ ഉച്ചയ്ക്ക് 1.00 മണിക്കുശേഷം ഡോക്ടർമാർ ഉണ്ടാവുകയില്ല. ആരെയും ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ഇതിന് അടിയന്തര പരിഹാരമുണ്ടാക്കണം. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഒരു ദിവസം ശരാശരി 2200 രോഗികൾ ചികിത്സതേടി വരുന്നുണ്ട്. എന്നാൽ അതിനുവേണ്ട ഡോക്ടർമാർ പലപ്പോഴും ലഭ്യമല്ല. ഇവിടെ ഒരു അനസ്തേഷ്യ ഡോക്ടർ മാത്രമാണുള്ളത്. ഈ ഡോക്ടർ എല്ലാ സമയവും ലഭ്യമല്ലാത്തതിനാൽ ഇവിടത്തെ കാര്യങ്ങൾ വേണ്ട രൂപത്തിൽ മുന്നോട്ടുപോകാത്ത അവസ്ഥയുണ്ട്. ആവശ്യത്തിന് അനസ്തേഷ്യ ഡോക്ടർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽ പ്രവർത്തിക്കുന്ന പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നിരവധി തവണ നിവേദനങ്ങൾ നൽകിയിരുന്നു. ആശുപത്രി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ നിലവിലുള്ള ആശുപത്രിയാണിത്. ഒന്നരക്കോടി രൂപ ചെലവഴിച്ച് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്ന ആശുപത്രിയാണ്. അഞ്ച് കിലോമീറ്റർ ചുറ്റളവിൽ മറ്റ് ആശുപത്രികളില്ല. ഈ കാര്യത്തിൽ അനുകൂല നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള ആയുർവേദ ആശുപത്രിയിൽ 10 ബെഡ്ഡുകൾ അനുവദിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആയുർവേദാശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾകൂടി ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.........പ്ലീസ്.... 3 മിനിറ്റ് അധികം എടുത്തു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഒരു മിനിറ്റ് കൂടി അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ആവശ്യങ്ങളെല്ലാം എഴുതി മന്ത്രിയുടെ കയ്യിൽ ഏൽപ്പിച്ചാൽ മതി.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെയും പൊതുവേയുമുള്ള ആശുപത്രികളുമായി ബന്ധപ്പെട്ടുകൊണ്ട് സ്റ്റാഫ് പാറ്റേണിന്റെ കാര്യത്തിലും ഉപകരണങ്ങളുടെ കാര്യത്തിലും കൃത്യമായ നടപടികളുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. പ്രഖ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നില്ല എന്നുള്ളതുകൊണ്ട് പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ കുറെക്കൂടി കാര്യക്ഷമമാക്കാനുള്ള ശ്രദ്ധയുണ്ടാകണം. മണ്ഡലത്തിന്റെ കാര്യങ്ങൾ പറഞ്ഞതിൽ കുറേക്കൂടി ശ്രദ്ധവേണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഒരു ഭരണകക്ഷി അംഗത്തിന്റെ ബാധ്യത എന്ന നിലയിൽ മാത്രമല്ല വളരെ അഭിമാനത്തോടും സന്തോഷത്തോടും കൂടിയാണ് ആരോഗ്യ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യരംഗത്തും സാമൂഹ്യനീതി വകുപ്പിലും വന്നിട്ടുള്ള മാറ്റങ്ങൾ നോക്കിയാൽ മനസ്സിലാകും. ഈ വലിയ മാറ്റങ്ങൾ രാഷ്ട്രീയപ്രേരിതമായി യു.ഡി.എഫ്.-ന്റെ അംഗങ്ങൾക്കല്ലാതെ മറ്റാർക്കും നിഷേധിക്കാനാകില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യരംഗത്ത് കേട്ടിട്ടുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും കെടുകാര്യസ്ഥതയും എന്തൊക്കെയായിരുന്നു എന്നുള്ളതുകൂടി ഓർത്തെടുക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ഗുണം ചെയ്യുമെന്നാണ് കരുതുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകാൻ ഈ സന്ദർഭം വിനിയോഗിക്കുന്നില്ല. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ നാല് പ്രധാനപ്പെട്ട മിഷനുകളിലൊന്നാണ് 'ആർദ്രം' പദ്ധതി. ആ പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞത്. എല്ലാ മണ്ഡലങ്ങളിലുമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനായത്. 504 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്തുകഴിഞ്ഞു. ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിലൂടെ കൂടുതൽ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുകളും മരുന്നുകളും ലാബുകളും വരികയാണ്. 12 മണിക്കൂർ നീണ്ടുനിൽക്കുന്ന ചികിത്സാ സേവനം ലഭ്യമാകുകയാണ്. ഇതിന്റെയൊക്കെ ഭാഗമായിട്ടാണ് സർക്കാർ ആശുപത്രികളിലേയ്ക്ക് കൂടുതൽ രോഗികൾ വന്നെത്തുന്നതെന്നുള്ളത് കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമാണ്. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ വിജയംപോലെതന്നെ 'ആർദ്രം' പദ്ധതിയുടെ ഭാഗമായി സാധാരണക്കാരായ ആളുകൾ ഉൾപ്പെടെയുള്ള പൊതുസമൂഹം വിശ്വാസം അർപ്പിച്ചുകൊണ്ട് സർക്കാരാശുപത്രികളിലേയ്ക്ക് കടന്നുവരുന്ന കാഴ്ച ഇന്ന് കാണാൻ കഴിയുന്നുണ്ട്.

"ആർദ്രമീ ധനുമാസ രാവുകളിലൊന്നിൽ ആതിര വരും പോകുമല്ലേ സഖീ
ആർദ്രമീ ധനുമാസ രാവുകളിലൊന്നിൽ ആതിര വരും പോകുമല്ലേ സഖീ
ഞാനീ ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ നീയെന്നണിയത്തു തന്നെ നിൽക്കു
ഈ പഴങ്ങൂടൊരു ചുമയ്ക്കടി ഇടറി വീഴാം"

ഇടറി വീഴുമെന്ന് ഭയന്ന് നിൽക്കുന്ന മനസ്സുകൾക്ക് അരികത്തുനിന്ന് താങ്ങാവുകയാണ് കേരളത്തിലെ ആരോഗ്യ വകുപ്പ്. ഇതാണ് കേരളത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ. നിപയുടെ ആശങ്കകൾ ഇന്നും നിലനിൽക്കുകയാണെന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞു. നിപ്പ വൈറസ് പടർന്നുപിടിച്ചിട്ടുള്ള ലോക അനുഭവങ്ങൾ വിലയിരുത്തി നോക്കിയാൽ ഇത്രയും ഫലപ്രദമായി നിപയെ നേരിടാൻ വേറെ ഏതെങ്കിലും രാജ്യത്തിന് കഴിഞ്ഞിട്ടുണ്ടോ? ഇത് പറയുമ്പോൾ മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി കൂടി നമ്മൾ പരിശോധിക്കണം. ബീഹാറിൽ മസ്തിഷ്കജ്വരമായ മെനഞ്ചൈറ്റിസ് പിടിപെട്ട് നൂറുകണക്കിന് കുട്ടികളാണ് മരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, രണ്ടാമത് നിപ വൈറസ് വന്നപ്പോൾ എറണാകുളത്തെ ഒരു സ്വകാര്യ ആശുപത്രിയാണ് അത് കണ്ടുപിടിച്ച് ചികിത്സയുമായി മുന്നോട്ടുപോയത്. ഗവൺമെന്റ് അതിൽ എട്ടുകാലി മമ്മൂഞ്ഞിന്റെ സമീപനമല്ലേ എടുത്തതെന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, ഇവിടെ കണ്ണടച്ച് ഇരുട്ടാക്കുകയാണ്. അടുത്തകാലത്ത് കേരളം സന്ദർശിച്ച ലോക പ്രശസ്തനായൊരു വൈറോളജിസ്റ്റുണ്ട്. ബെൽജിയൻ-അമേരിക്കൻ ശാസ്ത്രജ്ഞനായ Dr. Koen Van Rompay. അദ്ദേഹം കണ്ണൂരിൽ ആരോഗ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട് വന്നപ്പോൾ പറഞ്ഞത് നിപ പ്രതിരോധത്തിൽ കേരളം മികച്ച മാതൃകയാണ്, അമേരിക്ക മാറി നിൽക്കേണ്ടിവരും എന്നാണ്. നിപ്പയെ കേരളം നേരിട്ട രീതി കുറച്ചൊന്നുമല്ല അത്ഭുതപ്പെടുത്തിയത്. അമേരിക്ക ഉൾപ്പെടെ മറ്റേതൊരു രാജ്യത്തായാലും ഇത്ര പെട്ടെന്ന് രോഗത്തിന് കാരണമായ വൈറസിനെ കണ്ടെത്താനോ ആവശ്യമായ നടപടിയെടുക്കാനോ കഴിഞ്ഞെന്നുവരില്ല. നൂതന സാങ്കേതിക വിദ്യയോ ആരോഗ്യ വിദഗ്ദ്ധരോ ഉണ്ടായതുകൊണ്ട് മാത്രം ഇത്തരമൊരു സാഹചര്യത്തെ നേരിടാൻ കഴിയണമെന്നില്ല. കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ കരുത്തുകൊണ്ടും ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് കേരള ജനതയ്ക്കുള്ള അവബോധംകൊണ്ടുമാണ് ദുരന്തത്തിന്റെ വ്യാപ്തി കുറഞ്ഞത്. ഗവൺമെന്റ് ഫലപ്രദമായാണ് ഇതിനെ നേരിട്ടത്. അതെങ്ങനെ കണ്ടില്ലെന്ന് നടിക്കാൻ കഴിയും. ഇതേ സന്ദർഭത്തിലാണ് ബീഹാർ സംസ്ഥാനത്ത് മെനഞ്ചൈറ്റിസ് ബാധിച്ച്

നൂറുകണക്കിന് കുട്ടികൾ മരിക്കുന്നത്. അസ്തപ്രജ്ഞരായി നോക്കിനിൽക്കുകയാണ് ഒരു ഗവൺമെന്റ്. ആരോഗ്യ രംഗത്തെ ഈ പ്രതിസന്ധി പരിഹരിക്കാനായി അവിടെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഉൾപ്പെടെ പങ്കെടുത്ത് മീറ്റിംഗ് വിളിച്ചുകൂട്ടിയതായി വാർത്തയുണ്ട്. ആ മീറ്റിംഗിനിടയിൽ അവിടത്തെ ആരോഗ്യ വകുപ്പുമന്ത്രി ഇന്ത്യാ-പാക് ക്രിക്കറ്റിൽ എത്ര വിക്കറ്റ് വീണുവെന്നാണ് അന്വേഷിച്ചത്. അങ്ങനെയൊരു ആരോഗ്യ വകുപ്പുമന്ത്രിയും ഇന്ത്യയിലുണ്ട്. അതിൽ നിന്നും എത്ര വ്യത്യസ്തയാണ് കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രി. നിഷ്കളങ്കമായ ചിരിയും ഉറച്ച വാക്കുകളുമായി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ദൃശ്യ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ കേരളീയ സമൂഹം ആശ്വസിക്കുകയാണ്. ഒരു കഥയാണ് ഈ അവസരത്തിൽ എനിക്ക് ഓർമ്മ വരുന്നത്. ചിത്രകാരിയായ ഒരു കൊച്ചു കുട്ടി ന്യൂമോണിയ പിടിപെട്ട് മരണത്തിലേയ്ക്ക് നടന്നുനീങ്ങുകയാണ്. കിടക്കയിൽ കിടന്നുകൊണ്ട് പുറത്തു വളർന്നുനിൽക്കുന്ന ഒരു ചെറിയ ചെടിയുടെ ഇതളുകൾ ഓരോന്നായി കൊഴിഞ്ഞുപോകുന്നത് കാണുകയാണ്. ഈ കുട്ടി കരുതുന്നത് ആ ചെടിയിൽ നിന്നും ഒരില കൊഴിയുമ്പോൾ തന്റെ ആയുസ്സിന്റെ ദൈർഘ്യം അത്രയും കുറയുന്നു എന്നാണ്. അവസാനത്തെ ഇലയും കൊഴിയുന്നത് കാത്ത് കിടക്കുകയാണ് ആ കുട്ടി. അവസാനം ആ ചെടിയിൽ ഒരു ഇല മാത്രമായപ്പോൾ ആ കുട്ടി കരുതുന്നു നാളെ നേരം പുലരുമ്പോൾ അവശേഷിക്കുന്ന ഇല കൂടി കൊഴിയുകയും തന്റെ ആയുസ്സ് അവസാനിച്ച് താൻ മരണത്തിലേയ്ക്ക് പോകുകയും ചെയ്യുമെന്നാണ്. എന്നാൽ അടുത്ത ദിവസം നോക്കുമ്പോൾ ആ ഇല കൊഴിഞ്ഞിട്ടില്ല. തുടർന്നുള്ള ദിവസങ്ങളിലൊന്നും ആ ഇല കൊഴിയുന്നില്ല. ആ കുട്ടി പ്രത്യാശയോടെ ജീവിതത്തിലേയ്ക്ക് മടങ്ങിവരുന്നതാണ് കഥ. പിന്നീടാണ് മനസ്സിലാക്കുന്നത് ആ ഇലയുടെ ഭാഗത്ത് മനോഹരമായി ഇലയുടെ ചിത്രം ആ കുട്ടിയുടെ ഗുരുവായ ചിത്രകാരി വരച്ചിട്ടതായിരുന്നുവെന്ന്. യഥാർത്ഥത്തിൽ മരണത്തിനും ജീവിതത്തിനുമിടയിൽ പ്രത്യാശയുടെ ചിത്രം വരച്ച് കേരളീയ ജനസമൂഹത്തെ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരികയാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ്. അതിനെയെല്ലാം നിഷേധിക്കുന്ന നിലപാടെടുത്തുകൊണ്ട് ഇത്തരം പ്രശ്നങ്ങളെ രാഷ്ട്രീയമായി കാണരുതെന്നാണ് പറയാനുള്ളത്. ഇവിടെ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടെയും കുറവിനെക്കുറിച്ച് പറയുകയുണ്ടായി. 1723 പുതിയ തസ്തികകളാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സൃഷ്ടിക്കപ്പെട്ടത്. 4129 തസ്തികകളാണ് ആരോഗ്യ വകുപ്പിൽ ആകെ സൃഷ്ടിച്ചത്. ഏത് കാലത്ത് നടന്നിട്ടുണ്ട്? ബഹുമാനപ്പെട്ട ശ്രീ. വി. എസ്. ശിവകുമാർ ചർച്ചയിൽ പങ്കെടുക്കാൻ പോകുകയാണ്. അദ്ദേഹം ആരോഗ്യ വകുപ്പുമന്ത്രിയായി കേരളം

ഭരിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത്രയധികം തസ്തികകൾ സൃഷ്ടിക്കാനും നിയമനം നടത്താനും കഴിഞ്ഞിട്ടുണ്ടോ? സർക്കാർ ആശുപത്രിയിലേയ്ക്ക് വരുന്ന രോഗികളുടെ എണ്ണം നോക്കിയിട്ടാണ് രോഗം കൂടുന്നുവെന്ന് നിങ്ങൾ പറയുന്നതെങ്കിൽ അത് തെറ്റാണ്. സാംക്രമിക രോഗങ്ങളും ഡോക്ടർമാരുടെ വീഴ്ചകളും എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. അവയുടെ തോത് കുറഞ്ഞുവരുന്നു. അങ്ങനെയുണ്ടായാൽ ശ്രദ്ധിക്കാൻ ഇവിടെ ആളുണ്ടാകുന്നു വെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ഒരു കുട്ടിയുടെ ഫോൺ കോൾ വന്നപ്പോൾ നന്നായി ഇടപെട്ട് ആ കുട്ടിയുടെ ജീവൻ രക്ഷിക്കാൻ നേതൃത്വം നൽകിയ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും നിങ്ങളുടെ മനസ്സിലുണ്ടാകണം. ഒരു നാഥനുണ്ടായിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരു ആപത്ത് വരുമ്പോൾ ആശ്വാസത്തിന്റെ വാക്കുകളുമായി നമ്മെ സമീപിക്കാൻ ഒരാൾ ഉണ്ടാകുകയെന്ന് പറയുന്നത് വലിയ ആത്മവിശ്വാസം പകരും. പ്രളയ കാലത്ത് കേരളത്തിന്റെ മുഖ്യമന്ത്രി ചെയ്തത് അതാണ്. ഒരു രക്ഷകനായി കേരളത്തിൽ അവതരിച്ചു. നിപ പോലുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്ന അവസരത്തിൽ സാന്ത്വനത്തിന്റെ മാതൃസ്പർശമായി ആരോഗ്യ വകുപ്പുമന്ത്രി കേരളത്തിലുണ്ടായി രുന്നുവെന്നത് കേരള സമൂഹത്തിന് അറിയാവുന്നതാണ്. ആരോഗ്യ വകുപ്പ് മാത്രമല്ല സാമൂഹ്യനീതി വകുപ്പിന്റെ കാര്യം പരിശോധിച്ചാൽ എണ്ണിയെണ്ണി പറയാനുള്ള ഒട്ടേറെ കാര്യങ്ങളാണ് സാമൂഹ്യ നീതി വകുപ്പ് ചെയ്തിരിക്കുന്നത്. നിരാലംബരായ സ്ത്രീകൾക്കും 12 വയസ്സിന് താഴെയുള്ള കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ ഒരിടം വേണമെന്ന ആശയത്തിലൂന്നിക്കൊണ്ട് ആരംഭിച്ചതാണ് "എന്റെ കൂട്" പദ്ധതി. രാത്രി ഒറ്റപ്പെട്ടു പോയാൽ സാമൂഹ്യവിരുദ്ധരെ ഭയക്കാതെ എന്റെ കൂടിൽ നിർഭയമായി ഒരു ദിവസം താമസിക്കാനായി അനേകം ആളുകൾ വരുന്നുണ്ട്. അങ്ങനെയുള്ളൊരു ഭാവനാപൂർണ്ണമായ പദ്ധതി ഈ ഗവൺമെന്റ് കൊണ്ടുവന്നത് നിങ്ങൾ എന്തുകൊണ്ട് കാണുന്നില്ല? ഓട്ടിസം സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചു. അത്തരത്തിൽ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടേറെ പദ്ധതികളുണ്ട്. അവയെല്ലാം വിശദീകരിക്കാൻ സമയമില്ല. വയോ അമൃതം, വിദ്യാകിരണം. വനിതകളുടേയും കുട്ടികളുടേയും ക്ഷേമത്തിന് വനിതാ-ശിശുവികസന വകുപ്പ് രൂപീകരിച്ചതുൾപ്പെടെ എണ്ണിയെണ്ണിപ്പറയാൻ കഴിയുന്ന എത്രയെത്ര കാര്യങ്ങളുണ്ട്. കല-കായിക, ശാസ്ത്ര-സാഹിത്യ, സാമൂഹ്യ മേഖലകളിൽ കഴിവ് പ്രകടിപ്പിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് 25,000 രൂപ, സർട്ടിഫിക്കറ്റ്, പ്രശസ്തി പത്രം എന്നിവ ഉൾപ്പെടുന്ന 'ഉജ്ജ്വല ബാല്യം' പുരസ്കാരം. വൃദ്ധ ജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, വിവിധ മേഖലകളിലുള്ള അവശരായ, രോഗികളായ ആളുകൾ ഇവരെയെല്ലാം സംരക്ഷിക്കുവാനുള്ള അനേകം പദ്ധതികളാണ് ഈ ഗവൺമെന്റ്

ആവിഷ്കരിച്ച് മുന്നോട്ടുകൊണ്ടുപോകുന്നത്. ഇവയെല്ലാം കണ്ടില്ലെന്ന് നടിച്ച് പുകമറ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നത് സമൂഹം അംഗീകരിക്കുമെന്ന് നിങ്ങൾ കരുതരുത്. തെരഞ്ഞെടുപ്പിലുണ്ടായ വിജയത്തിന്റെ അഹങ്കാരത്തിൽ എല്ലാത്തിനെതിരെയും ആക്ഷേപമുന്നയിച്ച് മുന്നോട്ട് പോകാമെന്നുള്ളൊരു സമീപനമാണ് പൊതുവേ ബഹുമാനപ്പെട്ട പ്രതിപക്ഷമെടുത്തിരിക്കുന്നത്. അത് തിരിച്ചറിയാൻ നമ്മുടെ നാട്ടിലെ ജനങ്ങൾ തയ്യാറാകും. ആരോഗ്യ രംഗത്ത് സമഗ്രമായ മാറ്റമാണ് ഇന്ന് കേരളത്തിൽ ദൃശ്യമാകുന്നത്. അതുകൊണ്ടുതന്നെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ സന്തോഷത്തോടെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പഴയ കാലത്തെ അപേക്ഷിച്ച് കൂടുതൽ രോഗികൾ മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുൾപ്പെടെ Primary Health Centres-ൽ വരുന്നുണ്ട്. അവിടെ വൈകുന്നേരം വരെ ഡോക്ടർമാരുണ്ടാകും, മരുന്ന് ലഭിക്കും, രക്തം പരിശോധിക്കാനുള്ള സൗകര്യമുണ്ട് എന്നൊക്കെ ജനങ്ങൾക്ക് വിശ്വാസം വന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇത്തരമൊരു സാഹചര്യം Primary Health Centres-ൽ ഉണ്ടായിരിക്കുന്നത്. അതുപോലെ അവിടെ എന്തെങ്കിലും പരിപാടി നടക്കുമ്പോൾ ആ പരിപാടി വിജയിപ്പിക്കേണ്ട ഒന്നാണെന്ന രീതിയിൽ കൂടുതൽ സ്ത്രീകളും പുരുഷൻമാരും ഇപ്പോൾ അവിടെ വരുന്നുണ്ട്. അതിന് കാരണം ഈ രംഗത്തുള്ള പ്രശ്നങ്ങൾ ഗവൺമെന്റ് വളരെ ഗൗരവമായി ശ്രദ്ധിക്കുന്നുവെന്നുള്ളതാണ്. മറ്റുള്ള സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമായ കാലാവസ്ഥയാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. കാലാവസ്ഥ മാറുന്ന അവസരത്തിൽ പല രോഗങ്ങളും ഉണ്ടാകും. ആ അവസരത്തിൽ രോഗത്തിന് എത്രയും വേഗം പ്രതിവിധി കണ്ടെത്തി രോഗിയെ രക്ഷിക്കുക എന്നുള്ളത് വലിയൊരു വെല്ലുവിളിയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആ വെല്ലുവിളികളെ വളരെ ധീരമായി നേതൃത്വം നൽകി നേരിട്ടു. ഞാൻ ആ കാര്യത്തെക്കുറിച്ച് അത്രമാത്രമേ പറയുന്നുള്ളൂ. നമ്മുടെ നാട്ടിൽ അലോപ്പതി ആശുപത്രികളും ആയുർവേദ ആശുപത്രികളും ഉണ്ട്. ആയുർവേദത്തിന്റെ കാര്യത്തിൽ കേരളം ഒരുപക്ഷേ ഇന്ത്യക്ക് മാത്രമല്ല ലോകത്തിന് തന്നെ മാതൃകയാണ്. എത്രയോ വർഷങ്ങളായി കോട്ടയ്ക്കൽ ആര്യവൈദ്യശാല ഉൾപ്പെടെ അനേകം ആയുർവേദ ആശുപത്രികൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ഇന്ത്യക്കാരല്ലാത്ത അനേകം ആളുകൾ ചികിത്സിക്കാൻ വരുന്നത് കാണാനാകും. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ആയുർവേദത്തിന്റെ കേന്ദ്രം കേരളമാണ്. നമ്മുടെ ആയുർവേദ

ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മുനിസിപ്പൽ ആശുപത്രികൾ, നിലവിലുള്ള ആശുപത്രികളിലൊക്കെ ആയുർവേദവും അതിന്റെ ചികിത്സയും കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിക്കണം. ഉഴിച്ചിൽ പോലുള്ള ചികിത്സകൾ നടത്തി ആയുർവേദ ആശുപത്രികളെ കുറച്ചുകൂടി മെച്ചപ്പെടുത്തുന്ന രൂപത്തിൽ എങ്ങനെ പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നുള്ളത് ഗൗരവമായി ആലോചിക്കണം.

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വടകരയിൽ ഒരു പകൽവീട് ഉത്ഘാടനം ചെയ്തു. വലിയ സന്തോഷമുള്ള കാര്യമാണ്. പ്രായമുള്ള ആളുകൾക്ക് ഭക്ഷണം, ഫിസിയോതെറാപ്പി തുടങ്ങിയ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതാണ് 'പകൽവീട്'. പല സ്ഥലങ്ങളിലും സീനിയർ സിറ്റിസൺസ് കമ്മിറ്റി അംഗങ്ങൾ എന്ന നിലയ്ക്ക് ഞങ്ങൾ പോകുന്ന അവസരത്തിൽ കേരളത്തിലെ ഓരോ ജില്ലയിലുമുള്ള വയോവൃദ്ധന്മാരെ സംരക്ഷിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ക്യാമ്പുകളിൽ ഇന്ന് വയോവൃദ്ധർ വളരെ സംതൃപ്തരാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക സൗകര്യങ്ങൾ, കൊല്ലം ജില്ലയിൽ പോയ അവസരത്തിൽ ഞങ്ങൾക്ക് തന്നെ അത്ഭുതം തോന്നി. അത്രയും നല്ല രൂപത്തിൽ സർക്കാരിന് ചെയ്യുവാൻ കഴിഞ്ഞു. അതുപോലെ ജനങ്ങളുടെ സഹായവുമുണ്ട്. ചിലയിടങ്ങളിൽ ഭക്ഷണം സർക്കാർ നൽകേണ്ടതില്ല. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമേ സർക്കാർ വക ഭക്ഷണം കൊടുക്കേണ്ടതായിട്ടുള്ളൂ. അല്ലാത്ത ദിവസങ്ങളിൽ മറ്റ് പല കമ്പനികളും ഏജൻസികളും രാവിലെയും ഉച്ചയ്ക്കും രാത്രിയിലുമെല്ലാം മാറി മാറി ഭക്ഷണം നൽകുന്നു. ശ്രദ്ധിക്കപ്പെടാതിരുന്ന ഈ വിഭാഗത്തെ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നല്ല രൂപത്തിൽ ശ്രദ്ധിച്ചുവരുന്നു. കേരളത്തിന് പുറത്തുനിന്നും വന്ന പുരുഷന്മാരും സ്ത്രീകളുമെല്ലാം അവിടെയുണ്ട്. അവരെയെല്ലാം നമ്മൾ നല്ല രീതിയിൽ ശ്രദ്ധിക്കുന്നു. ഈ വകുപ്പും ബഹുമാനപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചർ തന്നെ കൈകാര്യം ചെയ്യുന്നതാണെന്ന് എനിക്ക് തോന്നുന്നു. പഴയ സിനിമയിലൊക്കെ കാണുന്നതുപോലെ കുട്ടികൾ വിദ്യാഭ്യാസം നേടി വിദേശത്ത് ജോലി ചെയ്യുമ്പോൾ അവർക്ക് രക്ഷിതാക്കളെ ശ്രദ്ധിക്കുവാൻ സാധിക്കാത്തതിന്റെ ഫലമായി പ്രായമായ രക്ഷിതാക്കളെ ഇതുപോലുള്ള സ്ഥലങ്ങളിലാക്കുന്നു. നല്ല വിദ്യാഭ്യാസമുള്ള ആളുകളെ നമുക്ക് അവിടെ കാണുവാൻ സാധിക്കും. ഞങ്ങൾ ചില സ്ഥലങ്ങളിലൊക്കെ പോയ അവസരത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇതുപോലുള്ള സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതായി കാണുവാൻ സാധിച്ചില്ല. അതിൽ കേരളം മുമ്പിലാണ്. നല്ല പ്രായമുള്ള ആളുകളെ കുടുംബത്തിലുള്ള ആളുകൾ എന്ത് കാരണം പറഞ്ഞാലും ഉപേക്ഷിച്ച് പോകുന്നതാണെങ്കിൽ അവരെ ശ്രദ്ധിക്കുവാൻ, സഹായിക്കുവാൻ സംസ്ഥാനത്ത്

'പകൽവീട്' പോലുള്ള സ്ഥാപനങ്ങളും ഏജൻസികളുമുണ്ട്. നേരത്തെ ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞതുപോലെ നമ്മൾ ഇന്ത്യയിലെ ഒരു സംസ്ഥാനമെന്ന നിലയിലല്ല, വിദ്യാഭ്യാസത്തിൽ നമ്മൾ മുന്നിലാണെന്ന് പറയുന്നതുപോലെ ആരോഗ്യ പരിപാലനത്തിലും പ്രായമുള്ളവരെ സംരക്ഷിക്കുന്ന കാര്യത്തിലും സമ്പന്ന രാജ്യങ്ങളോട് കിടപിടിക്കുവാൻ കഴിയുന്ന രൂപത്തിൽ ഇന്ന് കേരളം മുമ്പിലാണ്. ഇന്നലത്തെ മന്ത്രി മോശം, ഈ മന്ത്രി നല്ലത് അങ്ങനെയൊന്നും പറയുന്നില്ല. ഒരു മന്ത്രിയെന്ന നിലയിൽ തനിക്ക് ലഭിച്ച വകുപ്പിന് ഒരു വെല്ലുവിളി വന്നപ്പോൾ ആ വെല്ലുവിളിയെ അന്തസ്സായി ഏറ്റെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും കേന്ദ്രത്തിൽ പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയേയുമെല്ലാം സംഘടിപ്പിച്ചുകൊണ്ട് ജനങ്ങളെ അണിനിരത്തി കാര്യങ്ങൾ ചെയ്യുന്നു. ഇപ്പോൾ ഒരു സിനിമ വന്നു, ബഹുമാനപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അതിലെ കഥാപാത്രമാണ്. നല്ല കാര്യമാണ്. രാജ്യത്തൊരു പ്രശ്നം ഉണ്ടായപ്പോൾ അതിനെ നേരിടാൻ തന്റേടം കാണിച്ച ജനാധിപത്യരാജ്യത്ത് അത് വരട്ടെ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അത്തരമൊന്ന് വരട്ടെ. ഇന്ത്യാ രാജ്യത്തെ ഒരു സംസ്ഥാനത്ത് ജനങ്ങളുടെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ ഒരു പ്രശ്നം വന്നപ്പോൾ തന്റെ ആരോഗ്യംപോലും ശ്രദ്ധിക്കാതെ ഫലപ്രദമായി പരിശ്രമിച്ച ഒരു മന്ത്രിയെ നാടറിയുന്നത് നല്ലതാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ ജില്ലാ ആശുപത്രിക്ക് ഗവൺമെന്റ് അനുവദിച്ച 13 കോടി രൂപയുടെ കെട്ടിടത്തിന്റെ നിർമ്മാണം ഉടനെ ആരംഭിക്കാൻ സാധിക്കുമെന്ന് തോന്നുന്നു. അതനുസരിച്ച് വടകര താലൂക്കിലെ ജില്ലാ ആശുപത്രി സമ്പൂർണ്ണമായൊരു നിലയിലേയ്ക്ക് എത്തിക്കുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും അനുവദിച്ചു. കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതോടുകൂടി ആവശ്യമുള്ള മറ്റെല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ട് വടകര താലൂക്കിലും കൊയിലാണ്ടി താലൂക്കിലും ഒരു ജില്ലാ ആശുപത്രി എന്ന രീതിയിൽ നന്നായി പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണ് തോന്നുന്നത്. ഒരു ജനാധിപത്യ രാജ്യത്തെ ഭരണാധികാരികൾക്ക് എന്തെല്ലാം വെല്ലുവിളികളാണ് നേരിടേണ്ടിവരുന്നത്; ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. നമ്മുടേത് ആയുർവേദത്തിന്റെ നാടാണ്. ആയുർവേദ ചികിത്സ നഷ്ടപ്പെടരുത്, ആയുർവേദത്തെ സംരക്ഷിക്കണം. ഫോറസ്റ്റ് വകുപ്പിന്റെ സഹായത്തോടെ വനത്തിന്റെ ചിലഭാഗത്ത് ആയുർവേദ മരുന്നുകൾ വച്ചുപിടിപ്പിക്കുവാൻ നമ്മൾ പണ്ട് ആലോചിച്ചിരുന്നു. വനാതിർത്തിയിലുള്ള ആയുർവേദ മരുന്നുകൾക്ക് കുറച്ചുകൂടി ഔഷധഗുണമുണ്ടാകും. വനം വകുപ്പും ആരോഗ്യ വകുപ്പും തമ്മിൽ ആലോചിച്ച് കുറേക്കൂടി മെച്ചപ്പെട്ട രീതിയിലുള്ള

ആയുർവേദ മരുന്നുകൾ കൊണ്ടുവരുവാൻ സാധിക്കണം. ഇന്ന് സമ്പന്നരായ ആളുകൾക്ക് മാത്രമാണ് ആയുർവേദത്തിന്റെ ഉയർന്ന രൂപത്തിലുള്ള ചികിത്സ ലഭിക്കുന്നത്. അത് സാധാരണക്കാരിൽ എത്തിക്കാൻ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും സർക്കാർ അനുവദിച്ചതുമായ ആയുർവേദ ആശുപത്രികൾ കുറച്ചുകൂടി മെച്ചപ്പെട്ട നിലയിലാക്കണം. അതുസംബന്ധിച്ച് വരുന്ന രണ്ട് വർഷംകൊണ്ട് ഒരു റിസർച്ച് നടത്തി ബഹുമാനപ്പെട്ട മന്ത്രി ആ മേഖലയിലും തന്റെ കഴിവ് പ്രകടിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട ശ്രീ. സി. കെ. നാണു ഉൾപ്പെടെ പല അംഗങ്ങളും ഇവിടെ പറഞ്ഞത് ഗവൺമെന്റ് തുക നൽകി ആശുപത്രികൾ നന്നാക്കുന്നുവെന്നാണ്. നല്ല കാര്യം. എന്റെ അഭ്യർത്ഥന അതല്ല. എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ മുണ്ടക്കയം ആശുപത്രി, മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട ആശുപത്രി എന്നീ രണ്ട് ആശുപത്രികൾക്കും ഒരു തുകയും ഗവൺമെന്റ് മുടക്കണ്ട. മുണ്ടക്കയം, തൊഴിലാളികൾ ഏറ്റവും കൂടുതലുള്ള എസ്റ്റേറ്റ് മേഖലയാണ്. എനിക്ക് തോന്നുന്നത് കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ ഒ. പി വരുന്ന ആശുപത്രിയാണ്. അവിടെ അഞ്ച് നില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ശീതീകരിച്ച ഓപ്പറേഷൻ തിയേറ്റർ, ലിഫ്റ്റ്, വൈദ്യുതി സൗകര്യം എന്നിവ ഒരുക്കിക്കഴിഞ്ഞു. ഇനി അതൊന്ന് ഉദ്ഘാടനം ചെയ്തുതന്നാൽ മതി. അതൊരു ജില്ലാ ആശുപത്രിയായി ഉയർത്തണമെന്നല്ല പറയുന്നത്. കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രി ഇപ്പോൾ ജില്ലാ ആശുപത്രിയായി ഉയർത്തി. അപ്പോൾ കാഞ്ഞിരപ്പള്ളി താലൂക്കിൽ താലൂക്കാശുപത്രിയില്ല. മുണ്ടക്കയം ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുവാനുള്ള ഒരു നീതിബോധം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം എന്നാണ് എന്റെ അഭ്യർത്ഥന. ആകെ ഇനി ചെലവ് വരുന്നത് സ്റ്റാഫിന്റെ കാര്യത്തിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം മനസ്സിലാക്കി സൗമനസ്യം കാണിക്കാമെന്ന് എന്റെ മുന്നിൽ വച്ച് ബഹുമാനപ്പെട്ട കെ.കെ. ശൈലജ ടീച്ചറോട് പറഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് ഇനി താമസിപ്പിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി വന്ന് മുണ്ടക്കയം ആശുപത്രിയെ താലൂക്കാശുപത്രിയാക്കി ഉത്ഘാടനം ചെയ്തുതരണം. ഈരാറ്റുപേട്ടയും അതുപോലെയാണ്. ഈരാറ്റുപേട്ട മീനച്ചിൽ താലൂക്കിലാണ്. മീനച്ചിൽ താലൂക്കാശുപത്രി ജില്ലാ ആശുപത്രിയാക്കി ഉയർത്തി മെഡിക്കൽ കോളേജാക്കുന്ന നിലയിലാക്കിയിട്ടുണ്ട്. ഓരോ മന്ത്രിമാർ അധികാരം കിട്ടുമ്പോൾ ചെയ്യുന്ന നല്ല കാര്യങ്ങളാണ്. അവർ അവരുടെ കാര്യം നോക്കിക്കൊള്ളട്ടെ. പക്ഷേ,

ഈരാറ്റുപേട്ട എം.എൽ.എ. ഫണ്ട് കൊടുത്തുകൊണ്ടുതന്നെ കെട്ടിടം പണി പൂർത്തീകരിച്ച് അവിടെ രോഗികൾ വന്നാൽ കിടക്കാൻ തോന്നുന്ന രീതിയിൽ പ്രൈവറ്റ് ആശുപത്രികളെക്കാൾ നല്ല സാറ്റൻ തുണികളും കർട്ടനുമൊക്കെയിട്ട് നവീകരിച്ചിട്ടുണ്ട്. ഇതിനെല്ലാം എം.എൽ.എ. ഫണ്ട് കൊടുത്ത സാഹചര്യത്തിൽ ഈരാറ്റുപേട്ട ആശുപത്രിയുടെ കാര്യവും ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന അപേക്ഷയുണ്ട്. ചെങ്കൊടിക്ക് ചരമഗീതം പാടുന്ന ഇടപാടാണ് കോൺഗ്രസ് ചെയ്യുന്നതെന്ന് ഇവിടെ നമ്മുടെ പ്രിയങ്കരനായ ശ്രീ. ചിറ്റയം ഗോപകുമാർ പറഞ്ഞു. എന്നോട് ക്ഷമിക്കണം. രാഷ്ട്രീയമായിട്ടല്ല പറയുന്നത് ശ്രീ. ചിറ്റയം ഗോപകുമാർ, ചെങ്കൊടിക്ക് ചരമഗീതം പാടുന്നത് കമ്മ്യൂണിസ്റ്റുകാർ തന്നെയാണ്. നിങ്ങളുടെ കുഴപ്പംകൊണ്ട് നിങ്ങൾ ചെങ്കൊടിക്ക് ചരമഗീതം പാടിക്കൊണ്ടിരിക്കുകയാണ്. അത് നിർത്താൻ നിങ്ങൾ ശ്രമിക്കണം. ഇന്ന് സഭയിൽ പ്രധാനപ്പെട്ട ഒരു സംഭവമുണ്ടായി. മലപ്പുറം ജില്ല വിഭജിച്ച് പുതിയൊരു ജില്ല രൂപീകരിക്കുന്ന ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. എൻ. എ. ഖാദർ ശ്രദ്ധ ക്ഷണിക്കൽ നോട്ടീസ് കൊണ്ടുവന്നു; പക്ഷെ ആ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഈ സഭയിൽ വന്നില്ല. എനിക്ക് അത്ഭുതം തോന്നി. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. കോൺഗ്രസ് ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ മുസ്ലീം ലീഗ് ഇല്ലാതിരുന്നെങ്കിൽ 15 ലോക്സഭാ സീറ്റ് കിട്ടുമോ? ലീഗിന്റെ ശക്തിയെ കുറച്ചുകാണണ്ട. ഏറ്റവും അടിയന്തര പ്രാധാന്യമുള്ള മലപ്പുറം ജില്ല വിഭജിക്കേണ്ടതല്ലേ? എത്രയോ കൊല്ലമായി ചർച്ച നടക്കുന്നതാണ്. മലപ്പുറം ജില്ല വിഭജിക്കലെന്ന ശ്രദ്ധ ക്ഷണിക്കൽ പ്രമേയം കോൺഗ്രസ് ഭീഷണിപ്പെടുത്തി ഇല്ലാതാക്കിയതിൽ എനിക്ക് ദുഃഖമുണ്ട്. ഞാൻ തർക്കിക്കുന്നതല്ല, എല്ലാം മനസ്സിലാക്കിയിട്ടാണ് പറയുന്നത്.

ശ്രീ. പി. ടി. തോമസ്: കോൺഗ്രസ്സിൽ ആരാണ് എതിർത്തത്?

ശ്രീ. പി. സി. ജോർജ്: ശ്രീ. പി. ടി. തോമസ് എല്ലാം എതിർക്കുന്നു. മലപ്പുറം ജില്ല വിഭജിക്കുന്നതിൽ നിങ്ങൾക്കെന്താണ് നഷ്ടം? നിങ്ങൾ എന്തിനാണ് ലീഗിനോട് വഴക്കുണ്ടാക്കുന്നത്. പ്രമേയം അംഗീകരിച്ച് കൊടുക്കേണ്ട മര്യാദ നിങ്ങൾ കാണിക്കണ്ടേ? മുസ്ലീം ലീഗിന്റെ പിന്തുണയില്ലേ? ആ മര്യാദ ലീഗിനോട് കാണിക്കണ്ടേ? അത് പറഞ്ഞന്നേയുള്ളൂ. അതുകൊണ്ട് മുണ്ടക്കയവും ഈരാറ്റുപേട്ടയും മറക്കരുതെന്നാണ് ഞാൻ പറയുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു. കേരളത്തിന്റെ ആരോഗ്യ രംഗം ഇന്ന് ലോകത്തിനുതന്നെ മാതൃകയായിരിക്കുകയാണ്. അതിനുള്ള ഏറ്റവും പുതിയ

ഉദാഹരണം നമുക്കറിയാം. സമ്പത്തും അതുപോലെ പോപ്പുലേഷൻ കുറവുമുള്ള രാജ്യങ്ങളിൽ 'നിപ' പോലുള്ള അസുഖം വന്നപ്പോൾ ധാരാളം മരണങ്ങളുണ്ടായി; എന്നാൽ കേരളത്തിൽ 'നിപ' വന്ന അവസരത്തിൽ കോഴിക്കോട് ജില്ലയിലും അടുത്തിടെ എറണാകുളത്തും ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വളരെ വലിയ ജാഗ്രതയോടുകൂടിയുള്ള കരുതൽ പ്രവർത്തനങ്ങളും ഇടപെടലുകളും നടത്തിയതിന്റെ ഫലമായി മരണ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞു. തന്റെ ആരോഗ്യം പോലും നോക്കാതെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 'നിപ'യെ വളരെ ധൈര്യത്തോടുകൂടിയാണ് നേരിട്ടത്. കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിലെ ഒരു പെൺകുട്ടി 'നിപ' ബാധയുണ്ടെന്ന് സംശയിച്ചിരുന്ന രോഗിയെ പരിചരിക്കുന്നതിന് പങ്കെടുത്തു. അതിനുശേഷം ആ കുട്ടിക്ക് ചെറിയൊരു പനി വന്നപ്പോൾ ആലപ്പുഴയിലെ ഡി.എം.ഒ. അടക്കമുള്ള ടീം സന്നദ്ധമായി വരികയും ഈ കുട്ടിയെ രണ്ട് ദിവസം ഒബ്സർവേഷനിൽ താമസിപ്പിച്ചുകൊണ്ട് വലിയ രൂപത്തിലുള്ള ഇടപെടൽ നടത്തുകയും ചെയ്തു. കുട്ടി എന്നെ വിളിച്ചു. 48 മണിക്കൂർ സുരക്ഷിത സ്ഥലത്ത് കുട്ടിയെ ഇരുത്തി. മറ്റൊരു ആശുപത്രിയിലേയ്ക്ക് മാറ്റാൻ കഴിയുമോ എന്ന് ഞാൻ ചോദിച്ചപ്പോൾ ആ കുട്ടിയെ കൊണ്ടുപോകുന്ന അവസരത്തിൽ അത് ഡ്രൈവറിലേയ്ക്ക് പകരുമെന്നാണ് പറഞ്ഞത്. യഥാർത്ഥത്തിൽ ആ കുട്ടിക്ക് അസുഖമില്ല. അത്രയും വലിയൊരു കരുതലാണ് 'നിപ'-യുടെ കാര്യത്തിൽ ആരോഗ്യ വകുപ്പ് എടുത്തതെന്നത് ഈ അവസരത്തിൽ പറയാതിരിക്കാൻ കഴിയുകയില്ല. അതിന് പ്രത്യേകമായി ആരോഗ്യ വകുപ്പുമന്ത്രിയെയും ഈ വകുപ്പിനെയും അങ്ങേയറ്റം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ആരോഗ്യ സൂചിക പോലെതന്നെ ആരോഗ്യനിലവാര രംഗത്ത് ഇന്ന് വികസിത രാജ്യങ്ങളിലെ നിലവാരത്തിലേയ്ക്ക് കേരളം എത്തിച്ചേർന്നിട്ടുണ്ട്. പൗരന്റെ ആരോഗ്യ സംരക്ഷണത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയെന്ന കടമ സർക്കാരിൽ നിക്ഷിപ്തമായതിനാൽ ആരോഗ്യപരമായ മൗലിക അവകാശങ്ങൾ സംരക്ഷിക്കാനുതകുന്ന ആരോഗ്യ നയത്തിനാണ് ഇപ്പോൾ സർക്കാർ രൂപം നൽകിയിട്ടുള്ളത്. ഇവിടെ 'ആർദ്രം' പദ്ധതിയെപ്പറ്റി എല്ലാ അംഗങ്ങളും വളരെ വിശദമായി പറഞ്ഞു. എനിക്ക് തോന്നുന്ന വലതുപക്ഷ നിരയിൽ ഇരിക്കുന്നവരാണെങ്കിലും സ്വാഭാവികമായും നമ്മൾ രഷ്ട്രീയപരമായിട്ടുള്ള ചർച്ചകളാണ് നടത്തുന്നതെന്ന് ഞാൻ പലപ്പോഴും ആലോചിക്കും. തെരഞ്ഞെടുപ്പിന്റെ പരാജയം, ജയം അതിനെപ്പറ്റിയൊക്കെ നമ്മൾ ചർച്ച നടത്തിയിട്ടുണ്ട്. ഇനി എവിടെയാണ് ആർക്കാണ് കുറവ് സംഭവിച്ചിട്ടുള്ളതെന്നൊക്കെ പരിശോധിച്ചുകൊണ്ട് അത്തരം കാര്യങ്ങളിൽ ഇടപെടുകയാണ് വേണ്ടത്. ആരോഗ്യമേഖലയെക്കുറിച്ച് ഒരു ചർച്ച നടക്കുമ്പോൾ കേരളത്തിന്റെ മുൻകാല അനുഭവങ്ങൾ ഓർക്കുന്നത് നല്ലതാണ്. ആലപ്പുഴ

ജില്ലയിൽ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയുടെ സമീപം കഴിയുന്ന വ്യക്തിയെന്ന നിലയിൽ എനിക്ക് വ്യക്തമായിട്ടറിയാം, മത്സ്യത്തൊഴിലാളി മേഖലയിൽ, നിരന്തരമായി കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അസുഖമുണ്ടാകുന്നു. ശ്രീ. വി. എസ്. ശിവകുമാർ കുറച്ചുമുമ്പ് ഇവിടെ ഇരിപ്പുണ്ടായിരുന്നു. ഞാൻ അവിടെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നതു കൊണ്ട് ഒരുപാട് കാര്യങ്ങളിൽ ഇടപെടാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. സ്വാഭാവികമായും ആ കാലത്ത് എന്നും റോഡ് ഉപരോധവും സമരവുമായിരുന്നു. അത് മറ്റൊന്നും കൊണ്ടല്ല, മത്സ്യത്തൊഴിലാളികൾക്ക് അസുഖമുണ്ടാകുന്ന അവസരത്തിൽ ആശുപത്രികളിൽ കൊണ്ടുവരുമ്പോൾ വേണ്ട ചികിത്സ ലഭിക്കുന്നില്ല. അതുപോലെ റേഡിയേഷൻ ടേബിളിലുള്ള ഒരു രോഗിയുടെ ബെൽറ്റ് പൊട്ടി രോഗി താഴെവീണ് മരിച്ച ഏറ്റവും ദയനീയമായ സംഭവം അക്കാലത്താണുണ്ടായിട്ടുള്ളത്. ഇപ്പോൾ ഇവർ കീമോതെറാപ്പി നടത്തിയ കാര്യങ്ങൾ പറഞ്ഞു. സ്വാഭാവികമായും അത്തരമൊരു ഗുരുതരമായ സംഭവം നിങ്ങളുടെ കാലത്ത് നടന്നുവെന്നത് ഒന്നുകൂടി ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. അതുപോലെ എന്റെ വീടിനടുത്ത് നവജാതശിശുവിന് ഇഞ്ചക്ഷനെടുത്ത അവസരത്തിൽ കുഞ്ഞിന്റെ തുടയിൽ സൂചി തറഞ്ഞുകയറി; അവർ കുറേക്കാലം മനുഷ്യാവകാശ കമ്മീഷനിൽ കേസുമായി നടന്നു. അതുപോലുള്ള മുൻകാല സംഭവങ്ങൾ ഞാൻ ഓർത്തതാണ്. എന്നാൽ ഇന്ന് 'ആർദ്രം' പദ്ധതിയിലൂടെ പി.എച്ച്.സി.-കളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന വിപ്ലവകരമായ തീരുമാനം വലിയ മാറ്റമാണ് നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ളത്. എല്ലാ അംഗങ്ങളും അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോയതുകൊണ്ട് അവിടെ നടത്തിയിട്ടുള്ള പുതിയ സ്റ്റാഫ് പാറ്റേൺ അല്ലെങ്കിൽ ലബോറട്ടറി സംവിധാനങ്ങളെക്കുറിച്ച് കൂടുതലായി വിശദീകരിക്കുന്നില്ല. രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ഇത്തരം കേന്ദ്രങ്ങളിൽ ഡോക്ടറുടെ സർവ്വീസ് ലഭിക്കുന്നു എന്നതാണ് ഏറ്റവും ശ്രദ്ധേയമായി ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെ ഏറ്റവും കൂടുതൽ ഹൃദ്രോഗികൾ ഉള്ളതിനാൽ ഇവിടെ ആര് ചെന്നാലും ബ്ലോക്ക് ഉണ്ടോയെന്ന് ആദ്യം പരിശോധിച്ച് നോക്കുന്ന കാലമാണ്. ഹൃദ്രോഗം, പക്ഷാഘാതം, പ്രമേഹം, കിഡ്നി സംബന്ധമായിട്ടുള്ള രോഗങ്ങൾക്കും തൃതീയ ചികിത്സ ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ, ടേർഷ്യറി ട്രീറ്റ്മെന്റ് രൂപത്തിലേയ്ക്കുള്ള ഒരു സംവിധാനം എന്നിവ ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ഡയാലിസിസ് ചെയ്യുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണ്. സ്വാഭാവികമായും ആരോഗ്യവകുപ്പ് വളരെ ജാഗ്രതയോടുകൂടി കൂടുതൽ ഡയാലിസിസ് സെന്ററുകൾ ഏർപ്പെടുത്തണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിലുമൊക്കെ ഇതുപോലുള്ള സംവിധാനങ്ങളുണ്ട്. ചെറുപ്പക്കാർക്ക് ഡയാലിസിസ് അല്ലെങ്കിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ചെയ്യുമ്പോൾ, ഗൃഹനാഥനാണ് ഇത്തരമൊരു അസുഖം വരുന്നതെങ്കിൽ ആ കുടുംബംതന്നെ തകർന്നുപോകുന്ന അവസ്ഥയാണുള്ളത്. പിന്നീട് അവർക്ക് ജോലിക്ക് പോകാൻ കഴിയുന്നില്ല. അത്തരക്കാർക്ക് പ്രത്യേക പരിചരണം നൽകുന്നതുംകൂടി സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി വന്നതുകൊണ്ട് അവരുടെ പുനരധിവാസ പ്രവർത്തനവും നടത്തുന്നുണ്ട്. കിഡ്നി നൽകുന്ന ആൾക്കാർ പലരും പുറത്തുപറയാതെതന്നെ നൽകുന്നവരാണ്. സ്നേഹത്തിന്റെയും ബന്ധത്തിന്റെയും മാനവികതയുടേയും പേരിൽ അവരെക്കൂടി പ്രത്യേകമായി പരിഗണിക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്. ഇന്ന് 8 ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ 21 ആശുപത്രികളിൽ കാൻസർ കെയർ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ ഡിപ്രഷനുള്ള ആളുകൾ ജീവിക്കുന്നതെന്ന് അടുത്തകാലത്ത് ഒരു റിപ്പോർട്ട് വന്നു. കേരളത്തിൽ സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കിയപ്പോൾ ഏകദേശം 250 ക്ലിനിക്കിലൂടെ 25,000 പേർക്ക് തുടക്കത്തിൽതന്നെ ചികിത്സ ലഭ്യമാക്കി അവരെ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞതിൽ ഒരു വലിയ ഇടപെടൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. അതുപോലെ സാന്ത്വനം, ജെറിയാട്രിക് മേഖലകളിൽ കരാർ അടിസ്ഥാനത്തിൽ 232 സ്റ്റാഫ് നഴ്സുമാരെയും 232 ഫിസിയോ തെറാപ്പിസ്റ്റുകളെയും നിയമിച്ചിട്ടുണ്ട്. ഞങ്ങളാരും ഇതൊരു പ്രസംഗത്തിനുവേണ്ടി പറയുന്നതല്ല. നിങ്ങൾക്കുതന്നെ അറിയാം. ഈ ഗവൺമെന്റ് 4-ാം വർഷത്തിൽ ധൈര്യമായി പ്രോഗ്രസ് റിപ്പോർട്ട് ഇറക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ മുന്നിലേയ്ക്ക് ഞങ്ങൾ കൊടുത്ത രേഖയിൽ വ്യക്തമായി നിങ്ങൾക്ക് ഇതൊക്കെ കാണാൻ കഴിയും. ന്യൂബോൺ സ്ക്രീനിംഗിനുവേണ്ടി പണം മാറ്റിവച്ചിട്ടുണ്ട്. പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലേയ്ക്കും ഒരു സ്ത്രീയെന്ന നിലയിൽ അല്ലെങ്കിൽ അമ്മയെന്ന നിലയിൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ കരുതലുണ്ടെന്നുള്ളതുകൂടി പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. ന്യൂബോൺ സ്ക്രീനിംഗ് എല്ലാ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി ഏറ്റവും വേഗത്തിൽ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് അവരുടെ മാതാപിതാക്കൾക്ക് ആനുകൂല്യം നൽകുന്നതടക്കം സർക്കാർ ചെയ്യുന്നുണ്ട്. എന്നാൽ ന്യൂ ബോൺ സ്ക്രീനിംഗ്, ഏർലി ഡിറ്റക്ഷൻ എന്നിവയിലൂടെ ഇത്തരത്തിലുള്ള കുഞ്ഞുങ്ങളെ

തിരിച്ചറിയാൻ സാധിക്കുകയും അതിനുവേണ്ട കരുതലെടുക്കാൻ കഴിയുകയും ചെയ്യുമെന്നതാണ് ഏറ്റവും വലിയ പ്രത്യേകതയായി കാണുന്നത്. അതുപോലെ മാതൃമരണ നിരക്ക് കുറയ്ക്കാനായി. പ്രസവത്തിൽ ഒരു മരണംപോലും ഉണ്ടാകരുതെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. കാരണം ഈ ലോകത്തെ ഏറ്റവും ദയനീയ അവസ്ഥ അമ്മ ഇല്ലാതെ വളരുന്ന ഒരു കുഞ്ഞിന്റേതാണ്. വേറെ ആരൊക്കെയുണ്ടെന്ന് പറഞ്ഞാലും അമ്മയ്ക്ക് പകരമാകില്ല. ഇവിടെ മാതൃ മരണനിരക്കും ശിശു മരണനിരക്കും കുറയ്ക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇപ്പോൾ മാതൃ മരണനിരക്ക് 46 ആണെങ്കിൽ 2030 ആകുമ്പോൾ 20 ആയി കുറയ്ക്കാനാണ് ലക്ഷ്യമിടുന്നത്. പക്ഷെ ഒരെണ്ണം പോലുമില്ലാതെ മാതൃ മരണനിരക്ക് കുറയ്ക്കാനുള്ള ഇടപെടൽ തീർച്ചയായും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. സർക്കാർ ആശുപത്രി പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ പരിപാലിക്കുന്നതിനും ചിട്ടയോടുകൂടിയതും ശാസ്ത്രീയവുമായ ഖര-ജല മാലിന്യ സംസ്കരണം നടപ്പാക്കുന്നതിനും ആരോഗ്യ വകുപ്പ് പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. വണ്ടാനം മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. രാംലാൽ നമ്മൾ എപ്പോൾ വിളിച്ചാലും ഏത് കാര്യത്തിനും എല്ലാവരുടെ അടുത്തും ഓടിയെത്തുന്ന വളരെ ജനകീയനായ ഒരാളാണ്. അദ്ദേഹം എഴുതിയ ഒരു കുറിപ്പ് ഞാൻ വായിച്ചു. ആശുപത്രികൾ എങ്ങനെയൊക്കെ ശ്രദ്ധിച്ചാലും രോഗികളോടൊപ്പം അവരെ പരിചരിക്കാൻ ചെല്ലുന്നവർ അല്ലെങ്കിൽ സന്ദർശകർ പലപ്പോഴും ആശുപത്രികൾ മലിനപ്പെടുത്തുന്ന സാഹചര്യമാണുള്ളതെന്ന് വളരെ വേദനയോടുകൂടി അദ്ദേഹം എഴുതിയിരിക്കുന്നു. ആരോഗ്യ വകുപ്പും ആരോഗ്യ വകുപ്പുമന്ത്രിയും ഈ സിസ്റ്റവും ജനപ്രതിനിധികളടക്കം ഇതിനൊപ്പം നിന്നാലും ആശുപത്രികളിൽ വരുന്ന മനുഷ്യരുടെ ശീലങ്ങൾകൂടി തിരുത്താൻ ജനപ്രതിനിധികളുടെ വലിയൊരു ഇടപെടലുണ്ടാകണം. ജനങ്ങളോട് ഇക്കാര്യങ്ങൾ തുറന്നുപറയണം. ടോയ്‌ലറ്റിൽ തുണികൾ നിക്ഷേപിക്കുന്നതിനാൽ അത് ബ്ലോക്കാകുകയും വെള്ളം പോകാതിരിക്കുകയും ചെയ്യുകയാണെന്നും അതിനുശേഷം പരാതി വന്നാൽ അത് പരിഹരിക്കാൻ സാധിക്കുകയില്ലെന്നും ജനങ്ങളെ ബോധ്യപ്പെടുത്തണം. ഇത് ആശുപത്രിയിൽ എത്തുന്ന ആളുകളുടെ മനോഭാവത്തിന്റെ ഭാഗമാണ്. ആ മനോഭാവത്തിൽക്കൂടി മാറ്റം വരുത്താനുള്ള ഇടപെടൽ എല്ലാവരുടെയും ഭാഗത്തുനിന്നുണ്ടാകുകയും ഇതൊരു ക്യാമ്പയിൻ പ്രവർത്തനമായിത്തന്നെ വരുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ധാരാളം നേട്ടങ്ങൾ നമ്മുടെ ഗവൺമെന്റ് വന്നതിനുശേഷം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 10 മെഡിക്കൽ കോളേജുകളുള്ള ഒരു സംസ്ഥാനമാണ് കേരളം. അതുപോലെ 7 നഴ്സിംഗ് കോളേജുകളും 6 ദന്തൽ കോളേജുകളും ഫാർമസി കോളേജുകളുമുണ്ട്. ഇവരെയെല്ലാം പരിഗണിച്ചുകൊണ്ടുള്ള വലിയ ഇടപെടൽ വേണം. ബഡ്ജറ്റിൽ പണം

അനുവദിക്കുന്നുണ്ട്. രാവിലെ ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച ഒരു സബ്മിഷൻ നിങ്ങൾ കേട്ടുകാണും. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചെല്ലുമ്പോൾ മറ്റേതോ ലോകത്ത് എത്തിച്ചേരുന്ന രീതിയിൽ അത്യുയധികം മാറ്റം അവിടെ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പണം അനുവദിക്കുകയും പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിന് വകുപ്പുകളുടെ കോ-ഓർഡിനേഷൻ സ്പീഡാക്കുകയും ചെയ്തുകഴിഞ്ഞാൽ ഇതിനേക്കാൾ കൂടുതൽ റിസൽട്ട് ഉണ്ടാക്കാൻ നമുക്ക് സാധിക്കും.

സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. നിരാലംബരായ സ്ത്രീകൾക്കും 12 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്കുംവേണ്ടി രാത്രി കാലങ്ങളിൽ ഒരിടം എന്ന വലിയൊരാശയം 'കൂട്' എന്ന പദ്ധതിയിലൂടെ തിരുവനന്തപുരം ജില്ലയിൽ സാക്ഷാത്കരിച്ചിരിക്കുകയാണ്. അതുപോലെ മറ്റ് പദ്ധതികളായ 'വിശപ്പുരഹിത നഗരവും' 'ബാലനീതിയും' 'ശ്രുതിതരംഗവും' 'വനമിത്രയും' അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതിയുമൊക്കെ എടുത്തുപറയേണ്ട കാര്യങ്ങളാണ്. അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് 1000 രൂപ വീതം ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതിയും നിലവിലുണ്ട്.

മി. ചെയർമാൻ: താങ്കൾക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീമതി യു. പ്രതിഭ: ഞാൻ അവസാനിപ്പിക്കുകയാണ്. ആയുഷ്, ഹോമിയോ വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, സമ്പൂർണ്ണ ആയുർവേദ സംസ്ഥാനം, എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ആശുപത്രികൾ എന്നിവ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായതിനുശേഷം വളരെ കൃത്യമായി ചെയ്യാൻ കഴിഞ്ഞു. എനിക്കൊരു അപേക്ഷ നിങ്ങളോടെല്ലാവരോടും ഉള്ളത് ആരോഗ്യ മേഖലയെ സംബന്ധിച്ച ചർച്ചയിൽ വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളുമായി മുന്നോട്ടു പോകണമെന്നാണ്. ഫണ്ടിന്റെ കാര്യത്തിൽ ചിലപ്പോൾ ഏറ്റക്കുറച്ചിലുകളുണ്ടാകാം. ഇപ്പോൾ പനി വന്നാൽ മെഡിക്കൽ കോളേജിലേയ്ക്ക് ചെല്ലേണ്ടതില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടുള്ള പ്രവർത്തനം നടത്താമെന്നുള്ള വലിയ വിഷൻ, അതിൽ നമ്മളെല്ലാവരും ഇടപെടുമ്പോൾ മാത്രമേ ആ വിഷന് പൂർണ്ണത ലഭിക്കുകയുള്ളൂ. കുറ്റപ്പെടുത്തുന്നതിന് മാത്രമല്ല ഇതുപോലുള്ള ചർച്ചകൾ വരേണ്ടത്. കാടടച്ച് വെടിവയ്ക്കുന്ന രീതി ശ്രീ. ഐ. സി. ബാലകൃഷ്ണനൊക്കെ ചർച്ച ചെയ്തപ്പോൾ ഞാൻ കണ്ടു. എന്താണ് കുറവെന്ന് ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കാൻ കഴിയുന്ന

തരത്തിലുള്ള ഇടപെടൽ നടത്തുന്ന ഒരു വകുപ്പും മന്ത്രിയുമാണുള്ളത്. അതിനെ പോസിറ്റീവായി എടുത്തുകൊണ്ട് ആ തരത്തിൽ മാറ്റിയെടുക്കുന്നതിനുള്ള ചർച്ച ആയിരിക്കണം നിങ്ങളുടെ എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ടും വലിയ വിപ്ലവകരമായ മുന്നേറ്റത്തിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാൻ ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ടും നിർത്തുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പൊതുജനാരോഗ്യ രംഗത്തുണ്ടായ ഒട്ടേറെ മാറ്റങ്ങളെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാ ഗവൺമെന്റുകളും കാലഘട്ടത്തിനനുസരിച്ച് പൊതുജനങ്ങളുടെ താൽപ്പര്യം, ആരോഗ്യ പരിപാലനം എന്നീ കാര്യങ്ങളിൽ വലിയ ശ്രദ്ധ നൽകിയിട്ടുണ്ട്. ഇപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഉദ്ദേശിച്ച നിലയിൽ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളുമൊക്കെ നിർമ്മിച്ചുനൽകുവാൻ ശ്രമിക്കുന്നുമുണ്ട്. പക്ഷെ ഡോക്ടർമാരെയും അനുബന്ധ സൗകര്യങ്ങളും കാര്യക്ഷമമായി കൊടുക്കാൻ കഴിയുന്നുണ്ടോയെന്നത് വിലയിരുത്തപ്പെടേണ്ടതാണെന്നുള്ള കാര്യത്തിൽ സംശയമില്ല. അതോടൊപ്പംതന്നെ ഇന്ന് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന രംഗമാണ് കാൻസർ രോഗം. കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. പക്ഷെ ആ രോഗത്തിന്റെ ആരംഭ ദിശയിൽത്തന്നെ അത് കണ്ടെത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ജില്ലാ ആശുപത്രികളെയും താലൂക്കാശുപത്രികളെയും സജ്ജമാക്കാൻ ഒരു നടപടിയുണ്ടാകുമെന്ന് നിയമസഭയിൽ നൽകിയ ചോദ്യത്തിന് ഉത്തരമായി ഞാൻ വായിക്കുകയുണ്ടായി. അതിനുവേണ്ടി അരോഗ്യമേഖലയിലെ കാൻസർ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ റീജിയണൽ കാൻസർ സെന്ററിൽ പരിശീലനം നേടിയ ഡോക്ടർമാരെ വിന്യസിച്ചുകൊണ്ട് ജില്ലാ കാൻസർ കെയർ പ്രോഗ്രാം എത്രത്തോളം ഭംഗിയായി നടക്കുന്നുണ്ടെന്നത് തീർച്ചയായും ശ്രദ്ധിക്കപ്പെടേണ്ടതും ഇടുക്കിപോലുള്ള മേഖലകളിൽ, ഇടുക്കി ജില്ലാ ആശുപത്രിയുടെ അനുബന്ധമായിത്തന്നെ ഇത്തരം കാര്യങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളണമെന്നാണ് സൂചിപ്പിക്കുവാനുള്ളത്. അതോടൊപ്പം അർബുദ രോഗങ്ങളെ സംബന്ധിച്ചിടത്തോളം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള ചില പദ്ധതികളിൽ 'സുകൃതം' പദ്ധതി താളം തെറ്റിയിരിക്കുന്നു. കേരളത്തിലെ മെഡിക്കൽ കോളേജുകൾവഴി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ സൗജന്യമായി മരുന്ന് നൽകുന്ന 'സുകൃതം'

പദ്ധതി നിലച്ചിരിക്കുകയാണ്. പദ്ധതിയുടെ ഭാഗമായി നൽകിയിരുന്ന മരുന്നുകളുടെ പണം സർക്കാരിന് അടയ്ക്കാൻ കഴിയുന്നില്ല. അതിലൊരിക്കലും വീഴ്ച വരുത്തരുത്. നമ്മുടെ സമൂഹത്തിൽ ഏറ്റവും കരുതലോടുകൂടി കാണേണ്ട ഒരു കാര്യമാണത്. 2014 ഡിസംബറിൽ ഉമ്മൻ ചാണ്ടി സർക്കാരാണ് 'സുകൃതം' പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇന്ന് തീർച്ചയായും കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ ലഭിക്കുന്ന തുകയ്ക്കുപുറമെ 3 ലക്ഷം രൂപവരെ ലഭ്യമാകുന്ന ഈ പദ്ധതി ഇല്ലാതാകുന്നതോടുകൂടി വളരെയേറെ ബുദ്ധിമുട്ടാണ് അനുഭവപ്പെടുന്നത്. അതുപോലെ മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയ മുടങ്ങുന്നത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്. സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ശസ്ത്രക്രിയ ഉപകരണങ്ങൾ ഇന്ന് കൊടുക്കുന്നില്ല. കോടിക്കണക്കിന് രൂപ അവിടെ അടയ്ക്കേണ്ടതുണ്ട്. അതുകൊണ്ട് ഹൃദയ ശസ്ത്രക്രിയ ഉൾപ്പെടെ പലവിധത്തിലുള്ള പരിശോധനകളും നടത്തി ശസ്ത്രക്രിയയ്ക്ക് തയ്യാറായി നിൽക്കുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇത്തരം കാര്യങ്ങൾക്ക് പ്രയോറിറ്റി നൽകി അത് തീർച്ചയായും സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ് സ്പെഷ്യൽ സ്കൂളുമായി ബന്ധപ്പെട്ടത്. ആ വിഷയം പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിക്കണം. ഇന്ന് കേരളത്തിൽ 314 സ്പെഷ്യൽ സ്കൂളുകളുണ്ട്. എന്നാൽ ഗവൺമെന്റ് അധീനതയിൽ ഒരു സ്കൂൾ മാത്രമാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അത്തരം ആലോചനകളെക്കുറിച്ച് കേൾക്കുന്നില്ല. എയ്ഡഡ് പദവി ഇല്ലെങ്കിലും ഗ്രേഡിംഗ് തിരിച്ച് അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ആ വേതനം നൽകാനോ ഇൻസ്പെക്ഷൻ നടത്താനാവശ്യമായ നടപടി സ്വീകരിക്കാനോ കഴിഞ്ഞിട്ടില്ലെന്നുള്ളത് വേദനാജനകമാണ്. 11.2 കോടി രൂപ ഇക്കാര്യത്തിനുവേണ്ടി മാറ്റിവച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. പക്ഷെ നടപടികളിലേയ്ക്ക് വരാൻ കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ 42 ലക്ഷം കുട്ടികൾ സൗജന്യമായി പഠിക്കുന്നുണ്ട്. അതോടൊപ്പം കാഴ്ച, കേൾവി, സംസാര വൈകല്യം എന്നിങ്ങനെയുള്ള കുട്ടികളെയും സൗജന്യമായി പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. എന്നാൽ സമൂഹത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധയും പരിചരണവും ലഭിക്കേണ്ട ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന, ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കോ സ്ഥാപനങ്ങൾക്കോ ഒരു പരിഗണനയും ലഭിക്കുന്നില്ല. അത് തീർച്ചയായും ഗൗരവമായി കാണേണ്ട വിഷയമാണ്. ഇവിടെ ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളുള്ള അദ്ധ്യാപകരാണ് പഠിപ്പിക്കുന്നത്. പക്ഷെ ഇവർക്ക് 6,000 രൂപയാണ് ഗ്രാന്റായി നൽകുന്നത്. ഇതേ യോഗ്യതകളുള്ള

അദ്ധ്യാപകർ ബി.ആർ.സി.-യിലോ എസ്.എസ്.എ.-യിലോ പഠിപ്പിച്ചാൽ അവർക്ക് 30,000 രൂപ ഇന്ന് വേതനമായി ലഭിക്കും. ആയമാർക്ക് 17,500 രൂപ ലഭിക്കും. തുല്യജോലിക്ക് തുല്യ വേതനമെന്ന കൺസെപ്റ്റുപോലും ഇല്ലാത്ത സ്ഥിതിയാണ്. ആ കുട്ടികളെ പരിരക്ഷിക്കുകയും വളർത്തുകയും പഠിപ്പിക്കുകയും ചെയ്യുന്ന അദ്ധ്യാപകർക്ക് പരിഗണന ലഭിക്കുന്നില്ല. ആരോഗ്യ വകുപ്പുമന്ത്രി വളരെ താൽപ്പര്യത്തോടെ കാര്യങ്ങൾ നീക്കുന്നുണ്ടെന്ന് അറിയാമെങ്കിലും അതിന്റെ നടപടികളിലേയ്ക്ക് എത്താൻ കഴിഞ്ഞിട്ടില്ല. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് കോക്ലിയർ ഇംപ്ലാന്റേഷൻ. ജനന സമയത്തുതന്നെ ശ്രവണ വൈകല്യമുള്ള കുട്ടികളുടെ വിഷയം വളരെ പരിതാപകരമാണ്. സംസ്ഥാനത്തൊട്ടാകെ 2100-ഓളം പേർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്യുവെന്നാണ് മനസ്സിലാക്കുന്നത്. ഇടുക്കി ജില്ലയിൽ 26 കുട്ടികളും എന്റെ നിയോജകമണ്ഡലത്തിൽ 7 കുട്ടികളുമുണ്ട്. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയും ഡോ. എം. കെ. മുനീർ മന്ത്രിയുമായിരുന്ന സമയത്താണ് ഇതിനുള്ള പ്രാരംഭം കുറിച്ചത്. അവരുടെ ദുഃഖങ്ങളും പ്രയാസങ്ങളും നേരിട്ട് മനസ്സിലാക്കുമ്പോൾ വലിയ സങ്കടം തോന്നും. ഷിജു എന്നൊരാൾ അദ്ദേഹത്തിന്റെ കുട്ടിയുമായി 2000-ത്തിൽ തിരുവനന്തപുരത്ത് പരിശോധനയ്ക്കുവന്ന് കോക്ലിയർ ഇംപ്ലാന്റ് നടത്തിയതിനുശേഷം സ്പീച്ച് തെറാപ്പിക്കുവേണ്ടി താമസിക്കുന്ന സമയത്ത് ഈ കുട്ടിയെ കാണാനായി വേറൊരു കുട്ടിയും രക്ഷിതാവും എത്തുന്നു. ഈ ട്രീറ്റ്മെന്റിന്റെ തുക കൂടുതലാണെന്ന് പറഞ്ഞ് ദുഃഖത്തോടെ കരഞ്ഞുകൊണ്ടുപോകുന്ന രംഗം കണ്ട ഷിജു ശ്രീ. കെ. ജെ. യേശുദാസിനെ വിളിക്കുന്ന സാഹചര്യമുണ്ടാകുകയും അദ്ദേഹത്തിന്റെ പിതാവിന്റെ പേരിലുള്ള ഫൗണ്ടേഷൻ സൗജന്യമായി ഹൃദയശസ്ത്രക്രിയ ചെയ്തുകൊടുക്കുന്നുവെന്ന് മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവരോട് ചെല്ലാൻ പറഞ്ഞു. അങ്ങനെ ചെന്നപ്പോൾ ഇതുകൂടാതെ മറ്റ് 13 പേർക്കുകൂടി ഈ ശസ്ത്രക്രിയ ചെയ്തുകൊടുത്തു. അവരെയും ഹൃദയശസ്ത്രക്രിയ നടത്തിയവരെയും ഒരുമിച്ച് ഒരു യോഗത്തിൽ വിളിച്ച് മുഖ്യമന്ത്രിയെന്ന നിലയിൽ ശ്രീ. ഉമ്മൻ ചാണ്ടിയും മന്ത്രിയെന്ന നിലയിൽ ഡോ. എം. കെ. മുനീറും പങ്കെടുത്ത ആ യോഗത്തിൽവച്ച് ഗവൺമെന്റ് അഷ്വർ ചെയ്തതാണ് 'ശ്രുതിതരംഗം' എന്ന പദ്ധതി. ഇവർക്ക് ഈ ഓപ്പറേഷൻ ചെയ്തതിനുശേഷം വരുന്ന മെയിന്റനൻസ് അതായത് ഉപകരണങ്ങളിൽ വരുന്ന കേടുപാടുകൾ പരിഹരിക്കേണ്ടതുണ്ട് എന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ 50,000 രൂപവരെ പഞ്ചായത്തിനും ബ്ലോക്കിനും കൊടുക്കാൻ പ്രൊവിഷനുണ്ടെങ്കിലും അതിന്റെ നടപടികൾ വളരെ ബുദ്ധിമുട്ടുള്ളതാണ്. എം.എൽ.എ.-മാർക്കുള്ള ആസ്തി വികസന ഫണ്ടിൽ നിന്നാണെങ്കിൽപ്പോലും ആ തുക അവർക്ക് നൽകാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ വരുമ്പോൾ അതിനുള്ള നടപടി ലഘൂകരിക്കാൻ കഴിയും.

അതിന് വലിയ തുകയൊന്നും വരുന്നില്ല. പരീക്ഷയുള്ള ദിവസമായിരിക്കും ചിലപ്പോൾ മെഷീൻ കേടാകുന്നത്. അപ്പോൾ ആ കുട്ടിക്ക് പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യമുണ്ടാകും. അതുകൊണ്ട് ജില്ലാ കളക്ടർ മുഖാന്തരം ആ തുക കൊടുത്ത് മെഷീനും മറ്റും വാങ്ങാനുള്ള സൗകര്യമുണ്ടാക്കണം. അതുപോലെ ഇടുക്കി മെഡിക്കൽ കോളേജിൽ ഈ വർഷംതന്നെ ക്ലാസ് ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നെങ്കിലും അത് എത്രത്തോളം ശരിയാകുമെന്ന് സംശയമുണ്ട്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അക്കാര്യത്തിലെടുത്ത ഇനിഷ്യേറ്റീവിനെ ഒരിക്കലും കുറച്ചുകാണുന്നില്ല. പക്ഷെ മൂന്നുവർഷമായിട്ടും ക്ലാസ് ആരംഭിക്കാൻ കഴിയുന്നില്ല. പത്തുപതിനൊന്ന് ന്യൂനതകൾക്കൂടി അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പരിഹരിക്കാൻ കഴിയുന്നത്ര പരിഹരിച്ച് എം.സി.ഐ.-യെ സമീപിക്കേണ്ട സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. എന്നാൽ കെട്ടിടങ്ങളുടെ നവീകരണവും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവുമൊക്കെ നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷെ അവിടെ മൊത്തം 99 ഡോക്ടർമാർ വേണ്ടിടത്ത് ഇപ്പോൾ 45 ഡോക്ടർമാർ മാത്രമേ ആയിട്ടുള്ളൂ. സെൻട്രൽ ലാബ് അനിവാര്യമായിരിക്കുന്നു. 175 നഴ്സുമാർ വേണ്ടിടത്ത് 48 പേരും 99 പാരാമെഡിക്കൽ സ്റ്റാഫ് വേണ്ടിടത്ത് 30 പേരും മാത്രമേ ആയിട്ടുള്ളൂ. അതൊക്കെ പരിഹരിച്ച് ആ മെഡിക്കൽ കോളേജ് ഇടുക്കി ജില്ലയ്ക്ക് ഏറ്റവും പ്രാധാന്യമുള്ള ഒന്നായിക്കണ്ട് ആരോഗ്യ പരിപാലന രംഗത്ത് കൊടുക്കാൻ കഴിയുന്ന ഏറ്റവും നല്ല സംഭാവനയായിക്കണ്ട് മന്ത്രിയെന്ന നിലയിൽ ടീച്ചർ കാര്യക്ഷമമായി ഒന്നുകൂടി പരിശോധിക്കണം. ഈ അധ്യയന വർഷം തന്നെ ക്ലാസ് ആരംഭിക്കാൻ കഴിയുന്ന തരത്തിൽ നല്ല ഇടപെടലുണ്ടാകണം. രണ്ട് വർഷം ക്ലാസ് നടന്നൊരു മെഡിക്കൽ കോളേജാണത്. തീർച്ചയായും അക്കാര്യത്തിൽ നല്ല നിലയിലുള്ള ഇടപെടലുണ്ടാകേണ്ടത് ആരോഗ്യ രംഗത്ത് ഇടുക്കിക്ക് കിട്ടാവുന്ന വലിയൊരു മെച്ചമാണ്. ഒരു കാര്യം കൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ പഞ്ചായത്തിൽ ഞാൻ ആംബുലൻസ് വാങ്ങിക്കൊടുത്തിട്ടുണ്ട്. ഈ ആംബുലൻസിൽ ഡ്രൈവറെ നിയമിക്കാൻ നമുക്ക് മാർഗ്ഗമില്ല. സാധാരണ പഞ്ചായത്തുകളും പി.എച്ച്.സി.-യുമൊക്കെയാണ് അത് ചെയ്യുന്നത്. എൻ.എച്ച്.എം. മുഖേനയെങ്കിലും ഒരു ഡ്രൈവറെ പോസ്റ്റ് ചെയ്താൽ അത് നല്ല നിലയിൽ കൊണ്ടുപോകാൻ സാധിക്കും. ഒരു കാഷ്വാലിറ്റി സംവിധാനമൊക്കെ ഉണ്ടാകുമ്പോൾ മലയോര മേഖലയിൽ ആംബുലൻസിന്റെ അഭാവം പെട്ടെന്നനുഭവപ്പെടും. അത്തരം കാര്യംകൂടി പരിഹരിക്കാൻ ശ്രദ്ധിക്കണം. ഇടുക്കി മെഡിക്കൽ കോളേജിൽ ഈ അധ്യയന വർഷംതന്നെ ക്ലാസ് ആരംഭിക്കാനുള്ള ശക്തമായ ഇടപെടലുണ്ടാകണമെന്നും കാര്യക്ഷമമായ പ്രവർത്തനങ്ങളിലേയ്ക്ക് പോകാൻ ഗവൺമെന്റ് തയ്യാറാകണമെന്നും ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

2.00 P.M.]

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്നു. സർവ്വ മേഖലയിലും ഈ സർക്കാർ വികസനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് പൊതുവിദ്യാഭ്യാസം, ആരോഗ്യം, ഹരിത കേരളം, പാർപ്പിട പദ്ധതി, ക്ഷേമ പെൻഷനുകൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ ലോകത്തിനുതന്നെ മാതൃകയായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. വളരെ പാവപ്പെട്ട ആളുകൾ ആശ്രയിക്കുന്ന പൊതുവിതരണ സമ്പ്രദായത്തിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പുമെല്ലാം ഇല്ലാതാക്കി. അതുമാത്രമല്ല ഈ സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങൾ തീരെ ഇല്ലാതായി. അഴിമതി നല്ലതുപോലെ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. അങ്ങനെ ഈ ഗവൺമെന്റ് എല്ലാംകൊണ്ടും മാതൃകാപരമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്ത് കേരളം വലിയൊരു മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ് എന്ന കാര്യം പറയാതിരിക്കാൻ കഴിയില്ല. നമ്മുടെ സംസ്ഥാനം ക്ഷേമ വികസന പ്രവർത്തനം നടത്തുന്നത് ഐക്യരാഷ്ട്ര സഭയുടെ ഏജൻസികൾപോലും വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യമേഖലയ്ക്ക് ആവശ്യമായ പണം നീക്കിവച്ചുകൊണ്ട് ഈ സർക്കാർ ആരോഗ്യ മേഖലയുടെ ആരോഗ്യംതന്നെ വീണ്ടെടുത്തിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം എൻ.എച്ച്.എം.-ന്റെയും കിഫ്ബിയുടെയുമെല്ലാം ഫണ്ടുകളിൽനിന്നും ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഏതാണ്ട് 4,500 കോടി രൂപ ഈ ഗവൺമെന്റ് ആരോഗ്യ മേഖലയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഇന്ത്യയിൽ നമ്മുടെ ആരോഗ്യരംഗം വളരെ മുന്നിലാണ്. 'Kerala Best in Health Care' എന്നൊരു വാർത്ത ഇംഗ്ലീഷ് പത്രത്തിൽ വരികയുണ്ടായി. ഇത് കേരളത്തിലെ എല്ലാ മലയാളികൾക്കും അഭിമാനിക്കാവുന്നതാണ്. ഈ വാർത്തയെ ചെറുതായി കാണാൻ കഴിയില്ല. അതുമാത്രമല്ല ഏഷ്യൻ കോണ്ടിനന്റിൽത്തന്നെ കേരളം ഇന്ന് ഒന്നാം സ്ഥാനത്താണെന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറഞ്ഞിട്ടുണ്ട്. എന്നാൽ അതെല്ലാം മറച്ചുവച്ച് മനസ്സാക്ഷിയില്ലാത്ത രീതിയിൽ ഇങ്ങനെ പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത് എനിക്ക് അത്ഭുതകരമായി തോന്നുന്നു. നമ്മുടെ സംസ്ഥാനത്തെ ഈ രീതിയിലെത്തിക്കാൻ ഈ ഗവൺമെന്റ് എന്തുമാത്രം കഷ്ടപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ആരോഗ്യ രംഗത്തുണ്ടായ വലിയൊരു വെല്ലുവിളിയാണ് നിപ വൈറസ്. ഒന്നാം ഘട്ടത്തിൽ അത് സംഭവിച്ചപ്പോൾ ആദ്യത്തെ അനുഭവത്തിൽത്തന്നെ ധാരാളം പാഠങ്ങൾ പഠിച്ച് അത് ഇല്ലാതാക്കാൻ ഒട്ടേറെ ഇടപെടൽ നടത്തി. സംസ്ഥാനത്തെ എല്ലാ ഉദ്യോഗസ്ഥരും ഡോക്ടർമാരും ഉൾപ്പെടെയുള്ള ടീമിനെ സംയുക്തമായി ചേർത്തുപിടിച്ചുകൊണ്ട് കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രി നല്ലതുപോലെ

ഇടപെട്ടതിന്റെ ഭാഗമായി രണ്ടാംഘട്ടം നിപ വൈറസ് ബാധിച്ചപ്പോൾ ഒരാൾക്കുപോലും അപായം ഉണ്ടാകാത്ത രീതിയിൽ അതിനെ തടയാൻ കഴിഞ്ഞു. ഇത്തരം വലിയ കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടത്തിയപ്പോൾ ലോകത്ത് പല രാജ്യങ്ങളിലും, ഇന്ത്യയിൽത്തന്നെ പല സംസ്ഥാനത്തും ഇതുപോലെയുള്ള നിരവധി സംഭവങ്ങളുണ്ടായിട്ടും അവർ എന്ത് ചെയ്യാൻ കഴിയുമെന്നാലോചി ക്കുകയാണുണ്ടായത്. ഇവിടെ ശ്രീ. ഡി. കെ. മുരളി, എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഇന്ന് ബീഹാറിൽ എങ്ങനെയാണ് ഒരു വിഷയത്തെ കൈകാര്യം ചെയ്യേണ്ടതെന്നുപോലും അറിയാതെ അവിടത്തെ മന്ത്രി ഇരുട്ടിൽ തപ്പുക മാത്രമല്ല, ക്രിക്കറ്റ് കളിയുടെ ആവേശത്തിൽ ടി.വി. കണ്ടു കൊണ്ടിരിക്കുകയാണ്. ബീഹാറിൽ 103 കുട്ടികൾ മരിച്ചുവീണു എന്നൊരു വാർത്ത ഇന്നത്തെ വീക്ഷണം പത്രത്തിൽ വന്നിട്ടുണ്ട്. എന്നാൽ കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രി ഭക്ഷണം കഴിക്കുന്നുണ്ടോയെന്നുപോലും സംശയമാണ്. കേരളത്തിൽ ഒരു വാർത്തപോലും മോശപ്പെട്ട രീതിയിൽ കേൾക്കരുതെന്ന് വിചാരിച്ച് ജാഗ്രതയോടെ ശ്രദ്ധിക്കുകയാണ്. ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ വളരെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ആരോഗ്യ രംഗം നല്ല രീതിയിലാണ് കൈകാര്യം ചെയ്യുന്നതെന്ന കാര്യം ഞാൻ വളരെ അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. അത് മറച്ചുവച്ചുകൊണ്ട് നേരത്തെ ചർച്ചയിൽ പങ്കെടുത്ത യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ നിപയെക്കുറിച്ച് പുച്ഛത്തിൽ പറഞ്ഞു, ഓപ്പറേഷനുമായി ബന്ധപ്പെട്ടുണ്ടായ ഒറ്റപ്പെട്ട ഏതോ സംഭവത്തെ വലുതായി കാണിച്ചുകൊണ്ട് കേരളത്തിലെ ആരോഗ്യരംഗം വളരെ മോശമാണെന്നാണ് പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, ഇവിടെ എല്ലാ സംഘടനയുടെയും ഉദ്യോഗസ്ഥർ ഒരുമിച്ചുനിന്നല്ലേ നിപ പോലുള്ള പനിയെ നേരിട്ടത്. പ്രതിപക്ഷ സംഘടനയിലെ ഉദ്യോഗസ്ഥരും അതിനകത്ത് സഹായിക്കാൻ ഉണ്ടായിരുന്നില്ലേ. ഇങ്ങനെ നല്ലതുപോലെ ഇടപെടാൻ കഴിഞ്ഞു എന്നൊരു വാക്കുപോലും പറയാൻ ഈ സഭയ്ക്കകത്ത് പ്രതിപക്ഷം തയ്യാറായില്ലല്ലോ? ഇവിടെ യു.ഡി.എഫ്.ന്റെ കാലത്തെ കാര്യങ്ങൾ പറയാതിരിക്കാൻ കഴിയില്ല. പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെ രോഗികൾ പോകാത്ത അവസ്ഥയായിരുന്നു. അതിന് കാരണം മരുന്നില്ല, ഡോക്ടർമാരില്ല, ഉദ്യോഗസ്ഥന്മാരില്ല എന്നുള്ളതാണ്. പോയാൽ തന്നെ നാടൻ ഭാഷയിൽ പറഞ്ഞാൽ പൂച്ചയെപിടിച്ച് നായയുടെ മുഖത്തേയ്ക്കിട്ടതുപോലെ ആയിരുന്നല്ലോ ചില ഉദ്യോഗസ്ഥർ. കഴിഞ്ഞ കാലഘട്ടത്തിൽ നമ്മുടെ ആരോഗ്യ രംഗം അങ്ങനെയായിരുന്നില്ലേ; ഇപ്പോൾ എന്താണ് അതിന്റെ സ്ഥിതി? ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് ആരോഗ്യ മേഖലയെ ശ്വാസം മുട്ടിച്ച് കൊല്ലുകയല്ലായിരുന്നില്ലേ; ആവശ്യമായ പണം അനുവദിക്കാതെ തുച്ഛമായ പണം മാറ്റിവച്ചുകൊണ്ടല്ലേ ആരോഗ്യ രംഗം കൈകാര്യം ചെയ്തിരുന്നത്; ആരോഗ്യ

രംഗത്ത് എന്നും വിവാദങ്ങളല്ലായിരുന്നില്ലേ; യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന രണ്ട് വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം പരിശോധിച്ചാൽ 2014-15-ൽ 629.4 കോടി രൂപ, 2015-16-ൽ 665.37 കോടി രൂപ. ഇതായിരുന്നു ആരോഗ്യ മേഖലയ്ക്കുവേണ്ടി അവരുടെ അവസാന രണ്ട് വർഷത്തെ ബഡ്ജറ്റ് വിഹിതം. എന്നാൽ ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷമെടുത്ത് പരിശോധിച്ചാൽ 2016-17-ൽ 1013.11 കോടി രൂപ; 2017-18-ൽ 1314.95 കോടി രൂപ; 2018-19-ൽ 1419.3 കോടി രൂപ; 2019-20-ൽ 4500 കോടി രൂപ എന്നിങ്ങനെ നമുക്കറിയാൻ കഴിയും. പണം വാരിക്കോരിയാണ് ഈ വകുപ്പിനായി നീക്കിവച്ചിരിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് മുന്തിയ പരിഗണന കൊടുത്ത് ഈ വകുപ്പിനായി ഇത്രയധികം പണം മാറ്റിവച്ചത്. ഇവിടെ പല എം.എൽ.എ.-മാരും പറഞ്ഞതാണ്, നമ്മുടെ സംസ്ഥാനത്തെ ഗ്രാമങ്ങളിലുള്ള ആശുപത്രികളിലെ സ്ഥിതിയെന്താണ്? ഈ ഗവൺമെന്റ് 170 പി.എച്ച്.സി.-കൾ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തണമെന്ന് ലക്ഷ്യം വച്ചു. എന്നാൽ ഇപ്പോൾത്തന്നെ ഏതാണ്ട് 230 ആശുപത്രികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. ഇവിടെ ആളുകൾ വലിയ ആശ്വാസത്തിലാണ്. എന്റെ മണ്ഡലത്തിലുള്ള ആശുപത്രികൾ ഞാൻ കൃത്യമായി നോക്കി, ഉച്ചവരെയുണ്ടായിരുന്ന ചികിത്സ ഇപ്പോൾ വൈകിട്ട് 6.00 മണി വരെ ലഭിക്കുന്നു. മൂന്ന് ഡോക്ടർമാർ ഷിഫ്റ്റ് അടിസ്ഥാനത്തിൽ വൈകിട്ട് 6.00 മണി വരെ നല്ല ചികിത്സ കൊടുക്കുന്നു. സൗജന്യമായി രക്തം, മൂത്രം, മലം എന്നിവയെല്ലാം പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കുന്നു. അങ്ങനെ അത്യാവശ്യം വേണ്ട എല്ലാവിധ പരിശോധനകളും ഗ്രാമങ്ങളിലെ ആശുപത്രികളിൽത്തന്നെ ഉണ്ടാക്കിയെടുക്കുന്നു. ഇത് ചെറിയ കാര്യമാണോ; ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പറഞ്ഞ വാക്കല്ലേ ഇത്. പറഞ്ഞ വാക്ക് വളരെ കൃത്യമായി പാലിച്ചുകൊണ്ട് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. പ്രാഥമിക ആശുപത്രികളിൽ ഈ രീതിയാണെങ്കിൽ അതിന് മുകളിലുള്ള താലൂക്ക് ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലുമെല്ലാം നല്ല രീതിയിലുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ആശുപത്രികളിലെ ഉദ്യോഗസ്ഥർ ഇന്ന് വലിയ സന്തോഷത്തിലാണ്. നേരത്തെ ഇവിടെ ശ്രീമതി യു. പ്രതിഭ, എം.എൽ.എ. പറഞ്ഞതുപോലെ വരുന്ന ആളുകളുടെ മാനസിക സ്ഥിതിയും മാറ്റിയെടുക്കേണ്ടതുണ്ട്. വളരെ നല്ല രീതിയിൽ ഉദ്യോഗസ്ഥർ ഇടപെട്ടു കൊണ്ടിരിക്കുന്നുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ കാണാതെ ഒറ്റപ്പെട്ട സംഭവങ്ങൾ വരുമ്പോൾ പ്രതിപക്ഷ സംഘടനകളും രാഷ്ട്രീയ പാർട്ടികളും അത് ആരോഗ്യ വകുപ്പിന്റെ കുറവാണെന്ന് പറഞ്ഞ് പ്രക്ഷോഭം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇവിടെ ആരോഗ്യ രംഗത്ത് നല്ല രീതിയാണെങ്കിൽ, കേരളത്തിൽ വളരെ അഭിമാനത്തോടെ

പറയാൻ സാധിക്കുന്ന ഒട്ടേറെ വിഷയങ്ങളുണ്ട്. സമയക്കുറവുമൂലം ഞാൻ ചുരുക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പ്രതിപക്ഷം ഒന്നും ചെയ്തില്ലെങ്കിലും വേണ്ടില്ല, നമ്മുടെ മന്ത്രിയെ ഒന്ന് അഭിനന്ദിക്കാൻ തയ്യാറായാൽ മതിയായിരുന്നു. ശ്രീ. പി. സി. ജോർജ് പറഞ്ഞ ഒരു വാക്ക്, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ വലിയ വിജയം യു.ഡി.എഫ്.-നുണ്ടായത് യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ മികവ് തന്നെയാണോ; എന്റെ സംശയമാണ്. അല്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ആയിരക്കണക്കിന് വരുന്ന പ്രവർത്തകർ നന്നായി പ്രവർത്തിച്ചു. കേന്ദ്രത്തിൽ ബി.ജെ.പി.-ക്കെതിരായാണ് ആഞ്ഞടിച്ചത്. എന്നാൽ ബീഫ് നിരോധനത്തിനെതിരായോ വർഗ്ഗീയതയ്ക്കെതിരായോ യാതൊരു സമരവും നടത്താത്ത ആളുകൾ ഇന്ന് ഖദറുമിട്ട് ഞെളിഞ്ഞിരിക്കുന്നല്ലോ; യഥാർത്ഥത്തിൽ നിങ്ങൾ പണിയെടുത്ത് കിട്ടിയത് തന്നെയാണോ അത്? കോൺഗ്രസ് യാതൊരു കാരണവശാലും ഇനി മുന്നോട്ടുപോകില്ല. വിളക്കിലെ എണ്ണ തീരുമ്പോൾ തിരി ആളിക്കത്തുന്നതു പോലെയുള്ള കത്തലാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലുണ്ടായത്. ഇനി അത് അധികം കത്തില്ല. ഈ രീതി മനസ്സിലാക്കിയില്ലെങ്കിൽ തീർച്ചയായും കോൺഗ്രസ് നേരെയാകില്ല. എന്തായാലും ഈ ധനാഭ്യർത്ഥനകളെ വളരെ ആത്മാർത്ഥമായി ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കാരാട്ട് റസാഖ്: സർ, ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി ശൈലജ ടീച്ചർക്ക് ഫുൾ എ പ്ലസ് മാർക്ക് നൽകിക്കൊണ്ടാണ് ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ടുള്ള പ്രസംഗം ഞാൻ ആരംഭിക്കുന്നത്. ഞാൻ കോഴിക്കോട് ജില്ലയിൽ നിന്നുള്ള ഒരു എം.എൽ.എ.-യാണ്. ഒരു വർഷം മുമ്പ് സംസ്ഥാനം മുഴുവൻ ഞെട്ടലോടെ കേട്ട ഒരു വാർത്ത കോഴിക്കോട് നിന്നായിരുന്നു ഉണ്ടായത്. നിപ വൈറസിന്റെ വരവിനെക്കുറിച്ചുള്ള വാർത്തയായിരുന്നു അത്. പുറത്തിറങ്ങാൻപോലും ജനങ്ങൾ ഭയപ്പെട്ടു, സ്കൂളുകൾ തുറക്കുന്നത് നീട്ടിവച്ചു, ആളുകൾ യാത്രയും പരിപാടികളും മാറ്റിവച്ചു. അപ്പോൾ ഒരു മാലാഖയെപ്പോലെ ആശ്വാസവാക്കും പരിഹാര മാർഗ്ഗങ്ങളുമായി കടന്നുവന്നത് പ്രിയപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചറായിരുന്നു. ഭയപ്പാടോടെ മടിച്ചുനിന്ന ആരോഗ്യ പ്രവർത്തകർക്ക് ആത്മവിശ്വാസം നൽകി രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ലോക രാജ്യങ്ങൾപോലും ശ്രദ്ധിക്കുന്ന തരത്തിൽ നിപ പടരാതെ കാക്കുന്നതിൽ അവർ ലക്ഷ്യംകണ്ടു. കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും ശ്രീമതി ശൈലജ ടീച്ചറുടെ പ്രവർത്തന മികവിനെ അഭിനന്ദിച്ചു. ഇക്കൊല്ലം കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ ഒരാളിൽ നിപ വൈറസ് ബാധയുടെ ലക്ഷണങ്ങൾ കണ്ടതോടെ കേരളം വീണ്ടും ഭയപ്പാടിലേയ്ക്ക് നീങ്ങി. എന്നാൽ

കഴിഞ്ഞ വർഷം നിപയ്ക്കെതിരായ പോരാട്ടത്തിന് നേതൃത്വം നൽകിയ നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ആരും ഭയപ്പെടേണ്ടതില്ലെന്നും കൂടുതലാളുകളിലേയ്ക്ക് രോഗബാധയുണ്ടാകാതെ തടയാൻ സാധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുമെന്നും പറഞ്ഞു. കൊച്ചിയിൽ ക്യാമ്പ് ചെയ്ത് നിപയുടെ രണ്ടാം വരവിനെ സർവ്വ സന്നാഹങ്ങളോടെയും പ്രതിരോധിക്കാൻ നേതൃത്വം നൽകിയ ശ്രീമതി ശൈലജ ടീച്ചറിനെയും സംസ്ഥാന സർക്കാരിനെയും എത്ര പ്രശംസിച്ചാലും അധികമാകുകയില്ല. എറണാകുളം മെഡിക്കൽ കോളേജിലെ ഡോക്ടർ ഗണേശ് മോഹൻ ഫെയ്സ് ബുക്കിൽ കുറിച്ച വാക്കുകൾ ടീച്ചറുടെ പ്രവർത്തന മികവിലേയ്ക്ക് വിരൽ ചൂണ്ടുന്നതാണ്. നിപ സംശയിച്ച രോഗിയുടെ ലാബ് റിപ്പോർട്ട് അറിയിക്കാൻ പുലർച്ചെ 3.40-ന് ആരോഗ്യ വകുപ്പുമന്ത്രിയെ വിളിച്ചപ്പോൾ ഒറ്റ റിംഗിൽത്തന്നെ അവർ ഫോൺ അറ്റന്റ് ചെയ്തുവെന്നാണ് അദ്ദേഹം എഴുതിയത്. സംസ്ഥാനത്തെ ജനങ്ങൾ മുഴുവൻ ഉറങ്ങുമ്പോഴും സംരക്ഷണ കവചമൊരുക്കി ഉറങ്ങാതെ കാവലിരിക്കുന്ന ഈ ആരോഗ്യ വകുപ്പുമന്ത്രിക്ക് പ്രവർത്തന മികവിന്റെ പേരിൽ എതിരാളികൾപോലും ഫുൾ എ പ്ലസ് നൽകുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലം ആരോഗ്യമേഖലയിൽ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ സംസ്ഥാന ചരിത്രത്തിൽ തങ്ക ലിപികളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവ ഓരോന്നും എണ്ണിപ്പറയാൻ സമയം അനുവദിക്കാത്തതുകൊണ്ട് ഞാൻ അതിന് തുനിയുന്നില്ല. എങ്കിലും ശ്രദ്ധേയമായ ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കുകയാണ്. ആരും തിരിഞ്ഞു നോക്കാനില്ലാതെ അനാഥമായി കിടന്ന ഒരു കാലം സർക്കാർ ആശുപത്രികൾക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് സ്വകാര്യ ആശുപത്രികളെപ്പോലും വെല്ലുന്ന സൗകര്യങ്ങളാണ് സർക്കാർ ആശുപത്രികളിലുള്ളത്. ആകർഷകമായ കെട്ടിടങ്ങളും അത്യാധുനിക ചികിത്സാ സംവിധാനങ്ങളും സ്പെഷ്യാലിറ്റി ഡോക്ടർമാരും ലബോറട്ടറികളു മെല്ലാമടങ്ങിയ സർക്കാർ ആശുപത്രികൾ കേരളത്തിന്റെ സവിശേഷ പ്രത്യേകതയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ചികിത്സാ മേഖലയെ കച്ചവടവൽക്കരിച്ച സ്വകാര്യ ആശുപത്രി ലോബിയുടെ കൈകളിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരാണ് കേരളം ഭരിക്കുന്നതെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ആരോഗ്യ രംഗത്ത് കേരളം അന്താരാഷ്ട്ര നിലവാരത്തിലാണ് ഇപ്പോൾ എത്തിനിൽക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോഴും ആരോഗ്യമേഖലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിൽ ഈ സർക്കാർ ഒരു പിശുക്കും കാണിക്കുന്നില്ല എന്നത് പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ എന്റെ

നിയോജകമണ്ഡലത്തിൽ ആരോഗ്യ രംഗത്ത് വൻകുതിച്ചുചാട്ടമാണ് നടത്താൻ സാധിച്ചത്. താമരശ്ശേരി ഗവൺമെന്റ് താലൂക്കാശുപത്രിയുടെ കാര്യത്തിൽ ഈ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി. സംസ്ഥാന സർക്കാരിന്റെ പ്രധാന മിഷനുകളിലൊന്നായ ആർദ്രം പദ്ധതിയിൽ താമരശ്ശേരി താലൂക്കാശുപത്രിയെ ഉൾപ്പെടുത്തുകയും അസിസ്റ്റന്റ് ഡയറക്ടർ, ജൂനിയർ കൺസൾട്ടന്റ്, അനസ്തെറ്റിസ്റ്റ്, ഡയാലിസിസ് ടെക്നീഷ്യൻ, ഡെന്റൽ മെക്കാനിക്ക്, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ, ഒപ്റ്റോമെട്രിസ്റ്റ് തുടങ്ങി എട്ട് തസ്തികകൾ അനുവദിക്കുകയും ചെയ്തു. പൂട്ടിക്കിടന്ന കാരുണ്യ ഫാർമസി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നേരിട്ട് ഏറ്റെടുത്ത് വീണ്ടും പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ താലൂക്കാശുപത്രിയുടെ മുഖഛായ മാറ്റുന്ന തരത്തിൽ തയ്യാറാക്കിയിട്ടുള്ള മാസ്റ്റർപ്ലാൻ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി നബാർഡ് മുഖേന പതിമൂന്ന് കോടി എഴുപത് ലക്ഷം രൂപ അനുവദിച്ചിരിക്കുകയാണ്. കാലവർഷക്കെടുതി നേരിടുന്ന പ്രദേശമെന്ന നിലയിൽ താമരശ്ശേരി താലൂക്കാശുപത്രിയിൽ ട്രോമാകെയർ ഡിസാസ്റ്റർ മാനേജ്മെന്റ് യൂണിറ്റ് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകുകയും ആദ്യഘട്ടത്തിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിരിക്കുകയാണ്. NHM മുഖേന മാതൃശിശു സംരക്ഷണ കേന്ദ്രവും അനുവദിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ മടവൂർ, ഓമശ്ശേരി, കട്ടിപ്പാറ എന്നീ പഞ്ചായത്തുകളിലെ സി.എച്ച്.സി.-കൾ സർക്കാർ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിരിക്കുകയാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ശിശു മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്തിന് വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, ബ്ലഡ്പ്രഷർ, അർബുദം തുടങ്ങിയവ ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. കൂടാതെ പടരുന്ന രോഗങ്ങളായ പന്നിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയവയും ഏറെ ആശങ്ക സൃഷ്ടിക്കുന്നു. ഇതിനെല്ലാം പുറമേ സംസ്ഥാനത്തെ ആരോഗ്യ രംഗത്തെ പുതിയ ഭീഷണികളായി മാനസിക രോഗങ്ങൾ, ആത്മഹത്യ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗം, കൗമാരകാലത്തെ ആരോഗ്യ പ്രശ്നങ്ങൾ, വാർദ്ധക്യ രോഗങ്ങൾ, വർദ്ധിച്ചുവരുന്ന റോഡ് ട്രാഫിക് അപകടങ്ങൾ എന്നിവയും പ്രധാന പ്രശ്നങ്ങളാണ്. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ ജനസമൂഹത്തിന്റെ ആരോഗ്യ നിലവാരം പൊതുസമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇതിനൊക്കെ പരിഹാരം കണ്ടെത്താൻ ആരോഗ്യ വകുപ്പുമാത്രം വിചാരിച്ചാൽ കഴിയില്ല. അതിന് മറ്റ് വകുപ്പുകളുടെയും ഏകോപനവും ആത്മാർത്ഥതയും അതീവശ്രദ്ധയും അത്യാവശ്യമാണ്. ഇക്കാര്യത്തിൽ സർക്കാർ

പ്രത്യേക ശ്രദ്ധ ചെലുത്തുമെന്നാണ് ഞാൻ കരുതുന്നത്. സാമ്പത്തിക വികസനത്തിന് വളരെ പ്രാധാന്യത്തോടെയും ഫലപ്രദമായും സംഭാവന ചെയ്യാൻ ആരോഗ്യമുള്ള സമൂഹത്തിന് മാത്രമേ കഴിയുകയുള്ളൂ. ചെലവേറിയ ചികിത്സാ രീതി ധനികരെപ്പോലും ദരിദ്രരാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നല്ല ആരോഗ്യം നേടിയെടുക്കുന്നതിൽ ഉന്നത വിദ്യാഭ്യാസ നിലവാരവും ഉയർന്ന ആരോഗ്യ അവബോധവും സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചത് ഈ സർക്കാരിന്റെ ശ്രദ്ധേയമായ ചുവടുവയ്പാണ്. വനിതകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിക്കപ്പെടാതെ പോകുന്നത് ആധുനിക സമൂഹത്തെ ബാധിച്ച വലിയൊരു പോരായ്മയാണ്. പാർശ്വവത്കരിക്കപ്പെടുന്ന ഒരു വിഭാഗവും സംസ്ഥാനത്തുണ്ടാകാൻ പാടില്ലെന്നും എല്ലാവർക്കും നീതി ഉറപ്പാക്കണമെന്നും പ്രഖ്യാപനങ്ങളിലൂടെയല്ലാതെ പകരം പ്രയോഗത്തിലൂടെ കാണിച്ചുതന്ന ഒരു സർക്കാരാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ ഒരിടം എന്ന ആശയത്തിൽ 'എന്റെ കൂട് എന്ന പദ്ധതി ആരംഭിച്ച സർക്കാരാണിത്. ഓട്ടിസം സെന്ററുകൾ, സ്പെഷ്യൽ അംഗനവാടികൾ, വയോഅമൃതം, വിദ്യാകിരണം, സധൈര്യം മുന്നോട്ട്, മിത്ര 181, ഉജ്ജ്വലബാല്യം പുരസ്കാരം, ശരണ ബാല്യം, മൊബൈൽ ക്രഷ്, അഭയ കിരണം, സഹായ ഹസ്തം, ബാലനീതി, വിശപ്പ് രഹിത നഗരം, ശ്രുതി തരംഗം എന്നിവ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളാണ്. ഒരു സർക്കാർ എങ്ങനെയായിരിക്കണമെന്ന് മൂന്ന് വർഷംകൊണ്ട് വികസന പ്രവർത്തനത്തിലൂടെ ഈ സർക്കാർ കാണിച്ചുതന്നിട്ടുണ്ട്. ആരോഗ്യത്തിനുപുറമേ വിദ്യാഭ്യാസം, കാർഷികം, പൊതുമരാമത്ത്, പാർപ്പിടം, വൈദ്യുതി തുടങ്ങി എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഒന്നിനൊന്നായി മെച്ചപ്പെട്ടിരിക്കുകയാണ്. വികസനരംഗം ആഗ്രഹിച്ച ഒരു സർക്കാരിനെ തള്ളിക്കളയാൻ മലയാളി സമൂഹത്തിന് സാധിക്കുകയില്ലെന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്.

ഇവിടെ ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ മലപ്പുറം ജില്ല വിഭജിക്കണമെന്നുള്ള ശ്രദ്ധക്ഷണിക്കൽ വിഷയമുണ്ടായിരുന്നു. എന്തുകൊണ്ടാണ് ആ ശ്രദ്ധക്ഷണിക്കൽ ഒഴിവാക്കിയതെന്ന് പറയാൻ തയ്യാറാകണം. വിറക് വെട്ടികളും വെള്ളംകോരികളുമായ ഒരു സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയാണ് സി.എച്ച്.-നെ പോലുള്ള നേതാക്കൻമാർ ഈ പ്രസ്ഥാനത്തിന് രൂപം നൽകി മുന്നോട്ടുപോയത്.

അക്കാലത്തൊന്നും ഒരു ശ്രദ്ധക്ഷണിക്കലിലോ ഒരു പ്രസംഗത്തിലോ ആരെയും ഭയപ്പെട്ടുകൊണ്ട് മുസ്ലീംലീഗ് പിന്നോട്ട് ഓടിയിട്ടില്ല. എന്തിനാണ് മലപ്പുറം ജില്ല വിഭജിക്കണമെന്ന ആവശ്യത്തിന്മേലുള്ള ശ്രദ്ധക്ഷണിക്കൽ ഒഴിവാക്കിയതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇ.എം.എസ്.-ന്റെ ഭരണകാലത്താണ് മലപ്പുറം ജില്ല രൂപീകരിച്ചിട്ടുള്ളത്. അതേ ഇ.എം.എസ്.-ന്റെ പാത പിന്തുടരുന്ന സർക്കാരാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന സഖാവ് പിണറായി വിജയന്റെ സർക്കാർ. ആ സമയത്ത് ശ്രദ്ധക്ഷണിക്കൽ ഉണ്ടാകുമ്പോൾ പ്രസ്തുത ആവശ്യത്തിന് ശ്രീ. പിണറായി വിജയൻ അനുമതി നൽകുമെന്ന് ചിലയാളുകളോ മുസ്ലീംലീഗിന് മുകളിലുള്ള പാർട്ടികളോ ഭയന്നതുകൊണ്ടാകാം ആ ശ്രദ്ധക്ഷണിക്കൽ ഒഴിവാക്കിയിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരം പാർട്ടികളെ ഭയപ്പെടുന്ന രൂപത്തിലേയ്ക്ക് മുസ്ലീംലീഗ് പോകുന്നത് ശരിയല്ല. ലീഗിന് ഇത്തരം കാര്യങ്ങളിൽ അപചയമാണ് സംഭവിച്ചിട്ടുള്ളതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. വികസനം പല തരത്തിലുണ്ട്. അത് കേട്ടറിയുന്നതോ കണ്ടറിയുന്നതോ അനുഭവിച്ചറിയുന്നതോ ആകാം. ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത് ആരോഗ്യ വകുപ്പ് ഈ മൂന്നുവർഷക്കാലമായി ജനങ്ങൾക്ക് അനുഭവിച്ചറിയാവുന്ന വികസനമാണ് നൽകിക്കൊണ്ടിരിക്കുന്നതെന്നാണ് . ആരോഗ്യമേഖലയിൽ സമഗ്രവും അടിസ്ഥാന പരവുമായ പരിഷ്കാരങ്ങളാണ് സർക്കാർ കഴിഞ്ഞ മൂന്നുവർഷക്കാലമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് . പ്രാഥമിക തലം മുതൽ ത്രിതീയ തലംവരെയുള്ള ആരോഗ്യസ്ഥാപനങ്ങൾ ആധുനികവും രോഗീസൗഹൃദവുമാക്കി മാറ്റുവാനുള്ള പരിശ്രമങ്ങൾ ആർദ്രം പദ്ധതി വഴി ഇതിനകം ആരംഭിച്ചുകഴിഞ്ഞു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 170 ആരോഗ്യസ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അവ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 504 ആരോഗ്യസ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആകെ 673 ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാൻ ഇതിനോടകം ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഏറ്റവും അടിസ്ഥാനാവശ്യമായ ആരോഗ്യമേഖലയിൽ പൊതുജനങ്ങൾക്ക് ഏറ്റവും അടിയന്തര സഹായമെത്തിക്കുന്നതിന് ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന നടപടിക്രമങ്ങൾ സാധ്യമാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കഴിഞ്ഞ കാലങ്ങളിൽ

ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരോ സ്റ്റാഫുകളോ ഇല്ലാത്തതുകാരണം രോഗികൾ വളരെയധികം ബുദ്ധിമുട്ടനുഭവിച്ചിരുന്നു. എന്നാൽ ഈ സർക്കാർ ആരോഗ്യമേഖലയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുക വഴി ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 2148 തസ്തികകൾ സൃഷ്ടിച്ചതിൽ 1721 തസ്തികകളും ആർദ്രം പദ്ധതിക്കുവേണ്ടിയാണ് സൃഷ്ടിച്ചുള്ളത്. മാത്രമല്ല സൂപ്പർ സ്പെഷ്യാലിറ്റി കേഡർ സംസ്ഥാനത്ത് രൂപീകരിച്ചുകൊണ്ട് ആശുപത്രികൾക്കാവശ്യമുള്ള ഡോക്ടർമാരെ ഇപ്പോൾ നിയമിച്ചുവരുന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഡോക്ടർമാരെ നൽകുക മാത്രമല്ല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളും രോഗികൾക്ക് നൽകുന്നതിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സർക്കാർ ശ്രദ്ധ ചെലുത്തുകയും ചെയ്തിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ്, നെഫ്രോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റികളും 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുൾപ്പെടെയുള്ള സംവിധാനങ്ങളു മൊരുക്കിയിട്ടുണ്ട്. വൈക്കം താലൂക്ക് ആശുപത്രിയിലും അതിനുവേണ്ട ഫണ്ട് അനുവദിച്ച കാര്യം ഞാൻ ഈ അവസരത്തിൽ സന്തോഷപൂർവ്വം അറിയിക്കുകയാണ്. ഡയാലിസിസ് യൂണിറ്റ്, സ്ട്രോക് ക്ലിനിക്ക്, ക്യാൻസർ കെയർ, ട്രോമാകെയർ തുടങ്ങിയ സ്പെഷ്യലൈസ്ഡ് ചികിത്സകളെല്ലാം തന്നെ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഇപ്പോൾ നടന്നുവരികയാണ്. ഈ സർക്കാരിന്റെ കാലത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി നടത്തിയ ശ്രമങ്ങളെല്ലാം ശ്ലാഘനീയമാണ്. ഇവിടെ നിരവധിപേർ സംസാരിച്ചതിൽ ബഹുഭൂരിപക്ഷം പേരും പറഞ്ഞ ഒരു വിഷയം നിപ വൈറസിനെ നിയന്ത്രണവിധേയമാക്കിയതിനെക്കുറിച്ചാണ്. കേരളത്തിൽ ആദ്യമായാണ് നിപ വൈറസ് ബാധയുണ്ടായത് . 2018 മേയ് മാസത്തിൽ നിപ വൈറസ് ബാധ കോഴിക്കോട് ജില്ലയിലുണ്ടായപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും ആരോഗ്യ വകുപ്പും ഈ ഗവൺമെന്റുമെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ അതിലിടപെടുകയും വെല്ലുവിളിയോടുകൂടിത്തന്നെ അതിനെ നിയന്ത്രണവിധേയമാക്കുന്നതിനും ഒരു സമൂഹത്തെ മരണത്തിലേയ്ക്ക് തള്ളിവിടുന്നതിൽ നിന്ന് കൈപിടിച്ചുയർത്തുന്നതിനും സാധിച്ചുവെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ് . അതുപോലെ തന്നെയാണ് മറ്റ് പകർച്ചവ്യാധികളുടെ കാര്യത്തിലും ഇടപെട്ടത്. ആരോഗ്യ ജാഗ്രതാ പദ്ധതിയിലൂടെ ഡെങ്കിപ്പനി, ചിക്കൻഗുനിയ, കൊതുകുജന്യരോഗങ്ങൾ, എച്ച്1 എൻ1, ജലജന്യരോഗങ്ങൾ

തുടങ്ങിയവയെല്ലാം നിരീക്ഷിക്കുന്നതിന് മുപ്പതോളം നിരീക്ഷണകേന്ദ്രങ്ങൾ തുടങ്ങുകയും അതുവഴി കഴിഞ്ഞ കാലങ്ങളിൽനിന്നും നിന്നും വ്യത്യസ്തമായി ഈ വർഷം പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ടെന്നുള്ളത് വളരെയധികം പ്രശംസയർഹിക്കുന്ന കാര്യമാണ് . അതിന് പ്രത്യേക അഭിനന്ദനം ഈ അവസരത്തിൽ ഞാൻ അറിയിക്കുകയാണ് . അതോടൊപ്പം എടുത്തുപറയേണ്ട മറ്റൊരു വിഷയമാണ് വെള്ളപ്പൊക്ക സമയത്ത് ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ. വെള്ളപ്പൊക്കം വന്ന് സർവ്വതും നശിച്ചുപോയപ്പോഴും വീണ്ടും ജീവിതം കെട്ടിപ്പടുക്കുന്ന അവസരത്തിലും നമ്മുടെയൊക്കെ മുന്നിലുണ്ടായിരുന്ന വലിയൊരു ആശങ്ക വെള്ളപ്പൊക്കത്തിനു ശേഷമുണ്ടാകുന്ന പകർച്ചവ്യാധികളെക്കുറിച്ചായിരുന്നു. നിരവധി ജീവനുകൾ വെള്ളപ്പൊക്കത്തിൽ പൊലിഞ്ഞതോടൊപ്പംതന്നെ ഒരു പകർച്ചവ്യാധിമൂലം ഒരുപക്ഷെ അതിനേക്കാൾ കൂടുതൽ ജീവനുകൾ പൊലിയേണ്ട സന്ദർഭത്തിൽ നിന്ന് ആരോഗ്യ വകുപ്പിന്റെ നിതാന്ത ജാഗ്രതയാണ് കേരളത്തെ രക്ഷിച്ചതെന്നത് എടുത്തുപറയേണ്ട കാര്യമാണ് . അതിന് ബഹുമാനപ്പെട്ട മന്ത്രിയെയും ആരോഗ്യ വകുപ്പിനെയും ഈ ഗവൺമെന്റിനെയും അഭിനന്ദിക്കുന്നതിന് ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ് .

അതോടൊപ്പം ആരോഗ്യമേഖലയിൽ നിരവധി പദ്ധതികളാണ് ഈ മൂന്നു വർഷക്കാലമായി നടപ്പിലാക്കിവരുന്നത് . ചില പദ്ധതികൾ മാത്രം ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ് . കുഷ്ഠരോഗികളെ ചില്ലുമേടയിലിരുന്നു കല്ലെറിയാനല്ല ഈ സർക്കാർ വിട്ടുകൊടുത്തിട്ടുള്ളത് . പകരം 'അശ്വമേധം' പദ്ധതിയിലൂടെ എല്ലാ കുഷ്ഠരോഗികളെയും കണ്ടെത്തി ചികിത്സയ്ക്ക് വിധേയമാക്കി സമൂഹത്തിൽ ചേർത്തുനിർത്താനാണ് ശ്രമിക്കുന്നത് . അതോടൊപ്പം ഒട്ടേറെ കാര്യങ്ങൾ ഈ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നു. സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന അമ്മമാരുടെയും അവരുടെ കുട്ടികളുടെയും ശുശ്രൂഷയും സംരക്ഷണവും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനാണ് 'ലക്ഷ്യ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നത്. അതിനോട് ചേർത്തുതന്നെ പറയട്ടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന മാതൃ-ശിശു ആരോഗ്യപ്രവർത്തനങ്ങൾ എടുത്തുപറയേണ്ട കാര്യമാണ്. ഇവിടെ ശ്രീമതി യു. പ്രതിഭ സംസാരിച്ച അവസരത്തിൽ ആ വിഷയം ചൂണ്ടിക്കാണിച്ചിരുന്നു. ഇന്ത്യയിൽ മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും പ്രസവം നടക്കുന്ന ആശുപത്രികളുടെയും പ്രസവ മുറികളുടെയും വികസനവും എടുത്തുപറയേണ്ട മറ്റൊരു കാര്യമാണ്. ഒരു

സ്ത്രീയുടെ രണ്ടാം ജന്മമാണ് പ്രസവാനന്തരം എന്നുപറയാറുണ്ട്. ഞാൻ ഒരു സ്ത്രീയും രണ്ടു കുട്ടികളുടെ അമ്മയുമായതുകൊണ്ട് എനിക്കത് ഉറപ്പിച്ച് പറയാനുമാകും. എന്നാൽ മെട്രോപോളിറ്റൻ ഹോസ്പിറ്റലിനെപ്പോലും വെല്ലുന്ന തരത്തിൽ നമ്മുടെ താലൂക്ക് ആശുപത്രികളിൽ വേദനരഹിത പ്രസവമുറികൾ സജ്ജമാക്കിയിരിക്കുന്നത് വളരെ സന്തോഷപൂർവ്വം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ് . എന്റെ മണ്ഡലത്തിലെ താലൂക്ക് ആശുപത്രിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പുനലൂർ താലൂക്ക് ആശുപത്രിയിൽ പോകുന്ന സമയം ഞാൻ വളരെയേറെ അത്ഭുതപ്പെട്ട ഒരു കാര്യം, പുനലൂർ താലൂക്ക് ആശുപത്രിയിൽ വേദനരഹിത പ്രസവമുറി സജ്ജമാക്കിയിരിക്കുന്നു. അങ്ങനെ ഒട്ടേറെ കാര്യങ്ങൾ നമുക്ക് എടുത്തുപറയേണ്ടതുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ ആ വിഷയങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. രണ്ട് കാര്യങ്ങൾ കൂടി പറയാൻ ആഗ്രഹിക്കുകയാണ് . സ്കൂൾ കൗൺസിലർമാരുടെ ഒരു വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ളതാണ് . അവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. അതിനൊരു പരിഹാരം കാണണമെന്ന് ആവശ്യപ്പെടുകയാണ് . അതോടൊപ്പം ജെ.പി.എച്ച്.എൻ. ഗ്രേഡ് -II-ന്റെ ഒഴിവുകൾ നികത്തണമെന്ന ഒരാവശ്യം കൂടി ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ് . അതുപോലെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ ആരോഗ്യ വകുപ്പിന് 100-ൽ 100 മാർക്കാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എനിക്ക് കിട്ടിയ കണക്കുകൾ പ്രകാരം പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി വിഹിതത്തിൽ 100 ശതമാനം, ആരോഗ്യ ഡയറക്ടറേറ്റിനുകീഴിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ 100 ശതമാനം, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി മോണിറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 100 ശതമാനം എന്നിങ്ങനെ ഒരു വലിയ നീണ്ട ലിസ്റ്റ് തന്നെയുണ്ട് . അങ്ങനെ പദ്ധതി വിഹിതം 100 ശതമാനവും വിനിയോഗിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു വകുപ്പാണ് ആരോഗ്യ വകുപ്പുമന്ത്രിയുടേതെന്ന് അറിയുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെയും ആരോഗ്യ വകുപ്പിനെയും മുഴുവൻ സ്റ്റാഫിനെയും ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ് . ഞാൻ കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ നിരവധി ചൂണ്ടിക്കാണിക്കാനുണ്ട് . കോട്ടയം ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ കോട്ടയം മെഡിക്കൽ കോളേജിന്റെ മെച്ചപ്പെട്ട രീതിയിലുള്ള ഭൗതിക സാഹചര്യ വികസനങ്ങളെല്ലാം തന്നെ എടുത്തുപറയേണ്ട ഒരു വസ്തുതയാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് ചെല്ലുമ്പോൾ പഴയ ആശുപത്രിയേ അല്ല, നമുക്ക് അത്ഭുതം തോന്നുമെന്ന് ഇവിടെ ഒരംഗം പറഞ്ഞു. അതിനേക്കാൾ അത്ഭുതം തോന്നുന്ന ഒരു വസ്തുതയാണ് കോട്ടയം മെഡിക്കൽ കോളേജിനുള്ളത്. അങ്ങനെ തന്നെയാണ് കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഇന്ന് എല്ലാ ആരോഗ്യകേന്ദ്രങ്ങളെയും ഈ സർക്കാർ പരിപോഷിപ്പിച്ചു പോന്നിട്ടുള്ളതെന്നത് നമുക്കെല്ലാവർക്കും അനുഭവവേദ്യമാകുന്ന കാര്യമാണ് . ആ വികസനങ്ങൾ അനുഭവിച്ചുതന്നെ അറിയാൻ സാധിക്കുന്ന ഒരു സന്ദർഭം നമുക്ക് മുമ്പിലുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ രാഷ്ട്രീയമോ മറ്റ് കാര്യങ്ങളോ പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല. എങ്കിൽപ്പോലും കഴിഞ്ഞ സർക്കാരിന്റെ സമയത്ത് ടെർമിനൽ ഇല്ലാത്ത എയർപോർട്ടും ട്രാക്കില്ലാത്ത മെട്രോയും കെട്ടിടമില്ലാത്ത സ്മാർട്ട് സിറ്റിയും സിമന്റില്ലാത്ത പാലവും പണിതതുപോലെ ആശുപത്രിയില്ലാതെയാണ് ബോർഡുകളെല്ലാം വച്ചിരുന്നത് . ജില്ലാ ആശുപത്രികളുടെ ബോർഡിന്റെ സ്ഥാനത്ത് മെഡിക്കൽ കോളേജുകളും താലൂക്ക് ആശുപത്രികളുടെ ബോർഡിന്റെ സ്ഥാനത്ത് ജില്ലാ/ജനറൽ ആശുപത്രികളുടെയും ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് ഒരു ഭൗതിക സാഹചര്യവുമില്ലാതെയും ഡോക്ടർമാരില്ലാതെയും സ്റ്റാഫുകളില്ലാതെയും കുറേ ബോർഡുകളിൽ മാത്രം ഒതുങ്ങിയിരുന്നതിൽ നിന്നും വ്യത്യസ്തമായി ഈ വക കാര്യങ്ങളെല്ലാം സജ്ജമാക്കിക്കൊണ്ട് ഏറ്റവും നല്ല രോഗീസൗഹൃദമായ ഒരന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ആരോഗ്യവകുപ്പിനെ മുക്തകണ്ഠം പ്രശംസിക്കുന്നതോടൊപ്പം ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. "പ്രാണവായു തീരുമ്പോഴും അവർ പപ്പയെ തിരിഞ്ഞുനോക്കിയില്ല" . ഇടുക്കി കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിൽ നിന്നും വിദഗ്ദ്ധ ചികിത്സ നിർദ്ദേശിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ എത്തുകയും അവിടെ നിന്ന് മറ്റ് രണ്ട് സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോവുകയും അവിടെ നിന്ന് തിരിച്ച് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വരികയും അവസാനം ആംബുലൻസിൽ വച്ച് ജീവൻ നഷ്ടപ്പെട്ടുപോയ ജേക്കബ് തോമസിന്റെ മകൾ റെനിയുടെ വാക്കുകളാണിത്. ഇത് മനസ്സാക്ഷിയുള്ള ആരെയും വേദനിപ്പിക്കുന്ന വരികളാണ്. ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടാണ്? ആവശ്യത്തിന് വെന്റിലേറ്ററുകൾ ആശുപത്രികളിൽ ഇല്ലായെന്നുള്ളത് വസ്തുതയാണ്. പക്ഷെ ഒരാശുപത്രിയിൽ നിന്നും മറ്റൊരു ആശുപത്രിയിലേയ്ക്ക് വെന്റിലേറ്ററിനുവേണ്ടി പറഞ്ഞയയ്ക്കുന്നതിന് മുമ്പ് അവിടെ ആവശ്യത്തിന്

വെന്റിലേറ്റർ ഒഴിഞ്ഞുകിടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാനുള്ള മാനുഷിക പരിഗണന മെഡിക്കൽ കോളേജിലെ ഡോക്ടർമാർ കാണിക്കണം. ഇവർ ഓടി നടക്കുകയായിരുന്നു, ഓരോ ഡോക്ടറുടെയും കാൽ പിടിക്കുന്നുണ്ടായിരുന്നു. ആംബുലൻസിലെ ഓക്സിജൻ തീർന്നുകൊണ്ടിരിക്കുന്നതിനാൽ വന്നുനോക്കുവാൻ പറഞ്ഞിട്ടും മനസ്സാക്ഷിയില്ലാതെ ഡോക്ടർമാർ പെരുമാറുന്ന അവസ്ഥ മെഡിക്കൽ കോളേജുകളിൽ ആവർത്തിക്കാതിരിക്കാൻ നോക്കണം.

വെന്റിലേറ്ററുകൾ ലഭ്യമാക്കാൻ ധാരാളം മാർഗ്ഗമുണ്ട്. ശ്രീ. റ്റി. പി. രാമകൃഷ്ണൻ മന്ത്രി മുൻകയ്യെടുത്ത് കോഴിക്കോട്ടുള്ള എല്ലാ എം.എൽ.എ.-മാരുടെയും അസറ്റ് ഫണ്ട് ഉപയോഗിച്ച് പ്രത്യേകമായ ഓർഡർ ധനകാര്യ വകുപ്പിൽ നിന്നും വാങ്ങി ഞങ്ങൾ പൂൾ ചെയ്ത് ഏകദേശം 10-12 വെന്റിലേറ്ററുകൾ കാലിക്കറ്റ് മെഡിക്കൽ കോളേജിൽ നമ്മൾ വാങ്ങിക്കൊടുത്തു. നിപയെക്കുറിച്ച് പറയുമ്പോഴും നിപയിൽ കുറേയധികം ആളുകൾക്ക് രക്ഷ നേടുന്നതിന് സഹായകമായിട്ടുള്ളത് അന്ന് ഞങ്ങളെല്ലാവരും വാങ്ങിച്ചുകൊടുത്ത വെന്റിലേറ്ററുകളാണെന്ന് നമ്മൾ ആദ്യം മനസ്സിലാക്കണം. നിപയുടെ കാര്യത്തിൽ ഒരിക്കലും ഞങ്ങൾ മന്ത്രിക്കെതിരെ പറഞ്ഞിട്ടില്ല. മന്ത്രി നിപ കൈകാര്യം ചെയ്തപ്പോൾ അതിന്റെകൂടെ രാഷ്ട്രീയം മറന്നുകൊണ്ട് ഞങ്ങളും കൂടെ ഉണ്ടായിരുന്നു എന്നുള്ള അഭിനന്ദനം ഞങ്ങൾക്കും കൂടി തരുന്നത് നന്നായിരിക്കും എന്ന് മാത്രമേ ഞങ്ങൾ സൂചിപ്പിക്കുന്നുള്ളൂ. നിപ ഒരു കൂട്ടായ്മയുടെ വിജയമാണ്. നിപയെ നമ്മൾ അതിജീവിച്ചത് അവിടെ രാഷ്ട്രീയം മറന്ന് കൈകോർത്തുപിടിച്ചതുകൊണ്ടാണ്. അതുകൊണ്ട് നിപയുടെ കാര്യത്തിൽ ആരോഗ്യ വകുപ്പ് എടുത്തിട്ടുള്ള അന്നത്തെ ചടുലമായ നീക്കത്തെയൊന്നും ഒരിക്കലും ഞങ്ങൾ എതിർത്തിട്ടില്ല. ഞങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്നെങ്കിലും അതിന്റെ ഉള്ളടക്കം നിങ്ങൾ ഇനിയും വായിച്ചു നോക്കണം. നിപ കണ്ടുപിടിക്കുന്നതിനുവേണ്ടി ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ ഡോക്ടർ അനൂപ് കുമാർ ആരോടും ചോദിച്ചിട്ടല്ല വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് സാമ്പിൾ അയച്ചത്. അവരുടെ ആ സന്ദർഭത്തിലുണ്ടായ കോമൺസെൻസാണ് നിപ കണ്ടെത്താൻ സഹായിച്ചിട്ടുള്ളത്. അതിന് നമ്മൾ എല്ലാവരും ഒന്നിച്ച് ഇക്കാര്യത്തിൽ അഭിമാനം കൊള്ളണം. അല്ലാതെ ആരുടെയെങ്കിലും പ്രത്യേക നേട്ടമായി ചിത്രീകരിച്ച് അതിനെ വിഭാഗീയമാക്കരുത് എന്നാണ് പറയാനുള്ളത്. വെന്റിലേറ്ററിന്റെ കാര്യം ഇവിടെ പറഞ്ഞു. ഇതൊക്കെ സംഭവിക്കുന്നത് എന്തുകൊണ്ട് എന്നുള്ളത് പരിശോധിക്കണം. ഇനിയൊരിക്കലും ഇത്തരത്തിലുള്ള ദുരന്തങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകരുതെന്ന ആശയം തന്നെയാണ് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്. ഇനിയും ഇതുപോലത്തെ കാര്യങ്ങൾ സംഭവിക്കാതിരിക്കാൻ വേണ്ടിയാണ് ഇക്കാര്യങ്ങൾ പറയുന്നത്.

കോട്ടയം മെഡിക്കൽ കോളേജിൽ പല ശസ്ത്രക്രിയകളും മാറ്റി വച്ചിരിക്കുകയാണ്. ശസ്ത്രക്രിയാ ഉപകരണങ്ങളില്ലാത്തതിനാൽ ന്യൂറോ സർജറി, ഹൃദയ ശസ്ത്രക്രിയകൾ തുടങ്ങിയവ മാറ്റിവച്ചിരിക്കുകയാണ്. വിവിധ ആശുപത്രികളിലായി മുപ്പതിനായിരത്തിലധികം ആളുകൾ ശസ്ത്രക്രിയ ചെയ്യാൻ സാധിക്കാതെ വെയ്റ്റിംഗ് ലിസ്റ്റിൽ നിൽക്കുകയാണ്. അതിന് എന്താണ് മാർഗ്ഗം എന്നുള്ളത് നമ്മൾ പരിശോധിക്കണം.

അഞ്ച് വർഷം കഴിഞ്ഞാൽ A.C.R (Advanced Clinical Research) ലാബുകളുടെ കാലാവധി കഴിയും. പല അനലൈസറുകളുടെയും കാലാവധി പത്തുവർഷം കഴിഞ്ഞിരിക്കുന്നു. ഇതുസംബന്ധിച്ച് നിങ്ങളുടെ എക്സ്പേർട്ട്സ് എം.ഡി.-ക്ക് കത്ത് കൊടുത്തിട്ടുണ്ട്. കേരളത്തിലെ ചില ആശുപത്രികളിൽ കാലാവധി കഴിഞ്ഞ അനലൈസറുകളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന് തിരുവനന്തപുരത്ത് എം.എൽ.എ.ക്വാർട്ടേഴ്സ് - 7 എണ്ണം, തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി - 5 എണ്ണം, കോട്ടയം മെഡിക്കൽ കോളേജ് - 9 എണ്ണം, മഞ്ചേരി മെഡിക്കൽ കോളേജ് - 3 എണ്ണം, കോഴിക്കോട് മെഡിക്കൽ കോളേജ് -5 എണ്ണം എന്നിങ്ങനെയാണ് കാലാവധി കഴിഞ്ഞ അനലൈസറുകളുടെ എണ്ണം. താഴെത്തട്ടിൽ ഇതെല്ലാം പരിശോധിക്കേണ്ട ഉദ്യോഗസ്ഥന്മാരടക്കം നിഷ്ക്രിയമാണ്.

കിഡ്നി ട്രാൻസ്പ്ലാന്റേഷൻ കഴിഞ്ഞ ധാരാളം രോഗികളുണ്ട്. ഇവരുടെ സംഘടന ആദ്യം രൂപീകരിച്ചപ്പോൾ ഏകദേശം 200 പേരുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 2000 പേരാണ് ആ സംഘടനയിൽ അംഗങ്ങളായിരിക്കുന്നത്. അവർക്കാവശ്യമായ മരുന്ന് കിട്ടാതെ അവർ ഓടി നടക്കുകയാണ്. കെ. എം. മാണി സാർ കാരുണ്യ ബെനവലന്റ് സ്കീം കൊണ്ടുവന്ന സമയത്ത് ഞങ്ങൾക്ക് ആശ്വാസമുണ്ടായിരുന്നു. ഇന്ന് ഞങ്ങൾക്ക് ഒരു മരുന്നും ലഭിക്കുന്നില്ലായെന്ന് പറയുന്നതും അവർ തന്നെയാണ്. ഈ സംഘടന പല സ്ഥലത്തും യോഗം ചേർന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം കാണണമെന്നാണ് ഞാൻ പറയുന്നത്.

ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളെ രാഷ്ട്രീയമായി കൈകാര്യം ചെയ്യരുത്. രണ്ട് മെഡിക്കൽ കോളേജുകളുംകൊണ്ട് ആ പ്രദേശത്തെ ജനങ്ങൾക്ക് ഗുണം ലഭിക്കുന്നതാണ്. ഈ രണ്ട് സ്ഥലങ്ങളിലും ഐക്യജനാധിപത്യ മുന്നണിയിലെ എം.എൽ.എ.-മാരാണെന്ന കാരണത്താൽ ഒരു വിവേചനം കാണിക്കരുത്. അത് രണ്ടും പ്രയോഗതലത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി, സാധാരണ തുടങ്ങുന്ന സമയത്ത് ബാലാരിഷ്ടമായ ചില പ്രശ്നങ്ങളുണ്ടാകും. അതിനെ വളർത്തി ക്കൊണ്ടുവരിക എന്നുള്ളത് മാറിമാറി വരുന്ന ഗവൺമെന്റിന്റെ

ഉത്തരവാദിത്വമാണ്. ഏതെങ്കിലും ഒരു ഗവൺമെന്റിന്റെ മാത്രം നേട്ടമല്ല. ഇവിടെ പലരും പറഞ്ഞ കാര്യത്തെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. വട്ടവട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.പി.ഐ.(എം.)-ന്റെ ആളാണ്. അവിടെയുള്ള താലൂക്കാശുപത്രിയിലേയ്ക്ക് ഡോക്ടറെ ചോദിച്ചിട്ട് കിട്ടാത്തതിനാൽ അടച്ചുപൂട്ടാൻ പോകുന്ന എന്നാണ് നിങ്ങളുടെ പാർട്ടിയിലെ പഞ്ചായത്ത് പ്രസിഡന്റ് പറയുന്നത്. അത് പരിശോധിക്കണം. എന്റെ മണ്ഡലത്തിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ കിട്ടിയതാണ്. ആശുപത്രിയിലേയ്ക്ക് സ്റ്റാഫിനെ തരുമോയെന്ന് ചോദിച്ചപ്പോൾ ആർദ്രം പദ്ധതിയിൽ തരുമെന്നാണ് മന്ത്രി എനിക്ക് രേഖാമൂലം മറുപടി നൽകിയത്. രണ്ടുവർഷം കഴിഞ്ഞ് വീണ്ടും ചോദിച്ചപ്പോൾ ആർദ്രം പദ്ധതി പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജീവനക്കാരെ നിയമിക്കാൻ തീരുമാനിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയത്. ആദ്യത്തെ ചോദ്യത്തിന്റെ മറുപടിയിൽ ആർദ്രം പദ്ധതിയിൽ തരുമെന്ന് പറയുകയും രണ്ടാമത്തെ ചോദ്യത്തിന്റെ മറുപടിയിൽ സ്റ്റാഫിനെ തരില്ലായെന്നുള്ള മറുപടിയുമാണ് ലഭിച്ചിരിക്കുന്നത്. ഇതുമൂലം എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്ക് പോകും. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നഷ്ടപ്പെട്ട് പോകുന്ന സാഹചര്യം മന്ത്രിയുണ്ടാക്കരുത്. അതുകൊണ്ട് എത്രയും പെട്ടെന്ന് കോഴിക്കോട് കോട്ടപ്പറമ്പിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ മുഴുവൻ സ്റ്റാഫിനെയും നൽകാനുള്ള തീരുമാനം എടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

നമ്മൾ പദ്ധതികൾക്ക് എതിരാണെന്ന് പറഞ്ഞു. എന്റെ കൂട്, വി-കെയർ, സ്പെഷ്യലായിട്ടുള്ള അംഗൻവാടികൾ തുടങ്ങിയ പദ്ധതികൾ കൊണ്ടുവന്നിട്ടും പ്രതിപക്ഷം ഞങ്ങളെ അഭിനന്ദിച്ചില്ലായെന്നാണ് പറയുന്നത്. ഇതെല്ലാം ഞങ്ങളുണ്ടാക്കിയ പദ്ധതികളാണ്. ഇതെല്ലാം ഞങ്ങളുടെ കുഞ്ഞുങ്ങളാണ്. മാമ്മോദിസ മുക്കിയത് മാത്രമാണ് നിങ്ങൾ. പേരിട്ടത് നിങ്ങളായിരിക്കും. പേര് മാറ്റി ഇട്ടിരിക്കുന്നു. ഞങ്ങൾക്ക് അതിലൊന്നും പ്രതിഷേധമില്ല. എന്റെ കൂട് പദ്ധതി ആദ്യമായി നടപ്പിലാക്കിയത് ഏത് വർഷമാണെന്നും എവിടെയാണെന്നും വ്യക്തമാക്കുമോ; എന്റെ കൂട് പദ്ധതി ആദ്യമായി ആരംഭിച്ചത് സംബന്ധിച്ച് സർക്കാർ ഉത്തരവുണ്ടോ? ശ്രീ. സി. മമ്മൂട്ടിയുടെ ചോദ്യങ്ങൾക്ക് മറുപടി കിട്ടിയിരിക്കുന്നത് 2015-ൽ കോഴിക്കോട് ജില്ല, പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു എന്നാണ്. ഉത്തരവ് വന്നിരിക്കുന്നത് 11-12-2013-ൽ ആണ്. അന്ന് 58 ലക്ഷം രൂപ മാറ്റിവച്ച് 2015-ൽ ഉദ്ഘാടനം നിർവ്വഹിച്ചതാണ് എന്റെ കൂട് പദ്ധതി എന്ന് പ്രിയപ്പെട്ട ശ്രീമതി യു. പ്രതിഭ അറിയുന്നത് നല്ലതായിരിക്കും. ശ്രീമതി പ്രതിഭയ്ക്ക് ഈ വകുപ്പിന്റെ ചർച്ചയിൽ അവസരം നൽകിയതിന്റെ കാര്യം

ഞങ്ങൾക്ക് മനസ്സിലായി. ഫെയ്സ് ബുക്കിലൂടെയല്ല ഇനി പറയേണ്ടത് വേണമെങ്കിൽ നേരിട്ട് ഇവിടെ വന്ന് പറഞ്ഞോയെന്നുള്ള ആരോഗ്യ വകുപ്പുമന്ത്രിയുടെ ഒരു തിട്ടൂരമാണ് ഇത് പറയാൻ പ്രേരിപ്പിച്ചതെന്ന് വിശ്വസിക്കുന്നു. ഫെയ്സ് ബുക്കിലൂടെ കാര്യങ്ങൾ പറയേണ്ട അവസ്ഥ ഒരിക്കലും ഒരു എം.എൽ.എ.-യ്ക്ക് ഉണ്ടാകരുത്. അതുകൊണ്ട് ശ്രീമതി യു. പ്രതിഭയെ പോലുള്ളവർക്ക് ഇത്തരത്തിലുള്ള ദുരിതങ്ങൾ മേലിൽ ഉണ്ടാകാതിരിക്കട്ടേയെന്ന് ഞങ്ങൾ ആശിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിൽ സ്ത്രീശക്തി ലോട്ടറി കെ.എസ്.എസ്.എം. (കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ) വഴി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മതിൽ കെട്ടുന്നതിനുപകരം എത്രയുംവേഗം സ്ത്രീശക്തി ലോട്ടറി നടപ്പിലാക്കി സ്ത്രീകളെ രക്ഷിക്കാനുള്ള ശ്രമമാണ് ആദ്യം നടത്തേണ്ടത്. അതുപോലെ വി-കെയർ എന്ന പദ്ധതി വലിയൊരു ആശയമാണ്. ഇപ്പോഴും ആ ആശയത്തിലേയ്ക്ക് എത്തിയോയെന്ന് എനിക്കറിയില്ല. വി-കെയർ പദ്ധതിയിലൂടെ പതിനായിരം കോടി രൂപയെങ്കിലും ഉണ്ടാക്കാനായി തയ്യാറാക്കിയ പേമെന്റ് ഗേറ്റ് വേ സംവിധാനമാണിത്. ഞങ്ങളുടെ കാലഘട്ടത്തിൽ ആരംഭിച്ചതാണ് ഈ പദ്ധതി. ഇതിനുവേണ്ടി ഞാൻ ഒറ്റയ്ക്കുണ്ടാക്കിയ ലോഗോയാണ് ഇപ്പോഴും നിങ്ങൾ വി-കെയർ വാട്ട്സ്ആപ് ഗ്രൂപ്പിന്റെ ലോഗോയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതിൽ എനിക്ക് സന്തോഷമുണ്ട്. വി-കെയർ പദ്ധതിയിൽ മറ്റ് സാമൂഹ്യ സംഘടനകളെക്കൂടി ഉൾപ്പെടുത്തി കൊണ്ടുപോകണം. ഓൺലൈനിലൂടെ പിരിവെടുത്ത് പാവങ്ങൾക്കുവേണ്ടി കുറേ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഫിറോസ് കുന്നംപുറമ്പലിന്റെ തലയിലൊന്നും കയറണ്ട. എത്രയോ പാവങ്ങൾക്കുവേണ്ടി പലരും അങ്ങനെ ചെയ്യുന്നുണ്ട്. അതിലൊന്നും സർക്കാർ ഇടപെടേണ്ട. അവർ അങ്ങനെ നടത്തട്ടെ. സർക്കാരുമായി കൈകോർത്ത് പിടിക്കാൻ എൻ.ജി.ഒ.-മാരെ ഉപയോഗിക്കണം. അതിനുവേണ്ടി ഒരു എൻ.ജി.ഒ. പോളിസിയുണ്ടാക്കിയിട്ടുണ്ട്. എൻ.ജി.ഒ.-മാരെ അക്രെഡിറ്റ് ചെയ്ത് അവരെയും കൂടെ കൊണ്ടുപോകാം. വി-കെയർ പദ്ധതി ആ ഉദ്ദേശ്യത്തിൽ മാത്രമുള്ളതല്ല. ബിൽ ഗേറ്റ്സ് ഫൗണ്ടേഷൻ, ഷെയ്ക്ക് മുഹമ്മദിന്റെ കേരള മുസ്ലിം ഹെറിറ്റേജ് ഫൗണ്ടേഷൻ തുടങ്ങി ധാരാളം ഫൗണ്ടേഷനുകളുണ്ട്. ദേശീയ തലത്തിൽ ധാരാളം ഇൻഡസ്ട്രീസിന്റെ സി.എസ്.ആർ. ഫണ്ടുകളുണ്ട്. ഇതെല്ലാം കൊണ്ടുവരുന്നതിനു വേണ്ടിയാണ് വി-കെയർ പദ്ധതി. അതിലൂടെ പതിനായിരമോ ഇരുപതിനായിരമോ കോടി രൂപയുണ്ടാക്കാൻ കഴിയും. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നെ വിളിക്കുകയാണെങ്കിൽ അത് നന്നായി നടക്കട്ടെ എന്നുള്ള ഉദ്ദേശ്യത്തിൽ അതിന്റെ ആശയം പങ്കുവയ്ക്കാൻ ഞാൻ തയ്യാറാണ്. അതിന് ഭംഗം വരാത്ത രീതിയിൽ അതിനെ കൊണ്ടുപോകുന്നതിന് സർക്കാരിനോടൊപ്പം ഞങ്ങളും ഉണ്ടാകുമെന്ന് അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശിശുക്ഷേമ സമിതി രൂപീകരിക്കുമ്പോൾ രാഷ്ട്രീയം നോക്കി അതിന്റെ ചെയർമാൻമാരെ നിയമിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. പേര് ഏത് രീതിയിലിട്ടാലും 'മിഠായി' പദ്ധതിയുടെ ഉത്ഭവം എവിടെ നിന്നാണെന്ന് എല്ലാവർക്കുമറിയാം. ആ പദ്ധതി പ്രകാരം എത്രയും വേഗം കുട്ടികൾക്ക് ഗ്ലൂക്കോമീറ്റർ കൊടുക്കുന്നതിനും ആവശ്യമുള്ളവർക്ക് ഇൻസുലിൻ പമ്പ് കൊടുക്കുന്നതിനും ഇൻസുലിൻ സൗജന്യമായി കൊടുക്കുന്നതിനുമൊക്കെ മിഠായി പദ്ധതിയെ ഒന്നുകൂടി മനോഹരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പിൽ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന എല്ലാ ശ്രമങ്ങൾക്കും ഒരുമിച്ച് എന്തെങ്കിലും ആശയവിനിമയം അങ്ങോട്ടുമിങ്ങോട്ടും നടത്തണമെങ്കിൽ അതിനും ഞങ്ങൾ തയ്യാറാണ്. പക്ഷെ ഇന്നത്തെ സ്ഥിതിയിൽ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ പ്രയാസമുള്ളതിനാൽ അതിനെ എതിർത്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. സംസ്ഥാന ആസൂത്രണ ബോർഡ് കേരളത്തിലെ ആരോഗ്യ സംവിധാനത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് നടപ്പാക്കുന്ന ആരോഗ്യ മാതൃക ഏതാണ്ട് വികസിത രാജ്യങ്ങൾക്ക് തുല്യമായ ആരോഗ്യ നിലവാരം പുലർത്തുന്നുവെന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. പിണറായി ഗവൺമെന്റിന് കൃത്യമായൊരു ആരോഗ്യ നയമുണ്ട്. " Good health at low cost. Good health with social justice and equity." ഇത് പറയുമ്പോൾ ലോകത്തെ ഏറ്റവും വലിയ വികസിത രാജ്യമായ അമേരിക്കയിൽപ്പോലും 30 ലക്ഷം ആളുകൾക്ക് പ്രാഥമിക ചികിത്സ നിഷേധിക്കുമ്പോൾ നൂറ് ശതമാനം ആളുകൾക്ക് ഉയർന്ന ചികിത്സ നൽകുന്ന ലോകത്തെ ഏക സംസ്ഥാനമാണ് കേരളം. അതിൽ അഭിമാനിക്കാതിരിക്കാൻ കഴിയില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണത്തിൽ ആരോഗ്യമേഖലയെ തകർത്തെറിഞ്ഞു. പുതിയ കാലത്തിന്റെ ആവശ്യം മനസ്സിലാക്കി ഈ ഗവൺമെന്റ് ആരോഗ്യമേഖലയെ ഉയരങ്ങളിലേയ്ക്കെത്തിക്കുന്നതിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനെയും ഗവൺമെന്റിനേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. നിപയും പ്രളയവും ഓഖിയും ഈ നാടിനെ പ്രയാസപ്പെടുത്തിയപ്പോൾ പകർച്ചവ്യാധി വരാതെ ദുരിതത്തിൽപ്പെട്ട പതിനായിരങ്ങളെ ഓടിയെത്തി മാതൃതുല്യമായി സ്നേഹിച്ച്, തലോടി, ആശ്വസിപ്പിച്ച് ഈ നാടിന്റെ അമ്മയായി മാറിയ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ടീച്ചർ കുട്ടിയായി മാറിയെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ആരോഗ്യമേഖലയിൽ ഡോക്ടർമാരോ ജീവനക്കാരോ ഇല്ലായിരുന്നു. 4000 തസ്തികകളാണ് ഈ ഗവൺമെന്റ് പുതുതായി സൃഷ്ടിച്ചത്. ചരിത്രത്തിലെ ഏറ്റവും വലിയ മുതൽമുടക്ക് ആരോഗ്യമേഖലയിൽ നടപ്പിലാക്കിക്കഴിഞ്ഞു. മൂന്ന് വർഷം കൊണ്ട് പതിനായിരം കോടിയോളം രൂപ ആരോഗ്യ മേഖലയിൽ ചെലവഴിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു. എന്റെ മണ്ഡലത്തിലെ ചെങ്ങന്നൂർ താലൂക്കാശുപത്രി അതിന് ഉദാഹരണമാണ്. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അവിടെ 6 ഡോക്ടർമാരാണുണ്ടായിരുന്നത്. ആവശ്യത്തിന് നഴ്സുമാരോ ജീവനക്കാരോ ഇല്ലായിരുന്നു. ഒരു ദിവസം ആയിരത്തോളം ഒ.പി. ഉണ്ടായിരുന്നത് 150 ആയി കുറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ. കെ. രാമചന്ദ്രൻ നായർ, എം.എൽ.എ. ആയതിനുശേഷം ആറ് ഡോക്ടർമാരുണ്ടായിരുന്ന സ്ഥാനത്ത് 36 ഡോക്ടർമാരെയും ആവശ്യത്തിന് നഴ്സുമാരെയും ജീവനക്കാരെയും നിയമിച്ചു. ഇന്ന് അവിടെ 1300 ഒ.പി. വരെയുണ്ടെന്ന് പറയുമ്പോൾ കേരളത്തിന്റെ ആരോഗ്യ മേഖലയിൽ വന്ന മാറ്റത്തെക്കുറിച്ച് അറിയാൻ എന്റെ മണ്ഡലത്തിലെ ആശുപത്രിയുടെ കാര്യംതന്നെ പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സ്വകാര്യ ആശുപത്രികളെ സഹായിച്ച് ജനങ്ങളെ കൊള്ളയടിക്കാൻ അവസരമുണ്ടാക്കിയെന്നത് വസ്തുതയാണ്. ചെലവുകാരണം ചികിത്സ കിട്ടാതെ കേരളത്തിലെ ജനങ്ങൾ നട്ടം തിരിഞ്ഞ കാലം മാറി. സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട നിലയിൽ എല്ലാത്തരം ചികിത്സയും ലഭ്യമാക്കാൻ കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ആരോഗ്യ കേന്ദ്രങ്ങളെ ആധുനികവൽക്കരിക്കുകയും രോഗീ സൗഹൃദമാക്കുകയും ചെയ്തു. ആർദ്രം പദ്ധതി വഴി ഓരോ ആശുപത്രിയുടെയും ആവശ്യങ്ങൾ മനസ്സിലാക്കി അടിസ്ഥാന വികസനവും ആവശ്യത്തിന് തസ്തികയും സൃഷ്ടിച്ച് മെച്ചപ്പെട്ട സേവനം ഈ ഗവൺമെന്റ് ലഭ്യമാക്കി. രോഗപ്രതിരോധം, സാന്ത്വന പരിചരണം, റീഹാബിലിറ്റേഷൻ, ആരോഗ്യപരിചരണം എന്നിവയ്ക്കുവേണ്ടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. ഓരോ ജില്ലയിലും ഓരോ ആശുപത്രി തെരഞ്ഞെടുത്ത് ജില്ലാതലത്തിലുള്ള മാതൃകാ ആശുപത്രിയായി മാറ്റുന്നതിനും ഓരോ താലൂക്കിലും ഓരോ ആശുപത്രി തെരഞ്ഞെടുത്ത് താലൂക്ക് തലത്തിൽ ഏറ്റവും മെച്ചപ്പെട്ട ആശുപത്രിയാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കോടിക്കണക്കിന് രൂപ മുടക്കി നിരവധി ആശുപത്രികളിൽ കെട്ടിട സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചു. ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിച്ച് ഡോക്ടർമാരെ നിയമിച്ചു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യലിറ്റി സൗകര്യങ്ങൾ വന്നുകൊണ്ടിരിക്കുന്നു. മൂന്നുസ്ഥലത്ത് കാത്ത് ലാബുകളുടെ പ്രവർത്തനം ആരംഭിച്ചു. കിഡ്നി രോഗത്തെക്കുറിച്ച് ഇവിടെ വലിയ വിഷമത്തോടെ യു.ഡി.എഫ്. അംഗം പറയുന്നതുകേട്ടു. 44 ഡയാലിസിസ് കേന്ദ്രങ്ങൾ കേരളത്തിൽ പുതുതായി സ്ഥാപിച്ചു. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ഡെങ്കിപ്പനിയും ചിക്കൻഗുനിയയും അവസാനിപ്പിച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. എല്ലാ മെഡിക്കൽ കോളേജിനുമായി കിഫ്ബി വഴി ഏതാണ്ട് 5000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് നടന്നുവരുന്നു. അതുകൂടാതെ മറ്റുതലത്തിലുള്ള ഫണ്ടുകൾ സമാഹരിച്ച് 5000 കോടി രൂപയോളം ഈ മേഖലയിൽ മുടക്കിക്കൊണ്ടിരിക്കുന്നു. ഈ മാറ്റം കേരളത്തിലെ ജനങ്ങൾ കാണുകയും അനുഭവിച്ചറിയുകയും ചെയ്യുന്നുണ്ട്.

അതുപോലെ ജനറൽ ജില്ലാ-താലൂക്കാശുപത്രികളിലെ ഓപ്പറേഷൻ തിയേറ്ററുകൾ, അനസ്തേഷ്യ, ഡെർമറ്റോളജി, ഇ.എൻ.ടി., ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി, ലബോറട്ടറി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾക്കായി കോടിക്കണക്കിന് രൂപ മുടക്കി പുതിയ ഉപകരണങ്ങൾ വാങ്ങിക്കൊടുത്ത് സംസ്ഥാനത്തെ ആരോഗ്യമേഖലയെ സംരക്ഷിച്ച ഗവൺമെന്റാണിത്. ക്യാൻസർ വ്യാപനം തടയുന്നതിനുവേണ്ടി കേരളത്തിലെ ക്യാൻസർ സെന്ററുകളിൽ മാത്രമല്ല മെഡിക്കൽ കോളേജുകളിലെല്ലാം ആധുനിക ക്യാൻസർ ചികിത്സാ സംവിധാനങ്ങൾ ഉറപ്പാക്കിയ ഗവൺമെന്റാണിത്. ഓങ്കോളജി, ഓങ്കോ പതോളജി വിഭാഗങ്ങൾ മെഡിക്കൽ കോളേജുകളിലെല്ലാം ആരംഭിച്ചുവെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

3.00 P.M.]

കൊച്ചി കാൻസർ സെന്ററിന് 385 കോടി രൂപയുടെ നിർമ്മാണമാണ് നടന്നുവരുന്നത്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ്, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും വർഷംതോറും 5 ലക്ഷം രൂപയുടെ സൗജന്യചികിത്സ ലഭിക്കുന്നുണ്ട്. മാതൃ-ശിശുക്ഷേമം, അമൃതം ആരോഗ്യം പദ്ധതി, ബധിരത നിവാരണ നിയന്ത്രണ പദ്ധതി, പരിസ്ഥിതി സൗഹാർദ്ദ പരിശീലന നടപടികൾ,

ലിംഫ് ഫിറ്റിംഗ് സെന്ററുകൾ ശക്തിപ്പെടുത്തൽ, ലബോറട്ടറികളുടെ ആധുനികവൽക്കരണം, ഖരമാലിന്യ സംസ്കരണ പ്രവർത്തനം, കാത്ത് ലാബ്, ഹൃദ്രോഗ ചികിത്സ, വൃക്കരോഗ ചികിത്സ, ട്രോമാ കെയർ ശക്തിപ്പെടുത്തൽ, മെഡിക്കൽ വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തൽ അടക്കം എല്ലാ മേഖലയിലും വന്ന മാറ്റങ്ങൾ ഇവിടെ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം അംഗീകാരങ്ങളുടെ ഒരു നിരയല്ലേ ലഭിച്ചത്. ആരോഗ്യ പരിപാലനരംഗത്ത് കേരളം കൈവരിച്ച നേട്ടം മഹത്തരവും ലോകാരോഗ്യ സംഘടനതന്നെ കേരളാ മോഡൽ എന്ന് വിശേഷണം നൽകി അംഗീകരിക്കുന്നതുമാണ്. എന്തുകൊണ്ടാണ് നിങ്ങൾ അംഗീകരിക്കാത്തത്; ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, സ്ത്രീ-പുരുഷ അനുപാതം, പ്രജനന നിരക്ക് തുടങ്ങിയ ആരോഗ്യ സൂചികയിൽ നമ്മുടെ സംസ്ഥാനം ലോകത്തിലെ വികസിത രാജ്യങ്ങൾക്ക് തുല്യമായ നേട്ടമാണ് ഈ മൂന്നുവർഷക്കാലംകൊണ്ട് കൈവരിച്ചിട്ടുള്ളതെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുകൂടാതെ പ്രതിരോധ കുത്തിവയ്പ്, കുടുംബാസൂത്രണം, ആയുർദൈർഘ്യം എന്നിങ്ങനെ പൊതുജനാരോഗ്യത്തിന്റെ സമസ്ത മേഖലകളിലും കേരളം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും ബഹുദൂരം മുന്നിലാണെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. നിരവധി അവാർഡുകൾ നേടി ദേശീയ ആരോഗ്യരംഗത്ത് കേരളം ഒന്നാം സ്ഥാനത്തെത്തി. രാജ്യത്തിനകത്തും പുറത്തുമുള്ള വിദഗ്ദ്ധരുടെ സഹായത്തോടെ ലോക ബാങ്കിന്റെ പൂർണ്ണ മുൻകയ്യോടെ നീതി ആയോഗ് നടത്തിയ പഠനത്തിലാണ് 76.55 മുതൽ 80 സ്കോർ വരെ നേടി മറ്റെല്ലാ സംസ്ഥാനങ്ങളെയും ബഹുദൂരം പിന്നിലാക്കി കേരളം ഒന്നാം സ്ഥാനത്തെത്തിയതെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ദേശീയ വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം - മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം നടപ്പിലാക്കുന്നതിൽ ഏറ്റവും മികച്ച സംസ്ഥാനമാണിത്. സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിയ വയോമിത്രം പരിപാടിക്കുള്ള ദേശീയ അവാർഡ് വാങ്ങിയ ഗവൺമെന്റും മന്ത്രിയുമാണ് ഇവിടെയുള്ളത്. എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് - സങ്കീർണ്ണ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന 'ഹൃദ്യം' പദ്ധതിക്കാണ് ദേശീയ അടിസ്ഥാനത്തിൽ ഈ അവാർഡ് ലഭിച്ചത്. സ്വസ്ത് ഭാരത് ഗോൾഡ് അവാർഡ്, ഇതൊക്കെ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ എം.എൽ.എ.-മാരും പത്രമൊക്കെ വായിച്ച് മനസ്സിലാക്കുന്നുണ്ടായിരിക്കും. ശിശുമരണനിരക്ക് വികസിത രാജ്യത്തിന് തുല്യമായി കുറച്ചുകൊണ്ടുവന്നതിന് ഏറ്റവും മികച്ച സംസ്ഥാനമായി നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേ കേരളത്തെ തെരഞ്ഞെടുത്ത കാര്യം ഇവിടെ പ്രസ്താവിക്കാൻ ആഗ്രഹിക്കുകയാണ്.

ഇന്നത്തെ ടൈംസ് ഓഫ് ഇൻഡ്യയിൽ ഒരു വാർത്ത വന്നിട്ടുണ്ട്. 1947 മുതൽ പതിറ്റാണ്ടുകൾ ഇൻഡ്യ ഭരിച്ച കോൺഗ്രസ് പാർട്ടി ബീഹാറിലും പതിറ്റാണ്ടുകളോളം ഭരിച്ചിരുന്നു. ഇപ്പോൾ അവിടെ ഗതിയൊന്നുമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുകയാണെങ്കിലും പതിറ്റാണ്ടുകളോളം ഭരിച്ച ഒരു പാർട്ടി, ആ പാർട്ടി ഭരിച്ച ഒരു സംസ്ഥാനത്ത് ' Bihar fever death toll crosses 100; no quick solution in sight' ഇത് നമ്മളെ ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. 10 വയസ്സിനുതാഴെ പ്രായമുള്ള 103 കുഞ്ഞുങ്ങൾ മരണപ്പെട്ടതായാണ് ഈ പത്രത്തിൽ പറയുന്നത്. അതിനുപറയുന്ന കാരണം ദാരിദ്ര്യവും പോഷകാഹാരക്കുറവുംമൂലം ഒരു പ്രത്യേകതരം രോഗം തലച്ചോറിലുണ്ടാകുന്നു. Acute Encephalitis Syndrome (A.E.S.) എന്നാണ് ആ രോഗത്തിന്റെ പേര്. ഇതാണ് ബീഹാറിലെയും ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലെയും സ്ഥിതിയെങ്കിൽ, പകർച്ച വ്യാധിമൂലമോ ദാരിദ്ര്യം മൂലമോ പോഷകാഹാരക്കുറവുമൂലമോ ഒരൊറ്റ ആളുപോലും കേരളത്തിൽ മൂന്നുവർഷത്തിനിടയിൽ മരിച്ചിട്ടില്ലായെന്ന് അഭിമാനത്തോടെ പറയാം.

എന്റെ പ്രിയസുഹൃത്ത് മുനീർ സാഹിബ് ഇവിടെ ധാരാളം കാര്യങ്ങൾ പറഞ്ഞു. അതിനെല്ലാം മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ ഒരു കാര്യം പറയാം. എല്ലാത്തിന്റെയും പിതൃത്വം അവർ ഏറ്റെടുത്തിരിക്കുകയാണ്. ഇവിടെ എന്റെ സുഹൃത്ത് പ്രിയപ്പെട്ട അംഗം ശ്രീമതി സി. കെ. ആശ പറഞ്ഞതുപോലെ ട്രാക്കില്ലാത്ത മെട്രോയും ടെർമിനലില്ലാത്ത എയർപോർട്ടും പൈപ്പില്ലാത്ത ഗെയിൽ പദ്ധതിയും സിമന്റില്ലാത്ത പാലവും കെട്ടിടമില്ലാത്ത സ്മാർട്ട് സിറ്റിയും ഡോക്ടറും സ്റ്റാഫുമില്ലാത്ത ആശുപത്രിയും യന്ത്രമില്ലാത്ത വ്യവസായവും അദ്ധ്യാപകരില്ലാത്ത സ്കൂളും എല്ലാം നിങ്ങളുടെ കുഞ്ഞുങ്ങളാണെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല; ആ കുഞ്ഞുങ്ങൾ നിങ്ങളുടെ സൃഷ്ടിയാണ്. എന്നാൽ ഈ കുഞ്ഞുങ്ങൾക്ക് പോഷകാഹാരക്കുറവുണ്ടായിരുന്നു. ശ്രീ. പിണറായി വിജയൻ വന്നതിനുശേഷം അവർക്ക് നല്ല ആഹാരം കൊടുത്തു. പാലും മുട്ടയും നല്ല വസ്ത്രവുമൊക്കെ വാങ്ങിക്കൊടുത്ത് നല്ലരീതിയിൽ പൗഡറൊക്കെ ഇട്ട് വളർത്തി മിടുക്കന്മാരായി കല്യാണം കഴിപ്പിച്ച് നാടിന് സമർപ്പിച്ചു. അതൊക്കെ മനസ്സിലാക്കണം. ഇന്ന് അന്താരാഷ്ട്ര നിലവാരമുള്ള എയർപോർട്ട്, മെട്രോ ഗെയിൽപൈപ്പ് ഇതെല്ലാം ഈ കേരളത്തിൽ യാഥാർത്ഥ്യമാകുമ്പോൾ നിങ്ങളൊരു നല്ല വാക്ക് പറഞ്ഞ് അഭിനന്ദിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. മൂന്നുവർഷമായിട്ടും ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിക്കുന്നത് കേട്ടു. പിണറായി വിജയൻ ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്ന് പറയുമ്പോൾ ഇവിടെ

ചെയ്ത കാര്യങ്ങൾ ചെറുതായി സൂചിപ്പിക്കുകയാണ്. സ്ത്രീ സമത്വം, ഭരണഘടനയെ അംഗീകരിച്ച, സുപ്രീംകോടതിയെ മാനിച്ച, ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചത് കൃത്യമായി കൊടുത്തു, ഭിന്ന ലിംഗക്കാർക്ക് തൊഴിൽ കൊടുത്തു; സ്ത്രീകൾക്ക് തൊഴിലിടങ്ങളിൽ ഇരിക്കാനുള്ള നിയമം കൊണ്ടുവന്നു, സർക്കാർ സ്കൂളുകൾ ഹൈടെക് ആക്കി, ആശുപത്രികൾ നവീകരിച്ചു, അഴിമതി അവസാനിപ്പിച്ചു, പ്രളയം, നിപ, ഓഖി എന്നീ ദുരന്തങ്ങളിൽ നിന്നും നേരിട്ട് ഒരു ജനതയെ രക്ഷിച്ചു, പിന്നോക്കക്കാരെയും ദളിതരെയും പൂജയ്ക്ക് ശ്രീകോവിലിൽ കയറ്റി, കാടിന്റെ മക്കളായ ആദിവാസികൾക്ക് പോലീസിലും ഫോറസ്റ്റിലും ജോലി നൽകി, പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി, മനോഹരമായ റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ചു. എല്ലാവർക്കും വൈദ്യുതി കൊടുത്തു, റേഷൻ കാർഡ് ഹൈടെക് ആക്കി, വീടും സ്ഥലവും ഇല്ലാത്തവർക്ക് വീടും സ്ഥലവും കൊടുത്തു, ചികിത്സാ സഹായം വീട്ടിലെത്തിച്ച് കൊടുത്തു, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകി. ഇതെല്ലാം ആ മനുഷ്യന്റെ ധാർഷ്ട്യമായതുകൊണ്ട് അത് കാണാൻ നല്ല സുഖമാണെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇവിടെ ഒരു കാര്യം പ്രതിപക്ഷം പറഞ്ഞു. രാജ്യത്ത് ബി.ജെ.പി.യെ അധികാരത്തിൽ നിന്ന് മാറ്റിനിർത്തുന്നതിന് വിശാലമായ പ്രതിപക്ഷ ഐക്യം ഉണ്ടാക്കാൻ കഴിയാതിരുന്നത് സി.പി.ഐ.(എം) എന്തോ കുഴപ്പം ചെയ്തതു കൊണ്ടാണെന്നാണ്. അത് നിങ്ങളുടെ കുഴപ്പമാണ്; അല്ലാതെ ഞങ്ങളുടെ കുഴപ്പം കൊണ്ടല്ല; ഞാൻ അത് വിശദീകരിക്കുന്നില്ല. യു.പി.യിലെ ഒരു ചെറിയ കണക്ക് ഞാൻ പരിശോധിച്ചു. അതിൽ യു.പി.യിലെ സുൽത്താൻപൂരിൽ ശ്രീമതി മേനകാ ഗാന്ധി 14774 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ജയിച്ചത്. കോൺഗ്രസ് അവിടെ 41651 വോട്ടുപിടിച്ചു. നിങ്ങൾ ആ വോട്ട് അവിടെ പിടിച്ചില്ലായിരുന്നുവെങ്കിൽ ശ്രീമതി മേനകാ ഗാന്ധി തോൽക്കുമായിരുന്നു. യു.പി.-യിലെ സാന്ത് കബീർ നഗറിൽ 35749 വോട്ടിനാണ് ബി.ജെ.പി. ജയിച്ചത്. നിങ്ങൾ 128506 വോട്ട് പിടിച്ച് ബി.ജെ.പി.-യെ ജയിപ്പിച്ചു. യു.പി.-യിലെ ശ്രാവസ്തി മണ്ഡലത്തിൽ 5320 വോട്ടിനാണ് ബി.ജെ.പി. ജയിച്ചത്. അവിടെ പ്രദീപ് സിംഗ് എന്നുപറയുന്ന നിങ്ങളുടെ പാർട്ടിക്കാരൻ 58042 വോട്ട് പിടിച്ച് ബി.ജെ.പി.യെ ജയിപ്പിച്ചു. യു.പി.യിലെ ബസ്തിയിൽ കോൺഗ്രസ് 48920 വോട്ട് പിടിച്ചു. അവിടെ 30000 വോട്ടിനാണ് ബി.ജെ.പി. ജയിച്ചത്. ഞാൻ സമയമില്ലാത്തതുകൊണ്ട് ഓരോ മണ്ഡലവും എടുത്തുപറയുന്നില്ല. യു.പി.യുടെ കണക്കെടുത്താൽ 80 പാർലമെന്റ് മണ്ഡലങ്ങളിൽ ബി.ജെ.പി.-ക്ക് ഗണ്യമായ ഭൂരിപക്ഷമുണ്ടാക്കിക്കൊടുത്തത് ഇൻഡ്യയിലെ ബി.ജെ.പി. വിരുദ്ധ മുന്നണിയെ തകർക്കാൻ നിങ്ങളെടുത്ത നിലപാടാണെന്ന് പറയാൻ സാധിക്കും. ഏത് മുന്നണിയാണെന്നൊക്കെ ഞാൻ പറഞ്ഞുതരാം. ഇപ്പോൾ സമയമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അദ്ദേഹം എന്റെ പ്രിയപ്പെട്ടൊരു സഹോദരനാണ്. സി.പി.ഐ.(എം) പശ്ചിമ ബംഗാളിൽ മതേതര വോട്ടുകൾ ഭിന്നിപ്പിക്കാൻവേണ്ടി പരിശ്രമിച്ചതുകൊണ്ടാണ് കുഴപ്പമുണ്ടായതെന്ന ആരോപണം അദ്ദേഹം ഉന്നയിച്ചു. അവിടത്തെ 10 മണ്ഡലങ്ങൾ ഞാൻ പരിശോധിച്ചു. ആ 10 മണ്ഡലങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. പശ്ചിമബംഗാളിൽപ്പോലും ബി.ജെ.പി. ജയിച്ച സീറ്റുകളുടെ വോട്ടിന്റെ കണക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പരിശോധിക്കണം. ആ വോട്ടിന്റെ കണക്ക് പരിശോധിക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും എങ്ങനെയാണ് പശ്ചിമ ബംഗാളിൽ ബി.ജെ.പി. ജയിച്ചതെന്ന്. 10 മണ്ഡലങ്ങളുടെ കണക്ക് പരിശോധിച്ചപ്പോൾ നിങ്ങളുടെ വോട്ട് പതിനായിരക്കണക്കിന് ചോർത്തി ബി.ജെ.പി.-ക്ക് കൊടുത്തിരിക്കുന്നു. ഈ വസ്തുത നിഷേധിക്കരുത്. കേരളത്തിൽ ഞാൻ വോട്ട് ചെയ്തത് മാവേലിക്കര പാർലമെന്റ് മണ്ഡലത്തിലാണ്. നിങ്ങൾ ആലോചിച്ചുനോക്കൂ, അവിടെ 2006-ലെ തെരഞ്ഞെടുപ്പിൽ 186000 വോട്ട് ബി.ജെ.പി. പിടിച്ചു. ആ 186000 വോട്ട് ഈ വർഷം പാർലമെന്റിൽ 131000 ആയി കുറഞ്ഞു. അതിന്റെ അർത്ഥം പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവിടെ ജയിച്ച യു.ഡി.എഫ്. സ്ഥാനാർത്ഥി നേടിയ വോട്ടിന്റെ ഭൂരിപക്ഷത്തെക്കാൾ കൂടുതൽ വോട്ട്, ബി.ജെ.പി.യുടെ വോട്ട് അവർക്ക് കിട്ടിയെന്നാണ് കണക്ക് പ്രകാരം ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നത്. ഒരുപാട് ഞാൻ വിശദീകരിക്കുന്നില്ല. ഞങ്ങളും നിങ്ങളും തോറ്റു. നമ്മൾ രണ്ടുകൂട്ടരും തോറ്റു. ഭഗവത് ഗീതയിൽ ഒരുകാര്യം പറഞ്ഞിട്ടുണ്ട്. അതുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 'സംഭവിച്ചതെല്ലാം നല്ലതിന്, സംഭവിക്കുന്നതെല്ലാം നല്ലതിന്, ഇനി സംഭവിക്കാൻ പോകുന്നതും നല്ലതിന്, നഷ്ടപ്പെട്ടതിനെയോർത്ത് ദുഃഖിക്കരുത്...' എന്ന് ഭഗവത്ഗീതയിൽ പറഞ്ഞിട്ടുണ്ട്. പത്ത് സൂക്തങ്ങളാണ് ഭഗവത്ഗീതയിൽ പറഞ്ഞിരിക്കുന്നത്. അതിൽ നാല് സൂക്തങ്ങൾ ഞങ്ങൾ എടുക്കുകയാണ്. ആറ് സൂക്തങ്ങൾ നിങ്ങൾക്ക് തരികയാണ്. 'ഒന്നിനെയും ഭയക്കാതിരിക്കുക,' 'ഒന്നിനെയും സംശയിക്കാതിരിക്കുക,' 'എന്തായിരിക്കും ഫലം എന്നതിനെക്കുറിച്ച് ചിന്തിക്കാതിരിക്കുക,' 'കർമ്മ പഥത്തിൽ നിന്ന് മാറി നിൽക്കാതിരിക്കുക' എന്നീ നാല് സൂക്തങ്ങൾ ഞങ്ങളെടുക്കുകയാണ്. ഈ പരാജയം ഞങ്ങൾ അഡ്മിറ്റ് ചെയ്തു. ഈ നാല് കാര്യങ്ങൾ വച്ചുകൊണ്ട് തിരുത്തേണ്ടത് ഞങ്ങൾ തിരുത്താം. ബാക്കി ആറ് കാര്യങ്ങളുണ്ട്, അഖിലേന്ത്യാടിസ്ഥാനത്തിൽ നിങ്ങൾ തോറ്റതല്ലേ രണ്ടെണ്ണം കൂടുതൽ ഇരിക്കട്ടെ. ഒന്ന്, 'വിഷയാസക്തിയിൽ നിന്നും മോചനം നേടണം.' രണ്ട്, 'പരംപൊരുളിനെ തിരിച്ചറിയണം.' പഴയ ചരിത്രം പറഞ്ഞ് നടക്കരുത്. അമ്മാവൻ

ആനപ്പുറത്തല്ലെന്ന് ഓർക്കണം. മൂന്ന്, 'സ്വാർത്ഥ ബുദ്ധിയാണെങ്കിൽ ജ്ഞാനമുണ്ടായിട്ടും കാര്യമില്ല.' നാല്, 'എല്ലാത്തിനോടും സമചിത്തത പാലിക്കണം.' അഞ്ച്, 'കോപം അബദ്ധത്തിലേയ്ക്കുള്ള പാതയാണ് ശാന്തമായിരിക്കുക.' ആറ്, 'ആത്മാവാണ് അനശ്വരം' തുടങ്ങിയ ആറ് കാര്യങ്ങൾ പരിശോധിച്ചാൽ ഇന്ത്യാ രാജ്യത്ത് നിങ്ങൾ തോറ്റതിന്റെ കാര്യം മനസ്സിലാകും. നിങ്ങളും ഞങ്ങളും തോറ്റതിനെക്കുറിച്ച് പരസ്പരം പറഞ്ഞ് സമയം കളയാതെ വസ്തുതകൾ പരിശോധിച്ച് പരിഹാരം കണ്ട് ഈ രാജ്യത്തെ വർഗ്ഗീയതയ്ക്കെതിരെ പോരാടാൻ ഇടതുപക്ഷത്തോടൊപ്പം നിങ്ങൾ ഉണ്ടാകുമോയെന്ന് ചോദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ അംഗീകരിച്ചു കൊണ്ടും പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ ആരോഗ്യമേഖല ലോകത്തിന് മാതൃകയായിട്ടുള്ള പ്രവർത്തനങ്ങൾ കാഴ്ചവെച്ച ഏറ്റവും വികസിതമായൊരു മേഖലയാണ്. ഇവിടെ ഒരുപാട് കാര്യങ്ങൾ പ്രസംഗിച്ചുവെങ്കിലും മൂന്ന് വർഷക്കാലത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ നേട്ടങ്ങൾ മുഴുവൻ നിഷ്പ്രഭമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ്, നിഷ്ക്രിയ സമീപനമാണ് ആരോഗ്യ മേഖലയിൽ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്നതാണ് യാഥാർത്ഥ്യം. ഇവിടെ അവാർഡ് വാങ്ങിയ കാര്യത്തെക്കുറിച്ച് ബഹുമാന്യനായ സജി ചെറിയാൻ സൂചിപ്പിക്കുകയുണ്ടായി. ആരോഗ്യമേഖലയിലെ കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ ഫലമായി Maternal mortality rate 61-ൽ നിന്ന് 46 ആകുകയും Infant mortality rate 12 ആകുകയും ചെയ്തു. ഇവരുടെ മൂന്നുവർഷക്കാലത്തെ പ്രവർത്തനംകൊണ്ട് അതിൽനിന്നും എത്രത്തോളം താഴെ വന്നുവെന്ന് ബഹുമാന്യയായ മന്ത്രി സൂചിപ്പിക്കണമെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾക്കുള്ള നീതി ആയോഗിന്റെ അവാർഡ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഡൽഹിയിൽപോയി വാങ്ങുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരോഗ്യ മേഖലയിൽ right to health എന്ന ലക്ഷ്യംവച്ചുകൊണ്ടാണ് പ്രവർത്തിച്ചത്. അതുമായി ബന്ധപ്പെട്ട് കേരളത്തിൽ വളരെയധികം പദ്ധതികൾ നടപ്പിലാക്കി. ആ പദ്ധതികളെല്ലാം ഇപ്പോൾ നിർത്തലാക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഒരു കുഞ്ഞ് ജനിക്കുന്നത് മുതൽ വാർദ്ധക്യം വരെയുള്ള എല്ലാ ചികിത്സയും സൗജന്യമായി നടപ്പിലാക്കി. ഇന്ന് അതെല്ലാം നിർത്തലാക്കി ക്കൊണ്ട് പരിധിയുള്ള, നിയന്ത്രണങ്ങളുള്ള, ചികിത്സാ സൗജന്യങ്ങളില്ലാത്ത

ഇൻഷ്വറൻസ് സ്കീമിലേയ്ക്ക് പോകുന്ന സമീപനമാണ് ഈ ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഇൻഷ്വറൻസ് സ്കീം നിങ്ങൾ നടപ്പിലാക്കു പക്ഷെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന റൈറ്റ് ടു ഹെൽത്ത് എന്ന സമീപനത്തിലൂടെ പാവപ്പെട്ടയാളുകൾക്ക് ചികിത്സ നൽകിയിരുന്ന പദ്ധതികൾ നിർത്തലാക്കരുത്, ഒഴിവാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒന്നേകാൽ ലക്ഷം ആളുകൾക്ക് ആയിരം കോടി രൂപയാണ് കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ സർക്കാർ വിതരണം ചെയ്തത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെപ്പറ്റി നിങ്ങൾ ഇവിടെ സൂചിപ്പിച്ചു. അമ്മയും കുഞ്ഞും പദ്ധതി (ജെ.എസ്.എസ്.കെ.)-യിൽ നിന്നും ഒരു പ്രോജക്ട് എടുത്ത് ഒരു ചെറിയ ഭാഗമാക്കി പുതിയ പേര് നൽകുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. 'മാതൃയാനം' എന്ന പദ്ധതി അമ്മയും കുഞ്ഞും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ഒരു പുതിയ പേരിട്ടിരിക്കുകയാണ്. ആ പദ്ധതി നിർത്തലാക്കരുത്. 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും എല്ലാ ചികിത്സയും എ.പി.എൽ./ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യമായി നൽകുന്ന പദ്ധതിയാണ് ആരോഗ്യകിരണം പദ്ധതി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ പദ്ധതിയിലൂടെ 25-ഉം 30-ഉം ലക്ഷം രൂപ ഞങ്ങൾ നൽകിയതാണ്. 2013 സെപ്റ്റംബർ 29-ന് ശ്രീമതി സോണിയാഗാന്ധി ഉദ്ഘാടനം ചെയ്ത പദ്ധതിയാണിത്. അതിൽ നിന്നും ഒരു പദ്ധതിയെടുത്ത് നടപ്പിലാക്കിയതാണ് 'ഹൃദ്യം പദ്ധതി'. കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും ചേർത്താണ് ആ പദ്ധതി നടപ്പിലാക്കുന്നത്. 'ഹൃദ്യം പദ്ധതി' എല്ലായിടത്തും നടപ്പിലാക്കണമെന്ന് ഇവിടെ പറഞ്ഞു, നടപ്പിലാക്കണം. പക്ഷെ ആരോഗ്യ കിരണം പദ്ധതി നിർത്തലാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അമൃതം ആരോഗ്യം പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ചോദ്യത്തിന് മറുപടിയായി പറയുകയുണ്ടായി. 2011-ൽ എറണാകുളം ജനറൽ ആശുപത്രിയിൽ വച്ച് ഉദ്ഘാടനം ചെയ്ത പദ്ധതിയാണിത്. കാൻസർ, പ്രഷർ, ഷുഗർ തുടങ്ങിയ ജീവിതശൈലി രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ കൊടുക്കുന്നുണ്ട്. ഇപ്പോൾ പല സ്ഥലത്തും മരുന്നുകൾ കിട്ടുന്നില്ല. ആ പദ്ധതി വളരെ എഫക്ടീവായി കൊണ്ടുപോകണം. ഇൻഷ്വറൻസ് സ്കീം നിർത്തരുത്. സൗജന്യ മരുന്ന് വിതരണം - മെഡിക്കൽ കോളേജ് മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെ ഏകദേശം 1600 കോടി രൂപയുടെ മരുന്നാണ് അഞ്ച് വർഷം കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിലെ പാവപ്പെട്ടവർക്ക് സൗജന്യമായി നൽകിയത്. അതുപോലെതന്നെ സുകൃതം പദ്ധതി ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. കാൻസർ സെന്ററുകളിൽ അതിലേയ്ക്കുവേണ്ടുന്ന ഫണ്ട് കൊടുക്കുന്നില്ല. ഞാൻ അന്വേഷിച്ചപ്പോൾ ഇപ്പോഴും 5 കോടി രൂപ ഡ്യൂ

ആയി നിൽക്കുകയാണെന്നാണ് അറിയാൻ സാധിച്ചത്. ഇൻഷ്വറൻസ് സ്കീം വരുമ്പോൾ മറ്റൊരു പ്രധാന പ്രശ്നം വരുന്നത് കേരളത്തിലെ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും (ആർ.സി.സി.) മലബാർ കാൻസർ സെന്റർ പോലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളിലും വലിയ പ്രതിസന്ധി വരാൻ പോകുകയാണ്. ഇക്കാര്യം കഴിഞ്ഞ പ്രാവശ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞതാണ്. സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് ഇപ്പോൾ 5 ലക്ഷം രൂപവരെ മാത്രമേ ഇൻഷ്വറൻസ് സ്കീമിൽ നൽകുന്നുള്ളൂ. ബി.പി.എൽ. കാർഡുകാർക്ക് കാൻസർ രോഗം വന്നാൽ എത്ര കോടി രൂപയാണെങ്കിലും സൗജന്യമായി നൽകുന്ന സമഗ്രമായ പദ്ധതിയാണ് സുകൃതം പദ്ധതി. അതിനെ അട്ടിമറിക്കാൻ പോകുകയാണ്. അതിനെ അട്ടിമറിക്കാതെ ആ പദ്ധതിക്കാവശ്യമായ തുക നൽകുന്നത് സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേക തീരുമാനമെടുക്കണം. കേന്ദ്ര ഗവൺമെന്റ് ആർ.സി.സി.-യുമായോ സംസ്ഥാന ഗവൺമെന്റുമായോ ചർച്ചയ്ക്ക് തയ്യാറായില്ല. അതിന്റെ ഫലമായി കാൻസർ ചികിത്സ സ്തംഭിക്കാനും പ്രതിസന്ധിയിലാകാനുമുള്ള സാഹചര്യമാണ് കാണുന്നത്. ഇതുപോലെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും സൗജന്യ ചികിത്സ നൽകുന്ന പദ്ധതികൾ നിർത്തലാക്കാതെ നടപ്പിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പദ്ധതികൾ നടപ്പിലാക്കിക്കോട്ടെ, ആയുഷ്മാൻ ഭാരത് ഇൻഷ്വറൻസ് പദ്ധതിയിൽ 5 ലക്ഷം രൂപ പറയുന്നു. കാരുണ്യ സുരക്ഷാ ആരോഗ്യ പദ്ധതി (കെ.എസ്.എ.പി.) ചിസും ചിസ് പ്ലസും കാരുണ്യവും ചേർത്ത് നടപ്പിലാക്കുന്നു. പക്ഷെ അതിനുപരിയായി എത്ര ചികിത്സാ ചെലവ് വന്നാലും യു.ഡി.എഫ്. ഗവൺമെന്റ് പാവപ്പെട്ട ജനങ്ങൾക്ക് സൗജന്യ ചികിത്സ നൽകിയിരുന്നു. ആ ചികിത്സ നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മരുന്നുകളുടെ വില വർദ്ധനവ് വളരെ വലുതാണ്. മരുന്നുകളുടെ വിലവർദ്ധനവ് കണക്കാക്കിക്കൊണ്ട് കാരുണ്യ ഫാർമസികൾ നമ്മൾ ആരംഭിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന് വലുതായി തുടക്കം കുറിച്ചില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 52 കാരുണ്യ ഫാർമസികൾ തുടങ്ങി. അതുവഴി പത്ത് ശതമാനം മുതൽ തൊണ്ണൂറ് ശതമാനം വരെ മരുന്നുകൾ സൗജന്യ വിലയ്ക്കാണ് ലഭ്യമാകുന്നത്. മരുന്നുകൾ ലഭ്യമാകുന്നതിനുവേണ്ടി കൂടുതൽ കാരുണ്യ ഫാർമസികൾ ആരംഭിക്കണം. മൂന്ന് വർഷക്കാലമായി ഈ ഗവൺമെന്റ് 10 കാരുണ്യ ഫാർമസികൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രൈമറി ഹെൽത്ത് സെന്ററുകൾ ഡെവലപ് ചെയ്യുന്നുവെന്ന് പറയുന്നു. എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും താലൂക്കാശുപത്രികളിലും കാരുണ്യ ഫാർമസികൾ ആരംഭിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ആരോഗ്യമേഖലയിൽ ഫണ്ട് വിനിയോഗം ശരിയായി നടക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 99-100 ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചിരുന്നു. ഇപ്പോൾ എത്രയായി? കഴിഞ്ഞ വർഷം എത്രയാണെന്ന് ആലോചിച്ചു നോക്കു. 70 ശതമാനത്തിനപ്പുറം ആയിട്ടില്ല. കാരണമെന്താണ് സാമ്പത്തിക പ്രതിസന്ധിയുള്ളതുകൊണ്ട് എൻ.എച്ച്.എം.-ന്റെ 300 കോടി രൂപ ട്രഷറിയിൽ നിന്നും മാറുന്നില്ല. അത് പെൻഡിംഗിൽ നിൽക്കുകയാണ്. ഈ വർഷം 1347 കോടി രൂപ അനുവദിച്ചു. മൂന്നുനാല് മാസമായി എത്ര ശതമാനമാണ് വിനിയോഗിച്ചത്. വെറും 1.83 ശതമാനം മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. മൂന്ന് മാസങ്ങൾകൊണ്ട് സഹകരണ ഡിപ്പാർട്ടുമെന്റ് 20 ശതമാനം വിനിയോഗിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. പോലെയോ മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റുപോലെയോ എല്ലാംകൂടി മാർച്ച് മാസത്തിൽ ചെലവഴിച്ചാൽ മതിയോ? പോരല്ലോ; ഇവിടെ പകർച്ചവ്യാധികൾ വരുന്നു, മരുന്നുകളില്ല, ഡോക്ടർമാരെ നിയമിക്കണം, അങ്ങനെയൊക്കെയുള്ള കാര്യങ്ങൾ വരുമ്പോൾ സമയബന്ധിതമായി ഇത് വിനിയോഗിക്കണ്ടേ; നാല് മാസമായി, ഇന്നത്തെ കണക്കനുസരിച്ച് 1.8 ശതമാനമാണ് ആരോഗ്യമേഖലയിൽ ചെലവഴിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇത് ശ്രദ്ധിക്കണം. ഉദ്യോഗസ്ഥർ തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെന്ന് പറഞ്ഞാൽ ഈ രംഗത്തുള്ള അനാസ്ഥയാണ് കാണിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗങ്ങൾ അടർത്തിയെടുത്ത് പുതിയ പദ്ധതികളാക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. വനത്തിൽ നിന്നും മരങ്ങൾ അടർത്തി മാറ്റുന്നതുപോലുള്ള പരിപാടികളാണ്. ജെ.എസ്.എസ്.കെ.-യിൽ നിന്നും മാറ്റിയെടുത്ത് ഹൃദ്യം പരിപാടി നടപ്പിലാക്കിയിരിക്കുന്നു. നിങ്ങൾ പേരുകൾ കൊണ്ടുവന്നോളൂ പക്ഷെ ആ പദ്ധതികൾ നിർത്തലാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കാലാകാലങ്ങളായി വന്ന ഗവൺമെന്റുകളുടെ പ്രവർത്തനങ്ങൾകൊണ്ട് ആരോഗ്യ മേഖലയിൽ പുരോഗതിയും അഭിമാനകരമായ നേട്ടങ്ങളും നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ നമ്മുടെ സംസ്ഥാനം നേരിട്ട രണ്ട് പ്രധാനപ്പെട്ട വെല്ലുവിളികൾ, ഒന്ന് പകർച്ച വ്യാധികൾ, നിപ വന്നപ്പോൾ പകർച്ചവ്യാധികളുടെ കാര്യം എല്ലാവരും മറന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 2013, 2014, 2015 വർഷങ്ങളിലുണ്ടായ മരണം 300 ആണ്. ഇപ്പോൾ എത്രയാണ്? 2016, 2017, 2018 -ൽ 812 പേർ മരിച്ചു.

നിപ വന്ന് 18 പേർ മരിച്ചു. അതിലുപരി അതിന്റെ പിറകേ എല്ലാവരും പോയി. ആരോഗ്യരംഗത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഒരു പ്രവർത്തനവും നടക്കുന്നില്ല. കോ-ഓർഡിനേറ്റ് ചെയ്തിട്ട് ഒരു കാര്യവും നടക്കുന്നില്ല. തെരഞ്ഞെടുപ്പ് വന്നു, അതുപോലെതന്നെ എല്ലാവരും നിപയുടെ പുറകേ പോയി. കേരളത്തിൽ ഈ വർഷം മാത്രം 812 ആളുകൾ മരണപ്പെട്ടത് ഈ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളിയാണ്. എച്ച്1 എൻ1 ഈ വർഷം ഏറ്റവും കൂടുതലായി ഉണ്ടായ പകർച്ചവ്യാധിയിൽ 564 കേസ്സുകളിൽ 22 മരണമുണ്ടായി. എച്ച്1 എൻ1-നെ പമ്പ കടത്തിയെന്ന് ശ്രീ. സജി ചെറിയാൻ ഇവിടെ പറഞ്ഞു. എലിപ്പനി 319 കേസ്സുകളിൽ 11 മരണം. ഡെങ്കിപ്പനി 532 കേസ്സുകളിൽ 4 മരണം. ഇതിനെക്കുറിച്ച് ആലോചിക്കണ്ടേ? ഓരോ വർഷവും പ്രതിരോധ പ്രവർത്തനങ്ങളുടെ അപര്യാപ്തത ഇവിടെയുണ്ട്. അതിനെക്കുറിച്ച് ഒരു പഠനം നടത്തി ചെറുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അതിനുവേണ്ട പ്രവർത്തനങ്ങൾ വിവിധ ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കണം. ഓരോ പഞ്ചായത്തുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 25,000 രൂപ വച്ച് കഴിഞ്ഞ ഗവൺമെന്റ് കൊടുത്തു. ഈ വർഷം അത് കൊടുത്തിട്ടില്ല. കഴിഞ്ഞ വർഷത്തെ തുകയാണ് ഇപ്പോൾ കൊടുക്കുന്നത്. ഇവിടെ ഒരു പുതിയ പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. പക്ഷേ അതിനുവേണ്ട സാമ്പത്തിക സഹായം കൊടുത്തിട്ടില്ലെന്നാണ് പല പഞ്ചായത്തുകളിലും അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. 10,000 രൂപ എൻ.എച്ച്.എം., 5,000 രൂപ ശുചിത്വമിഷൻ, 10,000 രൂപ പഞ്ചായത്ത് തനത് ഫണ്ട് കൊടുത്തിട്ടില്ല. കഴിഞ്ഞ വർഷത്തെ ഫണ്ടാണ് ഇപ്പോൾ കൊടുക്കുന്നത്. ഈ രംഗത്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇക്കാര്യങ്ങൾ എഫക്ടീവായി ചെയ്യാത്തതു കൊണ്ടാണ് പകർച്ചവ്യാധികൾ കൂടിക്കൊണ്ടിരിക്കുന്നത്. നമ്മുടെ ആരോഗ്യ പരിപാലന രംഗത്തുള്ള നേട്ടങ്ങളെ മുഴുവൻ നിഷ്പ്രഭമാക്കുന്നതല്ലേ മൂന്ന് വർഷംകൊണ്ട് 800-ൽപ്പരം മരണമുണ്ടായത്. അതിനെ തടയുന്നതിനുവേണ്ട പ്രവർത്തനങ്ങളുണ്ടാകണം. ഇപ്പോൾ നിപ വന്നു. ഭാഗ്യംകൊണ്ടാണ് നിപ പടർന്നുപിടിക്കാതിരുന്നത്. ആ പ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിച്ചു. ഇക്കാര്യത്തെക്കുറിച്ച് ഇവിടെ ഡോ. എം. കെ. മുനീർ പറഞ്ഞു, പ്രതിപക്ഷനേതാവ് അക്കാര്യങ്ങൾക്ക് പരിപൂർണ്ണ പിന്തുണ കൊടുത്തു. 2018 മേയ് 5-നാണ് നിപമൂലം ആദ്യ മരണമുണ്ടായത്. ഞങ്ങളുടെ എല്ലാവരുടെയും പിന്തുണ ഇക്കാര്യത്തിലുണ്ട്. നിപ രോഗം മലേഷ്യയിലെ ഒരു ഗ്രാമത്തിലും സിംഗപ്പൂരും വന്നു. അവിടെയൊക്കെ അതിന്റെ ഉറവിടം കണ്ടെത്തി. ഇതിന്റെ സോഴ്സ് കണ്ടെത്താതെ എങ്ങനെയാണ് ഈ രോഗത്തെ പ്രതിരോധിക്കുന്നത്. സോഴ്സ് കണ്ടെത്തുന്നില്ല. അതിനുവേണ്ട പ്രവർത്തനങ്ങളും ഗവേഷണങ്ങളും നടക്കുന്നില്ല. കഴിഞ്ഞ പ്രാവശ്യം നിപ

വന്നെങ്കിലും ഇത്തവണ നിപ വന്നപ്പോഴാണ് അതിനെക്കുറിച്ച് ആലോചിക്കുന്നത്. എന്ത് പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയത്? ഇതിന് നമ്മളെല്ലാവരും ഒരുമിച്ചുനിന്ന് പ്രവർത്തിക്കേണ്ടതാണ്. ഒരു സംശയവുമില്ല. ഈ വർഷം ജനുവരി മുതൽ ജൂലൈ മാസംവരെയാണ് നിപ ബാധിക്കുന്നത്. അതിനുമുമ്പ് ജനപ്രതിനിധികളുടെ യോഗം കൂടിയോ? കാര്യങ്ങളെക്കുറിച്ച് ആലോചിച്ചോ? എന്തെങ്കിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ? ഈ രോഗം വരാതിരിക്കുന്നതിനുള്ള പ്രിവെൻഷൻ നടത്തണം, ഇതിന്റെ ഉറവിടം കണ്ടെത്തണം അല്ലാതെ ഇത് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുത്താൽ അടുത്ത വർഷം ഈ രോഗം വരും. അടുത്ത വർഷം വരുമ്പോൾ ആ സമയത്ത് ഇക്കാര്യത്തെക്കുറിച്ച് ആലോചിച്ചിട്ട് കാര്യമുണ്ടോ? ആ സാഹചര്യം മനസ്സിലാക്കി അതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. നിപ രോഗം ബാധിച്ച ഒരു കുട്ടി ഇപ്പോഴും കൊച്ചിയിൽ ചികിത്സയിലാണ്. നിപ രോഗം വന്നാൽ നേരെ പൂനയിലേയ്ക്ക് കണ്ണും നട്ടിരിക്കുകയാണ്. ഒരു വർഷമായി കോഴിക്കോട് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് പറഞ്ഞു. കൊട്ടുംഘോഷവുമായി തോന്നയ്ക്കലിൽ സ്ഥാപിച്ചു. ആലപ്പുഴയിൽ ചെറിയ ലാബ് ഡെവലപ് ചെയ്യുമെന്ന് പറഞ്ഞു. എന്തെങ്കിലും ചെയ്തോ? കിഫ്ബിയിലൂടെ 50,000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി 7 കോടി രൂപയ്ക്ക് ഡൽഹിയിൽ പോകേണ്ട കാര്യമുണ്ടോ? ആ ഫണ്ട് കണ്ടെത്തി വൈറോളജി ലാബിനുവേണ്ട പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കണം. ഒരു രോഗം വന്നാൽ വളരെ പെട്ടെന്ന് കണ്ടുപിടിക്കാനും ചികിത്സിക്കാനും വേണ്ട നടപടികളെടുക്കണം. സമയമില്ലാത്തതുകൊണ്ട് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. മെഡിക്കൽ എഡ്യൂക്കേഷൻ മേഖലയിൽ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം പാവപ്പെട്ട കുട്ടികൾക്ക് എം.ബി.ബി.എസ്.-ന് പഠനം നടത്താൻ കഴിയാത്ത സാഹചര്യമാണ്. ഫീസ് വർദ്ധനവ്, യു.ഡി.എഫ്. കാലത്തേക്കാൾ മൂന്നിരട്ടി ഫീസാണ് മെരിറ്റ് സീറ്റിൽപ്പോലും ഇപ്പോൾ നൽകേണ്ടിവരുന്നത്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 1.35 ലക്ഷമായിരുന്ന ഫീസ് അഞ്ച് വർഷംകൊണ്ട് 1.80 ലക്ഷമായി, മാക്സിമം പത്ത് ശതമാനമാണ് വർദ്ധനവ്. എൽ.ഡി.എഫ് ഗവൺമെന്റ് വന്നതിനുശേഷം ഫീസ് 5,60,000 രൂപ മുതൽ 6,20,000 രൂപ വരെയായി. അക്കാര്യം ഗവൺമെന്റ് പരിശോധിക്കണം. ഇപ്പോൾ പ്രവേശന കമ്മിറ്റി നിലവിൽ വന്നു. നിയമം വന്നു. ഫീസ് നിർണ്ണയ കമ്മിറ്റിവന്നു. ഈ വർഷം വിദ്യാർത്ഥികൾക്ക് ഫീസ് വർദ്ധനവുണ്ടാകാത്ത തരത്തിൽ നടപടിയെടുക്കുവാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ്

എനിക്ക് സൂചിപ്പിക്കാനുള്ളത്. മെഡിക്കൽ കോളേജുകളിൽ സീറ്റ് കുറവാണ്. 250 സീറ്റുകൾ വരെ വർദ്ധിപ്പിക്കാമായിരുന്നു. പല കോളേജുകളിലും 100, 150-ഉം സീറ്റുകളേയുള്ളൂ. അത് വർദ്ധിപ്പിക്കണം. കുട്ടികൾക്ക് 25000 രൂപയ്ക്ക് പഠിക്കാനുള്ള സാഹചര്യമുണ്ടാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നു എന്നുപറഞ്ഞ് മെഡിക്കൽ കോളേജുകളെല്ലാം ഇല്ലായ്മ ചെയ്യുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒരു മെഡിക്കൽ കോളേജ് കൊണ്ടുവന്നു. ഇന്ത്യയിൽ ഒരു സംസ്ഥാനത്തിലും ഇത്തരത്തിലൊരു സമീപനം ഒരു ഗവൺമെന്റ് എടുക്കില്ല. ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിലും കേന്ദ്രഗവൺമെന്റും അംഗീകരിച്ചു. ഡോക്ടർമാരെയും പ്രിൻസിപ്പലിനെയും നിയമിച്ചു. അംഗീകാരവും കിട്ടി. 25,000 രൂപ ഫീസിൽ നൂറ് കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ കേന്ദ്രഗവൺമെന്റ് പറഞ്ഞപ്പോൾ ഈ ഗവൺമെന്റ് വന്ന് ആദ്യം പറഞ്ഞത് ആ മെഡിക്കൽ കോളേജ് വേണ്ട എന്നാണ്. എന്താണ് കാര്യം? യു.ഡി.എഫ്. ഗവൺമെന്റ് സ്ഥാപിച്ചതുകൊണ്ടാണോ? ആ മെഡിക്കൽ കോളേജിന് ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ് എന്ന് പേരിട്ടതുകൊണ്ടാണോ? അത്തരത്തിലൊരു സമീപനമുണ്ടാകരുത്.

<u>മി. സ്പീക്കർ</u>: പ്ലീസ്..... കൺക്ലൂഡ്....

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ആ മെഡിക്കൽ കോളേജ് അടുത്ത വർഷമെങ്കിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. നിസ്സാരമായ പ്രശ്നങ്ങൾ പരിഹരിച്ചിരുന്നുവെങ്കിൽ ഇടുക്കി മെഡിക്കൽ കോളേജിലെ 50 സീറ്റുകൾ നഷ്ടപ്പെടില്ലായിരുന്നു. നമ്മൾ കൊണ്ടുവന്ന പദ്ധതിയാണ് എല്ലാ ജില്ലയിലും ഒരു മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജുകൾ വന്ന ജില്ലകളിൽ എന്തെങ്കിലും അപാകതയുണ്ടോ? അവിടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ലേ; കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നില്ലേ; യു.പി.എ. ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം കൊണ്ടുവന്ന ജില്ലകളിലെ ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജാക്കുന്ന ബൃഹത്തായ പദ്ധതിയെ ഈ സർക്കാർ അട്ടിമറിച്ചു. കാസർഗോഡ്, വയനാട്, കോന്നി, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ കുട്ടികൾക്ക് 25,000 രൂപ ഫീസ് കൊടുത്ത് പഠിച്ചുകൂടെ? തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ഉള്ളതുപോലെ ചികിത്സാ സൗകര്യങ്ങൾ ജനറൽ ആശുപത്രികളിലും വർദ്ധിക്കില്ലേ? ഇതിൽ രാഷ്ട്രീയമായ സമീപനമെടുക്കാതെ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>മി. സ്പീക്കർ</u> : <u>പ്ലീസ്......അങ്ങ് നാല് മിനിറ്റ് അധികമെടുത്തു.</u>

ശ്രീ. വി. എസ്. ശിവകുമാർ: സർ, അവയവദാനവുമായി ബന്ധപ്പെട്ട മൃതസഞ്ജീവനി പദ്ധതി യു.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ചതാണ്. കഴിഞ്ഞ വർഷം 29 പേർക്കാണ് ഈ പദ്ധതിപ്രകാരം അവയവദാനം നടത്തിയത്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 600 പേർക്ക് അവയവദാനം നടത്തി ജീവൻ രക്ഷിച്ചു. ഇപ്പോൾ എത്ര ആളുകൾ മരണപ്പെട്ടു. എന്താണിതിന് തടസ്സം? ഇതിനെക്കുറിച്ച് പരിശോധിക്കാനും നടപടികളെടുക്കാനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് തുടങ്ങി ഒരാൾക്ക് ഓപ്പറേഷൻ ചെയ്തു. അതിന് ശേഷം അത് അടച്ചിട്ടിരിക്കുകയാണ്. അത് തുറന്നുപ്രവർത്തിപ്പിക്കാൻ മനുഷ്യാവകാശ കമ്മീഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് അടച്ചിട്ടിട്ട് മൂന്ന് വർഷമായി. രണ്ട് ലക്ഷം രൂപയ്ക്ക് കരൾ മാറ്റി വയ്ക്കാം. പുറത്താണെങ്കിൽ എത്ര ലക്ഷം രൂപയാകും? ഏതാണ്ട് 20-25 ലക്ഷത്തോളം രൂപയാകും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തുടങ്ങിവച്ച പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുന്നതല്ലാതെ ഏതെങ്കിലും ഒരു പദ്ധതിക്ക് തറക്കല്ലിട്ടോ; അടുത്ത ഗവൺമെന്റ് വരുമ്പോൾ ഉദ്ഘാടനം ചെയ്യാൻ ഒന്നും ചെയ്തിട്ടില്ലല്ലോ? തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഉദ്ഘാടനം ചെയ്തതാണ്.

മി. സ്പീക്കർ: പ്ലീസ്....അങ്ങ് കൺക്ലൂഡ് ചെയ്യൂ. അങ്ങ് കുറെയധികം സമയമെടുത്തു. ......പ്ലീസ്....

ശ്രീ. വി. എസ്. ശിവകുമാർ: സർ, അതുപോലെ എസ്.എ.ടി.യിൽ 25 കോടി രൂപയുടെ പദ്ധതിക്ക് തറക്കല്ലിട്ട് ഉദ്ഘാടനം ചെയ്തതാണ്. 35 കോടി രൂപയുടെ കാൻസർ സെന്റർ, ഇവിടെ തൈക്കാട് ആശുപത്രിയുണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്ന് മാസംകൂടി കഴിഞ്ഞാൽ ഉദ്ഘാടനം ചെയ്യാമെന്ന് പറഞ്ഞത് ഇപ്പോൾ മൂന്ന് വർഷം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഫോർട്ട് ആശുപത്രിയിൽ ആറ് കോടി രൂപ അനുവദിച്ചു. ഇതുവരെ തറക്കല്ലിട്ടിട്ടില്ല. ഇതെന്തൊരു പിടിപ്പുകേടാണ് ? ഇത് കെടുകാര്യസ്ഥതയാണ്.

മി. സ്പീക്കർ: ഇനി നിവൃത്തിയില്ല.....പ്ലീസ്.....കൺക്ലൂഡ്..

ശ്രീ. വി. എസ്. ശിവകുമാർ: 5200 തസ്തികകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്രിയേറ്റ് ചെയ്തു. അതിനുമുമ്പ് ബഹുമാന്യയായ ശ്രീമതി ടീച്ചർ 42 ആശുപത്രികളുടെ ബോർഡുകൾ മാറ്റിവച്ചിരുന്നു. ആ 42 ആശുപത്രികളിലും ഞങ്ങൾ ഡോക്ടർമാരെ നിയമിച്ച് അടിസ്ഥാന സൗകര്യങ്ങളൊരുക്കി.

ആരോഗ്യപരിപാലന രംഗത്തെ കാര്യങ്ങൾ ശക്തമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് മറ്റ് കാര്യങ്ങൾ മാറ്റി വച്ച് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പ്ലീസ്......കൺക്ലൂഡ്.......

ശ്രീ. വി. എസ്. ശിവകുമാർ: സർ, ശ്രീ. സജി ചെറിയാൻ പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട് ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് നിർത്താം.

മി. സ്പീക്കർ: അത് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട കാര്യമല്ല. അത് അങ്ങേയ്ക്ക് നിശ്ചയിച്ചിട്ടുള്ള സമയത്ത് പറയേണ്ടതായിരുന്നു. ഇപ്പോൾ തന്നെ ആറ് മിനിട്ട് കൂടുതൽ എടുത്തു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബി.ജെ.പി.-യെ കോൺഗ്രസ്സാണ് പിന്തുണയ്ക്കുന്നതെന്ന് പറഞ്ഞു. മരിച്ചുകിടന്ന ബി.ജെ.പി.-യെ ശബരിമലയുടെ പേര് പറഞ്ഞ് തൊട്ടുണർത്തിയതാരാണ്? സി.പി.ഐ.(എം) ആണ്.

മി. സ്പീക്കർ: അങ്ങ് വിഷയത്തിൽ നിന്ന് സംസാരിച്ചതുകൊണ്ടാണ് ഞാൻ ഇതുവരെയും ഇടപെടാതിരുന്നത്. പ്ലീസ്.... കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കേരളത്തിലെ ജനങ്ങൾ ജനാധിപത്യത്തെയും മതേതരത്വത്തെയും മാറോട് ചേർക്കുന്നുവെന്നതിന്റെ വിധിയാണ് 20-ൽ 19 സീറ്റ് നേടി കോൺഗ്രസിന് ജയിക്കാൻ കഴിഞ്ഞത്.

മി. സ്പീക്കർ: ആറ് മിനിട്ട് കൂടുതൽ എടുത്തശേഷവും അങ്ങ് രാഷ്ട്രീയത്തിലേയ്ക്ക് കടക്കുന്നത് എന്തടിസ്ഥാനത്തിലാണ്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, നേമം നിയോജകമണ്ഡലത്തിലും എന്റെ നിയോജകമണ്ഡലത്തിലും ന്യൂനപക്ഷങ്ങളും ഭൂരിപക്ഷവുമെല്ലാം യു.ഡി.എഫ്.-ന് അനുകൂലമായി വോട്ട് ചെയ്തു. എന്തുകൊണ്ടാണ്? ബി.ജെ.പി. ജയിക്കുമെന്നുള്ളതു കൊണ്ടാണ്. നേമം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ ശ്രീ. വി. ശിവൻകുട്ടിക്ക് 60,000 വോട്ട് ലഭിച്ചു. ഇപ്പോൾ അവിടത്തെ സി.പി.ഐ.(എം)-ന്റെ വോട്ട് 33000 ആണ്. വോട്ട് 60000-ത്തിൽ നിന്നും 33000 ആയി കുറഞ്ഞു. ബാക്കി വോട്ട് എവിടെപ്പോയി?

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ. അതൊക്കെ നാളെ ഡിബേറ്റ് ചെയ്യാം. ഇനി എന്നെക്കൊണ്ട് വിളിപ്പിക്കരുത്. ഉച്ചഭാഷിണി ഓഫ് ആകും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മരിച്ചുകിടന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് വെള്ളവും വളവും കൊടുക്കുന്നത് സി.പി.ഐ.(എം) ആണ്. കോൺഗ്രസ്

വിരോധം പറഞ്ഞാലും ഇക്കാര്യത്തിൽ സംശയമില്ല. ഇവിടെ ശ്രീ. സജി ചെറിയാൻ ചില കണക്കുകൾ പറഞ്ഞു. കോൺഗ്രസ് തിരിച്ചുവരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 1977-ലും 1989-ലും വാജ്പേയി അധികാരത്തിൽ വന്നപ്പോൾ കോൺഗ്രസ് തകർന്നുവെന്ന് പറഞ്ഞു. പിന്നെയും പത്ത് വർഷം കോൺഗ്രസ് ഭരിച്ചു. യു.പി.എ. ഗവൺമെന്റ് വന്നു.

മി. സ്പീക്കർ: അങ്ങയെപ്പോലെ സീനിയറായ ഒരംഗം ഇത്തരത്തിൽ പെരുമാറുന്നത് ശരിയല്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സംസാരിക്കു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇന്ത്യയിലെ 4120 നിയമസഭാ മണ്ഡലങ്ങളിൽ ബി.ജെ.പി.-ക്ക് 1358 മണ്ഡലങ്ങളാണ് ഇപ്പോൾ ലഭിച്ചത്. 850 മണ്ഡലങ്ങളിൽ കോൺഗ്രസ്സുണ്ട്. സി.പി.ഐ.(എം)-ന് ആകെ 80 മണ്ഡലങ്ങൾ മാത്രമേ ലഭിച്ചുള്ളൂ. 196 സീറ്റുകളിൽ കോൺഗ്രസ് ഈ രാജ്യത്ത് രണ്ടാം സ്ഥാനത്താണ്. ഇവിടെ തിരിച്ചടികൾ നേരിടുമ്പോൾ സി.പി.ഐ.(എം) ചെയ്തതുപോലെ കോൺഗ്രസ് ഒരിക്കലും ചെയ്യില്ല. ജനങ്ങൾക്കുവേണ്ടി ധീരമായി നേരിടുകതന്നെ ചെയ്യും. കോൺഗ്രസ് തിരിച്ചുവരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ...............(മൈക്ക് ഓഫ്)..........

മി. സ്പീക്കർ: എല്ലാ കാര്യത്തിനും ഒരു പരിധിയുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കഴിഞ്ഞ മൂന്ന് വർഷക്കാലം കേരളത്തിലെ ആരോഗ്യ മേഖലയിൽ അടിസ്ഥാനപരമായിട്ടുള്ള മാറ്റങ്ങളും പുരോഗതിയും ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ് ഇവിടെ സംസാരിച്ച ഭരണ-പ്രതിപക്ഷ അംഗങ്ങളെല്ലാം പറയുന്നതിലൂടെ വ്യക്തമാകുന്നത്. ആരോഗ്യ മേഖലയിൽ 1957 മുതൽ 2019 വരെ നിരന്തരമായ പ്രവർത്തനങ്ങളുടെ ഭാഗമായി വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമാണ് കേരളം. അത് നമ്മളാരും നിഷേധിക്കുന്നില്ല. ഇന്ത്യയിലെ ആരോഗ്യ മേഖലയാകെ പരിശോധിക്കുമ്പോൾ പല സൂചകങ്ങളിലും നാം മുന്നിലാണ്. എന്നാൽ ഈ അടുത്ത കാലത്തായി കേരളത്തിന്റെ ആരോഗ്യ മേഖലയ്ക്ക് ചില പ്രധാനപ്പെട്ട പ്രശ്നങ്ങളെ നേരിടേണ്ടി വരുന്നുണ്ടെന്നുള്ളത് എല്ലാ പക്ഷത്തുമുള്ള അംഗങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. നമുക്ക് അറിയാവുന്ന കാര്യവുമാണ്. അതിലേറ്റവും പ്രധാനപ്പെട്ട പൊതുജനാരോഗ്യ രംഗത്തെ വെല്ലുവിളി പകർച്ചവ്യാധിയും ജീവിതശൈലീ രോഗങ്ങളുമാണ്. ഉയർന്നുവരുന്ന ജനസംഖ്യയനുസരിച്ച് നമുക്ക് മനുഷ്യവിഭവ ശേഷിയില്ലാത്തതിന്റെ പ്രശ്നമാണ്, പശ്ചാത്തല സൗകര്യങ്ങളുടെ അഭാവമാണ്, ആധുനിക സാങ്കേതിക

സൗകര്യങ്ങൾ ആശുപത്രികളിൽ വിന്യസിപ്പിക്കാൻ കഴിയാത്തതിന്റെ ബുദ്ധിമുട്ടാണ്. ഇതെല്ലാം വലിയ പ്രശ്നങ്ങളായി കേരളത്തിന്റെ ആരോഗ്യ മേഖലയിൽ നിലനിൽക്കുന്നുണ്ട്. മറ്റ് പല സംസ്ഥാനങ്ങളും നമ്മളെക്കാൾ മോശക്കാരായതുകൊണ്ട് ചില മേഖലകളിൽ നമുക്ക് വലിയ മികവുണ്ടെന്ന് തോന്നുന്നുണ്ട്. ചില മേഖലകളിൽ മാതൃമരണ നിരക്ക്, ശിശുമരണ നിരക്ക് തുടങ്ങിയവ കുറയ്ക്കുന്നതിലെല്ലാം മെച്ചപ്പെട്ട് വന്നിട്ടുമുണ്ട്. പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ മൂന്ന് വർഷക്കാലം ഉണ്ടായിരുന്ന ഉത്തരവാദിത്വം. അത് ഏറെക്കുറെ ഭംഗിയാക്കാൻ നമ്മൾ ശ്രമിച്ചിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടിട്ടില്ല. ആരോഗ്യ മേഖലയിൽ എത്ര പരിഹരിച്ചാലും പിന്നെയും ധാരാളം പ്രശ്നങ്ങൾ ബാക്കിനിൽക്കുന്നുണ്ട്. അത് നമുക്കെല്ലാവർക്കും കൂടി കൂട്ടായി ഇടപെട്ടുകൊണ്ട് പരിഹരിക്കണം. ഇവിടെ ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ സോഷ്യൽ ജസ്റ്റിസ് മേഖലയിൽ മാത്രമല്ല, 'നിപ' വന്നപ്പോൾ എല്ലാവരും കൂടി സഹകരിച്ചതുപോലെ ആയിരിക്കണം. ആരോഗ്യമേഖലയിൽ ഇപ്പോൾ നല്ല സഹകരണമുണ്ട്. ഇവിടെ പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ച എം.എൽ.എ.-മാർ ചില വിമർശനങ്ങൾ ഉന്നയിച്ചുവെങ്കിലും അവരവരുടെ മണ്ഡലങ്ങളിലെ ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ നല്ല സഹകരണം തന്നിട്ടുണ്ട്. നല്ല രീതിയിൽ അവരുടെയെല്ലാം മണ്ഡലത്തിൽ ഒരുപാട് പ്രവൃത്തികളും ഇക്കഴിഞ്ഞ മൂന്ന് വർഷക്കാലം നടന്നിട്ടുണ്ട്. അത് പ്രസംഗത്തിനിടയിലൂടെ അവർ സൂചിപ്പിച്ചിട്ടുമുണ്ട്. ആ സഹകരണം ഇനിയും വേണം. വലിയ പ്രശ്നമാണ് നമ്മൾ അഭിമുഖീകരിക്കുന്നത്. അതിലേറ്റവും പ്രധാനപ്പെട്ടത് നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ നാം മറന്നുപോയി എന്നുള്ളതാണ്. ഇവിടത്തെ സ്ഥിതി എന്തായിരുന്നു; ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ബോർഡ് മാറ്റിവച്ചത് മാത്രമൊന്നുമല്ല, ശ്രീമതി പി. കെ. ശ്രീമതി ടീച്ചറല്ല കൂടുതൽ ബോർഡ് മാറ്റിവച്ചിട്ടുള്ളത്, എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. വി. എസ്. ശിവകുമാറിന്റെ കാലത്ത് കൂടിയാണ്. ഒരുപാട് പി.എച്ച്.സി.-കളെ സി.എച്ച്.സി.-കൾ എന്ന് എഴുതിവച്ചു. രണ്ടും മൂന്നും ഡോക്ടർമാരുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളെയാണ് സി.എച്ച്.സി. എന്ന് ബോർഡ് എഴുതിവച്ച് ഉദ്ഘാടനം നിർവ്വഹിച്ചത്. അവിടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. 5000 പോസ്റ്റിന്റെ കാര്യമൊക്കെ ബഹുമാനപ്പെട്ട എം.എൽ.എ. പറയുന്നത് കേട്ടു. ഞാൻ അതിന്റെ വിശദമായ റിപ്പോർട്ട് തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് എടുത്തുതരാം. ഏതൊക്കെയാണ് ബോർഡ് മാറ്റിവച്ചതെന്നും അതിൽ എവിടെയൊക്കെയാണ് ഡോക്ടർമാരില്ലാത്തതും എന്നുള്ളതിന്റെ കണക്ക് തരാം. എന്റെ മണ്ഡലത്തിലെ ആശുപത്രി സി.എച്ച്.സി. ആണ് അതിൽ ഡോക്ടർമാരില്ല

എന്നുപറഞ്ഞ് 140 എം.എൽ.എ.-മാരും ഇന്നത്തെ ആരോഗ്യവകുപ്പുമന്ത്രിയായ എന്നെ സമീപിച്ചിട്ടുണ്ട്. ഭാവിയിൽ ആരെങ്കിലും വന്നാൽ അങ്ങനെ സമീപിക്കാതിരിക്കാനാണ് ഈ മേഖലയിൽ ഒരു സ്റ്റാന്റൈഡെസേഷൻ കൊണ്ടുവന്നിട്ടുള്ളത്. ഒരു പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളുമുള്ള ഒരു പി.എച്ച്.സി. വേണം. അതിനെയാണ് കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നത്. ഒരു കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ബ്ലോക്കിൽ എല്ലാ സൗകര്യവുമുള്ള സി.എച്ച്.സി. ഉണ്ടായാൽ ധാരാളമായി. പക്ഷേ രണ്ട് സി.എച്ച്.സി.-കളുണ്ടായിട്ടും രണ്ടും പി.എച്ച്.സി.-യുടെ ഗുണം പോലുമില്ലാത്തതായി നിൽക്കുന്നതാണ് പ്രശ്നം. ഒരു റവന്യൂ താലൂക്കിൽ എല്ലാ സൗകര്യവുമുള്ള ഒരു താലൂക്ക് ആശുപത്രിയുണ്ടായാൽ നമുക്കത് ധാരാളമാണ്. പക്ഷേ താലൂക്ക് ആശുപത്രികൾക്കുള്ള സ്പെഷ്യാലിറ്റികൾ ഒന്നുമില്ലാതെ പേര് മാത്രമുള്ള താലൂക്കാശുപത്രികൾ നിറഞ്ഞുകിടക്കുന്നതാണ് നമ്മുടെ പ്രശ്നം. ജില്ലാ ആശുപത്രികളിൽ പ്രധാനപ്പെട്ട മൂന്ന് സൂപ്പർ സ്പെഷ്യാലിറ്റികളുണ്ടാകണമെന്ന് ഏത് കാലത്ത് പറഞ്ഞ കാര്യമാണ്. ഈ ഗവൺമെന്റ് വന്നപ്പോഴൊന്നും പറഞ്ഞതല്ല. കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി എന്നീ മൂന്ന് സൂപ്പർ സ്പെഷ്യാലിറ്റികളും ജില്ലാ ആശുപത്രി തലത്തിൽ വേണമെന്ന് എത്ര കാലമായി പറയുന്നു! നമുക്ക് എപ്പോഴാണ് ഉണ്ടായത്; ഈ ഗവൺമെന്റ് വന്നപ്പോഴല്ലേ 8 ജില്ലാ ആശുപത്രികൾക്ക് കാത്ത് ലാബ് കൊടുത്തത്. കാത്ത് ലാബ് ഉദ്ഘാടനം ചെയ്ത് ആൻജിയോപ്ലാസ്റ്റി ചെയ്തിരിക്കുന്നുവെന്ന് ഇവിടെ ബഹുമാന്യയായ സി. കെ. ആശയൊക്കെ പ്രസംഗിച്ചല്ലോ. ബഹുമാനപ്പെട്ട പി. കെ. അബ്ദു റബ്ബ് പറഞ്ഞപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഞാൻ ആ മറുപടിയിലേയ്ക്ക് പിന്നീട് വരാം. പ്രസ്താവനയല്ലാതെ ഒന്നും പ്രായോഗികമായി നടക്കുന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. നമ്മൾ സ്വകാര്യം പറയുമ്പോൾ അങ്ങനെ പറയുകയില്ല. അസംബ്ലിയിൽ പ്രതിപക്ഷമല്ലേ; സംസാരിക്കാതിരിക്കാൻ കഴിയില്ല. എനിക്ക് വിരോധമൊന്നുമില്ല. നാട്ടിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ നല്ല ദൃഷ്ടാന്തമാണ്. എനിക്കതിൽ പരിഭവമൊന്നുമില്ല. കാരണം, അത് ശത്രുതയോടുകൂടി പറഞ്ഞതല്ല. ഒരു പ്രസംഗത്തിന്റെ ഭാഗമായി അങ്ങനെ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഞാൻ അവിടെ ഇരുന്നാലും ചിലപ്പോൾ അങ്ങനെതന്നെ പറയുമെന്ന് തോന്നുന്നു. ഏതായാലും ഇത് പറച്ചിൽ മാത്രമല്ല, കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ആർദ്രം മിഷൻ ലോകത്തിന് മാതൃകയാണ്. കേരളത്തിന്റെ ആരോഗ്യ മേഖലയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച ഒരു മിഷൻ ആരംഭിച്ചത് എന്നുള്ളതിൽ അതിയായ സന്തോഷം ആരോഗ്യ വകുപ്പിനുണ്ട്. ഞങ്ങളുടെ കയ്യിൽ കിട്ടിയ മിഷൻ ഏറ്റവും നന്നായി ചെയ്യാൻ പരിശ്രമിച്ചു. ഒരു പോരായ്മയുമില്ല

എന്നൊന്നും പറയുന്നില്ല. ചെയ്യുന്നതിനിടയിൽ ധാരാളം പോരായ്മകളൊക്കെ വരാം. പക്ഷേ മൂന്ന് വർഷംകൊണ്ട് ആർദ്രം മിഷനിൽ ചെയ്തിട്ടുള്ള കാര്യങ്ങളെല്ലാം ഞാൻ പറയാൻ പുറപ്പെട്ടാൽ ബഹുമാനപ്പെട്ട സ്പീക്കർ നിർത്താൻ പറയും. സ്വാഭാവികമായും ആരോഗ്യ വകുപ്പിന്റെ മറുപടി പ്രസംഗത്തിൽ പ്രസംഗിക്കാൻ തുടങ്ങുമ്പോൾ തന്നെ, കഴിഞ്ഞ പ്രാവശ്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നെ കളിയാക്കി. മൂന്ന് വർഷത്തെ കാര്യം പറഞ്ഞപ്പോൾ 27 പേജുണ്ടെങ്കിൽ 5 വർഷത്തെ കാര്യം പറഞ്ഞാൽ എത്രയാണ് പറയുക എന്നുള്ളതാണത്. അത് ഒരുപാടുണ്ട്. അതുകൊണ്ടാണ് പറഞ്ഞുപോകുന്നത്. ക്ഷമിക്കണം. ഇപ്പോഴും അങ്ങനെതന്നെ. എല്ലാം പറഞ്ഞ് തീർക്കാൻ എനിക്ക് കഴിയുമെന്ന് തോന്നുന്നില്ല. എങ്കിലും ഞാൻ ചുരുക്കിപ്പറയാം. ഇതിൽ ആർദ്രം മിഷൻ ലഭിച്ചപ്പോൾ ഞങ്ങൾക്കൊരു മിഷൻ എന്ന നിലയിൽ കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. സാധാരണ ബഹുമാനപ്പെട്ട വി. എസ്. ശിവകുമാറൊക്കെയുള്ള സമയത്ത് routine ഡിപ്പാർട്ടുമെന്റ് വർക്കാണ്. അതിനുമുമ്പും അങ്ങനെ തന്നെയാണ് ചെയ്യാറുള്ളത്. അതിലെ പോരായ്മയാണ് ഞാൻ ചിലത് പറഞ്ഞത്. അത് ഇനിയും പറയും. പക്ഷേ ഒരു മിഷനായപ്പോൾ കുറച്ചുകൂടി നന്നായി നമുക്ക് ചെയ്യാൻ കഴിഞ്ഞു. കാരണം ഗവൺമെന്റ് മാത്രമല്ല, വമ്പിച്ച ബഹുജന പങ്കാളിത്തത്തോടുകൂടി ഒരു ലക്ഷ്യം മുന്നിൽക്കണ്ട് നമുക്ക് മുന്നേറാൻ സാധിച്ചു. എന്തായിരുന്നു ആ ലക്ഷ്യം; ആരോഗ്യ രംഗത്തെക്കുറിച്ച് ഒരുപാട് ഡിക്ലറേഷൻസ് അന്താരാഷ്ട്ര തലത്തിൽ വന്നിട്ടുണ്ട്. Alma-Ata ഡിക്ലറേഷൻസുണ്ട്. ഏറ്റവും അവസാനം 2018-ലെ Astana ഡിക്ലറേഷനുണ്ട്. അതിലൊക്കെ ലോകം എന്താണ് നമ്മോട് പറയുന്നത്; പ്രാഥമിക തലത്തിൽ നിങ്ങൾ ശ്രദ്ധിക്കൂ. ആളുകളുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ചുകൊണ്ട് മാത്രമേ നമുക്ക് ഈ പ്രശ്നങ്ങളെയെല്ലാം നേരിടാൻ സാധിക്കൂ. നല്ല രോഗപ്രതിരോധ ശേഷിയുണ്ടെങ്കിൽ നിപയോ ഡെങ്കിയോ എലിപ്പനിയോ എന്തുതന്നെ ചുറ്റുവട്ടത്തുണ്ടായാലും മനുഷ്യന് ജീവിക്കാൻ പറ്റും. നമുക്കിപ്പോൾ അതില്ല. രോഗ പ്രതിരോധത്തിന് ശ്രദ്ധിക്കേണ്ട, പ്രാഥമികതലത്തിൽ പകർച്ചവ്യാധികൾ നിയന്ത്രിക്കേണ്ട, ജീവിതശൈലീ രോഗങ്ങൾ ഏറ്റവും ആദ്യം കണ്ടെത്തി നിയന്ത്രിക്കേണ്ട സാഹചര്യമുണ്ടാകണം. പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സ്ഥിതിയെന്തായിരുന്നു; ഒരു ഡോക്ടറേയുള്ളൂ. അതും ഉച്ചവരെ. നിരവധി തവണ പറഞ്ഞതായതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഉച്ചയ്ക്കുശേഷം ആരുമുണ്ടായിരുന്നില്ല. അവിടെയാണ് ആർദ്രം മിഷന്റെ ഭാഗമായി ആദ്യത്തെ വർഷം 2017-18-ൽ 170 പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ നിശ്ചയിച്ചത്. എല്ലാ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും അന്ന് ഓരോന്ന് തെരഞ്ഞെടുത്തു. എന്റെ മണ്ഡലത്തിൽ ഒരൊറ്റ കുടുംബാരോഗ്യ കേന്ദ്രം കിട്ടിയില്ലെന്ന് ആരെങ്കിലും

പറയട്ടെ. ഭരണപക്ഷത്തും പ്രതിപക്ഷത്തും തന്നില്ലേ; എല്ലാവരുടെ മണ്ഡലത്തിലും ഒരു ഹെൽത്ത് സെന്റർ ആദ്യത്തെ വർഷം എടുത്തു. ചിലരുടെ മണ്ഡലത്തിൽ രണ്ട് വന്നു. കാരണം ഒരു വികസന ബ്ലോക്കിൽ ഒന്ന് എന്നുള്ള നിലയിൽ എടുക്കുമ്പോൾ ചില ഭാഗ്യവാന്മാർക്കും ഭാഗ്യവതികൾക്കും അവിടെ രണ്ട് വികസന ബ്ലോക്കിലെ ആശുപത്രികൾ അവനവന്റെ മണ്ഡലത്തിൽ വന്നപ്പോൾ ആദ്യത്തേതിൽ തന്നെ രണ്ടെണ്ണം വന്നു. ഇത് പ്രഖ്യാപനം മാത്രമായിരുന്നോ; ആ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അതിനാവശ്യമായ എല്ലാ ഇൻഫ്രാസ്ട്രക്ചറുമുണ്ടാക്കി. ഞാൻ ആവർത്തിക്കുന്നില്ല. എന്താണ് അതിന്റെ സ്ട്രക്ചറെന്ന് പല തവണ ഇവിടെ പറഞ്ഞതാണ്. മനോഹരമായ ഉദ്യാനമുണ്ടാക്കി, നല്ല റിസപ്ഷനടക്കം ആധുനിക ആശുപത്രികളാക്കി മാറ്റി 5 പുതിയ തസ്തികകൾ കൊടുത്തിട്ടാണ് തുടങ്ങിയത്. 170 ആശുപത്രികൾക്ക് വേണ്ടി 830 തസ്തികകളാണ് ധനകാര്യ വകുപ്പ് തന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് നന്ദിയുണ്ട്. എല്ലാ പ്രയാസങ്ങൾക്കിടയിലും ആരോഗ്യ ആയുഷ് മേഖലകൾക്കുവേണ്ടി 4300-നടുത്ത് പോസ്റ്റ് ക്രിയേറ്റ് ചെയ്തു. അത് ഒട്ടും പോരാ. അതിന്റെ മൂന്നിരട്ടി ഉണ്ടായാലും നമുക്ക് പോരാ എന്നുള്ളതാണ് സൃഷ്ടിച്ചുതന്നത്. ഞാൻ അവസാനം വഴങ്ങാം.

മി. സ്പീക്കർ: പ്ലീസ്...ചർച്ച കഴിഞ്ഞല്ലോ; പ്ലീസ്...

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 5 പോസ്റ്റ് ക്രിയേറ്റ് ചെയ്ത് പി.എസ്.സി. വഴി നിയമിച്ചിട്ടാണ് പറയുന്നത്. നമ്മുടെ ലക്ഷ്യങ്ങൾ എന്തായിരുന്നു; രോഗപ്രതിരോധം, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ എന്നിവയാണ്. ഇതൊക്കെ ഐക്യരാഷ്ട്രസഭയുടെ അടക്കം നിർദ്ദേശത്തിലുള്ളതാണ്. പ്രാഥമിക ചികിത്സ, റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണം തുടങ്ങിയ കാര്യങ്ങളൊക്കെയാണ് അതിലുള്ളത്. എഫ്.എച്ച്.സി.യിൽ എന്തൊക്കെയുണ്ട്; അതും പരിശോധിക്കണം. പഴയ പി.എച്ച്.സി.യിലുള്ള കാര്യങ്ങളല്ല. എഫ്.എച്ച്.സി.യിൽ ലാബുണ്ട്. ഇവിടെ ഏതോ ഒരംഗം പറയുന്നത് കേട്ടു, പരിശോധിക്കാൻ ലാബുകൾ ഇല്ലാത്തതിനാൽ സ്വകാര്യ മേഖലയിൽ വമ്പിച്ച തോതിൽ ആളുകൾ പോയിക്കൊണ്ടിരിക്കുകയാണെന്ന്. ചില സ്വകാര്യ ലാബിലൊക്കെ പരിശോധിച്ച ടെസ്റ്റ് റിസൽട്ടുകളുടെയൊക്കെ കാര്യം ഇവിടെ പറഞ്ഞിട്ടുണ്ട്. അത് ഇന്നും ഇന്നലെയുമുള്ളതല്ല. ചില സ്വകാര്യ ലാബുകളിൽ പരിശോധിച്ചിട്ട് എന്തെല്ലാം അത്ഭുതങ്ങൾ നടന്നിരിക്കുന്നു. സ്തുത്യർഹമായി പരിശോധിക്കുന്ന ചില സ്വകാര്യ ലാബുകളുമുണ്ട്. 230 പുതിയ ലാബുകളാണ് ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്ററുകളിൽ ഉണ്ടാക്കിയിരിക്കുന്നത്. ഫാമിലി ഹെൽത്ത് സെന്ററിൽ ലാബ് മാത്രമല്ല, അവിടെ

HbA1c പരിശോധിക്കാം, hematology analyzer, semi-automatic analyzer എന്നിവ ഉണ്ട്, reagents വാങ്ങിക്കൊടുത്തിട്ടുണ്ട്, ആവശ്യമായ man power-ഉം lab technician-നെയും ലഭ്യമാക്കിയിട്ടുണ്ട്. എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയവയെല്ലാം പരിശോധിക്കാനുള്ള കാർഡ് ടെസ്റ്റ് നടത്തുന്നുണ്ട്. അവിടെ ലാബ് ഏറ്റവും നന്നായി ഫംഗ്ഷൻ ചെയ്യാൻ തുടങ്ങിയപ്പോഴാണ് അതിനെ ഫാമിലി ഹെൽത്ത് സെന്ററായി മാറ്റിയത്. അതിന് രജിസ്ട്രേഷൻ കൗണ്ടറുകൾ, മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള സൗകര്യം, മെച്ചപ്പെട്ട കാത്തിരുപ്പ് സ്ഥലങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, സ്ത്രീ സൗഹൃദം, ഭിന്നശേഷി സൗഹൃദം, പ്രീ ചെക്ക്-അപ്പ് ഏരിയ, ഡിസ്‌പ്ലേകൾ, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക് തുടങ്ങിയവയെല്ലാം സന്നിവേശിപ്പിച്ചാണ് ചെയ്തത്. നേരത്തെ പറഞ്ഞ 170 എന്ന ടാർഗറ്റിനപ്പുറത്ത് 60 എണ്ണം കൂടി കുടുംബാരോഗ്യ കേന്ദ്രമായി മാറി. പഞ്ചായത്തുകളുടെ സഹായമുണ്ട്, എം.എൽ.എ.-മാരുടെ ഇടപെടലുണ്ട്, ഗവൺമെന്റിന്റെ ഇടപെടലുമുണ്ട്. 230 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇന്ന് പ്രവർത്തിക്കുന്നു. അടുത്ത ഘട്ടത്തിൽ 504 എണ്ണം എടുക്കണമെന്ന് ആഗ്രഹിച്ചു. ലാബ് സെറ്റ് ചെയ്യുന്നതിനുള്ള പണം 300 എണ്ണത്തിന് കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ളതിന് അടുത്ത സ്റ്റെപ്പിൽ കൊടുക്കും. പക്ഷെ അതിന് പോസ്റ്റ് ക്രിയേറ്റ് ചെയ്ത് കിട്ടിയാൽ മാത്രമേ നമുക്ക് കഴിഞ്ഞ പ്രാവശ്യത്തേതുപോലെ ചെയ്യാൻ സാധിക്കൂ. അതിന് 2 ഘട്ടങ്ങളിലായി പോസ്റ്റ് ക്രിയേറ്റ് ചെയ്തുതരാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അതിന്റെ ഫയൽ ധനകാര്യ വകുപ്പിലുണ്ട്. പശ്ചാത്തല സൗകര്യം ശരിയാകുമ്പോഴേയ്ക്കും പോസ്റ്റ് ക്രിയേറ്റ് ചെയ്തുകിട്ടും. അപ്പോൾ ഫാമിലി ഹെൽത്ത് സെന്ററായി മാറ്റാം. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഈ സൗകര്യങ്ങൾ നിലവിൽ വന്നാൽ രോഗപ്രതിരോധത്തിലും പകർച്ചവ്യാധി നിയന്ത്രണത്തിലും എന്തുമാത്രം മാറ്റമുണ്ടാകുമെന്ന് ഞാൻ പറയേണ്ട കാര്യമില്ല. അത് അനുഭവിച്ച് കാണാൻ സാധിക്കുന്നതാണ്. സെക്കണ്ടറി വിഭാഗത്തിൽ 44 പുതിയ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങി. 10 തുടങ്ങിയെന്ന് തോന്നുന്നുവെന്നാണ് മുൻമന്ത്രികൂടിയായ ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ, എം.എൽ.എ. പറഞ്ഞത്. ആരോഗ്യ മേഖലയിലെ കാര്യങ്ങളിൽ നന്നായി പിന്തുടരണം. കാരണം മുൻമന്ത്രിയായതുകൊണ്ട് എന്നെ ചില കാര്യങ്ങളിലൊക്കെ സഹായിക്കാൻ താങ്കൾക്ക് സാധിച്ചേയ്ക്കും. പക്ഷെ കാര്യങ്ങളൊന്നും താങ്കൾ അറിയുന്നില്ല. ഇവിടെ വന്ന് എന്റെ മേൽ ആരോപണങ്ങൾ ഉന്നയിക്കാൻ ശരിയല്ലാത്ത വിവരം പറയരുത്. 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് കൊടുത്തിട്ടാണ് പറയുന്നത്. നേരിൽ പോയി 28 എണ്ണം ഉദ്ഘാടനം ചെയ്തു. ബാക്കിയെല്ലാം ഫംഗ്ഷനിലായിട്ടുണ്ട്. ഔപചാരിക ഉദ്ഘാടനം വയ്ക്കേണ്ട താമസം മാത്രമേയുള്ളൂ. ഫംഗ്ഷൻ ചെയ്യുന്നതിന് ഉദ്ഘാടനമൊന്നും തടസ്സമില്ല. അതെല്ലാം ചെയ്തോളാൻ പറയുകയാണ് പതിവ്. അത് മാത്രമല്ല, താലൂക്കാശുപത്രിയിൽ

നേരത്തെ ഇവിടെ ശ്രീ. സജി ചെറിയാൻ പ്രസംഗിക്കുമ്പോൾ പറഞ്ഞിട്ടുള്ള സ്പെഷ്യാലിറ്റികളൊക്കെ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതല്ല. താലൂക്കാശുപത്രിയിൽ എന്തൊക്കെ വേണമെന്ന് നേരത്തെ തീരുമാനിച്ചിട്ടുണ്ട്. പതിയെ സന്നിവേശിപ്പിച്ചുവരികയാണ്. 691 പോസ്റ്റുകളാണ് സ്പെഷ്യാലിറ്റി പോസ്റ്റ് കൊടുക്കാൻവേണ്ടി മാത്രം ക്രിയേറ്റ് ചെയ്തത്. അതുകൂടി അടങ്ങിയതാണ് ഇവിടെ പറഞ്ഞ നാലായിരത്തിലേറെ പോസ്റ്റുകൾ. അവനവന്റെ താലൂക്കാശുപത്രിയിൽ എത്ര പോസ്റ്റുകൾ കിട്ടിയെന്ന് പല എം.എൽ.എ.-മാർക്കും അറിയാം. കിട്ടാത്തവർ ചുരുക്കം ഉണ്ടാകാം. അത് അടുത്ത ഘട്ടത്തിൽ നമുക്ക് നികത്താം. പക്ഷെ കിട്ടിയവരാണ് കൂടുതലും എന്നുള്ളത് ഞാൻ ഇവിടെ പറയുകയാണ്. പരിശോധിച്ചുനോക്കിയാൽ മതി. താലൂക്കാശുപത്രി നവീകരണത്തിന് മാസ്റ്റർ പ്ലാൻ രൂപീകരിച്ചു. കിഫ്ബിയുടെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. മാസ്റ്റർ പ്ലാനുണ്ടാക്കി കാത്തുനിൽക്കുന്നവരും മാസ്റ്റർ പ്ലാനിൽ കാശ് കിട്ടിയവരും പണി തുടങ്ങിയവരുമുണ്ട്. പുനലൂർ ഹോസ്പിറ്റലിൽ ഏകദേശം 90 കോടി രൂപ മുതൽമുടക്കിൽ 9 നില കെട്ടിടത്തിന്റെ പണി തുടങ്ങുകയാണ്. താലൂക്കാശുപത്രിയാണെന്ന് ഓർക്കണം. മോഡ്യുലാർ തിയേറ്റർ അടക്കമുള്ളതാണ്. എല്ലാ താലൂക്കാശുപത്രിയും ആ ലെവലിൽ വരില്ല. അതിനേക്കാൾ കുറച്ച് 25 കോടി രൂപ മുതൽ മേൽപ്പോട്ട് കിട്ടിയ താലൂക്കാശുപത്രികളുമുണ്ട്. അവിടെയെല്ലാം നല്ല തോതിൽ പണി നടക്കുകയാണ്. ബാക്കിയുള്ളത് അടുത്ത ഘട്ടത്തിലേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ഒരു ഗവൺമെന്റിന് എല്ലാ ആശുപത്രിയും ഒരേ സമയം ചെയ്യാൻ സാധിക്കുമോ; പൈസ വേണ്ടേ; കിഫ്ബിയുള്ളതുകൊണ്ടാണ് കുറെ നിർമ്മാണ പ്രവൃത്തികൾ നടത്താൻ സാധിക്കുന്നത്. ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് കൊടുത്ത കാര്യം ഞാൻ പറഞ്ഞു. കൊല്ലത്തെയും പത്തനംതിട്ടയിലെയും കാത്ത് ലാബുകൾ ഉദ്ഘാടനം ചെയ്ത് ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവ ചെയ്തുതുടങ്ങിയിരിക്കുന്നു. നല്ല റിസൽട്ടാണ് ഉണ്ടാക്കുന്നതെന്ന് പറയുന്നു. പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ പരാജയമെന്ന് പറയുന്നത് കേട്ടു. 28.55 കോടി രൂപയാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്താൻ ആർദ്രം മിഷൻ തന്നത്. 100 ശതമാനമാണ് ചെലവാക്കിയിരിക്കുന്നത്. അത് ഈ റിപ്പോർട്ടിൽ വളരെ വ്യക്തമായി കാണാനുണ്ട്. കാത്ത് ലാബ് സ്ഥാപിക്കാനുള്ളതിലും 100 ശതമാനം ചെലവാണ്. ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാനായി 560 ലക്ഷം രൂപയാണ് കിട്ടിയത്. 481 ലക്ഷം രൂപ ചെലവഴിച്ചു. 86 ശതമാനം തുക. എല്ലാ ശതമാനവും പറയുന്നില്ല. എന്തൊരു വലിയ മാറ്റമാണ് നമ്മുടെ മെഡിക്കൽ കോളേജുകൾക്ക് ഉണ്ടായിരിക്കുന്നത്. സമയം പോകുന്നതുകൊണ്ട് എല്ലാ മെഡിക്കൽ കോളേജുകളിലും ചെയ്ത കാര്യങ്ങൾ പറയുന്നില്ല. എല്ലാ പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതിനനുസരിച്ച് നിർമ്മാണ

പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ 717 കോടി രൂപയുടെ മാസ്റ്റർ പ്ലാനാണ് അംഗീകരിച്ചത്. അതിന്റെ ആദ്യ ഗഡുവാണ് 58 കോടി രൂപ അനുവദിച്ചത്. അവിടത്തെ ട്രാഫിക് തടസ്സങ്ങൾ ഒഴിവാക്കാനായി എന്ത് ചെയ്തുവെന്ന് രാവിലെ സബ്മിഷനിൽ ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ. ചോദിച്ചപ്പോൾ മറുപടിയായി അവിടെ എന്തൊക്കെയാണ് ചെയ്യുന്നതെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. ഒരു കൊല്ലംകൂടി കഴിഞ്ഞാൽ നിങ്ങൾക്ക് പഴയ മെഡിക്കൽ കോളേജിന്റെ ചിത്രമെടുത്ത് നോക്കിയാൽ മനസ്സിലാകില്ല. അത്ര വലിയ മാറ്റംതന്നെയാണ്. വാഹനങ്ങളുടെ വല്ലാത്ത തിരക്കും, ഗതാഗതക്കുരുക്കും ഒഴിവായി. എന്നാലും നല്ല തിരക്കുള്ള മെഡിക്കൽ കോളേജാണ്. പ്രശ്നം ഇല്ലാതെ വരുമെന്ന് ഞാൻ പറയുന്നില്ല. ഇപ്പോഴുള്ള രണ്ടുവരി പാത മൂന്നുവരി പാതയാകുന്നു, ഓവർ ബ്രിഡ്ജ് ഉണ്ടാക്കുന്നു, പല ഭാഗത്തെയും റോഡുകളിലും എൻട്രൻസിലും മാറ്റം വരുത്തുന്നു. ട്രോമാകെയർ മെയിൻ റോഡിന്റെ സൈഡിൽ സ്ഥാപിച്ചുകൊണ്ട് എയിംസ് മാതൃകയിലുള്ള എമർജൻസി മെഡിക്കൽ കെയർ യൂണിറ്റായി മാറുമ്പോൾ അകത്തേയ്ക്കുള്ള പ്രവേശനവും യാത്രയും എത്രമാത്രം സുഗമമാകുമെന്നുള്ളത് അനുഭവിച്ചറിയേണ്ടതാണ്. അതിന്റെ പണി ചെയ്തിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിനെക്കുറിച്ച് ഇവിടെ പ്രസംഗിച്ചല്ലോ; 600 കോടിയിലേറെ രൂപയുടെ മാസ്റ്റർ പ്ലാനുണ്ട്. ഓരോ മെഡിക്കൽ കോളേജിനും എത്ര രൂപയെന്ന കണക്കൊക്കെ ഇവിടെയുണ്ട്. ആ മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും ഏറ്റവും പ്രധാനമായി റോഡും അതിനകത്തുകൂടിയുള്ള രോഗികളുടെ യാത്രയും മെച്ചപ്പെടുത്തി. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ട് കൊല്ലം മുമ്പുപോയ ഒരാൾ ഇപ്പോൾ പോയാൽ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. അത്ര വലിയ മാറ്റമാണ് കോട്ടയം മെഡിക്കൽ കോളേജിൽ ഉണ്ടായിരിക്കുന്നത്. തൃശ്ശൂരിൽ നല്ല രീതിയിൽ ത്വരിതഗതിയിൽ പണി നടക്കുകയാണ്. പോയി നോക്കിയാൽ മതി. ആലപ്പുഴ മെഡിക്കൽ കോളേജിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് പണി നടക്കുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന് ആദ്യം വലിയൊരു മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയത്. അത്രത്തോളം പണം ലഭിക്കാൻ എളുപ്പമല്ല. 564 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ ഇപ്പോൾ തയ്യാറാക്കി അംഗീകരിച്ചിരിക്കുന്നു. മെഡിക്കൽ കോളേജുകളെക്കുറിച്ച് പറയുമ്പോൾ എന്തൊക്കെയാണ് ഇവിടെ പറഞ്ഞത്; അത് മുഴുവൻ ഞാൻ വിശദീകരിച്ചാൽ എത്രയോ ദിവസം മെഡിക്കൽ കോളേജിന്റെ കഥ പറയാൻ തന്നെയുണ്ട്. ഞങ്ങൾ ഇല്ലാതാക്കിയത് എന്താണ്; ഇവിടത്തെ എസ്റ്റാബ്ലിഷ്ഡായുള്ള 5 മെഡിക്കൽ കോളേജുകളുടെ കഥ എന്തായിരുന്നു; അതിന്റെയെല്ലാം കണക്ക് എന്റെ കയ്യിലുണ്ട്. സമയം കുറയ്ക്കാൻവേണ്ടി ഞാൻ വിശദീകരിക്കാത്തതാണ്. വളരെ പ്രധാനപ്പെട്ട, അത്യാവശ്യമുള്ള ഉപകരണങ്ങൾപോലും നമ്മുടെ പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിൽ ഉണ്ടായിരുന്നോ; ഞാൻ കുറ്റം പറയുന്നതല്ല.

തിരുവനന്തപുരത്തുള്ളത് വലിയ മെഡിക്കൽ കോളേജാണ്. എത്രയോ വർഷങ്ങൾകൊണ്ട് ആർജ്ജിച്ചെടുത്ത സമ്പത്താണ്. തൃശ്ശൂരും വലിയ മെഡിക്കൽ കോളേജാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആകെ ഒരു കൊബാൾട്ട് മെഷീൻ ഉണ്ടായിരുന്നത് കേടുവന്നാൽ അവിടെ റേഡിയേഷൻ നടന്നിരുന്നില്ലല്ലോ; ശ്രീ. അനിൽ അക്കര, എം.എൽ.എ. എപ്പോഴും തൃശ്ശൂർ മെഡിക്കൽ കോളേജിനെക്കുറിച്ച് പരാതി പറയുമായിരുന്നു. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. മെഡിക്കൽ കോളേജിന്റെ വികസനത്തിനൊക്കെ അദ്ദേഹം നന്നായി സഹായിക്കുന്നുണ്ട്. അദ്ദേഹത്തെ ഞാൻ കുറ്റം പറയില്ല. സ്വകാര്യ ആശുപത്രികളുമായി ടൈ-അപ് ആയി ഇവിടെ വരുന്ന രോഗികളെ അങ്ങോട്ട് അയയ്ക്കുകയാണെന്നായിരുന്നു ആ കൊബാൾട്ട് മെഷീൻ കേടായി റേഡിയേഷൻ നടക്കാതായപ്പോഴുള്ള പരാതി. അത് നന്നാക്കണ്ടേ; അത് നന്നാക്കാൻ എളുപ്പമാണോ; അതിനാവശ്യമായ സോഴ്സ് ജപ്പാനിൽനിന്നോ മറ്റോ ഓർഡർ ചെയ്തുകൊണ്ടുവരണ്ടേ; ഒരു linear accelerator ഇത്രയും വർഷമായിട്ടും ആ മെഡിക്കൽ കോളേജിനുണ്ടായിരുന്നോ; ഈ ഗവൺമെന്റ് വന്നപ്പോഴല്ലേ മൂന്ന് പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകൾക്ക് linear accelerator വാങ്ങിക്കൊടുത്തത്; ഒരു പ്രധാനപ്പെട്ട മെഡിക്കൽ കോളേജിന് എം.ആർ.ഐ. കൊടുത്തു. ഇതിന്റെയെല്ലാം കണക്ക് എന്റെ കയ്യിലുണ്ട്. ഇങ്ങനെ അത്യന്താധുനിക ഉപകരണങ്ങൾ എല്ലാ മെഡിക്കൽ കോളേജുകൾക്കും കൊടുത്തു. 5 മെഡിക്കൽ കോളേജുകളെ centre of excellence ആക്കി മാറ്റാനുള്ള ഭഗീരഥ പ്രയത്നത്തിലാണ് ഈ ഗവൺമെന്റ്. അവിടെ റിസർച്ച്, റിസൽട്ട്, പഠനം, ചികിത്സ എന്നിവയൊക്കെ നന്നാകണം, കാഷ്വാലിറ്റികളെല്ലാം ട്രോമാ കെയർ സെന്ററായി മാറുകയാണ്. പണി തുടങ്ങിയിരിക്കുന്നു. രണ്ട് കൊല്ലം കഴിയുമ്പോൾ നിങ്ങളാരെങ്കിലും പോയി നോക്കിയാൽ ആ മാറ്റം നിങ്ങൾക്ക് മനസ്സിലാകും. വലിയ രാഷ്ട്രീയ വിരോധത്തോടുകൂടി കണ്ണടച്ച് ഇരുട്ടാക്കുന്നവരൊഴികെ ബാക്കിയെല്ലാവരും ഇത് അംഗീകരിക്കും. അത്ര പ്രകടമായ മാറ്റമാണുണ്ടാകുന്നത്. അതിന്റെ കൂടെ പാരിപ്പള്ളി മെഡിക്കൽ കോളേജിനെപ്പറ്റി പറഞ്ഞു, കൊല്ലത്ത് ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും ഒരു കെട്ടിടമെടുത്തിട്ട് അതിൽ എന്തെങ്കിലും ഉണ്ടായിരുന്നോ? അവിടെ മുന്നൂറ് കിടക്കകളുള്ള ഒരു ആശുപത്രിയെങ്കിലും ഉണ്ടായിരുന്നോ? ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഒരു മെഡിക്കൽ കോളേജായി മാറ്റുന്നതിനുള്ള കെട്ടിടവും അക്കാദമിക് ബ്ലോക്കും മെഷീൻ അടക്കമുള്ള ഉപകരണങ്ങളും സജ്ജീകരിച്ച് പോസ്റ്റ് ക്രിയേഷനും നടത്തി, മെഡിക്കൽ കോളേജിൽ നൂറ് മെഡിക്കൽ സീറ്റുകളിൽ അഡ്മിഷൻ തുടങ്ങാനും സാധിച്ചത്. ബഹുമാനപ്പെട്ട മെമ്പർമാരിൽ ചിലർ പറഞ്ഞത് മെഡിക്കൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചില്ലെന്നാണ്. മെഡിക്കൽ സീറ്റുകളിൽ കുറവാണോ വരുത്തിയത്? നൂറ് സീറ്റ് അവിടെ തുടങ്ങാൻ സാധിച്ചു. പരിയാരം മെഡിക്കൽ

കോളേജ് ഏറ്റെടുത്തപ്പോൾ ഗവൺമെന്റ് ക്വാട്ടയിൽ അടുത്ത വർഷത്തേയ്ക്കുള്ള മെഡിക്കൽ സീറ്റുകളുടെ എണ്ണം 100 ആയി വർദ്ധിപ്പിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിനെപ്പറ്റി പറഞ്ഞപ്പോൾ അവിടെ ഒന്നും ചെയ്തില്ലെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ എം. ഉമ്മർ ഇവിടെ ഇരിക്കുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിന് അഞ്ച് വർഷത്തേയ്ക്ക് തുടർച്ചയായ അംഗീകാരമാണ് കിട്ടിയിരിക്കുന്നത്. തുടർച്ചയായ അംഗീകാരം കിട്ടാറില്ല, കാരണം ഓരോ വർഷവും എം.സി.ഐ. വരുമ്പോൾ ഓരോ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും അവ പരിഹരിക്കാൻ നമ്മളെല്ലാവരും നെട്ടോട്ടമോടുകയുമായിരുന്നു. താങ്കളുടെ ഗവൺമെന്റിന്റെ കാലത്തും ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും അങ്ങനെയായിരുന്നു. പക്ഷെ അതിപ്പോൾ അഞ്ച് കൊല്ലത്തേയ്ക്ക് തുടർച്ചയായി കിട്ടാൻ കഴിഞ്ഞത് ഈ മൂന്ന് വർഷക്കാലത്തിനിടയിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തതുകൊണ്ടാണ്.ഇടുക്കിയിൽ എന്താണുണ്ടായതെന്ന് എല്ലാവർക്കുമറിയാമല്ലോ? ഈ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണോ ഇടുക്കിയുടെ അംഗീകാരം പോയത്? എന്തൊരു ചോദ്യമാണത്. ആദ്യത്തെ രണ്ട് വർഷം 2012-13-ലും 2013-2014-ലും അഷ്വറൻസ് കൊടുത്താണ് സീറ്റ് വാങ്ങിയത്. രണ്ടാമത്തെ വർഷം എം.ബി.ബി.എസ്.-ന് അഡ്മിഷൻ സമയത്ത് രക്ഷിതാക്കളും കുട്ടികളുംകൂടി ഭയങ്കര ബഹളമായിരുന്നു. കാരണം ക്ലിനിക്കൽ പ്രാക്ടീസ് തുടങ്ങാനുള്ള യാതൊരു സൗകര്യവും അവിടെയില്ലായിരുന്നു. ലക്ചർ മെത്തേഡായിരുന്നു. അതുമാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ എങ്ങനെ കുട്ടികൾ പഠിക്കും? ഞാൻ സ്ഥാനമേറ്റെടുത്ത ഉടനെ കുട്ടികളും രക്ഷിതാക്കളും എന്നെ സമീപിച്ചിട്ട് പറഞ്ഞത് ടീച്ചറെ എങ്ങനെയെങ്കിലും ഒന്ന് മോചിപ്പിക്കണം എന്നാണ്. ഡോക്ടർമാർ പറഞ്ഞത് ഞങ്ങൾക്ക് ഓപ്പറേഷനൊന്നും ചെയ്യാൻ കഴിയാത്തതുകൊണ്ട് കയ്യെല്ലാം സ്റ്റിഫായിപ്പോയി. അതുകൊണ്ട് അതൊന്ന് മാറ്റിത്തരണമെന്നാണ്. കുട്ടികൾ പറയുന്നത് ഞങ്ങൾ വ്യാജ ഡോക്ടർമാരായി പുറത്തിറങ്ങേണ്ട അവസ്ഥയുണ്ടാകുമെന്നാണ്. എന്നിട്ടാണ് എം.സി.ഐ. 2015 അവസാനം, നിങ്ങളുടെ ഗവൺമെന്റ് പോകുന്നതിന്റെ അവസാനം വന്ന് പരിശോധിച്ചതിനുശേഷം ഇനി അഷ്വറൻസ് പറ്റില്ലായെന്ന് പറഞ്ഞ് അതിന്റെ അംഗീകാരം റദ്ദാക്കിയത്. ഈ ഗവൺമെന്റിന്റെ കാലത്താണോ അംഗീകാരം പോയത് എന്നുള്ള കാര്യം പരിശോധിച്ച് നോക്കൂ. എന്നിട്ടും ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ. റോഷി അഗസ്റ്റിനും അവിടത്തെ എം.പി. ആയിരുന്ന ശ്രീ. ജോയിസ് ജോർജ്ജും എല്ലാവരും ചേർന്ന് ഒരു പരിശ്രമം നടത്തി, ഇടുക്കി മെഡിക്കൽ കോളേജിനെ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുകയാണ്. 2019-ൽ പെർമിഷൻ കിട്ടണമെന്ന പ്രതീക്ഷയിൽ ഈ ഗവൺമെന്റും തുക നീക്കിവച്ചിട്ടുണ്ട്, കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ച തുകയ്ക്കുള്ള പണിയും ഏറ്റെടുത്തിട്ടുണ്ട്. എന്നിട്ട് ഇടുക്കിയിലെ പോസ്റ്റുകളെല്ലാം അങ്ങോട്ടുതന്നെ ഷിഫ്റ്റ് ചെയ്ത് ആവശ്യമുള്ള ജീവനക്കാരെ മറ്റ് മെഡിക്കൽ കോളേജുകളിൽനിന്നും

അവിടേയ്ക്ക് കൂടുതലായി അനുവദിക്കുകയും ചെയ്തിരുന്നു. അല്ലെ ചെയ്തിട്ടും എം.സി.ഐ. അംഗീകാരം ലഭിക്കാത്തതിന് സർക്കാർ എന്തുചെയ്യും? എല്ലാ കുറ്റങ്ങളും പരിഹരിച്ചുകൊണ്ട് നമ്മൾ അപേക്ഷിച്ചിട്ടുണ്ട്, അനുമതി ലഭിച്ചാൽ നമ്മൾ തുടങ്ങും. ഇടുക്കിയിലെ മെഡിക്കൽ കോളേജ് നഷ്ടപ്പെടുത്തിയത് ഈ ഗവൺമെന്റ് അല്ല. എല്ലാ ജില്ലയിലും ഈ മൂന്ന് വർഷംകൊണ്ട് മെഡിക്കൽ കോളേജ് തുടങ്ങിയില്ലെന്ന് പറയുന്നത് സംബന്ധിച്ചാണെങ്കിൽ നിങ്ങൾ എല്ലായിടത്തും 25 ഏക്കർ സ്ഥലം കണ്ടെത്തി മെഡിക്കൽ കോളേജ് തുടങ്ങി ഒരു സൗകര്യവുമില്ലാതെ നിർത്തിവച്ചതിനുശേഷം ഞങ്ങളുടെ ഗവൺമെന്റ് അധികാരമേറ്റ് മൂന്ന് വർഷംകൊണ്ട് മെഡിക്കൽ കോളേജാക്കി മാറ്റണമെന്ന് പറഞ്ഞാൽ സാധിക്കാത്ത കാര്യമാണ്. പക്ഷെ ഞങ്ങൾ ഒന്നിനുപുറകെ ഒന്നായി ക്രമേണ ആ മെഡിക്കൽ കോളേജ് മാറ്റാൻ പോകുകയാണ്.

മെഡിക്കൽ കോളേജിനെപ്പറ്റി പറയുമ്പോൾ ഒരു കാര്യം കൂടി പറയാം. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞത് ഞങ്ങൾ 25,000 രൂപ ഫീസ് വാങ്ങി പഠിപ്പിച്ചുവെന്നും നിങ്ങൾ വന്നതിനുശേഷമാണ് ഫീസ് വർദ്ധിപ്പിച്ചത് എന്നുമാണ്. ദയവുചെയ്ത് അങ്ങ് ഇന്നത്തെ പത്രം വായിക്കണം. വായിക്കില്ലെന്ന് ഞാൻ പറയുന്നില്ല, അങ്ങ് നല്ല അറിവുള്ള ആളും വായിക്കുന്ന ആളുമാണ്. മെഡിക്കൽ എഡ്യൂക്കേഷൻ മേഖലയിൽ എന്താണ് സംഭവിച്ചത്? ഈ ഗവൺമെന്റ് വന്നതിനുശേഷം എന്താണ് ചെയ്തത്? 2016-17-ൽ ഈ ഗവൺമെന്റ് വന്നപ്പോൾ മ്യൂച്വൽ എഗ്രിമെന്റും കൺസഷണൽ എഗ്രിമെന്റും ഉണ്ടാക്കിയിരുന്നു. അതനുസരിച്ച് അൻപത് ശതമാനം മെറിറ്റിലും അൻപത് ശതമാനം മാനേജ്മെന്റിലും പ്രവേശനം കൊടുക്കാൻ തീരുമാനിച്ചിരുന്നു. അതിൽ 25,000 രൂപ ഫീസ് കൊടുത്ത് പഠിക്കാനുള്ള കുട്ടികളുണ്ടാകുന്നു, മാനേജ്മെന്റുകൾ തോന്നുന്നതുപോലെ ഫീസ് വാങ്ങുന്ന രീതി അവസാനിപ്പിച്ചുകൊണ്ട് പതിനൊന്ന് ലക്ഷം രൂപ ഫീസ് ഫിക്സ് ചെയ്തു. 2017-2018-ൽ എന്തായിരുന്നു സ്ഥിതി? നീറ്റ് മെറിറ്റ് വന്നില്ലേ, സുപ്രീം കോടതി വിധി വന്നില്ലേ, എഗ്രിമെന്റ് പറ്റില്ലെന്ന് പറഞ്ഞില്ലേ. നിയമസഭയിൽ കൊണ്ടുവന്ന ആക്ടിനകത്തുനിന്ന് 17-ാമത്തെ ക്ലാസ് സുപ്രീംകോടതി എടുത്തുകളഞ്ഞത് കൺസഷണൽ എഗ്രിമെന്റ് പാടില്ലെന്ന് പറഞ്ഞിട്ടാണ്. പിന്നെ ആകെ നീറ്റ് മെറിറ്റിൽനിന്ന് മെറിറ്റനുസരിച്ച് നിയമിക്കുമ്പോൾ അതിനകത്ത് വ്യത്യസ്തമായ ഫീസ് പാടില്ലെന്ന് കോടതി പറയുന്നു. ഇതെല്ലാം പത്രങ്ങളിൽ വരുന്ന വാർത്തയാണ്. ആ വാർത്ത മനസ്സിലാക്കിയിട്ട് പറയണ്ടേ. പിന്നെയെന്താണ് കരണീയം. ഏകീകൃത ഫീസ് നിശ്ചയിക്കൽ, അത് നിശ്ചയിക്കുന്നത് ഫീ റെഗുലേറ്ററി കമ്മിറ്റിയാണ്. സുപ്രീം കോടതിയുടെ ഗൈഡ്‌ലൈൻ അനുസരിച്ച് നിശ്ചയിക്കണം. അതിലെ ഏറ്റവും

കുറഞ്ഞ ഫീസ് ഞങ്ങൾ നിശ്ചയിച്ചു, അത് പോരെന്ന് പറഞ്ഞാണ് മാനേജ്മെന്റുകൾ പോയിട്ടുള്ളത്. ഈ ഗവൺമെന്റ് എൻ.ആർ.ഐ.-യിൽ നിന്നും അഞ്ച് ലക്ഷം രൂപ കൂടുതൽ വാങ്ങി അത് പ്രത്യേക ഫണ്ടായി പൂൾ ചെയ്ത് പാവപ്പെട്ട കുട്ടികൾക്ക് സബ്സിഡിയായി കൊടുക്കാനുള്ള തീരുമാനമെടുത്തിരുന്നു. ഇതാണ് സംഭവിച്ചത്. ഏറ്റവും ശരിയായിട്ടുള്ള സമീപനം ഈ സ്വകാര്യ അലോട്ട്മെന്റിൽ സ്വീകരിച്ചത് ഈ ഗവൺമെന്റിന്റെ കാലത്തായിരുന്നു. അതിനുമുമ്പുണ്ടായിരുന്ന ക്യാപ്പിറ്റേഷൻ ഫീസ് ഇപ്പോഴില്ല, മറ്റ് പല തരത്തിലുള്ള ഡൊണേഷൻ വാങ്ങിക്കൊണ്ട് കുട്ടികളെ ഉപദ്രവിക്കുന്ന അവസ്ഥയില്ല. ഇതൊന്നും ഇവിടെയില്ല. അതുകൊണ്ട് മെഡിക്കൽ എഡ്യൂക്കേഷൻ മേഖലയിൽ ഏറ്റവും സുസ്ഥിരമായ അവസ്ഥയുണ്ടാക്കിയത് ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷമാണെന്നത് മനസ്സിലാക്കണം. ഈ ഗവൺമെന്റാണ് പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുകൾ വരെ മാറ്റമുണ്ടാക്കിയത്. എനിക്ക് ഒരുപാട് പറയാനുണ്ട്. അതെല്ലാം ഈ കടലാസ്സിലുണ്ട്. അത് മേശപ്പുറത്ത് വയ്ക്കുകയാണ്* പിന്നെ നമ്മൾ ചെയ്തത് എന്താണ്? ജീവിത ശൈലീരോഗങ്ങൾ തടയുകയെന്നതാണ്. എൻ.സി.ഡി. കൺട്രോളിനാവശ്യമായ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത്? ഹൃദ്രോഗം, പക്ഷാഘാതം, ഹൈപ്പർ ടെൻഷൻ, പ്രമേഹം, കിഡ്നി രോഗങ്ങൾ ഇതിനെല്ലാം പരിഹാരം കാണാൻ ഈ ഗവൺമെന്റ് തയ്യാറായില്ലേ? അതുകൊണ്ടാണ് കാർഡിയോളജി വിഭാഗം ജില്ലാ തലത്തിലേയ്ക്ക് കൊണ്ടുവന്നത്. ഞാൻ അതിനെപ്പറ്റി പറഞ്ഞു, അതുകൊണ്ട് എത്രയോ രോഗികൾ രക്ഷപ്പെടാൻ പോകുകയാണ്. ഇപ്പോൾത്തന്നെ തുടങ്ങിയിരിക്കുന്നു. അതുപോലെ തന്നെ പക്ഷാഘാതം വരുന്നവർക്കായി സ്ട്രോക്ക് യൂണിറ്റ് തുടങ്ങാൻ സാധിച്ചില്ലേ? എട്ട് ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റ് തുടങ്ങാനും ബാക്കിയുള്ള സ്ഥലങ്ങളിൽ ജില്ലാതലത്തിൽ തുടങ്ങാനും പോകുകയാണ്. തുടങ്ങിയ സ്ഥലങ്ങളിലെല്ലാം വളരെ നല്ല അനുഭവമാണ് ഉണ്ടായിരിക്കുന്നത്. സ്ട്രോക്ക് ബാധിച്ച് ഒരു ഭാഗം തളർന്നുപോയി മരണത്തിനുതന്നെ കീഴടങ്ങേണ്ടിവരുന്ന അവസ്ഥയ്ക്ക്, താഴെ തലങ്ങളിൽ സ്ട്രോക്ക് യൂണിറ്റ് തുടങ്ങുന്നതോടുകൂടി ജീവൻ രക്ഷിക്കാൻ കഴിയുന്ന സ്ഥിതിയിലേയ്ക്ക് എത്തുകയാണ്. അതുപോലെതന്നെ ജീവിതശൈലീരോഗങ്ങൾ കണ്ടുപിടിക്കാൻ വേണ്ടി തുടങ്ങിയതാണ് 'അമൃതം ആരോഗ്യം' പദ്ധതി. എല്ലാ പദ്ധതികളും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതാണെന്നാണ് പറയുന്നത്. ഇതിൽ കുറെ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികളുമായി ബന്ധപ്പെടുത്തിയാണ് ചെയ്യുന്നത്. പക്ഷെ അതേപടി ചെയ്താൽ കേരളത്തിന് ഒരാനുകൂല്യവും ലഭിക്കില്ല. അത് ഇപ്പോഴത്തെ KASP പോലെ, ആയുഷ്മാൻ ഭാരത്

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പദ്ധതിയാണ് നടപ്പിലാക്കിയതെങ്കിൽ നമുക്ക് KASP-ൽ കിട്ടുന്ന ആനുകൂല്യം കിട്ടുമായിരുന്നില്ല. അത് ഞാൻ നേരത്തെ സഭയിൽ പറഞ്ഞിരുന്നു. അപ്പോൾ അതിന് നല്ലൊരു പേരിട്ട് ചെയ്യും. അമൃതം ആരോഗ്യം എന്നുള്ള പേര് യഥാർത്ഥത്തിൽ കൊണ്ടുവന്നത് ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ്. അതും കേന്ദ്രാവിഷ്കൃത ഫണ്ടും സംസ്ഥാന ഫണ്ടുമെല്ലാം ഉപയോഗിച്ചുതന്നെയാണ് തുടങ്ങിയത്. ആ പേര് മാറ്റിയിട്ടില്ല. പക്ഷെ നിങ്ങളുടെ കാലത്ത് അമൃതം ആരോഗ്യം പദ്ധതിയിൽ നടപ്പിലാക്കിയ കാര്യങ്ങളാണോ ഇപ്പോൾ ചെയ്യുന്നത്? അമൃതം ആരോഗ്യം പദ്ധതിയിൽ 18 വയസ്സിന് മേൽപ്പോട്ടുള്ള മുഴുവൻ കേരളീയരെയും എൻ.സി.ഡി. സ്ക്രീനിംഗ് നടത്തുകയാണ്. നിങ്ങൾ ആകെ ആയിരത്തിന് താഴെ ആളുകളെപ്പോലും സ്ക്രീനിംഗ് നടത്തിയിട്ടില്ല. ഒന്നരക്കോടിയിലേറെ ആളുകൾക്ക് സ്ക്രീനിംഗ് നടത്തിയിരിക്കുകയാണ്. വ്യക്തമായി നടത്തിക്കഴിഞ്ഞിട്ടാണ് ഇപ്പോൾ കൃത്യമായി പറയുന്നത്. ഇതിൽ 'ശിരസ്സ്' എന്ന പേരിൽ പക്ഷാഘാത യൂണിറ്റ് തുടങ്ങിയ കാര്യം ഞാൻ പറഞ്ഞു. അതുപോലെതന്നെ ഫിസിക്കൽ മെഡിസിൻ റീഹാബിലിറ്റേഷൻ യൂണിറ്റ്, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ബ്രെയിൻ ആന്റ് സ്പൈൻ യൂണിറ്റ് എന്നിവ ആരംഭിക്കുന്നു. 'അശ്വമേധം' എന്ന പേരിൽ ലെപ്രസി എലിമിനേഷനുള്ള കാമ്പയിൻ ആരംഭിച്ചു. ഇതെല്ലാം എൻ.സി.ഡി-യുടെ ഭാഗമായി ആരംഭിച്ചതാണ്. 194 പുതിയ കുഷ്ഠരോഗ ബാധിതരെ സമൂഹത്തിൽ നിന്ന് കണ്ടെത്തി ചികിത്സിക്കുന്നു. അതുപോലെ വളരെ പ്രധാനപ്പെട്ട ഒന്നാണ് സി.എ.പി.ഡി. (Continuous Ambulatory Peritoneal Dialysis). ചെലവ് കുറഞ്ഞ രീതിയിൽ വീട്ടിൽ വച്ച് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യമാണ് 'നയനാമൃതം' എന്ന പേരിൽ ഒരുക്കിക്കൊടുത്തിരിക്കുന്നത്. ഇതെല്ലാം പുതിയ പേരുകളാണ്. ഡയബറ്റിക് റെറ്റിനോപതി കണ്ടുപിടിക്കുന്നതിനുവേണ്ടി ലണ്ടൻ മൂർഫീൽഡ് ഐ ഹോസ്പിറ്റലുമായി സഹകരിച്ച് ഹാന്റ് ഹെൽഡ് മിഡ്രിയാട്രിക് ക്യാമറ വാങ്ങി പരിശീലനം നൽകി എല്ലാവരുടെയും കണ്ണ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിലുള്ള രോഗികൾക്ക് അറിയാം അതിന്റെ പരിശോധനയിലൂടെ ലഭിക്കുന്ന ഗുണം. അതുപോലെതന്നെ 'ശ്വാസ്' ക്ലിനിക്കിനെപ്പറ്റി പറഞ്ഞു. 14 ജില്ലാ ആശുപത്രികൾ, 178 എഫ്.എച്ച്.സി., 25 താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെല്ലാം ശ്വാസ് ക്ലിനിക് തുടങ്ങിയിരിക്കുകയാണ്. സി.എ.പി.ഡി. പരിശോധനയ്ക്കായി, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്കുള്ളതാണ്. 46,65,375 പേരെ സ്ക്രീൻ ചെയ്തിട്ടാണ് പറയുന്നത്. എൻ.സി.ഡി. സ്ക്രീനിംഗ് അത്രയും നടത്തി. പുതിയതായി

എൻ.സി.ഡി. സ്ക്രീനിംഗ് നടത്തിയപ്പോൾ 63130 പുതിയ പ്രമേഹ രോഗവും 97,456 പുതിയ ഉയർന്ന രക്തസമ്മർദ്ദമുള്ളവരെയും കണ്ടെത്തി. അവരെ ചികിത്സയ്ക്ക് വിധേയരാക്കിയിട്ടുണ്ട്. അതാണ് കേരളത്തിലെ എൻ.സി.ഡി. നിയന്ത്രണത്തിനുവേണ്ടി ചെയ്യുന്നത്. 'ക്ഷയരോഗ മുക്തമായ എന്റെ കേരളം' അതൊരു പുതിയ പേരാണ്. ആ പേരിട്ടുകൊണ്ട് 74,28,000-ത്തിലധികം വീടുകളുടെ സർവ്വേ നടത്തിയതിൽ 325 പേർക്ക് ക്ഷയരോഗമുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. അവർക്കുള്ള ചികിത്സയും നൽകിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ ഇടയിലേയ്ക്ക് പൂർണ്ണമായി പോയി കണ്ടെത്തി ചികിത്സിക്കുകയാണ്. അങ്ങനെ മാത്രമേ എൻ.സി.ഡി. കൺട്രോൾ ചെയ്യാൻ സാധിക്കുകയുള്ളൂ. അമൃതം ആരോഗ്യം പദ്ധതിയെപ്പറ്റി ഞാൻ നേരത്തെ പറഞ്ഞതാണ്. പോലീസുകാരുടെ പ്രത്യേക സ്ക്രീനിംഗ് നടത്താൻ 'ഷേപ്' എന്ന പേരിൽ Systematic Health Assessment for Police, ജീവനക്കാർക്കുവേണ്ടി വർക്ക് പ്ലെയ്സ് ഇന്റർവെൻഷൻ, ഇതൊന്നും ഞങ്ങൾ എപ്പോഴും വിളിച്ചുപറയുന്നതല്ല. ഇത് നിശബ്ദമായി കേരളത്തിന്റെ ആരോഗ്യ മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതാണ് മൂന്ന് വർഷക്കാലംകൊണ്ട് നടത്തിയ കാര്യങ്ങൾക്ക് ഇത്രയും വലിയ പ്രാധാന്യവും ഇത്രയും പേജുകളും വരുന്നതിന് കാരണം. അതുപോലെ ടുബാക്കോ രംഗത്ത് ഇ. സിഗരറ്റ് നിരോധിച്ചു, ഗ്ലോബൽ അഡൽട്ട് ടുബാക്കോ സർവ്വേ നടത്തുകയും അതിന് ടുബാക്കോ സെസേഷൻ സെന്റർ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ ആരംഭിക്കുകയും ചെയ്തു. കാൻസർ രംഗത്ത് അത്ഭുതകരമായ മാറ്റമാണ് ഉണ്ടായത്. കൊച്ചിൻ കാൻസർ സെന്ററിന് 355 കോടി രൂപ അനുവദിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ട് നിർമ്മാണപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. കൊച്ചിയിൽ പോകുന്ന ആർക്കും കാണാം. INKEL ആണ് ഏറ്റെടുത്തിരിക്കുന്നത്. അവിടെ വലിയ തോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഒന്ന്, ഒന്നര കൊല്ലം കൊണ്ട് അതിന്റെ പ്രധാനപ്പെട്ട ഒരു ഭാഗത്തിന്റെ പണി പൂർത്തിയാകുമെന്ന് ഞാൻ ആശിക്കുന്നു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേതൃത്വം കൊടുക്കുകയാണ്. അതുപോലെ അഞ്ച് പ്രധാനപ്പെട്ട എസ്റ്റാബ്ലിഷ്ഡ് മെഡിക്കൽ കോളേജുകളിൽ കാൻസർ യൂണിറ്റ്, കാൻസർ സെന്ററുകൾ ടേർഷ്യറി കാൻസർ സെന്ററുകൾ എന്നിവയ്ക്കുവേണ്ടി ഓങ്കോളജി, ഓങ്കോ പതോളജി എല്ലാം അടങ്ങിയിട്ടുള്ള 105 തസ്തികകൾ സൃഷ്ടിച്ചു. വളരെ നല്ല കാൻസർ ട്രീറ്റ്മെന്റാണ് ഇപ്പോൾ കൊടുക്കുന്നത്. ജില്ലാ ആശുപത്രികളിൽ സാധാരണ കീമോതൊപ്പി ചെയ്യുന്നതിനുള്ള സൗകര്യമുണ്ടായി. അവിടെ 60,000-ത്തോളം കീമോതെറാപ്പി കൊടുക്കാൻ സാധിച്ചിട്ടുണ്ട്.

4.00 P.M.]

ശ്രീ. വി. എസ്. ശിവകുമാർ: സർ, മലബാർ കാൻസർ സെന്ററിന് നൽകിയതുപോലെ ആർ.സി.സി.-ക്കും സാമ്പത്തിക സഹായം നൽകണം. അല്ലെങ്കിൽ അവിടത്തെ ചികിത്സ പ്രതിസന്ധിയിലാകും. ഇൻഷ്വറൻസ് സംബന്ധിച്ചും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനെ അംഗീകരിക്കുന്നു. ആർ.സി.സി.യിൽ ഇപ്പോൾ സാമ്പത്തിക സഹായം മുടങ്ങിയിട്ടില്ല. പ്രളയം വന്നപ്പോൾ ചില ഘട്ടത്തിൽ കുറച്ച് കുടിശ്ശികയായിരുന്നു. അപ്പോൾത്തന്നെ ഇടപെട്ടപ്പോൾ കുറേ റിലീസ് ചെയ്യാൻ ധനകാര്യ വകുപ്പ് തയ്യാറായിട്ടുണ്ട്.

ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ ചെറിയൊരു കാര്യമുള്ളത്, 1671 രൂപയാണ് പ്രീമിയം ക്വാട്ട് ചെയ്തത്. അത് വളരെ കുറഞ്ഞ പ്രീമിയമാണ്. അത് കിട്ടിയപ്പോൾ നമുക്ക് വലിയ സന്തോഷമായി. പക്ഷേ അതുവച്ച് ആർ.സി.സി.-ക്കും മലബാർ കാൻസർ സെന്ററിനും ട്രീറ്റ്മെന്റ് പാക്കേജ് തൃപ്തികരമല്ല. അവരത് സൂചിപ്പിച്ചിട്ടുണ്ട്. ഈ വർഷം ടെണ്ടർ ചെയ്തുകഴിഞ്ഞ കാര്യമാണത്. ആർ.സി.സി.-യേയും മലബാർ കാൻസർ സെന്ററിനേയും നമ്മൾ സഹായിക്കേണ്ടിയിരിക്കുന്നു. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. താങ്കൾ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. അത് സമ്മതിക്കുകയാണ്. അത് നമുക്ക് പരിഹരിക്കാം. അതിനെയൊന്നും വഴിയാധാരമാക്കില്ല. ഇന്ത്യയിൽ ആദ്യമായി Cancer Strategic Action Plan പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. അതിനനുസരിച്ച് പ്രോട്ടോക്കോൾ ഉണ്ടാക്കുകയും ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കീമോ ചെയ്തത് മാറിപ്പോയത് സംബന്ധിച്ച് പറയുകയുണ്ടായി. അങ്ങനെ ഒന്നുരണ്ട് വിഷയമാണ് എന്നെ കുറ്റം പറയാൻ ഉണ്ടായിരുന്നത് എന്ന് ഞാൻ കാണുകയാണ്. മറ്റൊന്നും നിങ്ങൾ പറഞ്ഞ കുറ്റത്തിന്റെ കൂട്ടത്തിലില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റം പറയാൻവേണ്ടിയല്ല. ഇനി അങ്ങനെയൊന്ന് ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് പറഞ്ഞത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തീർച്ചയായും. അക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ

അവരുടെയൊരു വേർഷനുണ്ട്. അവർ പറയുന്നത്, വലിയ ട്യൂമറായിരുന്നു. ആദ്യത്തെ ആഴ്ച കാണിച്ച് അടുത്ത ആഴ്ച വരുമ്പോഴേയ്ക്കും വല്ലാതെ വളർന്ന ട്യൂമറാണ്. സ്കിന്നിന് വേഗം ബാധിക്കാനിടയാകുന്നതാണ്. അതുകൊണ്ടാണ് അർജന്റ് കീമോ സ്പെസിഫൈ ചെയ്തത്. പക്ഷേ നമ്മളത് സ്വീകരിച്ചിട്ടില്ല. കാരണം, നമ്മുടെ മുമ്പിൽ ഒരു വ്യക്തിക്കുണ്ടായ പ്രയാസമാണ് അതിനേക്കാൾ വലുത്. അത് വളരെ സമർത്ഥനായൊരു ഡോക്ടറാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാം. തിരുവഞ്ചൂർ സാറിന് എന്നെ നന്നായിട്ടറിയാമെന്ന് ആ ഡോക്ടർ എന്നോട് പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞു, അതുകൊണ്ടാണ് അസംബ്ലിയിൽ ഇങ്ങനെ ഭയങ്കരമായി ആരോപണമുന്നയിച്ചതെന്ന്. വ്യക്തിപരമായ കാര്യമൊന്നും ഇതിൽ നമ്മൾ കൊണ്ടുവരണ്ട. പക്ഷേ അങ്ങനെ സ്ഥിരമായി കുറ്റം ചെയ്യുന്ന ആളൊന്നുമല്ലാതിരുന്നിട്ടും അത് അന്വേഷിക്കാനാണ് നമ്മൾ തീരുമാനിച്ചത്. അല്ലാതെ വെള്ള പൂശാനല്ല. മനഃപൂർവ്വമല്ലെങ്കിലും അങ്ങനെ ഉണ്ടാകരുത്. അപകടമൊക്കെ ഉണ്ടാകും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോക്ടറുടെ പിഴവുകാരണം വിദ്യാർത്ഥിയുടെ വിരൽ മുറിച്ചുമാറ്റിയ സംഭവമുണ്ടായി. താങ്കളുടെ കാലത്താണ്. പക്ഷേ ഇതൊന്നും പറഞ്ഞ് ഇതിനെ അവഗണിക്കാനല്ല ഞാൻ ശ്രമിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഇപ്പോൾ ഓംബുഡ്സ്മാനുണ്ട്. ഇവിടെ കീമോതെറാപ്പി കൊടുത്തു. മുരുകൻ എന്നൊരു ചെറുപ്പക്കാരന് വിവിധ ആശുപത്രികളിൽ പോയിട്ടും ചികിത്സ കിട്ടിയില്ല. ഒരു മെഡിക്കൽ ഓംബുഡ്സ്മാനെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; ഇപ്പോൾ അത്തരം കാര്യങ്ങളിൽ പോലീസാണ് കേസെടുക്കുന്നത്. അല്ലെങ്കിൽ മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റാണ് അന്വേഷിക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എനിക്ക് നാലഞ്ച് വകുപ്പുകളുള്ളതാണ്. അതിനാൽ കൂടുതൽ സമയം തരണം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിമാരെടുത്ത സമയമെങ്കിലും എനിക്ക് തരണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് ഇപ്പോൾ തന്നെ 33 മിനിറ്റ് തന്നുകഴിഞ്ഞു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾ തന്നെ നല്ല പരിശോധനയുണ്ട്. മെഡിക്കൽ ഓംബുഡ്സ്മാൻ എന്ന് പറഞ്ഞിട്ടില്ലെങ്കിലും ഒരു പരിശോധനാ സംവിധാനം ഭാവിയിലുണ്ടാക്കുന്ന കാര്യം നമുക്ക് പരിഗണിക്കാം. പക്ഷേ ഇപ്പോൾത്തന്നെ ഉന്നത ഉദ്യോഗസ്ഥരെ വച്ച് കുറ്റമറ്റ രീതിയിൽ പരിശോധന നടക്കുന്നുണ്ട്. അങ്ങനെയാണ് നമ്മൾ എല്ലാ കാര്യത്തിലും

നടപടിയെടുത്തത്. ഒരുപാട് നടപടികളെടുത്തിട്ടുണ്ട്. Medical negligence എല്ലായിടത്തും ഉണ്ടാകുന്നുണ്ട്. അങ്ങനെ ഇനിയും ഉണ്ടാകാതിരിക്കാൻ നേരത്തെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ആക്ഷൻ എടുക്കുക എന്നുള്ളതേയുള്ളൂ. ഇതൊരിക്കലും ഉണ്ടാവില്ലെന്ന് നമുക്കിപ്പോഴും പറയാൻ കഴിയാത്തവിധം, പതിനായിരക്കണക്കിന് കേസ്സുകൾ ചെയ്യുമ്പോൾ ചിലതിൽ വിരൽ മുറിച്ചുമാറ്റിപ്പോകുന്നുണ്ട്. അതൊന്നും പാടില്ലാത്തതാണ്. പക്ഷേ അപ്പോൾ നടപടിയെടുക്കുക. എന്നിട്ട് നമുക്കതിനെ പരിഹരിക്കാം.

വിദ്യാർത്ഥികളിലെ ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പദ്ധതി കൊണ്ടുവന്നു. സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി കൊണ്ടുവന്നു. അമ്മമാർക്ക് 'അമ്മ മനസ്സ്' എന്ന പേരിലും കുട്ടികളുടെ ഇടയിൽ 'ചങ്ങാതി' എന്ന പേരിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വലിയ തോതിൽ മാനസികാരോഗ്യ ആശ്വാസ് ക്ലിനിക്കുകൾ എല്ലാ പി.എച്ച്.സി.കളിലും കൊണ്ടുവരികയാണ്. അതോടുകൂടി ഡിപ്രഷൻ പോലുള്ള കാര്യങ്ങൾക്ക് അറുതി വരുത്താൻ സാധിക്കും. മാതൃമരണ നിരക്ക് സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ. ഇവിടെ പറഞ്ഞു, 'ഞങ്ങൾ ചെയ്തത് നിങ്ങൾ നേടി' എന്ന്. ഇതെല്ലാം continuation ആണ്. പക്ഷേ ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടത് ഈ ഗവൺമെന്റ് വന്ന് ഒരു വർഷം കഴിഞ്ഞപ്പോഴാണ് കേന്ദ്ര സർക്കാർ അടുത്ത ഒരു വർഷത്തിൽ മാതൃമരണ നിരക്ക് കുറച്ചാൽ അവാർഡ് തരുമെന്ന് പറയുന്നത്. ഞങ്ങളുടെ രണ്ടാമത്തെ കൊല്ലമാണ് 67-ൽ നിന്ന് 46 ആയി മാതൃമരണ നിരക്ക് കുറച്ച് ഡൽഹിയിൽപ്പോയി അവാർഡ് വാങ്ങിയത്. ആ ഒരു കൊല്ലത്തെ കാര്യമാണ് അതിൽ വന്നിട്ടുള്ളത്. അതല്ല, ഇതുവരെയുള്ള പ്രവർത്തനത്തിന്റെ ഫലമാണെന്ന് പറയാൻ എനിക്ക് മടിയൊന്നുമില്ല. പക്ഷേ ആ രണ്ടാമത്തെ കൊല്ലം കുറച്ചു. ഇപ്പോൾ ഞങ്ങൾ ഒരു ടാർജറ്റ് ഇട്ടിട്ടുള്ളത് 30/20, 20/30 എന്നാണ്. അതായത് ഇത് 30-ലേയ്ക്ക് കുറയ്ക്കുക. ഇപ്പോൾ ഒരു കണക്കെടുപ്പ് നടത്തിയപ്പോൾ ചിലയിടത്ത് ഏകദേശം നാൽപ്പതിനടുത്ത് ആയിട്ടുണ്ട്. ആ കണക്ക് പൂർണ്ണമായിട്ടും അനൗൺസ് ചെയ്യാറായിട്ടില്ല. എന്നാലും 46-ൽ നമുക്ക് നിൽക്കാം. 46 എന്നുള്ളത് മോശമല്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു നല്ല സംഖ്യയാണത്. അതിനാലാണ് ഡൽഹിയിൽ പോയപ്പോൾ എനിക്ക് രണ്ട് അവാർഡ് വാങ്ങാൻ സാധിച്ചത്. ഒന്ന്, 70 എന്ന കേന്ദ്ര സർക്കാരിന്റെ ടാർജറ്റ് അച്ചീവ് ചെയ്തതിന്. രണ്ട്, ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്കുള്ള സംസ്ഥാനം എന്നതിന്റെ പേരിൽ. അങ്ങനെയാണ് ആ അവാർഡ് വാങ്ങിയത്. ശിശുമരണ നിരക്ക് ഈ ഗവൺമെന്റ് വരുമ്പോൾ 12 ആയിരുന്നു. അത് കുറച്ച് ഒറ്റ ഡിജിറ്റിലേയ്ക്ക് കൊണ്ടുവരണമെന്ന് പ്ലാനിട്ടു. അങ്ങനെ ഡെലിവറി പോയിന്റുകൾ

സ്റ്റെംഗ്തൻ ചെയ്തു. NICU, SNCU എന്നിവ ഉണ്ടാക്കി new born screening ശക്തമാക്കി. അങ്ങനെ മൂന്ന് വർഷംകൊണ്ട് ചെയ്തത് ഒരുപാട് പറയുവാനുണ്ട്. അത് ഞാൻ ഒറ്റവാക്കിൽ പറയുകയാണ്. ഇവയുടെയെല്ലാം ഫലമായി ശിശുമരണ നിരക്ക് 12-ൽ നിന്ന് 10 ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അതിനേക്കാൾ കുറയ്ക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന് NBSU, SNCU, NICU എന്നിവയെല്ലാം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ 'ശലഭം' എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് തീർത്തും പുതിയ പദ്ധതി തന്നെയാണ്. മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി നേരത്തെതന്നെ പരിശോധനയും മറ്റും നടത്തുന്നുണ്ട്. അതുപോലെ ജനിച്ച ഉടൻതന്നെ കുഞ്ഞുങ്ങളുടെ സ്ക്രീനിംഗ് നടത്തുന്നുണ്ട്. Visible birth defect കാണുകയാണ്. 24 മണിക്കൂറിനുള്ളിൽ പരിശോധന നടത്തുന്നു. Pulse Oximetry screening, OAE (Otoacoustic Emission) ടെസ്റ്റ് തുടങ്ങിയ പരിശോധനകളിലൂടെ ജനിച്ച ഉടൻതന്നെ കുഞ്ഞുങ്ങളിലെ വൈകല്യങ്ങൾ കണ്ടുപിടിക്കുന്നു. Congender heart disease ഉള്ള ചെറിയ കുട്ടികൾക്ക്, 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കുവേണ്ടി 'ഹൃദ്യം' എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി മറ്റൊരു പദ്ധതിയിൽനിന്ന് അടർത്തി എടുത്തതാണെന്നാണ് ഇപ്പോൾ പറയുന്നത്. 'ഹൃദ്യം' എന്നത് ഒരു മിഷനാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും സംസ്ഥാനത്തുനിന്നും മറ്റു പലവിധ ഫണ്ടുകളും ചേർത്താണ് 'ഹൃദ്യം' പദ്ധതിക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നത്. ഇതൊരു പുതിയ പദ്ധതിയാണ്. അതിനൊരു ടീം ഉണ്ടാക്കിയിട്ടുണ്ട്. ഒരു ടോൾ ഫ്രീ നമ്പരും പ്രത്യേക സോഫ്റ്റ്‌വെയറും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിട്ടുണ്ട്. എവിടെനിന്ന് വിളിച്ചുപറഞ്ഞാലും ഹൃദ്യത്തിൽ രജിസ്റ്റർ ചെയ്താൽ അപ്പോൾത്തന്നെ കുട്ടികളെ ഓപ്പറേഷനിലേയ്ക്ക് എത്തിക്കുകയാണ്. 'ഹൃദ്യം' പദ്ധതിയിലൂടെ 1300 പിഞ്ചുകുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ ചെയ്ത് ജീവൻ രക്ഷിക്കാൻ സാധിച്ചുവെന്നുള്ളത് അഭിമാനപൂർവ്വം ഞാൻ ഇവിടെ പറയുകയാണ്. SKOCH-Swachh Bharat Gold Award, Express Healthcare Excellence Award എന്നീ അവാർഡുകൾ ഹൃദ്യം പദ്ധതിക്ക് കിട്ടിയത് ഏറ്റവും നല്ല പ്രോജക്ട് ആയതുകൊണ്ടാണ്. ഇത്തവണ 24 സ്ഥാപനങ്ങൾക്ക് NQAS (National Quality Assurance Standards) കിട്ടി. അത്രയും സ്ഥാപനങ്ങൾക്ക് NQAS കിട്ടുന്നത് ഒരു റെക്കോർഡാണ്. 51 ആരോഗ്യ സ്ഥാപനങ്ങൾ ക്യൂവിലാണ്. അതിനും കിട്ടുമെന്നുള്ളതാണ്.

ആരോഗ്യ ജാഗ്രതാ കാമ്പെയിൻ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഇത്തവണ പകർച്ചവ്യാധി കുറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ മന്ത്രിതന്നെ വളരെ പാടുപെട്ടു. കാരണം ഈ സമയത്ത് സാധാരണ ലക്ഷക്കണക്കിന് പനി

ബാധിതരുടെ കണക്കാണ് കേൾക്കാറുള്ളത്. പഴയ പത്രക്കടലാസുകൾ എടുത്തുനോക്കിയാൽ കാണാം. ഞാനും താങ്കളും എല്ലാംകൂടി ഇടപെട്ട് പ്രവർത്തിച്ചതിന്റെ, അവനവന്റെ നിയോജകമണ്ഡലത്തിൽ പകർച്ചപ്പനി വരാതിരിക്കാൻ എം.എൽ.എ.-മാർ നന്നായി ഇടപെട്ടു. അവിടെ യോഗം വിളിച്ചുകൂട്ടി. നല്ല രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇടപെട്ടു. നാം നടത്തിയ source reduction-ന്റെയും 'ആരോഗ്യ ജാഗ്രതാ പ്രതിദിനം പ്രതിരോധം കാമ്പെയി'ന്റെയും ഭാഗമായിട്ടാണ് ഇത്തവണ പനി കുറഞ്ഞത്. എന്നാൽ ഒരാഴ്ച നമ്മൾ മിണ്ടാതിരുന്നാൽ ഈ പനി കൂടും. അതൊന്നും ഒരു പത്രാസായി പറയുന്നതല്ല. അത് കൂടരുത്. നമ്മൾ ഈ പ്രവർത്തനം തുടർന്നുകൊണ്ടുപോകണം. ഇത്തവണ ഡെങ്കിപ്പനിമൂലമുള്ള മരണം വളരെ കുറവാണ്. എലിപ്പനി 2017-നേക്കാളും വളരെ കുറവാണ്. 2018-ൽ കുറച്ച് കുറഞ്ഞു, 2019-ൽ വീണ്ടും കുറഞ്ഞു. 2018-ൽ ഫ്ലഡ് വന്നതിനുശേഷം കുറച്ചുകൂടിയിട്ടുണ്ട്, പക്ഷെ നാം ഭയന്നിരുന്നതുപോലെ കൂടിയിട്ടില്ല. Doxycycline prophylaxis ഫ്ലഡിനുശേഷം കൃത്യമായിട്ട് നടത്തിയതിന്റെ ഫലമായിട്ടാണിത്. ആദ്യമായി 20 വീടിന് ഒരു സ്ക്വാഡ് എന്ന നിലയിൽ ആരോഗ്യസേന രൂപീകരിച്ച് പ്രവർത്തിക്കുകയാണ്. ഫ്ലഡുമായി ബന്ധപ്പെട്ട് നമുക്ക് വിജയഗാഥകളുണ്ട്, ഫ്ലഡ്സിൽ എങ്ങനെ ഇടപെട്ടുവെന്നുള്ളതിന്റെ വിശദാംശങ്ങൾ ഞാൻ വിശദമായി എഴുതി വച്ചിട്ടുണ്ട്, കാരണം അതൊരു ടീം വർക്കാണ്. ആ ടീം വർക്കിന് ആരോഗ്യ വകുപ്പ് നേതൃത്വം കൊടുത്തുവെന്നുള്ളതാണ്. കരയിലേയ്ക്ക് വന്ന ഒരു ജീവൻപോലും പൊലിഞ്ഞു പോകാതെ, നഷ്ടപ്പെട്ടുപോയ ഇൻസുലിൻ പമ്പ് പുനഃസ്ഥാപിച്ചും ഏതെങ്കിലും കാൻസർ പേഷ്യന്റിന്റെ ചികിത്സ മുടങ്ങിപ്പോകുന്നുണ്ടോയെന്ന് നോക്കിയും പനിയുണ്ടോയെന്ന് നോക്കിയും കൂടെ നടന്നുകൊണ്ടാണ് എല്ലാ ക്യാമ്പുകളിലും വീടുകളിലും ആരോഗ്യ പ്രവർത്തകരും ആശാ വർക്കർമാരും എത്തി പരിഹരിച്ചത്. ഓഖി വന്നപ്പോൾ കടലിൽ നിന്നും കരയിലേയ്ക്ക് ആളുകളെ കൊണ്ടുവരുമ്പോൾ വളരെ സ്റ്റിഫായിട്ടാണ് പലരും ഉണ്ടായിരുന്നത്, കൈകാലുകളൊക്കെ മുറുക്കി പിടിച്ചിരുന്നു; അതെല്ലാം നിവർത്തി രക്ഷിച്ച് കരയിൽ കൊണ്ടുവന്ന ജീവൻ പൊലിഞ്ഞുപോകാതെ രക്ഷിക്കാൻ ആരോഗ്യ വകുപ്പിന്റെ പ്രവർത്തകർക്ക് കഴിഞ്ഞു. ആരോഗ്യ വകുപ്പിലെ ഡോക്ടർമാരും നഴ്സുമാരുമൊക്കെ അടങ്ങിയ എന്റെ ജീവനക്കാരേയും സെക്രട്ടറിമാരേയുമെല്ലാം ഞാൻ ഒരുപാട് അഭിനന്ദിക്കുകയാണ്. കാരണം ഉറക്കമിളച്ചിട്ടാണ് അവരെല്ലാം ആ പ്രവർത്തനത്തിന് കൂട്ട് നിന്നത്. നിപയും അതുപോലെ തന്നെയാണ്. എല്ലാപേരും സഹകരിച്ചു, പക്ഷെ അതൊരു ഭയാനകമായ അവസ്ഥ തന്നെയായിരുന്നു. ഇപ്പോൾ അതിജീവിച്ചപ്പോൾ എല്ലാപേർക്കും ഭാഗ്യമുണ്ടെന്നൊക്കെ പറയാം. പക്ഷെ ഒരു ഭാഗ്യത്തിനും

വിട്ടുകൊടുക്കാൻ ഞങ്ങൾ തയ്യാറായിട്ടില്ല. 40 ദിവസം ക്യാമ്പുചെയ്തിട്ടാണ് കോഴിക്കോട്ട് നിപാ ബാധിതരായി കൂടുതൽ ആളുകൾ മരിക്കാതിരിക്കാൻ പരിശ്രമിച്ചത്. ഐസൊലേഷൻ വാർഡ് സെറ്റ് ചെയ്യാനും ഉപകരണങ്ങൾ ധരിപ്പിക്കാനും പരിശീലനം കൊടുക്കാനും ഇല്ലാത്ത ഉപകരണങ്ങൾ കൊണ്ടുവരാനുമെല്ലാം നല്ല പ്രയാസമുണ്ടായിരുന്നു. നാളെ ആരെങ്കിലും അഭിനന്ദിക്കുമെന്ന് വച്ച് ചെയ്തതല്ല; മനുഷ്യന്റെ ജീവൻ രക്ഷിക്കാനുള്ള അത്യാഗ്രഹംകൊണ്ട് ചെയ്തതാണ്; പിന്നീടത് ആളുകൾ അഭിനന്ദിച്ചു. നിങ്ങൾ നിപ വൈറസ് ആദ്യമായി കണ്ടുപിടിച്ചത് സ്വകാര്യ ആശുപത്രിയിൽ നിന്നല്ലേ, എന്നതാണ് ചോദ്യം. അതെ. അതിൽ ആദ്യത്തെ കേസ് മെഡിക്കൽ കോളേജിൽവച്ച് മരിച്ചു, അതേ ലക്ഷണം വന്ന കേസ് സ്വകാര്യ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു, അവിടെനിന്നാണ് കണ്ടുപിടിച്ചത്. ആരോടും പറയാതെയാണ് കണ്ടുപിടിച്ചതെന്നൊക്കെ എം. കെ. മുനീർ സാഹിബ് ഇവിടെ പറയുന്നത് കേട്ടു; എന്തിനാണ് പറഞ്ഞതെന്ന് എനിക്കറിയില്ല. ഞങ്ങൾ തമ്മിൽ നല്ല ആശയവിനിമയം ഉണ്ടായിരുന്നു. ഡോക്ടർ അനൂപ്, ജയകൃഷ്ണൻ എന്നിവർ ഞങ്ങളുടെ കൂടെയിരുന്ന് ചർച്ച ചെയ്യുന്നുണ്ടായിരുന്നു. ഏതായാലും അത് ഒരു കൂട്ടായ പ്രവർത്തനമാണ്. 18 പേർ പോസിറ്റീവ് ആയതിൽ 16 പേർ മരിച്ചുപോയി; പക്ഷെ രണ്ട് ജീവൻ രക്ഷപ്പെട്ടത് സർക്കാർ മെഡിക്കൽ കോളേജിൽ നിന്നാണെന്ന് ഓർക്കണം. മെഡിക്കൽ കോളേജ് ഒന്നും ചെയ്തിട്ടില്ല എന്നല്ല, ചെയ്തു. ഇപ്പോൾ എറണാകുളത്ത് വന്നപ്പോൾ നമുക്ക് നേരത്തെയുള്ള അനുഭവങ്ങളുണ്ട്; അതിന്റെ ഭാഗമായി ഞങ്ങൾ ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി കൂടുതൽ പടരാതിരിക്കാൻ സാധിച്ചു. ആരോഗ്യ വകുപ്പിന്റെ ഭാഗമായിട്ടുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗം വളരെ നല്ല രീതിയിൽ ഇടപെട്ട് തുടങ്ങിയിട്ടുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നിപ ഈ വർഷം പടർന്നില്ലായെന്നതാണ് ഭാഗ്യമായി ഞാൻ പറഞ്ഞത്. അല്ലാതെ മറ്റുകാര്യങ്ങളല്ല. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. ഏഴ് കോടി രൂപയേയുള്ളൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതെല്ലാം പറയണമെങ്കിൽ എനിക്ക് കുറച്ചുസമയം തരണം. ഞാൻ ഒന്നും ആവർത്തിക്കുന്നില്ല. ഒറ്റവാക്കിലേ പറയുന്നുള്ളൂ; എന്നാൽ പോലും ഇതെല്ലാം പറയാൻ എനിക്ക് സമയം തന്നേ മതിയാകൂ.

മി. സ്പീക്കർ: ചർച്ചയിൽ ഉയർന്നുവന്ന എല്ലാ കാര്യങ്ങൾക്കും അങ്ങേയ്ക്ക് മറുപടി പറയാം. വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറയണമെന്നില്ല, സമയം ആവശ്യത്തിന് എടുത്തിരിക്കുന്നു. ചെയറിന് ആരോടും ഒരു അവഗണനയുമില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതിന്റെ ഭാഗമായി പറയാം. കോഴിക്കോട്ട് അന്നുതന്നെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നമ്മൾ ആഗ്രഹിച്ചു. നമുക്ക് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്വന്തം ഇഷ്ടപ്രകാരം സ്ഥാപിക്കാൻ പറ്റില്ല. നിപ വൈറസ് ലേശം ബുദ്ധിമുട്ടുള്ള വൈറസാണ്. ലെവൽ 3 സംവിധാനമുണ്ടാക്കാൻ I.C.M.R. (Indian Council of Medical Research)-ന്റെ പെർമിഷൻ വേണം. ഈ മേയ് മാസത്തിലാണ് I.C.M.R.-ന്റെ പെർമിഷൻ കിട്ടിയത്. 3 കോടി രൂപയും കിട്ടി. 7 കോടി രൂപയ്ക്ക് പോകേണ്ട കാര്യമില്ല, പക്ഷെ അവരുടെ പെർമിഷൻ വേണം. അത് നമ്മൾ തുടങ്ങുകയാണ്. ഇന്ന് പറഞ്ഞാൽ നാളത്തേക്ക് പറ്റുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് നിർമ്മിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് സ്ഥാപിച്ചുകഴിഞ്ഞു. അതിന്റെ ഉപകരണങ്ങൾ കുറേ വന്നു, ബാക്കി വന്നുകൊണ്ടിരിക്കുകയാണ്. അതും ചെയ്യാം. ആലപ്പുഴയെ സ്ട്രെംഗ്തൻ ചെയ്തിട്ടുണ്ട്, ഇത്തവണ നമുക്ക് ആലപ്പുഴയിൽ നിന്ന് ടെസ്റ്റ് ചെയ്യാൻ സാധിച്ചു, അതിന്റെ ഫുൾ സ്ട്രെംഗ്തിലേയ്ക്ക് നമുക്ക് കൊണ്ടുവരാം. എവിടെ നിപ വന്നാലും പിറ്റേന്ന് അതിന്റെ ഉറവിടം കണ്ടെത്തില്ല. അത് കുറേനാൾ പരിശോധിക്കും. രണ്ടുമാസം കഴിഞ്ഞപ്പോഴാണ് കോഴിക്കോട് ഉറവിടം കണ്ടെത്തിയത്. എറണാകുളത്ത് പരിശോധനാ സംഘം അവിടെത്തന്നെയുണ്ട്, വിദഗ്ദ്ധർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്; എന്തായാലും ഉറവിടം കണ്ടെത്തും. വിമൻ ആന്റ് ചിൽഡ്രൻ ഡിപ്പാർട്ടുമെന്റ് പുതുതായി രൂപം കൊണ്ട വകുപ്പാണ്. വിമൻ ആന്റ് ചിൽഡ്രൻ ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായിട്ട് ഈ രണ്ടുവർഷക്കാലത്തിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തുപോകുന്നു. വനിതാ വികസന കോർപ്പറേഷന്റെ ഭാഗമായി സ്ത്രീകൾക്ക് ലോൺ കൊടുക്കുന്ന കാര്യത്തിലും വിധവകൾക്ക് വേണ്ടിയുള്ള ചില പദ്ധതികൾ, 40 കോടി രൂപയാണ് നേരത്തെ ലോൺ കൊടുത്തിരുന്നതെങ്കിൽ 130 കോടി രൂപയിലേയ്ക്ക് മാറിയിരിക്കുന്നു. സ്ത്രീകൾക്ക് ജോലി കൊടുക്കാനുള്ള സംവിധാനത്തിന്റെ ഭാഗമായി ചക്കിട്ടപ്പാറയിൽ 18 ആദിവാസി വനിതകൾക്ക് സ്ഥിരം തൊഴിൽ കൊടുക്കാൻ സാധിച്ചിരിക്കുന്നു. അതുപോലെ നിരവധി പദ്ധതികൾ നടക്കുന്നുണ്ട്.

ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം ത്വരിതപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ അവകാശത്തിനുവേണ്ടി നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തി. ജെൻഡർ പാർക്ക് അന്താരാഷ്ട്ര തലത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റാനുള്ള നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങുകയാണ്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. സംസ്ഥാന സാമൂഹിക സുരക്ഷാ മിഷന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് നടക്കുന്നത്. സോഷ്യൽ ജസ്റ്റിസ്

ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് വനിതാ ശിശു വികസന വകുപ്പിൽ സാമൂഹ്യക്ഷേമ ബോർഡ്, ശ്രീചിത്രാഹോം നവീകരിക്കാനുള്ള പദ്ധതി, വനിതാ കമ്മീഷന്റെ പ്രവർത്തനം ഇതെല്ലാം വളരെ നന്നായി നടക്കുന്നു. സാമൂഹ്യനീതി വകുപ്പ് ഭിന്നശേഷിക്കാർക്ക് വേണ്ടി അനുയാത്ര പദ്ധതി നടപ്പിലാക്കി. അതിൽ 22 പദ്ധതികളുണ്ട്. അനുയാത്ര പദ്ധതിയുടെ ഭാഗമായി ഏർലി ഡിറ്റക്ഷൻ മുതൽ റീഹാബിലിറ്റേഷൻ വരെയുള്ള നിരവധി കാര്യങ്ങൾ നടക്കുന്നു. വയോജന ക്ഷേമത്തിന്റെ ഭാഗമായി സായംപ്രഭാ ഹോമുകൾ, സായംപ്രഭാ പദ്ധതി - അംബ്രല്ലാ സ്കീമിന്റെ ഭാഗമായി ഹോമുകൾ നവീകരിക്കുന്നതടക്കം വയോജന സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നു. അതിനാണ് നമുക്ക് കേന്ദ്ര ഗവൺമെന്റിന്റെ വയോശ്രേഷ്ഠ അവാർഡ് ലഭ്യമായിട്ടുള്ളത്. മുതിർന്ന പൗരന്മാർക്ക് പല്ല് സൗജന്യമായി വച്ചുകൊടുക്കാനുള്ള മന്ദഹാസം പദ്ധതി, വയോ മധുരം പദ്ധതി തുടങ്ങി നിരവധി പദ്ധതികളാണ് അതിൽ നടക്കുന്നത്. ആഫ്റ്റർ കെയർ ഹോമിലുള്ള പദ്ധതികളുണ്ട്, ആക്കുകളൊക്കെ നടപ്പിലാക്കാൻ ആവശ്യമായ പദ്ധതികളുണ്ട്, താലോലം എന്നീ പദ്ധതികളെല്ലാമുണ്ട്. ശ്രുതിതരംഗം പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട എം. കെ. മുനീർ സാഹിബ് ഇവിടെ പറഞ്ഞു, അത് അദ്ദേഹം കൊണ്ടുവന്നതാണ്. ശ്രുതിതരംഗം പദ്ധതി അവസാനിപ്പിച്ചിട്ടില്ല, ശ്രുതിതരംഗം പദ്ധതിയിൽ 351 പേർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ രണ്ടുകൊല്ലം കൊണ്ട് നടത്തിയിട്ടുണ്ട്. കഴിഞ്ഞ 5 കൊല്ലംകൊണ്ട് നടത്തിയത് 624 ആയിരുന്നു, 351 പേർക്ക് ഇപ്പോൾ നടത്തിയിട്ടുണ്ട്. ശ്രുതിതരംഗം പദ്ധതിയിലെ കോക്ലിയർ ഇംപ്ലാന്റിന്റെ ഗ്യാരന്റി 4 വർഷമായിരുന്നു, എന്നാൽ 9 വർഷമാണ് ഇപ്പോൾ കൊടുക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വാറന്റി അവസാനിച്ചിരുന്നത് ദീർഘിപ്പിച്ച് കൊടുത്തിട്ടുണ്ട്. ശ്രുതിതരംഗത്തിന്റെ മുന്നോടിയായി കാതോരം പദ്ധതി കൊണ്ടുവന്ന് ഏർളി സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്. ധ്വനി പദ്ധതിയിലൂടെ പ്രൊസസ്സർ കേടായത് പുന:സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുണ്ട്. ഒരു പദ്ധതിയും അവസാനിപ്പിച്ചിട്ടില്ല, സുകൃതം പദ്ധതി അവസാനിപ്പിച്ചിട്ടില്ല. 84 കോടി രൂപയാണ് സുകൃതം പദ്ധതിക്കായി ഈ ഗവൺമെന്റ് തന്നിട്ടുള്ളത്, 65 കോടി രൂപ ചെലവഴിച്ചിരിക്കുന്നു. വി-കെയർ പദ്ധതി തുടങ്ങിയിട്ട് 17 പേർക്കാണ് യു.ഡി.എഫ്. ഗവൺമെന്റ് സഹായം കൊടുത്തിരുന്നത്. ഇത്തവണ 400 പേർക്കാണ് വി-കെയർ പദ്ധതിയിൽ സഹായം നൽകിയത്. കയ്യില്ലാത്തവർക്ക് കൈ വച്ചുകൊടുക്കാൻ, കഴിഞ്ഞ പ്രാവശ്യം വിവാഹം നടത്തിക്കൊടുക്കാനോ മറ്റോ ആണ് അത് ഉപയോഗിച്ചത്. എം. കെ. മുനീർ സാഹിബ് പറഞ്ഞതുപോലെ അതിന്റെ അന്തഃസത്ത നഷ്ടപ്പെടാതെ നടപ്പിലാക്കുന്നത് ഈ ഗവൺമെന്റാണ്. താങ്കൾ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും അംഗീകരിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, തെറ്റിദ്ധാരണ വേണ്ട. വി-കെയർ ഞങ്ങളുണ്ടാക്കിയത് ഞങ്ങളുടെ മിനിസ്ട്രിയുടെ അവസാന കാലഘട്ടത്തിലാണ്. അതിന്റെ ഉദ്ദേശങ്ങൾ പലതുമുണ്ട്, അവ ടീച്ചറുമായി വിശദമായി ആശയവിനിമയം നടത്താമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. അതല്ലാതെ അതിനെതിരെ സംസാരിച്ചതല്ല. ആ അർത്ഥത്തിൽ വലിയ സാധ്യതയുള്ളതാണ് പേമെന്റ് ഗേറ്റ്വേ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങ് പറയുന്നത് ശരിയാണ്. കുന്നംപറമ്പിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഞാൻ കുന്നംപറമ്പിനെക്കുറിച്ച് പറഞ്ഞിട്ടില്ല. ഓൺലൈനിൽ ചിലർ ചികിത്സാ തട്ടിപ്പ് നടത്തുന്നതായി പരാതി ലഭിച്ചു. ഇത് സംബന്ധിച്ച വീഡിയോയും ലഭിച്ചിരുന്നു. പണം പിരിക്കുന്നതിന്റെ കമ്മീഷൻ നൽകുന്നതിനെക്കുറിച്ചായിരുന്നു അതിൽ പറഞ്ഞിരുന്നത്. ഞങ്ങളുടെ അക്കൗണ്ടിൽ വന്ന പണത്തിന്റെ 20% കമ്മീഷൻ പിരിച്ചുതരുന്ന ഏജൻസിക്ക് കൊടുക്കണമെന്ന് പറഞ്ഞതായി ഒരു പെൺകുട്ടിയാണ് പറയുന്നത്. എന്നോട് അക്കാര്യം ചോദിക്കുമ്പോൾ മന്ത്രി എന്ന നിലയിൽ എനിക്ക് പ്രതികരിക്കാതിരിക്കാൻ കഴിയുമോ? അത്തരത്തിലുള്ള തട്ടിപ്പൊന്നും പറ്റില്ലെന്നും എന്നാൽ നാട്ടിൻപുറങ്ങളിൽ ഫണ്ട് പിരിച്ച് പാവങ്ങളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതൊന്നും തടസ്സപ്പെടുത്താൻ പറ്റില്ലെന്നുമാണ് ഞാൻ പറഞ്ഞത്. ആരെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവർ കുടുങ്ങണം, തെറ്റുചെയ്യാത്തവർ കുടുങ്ങുകയുമില്ല. ഇതിൽ ഞാൻ ആരുടെയും പേരെടുത്ത് ഒരു കാര്യവും പറഞ്ഞിട്ടില്ല. ഫിറോസ് കുന്നംപറമ്പിലിനെക്കുറിച്ചാണ് ഞാൻ പറഞ്ഞതെന്ന് ആരോപിച്ചുകൊണ്ട് ഫേസ്ബുക്കിൽ നിറയെ പോസ്റ്റായിരുന്നു. അത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലായില്ല, പരിശോധിക്കേണ്ട വിഷയമാണ്.

കുട്ടികളുടെ വിദ്യാഭ്യാസ സഹായത്തിനായി സ്നേഹ സാന്ത്വനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മിഠായി പദ്ധതി പണ്ടുള്ളതാണെന്ന് പറഞ്ഞു, ടൈപ്പ് വൺ ഡയബറ്റീസുകൊണ്ട് ബുദ്ധിമുട്ടുന്ന കുട്ടികൾക്കായുള്ള മിഠായി പദ്ധതി പുതിയതാണ്; നിരവധി കുട്ടികൾക്ക് അതിന്റെ ആനുകൂല്യം ലഭിച്ചുകഴിഞ്ഞു. കേരളത്തിൽ ആദ്യമായാണ് ടോട്ടൽ ട്രോമാകെയർ പ്രോജക്ട് ലോഞ്ച് ചെയ്തത്. ഇതിനായി 315 ആംബുലൻസ് ടെണ്ടർ ചെയ്തുകഴിഞ്ഞു, അവ ഉടനെ കൊടുത്തയയ്ക്കും. 'നിഷ് ' -നെ ഭിന്നശേഷിക്കാർക്കുള്ള ഒരു യൂണിവേഴ്സിറ്റിയായി വളർത്തണമെന്നുണ്ട്. അതിനായുള്ള പ്രൊപ്പോസൽ വന്നുകഴിഞ്ഞു. 'നിഷ്'-നെ കേന്ദ്ര യൂണിവേഴ്സിറ്റിയാക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും കേന്ദ്ര ഗവൺമെന്റ് അവസാനം കാലുമാറി. 'എയിംസ്' തരാത്തതുപോലെതന്നെ ഇതും തന്നില്ല. അതുകൊണ്ട് സംസ്ഥാനതലത്തിൽ ഒരു യൂണിവേഴ്സിറ്റിയാക്കി മാറ്റാൻ കഴിയുമോ എന്ന ചർച്ച നടക്കുകയാണ്. തസ്തികകൾ സൃഷ്ടിച്ചതിനെക്കുറിച്ചെല്ലാം ഞാൻ ഇവിടെ

പറഞ്ഞുകഴിഞ്ഞു. പഴയതൊന്നും നിർത്തലാക്കിയിട്ടില്ല. വന്ന ചോദ്യങ്ങൾക്ക് കുറച്ച് മറുപടിയും കൂടി പറഞ്ഞ് നിർത്താം. ആയുഷ് മേഖലയിൽ ഇന്റർനാഷണൽ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന് 300 ഏക്കർ സ്ഥലം അക്വയർ ചെയ്തുകഴിഞ്ഞു, അതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ തറക്കല്ലിടുകയും ചെയ്തു. ഈ മഴക്കാലത്ത് അതിന്റെ ബാക്കി പ്രവർത്തനങ്ങൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായും മറ്റ് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആരംഭിക്കുകയാണ്. 'എന്റെ കൂട്' പദ്ധതിയെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. അത് പഴയ പദ്ധതിയല്ല, പേര് അങ്ങനെയായിപ്പോയി എന്നേയുള്ളൂ. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന അഗതികളെ രാത്രി പാർപ്പിക്കാനായിരുന്നു യു.ഡി.എഫ് -ന്റെ കാലത്ത് 'എന്റെ കൂട്' പദ്ധതി കോഴിക്കോട് തുടങ്ങിയത്. തിരുവനന്തപുരത്തെ 'എന്റെ കൂട്' പദ്ധതി അതല്ല. എന്തെങ്കിലും ആവശ്യങ്ങൾക്ക് വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി തങ്ങാനുള്ള പദ്ധതിയാണ് 'എന്റെകൂട് '. പേര് രണ്ടും ഒന്നായതുകൊണ്ട് ഏതെങ്കിലും ഒന്നിന്റെ പേര് മാറ്റുക എന്നതേ നിവൃത്തിയുള്ളൂ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ കുറേയേറെ കാര്യങ്ങൾ പറഞ്ഞു. വയനാട് ജില്ലയിൽ ഈ ഗവൺമെന്റ് വന്നപ്പോൾ ചെയ്തിട്ടുള്ള മുഴുവൻ കാര്യങ്ങളും ഇവിടെ എഴുതിവച്ചിട്ടുണ്ട്. അത് ഞാൻ ശ്രീ. ഐ. സി. ബാലകൃഷ്ണന് നൽകാം. സമയം പോകുന്നതുകൊണ്ട് പറയുന്നില്ല. വയനാട് ജില്ലാ ആശുപത്രിയിൽ ഈ ഗവൺമെന്റ് വരുമ്പോൾ 26 ഡോക്ടർമാരേ ഉണ്ടായിരുന്നുള്ളൂ; ഇപ്പോൾ 53 പേരുണ്ട്. ശ്രീ. ഐ. സി. ബാലകൃഷ്ണൻ നിഷേധിക്കുമോ എന്നറിയില്ല. അവിടെപ്പോയി ആളെ തൊട്ട് എണ്ണിനോക്കിയാൽ മതി.

സിക്കിൾ സെൽ അനീമിയ രോഗികൾക്ക് കിട്ടിയിരുന്ന 1000 രൂപ 2000 രൂപയായി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. ഇന്നുവരെ കുടിശ്ശികയില്ലാതെ അത് നൽകിയിട്ടുണ്ട്. കൊടുക്കുന്നില്ല എന്ന് പറഞ്ഞത് വെറുതെയാണ്. ഒരു കാര്യംകൂടി പറയുകയാണ്, വയനാട് ജില്ലാ ആശുപത്രിയിൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് പുതിയൊരു ബ്ലോക്കിന്റെകൂടി നിർമ്മാണം നടക്കുകയാണ്. അതിനകത്ത് സിക്കിൾ സെൽ അനീമിയ രോഗികൾക്ക് അത്യന്താധുനികമായ ഒരു സ്പെഷ്യൽ സെല്ലും സ്പെഷ്യൽ റൂമും നൽകുന്നതാണ്. അവിടെ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എപ്പിഡെമിയോളജി സർവ്വേ നടക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നില്ല എന്നുപറഞ്ഞതുകൊണ്ട് പറയുകയാണ്. അതിന്റെ റിസൽട്ട് ഉടനെ കിട്ടും. അച്യുത മേനോൻ സ്റ്റഡി സെന്ററാണ് സർവ്വേ നടത്തുന്നത്. അത് നമുക്ക് നന്നായി ഉപയോഗപ്പെടുത്താൻ സാധിക്കും. ബി.പി.എൽ. കുടുംബങ്ങളിലുള്ളവർക്ക് പ്രൈവറ്റ് ലാബിൽ പോകേണ്ടി വരുന്നുവെന്നതിന് ഞാൻ നേരത്തേ മറുപടി പറഞ്ഞു. 230-ഓളം ലാബുകൾ

കേരളത്തിൽ പുതിയതായി വന്നിട്ടുണ്ട്. ഇതിന്റെ സൗകര്യം കിട്ടുന്നത് ബി.പി.എൽ.-കാർക്കാണ്. സുകൃതം പദ്ധതി നിർത്തലാക്കിയിട്ടില്ല. ആരോഗ്യ യൂണിവേഴ്സിറ്റിയിൽ കോഴ്സുകളൊന്നും നിർത്തലാക്കിയിട്ടില്ല. പഴയ കോഴ്സുകൾ തുടരുന്നുണ്ട്. ഹൗസ് സർജന്മാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. ശ്രീ. ചിറ്റയം ഗോപകുമാർ ഇവിടെ നല്ല കാര്യങ്ങളേ പറഞ്ഞിട്ടുള്ളൂ. ശ്രീ. പി. കെ. അബ്ദു റബ്ബ്, എം.എൽ.എ. കുറച്ചുകാര്യങ്ങൾ പറഞ്ഞു; എല്ലാത്തിനും ഞാൻ പദാനുപദം മറുപടി പറയുന്നില്ലെങ്കിലും പ്രഖ്യാപനം മാത്രം എന്നുള്ളതിന് ഇവിടെ എന്തെല്ലാം ചെയ്തു എന്ന മറുപടി ഞാൻ പറഞ്ഞുകഴിഞ്ഞു. വെന്റിലേറ്ററിന്റെ കാര്യം ബഹുമാനപ്പെട്ട എം. കെ. മുനീർ അടക്കം സൂചിപ്പിച്ചു; 12 വെന്റിലേറ്റർ കോഴിക്കോട് മെഡിക്കൽ കോളേജിന് വാങ്ങിനൽകിയെന്നത് ശരിയാണ്. വെന്റിലേറ്റർ എത്രയെണ്ണം വാങ്ങിനൽകിയാലും അവ ഫുള്ളാകുകയാണ്. അടുത്ത പേഷ്യന്റ് വരുമ്പോൾ വെന്റിലേറ്റർ ഒഴിവുണ്ടാകില്ല എന്ന അവസ്ഥയാണ്. കോട്ടയത്തും സംഭവിച്ചത് അതുതന്നെയാണ്. കോട്ടയത്ത് വെന്റിലേറ്ററുണ്ടോയെന്ന് വിളിച്ചു ചോദിക്കാതെയാണ് ഏതോ സ്വകാര്യ ആശുപത്രിയിൽ നിന്നും രോഗിയെ ഇങ്ങോട്ട് വിട്ടിരിക്കുന്നത്, എന്നിട്ടും ഗവൺമെന്റ് മെഡിക്കൽ കോളേജിനെ കുറ്റംപറയാൻ എന്തൊരു സാമർത്ഥ്യമാണ് നിങ്ങൾ കാണിക്കുന്നത്. അവരുടെ ഭാഗത്ത് പിഴവുണ്ടെങ്കിൽ അത് ഉറപ്പായും പറയും. ഡോക്ടർമാരുടെ അലംഭാവം എന്നെല്ലാം പറയുന്നുണ്ട്. നിയമനങ്ങൾ ഏറ്റവും കൂടുതൽ നടന്നു. 2050 പേരെ പി.എസ്.സി. വഴി നിയമിച്ച സർക്കാരാണിത്. മുടങ്ങിക്കിടന്ന ഡി.പി.സി. മുഴുവനും കൂടിയ സർക്കാരാണിത്. അതിന്റെയെല്ലാം കണക്ക് കൃത്യമായുണ്ട്. അതുകൊണ്ട് നിയമനത്തിൽ അലംഭാവം എന്ന് പറയാൻ സാധിക്കില്ല. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, പലപ്പോഴായി കൊണ്ടുവരാൻ ശ്രമിച്ചത് ഈ ഗവൺമെന്റ് കൊണ്ടുവന്നു. റൂൾസ് ആയി, രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. കാര്യക്ഷമമാക്കാൻ പറഞ്ഞതെല്ലാം അങ്ങനെ ചെയ്യാം. ശ്രീ. സി. കെ. നാണു, എം.എൽ.എ. കുറച്ച് കാര്യങ്ങൾ പറഞ്ഞത് വളരെ പോസിറ്റീവായിട്ടാണ്. ശ്രീമതി യു. പ്രതിഭ, എം.എൽ.എ. പോസ്റ്റിട്ടതിനെക്കുറിച്ച് പറയുന്നത് കേട്ടു. അവരുടെ മണ്ഡലത്തിലെ ആശുപത്രിയിൽ കൂടുതൽ കാര്യങ്ങൾ കിട്ടണമെന്ന അർത്ഥത്തിലാണ് ചെയ്തത്. കാരണം, മറ്റ് സ്ഥലങ്ങളിൽ കാണുമ്പോൾ ആ അഭിനന്ദനങ്ങൾ കിട്ടാൻ ഞങ്ങൾക്കും ആഗ്രഹമുണ്ടെന്നാണ് പറഞ്ഞത്. കായംകുളം ആശുപത്രിയിൽ കുറെക്കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഫാമിലി ഹെൽത്ത് സെന്റർ ആക്കിമാറ്റി. കാര്യങ്ങളെല്ലാം അവർക്കറിയാം. അതുകൊണ്ട് അവരെ കളിയാക്കേണ്ട കാര്യമില്ല. എല്ലാ സ്ഥലത്തും ചെയ്യുന്നതുപോലെ അവിടെയും ചെയ്തിട്ടുണ്ടെന്ന കാര്യം അവരും

അംഗീകരിക്കുന്നുണ്ട്. ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞത് കാൻസർ രോഗം ആരംഭ ദിശയിൽത്തന്നെ കണ്ടുപിടിക്കാൻ സംവിധാനമുണ്ടാക്കണമെന്നാണ്. ക്യാൻസർ ഏർലി ഡിറ്റക്ഷൻ, സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ എന്നിവയെക്കുറിച്ച് പറഞ്ഞത് അതു സംബന്ധിച്ചാണ്, അവയൊക്കെ നന്നായി നടപ്പിലാക്കുന്നുണ്ട്. സ്പെഷ്യൽ സ്കൂളിനെക്കുറിച്ച് സബ്മിഷന് മറുപടി പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. അവ എയ്ഡഡ് ആക്കുന്ന പ്രശ്നമേയില്ല. എ, ബി, സി എന്നിങ്ങനെ കാറ്റഗറി തിരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ചാണ് പാക്കേജ് നിശ്ചയിച്ചത്. അക്കാര്യങ്ങളിൽ എന്തുചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ചീഫ് സെക്രട്ടറി അടുത്ത ദിവസം യോഗം വിളിച്ചിട്ടുണ്ട്; അതിനനുസരിച്ച് അവയുടെ നടപടികളിലേയ്ക്ക് പോകും. ആ വിഷയത്തിൽ ഡിലേ വന്നിട്ടില്ല. പ്രിപ്പയർ ചെയ്യാൻ സ്വാഭാവികമായും ആവശ്യമായ സമയമേ എടുത്തിട്ടുള്ളൂ. പ്രധാനപ്പെട്ട സംശയങ്ങൾക്കും ആരോപണങ്ങൾക്കും മിക്കവാറും മറുപടി പറഞ്ഞുകഴിഞ്ഞു.

ഇനിയുള്ളത് ഫുഡ്സേഫ്റ്റിയെക്കുറിച്ചാണ്. ഓപ്പറേഷൻ സാഗർ റാണി, ഓപ്പറേഷൻ പനയല തുടങ്ങിയ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. 3 ഫുഡ് സേഫ്റ്റി ലാബുകൾക്കും NABL അക്രെഡിറ്റേഷൻ ലഭിച്ചുകഴിഞ്ഞു. ഒരു ഫുഡ്സേഫ്റ്റി ലാബ് മലബാറിൽ സ്ഥാപിക്കാൻ പോകുകയാണ്. അതൊരു നല്ല റിസർച്ച് സെന്ററായി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇ-ഹെൽത്ത് പദ്ധതി കേരളത്തിന്റെ അഭിമാനമായി വരികയാണ്. 96 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതിൽ ആദ്യഗഡു മാത്രമാണ് ഇപ്പോൾ ലഭിച്ചത്. നല്ലൊരു പദ്ധതിയായി ഇ-ഹെൽത്ത് പദ്ധതി മുന്നോട്ടുപോകുന്നുണ്ട്. കിഫ്ബി പദ്ധതികളെക്കുറിച്ചും പറഞ്ഞുകഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ നന്നായതുകൊണ്ട് ആശുപത്രികളിലെ ഒ.പി. വിഭാഗത്തിൽ നല്ല തിരക്കുണ്ട്. കാരുണ്യ സുരക്ഷാ പദ്ധതിയെക്കുറിച്ച് ഞാൻ വിശദമായി മുമ്പ് പറഞ്ഞതാണ്. ഇവിടെയുണ്ടായിരുന്ന ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ് എന്നിവയെല്ലാം ഒരുമിച്ച് ചേർത്തിട്ടാണ് ' കാസ്പ് ' ആരംഭിച്ചത്. എന്നാൽ ആയുഷ്മാൻ ഭാരതിൽ ഇവ അപ്പാടെ ലയിപ്പിക്കുമായിരുന്നെങ്കിൽ 8 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുമായിരുന്നുള്ളൂ, നമ്മുടെ 21.57 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽനിന്നും വെളിയിലായിപ്പോകുമായിരുന്നു. അതുകൊണ്ട് ഒരു പുതിയ പദ്ധതി നമ്മൾ തയ്യാറാക്കിയതാണ് 'കാസ്പ് '. 41 ലക്ഷം കുടുംബങ്ങൾക്ക് ഇതിൽ അംഗീകാരം ലഭിക്കുന്നുണ്ട്. നേരത്തേ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 30000 രൂപ മാത്രമാണ് പ്രതിവർഷം കിട്ടിക്കൊണ്ടിരുന്നത്. അതാണ് ഇപ്പോൾ 5 ലക്ഷം രൂപയായി വർദ്ധിച്ചത്. 30000 രൂപയായിരുന്ന പരിധി എന്നത് മറന്നുപോകരുത്. 'കാസ്പ്' സംബന്ധിച്ച

ഫയലും ഇവിടെയുണ്ട്. ഞാൻ അവസാനിപ്പിക്കുകയാണ്. ഭക്ഷ്യസുരക്ഷ അടക്കമുള്ള എന്റെ മറ്റെല്ലാ വകുപ്പിനെക്കുറിച്ചും ഒന്ന് തൊട്ടുപോയിട്ടേയുള്ളൂ. കൂടുതൽ സമയം ആരോഗ്യമേഖലയിലാണ് ചർച്ച വന്നത് എന്നുള്ളതുകൊണ്ട് അതിലാണ് കൂടുതൽ സമയം പറഞ്ഞത്. ആയുഷ് മേഖലയിൽ ഐ.ആർ.ഐ.എ. മാത്രമല്ല, ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ് നടത്തി. ആർദ്രം മിഷനിൽ ആയുഷ് വിഭാഗത്തേയും ഉൾപ്പെടുത്തിക്കൊണ്ട് നല്ലരീതിയിൽ ഏറ്റവും ആധുനികമായി മാറ്റാൻ ശ്രമിക്കുകയാണ്. ഡയബറ്റിക്സ് ഇൻസ്റ്റിറ്റ്യൂട്ടിനെ മെച്ചപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. അതുപോലെ 'ഐകോൺസ് '-ന്റെ ഉത്തരവും ഇവിടെയുണ്ട്. അവയെല്ലാം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെന്ന് മാത്രം ഒറ്റവാക്കിൽ ഞാൻ പറയുകയാണ്. 'ആയുഷി'-നെ പ്രോത്സാഹിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇൻഡിജനസ് മെഡിസിൻ പ്രോത്സാഹിപ്പിക്കുക എന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കടക്കം താൽപ്പര്യമുള്ള ഒരു വിഷയമാണ്. ഞങ്ങൾ അതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഹോമിയോയിൽ 'ജനനി' പദ്ധതി, ഇൻഫെർട്ടിലിറ്റി വിഭാഗം എന്നിവ അടക്കമുണ്ട്. ഇൻഫെർട്ടിലിറ്റി വിഭാഗം മോഡേൺ മെഡിസിനിലൂടെ ശക്തമാക്കി എസ്.എ.ടി. ഹോസ്പിറ്റലിൽ ഇൻഫെർട്ടിലിറ്റിയുടെ ഒരു പുതിയ ഡിപ്പാർട്ട്മെന്റ് തന്നെ ആരംഭിച്ചിരിക്കുകയാണ്. അതിന്റെ പി.ജി.-യും അവിടെ ലഭ്യമായിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ 150 പി.ജി. സീറ്റ് കൂടിയിട്ടുണ്ട്. ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിന്റെ കാര്യം ഞാൻ പറഞ്ഞിട്ടുണ്ട്. അതുപോലെ 'ആയുഷ് മേഖലയിൽ യുനാനി ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്. യോഗാ നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നുണ്ട്. അന്തർദ്ദേശീയ തലത്തിൽ പേറ്റന്റ് ചെയ്യപ്പെടുന്നതിന് T.K.I.K.(Traditional Knowledge Innovation Kerala) സംരക്ഷിച്ച് പേറ്റന്റ്ഷിപ്പിനായി നമ്മൾ ശ്രമിക്കുന്നുണ്ട്. നമ്മുടെ അറിവുകൾ ആരും കൊണ്ടുപോകാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. നിരവധി പുതിയ പദ്ധതികളുണ്ട്. 'നിസർഗ്ഗ' തുടങ്ങിയ പദ്ധതികളൊക്കെയുണ്ട്. ട്രാൻസ്ജെന്റേഴ്സിനായി ഒരു പോളിസി നേരത്തെ പ്രഖ്യാപിച്ചു എന്നതല്ലാതെ ഒന്നും ചെയ്തിരുന്നില്ല. ട്രാൻസ്ജെന്റർ ബോർഡും ട്രാൻസ്ജെന്റർ കൗൺസിലും ജില്ലാ ബോർഡും ട്രാൻസ്ജെന്റേഴ്സിനെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികളും അവരുടെ സ്കിൽ ഡെവലപ്മെന്റിന്റെ പദ്ധതിയുമൊക്കെയായി 'മഴവില്ല് ' എന്ന പേരിൽ Umbrella Scheme-നുകീഴിൽ നിരവധി പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ പറയേണ്ടതിന്റെ പകുതിയേ പറഞ്ഞിട്ടുള്ളൂവെങ്കിലും അങ്ങയെ അനുസരിക്കാതിരിക്കില്ല. അതായത് ഒരുപാട് കാര്യങ്ങൾ ബാക്കിയാണെങ്കിലും ഞാൻ അതെല്ലാം മേശപ്പുറത്ത് വയ്ക്കാമെന്നുള്ള ഒരു ധാരണയിൽ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. പ്രതിപക്ഷത്തുനിന്ന് കാണിച്ചിട്ടുള്ള സഹകരണത്തിന് ഞാൻ നന്ദി പറയുന്നു. 'ശ്രുതിതരംഗം' പദ്ധതിയിലടക്കം ബഹുമാനപ്പെട്ട ഡോ.

എം. കെ. മുനീർ സാഹിബിന്റെ കുറേ സംഭാവനകൾ ഉണ്ട്. അദ്ദേഹത്തോട് സംസാരിക്കുന്നതിന് സന്തോഷമേയുള്ളൂ. കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററിന്റെ കാര്യത്തിൽ ഇടയ്ക്ക് ഒരു തടസ്സമുണ്ടായെങ്കിലും അത് മുന്നോട്ടുവരികയാണ്. അതിനെല്ലാം ഡോ. എം. കെ. മുനീർ സാഹിബിന്റെ അഭിപ്രായം തേടാറുണ്ട്. ഇപ്പോൾ പ്രതിപക്ഷനേതാവ് വളരെ നല്ല സഹകരണം നൽകി; ആ സഹകരണത്തിനും നന്ദി പറയുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് മെഡിക്കൽ കോളേജിന്റെ സ്ഥിതി എന്താണെന്ന് പറയാൻ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ തയ്യാറാകണം. ജനങ്ങൾക്ക് അതറിയാൻ ആഗ്രഹമുണ്ട്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സോറി. സമയമില്ലാത്തതു കൊണ്ടാണ് പറയാതിരുന്നത്.ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ഇവിടെ സബ്മിഷന്റെ സമയത്ത് ഞാൻ മറുപടി പറഞ്ഞതാണ്. 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭാ ചാരിറ്റബിൾ ട്രസ്റ്റിൽ നിന്ന് സൗജന്യമായി കിട്ടിയതിൽ മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള പരിശ്രമം നടത്തിവന്നു. അതിൽ 2016-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് നബാർഡിൽനിന്നും 34.85 കോടി രൂപ വിഹിതം തരുമെന്ന് പറഞ്ഞിരുന്നു. അതിൽ 6.15 കോടി രൂപയാണ് അനുവദിച്ചത്. മൂന്ന് കോടി രൂപയുടെ ഭരണാനുമതി അപ്രോച്ച് റോഡിനാണ്. ബാക്കി തുകയൊന്നും ലഭ്യമായിരുന്നില്ല. അത് നടത്തുന്നതിനിടയിലാണ് ആ റോഡിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയത്. പക്ഷേ അതിനിടയിലാണ് പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയവ വന്നത്. ആ സമയത്ത് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ അവിടെ ഒരു വിദഗ്ദ്ധ പഠനംകൂടി നടത്തിയാലേ കൺസ്ട്രക്ഷൻ നടത്താൻ പാടുള്ളൂ എന്നുപറഞ്ഞു. ആ പഠനം നടത്തിക്കിട്ടാൻവേണ്ടി ശ്രമിക്കുകയാണ്. അതിനിടയിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത് INKEL-നെ SPV ആയി വച്ചുകൊണ്ട് കിഫ്ബിയിൽ നിന്ന് മെഡിക്കൽ കോളേജിന് പണം കിട്ടുന്നതിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ പ്രിപ്പെയർ ചെയ്യാൻ പറഞ്ഞു. നേരത്തെ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടായിരുന്നു. ഇതിനകത്ത് ആ മാസ്റ്റർ പ്ലാൻ നമുക്ക് എടുക്കാൻ പറ്റില്ല. അതുകൊണ്ടുതന്നെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് പ്രിപ്പെയർ ചെയ്തിട്ടുണ്ട്. 420 കോടി രൂപയോ മറ്റോ ആണ്. എനിക്കിപ്പോൾ വ്യക്തമായി ഓർമ്മയില്ല. പക്ഷേ ഈ സ്ഥലത്തിന്റെ കാര്യം ഇപ്പോൾ സംശയത്തിൽ നിൽക്കുകയാണ്. പകരം ഏതെങ്കിലും സ്ഥലം കണ്ടെത്തണമോ അതോ ഈ സർവ്വേ റിപ്പോർട്ട് ഒന്നുകൂടി പഠിച്ച് നോക്കിയിട്ട് മുന്നോട്ട് പോകണോ എന്നുള്ളതാണ് ആലോചിക്കുന്നത്. അല്ലാതെ നമുക്ക് എടുക്കാൻ പറ്റില്ല. അതുകൊണ്ട് വയനാട് മെഡിക്കൽ കോളേജ്

അവസാനിപ്പിച്ചിട്ടില്ലെന്ന് ഉറപ്പായും പറയുകയാണ്. അത് നമുക്കെല്ലാവർക്കുംകൂടി ചർച്ച ചെയ്ത് അനുയോജ്യമായ രീതിയിൽ ചെയ്യാം. ഞാൻ അവസാനിപ്പിക്കുന്നു. എല്ലാ ഭാഗത്തുനിന്നും കിട്ടുന്ന സഹകരണങ്ങൾക്ക് നന്ദി. മൂന്ന് വർഷം കൊണ്ട് ക്യാബിനറ്റിന്റെ ആകെ പിന്തുണ, ധനകാര്യ വകുപ്പ് ധാരാളം പോസ്റ്റ് ക്രിയേറ്റ് ചെയ്തുതന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'ആർദ്രം മിഷൻ' നടപ്പിലാക്കണമെന്ന് പറഞ്ഞതിനാലാണ് ഇത്രയേറെ നമുക്ക് മുന്നോട്ടുപോകാൻ സാധിച്ചിട്ടുള്ളത്. അതിനുപുറമേ വേറെ കുറച്ച് കാര്യങ്ങളും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ ക്യാബിനറ്റിൽ ആരോഗ്യ വകുപ്പിന്റെ പോസ്റ്റ് ക്രിയേഷനൊക്കെ വരുമ്പോൾ എല്ലാവരും വളരെ അനുകൂലമായ സമീപനമാണ് എടുക്കാറുള്ളത്. ഇപ്പോൾ കിട്ടിയതിന്റെ രണ്ടിരട്ടിയെങ്കിലും പോസ്റ്റ് കൂടി കിട്ടുമ്പോഴാണ് നമുക്ക് ഈ പറഞ്ഞ ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കുക. അത് ഘട്ടംഘട്ടമായി തരാമെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ ചില കുടിശ്ശികയായിട്ടുള്ള കാര്യങ്ങളൊക്കെയുണ്ട്. കുറച്ചുകൂടി അധികം തുക വേണ്ടത് ഞങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. അതൊക്കെ ധനകാര്യ വകുപ്പിൽ നിന്ന് ഞങ്ങൾക്ക് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ജീവിതശൈലീരോഗ നിയന്ത്രണത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനുമാണ് ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ നമ്മൾ ഒത്തൊരുമിക്കേണ്ടത്. ശാരീരികവും മാനസികവുമായ ആരോഗ്യം സംരക്ഷിച്ച് മെന്റൽ ഹെൽത്ത് പ്രോഗ്രാം അടക്കം മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റിൽ പറഞ്ഞിട്ടുള്ള എല്ലാ തുകയും ഞങ്ങൾക്ക് അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. പ്രമേയം പാസ്സാക്കിത്തരുമെന്നും തുക അനുവദിച്ചുതരുമെന്നും പ്രതീക്ഷിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

മി. സ്പീക്കർ: സർവ്വശ്രീ കെ. എം. ഷാജി, കെ. എസ് ശബരീനാഥൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, പാറക്കൽ അബ്ദുല്ല, എൻ. ഷംസുദ്ദീൻ, സണ്ണി ജോസഫ്, വി. എസ്. ശിവകുമാർ, മഞ്ഞളാംകുഴി അലി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽ കുമാർ, ടി. എ. അഹമ്മദ് കബീർ, ഐ. സി. ബാലകൃഷ്ണൻ, ഷാഫി പറമ്പിൽ, റോജി എം. ജോൺ, സി. മമ്മൂട്ടി, പി. കെ. അബ്ദു റബ്ബ്, വി. ടി. ബൽറാം, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, റോഷി അഗസ്റ്റിൻ, കെ. സി. ജോസഫ്, വി. ഡി. സതീശൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ XVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്

38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. സജി ചെറിയാൻ
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ

62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീമതി വീണാ ജോർജ്ജ്
73. ശ്രീ. കെ. വി. വിജയദാസ്
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. പിണറായി വിജയൻ
76. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ഡോ. എൻ. ജയരാജ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. സി. എഫ്. തോമസ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIX

കുടുംബക്ഷേമം

മി. സ്പീക്കർ: സർവ്വശ്രീ വി. ഡി. സതീശൻ, മഞ്ഞളാംകുഴി അലി, എം. ഉമ്മർ, കെ. എം. ഷാജി, സി. മമ്മൂട്ടി, പി. കെ. അബ്ദു റബ്ബ്, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, പാറക്കൽ അബ്ദുല്ല, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, ടി. എ. അഹമ്മദ് കബീർ, റോഷി അഗസ്റ്റിൻ, കെ. സി. ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, വി. എസ്. ശിവകുമാർ, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽ കുമാർ, ഷാഫി പറമ്പിൽ, വി. ടി. ബൽറാം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ XIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ

46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. സജി ചെറിയാൻ
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ

70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീമതി വീണാ ജോർജ്ജ്
73. ശ്രീ. കെ. വി. വിജയദാസ്
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. പിണറായി വിജയൻ
76. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്

16. ശ്രീ. സി. മമ്മൂട്ടി
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. റോഷി അഗസ്റ്റിൻ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. സി. എഫ്. തോമസ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ:

| | |
|---|---|
| അനുകൂലിക്കുന്നവർ | - 76 |
| പ്രതികൂലിക്കുന്നവർ | - 34 |
| നിഷ്പക്ഷത പാലിക്കുന്നവർ | - ആരുമില്ല. |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI

### സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, കെ. സി. ജോസഫ്, എൻ. ഷംസുദ്ദീൻ, ടി. എ. അഹമ്മദ് കബീർ, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, എം. ഉമ്മർ, പാറക്കൽ അബ്ദുല്ല, കെ. എം. ഷാജി, സി. മമ്മൂട്ടി, പി. ഉബൈദുള്ള, പി. കെ. അബ്ദു റബ്ബ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, വി. എസ്. ശിവകുമാർ, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, വി. ഡി. സതീശൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽ കുമാർ, ഷാഫി പറമ്പിൽ, വി. ടി. ബൽറാം, റോഷി അഗസ്റ്റിൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ XLVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. സജി ചെറിയാൻ
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീമതി വീണാ ജോർജ്ജ്

73. ശ്രീ. കെ. വി. വിജയദാസ്

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. സി. മമ്മൂട്ടി
17. ശ്രീ. മോൻസ് ജോസഫ്

18. ഡോ. എം. കെ. മുനീർ
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീ. റോജി എം. ജോൺ
24. ശ്രീ. റോഷി അഗസ്റ്റിൻ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. സി. എഫ്. തോമസ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

# VII. അറിയിപ്പ്

## തെങ്ങ് കയറ്റ യന്ത്രത്തിന്റെ പ്രദർശനവും "തൊട്ടപ്പൻ" ചലച്ചിത്ര പ്രദർശനവും

മി. സ്പീക്കർ: രണ്ട് അറിയിപ്പുകൾ ഉണ്ട്. കേന്ദ്ര കയർ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ച തെങ്ങുകയറ്റ യന്ത്രത്തിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രദർശനം നിയമസഭാ സാമാജികർക്കായി കഴക്കൂട്ടം നാളികേര നഴ്സറിയിൽ വച്ച് ജൂൺ 18-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം സംഘടിപ്പിച്ചിട്ടുണ്ട്. ആയത് വീക്ഷിക്കാനായി സാമാജികർക്ക് നിയമസഭാ മന്ദിരത്തിൽ നിന്ന് കഴക്കൂട്ടം നാളികേര നഴ്സറിയിലേയ്ക്കും തിരികെ എം.എൽ.എ. ഹോസ്റ്റലിലേയ്ക്കും യാത്രാസൗകര്യം ഒരുക്കിയിട്ടുണ്ട്.

പട്ടം സിനിമാ കമ്പനിയുടെ ബാനറിൽ ശ്രീ. ഷാനവാസ് ബാവക്കുട്ടി സംവിധാനം നിർവ്വഹിച്ച 'തൊട്ടപ്പൻ' എന്ന ചലച്ചിത്രത്തിന്റെ പ്രത്യേക പ്രദർശനം നിയമസഭാ സാമാജികർക്കായി 2019 ജൂൺ 18-ാം തീയതി മാൾ ഓഫ് ട്രാവൻകൂറിലെ കാർണിവൽ സിനിമാസിൽ സംഘടിപ്പിച്ചിട്ടുണ്ട്. അതിനും ബസ് സൗകര്യം ഏർപ്പാടാക്കിയിട്ടുണ്ട്.

ഓർഡർ....ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.38-ന് പിരിഞ്ഞു.)

**അനുബന്ധം**

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയുടെ മറുപടിയിൽ ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) മേശപ്പുറത്തുവച്ച മറുപടി

**ആയുഷ് വകുപ്പ്**

- ആയുഷ് മേഖലയിൽ വലിയ വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ 3 വർഷക്കാലം നടന്നത്. ആയുഷ് വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി 157 പുതിയ തസ്തികകൾ ആരംഭിച്ചു.

**അന്താരാഷ്ട്ര ആയുർവേദ പഠന ഗവേഷണ കേന്ദ്രം (ഐ.ആർ.ഐ.എ)**

- കേരളത്തിലെ ആയുർവേദ മേഖലയുടെ ശാക്തീകരണത്തിനും ഈ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ഒരു അന്താരാഷ്ട്ര ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന് 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.
- 2016-17-ൽ 20 ലക്ഷം രൂപയും 2017-18-ൽ 500 ലക്ഷം രൂപയും അനുവദിച്ചു. 2018-19-ലെ ബഡ്ജറ്റിൽ 600 ലക്ഷം രൂപ നീക്കിവച്ചിരുന്നു. 2019-20-ലെ ബഡ്ജറ്റിൽ 600 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.
- പഠന ഗവേഷണ കേന്ദ്രം കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കല്ല്യാട് വില്ലേജിൽ സ്ഥാപിക്കുന്നതിന് പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ തറക്കല്ലിടൽ ഫെബ്രുവരിയിൽ നടന്നു.

**ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ് (IAC-2018)**

- അന്താരാഷ്ട്ര തലത്തിൽ ആയുർവേദത്തിനും ഇതര ആയുഷ് സമ്പ്രദായങ്ങൾക്കും കേരളം പുകഴ്പെറ്റതാണ്. വിവിധ രോഗങ്ങൾക്കുള്ള ആയുർവേദ ചികിത്സയ്ക്കും ആരോഗ്യ സംരക്ഷണ സൗഖ്യ ചികിത്സാരീതികൾക്കും കേരളം ഭൂപടത്തിൽതന്നെ അടയാള പ്പെടുത്തിയിരിക്കുന്നു. ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ ശാസ്ത്രീയമായ അടിത്തറ വിപുലപ്പെടുത്താനും ലോകസമക്ഷം പ്രസിദ്ധപ്പെടുത്തുവാനുമുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ്.

- ആയുഷ് ചികിത്സാ സമ്പ്രദായങ്ങളിൽ അധിഷ്ഠിതമായ വെൽനസ് ടൂറിസം മേഖലയിൽ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനും വെൽനസ് ചികിത്സാരംഗത്തെ വിദഗ്ധരെ കേരളത്തിന് പരിചയപ്പെടുത്താനും ആയുർവേദം, യോഗ, പ്രകൃതി ചികിത്സ, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയുടെ വിവിധ ചികിത്സാരീതികൾ ലോകമെങ്ങും പരിചയപ്പെടുത്താനും അവയെ ശക്തിപ്പെടുത്താനും ആയുഷ് കോൺക്ലേവ് സംഘടിപ്പിച്ചു.
- 2019 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് ആയുഷ് കോൺക്ലേവ് നടന്നു. വിദേശ പ്രതിനിധികൾ അടക്കം മൂവായിരത്തോളം പേർ പങ്കെടുത്തു.

### യോഗ &നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട്

- സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനപ്രകാരം കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഒരു യോഗ & നാച്ചുറോപ്പതി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനാവശ്യമായ 15 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുണ്ട്. തറക്കല്ലിടൽ ഡിസംബറിൽ നടന്നു.

### യുനാനി ഇൻസ്റ്റിറ്റ്യൂട്ട്

- ഉത്തര മലബാറിൽ ഒരു പുതിയ 'യുനാനി ഇൻസ്റ്റിറ്റ്യൂട്ട്' ആരംഭിക്കണമെന്ന നിരന്തരമായ ആവശ്യത്തിന്റെ പശ്ചാത്തലത്തിൽ ഇതുസംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്ര ആയുഷ് മന്ത്രാലയം പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ യുനാനി ആശുപത്രി ആരംഭിക്കുകയും ചെയ്തു.

### എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ

- പുതുതായി 4 പഞ്ചായത്തുകളിൽക്കൂടി സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചതോടുകൂടി എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ സ്ഥാപനങ്ങളുള്ള സംസ്ഥാനമായി കേരളം മാറി.

**ആയുർവേദ സ്പോർട്സ് ആശുപത്രി**

- സ്പോർട്സുമായി ബന്ധപ്പെട്ട വിദഗ്ദ്ധ ചികിത്സയ്ക്കായി ഒരു ആയുർവേദ സ്പോർട്സ് ആശുപത്രി തൃശ്ശൂർ ജില്ലയിൽ ഉദ്ഘാടനം ചെയ്തു. സ്പോർട്സുമായി ബന്ധപ്പെട്ട് ചികിത്സയ്ക്കുമാത്രമായി ആയുർവേദത്തിൽ ഇന്ത്യയിൽതന്നെ ആദ്യമായാണ് ഇത്തരത്തിൽ ഒരു ആശുപത്രി പ്രവർത്തന സജ്ജമാകുന്നത്.
- ഈ ആശുപത്രിയിൽ 28 പുതിയ തസ്തികകൾ അനുവദിച്ചു.

**സിദ്ധ, യോഗ യൂണിറ്റുകൾ**

- സിദ്ധ യൂണിറ്റുകൾ നിലവിലില്ലാത്ത 8 ജില്ലകളിൽ പുതുതായി സിദ്ധ യൂണിറ്റുകളും വിവിധ ജില്ലകളിൽ തെരഞ്ഞെടുത്ത ആശുപത്രികളിൽ യോഗ യൂണിറ്റുകളും ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ പുതുതായി ആരംഭിച്ചു.

**ആയുർവേദ ആശുപത്രി**

- മലപ്പുറം ജില്ലയിലെ എടക്കര ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആയുർവ്വേദ ആശുപത്രിയായി ഉയർത്തി. 12 തസ്തികകൾ അനുവദിച്ചു.

**ആയുർവേദത്തിന് അന്തർദേശീയ പേറ്റന്റ് സംരക്ഷണം**

- ആയുർവേദത്തിന് അന്തർദ്ദേശീയ പേറ്റന്റ് സംരക്ഷണം ലഭിക്കുന്നതിനായി ട്രഡീഷണൽ നോളഡ്ജ് ഇന്നൊവേഷൻ കേരളയും (TKIK), സി.എസ്.ഐ.ആർ.& ട്രഡീഷണൽ നോളഡ്ജ് ഡിജിറ്റൽ ലൈബ്രറിയും (CSIR-TKDL) തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. ഈ ധാരണാ പത്രം വഴി നമ്മുടെ വിജ്ഞാനം രാജ്യാന്തര തലത്തിൽ സംരക്ഷിക്കപ്പെടാനും വ്യാജ പേറ്റന്റുകൾ തടയാനും ആയുർവേദത്തിൽ ഒരു 'കേരളാ ബ്രാൻഡ്' ഉൽപ്പന്നങ്ങളുടെ ശ്രേണിക്ക് സാദ്ധ്യതയേറുകയും വിപണി ശക്തമാക്കുകയും ചെയ്യും.

**ആയുഷ് വിദ്യാഭ്യാസം**

- ആയുർവേദത്തിലും ഹോമിയോപ്പതിയിലും പുതിയ പി.ജി. കോഴ്സുകളാരംഭിച്ചു.
- കേരളത്തിൽ ആദ്യമായി 4 ആയുർവേദ കോളേജുകളിൽ പുതിയ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ അനുവദിച്ചു.

- യോഗ & നാച്ചുറോപ്പതിയിൽ പുതിയ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു.
- ബി.എ.എം.എസ്. കോഴ്സിന്റെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു.
- തിരുവനന്തപുരം ആയുർവേദ കോളേജിൽ പുതിയ പേ-വാർഡ് ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു.
- പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയുടെ സമഗ്ര വികസനത്തിന് പുതിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ചു.
- കണ്ണൂർ ആയുർവേദ കോളേജിനോടനുബന്ധിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും പുതിയ ആശുപത്രി നിർമ്മാണം അവസാനഘട്ടത്തിലാണ്.
- കണ്ണൂർ ആയുർവേദ കോളേജിൽ പുതിയ ഇ.എൻ.ടി. ആശുപത്രി തുടങ്ങുന്നതിന് തുക അനുവദിച്ചു.
- തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്കിന് തുക അനുവദിച്ചു.
- ഹോമിയോ യു.ജി, പി.ജി. വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചു.

**ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ**

- കാൻസർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് മറ്റ് ചികിത്സാ സമ്പ്രദായങ്ങളായ നാച്ചുറോപ്പതി, യോഗ എന്നിവയെക്കൂടി സംയോജിപ്പിച്ചുള്ള ചികിത്സാ രീതി ഹോമിയോപ്പതി മേഖലയിൽ നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഹോമിയോപ്പതി, നാച്ചുറോപ്പതി, യോഗ എന്നിവയെ സംയോജിപ്പിച്ച്, 'ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ' എല്ലാ ജില്ലകളിലും ആരംഭിച്ചു.

**ജനനി (വന്ധ്യതാ നിവാരണ ചികിത്സാ പദ്ധതി)**

- കുട്ടികളില്ലാത്ത ദമ്പതികൾക്ക് സന്താന സൗഭാഗ്യം നൽകുന്ന ഹോമിയോപ്പതിയുടെ വന്ധ്യതാ നിവാരണ പദ്ധതിയായ 'ജനനി'-യുടെ സേവനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചു. കണ്ണൂർ ജനനി സെന്ററിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന്റ നടപടികൾ ആരംഭിച്ചു.

**ഹോമിയോ ആശുപത്രികൾ NABH നിലവാരത്തിൽ ഉയർത്തൽ**

- സംസ്ഥാനത്ത് നിലവിലുള്ള 34 ഹോമിയോ ആശുപത്രികളിൽ 14 ആശുപത്രികളെ NABH നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

**പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ**

- സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളോടുമനുബന്ധിച്ച് ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ചികിത്സാ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ (Pain & Palliative Care Centre) ആരംഭിച്ചു.

**മാതൃകാഹോമിയോ ഡിസ്പെൻസറി**

- ഈ സർക്കാർ 42 ഹോമിയോ ഡിസ്പെൻസറികളുടെ ഭൗതിക/സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തി മാതൃക ഹോമിയോ ഡിസ്പെൻസറികളായി അപ്ഗ്രേഡ് ചെയ്തു.

**പുതിയ ഹോമിയോ ഡിസ്പെൻസറി**

- ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഘട്ടം ഘട്ടമായി പുതിയ ഡിസ്പെൻസറി ആരംഭിക്കുന്നതിന്റെ ഭാഗമായി 10 പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചു.

**നിസ്സർഗ**

- ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ സമഗ്ര ചികിത്സ ലക്ഷ്യമിട്ട് 'നിസ്സർഗ' എന്ന പേരിൽ ഒരു പുതിയ സ്പെഷ്യൽ പ്രോജക്ട് ഹോമിയോപ്പതി വകുപ്പിൽ ആരംഭിച്ചു.

**സിദ്ധ ആശുപത്രി**

- തിരുവനന്തപുരം വള്ളക്കടവിൽ പുതിയ സിദ്ധ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തിയായി.

**ഔഷധി**

- തൃശ്ശൂരിൽ അത്യാധുനിക രീതിയിലുള്ള പാക്കിംഗ് സംവിധാനം ആരംഭിച്ചു.
- തിരുവനന്തപുരം മുട്ടത്തറയിൽ ഔഷധി സ്വന്തമായി വികസിപ്പിച്ചെടുത്ത ഔഷധങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

**ഹോംകോ**

- ഹോമിയോ മരുന്ന് നിർമ്മാണശാലയായ ഹോംകോ അന്താരാഷ്ട്ര ഗുണ നിലവാര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു.

**സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്**

- എല്ലാ വീട്ടിലും ഒരു വേപ്പും കറിവേപ്പും വിതരണം ചെയ്യുന്ന 'ഗൃഹചൈതന്യ' പദ്ധതിക്ക് തുടക്കം കുറിച്ചു.
- 'ഗ്രാമീണം' പ്രോജക്റ്റ് മുഖേന ഔഷധ സസ്യ കൃഷി വ്യാപിപ്പിച്ചു.
- വിദ്യാലയങ്ങളിൽ 'ഔഷധ' സസ്യ തോട്ടം പദ്ധതി ആരംഭിച്ചു.

**നാഷണൽ ആയുഷ് മിഷൻ**

- പുതുതായി 10 ആയുഷ് വെൽനസ് സെന്ററുകളും (യോഗ & നാച്ചുറോപ്പതി), 8 ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ (ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യൂനാനി), 8 ജില്ലകളിൽ ആയുഷ് ഗ്രാമം പദ്ധതി എന്നിവ ആരംഭിച്ചു.

**മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച സുപ്രധാന നേട്ടങ്ങൾ**

**ആരോഗ്യ വിദ്യാഭ്യാസം**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 10 മെഡിക്കൽ കോളേജുകളും 7 നഴ്സിംഗ് കോളേജുകളും 6 ദന്തൽ കോളേജുകളും 5 ഫാർമസി കോളേജുകളും പ്രവർത്തിക്കുന്നു.

**മെഡിക്കൽ കോളേജ്**

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം, മഞ്ചേരി, കോന്നി, ഇടുക്കി, കണ്ണൂർ.

**നഴ്സിംഗ് കോളേജ്**

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം, കണ്ണൂർ.

**ദന്തൽ കോളേജ്**

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ

**ഫാർമസി കോളേജ്**

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ

മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രം ആക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ നേട്ടങ്ങളുടെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു:

1. <u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

- കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 717 കോടി രൂപയുടെ മാസ്റ്റർ പ്ലാനിന്റെ അംഗീകാരം ലഭിച്ചു. ആദ്യ ഗഡുവായ 57.8 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചതിൽ റോഡ് വികസനവും മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനവും തുടങ്ങിക്കഴിഞ്ഞു.

- കേരളത്തിൽ ആദ്യമായി ഡി.എം.എൻഡോക്രൈനോളജി. കോഴ്സിന് 2 സീറ്റിന് അംഗീകാരം നേടി കോഴ്സ് ആരംഭിച്ചു.

- കേരളത്തിൽ ആദ്യമായി നവജാതശിശു വിഭാഗത്തിൽ 4 പി.ജി. സീറ്റുകളും പീഡിയാട്രിക് ന്യൂറോളജി ഡി.എം. 2 സീറ്റുകൾ തുടങ്ങാൻ എം.സി.ഐ.'-യിൽനിന്നും അംഗീകാരം നേടിയെടുത്തു.

- തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ നാമമാത്രമായിരുന്ന പീഡിയാട്രിക് കാർഡിയോളജി വിഭാഗം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പീഡിയാട്രിക് കാർഡിയോളജി കാത്ത് ലാബ് അനുവദിച്ചു. ടി വിഭാഗത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് അദ്ധ്യാപക അനദ്ധ്യാപകരുടെ 13 തസ്തിക അനുവദിച്ചു.

- കേരളത്തിൽ ആദ്യമായി എയ്സ്ൽ റീപ്രൊഡക്ടീവ് മെഡിസിൻ സൂപ്പർ-റ്റി.എ. (സ്പെഷ്യാലിറ്റി വിഭാഗം Mch) ആരംഭിക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ ടി വിഭാഗത്തിന്റെ വിപുലീകരണത്തിന് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അനുവദിച്ചു. എം.സി.എ.-യുടെ (LOP) അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

- എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിനായി 106 (ടീച്ചിംഗ് 65, നോൺ ടീച്ചിംഗ് 41 തസ്തികകൾ സൃഷ്ടിച്ചു.)

- പ്രവർത്തന സജ്ജമാക്കുന്നതിന് ഏറെ കടമ്പകൾ ഉണ്ടായിരുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർണ്ണമായും താഴെ പറയുന്ന സേവനങ്ങളോടുകൂടി പ്രവർത്തനസജ്ജമാക്കി.

- ജെറിയാട്രിക് സേവനം, മൾട്ടി ഡിസിപ്ലിനറി തൊറാസിക് ഐ.സി.യു., സർജറി ഐ.സി.യു., ആധുനിക സംവിധാനങ്ങളോടുകൂടിയ മോർച്ചറി.

- കാൻസർ ചികിത്സയുടെ നൂതന സംവിധാന നടത്തിപ്പിനുള്ള 18.03 കോടി രൂപയുടെ ലിനാക് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- ഇന്റർവെൻഷണൽ റേഡിയോളജി സംവിധാനം ഒരുക്കുന്നതിനും അത്യാധുനിക ഡി.എസ്.എ. മെഷീൻ സ്ഥാപിക്കുവാനുള്ള 4.50 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്.

- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി. നവീകരണവും ഇ-ഹെൽത്ത് പദ്ധതി പൂർത്തീകരിക്കുകയും അതിന്റെ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

- 28 കോടി രൂപയുടെ മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി പ്രവർത്തന സജ്ജമായിട്ടുണ്ട്.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനത്തിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിന് 11.27 കോടി രൂപയുടെ കോംപ്രിഹെൻസീവ് ഭരണാനുമതി നൽകുകയും ആദ്യഘട്ടമായി 7.5 കോടി രൂപ അനുവദിക്കുകയും ചെയ്തു. മികച്ച ട്രോമാകെയർ പരിശീലനത്തിന് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന 10 കോടി രൂപയുടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റേറ്റ് ഓഫ് ദ ആർട്ട് സിമുലേഷൻ സെന്ററിന്റെ MoU-വും പ്രൊപ്പോസലും അംഗീകരിക്കാനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

## 2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാരിപ്പള്ളി.

- കൊല്ലം പാരിപ്പള്ളിയിൽ പുതുതായി മെഡിക്കൽ കോളേജ് ആരംഭിച്ചു ഇതിലേയ്ക്ക് പുതുതായി 477 തസ്തികകൾ സൃഷ്ടിച്ചു.

- മൂന്നാംവർഷ എം.ബി.ബി.എസ്. തലത്തിലെ 100 സീറ്റുനുള്ള തുടർ അംഗീകാരം ലഭിച്ചു.
- പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 8 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കുന്ന കാത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടക്കുന്നു.
- പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 2.5 കോടി രൂപ ചെലവഴിച്ച് സി.ടി. സ്കാൻ സ്ഥാപിച്ചു.
- 10 കിടക്കകളോടുകൂടിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമായി.
- 60 കിടക്കകളോടുകൂടിയ പുതിയ ഗൈനക് വാർഡ് പ്രവർത്തനമാരംഭിച്ചു.
- അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഓപ്പറേഷൻ തീയേറ്ററുകൾ പ്രവർത്തന സജ്ജമായി.
- ആധുനിക സംവിധാനങ്ങളോടുകൂടിയ മോർച്ചറിയുടെ പ്രവർത്തന ക്ഷമത കൂട്ടുന്നതിനുവേണ്ടി 4 ഫുൾടൈം സ്വീപ്പേഴ്സിന്റെ തസ്തിക സൃഷ്ടിച്ചു.
- മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങി.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.പി. നവീകരണം പൂർത്തീകരിച്ചു, ഇ ഹെൽത്ത് പദ്ധതി പൂർത്തീകരിക്കുകയും അതിന്റെ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

**3. ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ**

- ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡി.എം. നെഫ്രോളജിക്ക് 2 സീറ്റിന് അംഗീകാരം നേടി കോഴ്സ് ആരംഭിച്ചു.
- ഫാർമസി കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും സുഗമമായ നടത്തിപ്പിനുമായി 4 അദ്ധ്യാപക തസ്തിക സൃഷ്ടിച്ചു.
- ട്രാൻസ്ഫ്യൂഷൻ മെഡിസിൻ & ഇമ്മ്യൂണോളജി (BLOOD BANK) വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു അസോസിയേറ്റ് പ്രൊഫസർ ഉൾപ്പെടെ 6 തസ്തിക അനുവദിച്ചു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ 11 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച 45 ബെഡ് മൾട്ടി ഡിസിപ്ലിനറി ഇന്റെൻസീവ് കെയർ യൂണിറ്റ് (MDICU) ആരംഭിച്ചു.

- ആലപ്പുഴ മെഡിക്കൽ കോളേജിൽ 12 കോടി രൂപ ചെലവിൽ MRI സ്കാൻ സ്ഥാപിച്ചു.
- 183.15 കോടി (Central Fund: 120 crore) രൂപയുടെ പി.എം.എസ്.എസ്.വൈ-യുടെ പദ്ധതിപ്രകാരം, സൂപ്പർ സ്പെഷ്യാലിറ്റിയുടെ നിർമ്മാണം പുരോഗമിക്കുന്നു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ അസറ്റ് മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രിയിലെ പഴയ ബ്ലോക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ (തുക 205 ലക്ഷം രൂപ) പൂർത്തിയാക്കി.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ 180 വിദ്യാർത്ഥികൾക്ക് ഇരിപ്പിട സൗകര്യമുള്ള ഗ്യാലറി മാതൃകയിലുള്ള രണ്ട് ലക്ചർ ഹാളുകൾ (തുക 3 കോടി രൂപ) നിർമ്മാണം പൂർത്തിയാക്കി.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ 39.28 കോടി രൂപ മുതൽ മുടക്കി വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ പദ്ധതിക്കായി 16.47 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.
- വർദ്ധിപ്പിച്ച 50 MBBS സീറ്റുകൾക്ക് പൂർണ്ണമായും അംഗീകാരം നേടിയെടുത്തു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിൽ 20 പി.ജി സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2.56 കോടി രൂപയുടെ ഒ.പി. നവീകരണവും ഇ-ഹെൽത്ത് പദ്ധതിയുടെ നടപടികൾ തുടങ്ങുകയും ചെയ്തു.
- 2.2 കോടി രൂപ ചെലവിൽ പണിത കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി.
- 25 കോടി രൂപ മുതൽമുടക്കി പി. ജി. വിദ്യാർത്ഥികൾക്കുള്ള ഹൈടെക് ക്വാർട്ടേഴ്സ് നിർമ്മാണം പൂർത്തിയായി.
- NABARD സഹായത്തോടുകൂടി 30 കോടി രൂപയുടെ O&G ബ്ലോക്ക് നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിലാണ്.

- മെഡിക്കൽ കോളേജ് വയോജന അംഗപരിമിത സൗഹൃദ പ്രദമാക്കുന്നതിന്റെ ഭാഗമായി 60 ലക്ഷം രൂപ മുടക്കി പഴയ ബ്ലോക്കിന്റെ ഒരു ലിഫ്റ്റും 40 ലക്ഷം രൂപ മുടക്കി മെഡിക്കൽ കോളേജ് കാമ്പസ്സിൽ ഒരു റാമ്പും അനുവദിച്ചിട്ടുണ്ട്.
- 3.78 കോടി രൂപ മുടക്കി സ്ഥാപിച്ച സി. റ്റി. സ്റ്റിമുലേറ്റർ പൂർണ്ണമായും പ്രവർത്തനസജ്ജമായി.
- 3.7 കോടി രൂപ ചെലവിൽ സി. ടി. സ്കാൻ അനുവദിക്കുന്നതിന് നടപടിക്രമങ്ങൾ നടന്നുവരുന്നു.
- 3.5 കോടി രൂപയുടെ പുതിയ കൊബാൾട്ട് യൂണിറ്റ് അനുവദിച്ചു. ഇതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**4. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം**

- 536 കോടി രൂപ (കിഫ്ബി വഴി) ചെലവഴിച്ചുകൊണ്ട് നിർമ്മിക്കാൻ ഉദ്ദേശിച്ച സർജിക്കൽ ബ്ലോക്കിനും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനും (SPV)ആയിട്ടുള്ള ഭരണാനുമതി നൽകി.
- ഫാർമസി കോളേജിന്റെ 2-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 16.67 കോടി രൂപ അനുവദിച്ചുനൽകി. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- അത്യാഹിത വിഭാഗം പുതിയ ബ്ലോക്കിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി 16.25 കോടി രൂപ അനുവദിച്ചിരുന്നു. ട്രയാജ് സംവിധാനത്തോടെ പുതിയ അത്യാഹിത വിഭാഗം ആരംഭിച്ചു.
- പാരാമെഡിക്കൽ ഹോസ്റ്റൽ, ഹൗസ് സർജൻസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി 6 കോടി രൂപ വീതം അനുവദിച്ചുനൽകി.
- റേഡിയോളജി വിഭാഗത്തിൽ LINAC വാങ്ങുന്നതിനായി 11.87 കോടി രൂപയുടെ ഭരണാനുമതി നൽകി. KMSCL വഴി LINAC വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന് 7 കോടി രൂപയുടെ MRI സ്കാൻ വാങ്ങുന്നതിന് ആദ്യഘട്ടം എന്ന നിലയിൽ 2 കോടി രൂപ അനുവദിച്ചിരുന്നു.

- 6 കോടി രൂപ ചെലവുവരുന്ന ആധുനിക രീതിയിലുള്ള ഫാർമസിക്കും എപ്പിഡെമിക് വാർഡിനുമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികൾ കുട്ടികളുടെ ആശുപത്രിയിൽ പുരോഗമിച്ചുവരുന്നു.
- റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും റീ ടാറിംഗിനുമായി 5.9 കോടി രൂപ അനുവദിച്ച് പണികൾ പൂർത്തിയായി ഉദ്ഘാടനം നടത്തി.
- കോട്ടയം മെഡിക്കൽ കോളേജിൽ 5.31 കോടി രൂപ മുടക്കി പുതിയ സി.ടി. സ്കാൻ സ്ഥാപിച്ചു.
- കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർമാർക്കു മാത്രമായി ഒ.പി. സംവിധാനം ആരംഭിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത്ത് ലാബ് (5 കോടി) സ്ഥാപിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 17 അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്.
- റേഡിയോതെറാപ്പി വിഭാഗത്തിന് CT simulator വാങ്ങുന്നതിനായി 4 കോടി രൂപയുടെ ഭരണാനുമതി നൽകി.
- 3 കോടി രൂപ മുതൽമുടക്കിൽ അനുവദിച്ച സർജിക്കൽ സ്റ്റോർ സ്ഥാപിക്കാൻ നടപടി പുരോഗമിക്കുന്നു.
- 2.79 കോടി രൂപ മുതൽമുടക്കിൽ അത്യാധുനിക ബേൺസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- പീഡിയാട്രിക് കാർഡിയോളജി, പീഡിയാട്രിക് കാർഡിയാക് സർജറി, കാർഡിയാക് അനസ്തേഷ്യ എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് 3 തസ്തികകൾ അനുവദിച്ചു.
- 150 എം.ബി.ബി.എസ് സീറ്റിന്റെ തുടർ അംഗീകാരം എം.സി.ഐ-യിൽ നിന്നും ലഭിച്ചു.
- B.Sc; Dialysis Technology (20 seat) എന്ന പുതിയ കോഴ്സ് ആരംഭിച്ചു.

**5. ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം**

- കിഫ്ബി വഴി എറണാകുളം മെഡിക്കൽ കോളേജിന് 368.74 കോടി രൂപയ്ക്ക് മാതൃ-ശിശു സംരക്ഷണ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്,

സ്റ്റാഫ് ക്വാർട്ടേഴ്സ്, ഓഡിറ്റോറിയം മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു.

- ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രിയുടെ നവീകരണത്തിനായി 3.41 കോടി രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.
- 25 കോടി നോൺപ്ലാനിൽ എം.ആർ.ഐ. അടക്കമുള്ള ഇമേജ് സെന്റർ അനുവദിച്ചു. മെഷീൻ ടെണ്ടറിംഗ് KMSCL പൂർത്തിയാക്കി, കെട്ടിടം പണി INKEL -നെ ഏൽപ്പിച്ചു.
- സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളായ ന്യൂറോ മെഡിസിൻ, നെഫ്രോളജി, കാർഡിയോളജി വിഭാഗങ്ങളുടെ പ്രവർത്തനം തുടങ്ങി.
- എറണാകുളം മെഡിക്കൽ കോളേജിന് മാത്രമായി 162 (ടീച്ചിംഗ്& നോൺ ടീച്ചിംഗ്) തസ്തികകൾ സൃഷ്ടിച്ചു.
- സഹകരണ വകുപ്പിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ഏറ്റെടുത്ത 181 അനദ്ധ്യാപക ജീവനക്കാരെയും 100 അദ്ധ്യാപക ജീവനക്കാരെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ക്രമീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.
- 5.36 കോടി സി.ടി. വാങ്ങാൻ എ.എസ്. നൽകി. (ഇതിൽ 5 കോടി ജോൺ ഫെർണാണ്ടസ് എം.എൽ.എ. നൽകി)
- 5 കോടി- ഡോക്ടേഴ്സിനുള്ള ക്വാർട്ടേഴ്സ് നിർമ്മാണം.
- എറണാകുളം ജില്ലാ ബാങ്കിന്റെ കടം തീർക്കുന്നതിനായി 2016-2017 വർഷം 25 കോടി രൂപയും 2017-2018 വർഷം 58 കോടി രൂപയും അനുവദിച്ച് ബാങ്കിന്റെ ബാദ്ധ്യത തീർപ്പാക്കി.
- 4.8 കോടി ആശുപത്രി കെട്ടിട നവീകരണം, ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, നവജാത ശിശു വിഭാഗം എന്നിവയുടെ നവീകരണം.

6. **ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി**

- മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും 8 കോടി രൂപ മുതൽമുടക്കി കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ന്യൂറോളജി വിഭാഗം ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

- മഞ്ചേരി മെഡിക്കൽ കോളേജിൽ റെസിഡൻഷ്യൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ്, ആൺകുട്ടികൾക്കും ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ (103.86 കോടി രൂപ) പുരോഗമിച്ചുവരുന്നു.

- മഞ്ചേരി മെഡിക്കൽ കോളേജിൽ കാൻസർ നിർണ്ണയത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങാൻ 99 ലക്ഷം രൂപ അനുവദിച്ചു. ഇ.എൻ.റ്റി. എച്ച്.ഡി. സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രാഫി എന്നീ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചു.

- മഞ്ചേരി മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നതിന്റെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഉപകരണങ്ങളായ വെന്റിലേറ്റർ കളർ ടോപ്ലർ, ഇക്കോ കാർഡിയോഗ്രാഫി, അൾട്രാ സൗണ്ട് സ്കാനർ, മാമ്മോഗ്രാഫി മെഷീനും അനുബന്ധ ഉപകരണങ്ങളും സി.ടി. സ്കാനർ ഹൈ ഏൻഡ്-അൾട്രാ സോണോഗ്രാം, EEG, EMG, ഫീറ്റൽ റേഡിയോളജി യൂണിറ്റ് തുടങ്ങിയ ഒട്ടനവധി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

- മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു.

- 100 എം.ബി.ബി.എസ്. സീറ്റുകൾക്കുള്ള പൂർണ്ണ അംഗീകാരം എം.സി.ഐ.-യിൽനിന്നും ലഭിച്ചു.

- 22 അധിക തസ്തികകൾ (Ministerial & technical)അനുവദിച്ചു.

- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 8.51 കോടി രൂപയുടെ ഒ.പി. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

7. **ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്**

- 150 കോടി(Central Fund:120crore)രൂപയുടെ പി.എം.എസ്.എസ്.വൈ.-യുടെ പദ്ധതിപ്രകാരം, സൂപ്പർ സ്പെഷ്യാലിറ്റിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

- 250 വിദ്യാർത്ഥികൾക്കുവേണ്ട MCI അംഗീകാരം നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഉദാഹരണത്തിന് പരീക്ഷ ഹാൾ, ലക്ചർ ഹാൾ ലൈബ്രറി, ഹോസ്റ്റൽ തുടങ്ങിയവ.

- 14 കോടി രൂപ ചെലവഴിച്ച് വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് ഭരണാനുമതി നൽകി. (250 വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള ഹോസ്റ്റൽ)

- ഹോസ്പിറ്റലിൽ പേഷ്യന്റ് ഫ്രണ്ട്ലി അറ്റ്മോസ്ഫിയർ സൃഷ്ടിക്കുന്നതിനുവേണ്ടി 2 കോടി രൂപ അനുവദിച്ചു.

- പാരാ മെഡിക്കൽ കോഴ്സിനുവേണ്ടി കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപ അനുവദിച്ചു.

- എക്സാം ഹാളിന് (ക്യാപ്പിറ്റൽ ഹെഡിൽ) 10 കോടി രൂപ അനുവദിച്ചു.

- കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി തുടങ്ങിയ വകുപ്പുകളുടെയും ഹോസ്പിറ്റലുകളുടെയും അറ്റകുറ്റപ്പണികൾക്ക് (Revamping of Hospitals) വില കൂടിയ ഉപകരണങ്ങളുടെ പരിപാലനത്തിനുമായി 5.5 കോടി രൂപ അനുദിച്ചു.

- കോഴിക്കോട് ജില്ലയിലെ എം.എൽ.എ.-മാരുടെ ഫണ്ട് ഉപയോഗിച്ച് 11 വെന്റിലേറ്ററുകൾ സ്ഥാപിക്കുന്നതിന് 1,48,50,000 രൂപ അനുവദിച്ചു; ഭരണാനുമതി നൽകി.

- ഡ്രഗ്സ് സ്റ്റോറിന്റെ നിർമ്മാണത്തിനുവേണ്ടി 3 കോടി രൂപ അനുവദിച്ചു. ടെണ്ടർ നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.

- ത്രിതീയ കാൻസർ കെയർ സെന്റർ (TCCC)-നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ റേഡിയോ തെറാപ്പി വിഭാഗമാണുള്ളത്. കാൻസർ സർജറികൾ ചെയ്യുന്നത് ജനറൽ സർജറി വകുപ്പാണ്. ഇതിന് പരിഹാരമായി 44.5 കോടിയോളം രൂപ ചെലവഴിച്ച് ത്രിതീയ കാൻസർ കെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കി. ഇത് യാഥാർത്ഥ്യമായതോടെ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, റേഡിയോ തെറാപ്പി വിഭാഗങ്ങളെ ഒന്നിച്ച് ഒരു സെന്ററിൽ കൊണ്ടുവരാൻ കഴിഞ്ഞു.

- റസിഡന്റ് ക്വാർട്ടേഴ്സ് - 12 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന റസിഡന്റ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയാക്കി.

- ലക്ചർ, തീയേറ്റർ കോപ്ലക്സ് - 10 കോടി രൂപ ചെലവിൽ ലക്ചർ, തീയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കി.

- ഇന്റർവെൻഷണൽ റേഡിയോളജി സംവിധാനം ഒരുക്കുന്നതിനും അത്യാധുനിക ഡി.എസ്.എ. മെഷീൻ സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങളും തുടങ്ങി.

- ആധുനിക സൗകര്യങ്ങളോടുകൂടിയ (ലെവൽ 3) വൈറോളജി ലാബിനുവേണ്ടി 5.5 കോടി രൂപ ഭരണാനുമതി നൽകി.
- മാസ്റ്റർ പ്ലാനിനുവേണ്ടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി 546.84 കോടി രൂപ അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.
- ഓങ്കോ സർജറി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങി

## 8. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ

- തൃശ്ശൂർ മെഡിക്കൽ കോളേജ് നിലവിൽ വന്നശേഷം ഇപ്പോൾ ആദ്യമായി കാത്ത് ലാബ് അനുവദിച്ചു. അതോടൊപ്പം തൊറാസിക് വിഭാഗം ആരംഭിക്കുവാൻ അനുമതി നൽകി. ഇതിനായി 14 കോടി രൂപ അനുവദിക്കുകയും 8.60 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് പൂർത്തീകരിക്കുകയും ചെയ്തു. ഈ രണ്ട് വിഭാഗത്തിനും ആവശ്യമായ 33 തസ്തിക അനുവദിച്ചു.
- മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണി പൂർത്തിയായി. ഇതിന്റെ ഭാഗമായി 2 കോടി രൂപ അനുവദിച്ചു.
- വൈദ്യുതി ലോ - ടെൻഷൻ (LT) നിന്നും ഹൈ-ടെൻഷൻ (HT) ആക്കുന്നതിനും 2 കോടി അനുവദിച്ചു.
- മരുന്നുകളുടെ സംഭരണശാല (വെയർഹൗസിംഗ്) കെട്ടിടം പണിക്ക് 3 കോടി അനുവദിച്ചു. (പണി നടക്കുന്നു.)
- ലീനക്ക് സ്ഥാപിക്കുന്നതിന് കെട്ടിടം പണിക്ക് 3 കോടി രൂപ അനുവദിച്ചുനൽകി.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരു കോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി കാൻസർ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സ പുനഃസ്ഥാപിച്ചു.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാൻസർ രോഗികൾക്കായി കീമോ ഡേ-കെയർ സെന്റർ പണികഴിപ്പിച്ചു. സി. ടി. സ്കാനർ (2 കോടി 10 ലക്ഷം) സ്ഥാപിച്ചു.
- 150 എം.ബി.ബി.എസ്. സീറ്റുകൾക്കുള്ള പൂർണ്ണ അംഗീകാരം എം.സി.ഐ.-യിൽ നിന്നും ലഭിച്ചു.

- ജനറൽ മെഡിസിൻ, ഫോറൻസിക് മെഡിസിൻ, ജനറൽ സർജറി, ഇ.എൻ.റ്റി., കമ്മ്യൂണിറ്റി മെഡിസിൻ തുടങ്ങിയ വിഭാഗങ്ങളിലെ പി.ജി. സീറ്റുകൾക്ക് സ്ഥിരമായി അംഗീകാരം ലഭിച്ചു.
- 5 തസ്തികകളോടുകൂടി നവജാത ശിശുവിഭാഗം ആരംഭിച്ചു.
- 3 കോടി രൂപ മുടക്കി നിർമ്മിച്ച വയോജന പരിചരണ കേന്ദ്രം പ്രവർത്തന സജ്ജമായി.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 3.72 കോടി രൂപയുടെ ഒ.പി. നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- 3.09 കോടി രൂപ വകയിരുത്തി ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായി. നൂതന കാൻസർ ചികിത്സാസംവിധാനങ്ങളായ ലിനാക്, സി.റ്റി. സിമുലേറ്റർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.
- പുതിയ പി. ജി. ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. 12.81 കോടി രൂപയാണ് ഇതിനായി വിനിയോഗിക്കുന്നത്.
- ആധുനിക രീതിയിലുള്ള സ്കിൽ ലാബ് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

**കണ്ണൂർ മെഡിക്കൽ കോളേജ്**

കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു. ഇതിനുവേണ്ടി ഭരണപരമായ ആവശ്യങ്ങൾക്കുള്ള 11 തസ്തികകൾ സൃഷ്ടിച്ചു. 100 എം.ബി.ബി.എസ്., 60 ബി.ഡി.എസ്, 35 മെഡിക്കൽ പി.ജി., 39 നഴ്സിംഗ്, ഫാർമസി പി. ജി. സീറ്റുകൾ, മറ്റ് നഴ്സിംഗ് പാരാമെഡിക്കൽ ഡിഗ്രി ഡിപ്ലോമ സീറ്റുകൾ ഇവിടെ ലഭ്യമാണ്.

**പൊതുവായ നേട്ടങ്ങൾ**

- ഈ സർക്കാർ അധികാരത്തിൽവന്ന ഉടനെതന്നെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഇത്തരത്തിൽ ആവശ്യമായ മെഡിക്കൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും മുൻതൂക്കം നൽകി വരുന്നു. കോളേജുകളുടെ സൗകര്യം വർദ്ധിപ്പിച്ചതുവഴി 150 പുതിയ പി.ജി. സീറ്റുകൾക്ക് അംഗീകാരം ലഭിച്ചു. സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിനാണ് ഏറ്റവും കൂടുതൽ സീറ്റ് ലഭിച്ചത്.

- ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ 2001 അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു.
- ആദ്യമായി ആരോഗ്യ സർവ്വകലാശാലയിൽ 175 തസ്തികകൾ അനുവദിച്ചു.
- കൊല്ലം പാരിപ്പള്ളിയിൽ പുതുതായി മെഡിക്കൽ കോളേജ് ആരംഭിച്ചു. ഇതിലേയ്ക്ക് 477 തസ്തികകൾ സൃഷ്ടിച്ചു.
- സ്റ്റാഫ് നഴ്സിന്റെ പാറ്റേൺ പുതുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലേയ്ക്കായി 721 സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ട്ടിച്ചു.
- 5 മെഡിക്കൽ കോളേജുകളിൽ ആർ.സി. മോഡൽ ചികിത്സ നൽകുന്നതിനായി സി. സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി തുടങ്ങുന്നതിന് തീരുമാനിക്കുകയും അതിലേയ്ക്കായി 105 തസ്തിക സൃഷ്ടിക്കുകയും ചെയ്തു.
- കേരളത്തിലാദ്യമായി കോട്ടയം ദന്തൽ കോളേജിൽ പബ്ലിക് ഹെൽത്ത് ദന്തസ്റ്റി എം.എസ്.ഡി. കോഴ്സ് ആരംഭിച്ചു.
- കേരളത്തിൽ ആദ്യമായി ദന്തൽ വിഭാഗത്തിൽ തിരുവനന്തപുരം ദന്തൽ കോളേജിനോടനുബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി ആരംഭിക്കുന്നതിന് അനുമതി നൽകി.
- കേരളത്തിൽ ആദ്യമായി ബി.എ. സ്നോളജി കോഴ്സ് ആലപ്പുഴ സി ഡയാലിസിസ് ടെക്, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകി.
- കാൻസർ ചികിത്സാ രംഗത്ത് നൂതനമായ ചികിത്സ നൽകുന്നതിന്റെ ഭാഗമായി 48 കോടി രൂപ ചെലവിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിന് അനുമതി നൽകി.
- മൾട്ടി സെൻഡ്രിക് ഡങ്കി പഠനം നടന്നുവരുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും SBMR ഫണ്ട് വിനിയോഗിച്ചാണ് ഈ പഠനം നടക്കുന്നത്.

- Antibiotic Stewardship Programme, Infection Control Practices എന്നിവ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കി.
- WHO Dengue Sero Prevalence പഠനം തിരുവനന്തപുരം കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ നടക്കുന്നു.
- ആലപ്പുഴ മെഡിക്കൽ കോളേജിലെ Filariasis Research Unit, WHO Collaborating Unit ആയി അംഗീകരിച്ചു.
- Outbreak Monitoring Units എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും തുടങ്ങി.
- Standard Treatment Guidelines for 15 conditions finalised and ready for publication
- Emergency Protocols for Casualty Management has been finalised and issued Govt.Order.
- Duties and Responsibilities of Medical Faculty and personnel including interns were issued as Govt. Order.
- എല്ലാ കാറ്റഗറിയിലുമുള്ള തസ്തികകൾക്കുള്ള സ്പെഷ്യൽ റൂൾസ് ഗവൺമെന്റിന് സമർപ്പിച്ചു.
- ഡി.എം.ഇ. ആഫീസ്, കോട്ടയം, കോഴിക്കോട് പ്രിൻസിപ്പൾ ആഫീസ് എന്നിവിടങ്ങളിൽ e-office സംവിധാനം നടപ്പിലാക്കി. മറ്റു മെഡിക്കൽ കോളേജുകളിൽ e-office സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കി.
- Biometric Punching System എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കി.
- മോർട്ടാലിറ്റി ആഡിറ്റ് എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും നടപ്പിലാക്കി.
- എല്ലാ മെഡിക്കൽ കോളേജുകളിലുമായി 150 പി. ജി. സീറ്റുകൾ വർദ്ധിപ്പിച്ചു.
- B.Sc. Dialysis Technology Course ആലപ്പുഴയിലും കോട്ടയത്തും തുടങ്ങി.

- Diploma Course in Central Sterilisation കോട്ടയത്തും തിരുവനന്തപുരത്തും കോഴിക്കോടും തുടങ്ങി (4×3=12seats)
- 10 ഡി.ഫാം സീറ്റുകൾ ഇന്ത്യൻ എയർഫോഴ്സിന്റെ ജീവനക്കാർക്കുവേണ്ടി തിരുവനന്തപുരം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസിൽ അനുവദിച്ചിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിൽ നിപ രോഗം പടർന്ന സന്ദർഭത്തിൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ നടന്ന വിദഗ്ധ ചികിത്സയും പ്രതിരോധ പ്രവർത്തനങ്ങളും ലോക ശ്രദ്ധ പിടിച്ച് പറ്റിയിട്ടുണ്ട്.
- എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഈ വർഷമുണ്ടായ നിപ സമാനമായ രീതിയിൽ ഇതുവരെ ഒരാൾക്കുപോലും ജീവഹാനിയുണ്ടാകാതെ വിദഗ്ധ ചികിത്സയും പ്രതിരോധ പ്രവർത്തനങ്ങളും നടന്നുവരുന്നു.
- 2018-ലെ പ്രളയകാലത്ത് മെഡിക്കൽ കോളേജിലെ ഡോക്ടർമാരും വിദ്യാർത്ഥികളും സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവച്ചു.
- സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായത്തോടെ എല്ലാ മെഡിക്കൽ കോളേജുകളിലും ഏർളി ഇന്റർവെൻഷൻ സെന്റർ, ഓട്ടിസം സെന്റർ ആരംഭിച്ചു.

**സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി**

- ആശമാരുടെ സേവനം ഉപയോഗപ്പെടുത്തി മാനസികാരോഗ്യ പ്രശ്നങ്ങൾ, വൈകല്യങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, കുട്ടികളുടെയും കൗമാരക്കാരുടെയും മാനസിക പ്രശ്നങ്ങൾ, ആത്മഹത്യാ പ്രവണത, വിഷാദരോഗം, മറവി രോഗം കണ്ടെത്തി ചികിത്സ നൽകാൻ തുടങ്ങി.
- രോഗാവസ്ഥയിൽനിന്നും മുക്തി നേടിയവരുടെ പുനരധിവാസം
- പകൽ വീടുകൾ
- സൗജന്യ മരുന്ന്
- കൗൺസിലിംഗ്

- റീഹാബിലിറ്റേഷൻ തെറാപ്പി
- സ്കൂൾ മെന്റൽ ഹെൽത്ത്
- 3 മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി
- ജില്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ വഴി 25000 പേർക്ക് ചികിത്സ നൽകി.
- സാന്ത്വന പരിചരണം
- സി.എച്ച്.സി.കൾക്ക് - 232 സ്റ്റാഫ് നഴ്സ്, 232 ഫിസിയോ തെറാപ്പിസ്റ്റ്
- സാന്ത്വന പരിചരണം, വയോജന പരിചരണം എന്നിവയ്ക്ക് പരിശീലനം നൽകി.
- പ്രതിമാസം 49000 പേർക്ക് സേവനം ലഭ്യമാക്കി. എല്ലാ പ്രധാന ആശുപത്രികളിലും ജെറിയാട്രിക് വാർഡ്, ഒ.പി., ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവ സ്ഥാപിക്കാൻ നടപടി.